# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 മാർച്ച് 16, ബുധൻ

## ഔദ്യോഗിക റിപ്പോർട്ട്

വാല്യം 187 - നമ്പർ 9

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 മാർച്ച് 16, ബുധൻ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

**ഉള്ളടക്കം**

I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
    (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
    (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

II. **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 280-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

III. **അടിയന്തരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം
- ശ്രീ. റോജി എം. ജോൺ
(അവതരണാനുമതി നിഷേധിച്ചു)

IV. **ശ്രദ്ധ ക്ഷണിക്കൽ**

1. കാർഷിക മേഖലയിൽ കാർബൺ ന്യൂട്രൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത
    - ശ്രീ. പി.എസ്. സുപാൽ

2. ഗ്രാമീണ റോഡുകളുടെ നവീകരണം
    - ശ്രീ. സണ്ണി ജോസഫ്

V. **സബ്മിഷൻ**

1. തിരുവനന്തപുരം ലാ കോളേജിലെ സംഘർഷം
    - പ്രതിപക്ഷനേതാവ് (ശ്രീ. വി.ഡി. സതീശൻ)

2. വേനൽക്കാലത്തുണ്ടാകുന്ന അഗ്നിബാധ

- ശ്രീ. വി. ജോയി

3. ഭൂമി കൈമാറ്റത്തിന് എൻ.ഒ.സി.

- ശ്രീ. കെ. യു. ജനീഷ് കുമാർ

4. മലയോര മേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ

- ശ്രീ. പി. വി. അൻവർ

5. ആൺ-പെൺ വിദ്യാലയങ്ങൾ എന്ന വേർതിരിവ് ഒഴിവാക്കൽ

- ശ്രീ. കെ. എം. സച്ചിൻദേവ്

6. സ്കൂളിന്റെ പുനർനാമകരണം

- ശ്രീ. ഐ.ബി. സതീഷ്

7. മുദിയം പാലം നിർമ്മാണം

-ശ്രീ. പി. അബ്ദുൽ ഹമീദ്

8. അഗ്രോ പാർക്ക്-കം-ഇന്റഗ്രേറ്റഡ് മാർക്കറ്റ്

- ഡോ. മാത്യു കുഴൽനാടൻ

9. ചോറ്റുപാറ-സത്രം റോഡ് നിർമ്മാണം

-ശ്രീ. വാഴൂർ സോമൻ

10. പഴം-പച്ചക്കറി സംസ്കരണശാലയുടെ പ്രവർത്തനം

- ശ്രീ. അനൂപ് ജേക്കബ്

VI. **മേശപ്പുറത്തുവച്ച കടലാസുകൾ**

VII. **റിപ്പോർട്ട് സമർപ്പണം**

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

(2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നുമുതൽ നാല് വരെയുള്ള റിപ്പോർട്ടുകൾ

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

(4) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

(5) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

VIII. **ഗവൺമെന്റ് പ്രമേയം**

എൽ.ഐ.സി.-യെ പൊതുമേഖലയിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകത

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

IX. **ധനകാര്യം**

2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

X. **പ്രമേയം**

ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

- പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ)

അനുബന്ധം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 മാർച്ച് 16, ബുധൻ

---------------------------------------------------------------

വാല്യം 187} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 9

---------------------------------------------------------------

നിയമസഭ 2022 മാർച്ച് മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*151)

## സപ്ലൈകോയുടെ സേവനങ്ങൾ

1 (*151) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനശാലകൾ വിപുലീകരിച്ച് പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ എത്തിക്കുന്നതിന് സപ്ലൈകോ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഫലപ്രദമായ വിപണി ഇടപെടലുകളിലൂടെ പൊതുജനങ്ങളെ പരമാവധി സഹായിക്കുന്നതിനൊപ്പം കർഷകരെയും ഉല്പാദകരെയും സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സപ്ലൈകോ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പുതിയ സംരംഭങ്ങളിലൂടെ സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിനും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സപ്ലൈകോ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ) വില്പനശാലകൾ വിപുലീകരിക്കുന്നതിനായി സപ്ലൈകോ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്തൃ സൗകര്യാർത്ഥം സപ്ലൈകോ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. മുൻസർക്കാർ അധികാരത്തിൽ വന്ന മേയ് 2016-ൽ വില്പനശാലകളുടെ ആകെ എണ്ണം 1528 ആയിരുന്നെങ്കിൽ ഇന്ന് 1627 എണ്ണമായി വർദ്ധിച്ചിട്ടുണ്ട്. 826 മാവേലി സ്റ്റോറുകൾ, 94 സൂപ്പർ സ്റ്റോറുകൾ, 528 സൂപ്പർ മാർക്കറ്റുകൾ, 39 പീപ്പിൾസ് ബസാറുകൾ, 6 ഹൈപ്പർ മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ, ഒരു അപ്നാ ബസാർ, ഒരു ഇൻ ആൻഡ് ഔട്ട് വിൽപ്പനശാല, 96 മെഡിക്കൽ സ്റ്റോറുകൾ, 11 പെട്രോൾ ബങ്കുകൾ, 3 എൽ.പി.ജി. ഔട്ട്ലെറ്റുകൾ, ഒരു മണ്ണെണ്ണ ഡിപ്പോ എന്നിങ്ങനെ അതിബൃഹത്തായ വിപണന ശൃംഖലയാണ് നിലവിൽ സപ്ലൈകോ സജ്ജീകരിച്ചിരിക്കുന്നത്. ഇതിന് പുറമെ, നിലവിലുള്ളവ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ

സ്ഥാപനങ്ങളാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. നിലവിലെ മാവേലി സ്റ്റോറുകൾ വിപണന സാധ്യതയും സ്ഥലലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് സപ്ലൈകോ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി പുതിയതും നവീകരിച്ചതുമായ 25 മാവേലി വിൽപ്പനശാലകൾ ജനങ്ങൾക്കായി തുറന്നുകൊടുത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഫലപ്രദമായ വിപണി ഇടപെടൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ വഴി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. ടി 13 സബ്സിഡി സാധനങ്ങളുടെ വില 2016-ൽ നിശ്ചയിച്ചതിനുശേഷം ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. സംസ്ഥാനത്തെ മുഴുവൻ കാർഡുടമകൾക്കും ഈ ആനുകൂല്യത്തിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. കൂടാതെ സബ്സിഡി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ

മുഴവൻ താലൂക്കുകളിലെയും 700 കേന്ദ്രങ്ങളിൽ സഞ്ചരിക്കുന്ന സപ്ലൈകോ വില്പനശാലകൾ എത്തിച്ചേർന്ന് സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തിയിരുന്നു. കോവിഡ് മഹാമാരി പടർന്നുപിടിച്ച 2020 ഏപ്രിൽ 1 മുതൽ 2021 ആഗസ്റ്റ് വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 13 തവണകളിലായി സർക്കാർ നിർദ്ദേശമനുസരിച്ച് ഏകദേശം പതിനൊന്ന് കോടി സൗജന്യ ഭക്ഷ്യക്കിറ്റുകൾ തയ്യാറാക്കി റേഷൻകടകളിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. അതോടൊപ്പം ഏലം കർഷകരെയും ക്ഷീര കർഷകരെയും സഹായിക്കുന്നതിനായി 2021-ലെ ഓണക്കിറ്റിൽ ഏലക്കായും നെയ്യും ഉൾപ്പെടുത്തിയിരുന്നു. നെൽ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് കേരളത്തിലെ വിവിധ മില്ലുകൾ വഴി അരിയാക്കി പൊതുവിതരണ ശൃഖലയിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു.

(സി) സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി സപ്ലൈകോ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ‘ സപ്ലൈ കേരള’ എന്ന ആപ്പ് മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും സപ്ലൈകോയുടെ സൂപ്പർമാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവ വഴി സപ്ലൈകോ ഓൺലൈൻ വില്പനയും ഹോം

ഡെലിവറി പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. മറ്റ് സർക്കാർ ഏജൻസികളുടെ (മത്സ്യഫെഡ്, ഹോർട്ടികോർപ്പ്, ഫോറസ്റ്റ് തുടങ്ങിയ) വില്പന വസ്തുക്കൾകൂടി “ സപ്ലൈ കേരള” ആപ്പ് വഴി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഓൺലൈൻ വില്പന പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചില ഡിസ്കൗണ്ട് പദ്ധതികൾ ഉപഭോക്താക്കൾക്കായി 2022 മാർച്ച് 31 വരെ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ഡി) നെല്ല് സംഭരണം സുഗമമായി നടത്തുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് കൈമാറുന്നതിനുമായി ആവശ്യമായ ഉദ്യോഗസ്ഥരെ വിവിധ ജില്ലകളിലേയ്ക്ക് നിയോഗിക്കുകയും ഉദ്യോഗസ്ഥതലത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ആകെ 118 ഉദ്യോഗസ്ഥർ കേരളത്തിലെ 14 ജില്ലകളിലുമായി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ട്. മുൻവർഷങ്ങളിൽ സെപ്തംബർ മാസം മുതൽ ആരംഭിച്ചിരുന്ന ഒന്നാംവിള സീസണിലെ നെല്ല് സംഭരണ കർഷക രജിസ്ട്രേഷൻ 16-08-2021-ലും സംഭരണം 01-09-2021-ലും ആരംഭിച്ചു. നെല്ല് നിറയ്ക്കാനാവശ്യമായ ചാക്കുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. നെല്ല് സംഭരണത്തിന്റെ കൈകാര്യ ചെലവിനത്തിൽ കർഷകർക്ക് നൽകിവന്നിരുന്ന നിരക്ക്, ക്വിന്റലിന് 12/-

രൂപ എന്നത് മില്ലുകൾ മുഖാന്തിരം നൽകിവരുന്ന സമ്പ്രദായം അവസാനിപ്പിച്ച് ഈ സീസൺ മുതൽ നെല്ലിന്റെ സംഭരണവിലയ്ക്കൊപ്പം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സപ്ലൈകോ നേരിട്ട് നൽകാൻ തീരുമാനിച്ചു. നെല്ല് സംഭരണ പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മില്ലുകൾക്ക് ലഭിക്കുന്ന നെല്ലിന്റെ അളവ്, അനുവദിച്ച് നൽകുന്ന പാടശേഖരത്തിന്റെ വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്കുകൂടി അറിയാൻ കഴിയുന്ന വിധത്തിൽ നെല്ല് സംഭരണ വെബ്സൈറ്റിലെ പൊതുവിവരങ്ങൾ എന്ന തലക്കെട്ടിനുകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെല്ല് സംഭരണ രജിസ്ട്രേഷൻ സമയത്ത് കർഷകരുടെ കൃഷിസ്ഥലത്തിന്റെ വിസ്തൃതി, സർവ്വേ നമ്പർ എന്നിവ അടക്കമുള്ള വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനായി നെല്ല് സംഭരണ വെബ്സൈറ്റിനെ റവന്യൂ വകുപ്പിന്റെ ലാൻഡ് റെക്കോർഡ് പോർട്ടലുമായി ബന്ധിപ്പിച്ചിട്ടുണ്ട്. നെല്ലിന്റെ വില വിതരണം സുതാര്യമാക്കുന്നതിനായി നെല്ല് സംഭരണ വെബ്സൈറ്റിനെ കേന്ദ്ര സർക്കാരിന്റെ PFMS (Public Financial Management System) എന്ന വെബ്സൈറ്റുമായി ബന്ധിപ്പിക്കുന്ന നടപടികൾ 2022 മാർച്ച് 31-നകം പൂർത്തിയാക്കുന്നതും ഇതിലൂടെ ആധാറുമായി ബന്ധപ്പെടുത്തിയിട്ടുള്ള കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നെല്ലിന്റെ സംഭരണവില എത്തുന്ന

രീതിയിലേയ്ക്ക് മാറ്റുന്നതുമാണ്. ഈ നടപടിയിലൂടെ സംഭരണവില കൈമാറുന്നതുമായി ബന്ധപ്പെട്ട് കർഷകരുടെ പേരിലുണ്ടാകുന്ന ചൂഷണം തടയാൻ കഴിയുന്നതാണ്. നടപ്പ് സീസണിൽ സംഭരണം തുടങ്ങുന്ന സെപ്തംബർ മാസത്തിന് മുന്നേതന്നെ കൂടുതൽ മില്ലുകളെ കരാറിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ 57 മില്ലുകൾ സപ്ലൈകോയുമായി നെല്ല് സംഭരണ കരാറിലേർപ്പെട്ടിട്ടുണ്ട്. 2021 നവംബർ മാസത്തിൽ കാലംതെറ്റിപെയ്ത ശക്തമായ മഴമൂലം കർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിച്ച് രജിസ്റ്റർ ചെയ്ത മുഴുവൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചു. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകൾമൂലം 2020-21 സീസണിൽ 2.52 ലക്ഷം കർഷകരിൽനിന്നും 7.65 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച്, ടി നെല്ലിന്റെ വിലയായ 2102 കോടി രൂപ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേമെന്റായി കൈമാറിയിട്ടുണ്ട്. 2021-22 സീസണിൽ നാളിതുവരെ 1.08 ലക്ഷം കർഷകരിൽനിന്ന് 2.70 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും നെല്ലിന്റെ വിലയായ 703.41 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ നിരന്തരമായ എതിർപ്പും അവഗണനയും അതിജീവിച്ചുകൊണ്ട് കേരളത്തിലെ എല്ലാ

വിഭാഗം ജനങ്ങൾക്കും ഭക്ഷ്യധാന്യ വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ വിശദീകരിക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സബ്സിഡി ഇനത്തിൽ 2016-17-ൽ 431.60 കോടി രൂപ, 2017-18-ൽ 446.96 കോടി രൂപ, 2018-19-ൽ 281.93 കോടി രൂപ, 2019-20-ൽ 322.83 കോടി രൂപ, 2020-21-ൽ 202.80 കോടി രൂപ എന്നിങ്ങനെ 1853.91 കോടി രൂപ ഗവൺമെന്റ് നൽകിയിട്ടുണ്ട്. വിപണി ഇടപെടലിന്റെ ഭാഗമായി, കോവിഡ് കാലത്ത് കിറ്റുൾപ്പെടെ നൽകിയതിലൂടെ 4682.48 കോടി രൂപ വിവിധ ഇനത്തിലുള്ള സബ്സിഡിയായി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഇതുവരെ 1300 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിക്കഴിഞ്ഞിരിക്കുകയാണ്. വിലവർദ്ധനവ് തടയുന്നതിനായി മാർക്കറ്റിൽ ഇടപെടാൻ ഗവൺമെന്റ് നന്നായി ശ്രമിച്ചിട്ടുണ്ട്. ഇക്കാലയളവിലോ ഇതിനുമുമ്പോ കേന്ദ്ര ഗവൺമെന്റിൽനിന്നും മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ഒരു രൂപപോലും കേരളത്തിന് ലഭിച്ചിട്ടില്ലെന്ന കാര്യംകൂടി ഈ സഭ അറിയേണ്ടതുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഭക്ഷ്യവിതരണത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു മേഖലയാണ് വാതിൽപ്പടി വിതരണം. വാതിൽപ്പടി

വിതരണ രംഗത്ത് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ചിപ്പ് ഘടിപ്പിച്ച് കാര്യക്ഷമവും ശാസ്ത്രീയവുമായ രീതിയാണ് ഇപ്പോൾ അവലംബിച്ചുകൊണ്ടിരിക്കുന്നത്. മാതൃകാപരമായി ഏതെങ്കിലുമൊരു ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ വാഹനങ്ങൾക്കും കളർ കോഡ് അടക്കം നിശ്ചയിച്ച് സുതാര്യമായ രീതിയിൽ വാതിൽപ്പടി വിതരണം നടത്താൻ ആഗ്രഹിക്കുന്നുണ്ടോ; അതിനുള്ള പദ്ധതിയുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ വിഷയം ഗൗരവമേറിയതാണ്. വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നമ്മൾ അഭിമുഖീകരിക്കുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ചോർച്ച സംബന്ധിച്ച വാർത്ത മാധ്യമങ്ങളിലൂടെ വന്നത് നമ്മുടെയെല്ലാം ശ്രദ്ധയിൽപ്പെട്ടതാണ്. എന്നാൽ അതെല്ലാം പൂർണ്ണമായി ഒഴിവാക്കാൻ പഴുതടച്ച്, ഭക്ഷ്യധാന്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് FCI ഗോഡൗൺ, NFSA ഗോഡൗൺ, വിവിധ മില്ലുകൾ തുടങ്ങിയവയിൽനിന്ന് വിട്ടുതൽ ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണത്തിനുവേണ്ടി റേഷൻ കടയിലേയ്ക്ക് കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പ്രവർത്തനം ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള

തയ്യാറെടുപ്പിലാണ്. തൃശ്ശൂർ ജില്ലയിലെ ടെണ്ടറിൽ ഏർപ്പെട്ട വിതരണ ഏജൻസികൾതന്നെ എല്ലാ വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിക്കാനും കളർകോഡ് കൊടുത്തുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉല്പന്നങ്ങളാണ് ആ വാഹനത്തിൽ കൊണ്ടുപോകുന്നതെന്ന് തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള ക്രമീകരണം നടത്താനും തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, കേന്ദ്ര സർക്കാർ അവഗണിക്കുമ്പോഴും രാജ്യത്തിനാകെ മാതൃകയായി വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. ബഡ്ജറ്റിൽ 2000 കോടി രൂപയാണ് അതിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. എല്ലാ നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്. ആദിവാസി മേഖലകളിലടക്കം വളരെ ഗുണം ചെയ്യുന്ന പദ്ധതിയാണത്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് എല്ലാ നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിച്ച് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം

ശ്രദ്ധയിൽപ്പെടുത്തിയ വിഷയം സ്വാഗതാർഹമാണ്. കഴിഞ്ഞ തവണ മാർക്കറ്റിൽ വില വർദ്ധനയുണ്ടായപ്പോൾതന്നെ സപ്ലൈകോ ഓരോ ജില്ലകളിലും വാഹനങ്ങൾ ക്രമീകരിച്ച് 5 ദിവസം സാധനങ്ങൾ എത്തിച്ചിരുന്നു. ഗ്രാമീണ മേഖലയിലും ആദിവാസി ഊരുകളിലും മലയോര മേഖലകളിലുമെല്ലാം തന്നെ സബ്സിഡി ഉൽപ്പന്നങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 140 മണ്ഡലങ്ങളിലും എല്ലാ ഭാഗങ്ങളിലേയ്ക്കും പോകുന്ന തരത്തിൽ വാഹനങ്ങൾ ക്രമീകരിച്ച് വിതരണം ചെയ്ത് സാധാരണക്കാർക്ക് ആശ്വാസം പകരാനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണനയിലാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ എം.എൽ.എ. ഫണ്ടിൽനിന്നും അതിനാവശ്യമായ വാഹനം ക്രമീകരിച്ച് നൽകിയാൽ വളരെ വേഗത്തിൽ നമുക്ക് ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. റേഷൻ ഷോപ്പുകൾ മൊബൈലായിത്തന്നെ എല്ലാ മണ്ഡലങ്ങളിലും പോകുന്നതിനെക്കുറിച്ചുള്ള ആലോചന സംബന്ധിച്ച കാര്യങ്ങളാണ് കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിച്ചത്. മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും ഊരുകളിലടക്കം അത്തരം പ്രവർത്തനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 11 പെട്രോൾ ബങ്കുകൾ നടത്തിവരുന്നതായി മന്ത്രി അറിയിച്ചിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കൂടുതൽ പെട്രോൾ ബങ്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, അത് പരിഗണനയിലുള്ള വിഷയമാണ്. നിലവിൽ 11 പെട്രോൾ ബങ്കുകളാണ് സപ്ലൈകോ നടത്തുന്നത്, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, വയനാട് ജില്ലയിലെ മാനന്തവാടി, ഇടുക്കി ജില്ലയിലെ വാഗമൺ എന്നീ 3 കേന്ദ്രങ്ങളിൽക്കൂടി പൊതുമേഖലാ എണ്ണക്കമ്പനികളുമായി ധാരണയുണ്ടാക്കി പെട്രോൾ ബങ്കുകൾ ആരംഭിക്കാനുള്ള നടപടികളിലേയ്ക്ക് പോകുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഏറ്റവും കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്ന പ്രദേശമെന്ന നിലയ്ക്ക് ചില ഘട്ടങ്ങളിൽ പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം വലിയൊരു പ്രതിസന്ധിയുണ്ടാക്കാറുണ്ട്. രജിസ്ട്രേഷനും മില്ലുകാരുമായുള്ള കരാറും യഥാസമയം നടക്കാത്തതുകൊണ്ട് സംഭരണം വൈകുകയും സമയബന്ധിതമായി അവർക്ക് പണം ലഭിക്കാതിരിക്കുകയും

ചെയ്യാറുണ്ട്. കഴിഞ്ഞ പ്രാവശ്യം അങ്ങ് നേരിട്ട് കർഷകരെയും ജനപ്രതിനിധികളെയും വിളിച്ച് യോഗം നടത്തി വളരെ മാതൃകാപരമായ രീതിയിൽ അതിനുവേണ്ട പ്രവർത്തനങ്ങൾ ചെയ്തു. കൃഷിയിറക്കുമ്പോൾ തന്നെ രജിസ്ട്രേഷൻ നടത്താനും മില്ലുകാരുമായി നേരത്തെ കരാറുണ്ടാക്കാനും ഒരു സ്ഥിരം സംവിധാനം രൂപീകരിക്കാൻ കഴിയുമോ, അങ്ങനെയെന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കേരളത്തിൽ കഴിഞ്ഞ വർഷം 7.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാൻ കഴിഞ്ഞു. അതിന്റെ വില കർഷകർക്ക് കൃത്യമായി കൊടുക്കുകയുണ്ടായി. നിലവിൽ നമുക്ക് 8.5 ശതമാനം പലിശയ്ക്കാണ് ബാങ്കുകൾ വായ്പ നൽകുന്നത്. ബാങ്കുകളുമായുള്ള ചർച്ച രണ്ടുതവണ നടത്തിയിട്ടുണ്ട്. ചില ബാങ്കുകൾ 5 ശതമാനം പലിശയ്ക്ക് വായ്പ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് കൂടുതൽ ആശ്വാസം പകരുന്ന തരത്തിലുള്ള നടപടികൾ വേഗത്തിൽ കൊണ്ടുപോകാനും ഇന്നത്തെ പ്രയാസങ്ങൾ പരമാവധി ലഘൂകരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകിയ തുക ബാങ്കുകൾ വീണ്ടും തിരിച്ചുവാങ്ങുന്ന

വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്റെ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഔട്ട്‌ലെറ്റിനുള്ള എല്ലാ സൗകര്യവും 5 വർഷത്തേയ്ക്കുള്ള വാടകയും നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. അവിടെ സപ്ലൈകോയുടെ ഔട്ട്‌ലെറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഔട്ട്‌ലെറ്റ് തുടങ്ങുന്നതാണ്. സപ്ലൈകോ ഔട്ട്‌ലെറ്റ് ആവശ്യമായ സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ടുതന്നെ അവ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കൃഷിക്കാർക്ക് സംഭരണവില കൃത്യമായി കൊടുക്കാനായി, 24 മണിക്കൂറിനുള്ളിൽ അവരുടെ അക്കൗണ്ടിൽ പണമെത്തുന്ന രീതിയിലുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വിലവർദ്ധന രൂക്ഷമാക്കുന്ന നയങ്ങളാണ് കേന്ദ്ര ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്നത്. എണ്ണയുടെ വിലവർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ വിലയെ വലിയതോതിൽ സ്വാധീനിക്കുന്നു. ലോക വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോൾ ഇന്ത്യയിൽ എണ്ണയുടെ വില കൂടുന്ന അനുഭവമാണുള്ളത്. ഇപ്പോൾ

യുദ്ധാന്തരീക്ഷത്തിൽ ക്രൂഡ് ഓയിലിന്റെ വില ലോകവിപണിയിൽ വർദ്ധിച്ചിരിക്കുകയാണ്. അതിന്റെ ഭാരംകൂടി ജനങ്ങൾ താങ്ങേണ്ടി വരുന്നു. കേന്ദ്രം ഈ നിലപാട് തുടരുമ്പോൾ സംസ്ഥാന ഗവൺമെന്റ് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അങ്ങേയറ്റം ശ്ലാഘനീയമാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകളാണ് വിലക്കയറ്റമുണ്ടാക്കുന്നതെന്നുള്ള നിലയിൽ വ്യാപകമായ പ്രചരണം നടന്നുവരികയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തെ എതിർക്കുന്നതിനുപകരം സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകളെ ഒരു ദാക്ഷിണ്യവുമില്ലാതെ വിമർശിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുവരുന്നത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികൾ എന്തെല്ലാമെന്നത് വിശദീകരിക്കാമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഞാൻ നേരത്തെ ഇതുമായി ബന്ധപ്പെട്ട് വിശദീകരിച്ചതാണ്. കഴിഞ്ഞ അഞ്ചുവർഷത്തിന്റെ തുടർച്ചയെന്ന നിലയ്ക്ക് ഈ ഗവൺമെന്റ് ഫലപ്രദമായ ഇടപെടലുകളാണ് നടത്തിവരുന്നത്. ഇത്തവണത്തെ ബഡ്ജറ്റിലും അത് വളരെ വ്യക്തമായി സൂചിപ്പിക്കുകയും 2000 കോടി രൂപയുടെ പദ്ധതിയെപ്പറ്റി വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ 1600-ലധികം ഔട്ട്ലെറ്റുകളിലൂടെ ഫലപ്രദമായി

ഭക്ഷ്യധാന്യങ്ങളുടെ വിതരണം നടക്കുന്നുണ്ട്. എല്ലാ കാർഡുടമകൾക്കും സബ്സിഡിയായി 13 ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയാണ്. കൂടാതെ 35 ഇന ഉൽപ്പന്നങ്ങൾ വിലകുറച്ച് നൽകാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഉത്സവനാളുകളിൽ വിവിധ പ്രദേശങ്ങളിൽ, ജില്ലാ കേന്ദ്രങ്ങളിൽ, നിയോജകമണ്ഡലങ്ങളിലെല്ലാം താൽക്കാലിക മാർക്കറ്റുകൾ തുറക്കുന്നു. ജില്ലയുടെ ഗ്രാമീണ മേഖലകളിൽ, വിശേഷിച്ചും സബ്സിഡി സാധനങ്ങൾ കൊടുക്കാൻ ഔട്ട്ലെറ്റില്ലാത്ത കേന്ദ്രങ്ങളിൽ മൊബൈൽ സ്റ്റോറുകൾവഴി അത്തരം സാധനങ്ങൾ വ്യാപകമായി വിൽപ്പന നടത്തുകയുണ്ടായി. 59 കോടിയോളം രൂപ 10 ദിവസം നടന്ന വിൽപ്പനയിൽ ലഭിക്കുകയുണ്ടായി. ആ രീതിയിൽ ഫലപ്രദമായ ഇടപെടലാണ് ഗവൺമെന്റ് നടത്തുന്നത്. അത് കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വിപണിയിൽ ഇടപെടുന്നതിനുവേണ്ടി സപ്ലൈകോ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും കേരളത്തിൽ എല്ലായിടത്തും ഒരുപോലെ ലഭ്യമല്ല. പച്ചരി, മല്ലി, മുളക് തുടങ്ങിയ സാധനങ്ങൾ മലബാറിൽ ലഭ്യമാകുന്നില്ല. ഇപ്പോൾ പരിശുദ്ധമായ റമദാൻ വരികയാണ്, പെരുനാളിനോടനുബന്ധിച്ച് ഈ സാധനങ്ങൾക്ക് വിപണിയിൽ വലിയ

വിലയുമാണ്. ഇവ എല്ലായിടത്തും ഒരുപോലെ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താനാകുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അപൂർവ്വമായിട്ടാണെങ്കിലും ചില കടകളിൽ സാധനത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധനങ്ങളുടെ ഗുണമേൻമ മെച്ചപ്പെടുത്താനുള്ള ഇടപെടൽ നടത്തിയപ്പോഴാണ് ചില തടസ്സങ്ങൾ വന്നത്. ചില ഉൽപ്പന്നങ്ങൾ നമുക്ക് ഉപേക്ഷിക്കേണ്ടി വന്നു. അപ്പോൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ ഏകദേശം പത്തുദിവസത്തെ കാലതാമസം വന്നു. അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വളരെ ഫലപ്രദമായിത്തന്നെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചതിന്റെ പ്രയോജനമുണ്ടായിട്ടുണ്ട്. റേഷൻ കടകളിലൂടെയുള്ള അരിയുടെ കാര്യമാണ് ഇവിടെ സൂചിപ്പിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സപ്ലൈകോയിൽ ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അത്തരത്തിലുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടതെല്ലാം പരിഹരിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക വിഷയമുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, 2021 ഒക്ടോബർ 16-ലെ പ്രളയത്തിൽ

കാഞ്ഞിരപ്പള്ളി താലൂക്ക് ഉൾപ്പെടെയുള്ള മേഖലകളിൽ റേഷൻ കടകളിലെ ഭക്ഷ്യവസ്തുക്കൾ നഷ്ടപ്പെട്ടുപോയിരുന്നു. അപ്രതീക്ഷിതമായുണ്ടായ മഴക്കെടുതിയായതുകൊണ്ട് സാധനങ്ങൾ പെട്ടെന്ന് മാറ്റാൻ സാധിച്ചില്ല. പ്രളയക്കെടുതിയുടെ പേരിലുള്ള സ്റ്റോക്ക് കണ്ടെത്തി കുറയ്ക്കാനുള്ള നടപടി ഇതുവരെ ആയിട്ടില്ലെന്നത് അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതാണ്. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് അതിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ ആ സമയത്തുതന്നെ അടിയന്തരമായി ഇടപെട്ടിരുന്നു. രണ്ടാം ദിവസംതന്നെ പ്രളയം ബാധിച്ച സ്ഥലങ്ങളിലുള്ള സ്റ്റോക്ക് വിട്ടുതൽ ചെയ്തെടുത്തു. പകരം മൊബൈൽ വാഹനത്തിൽ ആവശ്യമായ ഉല്പന്നങ്ങൾ അവിടെ എത്തിക്കാനുള്ള നടപടി സ്വീകരിച്ചു. പ്രളയത്തിനുശേഷം റേഷൻ കടകളെല്ലാം വൃത്തിയാക്കി സാധനങ്ങൾ എത്തിക്കാനും അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ശ്രദ്ധയിൽപ്പെടുത്തിയ വിഷയം ഗൗരവമായി പരിഗണിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, നൂറുകണക്കിന് ബി.പി.എൽ. കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നതുകാരണം പാവപ്പെട്ട

ആളുകൾക്ക് ചികിത്സാ സഹായമുൾപ്പെടെയുള്ള സർക്കാരിന്റെ പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ബി.പി.എൽ. കാർഡുകൾ അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ 172000 റേഷൻ കാർഡുകൾ അനർഹരുടെ കയ്യിൽനിന്നും തിരികെ വാങ്ങാൻ സാധിച്ചു. അതൊരു പുതിയ അനുഭവമാണ്. ഒരു പിഴയും ഈടാക്കാതെ അത്രയും കാർഡുകൾ ലഭിച്ചതിലൂടെ നമുക്ക് ലഭിച്ച അപേക്ഷകളിൽ പലതും തീർപ്പാക്കാൻ സാധിച്ചു. കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ വിവിധ ഓഫീസുകളിൽ പല രൂപത്തിലുള്ള 83 ലക്ഷം അപേക്ഷകളിന്മേൽ നാൽപ്പത്തൊന്നായിരം പരാതികളൊഴികെ ബാക്കിയുള്ളവയെല്ലാം പരിഹരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന ബി.പി.എൽ. റേഷൻ കാർഡുകളുടെ എണ്ണം പരിമിതമാണ്. 5 ലക്ഷത്തിന് താഴെ വാർഷിക വരുമാനമുള്ളവർക്ക് മാത്രമാണ് മഞ്ഞ നിറത്തിലുള്ള എ.എ.വൈ. കാർഡുള്ളത്. ബഹുമാന്യനായ കെ. വി. തോമസ് കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന സമയത്താണ് നിർഭാഗ്യവശാൽ ഈ അവസ്ഥയിലേയ്ക്ക് കേരളം എത്തിയത്. അതിൽ

നിന്ന് മാറ്റംവരുത്താൻ ഇതുവരെ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. കഴിഞ്ഞ തവണയും കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നേരിട്ട് ആവശ്യപ്പെട്ടു. അത് വർദ്ധിപ്പിച്ചാൽ നമുക്ക് നിരവധി ആളുകളെ സഹായിക്കാൻ സാധിക്കുമായിരുന്നു. നമുക്ക് ലഭിച്ച കാർഡുകളിൽ 1,42,000-ത്തിലധികം കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി കാർഡുകൾ പരിശോധനയിലാണ്. ഈ വരുന്ന ഏപ്രിൽ 15-ഓടുകൂടി എല്ലാ മണ്ഡലങ്ങളിലും കാർഡ് വിതരണം പൂർത്തിയാക്കുന്ന നടപടികളിലേയ്ക്കാണ് പോകുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, നെല്ലിന്റെ വില വർദ്ധിപ്പിച്ചതിൽ സർക്കാരിനെ അഭിനന്ദിക്കുകയാണ്. നെല്ല് സംഭരിക്കുമ്പോൾ ചില ഏജന്റുമാർ നനഞ്ഞ നെല്ലിന്റെ ജലാംശം കൂടിയ തോതിൽ കണക്കാക്കുന്നതിനാൽ കൃഷിക്കാർക്ക് വലിയ നഷ്ടമുണ്ടാകുന്നുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ ഇടപെടുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു വിദഗ്ദ്ധ സമിതി കഴിഞ്ഞ തവണ പരിശോധിച്ചാണ് അതിനൊരു മാനദണ്ഡമുണ്ടാക്കിയത്. എന്നാൽ

അതിനാവശ്യമായ മാറ്റത്തെക്കുറിച്ചുള്ള ആലോചനയിലാണ്.

ശ്രീ. അൻവർ സാദത്ത്: സർ, റേഷൻ കടകളിൽ മണ്ണെണ്ണ എല്ലാ മാസവും അരലിറ്റർ വച്ച് നൽകിയിരുന്നു. ഇപ്പോൾ മൂന്നുമാസം കൂടുമ്പോൾ ഒരുലിറ്ററാണ് നൽകുന്നത്. എല്ലാ മാസവും ഒരുലിറ്റർ വച്ച് നൽകിയാൽ എല്ലാവർക്കും സഹായകരമാകും. ഗവൺമെന്റ് അങ്ങനെയൊരു നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം നമ്മുടെയെല്ലാം പൊതുവികാരമാണ്. പക്ഷെ നിർഭാഗ്യവശാൽ കേന്ദ്രഗവൺമെന്റ് മണ്ണെണ്ണ അലോട്ട്മെന്റ് കുറയ്ക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് ആ രീതിയിൽ നൽകാൻ നിവൃത്തിയില്ല. എങ്കിലും പലരൂപത്തിലുള്ള ഇടപെടലിലൂടെയും ബഹുമാന്യനായ മുഖ്യമന്ത്രി കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തിയതിലൂടെയും ഒരു അലോട്ട്മെന്റ് അധികമായി ലഭിച്ചു. അതിന്റെ ഫലമായാണ് ഒരു ലിറ്ററും അര ലിറ്ററുമായി മൂന്ന് മാസത്തിലൊരിക്കൽ നൽകാൻ കഴിയുന്നത്. ഇപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്, വീണ്ടും കേന്ദ്രമന്ത്രിമാരെ കാണുന്നുണ്ട്, കൂടുതൽ അനുവദിച്ച് കിട്ടിയാൽ ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടി ഏറെ സ്തുത്യർഹമാണ്. എന്നാൽ അതോടൊപ്പംതന്നെ വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'സുഭിക്ഷ' പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, സംസ്ഥാനത്ത് പട്ടിണിയുണ്ടാകാൻ പാടില്ലെന്ന് ഈ ഗവൺമെന്റ് ചിന്തിച്ചതിനാലാണ് വ്യാപകമായി ജനകീയ ഹോട്ടലുകളും സാമൂഹ്യ അടുക്കളകളും ആരംഭിക്കാൻ സാധിച്ചത്. സിവിൽ സപ്ലൈസ് വകുപ്പ് 'സുഭിക്ഷ' ഹോട്ടലുകളിലൂടെ 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. കേരളത്തിൽ വ്യാപകമായി ഇത് ആരംഭിക്കാൻ സാധിച്ചില്ല. എന്നാൽ സർക്കാരിന്റെ നൂറിന പരിപാടിയുമായി ബന്ധപ്പെടുത്തി എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു സുഭിക്ഷ ഹോട്ടൽ ഉറപ്പുവരുത്തുന്ന നടപടിയിലേയ്ക്ക് നീങ്ങുകയാണ്. ഈ മാസം അവസാനത്തോടുകൂടി കുറെയേറെ മണ്ഡലങ്ങളിൽ ഇത് ആരംഭിക്കാനുള്ള എല്ലാനടപടികളും പൂർത്തിയായിട്ടുണ്ടെന്നുള്ള വിവരം സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ

നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പച്ചക്കറി സംഭരണ കേന്ദ്രത്തിന്റെ നിർമ്മാണം ഉടനെ ആരംഭിക്കാൻ സാധിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കൃഷി വകുപ്പുമന്ത്രിയാണ് ഇതിന് മറുപടി നൽകേണ്ടത്.

ഡോ. മാത്യു കുഴൽനാടൻ: സർ, സപ്ലൈകോ വില കുറച്ച് സാധനങ്ങൾ വിൽക്കുന്നുവെന്ന വാദമാണ് നമ്മൾ സ്ഥാപിച്ചെടുക്കുന്നത്. എന്നാൽ സപ്ലൈകോ വിൽപ്പനശാലയ്ക്ക് തൊട്ടടുത്തുള്ള സ്വകാര്യ കട 32 രൂപയ്ക്ക് ഒരു സാധനം വിൽക്കുമ്പോൾ സപ്ലൈകോ അതേസാധനം 34 രൂപയ്ക്ക് വിൽക്കുന്നുവെന്ന ആക്ഷേപം വാർത്തയായി വരികയും അങ്ങയുടെ ശ്രദ്ധയിൽപ്പെടുകയും ചെയ്തു. അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുപോലെ ഗുരുതരമായ വീഴ്ച വരുത്തുന്നത് സർക്കാരിനും വകുപ്പിനും മന്ത്രിക്കും അപമാനമുണ്ടാക്കുന്ന കാര്യമാണ്. അതിനെതിരെ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, അപൂർവ്വമായിട്ടാണെങ്കിലും സബ്സിഡി ഉല്പന്നങ്ങളല്ലാത്തവയുടെ വിലയിൽ ചില വ്യത്യാസങ്ങൾ വരാറുണ്ട്. ടെണ്ടർ നടപടികളിലുണ്ടാകുന്ന മാറ്റംമൂലം ചിലപ്പോൾ അമിതമായി വർദ്ധിപ്പിക്കാനും അമിതമായി കുറയ്ക്കാനും കഴിയാത്ത അവസ്ഥ വരും. അത്തരമൊരു

സാഹചര്യത്തിലാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് മറുപടി ലഭിച്ചത്. എന്തായാലും ഗൗരവമായ പരിശോധനയും നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, സ്മാർട്ട് റേഷൻ കാർഡുകൾ വ്യാപകമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുവെന്നാണ് മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാക്കാനായത്. ഇ-പോസ് മെഷീൻ എല്ലാ റേഷൻ കടകളിലുമുണ്ട്. ഇ-പോസ് മെഷീൻ വഴി ബാർകോഡ് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, റേഷൻകടകളുടെ സേവനം കൂടുതൽ ലഭ്യമാക്കണമെന്ന ആവശ്യം പല കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. റേഷൻ കടകളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വിവിധങ്ങളായ സേവനങ്ങൾ നൽകുന്നതിനുള്ള ചർച്ച നടന്നുവരികയാണ്. ഗ്രാമീണ മേഖലയിൽ സപ്ലൈകോ, ബാങ്ക്, എ.ടി.എം. എന്നീ സൗകര്യങ്ങളില്ലാത്ത നിരവധി സ്ഥലങ്ങളുണ്ട്. അതുകൊണ്ടുതന്നെ അത്തരം യൂട്ടിലിറ്റി സർവ്വീസുകൾ റേഷൻകടകളിലൂടെ നൽകാൻ സാധിക്കുമോയെന്ന് പരിശോധിച്ച് വരികയാണ്. വളരെ താമസിയാതെ ചില പദ്ധതികൾ ആരംഭിക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ്. ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ച വിഷയം ഉൾപ്പെടെ ആലോചിക്കുന്നതാണ്.

തീരദേശ പരിപാലന നിയമ ഭേദഗതി

2(*152) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി കൊണ്ടുവരാനുദ്ദേശിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതിയിലൂടെ ഏതെല്ലാം ഇളവുകൾ അനുവദിക്കുന്നതിനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിയമ ഭേദഗതിയിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ ആവശ്യപ്പെട്ടിരുന്ന ഇളവുകൾ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) 2011-ലെ തീരദേശ

പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി അത് കേന്ദ്ര മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രം ഇതിനായി തയ്യാറാക്കിയ ആദ്യ കരട് പ്ലാൻ പരിശോധിക്കാൻ മൂന്നംഗ വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി.ഇസഡ്.തോമസ്, അഡ്വ. പി. ബി. സഹസ്രനാമൻ എന്നിവരും അംഗങ്ങളായ സമിതി സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) CRZ വിജ്ഞാപനം 2019-ലെ പ്രധാനപ്പെട്ട ഇളവുകൾ ചുവടെ ചേർക്കുന്നു.

1. 2011 സെൻസസ് അടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിലെ ഒരു സ്ക്വയർ കിലോമീറ്ററിലെ ജനസാന്ദ്രത 2161-ൽ കൂടുതലാണെങ്കിൽ പ്രസ്തുത പഞ്ചായത്ത് CRZ III A-യിലും അതിൽ കുറവാണെങ്കിൽ CRZ III B-യിലും

ഉൾപ്പെടുന്നു. CRZ III A-യിൽ ഉൾപ്പെട്ട പ്രദേശങ്ങൾക്ക് HTL (High Tide Line)-ൽ നിന്നും 200 മീറ്ററായിരുന്ന No Development Zone (NDZ) എന്നത് 50 മീറ്ററായി കുറച്ചു. CRZ III B-യിൽ No Development Zone (NDZ) നിലവിലുള്ളതുപോലെ 200 മീറ്ററെന്ന നിബന്ധന തുടരും.

2. എല്ലാ ദ്വീപുകൾക്കും No Development Zone (NDZ), High Tide Line-ൽ നിന്നും 50 മീറ്ററായിരുന്നത് 20 മീറ്ററായി കുറച്ചു.

3. വേലിയേറ്റ സ്വാധീനമുള്ള കായൽ, നദികൾ, തോടുകൾ എന്നീ ഉൾനാടൻ ജലാശയങ്ങളുടെ 100 മീറ്റർ അല്ലെങ്കിൽ അവയുടെ വീതി, ഏതാണോ കുറവ് അത്രയും ദൂരം No Development Zone (NDZ) എന്നത് 50 മീറ്റർ അല്ലെങ്കിൽ അവയുടെ വീതി ഏതാണോ കുറവ് എന്നാക്കി കുറച്ചു.

4. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന കണ്ടൽ ചെടികളുടെ വ്യാപ്തി 1000 ചതുരശ്ര മീറ്ററിൽ കൂടുതലാണെങ്കിൽ 50 മീറ്റർ ചുറ്റളവിൽ ബഫർ സോൺ ആവശ്യമായിരുന്നത് ഈ വിജ്ഞാപനത്തിൽ ഒഴിവാക്കിയിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്തെ ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾ നാഗരിക സ്വാഭവമുള്ളവയും 2011 സെൻസസ് പ്രകാരം നഗരങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്നവയുമാണ്. ഇത്തരത്തിൽ നാഗരിക സ്വഭാവമുള്ള 398

ഗ്രാമപഞ്ചായത്തുകളെ കാറ്റഗറി I, കാറ്റഗറി II പഞ്ചായത്തുകളായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ III-ൽ നിന്നും CRZ II കാറ്റഗറിയായി മാറ്റം വരുത്താനാകുമെന്ന് വിദഗ്ദ്ധ സമിതിയുടെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഏതൊക്കെ പഞ്ചായത്തുകളാണ് പ്രസ്തുത നിർവ്വചനത്തിന്റെ പരിധിയിൽ വരികയെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാനാവൂ. കേരളത്തിലെ ചെറുതും വലുതുമായ 1826 തുരുത്തുകൾക്കും ദ്വീപുകൾക്കുമായുള്ള ഇന്റഗ്രേറ്റഡ് ഐലൻഡ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്ലാൻ തയ്യാറാക്കുമ്പോൾ തെരഞ്ഞെടുക്കേണ്ട രീതി സംബന്ധിച്ച് സ്പഷ്ടീകരണം നൽകുവാൻ ചെന്നൈയിലുള്ള National Centre for Sustainable Coastal Management (NCSCM)-നോടും കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. പൊക്കാളിപ്പാടങ്ങളിൽ വേലിയേറ്റരേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 26-11-2021-ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. അതടിസ്ഥാനമാക്കിയുള്ള തുടർനടപടികൾ

കൈക്കൊണ്ടുവരുന്നു. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള മറ്റ് ഇളവുകൾ കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

ശ്രീമതി സി. കെ. ആശ: സർ, തീരദേശത്തെ കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള ജൈവവൈവിദ്ധ്യ കലവറയുടെ സംരക്ഷണത്തിനും അങ്കണവാടികൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും ഇളവുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തീരദേശ പരിപാലന നിയമത്തിന്റെ ഒരു പ്രത്യേകത, നിയമം ഇന്ന കാര്യത്തിന് ബാധകമാകും എന്നതല്ല; അവിടെ നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിർദ്ദിഷ്ട പരിധിയിൽ വരുന്നുണ്ടെങ്കിൽ സാധാരണഗതിയിൽ അനുമതി നൽകില്ല. അതുകൊണ്ടുതന്നെ കാറ്റഗറി മാറുന്നതിനനുസരിച്ചാണ് അനുമതി കിട്ടുന്ന കാര്യത്തിൽ തീരുമാനമുണ്ടാകുന്നത്.

ശ്രീമതി സി. കെ. ആശ: സർ, തീരദേശ പരിപാലന നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചിട്ടുള്ള മേഖലകളിലെ താമസക്കാരെ പൂർണ്ണമായും പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത മേഖലകളിൽ താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കാനുള്ള നടപടികളിലേയ്ക്ക് നിലവിൽ പോകുന്നില്ല. അവരെല്ലാം ഇപ്പോഴും അവിടെ താമസിക്കുന്നുണ്ട്. നിലവിൽ പ്രശ്നങ്ങളുള്ള പല സ്ഥലങ്ങളും മാറ്റിയെടുക്കാൻ കഴിയുമെന്നാണ് ഞാൻ നേരത്തേ പറഞ്ഞ മറുപടിയിൽ വ്യക്തമാക്കിയത്.

ശ്രീ. ഇ. കെ. വിജയൻ: സർ, കരട് തീരദേശ പ്ലാനിലെ അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ തീരുമാനിച്ച് നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. വിദഗ്ദ്ധ സമിതി പബ്ലിക് ഹിയറിംഗ് പൂർത്തിയാക്കി തീരദേശ പ്ലാൻ അംഗീകരിച്ചുകഴിഞ്ഞോ; എങ്കിൽ അതിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്താണ്; ഇല്ലെങ്കിൽ അത് എപ്പോൾ പൂർത്തീകരിക്കും?

ശ്രീ. പിണറായി വിജയൻ: സർ, പ്ലാൻ അംഗീകരിച്ചു. അതുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ മറുപടിയിൽ ഞാൻ പറഞ്ഞുകഴിഞ്ഞു. പ്രസ്തുത പ്ലാൻ ക്യാബിനറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. പൊതുവിൽ സ്വീകാര്യമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. അത് വളരെവേഗം ക്യാബിനറ്റ് അംഗീകരിച്ച് മറ്റ് നടപടികളിലേയ്ക്ക് നീങ്ങും. അതുമായി ബന്ധപ്പെട്ട മറ്റുപ്രശ്നങ്ങൾ കേന്ദ്രസർക്കാരിനെ അറിയിക്കുന്ന

നടപടിയും സ്വീകരിച്ചുകഴിഞ്ഞു.

ശ്രീ. ജി. എസ്. ജയലാൽ: സർ, കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളല്ലാതെ ചെമ്മീൻ കെട്ടുകൾ, പൊക്കാളി പാടങ്ങൾ, കായൽ എന്നിവയുടെ ബണ്ട് നിർമ്മാണത്തിനുള്ള അനുമതി നിർദ്ദേശങ്ങൾ തീരദേശ പ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പൊക്കാളിപ്പാടങ്ങളുടെ ബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ പറഞ്ഞതാണ്. നേരത്തെയുള്ളതിൽനിന്നും ഒരു വ്യതിയാനം ഇപ്പോൾ വന്നിട്ടുണ്ട്. പ്രസ്തുത മാറ്റം വലിയ തോതിൽ സഹായകരമാകുമെന്നാണ് കാണാൻ കഴിയുന്നത്.

ശ്രീ. സി. സി. മുകുന്ദൻ: സർ, കായൽത്തുരുത്തുകളിൽ നിലവിലുള്ള കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിന് തീരദേശ പരിപാലന പ്ലാനിൽ നിബന്ധനകൾ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അറ്റകുറ്റപ്പണി നടത്തുന്ന മേഖല ഏതാണെന്നതിനെ ആശ്രയിച്ചാണ് നിബന്ധനകൾ നിലനിൽക്കുന്നത്. സാധിക്കുന്നത്രയും അനുമതി നൽകാൻ കഴിയണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഇക്കാര്യത്തിൽ വ്യക്തത വരുന്നതോടെ, അതായത് നിലവിലെ കാറ്റഗറി മാറിവരുന്നതോടെ വലിയ അളവിൽ പ്രശ്നം

പരിഹരിക്കാൻ സാധിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2019-ൽ തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെ നിർദ്ദേശംവന്ന് ആറുമാസത്തിനകം പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട റിവൈസ്ഡ് പ്ലാൻ സമർപ്പിക്കണമെന്നുണ്ടായിരുന്നു. എന്നാൽ മൂന്ന് വർഷം കഴിഞ്ഞിട്ടും അതിനുള്ള നടപടി പൂർത്തിയായിട്ടില്ല. പ്രസ്തുത വിഷയം പ്രതിപക്ഷം നിയമസഭയിൽ അടയന്തരപ്രമേയമായി ഉന്നയിച്ചിരുന്നു. തീരദേശ പരിപാലന നിയമത്തിൽ കേന്ദ്രഗവൺമെന്റ് വരുത്തിയ മാറ്റങ്ങളുടെ ഗുണഭോക്താക്കളാകാൻ കേരളത്തിലെ ജനങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച അനുമതി ലഭ്യമാകാത്തതിനാൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ആയിരക്കണക്കിനാളുകൾ വീട് നിർമ്മാണം, വീട്ടുനമ്പർ ലഭ്യമാകൽ തുടങ്ങി നിരവധി കാര്യങ്ങളിൽ പ്രയാസമനുഭവിക്കുകയാണ്. അടിയന്തരപ്രമേയം സഭയിൽ കൊണ്ടുവന്നപ്പോൾ പ്രസ്തുത വിഷയം തീർപ്പാകാൻ 6 മാസംകൂടി ആവശ്യമായി വരുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഒച്ചിഴയുന്ന വേഗത്തിലാണ് നടപടിക്രമങ്ങൾ മുന്നോട്ടുപോകുന്നതെന്നാണ് അന്വേഷിച്ചപ്പോൾ മനസ്സിലായത്. നിർദ്ദേശം വന്ന് മൂന്ന് വർഷം

തികയാറായ ഈ സാഹചര്യത്തിൽ ഇതുസംബന്ധിച്ച നടപടികൾ പൂർത്തിയാക്കി റിവൈസ്ഡ് പ്ലാൻ എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കും?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സാധാരണഗതിയിൽ പലകാര്യങ്ങളിലും നമ്മുടെ ദുർഗതിയായി കിടക്കുന്ന ചിലതുണ്ട്, അവ പൊതുവേ സംസ്ഥാനത്തിന് ബാധകവുമാണ്. ഇത്തരം കാര്യങ്ങളിൽ ഒച്ചിഴയുന്ന വേഗത എന്നത് ഇപ്പോൾമാത്രം ആർജ്ജിച്ചതല്ല, കാലങ്ങളായി നമ്മുടെ കൂടെയുള്ളതാണ്. ആ പ്രവണതയുടെ ഭാഗമായാണ് ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ അവസാന ഘട്ടത്തിലേയ്ക്കെത്തിക്കുന്നതിന് എട്ട് വർഷമെടുക്കേണ്ടിവന്നത്. ഇപ്പോഴല്ല, നേരത്തേയുള്ള കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. അത് നമ്മുടെ കൂടെപ്പിറപ്പായ ദുഃസ്വഭാവത്തിന്റെ ഭാഗമാണ്. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിൽ പൂർത്തീകരിക്കണമെന്ന് തന്നെയാണ് സർക്കാർ നിലപാട്. പക്ഷേ ആ പഴയ സ്വഭാവം പൂർണ്ണമായും പോയെന്ന് പറയാറായിട്ടില്ല. ഇതുസംബന്ധിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിനെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും, അത് ക്യാബിനറ്റിൽ സമർപ്പിക്കണം. എന്നാൽ ക്യാബിനറ്റിൽ വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇതുവരെ പൂർത്തിയായിട്ടില്ല.

ഇതെല്ലാം ഞാൻ സൂചിപ്പിച്ച പ്രവണതയുടെ ഭാഗമായ കാര്യമാണ്. ഇത്തരം കാര്യങ്ങളെല്ലാം സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. സർക്കാർ ഏറ്റവുമധികം ഉയർത്തിപ്പിടിക്കുന്നത് ജനതാൽപ്പര്യമാണ്. അതുകൊണ്ട് പ്രസ്തുത വിഷയത്തിൽ പരമാവധി വേഗത്തിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടിയുണ്ടാകും. അതിനാവശ്യമായ തിരുത്തലുകളുമുണ്ടാകും.

ശ്രീ. വി. ജോയി: സർ, തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ ജനസംഖ്യാനിബിഡമായ പ്രദേശങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇത് ദീർഘമായൊരു കാര്യമാണ്. കേരളത്തിലെ മിക്ക ഗ്രാമപഞ്ചായത്തുകളും നാഗരിക സ്വഭാവമുള്ളവയാണ്. 2011-ലെ സെൻസസ് നിർവ്വചനപ്രകാരം നഗരങ്ങൾ എന്ന നിർവ്വചനത്തിൽ ചില പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട്. ഇത്തരം ഗ്രാമപഞ്ചായത്തുകളെ നഗരങ്ങളായി വിജ്ഞാപനം ചെയ്തശേഷം അവയെ CRZ-III കാറ്റഗറിയിൽനിന്നും CRZ-II കാറ്റഗറിയിലേയ്ക്ക് മാറ്റുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് 245 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നഗരപ്രദേശങ്ങളായി

നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 161 തീരദേശ പഞ്ചായത്തുകളാണ് ഇതിലുൾപ്പെടുന്നത്. അതുപോലെ പൊക്കാളി പാടങ്ങളുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞു, അത് വേലിയേറ്റരേഖ ബണ്ടുകൾ നിജപ്പെടുത്തണമെന്നുള്ളതാണ്. നേരത്തെയുള്ള ബണ്ട് അവിടെയുണ്ട്. ആ ബണ്ടുകളിലായിരിക്കണം വേലിയേറ്റരേഖ നിജപ്പെടുത്തേണ്ടത്. അതിനുപുറമെ പറയുന്നത്, ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റരേഖ നീട്ടരുതെന്നുള്ളതാണ്. ഇപ്പോൾ ബണ്ടുകൾക്ക് അപ്പുറത്തേയ്ക്ക് നീട്ടുന്ന തരത്തിലാണ് വന്നിട്ടുള്ളത്. മറ്റൊരുകാര്യം, സർക്കാർ ഭൂമിയിൽ ആയിരം ചതുരശ്രമീറ്റർ മാത്രം വിസ്തൃതിയുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി ബഫർ സോൺ 50 മീറ്ററായി പരിമിതപ്പെടുത്തും. ഇതിന്റെ ഭാഗമായി മറ്റൊരു പ്രത്യേകതയുള്ളത്, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതാണെന്നുള്ളതാണ്. സമിതിയുടെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളെ CRZ-III കാറ്റഗറിയിൽനിന്നും CRZ-II കാറ്റഗറിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചുവരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് 06-10-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് [ജി.ഒ.(എം.എസ്.)നം.

226/2021/ത.സ്വ.ഭ.വ.] പ്രകാരം 245 ഗ്രാമപഞ്ചായത്തുകൾ CRZ-ന്റെ പരിധിയിൽ വരും. അതിൽ 161 പഞ്ചായത്തുകളെ CRZ-III-ൽനിന്ന് CRZ-II കാറ്റഗറിയിലേയ്ക്ക് മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ built-up plot area കണക്കാക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഈ പ്രശ്നം മുമ്പ് ഇവിടെ ഉന്നയിച്ചപ്പോൾ മുൻഗവൺമെന്റിന്റെ കുഴപ്പമായിരുന്നുവെന്ന് പറഞ്ഞ് അങ്ങ് പരിഹസിക്കുകയായിരുന്നു. ഒരുവർഷം മുമ്പ് ഈ വിഷയം നിയമസഭയിൽ അടിയന്തരപ്രമേയമായി വന്നു. ആ സന്ദർഭത്തിൽ അങ്ങ് പറഞ്ഞത് ഇതിന് ഒട്ടും കാലതാമസമുണ്ടാകില്ലെന്നാണ്. ഇന്നത്തെ മറുപടിയിലും 2019-ലെ നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നുള്ളതിന് വ്യക്തത വരുത്തിയിട്ടില്ല. വളരെയധികം സാങ്കേതിക പ്രശ്നങ്ങൾ ഇക്കാര്യത്തിലുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇപ്പോൾ പഞ്ചായത്തുകളെ നഗരപഞ്ചായത്തുകളാക്കി മാറ്റിയെന്ന് പറഞ്ഞു. അത് കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

നഗരപഞ്ചായത്തുകളാക്കിയപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് തീർത്തും ശരിയല്ലാത്തൊരു ആശങ്കയാണ്. തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട കാര്യത്തിലുള്ള വ്യവസ്ഥകൾക്കാണ് ഇത് ബാധകമാകുന്നത്. അല്ലാതെ ഈ പറയുന്ന പഞ്ചായത്തുകളാകെ മുനിസിപ്പാലിറ്റികളായി മാറുകയല്ല. നമുക്ക് മുനിസിപ്പൽ നിയമവും പഞ്ചായത്ത് നിയമവുമുണ്ട്. ഇവിടെ പഞ്ചായത്ത് നിയമമാണ് ബാധകമാകുന്നത്. എന്തോ വലിയ പ്രശ്നം വരാൻ പോകുകയാണെന്നുള്ള ചിത്രീകരണം ദയവുചെയ്ത് നമ്മുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. ഇത് വേഗം പൂർത്തിയാക്കുക എന്നുപറയുമ്പോഴും വിവിധങ്ങളായ പരിശോധനകൾക്കും മറ്റുമായി കാലതാമസം വരുമെന്നുള്ളത് ഉറപ്പാണ്. നിലവിലുള്ള നിയമപ്രകാരം മാത്രമേ തീരദേശ പരിപാലന കരട് വിജ്ഞാപനം തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷം പൊതുജനങ്ങൾ മുമ്പാകെ അവതരിപ്പിച്ച് അവരുടെ അഭിപ്രായം സ്വീകരിക്കണം. നോട്ടീസ് നൽകാനും ഓരോ ജില്ലയിലെയും പൊതുജനങ്ങളെ കേൾക്കാനും അതിന്റേതായ സമയമെടുക്കും. ഇതിനുശേഷമാണ് കരട് പ്ലാൻ

കേന്ദ്രസർക്കാരിന്റെ സാങ്കേതിക വിശകലന സമിതിയുടെ പരിശോധനയ്ക്ക് അയയ്ക്കേണ്ടത്. അവിടെ നിർദ്ദേശിക്കപ്പെടുന്ന ശിപാർശകൾകൂടി പരിഗണിച്ച് പ്ലാൻ സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ കേന്ദ്രസർക്കാരിന് സമർപ്പിക്കണം. ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുകതന്നെ ചെയ്യും. എന്നാൽ പരിശോധനയ്ക്ക് വേണ്ടിവരുന്ന സമയം ഒഴിവാക്കാൻ കഴിയില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, CRZ നിയമങ്ങൾ പാലിച്ചുകൊണ്ട് തീരദേശത്ത്, കടലിനോട് ചേർന്നുകിടക്കുന്ന സർക്കാരിന്റെ പുറമ്പോക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനും പട്ടയം ലഭ്യമാക്കുന്നതിനും ചില തടസ്സങ്ങൾ നിലനിൽക്കുകയാണ്. അത്തരം തടസ്സങ്ങൾ ഒഴിവാക്കി പാവങ്ങൾക്ക് പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ? എന്റെ മണ്ഡലത്തിലെ വലിയവേളിയിൽ പൊഴിക്കര ദേശത്ത് അത്തരം പട്ടയങ്ങൾ ലഭ്യമാക്കണമെന്നുള്ളത് ജനങ്ങളുടെ ദീർഘകാലമായുള്ള ആവശ്യമാണ്.

ശ്രീ. പിണറായി വിജയൻ: സർ, തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് വരുന്ന പ്രശ്നമാണിത്. കടലിന് തൊട്ടടുത്താകുമ്പോൾ സ്വാഭാവികമായും പ്രശ്നങ്ങളുണ്ടാകും. അവരെ മാറ്റിപാർപ്പിക്കാനാണ്

പുനർഗേഹം പദ്ധതിയൊക്കെ ആരംഭിക്കുന്നത്. അത്തരം കാര്യങ്ങൾ പരിശോധിച്ച് ആളുകളുടെ ബുദ്ധിമുട്ട് പരമാവധി ഒഴിവാക്കുന്ന വിധത്തിലുള്ള നടപടികളിലേയ്ക്ക് കടക്കാം.

ശ്രീ. കെ. ജെ. മാക്സി: സർ, തീരദേശ പരിപാലന പ്ലാൻ സംബന്ധിച്ച സമിതി നിർദ്ദേശങ്ങൾക്കുശേഷം സ്വീകരിക്കേണ്ട തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, 2019-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള കരട് പ്ലാൻ തയ്യാറായിക്കഴിഞ്ഞാൽ തീരദേശ പരിപാലന പ്ലാനിലുൾപ്പെടുന്ന പത്ത് തീരദേശ ജില്ലകളിൽ പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ സാങ്കേതിക പരിശോധന കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. അതിൽ ആവശ്യമായ തിരുത്തലോടെ കരട് തീരദേശ പരിപാലന പ്ലാൻ സാങ്കേതിക സമിതി സമർപ്പിക്കും. അതിനെത്തുടർന്നാണ് സംസ്ഥാന സർക്കാർ പ്രസ്തുത പ്ലാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനും സമയബന്ധിതമായി സമർപ്പിക്കുന്നത്. ഇതാണ് നടപടിക്രമം.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 398 ഗ്രാമപഞ്ചായത്തുകളിൽ 175 ഗ്രാമപഞ്ചായത്തുകൾ CRZ-III-ൽനിന്ന് CRZ-II-ലേയ്ക്ക് മാറുമെന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ മാറുമ്പോൾ, 1991-ൽ ആദ്യത്തെ നോട്ടിഫിക്കേഷൻ വന്ന സന്ദർഭത്തിൽ മോട്ടറൈസ്ഡ് റോഡോ നമ്പരിട്ട വീടുകളോ ഉള്ള പ്രദേശങ്ങളിലാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. അത്തരം റോഡുകളോ നമ്പരിട്ട വീടുകളോ ഇല്ലാത്ത സ്ഥലങ്ങളിലെ ഗ്രാമവാസികൾക്ക് ഇതിന്റെ പ്രയോജനം എങ്ങനെ ലഭ്യമാക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, തീരദേശങ്ങളിലെ ജനസംഖ്യാനുപാതിക നിലപാടടക്കം ഇതിന്റെ ഭാഗമായി വരുന്നുണ്ട്. അതുകൊണ്ട് അത്തരം കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് നേരത്തെ വ്യക്തമാക്കിയ ഇളവുകൾ അതിന്റെ പരിധിയിൽ വരുന്ന എല്ലാപ്രദേശങ്ങൾക്കും ബാധകമാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2011-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണമെന്ന പേരിൽ തീരദേശ

മേഖലകളിൽ പലയിടങ്ങളിലും വീടുകൾ പൊളിക്കുന്നതിനുവേണ്ടി ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. 2019-ലെ വിജ്ഞാപനം വരുന്നതുവരെ, തീരദേശ പ്ലാൻ നിലവിൽ വരുന്നതുവരെ ഈ നടപടി നിർത്തിവയ്ക്കുന്നതിനാവശ്യമായ നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, പല പ്രദേശങ്ങളിലും അവിടെയുള്ള ദേശവാസികളെ, അവരുടെ ജീവനോപാധികളെ ബാധിക്കുന്ന തരത്തിലുള്ള നടപടികളുണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ സർക്കാർ പൊതുവിലെടുക്കുന്ന നിലപാട് അത്തരം പ്രദേശവാസികളെയും അവരുടെ ജീവനോപാധികളെയും സംരക്ഷിക്കുകയെന്നുള്ളത് തന്നെയാണ്. അതിന് സമയബന്ധിതമായ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. തീരദേശ പരിപാലനമടക്കമുള്ള പാരിസ്ഥിതിക കാര്യങ്ങൾ, ജനജീവിത സംരക്ഷണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെല്ലാം ഒരുപോലെ മുമ്പോട്ടുകൊണ്ടുപോകുകയെന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. നീർത്തടാടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണത്തിന്, കൃഷി പരിപാലനത്തിന് നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്. പ്രാദേശിക ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കണം. അത് അഞ്ചുവർഷംകൊണ്ട്

നേടേണ്ട ജൈവവൈവിധ്യത്തിനുള്ള പ്രാദേശിക പരിപാടികളായി തയ്യാറാക്കുകയും വേണം. കായലുകൾ, പുഴകൾ ഇതൊക്കെ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മാലിന്യരഹിതമാക്കുകയെന്നത് വളരെ പ്രധാനമാണ്. ഇക്കാര്യത്തിലെല്ലാം പ്രാദേശികമായി ജനങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കുകയെന്നത് പ്രധാനമാണ്. അതോടൊപ്പം പശ്ചിമഘട്ട സംരക്ഷണ പദ്ധതിയും ലക്ഷ്യംവയ്ക്കുന്നുണ്ട്. ഇടുക്കി, വയനാട് പാക്കേജുകളെല്ലാം ഇതിന്റെ ഭാഗമായുള്ളതുകൂടിയാണെന്ന് നാം കാണണം. പരിസ്ഥിതി സംരക്ഷണം ജനകീയ പങ്കാളിത്തത്തോടെ നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ ജീവനോപാധി സംരക്ഷിക്കുന്നതോടൊപ്പം പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യും.

ശ്രീ. എം. രാജഗോപാലൻ: സർ, തീരദേശ പരിപാലന നിയമത്തെത്തുടർന്ന് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന പഞ്ചായത്തുകളിലൊന്നാണ് എന്റെ നിയോജകമണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തുകൂടിയായ വലിയപറമ്പ. അമ്പത് മീറ്റർ മുതൽ അഞ്ഞൂറ്-അറുന്നൂറ് മീറ്റർ വരെ വീതിയുള്ള സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിന് സമാനമായി കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തുമുണ്ടെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. അവിടെ നിർമ്മാണ പ്രവൃത്തികൾ നടത്താൻ ഏറെ തടസ്സങ്ങളുണ്ട്. ദ്വീപ് പഞ്ചായത്ത് എന്ന പരിഗണന നൽകി ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് നാഗരിക സ്വഭാവമുള്ളതായി തരം തിരിച്ചതുപോലെ, കാറ്റഗറി I, II എന്നതുപോലെ ഇതിന് പ്രത്യേക ഇളവ് നൽകാൻ നടപടി സ്വീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനിൽ ചെറുതും വലുതുമായ 1826 ദ്വീപുകൾ, തുരുത്തുകൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ലെ തീരദേശ പരിപാലന നിയമപ്രകാരം ഈ തുരുത്തുകൾക്കും ദ്വീപുകൾക്കുമായി Integrated Island Management Plan (IIMP) തയ്യാറാക്കേണ്ടതുണ്ട്. ഈ പറഞ്ഞ ദ്വീപുകളിൽ 178 ദ്വീപുകൾ മാത്രമാണ് 10 ഹെക്ടറിൽ കൂടുതൽ സ്ഥലവ്യാപ്തിയുള്ളത്. ബാക്കി ദ്വീപുകളെല്ലാം താരതമ്യേന വളരെ ചെറിയ ദ്വീപുകളാണ്. 1826 ദ്വീപുകളുടെയും തുരുത്തുകളുടെയും IIMP തയ്യാറാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിലെ 178 വലിയ ദ്വീപുകൾക്കുമാത്രം IIMP തയ്യാറാക്കിയാൽ മതിയെന്നും ബാക്കി ദ്വീപുകൾക്കും തുരുത്തുകൾക്കും

ബാധകമായ പൊതുനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം തയ്യാറാക്കണമെന്നുമുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് തീരദേശ പരിപാലന പ്ലാനിന്റെ തയ്യാറാക്കൽ ദ്രുതഗതിയിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

## മദ്യ നയത്തിലെ മാറ്റം

3 (*153) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യ നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ എന്തെല്ലാം കാതലായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദവിവരം നൽകാമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടില്ല. 2022-23 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ആഭിമുഖ്യത്തിൽ ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും, 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി പൊതുജനങ്ങളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലഹരിക്ക് അടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്. സംസ്ഥാനത്ത് സ്കൂൾ

തലത്തിലും കോളേജ് തലത്തിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്നതിന് സ്കൂൾ തലത്തിൽ "ഉണർവ് " എന്ന പേരിലും കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആദിവാസി-തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി ടി മേഖലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസുകൾ, വിവിധ കായിക ഇനങ്ങളിൽ പരിശീലനവും മത്സരവും സംഘടിപ്പിക്കൽ, ലൈബ്രറി സൗകര്യമൊരുക്കൽ, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി മേഖലകളിലെ കുട്ടികളും യുവാക്കളും അനഭിലഷണീയമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കാനും അവരുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും "ഫിറ്റ്നസ് കേന്ദ്രങ്ങൾ" തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗോത്രവിഭാഗങ്ങൾക്കിടയിൽ ഗോത്രകലാരൂപങ്ങളിലൂടെ ബോധവൽക്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ

പോരാട്ടത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി നിലവിൽ 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, മരച്ചീനിയിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്ന പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മരച്ചീനിയിൽനിന്ന് വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച ബഡ്ജറ്റ് നിർദ്ദേശം വന്നിട്ടുണ്ട്. അതുസംബന്ധിച്ച് വളരെവേഗം തന്നെ ആലോചന നടത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് കൃഷിക്കാർക്ക് ആനുകൂല്യം നൽകുന്നതിനുള്ള സമീപനം സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, മയക്കുമരുന്നിന്റെ വിനിയോഗം വൻതോതിൽ വർദ്ധിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മയക്കുമരുന്ന് ഉപഭോഗം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെതിരെ ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. എക്സൈസ് വകുപ്പ് അനധികൃത മദ്യവും നിയമവിരുദ്ധ ലഹരി വസ്തുക്കളും വ്യാപകമായി ഇപ്പോൾ പിടിച്ചെടുക്കുന്നുണ്ട്. വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം മറ്റൊരു കാലഘട്ടത്തിലുമില്ലാത്ത വിധത്തിൽ മികച്ച രീതിയിൽ മുന്നോട്ടുപോകുകയാണ്. കേസുകളുടെ എണ്ണത്തിലും പിടിച്ചെടുക്കുന്ന നിയമവിരുദ്ധ വസ്തുക്കളുടെ അളവിലും വലിയ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21 വർഷങ്ങളിൽ യഥാക്രമം 15860, 19934 അബ്കാരി കേസ്സുകളും

3667, 3922 NDPS കേസുകളും 52222, 74604 കോട്ട്പ കേസുകളും കണ്ടെടുത്തിട്ടുണ്ട്. ഈ കേസുകളിലുൾപ്പെട്ട നിയമവിരുദ്ധ വസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. കഞ്ചാവ് 2020-ൽ 3209 കിലോഗ്രാം, 2021-ൽ 5632 കിലോഗ്രാം, ഹാഷിഷ് - 6.65 കിലോഗ്രാം, 2021-ൽ 16.06 കിലോഗ്രാം, MDMA 2020-ൽ 0.5 കിലോഗ്രാം, 2021-ൽ 6.13 കിലോഗ്രാം, സ്പിരിറ്റ്- 2020-ൽ 23182 ലിറ്റർ, 2021-ൽ 20803 ലിറ്റർ, ചാരായം - 2020-ൽ 7219 ലിറ്റർ, 2021-ൽ 11012 ലിറ്റർ, വാഷ്- 2020-ൽ 531662 ലിറ്റർ, 2021-ൽ 691590 ലിറ്റർ, പുകയില ഉൽപ്പന്നങ്ങൾ - 2020-ൽ 33541 കിലോഗ്രാം, 2021-ൽ 32719 കിലോഗ്രാം എന്നിങ്ങനെയാണ് പിടിച്ചെടുത്തിട്ടുള്ളത്. ഈ രീതിയിൽ എൻഫോഴ്സ്മെന്റ് വളരെ ശക്തിമത്തായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. വലിയ രീതിയിലുള്ള മയക്കുമരുന്ന് ഉപയോഗം കണ്ടെത്താൻ സാധിക്കുന്നുണ്ട്. സാമൂഹ്യമായ, ഫലപ്രദമായ ഇടപെടൽകൊണ്ടുമാത്രമേ ഒരു സാമൂഹ്യവിപത്തായി ഉയർന്നുവരാൻ സാധ്യതയുള്ള ഇത്തരം നീക്കങ്ങളെ ചെറുക്കാൻ സാധിക്കുകയുള്ളൂവെന്നാണ് ഗവൺമെന്റ് കാണുന്നത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ...ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗുണ്ടാ-മയക്കുമരുന്ന് സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

4 (*154) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ വിളയാട്ടവും പോലീസ് അതിക്രമങ്ങളും ജനജീവിതം ദുഷ്കരമാക്കിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണ്ടാ-മയക്കുമരുന്ന് സംഘങ്ങൾക്ക് ചില രാഷ്ട്രീയ പാർട്ടികളുടെയും സർക്കാരിന്റെയും സംരക്ഷണമുള്ളതുകൊണ്ടാണ് ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യാൻ പോലീസിന് കഴിയാത്തതെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുണ്ടകളെ നിയന്ത്രിക്കുന്നതിലും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിലും പോലീസ് പൂർണ്ണമായും പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും ഉയർന്ന ഉദ്യോഗസ്ഥരുടെ മുമ്പിലും പരാതിയുമായി എത്തുന്ന ഏതൊരാളുടെയും പരാതിയിൽ സുതാര്യവും നീതിയുക്തവുമായ നിയമം നടപ്പാക്കുന്നതിനും പൗരാവകാശങ്ങളും വ്യക്തിമഹത്വവും സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ സേനയാണ് കേരള പോലീസ്. ഇന്ത്യയിലെ വിവിധ ഏജൻസികൾ പ്രവർത്തനമികവിന് നൽകുന്ന അവാർഡുകളിൽ ഒന്നാംസ്ഥാനം നിരന്തരം കേരള പോലീസ് കരസ്ഥമാക്കി വരുന്നു. ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനും സാങ്കേതിക മികവിനും ലോകോത്തര നിലവാരമുള്ള അംഗീകാരങ്ങൾ ഇതിനകം കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. തികച്ചും പ്രൊഫഷണലായ ഒരുസേനയായി കേരള പോലീസിനെ മാറ്റിയെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പോലീസുദ്യോഗസ്ഥരുടെ ഭാഗത്ത് ഏതുതരത്തിലുള്ള തെറ്റായ പ്രവണതയുണ്ടായാലും അതിനെതിരെ ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപംനൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും പ്രത്യേകം സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റ് പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിൽ രണ്ട് പോലീസുദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരുപദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ "കാപ്പാ" നിയമമുൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ സാമ്പത്തിക സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഇതിനുപുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. "ഓപ്പറേഷൻ കാവൽ" പദ്ധതി വളരെ കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ഡി) കോവളം എം.എൽ.എ.-യുടെ വീടിനുമുന്നിൽ നിർത്തിയിട്ടിരുന്ന കാർ അടിച്ചുതകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്

ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ബാലരാമപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 219/22 u/s 294 (b), 506 (ii), 427, 452 IPC & 5 of Kerala Prevention of Damages to Private Property and Payment of Compensation Act 2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ സംഭവദിവസം തന്നെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

**പോലീസ് സേനയുടെ ശാക്തീകരണം**

5(*155) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ

അനുവദിച്ചിട്ടുണ്ടോ; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്കെല്ലാം സ്വന്തം കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ക്രൈം ബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ഡെപ്യൂട്ടി ലീഗൽ അഡ്വൈസർ തസ്തികയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റേഞ്ചുകളിലെ ഐ.ജി.പി ക്രൈം ബ്രാഞ്ച് ഓഫീസുകളിൽ ഓരോ അസിസ്റ്റന്റ് ലീഗൽ അഡ്വൈസർ തസ്തികവീതവും സൃഷ്ടിച്ചിട്ടുണ്ട്. 16-07-2021-ലെ GO (MS) No.132/2021/Home പ്രകാരം പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 49 തസ്തികകൾ സൃഷ്ടിക്കുകയും ക്രൈംബ്രാഞ്ച് വിഭാഗത്തിലെ 5 ജൂനിയർ സൂപ്രണ്ട് തസ്തികകൾ സീനിയർ സൂപ്രണ്ട് തസ്തികകളായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 11-11-2021-ലെ GO (MS) No.197/2021/Home പ്രകാരം MSP, SAP എന്നിവിടങ്ങളിൽ നിന്നും 10 വീതം കോൺസ്റ്റബിൾ തസ്തികകൾ ഷിഫ്റ്റ് ചെയ്ത് അഞ്ചുതെങ്ങ്, ഏലത്തൂർ തീരദേശ പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ 10 വീതം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2021-22 സാമ്പത്തിക

വർഷത്തിൽ 12 പോലീസ് സ്റ്റേഷനുകൾക്ക് പ്ലാൻ സ്കീമിൽ തുക അനുവദിക്കുകയും അതനുസരിച്ച് എഴുകോൺ (കൊല്ലം റൂറൽ), പുളിക്കീഴ്, പെരുനാട് & മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ, മുല്ലപ്പെരിയാർ & തങ്കമണി (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മട്ടന്നൂർ (കണ്ണൂർ സിറ്റി), മുഴക്കുന്ന് & ആലക്കോട് (കണ്ണൂർ റൂറൽ) എന്നീ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ 2022-23 സാമ്പത്തിക വർഷത്തിലെ പ്ലാൻ സ്കീമിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ പോലീസ് മേധാവി തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസുദ്യോഗസ്ഥരുടെ മനോവീര്യം വർദ്ധിപ്പിക്കാനുള്ള നടപടികൾക്കൊപ്പം സേവനത്തിനായി സമീപിക്കുന്നവരോടും പൊതുജനങ്ങളോടും അന്തസ്സുറ്റ പെരുമാറ്റം ഉറപ്പാക്കാൻ കർശന നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളോടുള്ള അന്തസ്സുറ്റ പെരുമാറ്റം ഉറപ്പാക്കാൻ Soft Skill Development, ജനമൈത്രി, Community

Policing, Pink Patrol, വനിതാ ഹെൽപ്പ് ഡെസ്ക് എന്നിവ സംബന്ധിച്ച പരിശീലനം നടത്തിവരുന്നു. പോലീസുദ്യോഗസ്ഥരുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിനായി Stress Management, Soft Skill Management എന്നീ വിഷയങ്ങളിൽ നിരവധി in service course-കളും ഈ വിഷയങ്ങളിൽ സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ തസ്തികകളിലെ ട്രെയിനികൾക്ക് അടിസ്ഥാന പരിശീലനവും കേരള പോലീസ് അക്കാദമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ നടത്തിവരുന്നു.

(സി) പോലീസിന്റെ സേവന മികവ് വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനം അന്യൂനമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പോലീസിന്റെ സേവന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നു.

ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന എഫ്.ഐ.ആർ. ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ " തുണ" സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും inservice പരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ പുരോഗമിച്ചുവരുന്നു. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം 146 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 20 Four Wheel Drive LMV, 03 മീഡിയം ബസ്, 08 ഹെവി ബസ്, 02 വാട്ടർ ടാങ്കർ, 02 വാട്ടർ കാനൻ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ് എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം 07 പിങ്ക് കൺട്രോൾ റൂം വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ LWE ബാദ്ധ്യത പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായി MoPF സ്കീമിൽ ഉൾപ്പെടുത്തി 29 Four Wheel Drive LMV വാങ്ങിയിട്ടുണ്ട്. Control Room/ഹൈവേ പട്രോൾ/ പോലീസ് സ്റ്റേഷൻ വെഹിക്കിളുകളിൽ ഘടിപ്പിക്കുന്നതിനായി 140 മൊബൈൽ ഡാറ്റാ ടെർമിനൽസ്, കാർ ചാർജ്ജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങിയിട്ടുണ്ട്.

### അട്ടപ്പാടിയിലെ മാതൃ-ശിശു മരണങ്ങൾ

6(*156) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ മാതൃ-ശിശു മരണങ്ങൾ ആവർത്തിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

അട്ടപ്പാടിയിലെ മാതൃ-ശിശു മരണങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ ആരോഗ്യ വകുപ്പ് സൂക്ഷ്മമായി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. ഇവയുടെ ആരോഗ്യ സംബന്ധമായ കാരണങ്ങളും സാമൂഹികമായ വശങ്ങളും പരിശോധിച്ച് സർക്കാർ വിവിധ തരത്തിലുള്ള നടപടികൾ എടുത്തുവരുന്നു. മാതൃ-ശിശു മരണങ്ങൾ സംഭവിക്കുന്നത് വിവിധ തലങ്ങളിൽ പരിശോധിച്ച് (ആശുപത്രി, ജില്ല, സംസ്ഥാനതലത്തിൽ) കാരണങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ഇവയിൽ മെച്ചപ്പെടുത്താൻ പറ്റുന്ന മേഖലകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസം നൽകുക, ആരോഗ്യ പ്രവർത്തകർക്കുള്ള വിവിധങ്ങളായ പരിശീലന പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഇവരിൽ പോഷകാഹാരക്കുറവും അതുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളുമാണോ മരണ കാരണമാകുന്നത്; വ്യക്തമാക്കുമോ?

അട്ടപ്പാടിയിൽ കണ്ടുവരുന്ന മാതൃ-ശിശു മരണങ്ങളിൽ പോഷകാഹാരക്കുറവ് ഒരുകാരണമായി സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത് നവജാതശിശുക്കളുടെ തൂക്കകുറവോടുകൂടിയുള്ള പ്രസവം നടക്കുന്നതിനും അവരുടെ നേരത്തെയുള്ള പ്രസവത്തിനും കാരണമാകുന്നു. അട്ടപ്പാടിയിലെ ശിശുമരണങ്ങളിൽ ഭൂരിഭാഗവും ഇത്തരത്തിലുള്ള കുട്ടികളിലാണെന്ന് മുൻകാലങ്ങളിൽ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിന് വളരെ സാധാരണമായ കാരണം ഗർഭിണികളിലെ പോഷകാഹാരക്കുറവാണ്. അതിൽ അവർക്കുണ്ടാകുന്ന അനീമിയ ഒരു പ്രധാന കാരണമായി സൂചിപ്പിക്കപ്പെടാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഗർഭിണികൾക്ക് കാലേക്കൂട്ടിയുള്ള രജിസ്ട്രേഷൻ, സമയബന്ധിതമായ പരിശോധനകൾ, അൾട്രാ സൗണ്ട് സ്കാനിംഗ് എന്നിവ നടത്തുന്നു. സങ്കീർണ്ണതകൾ കണ്ടെത്തുന്ന മുറയ്ക്ക് വിദഗ്ദ്ധ ചികിത്സയ്ക്കായുള്ള റെഫറൽ എന്നിവ ഉറപ്പാക്കുന്നു. അവർക്ക് ഗർഭാവസ്ഥയിൽ നിർബന്ധമായും 180 അയൺ ഫോളിക് ആസിഡ് ഗുളിക നൽകുക, അനീമിയ ഉള്ളവരാണെന്ന് കണ്ടെത്തിയാൽ അവർക്ക് 360 അയൺ ഫോളിക് ആസിഡ് ഗുളികകൾ

നൽകുക, ആവശ്യഘട്ടങ്ങളിൽ രക്തം നൽകുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടത്തുന്നതിന് അട്ടപ്പാടിയിലെ ആരോഗ്യ സംവിധാനങ്ങളെ സജ്ജമാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കോട്ടത്തറയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഫീൽഡ് തലത്തിൽ ഓരോ സബ് സെന്റർ കേന്ദ്രീകരിച്ചും ആശവർക്കർമാർ മുഖാന്തരവും അയൺ ഗുളികകൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഗർഭിണികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖാന്തരം കമ്മ്യൂണിറ്റി കിച്ചണിലൂടെയും ICDS-ന്റെ പൂരകപോഷണ പദ്ധതി (Supplementary Nutrition Programme), THR-(Take Home Ration) എന്ന രീതിയിലും ഭക്ഷ്യപദാർത്ഥങ്ങൾ നൽകിവരുന്നു. ഇതുകൂടാതെ ട്രൈബൽ വകുപ്പ് അവരുടെ പദ്ധതികളിലൂടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(സി) ആദിവാസി മേഖലകളിൽ ആവശ്യമായ ചികിത്സ സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

അട്ടപ്പാടി ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയാണ് കോട്ടത്തറയിൽ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിച്ചത്. ആയതിന്റെ ഭാഗമായി 57 കിടക്കകളുള്ള ആശുപത്രിയിൽനിന്നും 100 കിടക്കകളുള്ള ആശുപത്രിയായി പ്രഖ്യാപനം നടത്തുകയും ഇപ്പോൾ നിലവിൽ 155 കിടക്കകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം 750-ഓളം ഒ.പി, 100-ഓളം ഐ.പി ഉൾപ്പെടെയുള്ള സേവനം നൽകിവരുന്നു. ടി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നാളിതുവരെ പൂർത്തീകരിച്ചതും ഭരണാനുമതി നൽകിയതുമായ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു[+]. കൂടാതെ കോട്ടത്തറ ആശുപത്രിയിലെ നവജാതശിശു തീവ്രപരിചരണ യൂണിറ്റ് മെച്ചപ്പെടുത്തുന്നതിനായി എൻ.എച്ച്.എം. മുഖാന്തരം 65.47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. (ECRP) -II (എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്തി 6 കിടക്കകളുള്ള പീഡിയാട്രിക് ICU പുതിയതായി പണി പൂർത്തീകരിക്കുന്നതിനായി 113.32 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുകൂടാതെ എൻ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒരു ആംബുലൻസും ഇത്തരത്തിൽ മാറ്റിയെടുക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പും കൂടാതെ മറ്റ് വകുപ്പുകളുമായി ചേർന്നും നടത്തിവരുന്നു. ഗർഭിണികളിൽ ആരോഗ്യപ്രശ്നങ്ങൾ നേരത്തെക്കൂട്ടി കണ്ടെത്തി ശരിയായ ചികിത്സ ഉറപ്പാക്കുന്നതിനായി ആഴ്ചയിൽ ആറുദിവസം വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഗൃഹസന്ദർശനം നടത്തി രോഗലക്ഷണങ്ങൾ കാലേക്കൂട്ടി കണ്ടെത്താൻ ശ്രമിക്കുന്നതോടൊപ്പം മറ്റ് സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയും ഇതൊരു ചെക്ക്‌ലിസ്റ്റ് മുഖാന്തിരം ആഴ്ചയിൽ റിപ്പോർട്ട് ചെയ്ത് മേലധികാരികൾ യോഗം ചേർന്ന് പരിശോധിക്കുകയും ചെയ്യുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിനായി ജില്ലാ കളക്ടർ നേതൃത്വം നൽകി അസിസ്റ്റന്റ് കളക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തനം നടത്തിവരുന്നു. ഇതിലൂടെ അട്ടപ്പാടിയിൽ ആകെയുള്ള ഗർഭിണികളുടെ എണ്ണം കൃത്യമായി വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കണ്ടെത്തി എല്ലാവർക്കും സേവനം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിൽ ആകെ ഗർഭിണികൾ, റിസ്ക് വിഭാഗത്തിൽപ്പെട്ടവർ എത്ര, അനീമിയ

ബാധിച്ചവർ എത്ര, സിക്കിൾസെൽ രോഗികൾ എത്ര, പോഷകാഹാര കുറവുള്ള ഗർഭിണികൾ എത്ര തുടങ്ങിയ തരംതിരിക്കലിലൂടെ ആരൊക്കെയെന്ന് മനസ്സിലാക്കി പ്രത്യേക പരിചരണം ഉറപ്പാക്കാൻ ശ്രമിച്ചുവരുന്നു. അട്ടപ്പാടി മേഖലയിലെ എല്ലാ സബ് സെന്ററുകളും ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിനായി ദേശീയ ആരോഗ്യ മിഷനെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇതിലൂടെ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ സബ് സെന്ററുകൾ വഴി ലഭ്യമാക്കാൻ സാധിക്കും. അട്ടപ്പാടി മേഖലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും നിലവിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ടിട്ടുണ്ട്. ഇതിലൂടെ അധികസമയ OPD, കൂടുതൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ സേവനം, ലാബ് പരിശോധനകൾ ഉൾപ്പെടെയുള്ള കൂടുതൽ സേവനങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. അഗളി ആശുപത്രിയിൽ ആഴ്ചയിൽ മൂന്നുദിവസം ഗൈനക്കോളജിസ്റ്റ്, കുട്ടികളുടെ ഡോക്ടർ, ശ്വാസകോശ രോഗ വിദഗ്ധൻ തുടങ്ങിയ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒ.പി. സേവനം ആരംഭിച്ചിട്ടുണ്ട്. അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ എക്സ്റേ മെഷീൻ പ്രവർത്തനമാരംഭിച്ചു, ഇതിനായി ടെക്നിഷ്യനെ നിയമിക്കുകയും മറ്റ് സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ എല്ലാ

ആദിവാസി കുടുംബങ്ങളും കേന്ദ്രീകരിച്ച് ആരോഗ്യ പരിശോധന നടത്തി രോഗാതുരത മനസ്സിലാക്കി ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള പരിശോധനകൾ കുട്ടികളിൽനിന്നും തുടങ്ങുന്നതിന്റെ ഭാഗമായി ട്രൈബൽ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസം നൽകികൊണ്ടുള്ള പരിശോധനാ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ എല്ലാ ആരോഗ്യ പരിശോധനകളോടൊപ്പം അവരുടെ ഹീമോഗ്ലോബിൻ നില, സിക്കിൾ സെൽ രോഗാവസ്ഥ എന്നിവകൂടി പരിശോധിക്കുകയും പ്രശ്നങ്ങളുള്ളതായി കണ്ടെത്തുന്നവരെ മറ്റ് പരിശോധനകൾക്കും ചികിത്സയ്ക്കുമായി അയയ്ക്കുകയും ചെയ്യുന്നു. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ ആരോഗ്യം അവരുടെ പോഷക നിലവാരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് രേഖപ്പെടുത്തേണ്ടതും അതോടൊപ്പം മറ്റസുഖങ്ങളുണ്ടെങ്കിൽ ഉടൻ ചികിത്സ നേടേണ്ടതും അത്യന്താപേക്ഷിതമാണ്. അതിനാൽ ഇത്തരത്തിലുള്ള കുട്ടികളുടെ ഒരു രജിസ്ട്രി തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ തുടർപരിശോധന നടത്തുകയും ഇവരെ പോഷകനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി ന്യൂട്രീഷ്യൻ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്ത് ചികിത്സിക്കേണ്ടതുമാണ്.

ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി “ ജാതക്” എന്ന പേരിലുള്ള സോഫ്റ്റ്‌വെയർ പുനരാവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആരോഗ്യവകുപ്പ് വിവിധ വകുപ്പുകൾ വഴി ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന എല്ലാവർക്കുമായി പ്രത്യേകിച്ചും ആദിവാസി മേഖലയുമായി ബന്ധപ്പെട്ട ആരോഗ്യ വിഷയങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവരുടെ ആരോഗ്യ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തി ശരിയായ, മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള പരിശീലന പരിപാടി നടത്തുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. എക്സൈസ് വകുപ്പുമായി ചേർന്ന് മദ്യാസക്തി കുറയ്ക്കുന്നതിനും മദ്യാസക്തരായിട്ടുള്ളവരെ ചികിത്സിക്കുന്നതിനായുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഊരുകൾ ബന്ധിപ്പിച്ചും മാസത്തിൽ ഒരു പ്രത്യേക ദിവസം ക്യാമ്പുകൾ നടത്തുന്ന രീതി അവലംബിച്ചിട്ടുണ്ട്. മാതൃശിശു മരണങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ടിയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുവേണ്ടിയും സമൂഹത്തിന്റെ ഇടപെടൽ കൂടുതലായി കൊണ്ടുവരുന്നതിലേയ്ക്കുവേണ്ടി “ പെൺടിക കൂട്ട" എന്ന പേരിൽ ഓരോ അങ്കണവാടികളുടേയും കീഴിൽ

സ്ത്രീകളുടെ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. ജെ.പി.എച്ച്.എൻ, അങ്കണവാടി വർക്കർ, ആശാവർക്കർ എന്നിവർ മുഖേന ലഭ്യമാകുന്ന വിവിധ സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കൂടുതൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വ്യക്തികളിൽ എത്തിക്കുകയെന്നുള്ളതാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യം. സമൂഹത്തിന്റെ പങ്കാളിത്തത്തോടെ കൂടുതൽ നല്ല രീതിയിൽ അവിടത്തെ പോഷകാഹാരക്കുറവ് നിയന്ത്രിക്കാൻ സാധിക്കുമെന്ന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആദിവാസി ഗോത്ര വിഭാഗങ്ങൾക്കായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- അനീമിയ ആന്റ് മാൽന്യൂട്രീഷ്യൻ കൺട്രോൾ പ്രോഗ്രാം (വിളർച്ച, പോഷകക്കുറവ് എന്നിവ നിയന്ത്രിക്കുന്നതിനുള്ള പരിപാടി)

- ആന്റിനേറ്റൽ മെറ്റേർണിറ്റി വെയിറ്റിംഗ് ഹോം ഫോർ ട്രൈബൽ വിമൺ (പ്രസവത്തിനെത്തുന്ന സ്ത്രീകൾക്ക് പ്രസവം വരെ താമസിക്കുന്നതിനുള്ള സൗകര്യം, പോഷകക്കുറവ് പരിഹരിക്കുന്നതിനുമുള്ള പദ്ധതി)

- സിക്കിൾസെൽ സ്ക്രീനിംഗ് പ്രോഗ്രാം - (അരിവാൾ രോഗനിർണ്ണയ പരിപാടി)

- ഊരുമിത്രം പദ്ധതി - HAMLET ASHA. (ആദിവാസി ഊരുകളിൽ നിന്നും തെരഞ്ഞെടുക്കുന്ന ആശമാർ) വിമുക്തി എന്ന പേരിലുള്ള മദ്യാസക്തി കുറയ്ക്കുന്നതിനുള്ള ക്ലിനിക്ക്.

- ആശ്വാസ് എന്ന പേരിൽ മാനസികാരോഗ്യ പരിപാടി.
- വായിലെ കാൻസർ രോഗനിർണ്ണയ പരിപാടി (മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്തോടെ)
- ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ -1 പോഷകാഹാരക്കുറവുള്ള കുട്ടികളെ താമസിപ്പിച്ച് പോഷകാഹാരവും ചികിത്സയും നൽകുന്നതിനുള്ള കേന്ദ്രങ്ങൾ)
- കമ്മ്യൂണിറ്റി കിച്ചണുകൾ അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം (ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റുകളിലും മെഡിക്കൽ ആഫീസർ, നഴ്സിംഗ് സ്റ്റാഫ്, അറ്റന്റർ എന്നിവരുടെ സേവനം ലഭ്യമാണ്.)

**വികസന മിഷനുകളുടെ ഏകീകരണം**

7 (*157) ശ്രീമതി ദെലീമ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതിയിലധിഷ്ഠിതമായി വികസനം യാഥാർത്ഥ്യമാക്കുന്നതിന് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചിരുന്ന വിവിധ വികസന മിഷനുകൾ ഏകീകരിച്ച് വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരുനവകേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാല് വികസന മിഷനുകൾ 'നവകേരളം കർമ്മപദ്ധതി' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി പ്രവർത്തനമാരംഭിച്ചു. സർവ്വതലസ്പർശിയായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി താഴെപ്പറയുന്ന നാല് വികസന മിഷനുകളാണ് നവകേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ്.

2. ജനസൗഹൃദ സർക്കാർ ആശുപതികൾ - ആർദ്രം.

3. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

4. ശുചിത്വ മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിതകേരളം മിഷൻ.

2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തെ തുടർന്ന് കേരള പുനർനിർമ്മാണ പദ്ധതി (റീബിൽഡ് കേരള ഇനീഷ്യേറ്റീവ്-RKI) പ്രവർത്തനമാരംഭിച്ചു. നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണത്തിലും പുനർനിർമ്മാണത്തിലും ഉന്നതഗുണനിലവാരം ഉറപ്പാക്കുന്നതിനും നൂതനവും വികസനോന്മുഖവുമായ വലിയ പദ്ധതികൾ തയ്യാറാക്കുന്നതിനും സമയബന്ധിതമായ നിർമ്മാണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ച് ഭാവിയിൽ ആവർത്തിക്കപ്പെടാവുന്ന ഏതൊരു പ്രളയത്തേയും നേരിടാനുള്ള ശേഷി പുനർനിർമ്മിക്കപ്പെടുന്ന ആസ്തികൾക്ക് ഉറപ്പുവരുത്തുന്നതിനും വിഭാവനം ചെയ്താണ് കേരള പുനർനിർമ്മാണ പദ്ധതി ആരംഭിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ, വീടുകൾ, ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്, പി.ഡബ്ല്യൂ.ഡി. റോഡുകളും പാലങ്ങളും, പൊതുകെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും, ജലവിതരണം, ഗണ്യമായ തോതിൽ പരിസ്ഥിതി സംരക്ഷണ - പ്രകൃതിസൗഹൃദ ഇടപെടലുകളാവശ്യമായ വികസന പദ്ധതികൾ, മലയോര കാർഷിക ആവാസ വ്യവസ്ഥയുടെ സമഗ്രവികസനം, മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ പുനരധിവാസവും

വികസനവും ലക്ഷ്യമാക്കിയ പദ്ധതികൾ, തന്ത്രപ്രധാനമായ വലിയ വികസന പദ്ധതികൾ എന്നീ പത്ത് വിഭാഗങ്ങളുൾക്കൊള്ളിച്ചുകൊണ്ടാണ് കേരള പുനർനിർമ്മാണ പദ്ധതി ആരംഭിച്ചത്. നാല് മിഷനുകളും ആർ.കെ.ഐ.-യും പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തിച്ചുവന്നത്. ഓരോ മിഷനുകളുടെയും ആർ.കെ.ഐ.-യുടെയും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ, കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നാല് മിഷനുകളായ ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തി അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് ഉത്തരവാകുകയുണ്ടായി. നവകേരളം കർമ്മപദ്ധതി-II-ൽ ഊന്നൽ നൽകേണ്ടത് ഗുണമേന്മ വിദ്യാഭ്യാസത്തിനായതിനാൽ വിദ്യാഭ്യാസമിഷന്റെ പേര് "വിദ്യാകിരണം' എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോ-

ഓർഡിനേറ്റർ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും നവകേരളം കർമ്മപദ്ധതി സെല്ലും ഇതോടൊപ്പം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ നാല് വികസന മിഷനുകൾക്കും സംസ്ഥാനതല കർമ്മസമിതിയും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലുമുള്ള മിഷനുകളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടേയും പ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ച് ശിൽപ്പശാലകൾ സംഘടിപ്പിച്ച് നവകേരളം കർമ്മപദ്ധതി-II ന്റെ മാർഗ്ഗരേഖ തയ്യാറാക്കുകയും അത് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) ദരിദ്രരില്ലാത്ത സംസ്ഥാനമെന്ന വാഗ്ദാനം സഫലമാക്കുന്നതിനും വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവരിലേയ്ക്കും എത്തിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

ദരിദ്രരില്ലാത്ത സംസ്ഥാനമെന്ന വാഗ്ദാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്രപദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും സുഗമമായ നടത്തിപ്പ് ഉറപ്പാക്കേണ്ടതുണ്ട്. കേരളം രൂപീകൃതമായശേഷം

നാളിതുവരെയുള്ള പുരോഗമന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ കർമ്മപദ്ധതികളിലൂടെ കേരളത്തിന്റെ വികസനം കൃത്യമായി നടപ്പിലാക്കി വന്നിരുന്നു. വികസനത്തിന് ആക്കം കൂട്ടുന്നതിന് 'വിശപ്പുരഹിത കേരളം', 'ആശ്രയ', 'അഗതിരഹിതകേരളം', 'സുഭിക്ഷ കേരളം', 'നവകേരളം കർമ്മപദ്ധതി' തുടങ്ങിയ ഒട്ടനവധി പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ ഇത്തരത്തിലുള്ള ഇടപെടലുകളുടെ ഫലമായി ദേശീയതലത്തിൽ നടത്തിയിട്ടുള്ള വിലയിരുത്തലിൽ കേരളം പല മേഖലയിലും മുൻപന്തിയിലെത്തിയിട്ടുണ്ട്. യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിരവികസന സൂചിക കൈവരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളിൽ നീതി ആയോഗ് എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും വിലയിരുത്തിയതിൽ കേരളം തുടർച്ചയായി 2018 മുതൽ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്തെത്തുകയുണ്ടായി. നാളിതുവരെ പ്രസിദ്ധീകരിച്ച എസ്.ഡി.ജി. ഇൻഡക്സ് റിപ്പോർട്ടുകളിൽ ആറാം സ്ഥാനത്തുനിന്നും സ്കോർ നില മെച്ചപ്പെടുത്തി (66-ൽ നിന്നും 83-ലേയ്ക്ക്) രണ്ടാം സ്ഥാനത്തേയ്ക്ക് SDG-1 (No Poverty)-ൽ സംസ്ഥാനം എത്തുകയുണ്ടായി. ദരിദ്രരില്ലാത്ത സംസ്ഥാനമെന്ന പ്രഖ്യാപിത ലക്ഷ്യം

കൈവരിക്കുന്നതിനായി അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ സംസ്ഥാനം നടത്തുകയുണ്ടായി. പ്രസ്തുത വിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനാകും. നീതി ആയോഗ് NFHS-4 -ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ National Multidimensional Poverty Index റിപ്പോർട്ട് പ്രകാരം കേരളം ദാരിദ്ര്യം ഏറ്റവുംകുറഞ്ഞ (0.71%) സംസ്ഥാനമായി കണ്ടെത്തിയിട്ടുണ്ട്.

(സി) സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പൊതുസേവന സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ സേവനം കൂടുതൽ സുതാര്യവും കാര്യക്ഷമവും ജനോപകാരപ്രദവുമാക്കുന്നതിനുമായി സംസ്ഥാനത്ത് സേവനാവകാശനിയമം നിലവിലുണ്ട്. പ്രസ്തുത നിയമം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ നാലാം ഭരണപരിഷ്കാര കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായി പെരുമാറുക, മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകുക, ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത്

നൽകുക, ഔദ്യോഗികരേഖകൾ വ്യക്തവും ലളിതവുമായ ഭാഷയിലാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്താനും വികസിപ്പിക്കാനും ഭരണമികവിലേയ്ക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകി വരുന്നു. വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ മറികടക്കുന്നതിനായും സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നതിനും പരമാവധി സേവനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കാതെ തന്നെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻവഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതിക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

i. വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണമെന്ന രീതി ഒഴിവാക്കി രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയംസാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

ii. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽനിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കി.

iii. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാഫോമുകളും ലളിതമാക്കാനും കഴിയുന്നിടത്തോളം ഒരു പേജിൽ മാത്രം പരിമിതപ്പെടുത്താനും നിശ്ചയിച്ചു.

iv. ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏതെങ്കിലും സർക്കാർ വകുപ്പിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന്/ ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ പാടില്ല.

v. ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റു ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്നുള്ള വകുപ്പുകളുടെ നിർബന്ധം പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസമുണ്ടാക്കുകയും ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു. ഇത് മറികടക്കാൻ ടി സേവനങ്ങൾക്ക് അപേക്ഷകന്റെ സത്യവാങ്മൂലംകൂടി നിഷ്കർഷിക്കുന്നു. നോൺക്രിമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റെസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

## സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താൻ നടപടി

8 (*158) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ലിംഗപരമായ വിവേചനം സമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജെൻഡർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ICDS സൂപ്പർവൈസർമാർക്ക് ഏകദിന ഓൺലൈൻ ട്രെയിനിംഗും നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻവഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വനിതാ-ശിശു

വികസന വകുപ്പ് " കനൽ" കർമ്മ പദ്ധതി ആവിഷ്കരിക്കുകയും വിവിധ ദൃശ്യമാധ്യമങ്ങൾ വഴി പ്രചരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 181 ഹെൽപ്പ് ലൈൻ നമ്പർ അച്ചടിച്ച ഒരു ലക്ഷം പോസ്റ്ററുകൾ സംസ്ഥാനത്തൊട്ടാകെ പ്രദർശിപ്പിക്കുകയും അതിക്രമങ്ങൾക്കെതിരെ 'zero tolerance to Violence' പുലർത്തികൊണ്ട് 'കനൽ ലോഗോ' പ്രകാശനം ചെയ്തിട്ടുമുണ്ട്. തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. നാളിതുവരെ 1202 സെഷനുകളിലൂടെ 518 കോളേജുകളിലെ 98065 വിദ്യാർത്ഥികൾക്ക് കനൽ ക്യാമ്പയിൻ മുഖേന ലിംഗാവബോധ ക്യാമ്പയിൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ലിംഗസമത്വബോധം യുവാക്കളിലും ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കുന്നുണ്ട്. സ്ത്രീ-പുരുഷ വിവേചനം സമൂഹത്തിൽനിന്നും തുടച്ചു നീക്കുന്നതിനായി കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ലിംഗസമത്വവും സ്ത്രീസുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിന്, വിവാഹ ധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് സംബന്ധമായ

വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെയും കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്ത്രീധനത്തിന്റെ പേരിൽ നേരിടുന്ന ഗാർഹിക പീഡനങ്ങളും മാനസിക സമ്മർദ്ദവും അവസാനിപ്പിക്കുന്നതിന് വനിത-ശിശു വികസന വകുപ്പ് ഏതെല്ലാം വിധത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ, കേരളാ സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ-ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം 1961 പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള സ്ത്രീധന നിരോധന ചട്ടങ്ങൾ 2004 ഖണ്ഡം 6 ഉപഖണ്ഡം (IV) കേരള നിരോധന ഭേദഗതി ചട്ടങ്ങൾ 2021 ഖണ്ഡം 2 ഉപഖണ്ഡം (1) പ്രകാരം ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനറായും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക്

ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ അഡ്വൈസറി ബോർഡും രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/ സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാരൻ സ്ത്രീധനം ആവശ്യപ്പെടുകയോ, വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പുമേധാവിക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പുമേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ വകുപ്പ് ആരംഭിക്കുകയും പ്രസ്തുത പോർട്ടലിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 2022 മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തിൽ നിർവ്വഹിക്കുകയുമുണ്ടായി. (വെബ്സൈറ്റ് അഡ്രസ്സ് wcd.kerala.gov.in/dowry.) സമീപകാലങ്ങളിൽ വർദ്ധിച്ച് വരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന

മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചാരണം നടത്തിവരുന്നു. വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജെൻഡർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കി. പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിഗസമത്വം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും ഓൺലൈൻവഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽനിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ്

വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ലിംഗസമത്വവും സ്ത്രീസുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിന്, വിവാഹ ധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് സംബന്ധമായ വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെയും കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്താൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ-ശിശു വികസന വകുപ്പുമന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ-ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു. ഗാർഹിക ലൈംഗിക സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ നിയമപരിരക്ഷയെക്കുറിച്ച് അവബോധം പൊതുജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കാനായി പീഡനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള

അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമപരിരക്ഷ, സേവനങ്ങൾ, ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കാനും വേണ്ട സഹായം ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനായി സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമസഹായവും പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യസഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ ആയവയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പുവരുത്തുകയും വനിതാ ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കി പരാതിക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കാനും ഡൗറി

പ്രൊഹിബിഷൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫീസ്, കാതോർത്ത്, രക്ഷാദൂത്, വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, District legal service Authority, Service Providing Centres, Family Counselling Centres എന്നിവയെപ്പറ്റിയും സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി വനിതാ-ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ഷെൽട്ടർ ഹോമുകളെപ്പറ്റിയും പൊതുജനങ്ങൾക്ക് അറിവ് പകർന്നുകൊടുക്കാനും സഹായം ആവശ്യമുള്ളവർക്ക് സമയബന്ധിതമായി സഹായം/സേവനം നൽകാൻ നടപടി സ്വീകരിക്കാനും വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയ മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് 14 ജില്ലകളിലായി നിലവിൽ 83 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും ഗാർഹിക അതിക്രമങ്ങളിൽ

നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യസഹായം, തൊഴിലധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ നൽകുന്നതിന് ആകെ 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചുവരുന്നു.

(സി) അതിക്രമങ്ങൾ നേരിട്ടവർക്ക് വൈദ്യസഹായം, പോലീസ് സഹായം, സുരക്ഷിത അഭയം, സൗജന്യ നിയമസഹായം, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നതിന് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

അതിക്രമങ്ങൾ നേരിട്ടവർക്ക് വൈദ്യസഹായം, പോലീസ് സഹായം, സുരക്ഷിത അഭയം, സൗജന്യ നിയമസഹായം, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നതിന് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. വനിതാ സംരക്ഷണ ഓഫീസ്
2. നിർഭയ
3. രക്ഷാദൂത്

4. കാതോർത്ത്

5. വാട്ട് സാപ്പ് ഹെൽപ്‌ലൈൻ 9400080292

6. 181 മിത്ര ഹെൽപ്‌ലൈൻ

7. വൺ സ്റ്റോപ്പ് സെന്റർ

8. സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ

9. ഷെൽട്ടർ ഹോമുകൾ

10. സ്വധാർ ഗ്രഹ്

11. ഉജ്ജ്വല പദ്ധതി

12. Sexual Harassment of Women at Workplace (Prevention Prohibition and Redressal) Act 2013

13. പൊൻവാക്ക് പദ്ധതി.

**പ്രവാസികളുടെ പുനരധിവാസവും ഉന്നമനവും**

9 (*159) ശ്രീ. എം. വിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് ലക്ഷക്കണക്കിന് പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങേണ്ടിവന്ന സാഹചര്യത്തിൽ അത്തരക്കാർക്കായി പ്രത്യേക പാക്കേജ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പ്രതികരണം അറിവായിട്ടുണ്ടോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിവന്ന പ്രവാസികൾക്കായി 2,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു. അന്താരാഷ്ട്ര കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് നൈപുണ്യ കേന്ദ്രങ്ങൾ, തിരികെയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുന്നതിന് സ്വയംതൊഴിൽ പദ്ധതി, തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടി വിദ്യാഭ്യാസ സഹായം, പ്രവാസി പാർപ്പിടം, മെഡിക്കൽ ഇൻഷ്വറൻസ് ഫണ്ട് എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായാണ് കേന്ദ്ര സഹായം അഭ്യർത്ഥിച്ചത്. സംസ്ഥാനം

മുന്നോട്ടുവച്ച ആവശ്യങ്ങളോട് അനുകൂല പ്രതികരണമുണ്ടായിട്ടില്ല. നൈപുണ്യ വികസനം സംബന്ധിച്ച് സാമ്പത്തിക സഹായത്തിനുള്ള ഒരു പ്രൊപ്പോസൽ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രെനെർഷിപ്പ് മന്ത്രാലയത്തിന് പ്രത്യേകമായി സമർപ്പിക്കുന്നുണ്ട്.

(ബി) പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക റൂട്ട്സ് മുഖേന ധനകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

പ്രവാസ ജീവിതത്തിനുശേഷം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാട്ടിൽ സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രെന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവീസ് മേഖല, നിർമാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാങ്കുകൾവഴി വായ്പ നൽകിവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക.

സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പാലഭ്യത ഉറപ്പാക്കാനുള്ള സഹായവും സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴിയും ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ സംരംഭകത്വ പരിശീലനം, ബോധവൽക്കരണം, സെമിനാറുകൾ, ബാങ്കിൽ സമർപ്പിക്കേണ്ട പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക റൂട്ട്സ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം എല്ലാ ജില്ലകളിലും നൽകി വരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 17 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ ധനകാര്യ സ്ഥാപനത്തിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും അത് പരിശോധിച്ച് ധനകാര്യസ്ഥാപനങ്ങൾ വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ വിദേശരാജ്യങ്ങളിൽ നിന്നും പ്രവാസി കേരളീയർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തുന്നത് വ്യാപകമായതോടെ, തൊഴിൽ നഷ്ടപ്പെട്ടവരെയും കോവിഡ് 19 മഹാമാരിയെത്തുടർന്ന് യാത്രാ വിലക്കുകൾമൂലം തിരിച്ച് തൊഴിലിടങ്ങളിൽ പോകാൻ കഴിയാതെ പ്രതിസന്ധിയിലായവരെയും

പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി പ്രവാസി ഭദ്രതാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. തിരികെയെത്തിയവർക്ക് ഉപജീവനോപാധിയും വരുമാനമാർഗ്ഗവും കണ്ടെത്തുന്നതിലേയ്ക്കായി 3 തരം വായ്പാ പദ്ധതികളാണ് പ്രവാസി ഭദ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവിദഗ്ദ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപ്പെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം പ്രവാസി ഭദ്രതാ-പേൾ (ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ പലിശരഹിത വായ്പ) ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ./കേരള ബാങ്ക് മുഖാന്തിരം - പ്രവാസി ഭദ്രതാ - മൈക്രോ (ഒരാൾക്ക് പരാമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധനസബ്സിഡി + കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി) വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി. മുഖാന്തിരം - പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് പരാമാവധി 2 കോടി രൂപ, 8.25 മുതൽ 8.75 % വരെ പലിശ, 3.25 മുതൽ 3.75% വരെ ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി)

(സി) പ്രവാസികളുടെ പുനരധിവാസവും ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളുടെ പ്രവർത്തനത്തിന് പ്രോത്സാഹനം നൽകുന്നുണ്ടോ?

പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രവാസി മലയാളികളുടെ സഹകരണ സംഘങ്ങൾക്ക് ഒറ്റത്തവണയായി മൂന്നുലക്ഷം രൂപവരെ വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം നൽകുന്നുണ്ട്. കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിലും വരുമാനവും ലഭ്യമാകുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് അല്ലെങ്കിൽ നിലവിലുള്ള സംരംഭങ്ങൾ മേൽപ്രകാരം വികസിപ്പിക്കുന്നതിനുമാണ് രണ്ട് ലക്ഷം രൂപ പ്രവർത്തന മൂലധനം നൽകുന്നത്. കൂടാതെ, ഒന്നാം ലോക കേരളസഭയുടെ ശിപാർശയുടെയടിസ്ഥാനത്തിൽ, തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമൊട്ടാകെ പ്രവർത്തനപരിധിയുള്ളതും പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന

പ്രവാസിക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) സർക്കാരിന്റെ നേരിട്ടുള്ള ഇടപെടൽകൊണ്ട് നോർക്ക റൂട്ട്സ് മുഖേന നേഴ്സുമാർക്ക് ജർമ്മനിയിലേക്ക് അവസരം ലഭ്യമായിട്ടുണ്ടോ?

കേരള സർക്കാരിന്റെ നേരിട്ടുള്ള ഇടപെടൽകൊണ്ട് നോർക്ക റൂട്ട്സ് മുഖേന നഴ്സുമാർക്ക് ജർമ്മനിയിലേയ്ക്ക് തൊഴിലവസരം ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപെട്ട് നോർക്ക റൂട്ട്സും ജർമ്മൻ സർക്കാർ ഏജൻസിയായ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും തമ്മിൽ ജർമ്മനിയിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള കരാർ 2021 ഡിസംബർ മാസം രണ്ടാം തീയതി ഒപ്പുവച്ചിട്ടുണ്ട്. ജർമ്മൻ ഭാഷാ പരിശീലനവും റിക്രൂട്ട്മെന്റും കോർത്തിണക്കിയുള്ള ഈ പ്രോജക്ടിലെ ആദ്യബാച്ചിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

## പോലീസ് സേനയുടെ മികവ് വർദ്ധിപ്പിക്കുന്നതിന് നടപടി

10(*160) <u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ?

പോലീസിന്റെ ആധുനികവത്കരണത്തിനായി വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം 149.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കിവരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat, CCTNS സംവിധാനത്തിലൂടെയും പോലീസ്‌സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. എഫ്.ഐ.ആർ. ഓൺലൈൻവഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ ഓൺലൈനായി

പോലീസ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ " തുണ" സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും 'in service' പരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം 146 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 20 Four Wheel Drive LMV, 03 മീഡിയം ബസ്, 08 ഹെവി ബസ്, 02 വാട്ടർ ടാങ്കർ, 02 വാട്ടർ കാനൻ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ് എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം 07 പിങ്ക് കൺട്രോൾ റൂം വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ LWE ബാധിത

പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായി MoPF സ്കീമിൽ ഉൾപ്പെടുത്തി 29 Four Wheel Drive LMV വാങ്ങിയിട്ടുണ്ട്.

(ബി) സാങ്കേതികവിദ്യയുടെയും വിവര വിനിമയോപാധികളുടെയും വളർച്ചയ്ക്കനുസരിച്ച് സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതിനാൽ അത് ഫലപ്രദമായി തടയുന്നതിനും അത്തരം ഉപാധികൾ ഉപയോഗപ്പെടുത്തി ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും സാങ്കേതിക മികവുള്ള സൈബർ വിംഗ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുടെയും വിവര വിനിമയോപാധികളുടെയും വളർച്ചയ്ക്കനുസരിച്ച് സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതിനാൽ അത് ഫലപ്രദമായി തടയുന്നതിനും അത്തരം ഉപാധികൾ ഉപയോഗപ്പെടുത്തിയുള്ള സൈബർ കേസുകൾ അന്വേഷിക്കുന്നതിനും ഇത്തരം ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഫലപ്രദമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും സൈബർ സുരക്ഷ/സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ മേഖലകളിലെ ഗവേഷണത്തിലും വികസനത്തിലും ശ്രദ്ധ

കേന്ദ്രീകരിക്കുന്നതിനും സൈബർ പട്രോളിംഗിന് പ്രചോദനം നൽകുന്നതിനുമായി ഒരു “ സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ” രൂപീകരിക്കുന്നതും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വിവര വിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് അത് തടയാൻ വേണ്ട ഇടപെടലുകൾ നടത്തുന്നുണ്ടോ?

ഉണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക് മുഖേന പോലീസുദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുള്ളതും പരിശീലനം പൂർത്തിയാക്കിയ പോലീസുദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുമുണ്ട്. ഇതിനുപുറമേ സൈബർ ഡോമുകൾ പോലീസ് ആസ്ഥാനത്തെ Hi-Tech Crime Enquiry Cell എന്നിവ മുഖേന കേസുകളുടെ അന്വേഷണത്തിനാവശ്യമായ സൈബർ വിദ്യയിൽ അധിഷ്ഠിതമായ സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്. കേരള

പോലീസ് സൈബർ ഡോമും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജിയണൽ ഓഫീസ് തിരുവനന്തപുരവും സംയുക്തമായും വിവിധ ബാങ്കുകൾ, മൊബൈൽ വാലറ്റ്സ്, പേമെന്റ് ഗേറ്റ് വേ, ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയുടെ നോഡൽ ഓഫീസർമാരെയും സൈബർ പോലീസ് സ്റ്റേഷനുകൾ, ഹൈ-ടെക് സെൽ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഓൺലൈൻ ബാങ്കിംഗ് രംഗത്തെ സാമ്പത്തിക തട്ടിപ്പുകൾ (OTP തട്ടിപ്പ്) ഫലപ്രദമായി തടയുന്നതിനായി SOP-യുടെ (Standard Operating Procedure) അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സിസ്റ്റം നടപ്പിലാക്കുകയും ഈ സംവിധാനത്തിന്റെ ഇടപെടൽമൂലം തട്ടിപ്പിനിരയായവരുടെ പണം വീണ്ടെടുക്കാനും സാധിച്ചിട്ടുള്ളതാണ്. ഗുരുതര സ്വഭാവമുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ക്രൈം ബ്രാഞ്ചിന് കീഴിൽ വിപുലമായ രീതിയിൽ "Economic Offences Wing" രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ലോകായുക്ത നിയമ ഭേദഗതി**

11 (*161) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള ലോകായുക്ത നിയമത്തിലെ പതിനാലാം വകുപ്പ് ഭരണഘടനയ്ക്ക് അനുസൃതമാണോയെന്ന് അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം തേടിയിരുന്നോ?

(ബി) 22 വർഷം മുൻപ് പാസ്സാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണോയെന്ന് പരിശോധിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(എ&ബി) ലോകായുക്തയുടെ 09-04-2021-ലെ C.No.57/2019 ഉത്തരവിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ചാണ് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയത്. നിയമോപദേശം 13-04-2021-ന് ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിൽനിന്നും ലഭിച്ച നിയമോപദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ലോകായുക്ത വിധിക്കെതിരെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും റിട്ട് നൽകിയ വേളയിൽ പ്രസ്തുത നിയമത്തിലെ പതിനാലാം വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന വാദം സർക്കാർ കോടതിയിൽ ഉയർത്തിയിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

സർക്കാരിന് ഇക്കാര്യത്തിൽ കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കേണ്ടി വന്നിട്ടില്ല.

## മാലിന്യ ശേഖരണവും സംസ്കരണവും

12(*162) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യശേഖരണവും സംസ്കരണവും ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും സംസ്ഥാനത്തെ നഗരമാലിന്യ സംസ്കരണത്തിന്

ആവിഷ്കരിച്ചിട്ടുള്ള രണ്ടായിരത്തി ഒരുനൂറ് കോടി രൂപയുടെ പദ്ധതിയെക്കുറിച്ചും അറിയിക്കാമോ?

സംസ്ഥാനത്ത് ജൈവമാലിന്യ സംസ്കരണത്തിനായി ഉറവിട മാലിന്യ സംസ്കരണമാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. നൂതന സാങ്കേതികവിദ്യകൾ അവലംബിച്ച് മാലിന്യ സംസ്കരണത്തിന് നടപ്പിലാക്കിയ പദ്ധതികളിൽ ചിലത് മുച്ചടിട കമ്പോസ്റ്റ് യൂണിറ്റ്, മൺകല കമ്പോസ്റ്റ് യൂണിറ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റ്, മിക്സഡ് കൾച്ചർ ഫെഡ്ബാച്ച് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ്, ബയോ കമ്പോസ്റ്റർ ബിൻ, കിച്ചൺ ബിൻ, ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റ് യൂണിറ്റ് എന്നിവയാണ്. കമ്മ്യൂണിറ്റി തലത്തിൽ എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി) വലിയ പോർട്ടബിൾ ബയോ കമ്പോസ്റ്റ് ബിന്നുകൾ, വിൻഡ്രോ/വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ ഉയർന്നശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ എന്നിവയും ഉപയോഗിക്കുന്നു. പ്രാഥമികമായി മാലിന്യത്തെ അഴുകുന്നവയും അഴുകാത്തവയും എന്നിങ്ങനെ രണ്ടായി തരംതിരിക്കുന്നു. അഴുകുന്നവയെ കമ്പോസ്റ്റിംഗ് (വളമാക്കുക) ബയോമെതനേഷൻ (ബയോഗ്യാസ് ഇന്ധനം) എന്നിവയാക്കി സംസ്കരിക്കുകയും ഇവ

പലവിധത്തിലുള്ള സംസ്കരണ ഉപാധികളിലൂടെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അഴുകാത്തവയെ ഉറവിടങ്ങളിൽനിന്നും ശേഖരിച്ച് തരംതിരിച്ച് പരിപാലിക്കുകയും ചെയ്യുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ/സ്ഥാപനങ്ങളിൽനിന്നും ഹരിത കർമ്മസേനവഴി ശേഖരിക്കുന്ന അജൈവ മാലിന്യം പുനഃചംക്രമണത്തിനായി ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നു. അജൈവ മാലിന്യ സംസ്കരണത്തിനായി MCF കളും RRF കളും സ്ഥാപിച്ച് വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിത കർമ്മസേനവഴി മാലിന്യം ശേഖരിച്ച് തരംതിരിക്കുന്നു. ഇതിൽ 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ ഷ്രെഡ്ഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് നൽകി റോഡ് ടാറിംഗിന് ഉപയോഗിച്ചുവരുന്നു. 50 മൈക്രോണിന് മുകളിലുള്ള പുനരുപയോഗ സാധ്യതയുള്ള പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിക്ക് കൈമാറി റീസൈക്ലിംഗിനായി നൽകിവരുന്നു. എല്ലാ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഖരമാലിന്യ ശേഖരണവും സംസ്കരണവും ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിന് സർക്കാർ പുതുതായി ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങളിലെ മാലിന്യ സംസ്കരണ

സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 8 ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകൽപന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്തമാണ്. രണ്ടുവർഷത്തെ നിർമ്മാണ കാലാവധി

ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്.

(ബി) എല്ലാ നഗരങ്ങളിലും മാലിന്യ ബാങ്കുകളും വേസ്റ്റ് ട്രേഡ് സെന്ററുകളും തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം ഏത് രീതിയിലായിരിക്കുമെന്ന് വ്യക്തമാക്കാമോ?

സമഗ്രവും സുസ്ഥിരവുമായ ഖരമാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കുന്നതിനൊപ്പം 'സ്വാപ്പ് ഷോപ്പ്' മാതൃകയിൽ മാലിന്യ ബാങ്കുകളും വേസ്റ്റ് ട്രേഡ് സെന്ററുകളും സ്ഥാപിക്കാൻ കേരള ഖരമാലിന്യ പരിപാലന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കളുടെ കൈമാറ്റമാണ് ഇത്തരം സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുകവഴി ഉപഭോക്തൃ തലത്തിൽ തന്നെ മാലിന്യങ്ങളുടെ അളവ് കുറയ്ക്കാൻ കഴിയും. മാലിന്യ കൈമാറ്റം എന്ന ആശയത്തിലൂടെ പ്രകൃതി വിഭവങ്ങളും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനൊപ്പം മാലിന്യ നിർമ്മാർജ്ജനത്തിന്റെ അളവും ചെലവും പരിമിതപ്പെടുത്തുവാൻ സാധിക്കും.

പ്രസ്തുത വേസ്റ്റ് ട്രേഡിംഗ് സെന്ററുകളിൽ മാലിന്യം പണമായി മാറ്റാൻ സാധിക്കും. എക്സ്ചേഞ്ചിന്റെ ഭാഗമായി, ഉപഭോക്തൃ തലത്തിൽ നിന്ന് ലഭിക്കുന്ന സാമഗ്രികൾ വിപണനം ചെയ്യുന്നത് പുതിയ തൊഴിലവസരങ്ങൾക്കും പുതിയ സംരംഭങ്ങൾക്കും വഴിയൊരുക്കും.

(സി) ഉറവിട മാലിന്യ സംസ്കരണം കുറ്റമറ്റ രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും അജൈവ മാലിന്യ ശേഖരണം ഫലപ്രദമാക്കുന്നതിനും ഹരിത കർമ്മസേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

1010 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 27598 ഹരിത കർമ്മസേന അംഗങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

**ദേശീയ ജലപാത നിർമ്മാണം**

13 (*163) <u>ശ്രീ. എച്ച്. സലാം:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. എം. മുകേഷ്:</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും ഏറെ കുതിപ്പ് നൽകാനിടയുള്ള കൊല്ലം-കോഴിക്കോട് ദേശീയ ജലപാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ ദൈർഘ്യം വരുന്ന ദേശീയ ജലപാത-3 ലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാത അതോറിറ്റിയുടെ (IWAI) അധീനതയിലാണ് നടപ്പാക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മാണം നടന്നുവരുന്നു. ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായുള്ള വിശദമായ

പദ്ധതിരേഖ (ഡി.പി.ആർ.) ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കും. കൂടാതെ മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്ന കൊല്ലം-കോവളം, കോഴിക്കോട്-ബേക്കൽ അനുബന്ധ പാതകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കോവളം - കൊല്ലം കോവളം മുതൽ വള്ളക്കടവ് വരെ ജലപാതയുടെ വീതി 35 മീറ്റർ (25 മീ. ജലപാത + ഇരുവശങ്ങളിലും 5 മീ. ബണ്ട് റോഡ്) ആക്കി മാറ്റുന്നതിലേയ്ക്കായി പാർവ്വതി പുത്തനാറിന്റെ ഇരുവശങ്ങളിലും അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം-ആക്കുളം ഭാഗത്ത് പാർവ്വതി പുത്തനാറിന്റെ വീതിയും ആഴവും

കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ, ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 150 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അതിൻപ്രകാരം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വേളി മുതൽ പള്ളിത്തുറവരെ കനാലിന്റെ ഇരുവശത്തും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പുത്തനാറിൽ പുത്തൻപാലത്തും പനത്തുറയിലും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റീൽ ലാറ്റിസ് വെഹിക്കുലർ പാലങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പുത്തനാറിന് കുറുകെ ആവശ്യത്തിന് വെർട്ടിക്കൽ/ ഹൊറിസോണ്ടൽ ക്ലിയറൻസ് ലഭ്യമല്ലാതെ നിർമ്മിച്ചിരിക്കുന്ന നിർമ്മിതികൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോവളം മുതൽ വർക്കല വരെ കനാൽ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 1275-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസത്തിനുള്ള

അർഹത പരിശോധിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ PMU രൂപീകരിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു. കോഴിക്കോട്-ബേക്കൽ കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. കനോലി കനാൽ വികസിപ്പിക്കുന്നതിനായുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. മാഹി വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കി.മീ. കനാൽ പുതുതായി നിർമ്മിക്കേണ്ടിവരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 650 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായിവരുന്നു. അതുപോലെ നീലേശ്വരം ബേക്കൽ ഭാഗത്തും 6.5 കി.മീ. കനാൽ പുതുതായി നിർമ്മിക്കേണ്ടി വരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 189 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(സി) കോഴിക്കോട് നഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും സൗന്ദര്യവൽക്കരണത്തിനും ആയിരത്തി ഒരുനൂറ്റി പതിനെട്ട് കോടി രൂപ മുതൽമുടക്കിൽ കനോലി കനാൽ വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ?

ചരക്ക് ഗതാഗതം, കോഴിക്കോട് പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണം, ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പരിസ്ഥിതി സൗഹൃദപരമായി നടപ്പാക്കുന്ന കനോലി കനാൽ വികസന പദ്ധതിയിലൂടെ കനാലിന്റെ വീതി, ആഴം എന്നിവ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുക, നിഷ്കർഷിച്ചിട്ടുള്ള ഹൊറിസോണ്ടൽ/ വെർട്ടിക്കൽ ക്ലിയറൻസിന് അനുസൃതമായി കനാലിനു കുറുകെയുള്ള നിർമ്മിതികൾ പുനർനിർമ്മിക്കുക, കനാൽ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിൽ കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ പുനരധിവാസം, കനാലിന്റെ മലിനീകരണം ഒഴിവാക്കുന്നതിനായി ഇന്റർസെപ്റ്റർ സ്വീവറുകളും ട്രീറ്റ്മെന്റ് സിസ്റ്റവും സ്ഥാപിക്കുക, കനാൽ തീരങ്ങളുടെ സൗന്ദര്യവത്കരണവും കനാൽ ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയും ലക്ഷ്യമിടുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിലെ പാർവതി പുത്തനാറിന്റെ കരയിൽ പുറമ്പോക്കിൽ കഴിയുന്നവരെ കനാൽ വികസനത്തിനായി പുനരധിവസിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവളം മുതൽ വർക്കല വരെയുള്ള തീരത്ത് താമസിക്കുന്ന (ഏകദേശം 1275) കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 247.2 കോടി രൂപ കിഫ്ബി മുഖാന്തിരം അനുവദിച്ചു. ഇതിൽ പാർവതി പുത്തനാർ ഭാഗത്തെ 803 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പുനരധിവാസ പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ സർക്കാർ നിർമ്മിച്ചു നൽകുകയോ, സ്വന്തം നിലയിൽ വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് താല്പര്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം മാതൃകയിൽ ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും കൂടി 10 ലക്ഷം രൂപ (ഭൂമിക്ക് 6 ലക്ഷം+ വീടിന് 4 ലക്ഷം) അനുവദിക്കുന്നതിനോ ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. പാർവ്വതി പുത്തനാർ ഭാഗത്തെ ഫ്ലാറ്റ് മോഡൽ പുനരധിവാസത്തിനുള്ള ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള അർഹത പരിശോധിക്കുന്നതിന് ഫിഷറീസ്

വകുപ്പിന്റെ നേതൃത്വത്തിൽ PMU രൂപീകരിച്ച് വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## ഗുണ്ട ആക്രമണം നിയന്ത്രിക്കുന്നതിന് നടപടി

14 (*164) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെ ആക്രമണം നിയന്ത്രിക്കുന്നതിന് പോലീസ് പരാജയപ്പെട്ടെന്ന ആക്ഷേപം പരിശോധന വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധന വിധേയമാക്കുമോ?

സംസ്ഥാനത്ത് ഗുണ്ടകളുടെ പ്രവർത്തനങ്ങൾ തടയുന്നതിന് സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ പരിധിയിലുള്ള ഗുണ്ടകളുടെയും സംഘടിത കുറ്റകൃത്യങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരുടെയും ലിസ്റ്റുകൾ പ്രത്യേകം തയ്യാറാക്കി ഗുണ്ടകളുടെയും അവരുടെ കൂട്ടാളികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നുണ്ട്. അവരുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള നിയമ

വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ 107 CrPC, 110 CrPC പ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിരന്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പ നിയമത്തിലെ വിവിധ വകുപ്പുകൾ ചുമത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വാറണ്ടുള്ളവരും ജാമ്യവ്യവസ്ഥ ലംഘിച്ചവരും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

വാറണ്ടുള്ളവരും ജാമ്യത്തിൽ കഴിയുന്നവരുമായ ചിലർ ജാമ്യവ്യവസ്ഥ ലംഘിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട സാഹചര്യങ്ങളിൽ ഇത്തരക്കാരുടെ ജാമ്യം റദ്ദാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചതിനോടൊപ്പം നിയമപ്രകാരമുള്ള ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഗുണ്ടകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത്

ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റ് പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിൽ രണ്ട് പോലീസുദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ കാപ്പാ നിയമമുൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ സാമ്പത്തിക സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഇതിനുപുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

**നോളജ് ഇക്കോണമി മിഷൻ**

15 (*165) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനും അഭ്യസ്തവിദ്യരുടെ തൊഴിൽ നൈപുണ്യ വികസനത്തിനും വേണ്ടിയുള്ള നോളജ് ഇക്കോണമി മിഷന് രൂപം നൽകിയിട്ടുണ്ടോ; പ്രസ്തുത മിഷൻ വഴി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണികൾക്കും അനുസൃതമായ വിജ്ഞാന തൊഴിലുകളിൽ ഏർപ്പെടുന്നതിനായി ലോകത്തെമ്പാടുമുള്ള നവലോക തൊഴിലവസരങ്ങൾ കണ്ടെത്തി അവ പ്രാപ്തമാക്കാൻ ആവശ്യമായ പരിശീലനം നൽകി, തൊഴിൽ നൽകുകയെന്നതാണ് നോളജ് ഇക്കണോമി മിഷൻ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിന് കഴിയുന്ന രീതിയിൽ തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോരുത്തരുടെയും കഴിവും നൈപുണിയും കണ്ടെത്തി അവർക്കനുയോജ്യമായ വരുമാനദായകമായ, സർക്കാരിതര തൊഴിലുകളിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനവും സഹായവും നൽകാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റൽ വർക്ക്ഫോഴ്സ്

മാനേജ്മെന്റ് സിസ്റ്റം (DWMS) എന്നൊരു ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയാക്കി രൂപപ്പെടുത്തുന്ന വിധത്തിൽ, അഭ്യസ്തവിദ്യരുടെ തൊഴിൽശേഷിയെ നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ നവലോക തൊഴിലുകളിലേയ്ക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടി സ്വദേശത്തും വിദേശത്തുമുള്ള വിവിധ നൈപുണ്യ പരിശീലന ഏജൻസികളും വ്യവസായ സമൂഹവുമായി ചേർന്നുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് കേരള നോളജ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നത്. കുടുംബശ്രീ, അസാപ്, KASE, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ICTAK, സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സർക്കാർ-സർക്കാരിതര ഏജൻസികളുമായി ചേർന്ന്, വരുന്ന അഞ്ച് വർഷത്തിനകം 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, മൃഗസംരക്ഷണം, ഡയറി, MSME, വ്യവസായം തുടങ്ങിയവയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിച്ചും പ്രാദേശിക തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും നോളജ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നു. സമൂഹത്തിലെ സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർക്കും ദുർബല

ജനവിഭാഗങ്ങൾക്കും തൊഴിൽ നൈപുണികൾ ആർജ്ജിക്കാനും പരിശീലനങ്ങൾക്കും സ്കോളർഷിപ്പുകളും ഇൻസെന്റീവുകളും പരിശീലനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പലിശരഹിത വായ്പയുള്ള സംവിധാനവും പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു.

(ബി) നോളജ് ഇക്കോണമി മിഷന്റെ ആഭിമുഖ്യത്തിൽ തൊഴിൽ മേളകൾ ആരംഭിച്ചിട്ടുണ്ടോ; അവയോടുള്ള തൊഴിലന്വേഷകരുടെയും തൊഴിൽദാതാക്കളുടെയും പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

ഉണ്ട്. 2022 ജനവരി 31-നുള്ളിൽ 10,000 പേർക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് 14 ജില്ലകൾ കേന്ദ്രീകരിച്ച് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കിയ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തി 17 തൊഴിൽമേളകൾ പൂർത്തീകരിക്കുകയുണ്ടായി. ഇതിൽ അഭ്യസ്തവിദ്യരായ കരിയർ ബ്രേക്ക് വന്ന സ്ത്രീകളെ പങ്കെടുപ്പിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ തൊഴിൽമേളകളും ഉൾപ്പെടും. ഇതിലൂടെ 10,457 പേർക്ക് തൊഴിൽ ഉറപ്പാക്കാനും 2,530 പേർക്ക് ഇതുവരെ നിയമനം നൽകാനും കഴിഞ്ഞു. ഇതുകൂടാതെ ദേശീയ-അന്തർദേശീയ തലങ്ങളിലെ

വിവിധ കമ്പനികളെ പങ്കെടുപ്പിച്ചുള്ള വെർച്വൽ ജോബ് ഫെയറുകളും നടന്നുകൊണ്ടിരിക്കുന്നു. 22/01/2022 മുതൽ 31/01/2022 വരെ നടത്തിയ വെർച്വൽ ജോബ് ഫെയറിൽ 6658 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 421 ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയുമുണ്ടായി. കോവിഡ് സാഹചര്യത്തിൽ നടന്ന തൊഴിൽമേളകളിൽ മുൻകൂട്ടി DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ മാത്രമാണ് ജോബ് ഫെയറിൽ പങ്കെടുപ്പിച്ചത്. ഇതിന്റെ ഭാഗമായി 50,000 -ത്തിലധികം പേർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും 17 തൊഴിൽമേളകളിലുമായി 15,683 പേർ പങ്കെടുക്കുകയും ചെയ്തു. ജോബ് ഫെയറുകളിൽ പങ്കെടുത്ത ഭൂരിപക്ഷം തൊഴിലന്വേഷകരും തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണികൾക്കും അനുയോജ്യമായ തൊഴിലവസരങ്ങൾ മേളയിൽ ലഭ്യമായിരുന്നുവെന്നും മൂന്നിലേറെ കമ്പനികളുടെ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അവസരം ലഭിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ തൊഴിൽമേളയ്ക്ക് മുന്നോടിയായി രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ച് തൊഴിൽ അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിന് നൽകിയ മൂന്ന് മണിക്കൂർ നേരത്തെ ഗ്രൂമിംഗ് വളരെ പ്രയോജനപ്രദമായിരുന്നുവെന്നും വിലയിരുത്തിയിട്ടുണ്ട്.

തൊഴിൽദാതാക്കളെ സംബന്ധിച്ചിടത്തോളം കോവിഡ് വ്യാപനത്തിനുശേഷം പ്രവർത്തനം പുനരാരംഭിച്ച കമ്പനികൾക്ക് അവരുടെ ആവശ്യത്തിന് അനുസൃതമായ യോഗ്യതയും കഴിവുകളുമുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ കഴിഞ്ഞതായി അറിയിച്ചിട്ടുണ്ട്. അഭിമുഖങ്ങളിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ നിലവാരം സംബന്ധിച്ചും കമ്പനികളുടെ വിലയിരുത്തൽ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഓരോ തൊഴിൽമേളകളിലും പങ്കെടുത്ത തൊഴിൽദാതാക്കളിൽ നിന്ന് ശേഖരിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ വിശകലനം ചെയ്തുകൊണ്ട് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

(സി) പ്രസ്തുത മിഷന്റെ വിജയത്തിന് അനിവാര്യമായ ഡിജിറ്റൽ ഇക്കോണമി ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

നോളജ് ഇക്കണോമി മിഷന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ഡിജിറ്റൽ ഇക്കണോമിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. ഇത് കണക്കിലെടുത്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ ഇക്കണോമി മേഖലകളിലെ തൊഴിൽ

സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ജിയോ സ്പേഷ്യൽ ടെക്നോളജി തുടങ്ങിയ മേഖലകളിൽ വിവിധ കോഴ്സുകളും പരിശീലന പരിപാടികളും ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ തൊഴിൽ മേഖലകളിലെ സംരംഭങ്ങളെ സഹായിക്കുന്നതിനായി രണ്ട് പുതിയ സെന്റർ ഓഫ് എക്സലൻസുകളും ഒരു ഗ്രാഫീൻ സെന്ററും ഇതിനകംതന്നെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ബയോ ടെക്നോളജി ഉൾപ്പെടെയുള്ള നവീന സാങ്കേതിക മേഖലകളിൽ ഉയർന്ന നിലവാരത്തിലുള്ള നൂതനാശയങ്ങൾക്കും ഐ.പി.ആർ. ഉള്ള കണ്ടുപിടിത്തങ്ങൾക്കുമായി 30 റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിലൂടെ കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് ഘടനയായി മാറ്റുന്നതിന് സഹായകമായ ഡിജിറ്റൽ ഇക്കണോമി മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ച തുക

16 (*166) <u>ശ്രീ. എ. രാജ:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റിൽ നടപ്പുവർഷം തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ച തുകയിൽ ഇരുപത്തി അയ്യായിരം കോടി രൂപ കുറവുവരുത്തിയത് കാർഷികവൃത്തിയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിക്കുന്ന ചെറുകിട കർഷകർ ഉൾപ്പടെയുള്ള സംസ്ഥാനത്തെ സാധാരണ ജനവിഭാഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

2021-22 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര സർക്കാർ ആകെ 98,000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 2022-23 വർഷത്തേയ്ക്ക് 73,000 കോടി രൂപ മാത്രമേ നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. കേന്ദ്ര വിഹിതത്തിൽ വരുന്ന ഈ ഇരുപത്തി അയ്യായിരം കോടി രൂപയുടെ കുറവ് പദ്ധതി നിർവ്വഹണത്തിന്റെ അവസാന മാസങ്ങളിൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം വൈകുന്നതിന് കാരണമായേക്കാം. നിലവിലെ

കോവിഡ് പ്രതിസന്ധിയിൽ തൊഴിലും വരുമാനമാർഗ്ഗങ്ങളും നഷ്ടപ്പെട്ട ചെറുകിട കർഷകർ ഉൾപ്പെടെയുള്ള ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിതത്തെ ഇത് കൂടുതൽ പ്രതിസന്ധിയിലാക്കാനിടയുണ്ട്. കൂടാതെ പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സാധന ഘടകം വിതരണം ചെയ്യുന്ന വെണ്ടർമാർക്കുള്ള തുകയും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള വേതനവും വൈകുന്നതിന് ഇടവരുത്താവുന്നതും അതിലൂടെ ഗ്രാമപ്രദേശങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങളിലും ദരിദ്ര കുടുംബങ്ങളുടെ ഉപജീവന ആസ്തികളുടെ നിർമ്മാണത്തിലും പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്തേക്കാവുന്നതാണ്.

(ബി) സംസ്ഥാനത്തിന് പൊതുവിൽ ഗുണകരമാകുംവിധം കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

തൊഴിലുറപ്പ് തൊഴിലാളികളെ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് വിഭാഗം എന്നിങ്ങനെ തരംതിരിച്ച് ഫണ്ട് വിതരണം ചെയ്യുന്ന രീതി നടപ്പിലാക്കിയതുവഴി ഈ മേഖലയിലുണ്ടായ അസ്വാസ്ഥ്യം സർക്കാർ തിരിച്ചറിയുകയും മേൽ പരിഷ്കാരം അവസാനിപ്പിക്കണമെന്ന് കേന്ദ്ര

സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. മേൽ തീരുമാനം നടപ്പ് വർഷത്തെ കേന്ദ്ര ബഡ്ജറ്റിലും തുടരുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പിൻവലിക്കാനാവശ്യമായ നിരന്തര സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തുന്നതാണ്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ പൊതുഭൂമിയുടെ അപര്യാപ്തതയുംമറ്റും കണക്കിലെടുത്ത് തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തിന് അനുഗുണമായ വിധത്തിലുള്ള ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുവാദം നൽകണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

1. ഗ്രാമപ്രദേശങ്ങളിലെ പൊതുസ്ഥാപനങ്ങളായ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, പഞ്ചായത്ത് ഓഫിസ് കെട്ടിടങ്ങൾ, അങ്കണവാടികൾ, വില്ലേജ് ഓഫിസ് എന്നിവയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കൽ
2. സ്വകാര്യ കുളങ്ങളിലെ മൽസ്യ കൃഷി
3. വനാതിർത്തി പ്രദേശങ്ങളിൽ ഫയർ ലൈൻ നിർമ്മാണം
4. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം നിർമ്മിച്ച് നൽകൽ
5. സ്വകാര്യ ഭൂമിയിൽ കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന വൃക്ഷതൈ നഴ്സറികൾ സ്ഥാപിക്കൽ

6. ഉരുൾപൊട്ടൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ദുർബ്ബല കുടുംബങ്ങളുടെ വീടുകൾക്ക് സപ്പോർട്ട് വാൾ നിർമ്മാണം

7. കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ മുഖേന തരിശ് ഭൂമി പാട്ടത്തിനെടുത്ത് കൃഷി നടത്തൽ.

**ലഹരി വിമുക്തിക്കായുള്ള പ്രവർത്തനങ്ങൾ**

17 (*167) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി.വി. ശ്രീനിജിൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന നാർക്കോട്ടിക് കേസുകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രാസപദാർത്ഥ ലഹരി വസ്തുക്കൾ ഉൾപ്പെടെയുള്ളവയുടെ ലഭ്യത ഇല്ലാതാക്കുന്നതിനും ആധുനികോപകരണങ്ങളും സാങ്കേതികവിദ്യയുമുൾപ്പെടെ ലഭ്യമാക്കി എക്സൈസ് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിനും ലഹരിവിരുദ്ധ പോരാട്ടത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

എക്സൈസ് വകുപ്പ് കണ്ടെടുത്ത NDPS കേസുകളുടെ കഴിഞ്ഞ 5 വർഷത്തെ കണക്ക് പരിശോധിച്ചാൽ എണ്ണത്തിൽ കുറവുള്ളതായി കാണുന്നു. എന്നാൽ ടി കേസുകളിൽ കണ്ടെടുത്ത മയക്കുമരുന്നുകളുടെ അളവിൽ വർദ്ധനവുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി റെയ്ഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ്, ജില്ലാ സ്ക്വാഡുകൾ എന്നിവയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സും പ്രവർത്തിച്ചുവരുന്നു. സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ എല്ലാ പ്രധാന റോഡുകളിലും ബോർഡർ പട്രോളിംഗും വാഹന പരിശോധനകളും നടത്തി ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നു. എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് വാഹന പരിശോധനകൾ കർശനമാക്കുകയും ലഹരി ഉപയോഗം കണ്ടെത്തുന്നതിനായി അബോൺ കിറ്റുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. ആധുനിക ഉപകരണങ്ങളുടെയും സാങ്കേതികവിദ്യകളുടെയും

സഹായത്തോടെ അന്വേഷണങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി എല്ലാ ജില്ലകളിലും എക്സൈസ് സൈബർ സെൽ പ്രവർത്തിച്ചുവരുന്നു. ലഹരി വിരുദ്ധ പോരാട്ടത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ്തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിമുക്തി മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ; മിഷന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും, ‘ ലഹരിമുക്ത കേരളം’ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ചുവരുന്നു. വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളുകൾ ലഹരി

മുക്തമാക്കുന്നതിന് " ഉണർവ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ ' നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആദിവാസി-തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി ടി മേഖലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, വിവിധ കായികയിനങ്ങളിൽ പരിശീലനവും മത്സരവും സംഘടിപ്പിക്കൽ, ലൈബ്രറി സൗകര്യമൊരുക്കൽ, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടി മേഖലകളിലെ കുട്ടികളും യുവാക്കളും അനഭിലഷണീയമായ പ്രവണതകളിൽ ഏർപ്പെടാതിരിക്കാനും അവരുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും " ഫിറ്റ്നെസ് കേന്ദ്രങ്ങൾ" തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗോത്ര വിഭാഗങ്ങൾക്കിടയിൽ ഗോത്ര കലാരൂപങ്ങളിലൂടെ ബോധവൽക്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി നിലവിൽ 14 ജില്ലകളിലും ഓരോ വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വിമുക്തി മേഖലാ കൗൺസിലിംഗ് സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നു. രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർക്കായി എല്ലാ മാസവും ഓൺലൈൻ മുഖേന വെബിനാറുകളും നവമാധ്യമങ്ങൾ മുഖേനയും അല്ലാതെയും വിവിധ മത്സരങ്ങളും നടത്തിവരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും യുവാക്കളുടെ ശ്രദ്ധയും കഴിവും മറ്റും ക്രിയാത്മകമായ മേഖലകളിലേയ്ക്ക് തിരിച്ചു വിടുന്നതിനും വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാകായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, ഹാഫ് മാരത്തോണുകൾ, റാലികൾ തുടങ്ങി ഒട്ടനവധി പരിപാടികൾ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ഭാഗമായി നടത്തിവരുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലകളിൽ നിലവിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ കൂടാതെ ലഹരി മോചന ചികിത്സയ്ക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

(സി) മയക്കുമരുന്നിന് അടിമപ്പെട്ടവരെ ലഹരി വിമുക്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി നിലവിൽ 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ തിരുവനന്തപുരം ജില്ലയിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന വിമുക്തി മേഖലാ കൗൺസിലിംഗ് സെന്ററുകൾ മുഖേന ആവശ്യക്കാർക്ക് കൗൺസിലിംഗ് നൽകിവരുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ചെക്‌പോസ്റ്റുകൾ ഇല്ലാതാക്കുകയെന്ന കേന്ദ്ര സർക്കാർ നയം അതിർത്തികളിലൂടെയുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന് വിഘാതമാകുമോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 42 അതിർത്തി ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമൂലം സംസ്ഥാനത്തേയ്ക്കുള്ള മദ്യമയക്കുമരുന്നുകളുടെ അനധികൃത കടത്ത് ഫലപ്രദമായി തടയുന്നതിന് സാധിക്കുന്നുണ്ട്.

## ഇ.എസ്.എ. പരിധിയിലെ മാറ്റം

18 (*168) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണ വ്യവസ്ഥകളിൽ കൂടുതൽ ഇളവുകൾ വേണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

പശ്ചിമഘട്ട സംരക്ഷണ വ്യവസ്ഥകളിൽ കൂടുതൽ ഇളവുകൾ വേണമെന്ന് കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തോട് സംസ്ഥാനം നിരന്തരമായി ആവശ്യപ്പെട്ടുവരികയാണ്. ഇക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടായിട്ടില്ല.

(ബി) ഇ.എസ്.എ. പരിധിയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാനപത്തിന്റെ കാലാവധി എന്നുവരെയാണെന്ന് അറിയിക്കുമോ?

കാലാവധി 2022 ജൂൺ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) 2018-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ വിധി നിലനിൽക്കെ ഇ.എസ്.എ. പരിധിയിൽ മാറ്റംവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 24-06-2018-ലെ OA 26/12 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.എ. പരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ കേരള സർക്കാർ അംഗീകരിച്ച പ്രൊപ്പോസൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) നോൺ കോർ ആയി പരിഗണിച്ച് ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രി 04-12-2021-ൽ ഇ.എസ്.എ. സംബന്ധിച്ച ഒരുയോഗം വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് 8656.46 ച.കി.മീ പ്രദേശം 'Core' ആയും 1337.24 ച.കി.മീ പ്രദേശം 'Non Core' ആയും നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് സെക്രട്ടറി ആരായുകയുണ്ടായി. 9993.7 ച.കി.മീ പ്രദേശത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനും അഭ്യർത്ഥിച്ചിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ 'Non Core' ഒഴിവാക്കണമെന്ന് മുൻ നിലപാട് ആവർത്തിച്ച് കേന്ദ്ര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട് (അനുബന്ധം)+. 'Non Core' ആയി നിശ്ചയിക്കാവുന്ന പ്രദേശങ്ങളുടെ വിശദാംശം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല.

## മുട്ടിൽ മരം മുറി കേസന്വേഷണം

19 (*169) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീമതി കെ.കെ.രമ:</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വയനാട് വൈത്തിരി താലൂക്കിൽ മുട്ടിൽ എന്ന സ്ഥലത്ത് സർക്കാർ വക ഈട്ടി മരങ്ങൾ അനധികൃതമായി മുറിച്ച് കടത്തിയതിനെതിരെ മീനങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 281/2021 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്. അതോടൊപ്പം വനം വകുപ്പ് എടുത്ത 53 OR കേസുകളും അന്വേഷണത്തിലാണ്.

(ബി) മുട്ടിൽ മരം മുറി കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിൽ ആരോപണവിധേയരുടെ ഇടപെടലിനെക്കുറിച്ച് വ്യക്തതയില്ലെന്ന് കാണിച്ച് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. റിപ്പോർട്ട് മടക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) പ്രസ്തുത റിപ്പോർട്ടിൽ മരം മുറിയിൽ വനം ഉദ്യോഗസ്ഥരുടെ ഇടപെടലിനെക്കുറിച്ച് കൃത്യമായി പറയുന്നില്ലെന്നും ഇക്കാര്യം വിശദമായി

പരിശോധിക്കണമെന്നും ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. നിർദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്. മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണ മധ്യേ ടി കേസിന്റെ പ്രത്യേക അന്വേഷണ സംഘം ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-ക്ക് ഇടക്കാല വസ്തുതാറിപ്പോർട്ടാണ് നൽകിയിരുന്നത്. അതിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടോയെന്ന് കൂടുതൽ പരിശോധന നടത്തുന്നതിനാണ് റിപ്പോർട്ട് മടക്കിയിരിക്കുന്നത്.

(ഡി) പ്രസ്തുത കേസിന്റെ അന്വേഷണം അട്ടിമറിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക അന്വേഷണ സംഘം കേസിന്റെ എല്ലാ വസ്തുതകളും പരിശോധിച്ച് നിജസ്ഥിതി കണ്ടെത്തി കുറ്റവാളികൾക്ക് കർശനശിക്ഷ ലഭ്യമാക്കുന്നതിനായുള്ള ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

## സ്ത്രീകൾക്കും വയോജനങ്ങൾക്കും സംരക്ഷണമൊരുക്കാൻ പോലീസ് ഇടപെടൽ

20 (*170) <u>ശ്രീമതി കാനത്തിൽ ജമീല:</u>

<u>ശ്രീ. ഐ. ബി. സതീഷ്:</u>

<u>ശ്രീമതി യു. പ്രതിഭ:</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റ് ദുർബ്ബല വിഭാഗങ്ങൾക്കും ഫലപ്രദമായ സംരക്ഷണമൊരുക്കുന്നതിന് പോലീസിന്റെ ഇടപെടലും ഘടനയും മെച്ചപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജനമൈത്രി സുരക്ഷ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും ഫലപ്രദമായ സംരക്ഷണമൊരുക്കുന്നതിന് പോലീസിന്റെ ഇടപെടൽ മെച്ചപ്പെടുത്തുന്നതിന് വനിത ശിശുവികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് വിവിധ കർമ്മപദ്ധതികൾ നടത്തിവരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്കാവശ്യമായ പോലീസ്-നിയമ-ആരോഗ്യ-അവബോധ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വനിത ശിശുവികസന വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ള 'സഖി വൺ സ്റ്റോപ്പ്

സെന്ററുകളിൽ' പോലീസ് സേവനങ്ങൾ അതിജീവിതർക്ക് ഉടൻ ലഭ്യമാക്കുന്നതിനായി 63 വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുഖാന്തിരം സാമൂഹ്യനീതി വകുപ്പിന് കീഴിൽ മുതിർന്ന പൗരന്മാർക്കായി ആരംഭിച്ചിട്ടുള്ള ELDERLINE (14567 എന്ന ടോൾഫ്രീ നമ്പർ) പദ്ധതിയിൽ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും മുതിർന്ന പൗരന്മാർക്കായി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. സ്ത്രീ സുരക്ഷയ്ക്കായി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു. KAP ആറാം ബറ്റാലിയനായി ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) പൊതുസ്ഥലങ്ങളിൽ മാത്രമല്ല സൈബറിടങ്ങളിലും സ്വന്തം ഭവനങ്ങളിലും സ്ത്രീകൾ ആക്രമണം നേരിടുന്നതിനാൽ ആയത് ഫലപ്രദമായി

നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യംവയ്ക്കുന്നു. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള 134 വനിതാ പോലീസ്

ഉദ്യോഗസ്ഥർക്ക് മൂന്നുഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ ഇരുചക്ര വാഹനങ്ങളുടെ ഡ്രൈവിംഗ് പരിശീലനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 35 മോട്ടോർ ബൈക്കുകളും 20 സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്. പിങ്ക് പോലീസ് പ്രോജക്ടിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനായി ഒരു മാർഗ്ഗരേഖ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കുടുംബശ്രീയുൾപ്പെടെയുള്ള സംഘടനകളുടെ പങ്കാളിത്തത്തോടെ ലിംഗ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനത്തിന് പോലീസ് നേതൃത്വം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കുടുംബശ്രീയുൾപ്പെടെയുള്ള സംഘടനകളുടെ പങ്കാളിത്തത്തോടെ ലിംഗ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനത്തിന് ജന മൈത്രി പോലീസ് നേതൃത്വം നൽകിവരുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ആത്മധൈര്യത്തോടെയും ഫലപ്രദമായും ചെറുക്കുന്നതിനായി സ്കൂൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ കാര്യാലയങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വനിതകൾക്കും കുട്ടികൾക്കുമായി 'വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി' ജനമൈത്രി സുരക്ഷ

പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നു. കോവിഡ് സാഹചര്യത്തിൽ തടസ്സപ്പെട്ടിരുന്ന ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടത്താൻ വനിതാ ഉദ്യോഗസ്ഥരെ പ്രവർത്തന മാനദണ്ഡം നിശ്ചയിച്ച് നിയമിച്ചിട്ടുള്ളതാണ്.

**മാലിന്യ നിർമ്മാർജ്ജന പദ്ധതി**

21 (*171) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക ബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ബാങ്കിന്റെയും സഹായത്തോടെ പുതിയ മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉദ്ദേശിക്കുന്നുണ്ട്; എല്ലാ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഖരമാലിന്യ സംസ്കരണ ശേഷി കൈവരിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ പുതുതായി ലോക ബാങ്ക്

സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയായ മാലിന്യ സംസ്കരണ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2021-2027 കാലയളവിൽ ആറ് വർഷമാണ് പദ്ധതി കാലയളവ്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ US ഡോളറാണ്. ഇതിൽ 105 മില്യൺ US ഡോളർ ലോകബാങ്ക് വിഹിതവും 105 മില്യൺ US ഡോളർ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) വിഹിതവുമാണ്. ബാക്കി തുകയായ 90 മില്ല്യൺ യു.എസ്.ഡോളർ സംസ്ഥാന സർക്കാർ വിഹിതവുമാണ്. അതായത് ആകെ വിഹിതത്തിൽ 70% ബാങ്കുകളും 30% സംസ്ഥാന സർക്കാരും വഹിക്കും. പ്രസ്തുത പദ്ധതി വഴി കേരളത്തിലെ നഗരസഭകൾക്ക് ബഡ്ജറ്റ് വിഹിതത്തിന് പുറമെയാണ് ലോകബാങ്ക് സഹായം നൽകുന്നത്. പദ്ധതിയിലൂടെ നിലവിലുള്ള സംവിധാനങ്ങളെ ശാക്തീകരിക്കുക വഴി ഖരമാലിന്യ പരിപാലന രംഗത്ത് പുതുതായി അമ്പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വിഭാവനം ചെയ്യുന്നു.

(ബി) എത്രകാലംകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

2021-2027 കാലയളവിൽ ആറ് വർഷംകൊണ്ട് ഈ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

കേരളത്തിലെ നഗരങ്ങളിലെ മാലിന്യ സംസ്കരണ സേവനങ്ങൾ ശക്തിപ്പെടുത്തി ആധുനിക ശാസ്ത്രീയ സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തി സംസ്ഥാനത്തെ ഖരമാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതി പ്രാവർത്തികമാകുന്നതോടെ കേരളത്തിലെ 87 മുൻസിപ്പാലിറ്റികളും 6 കോർപറേഷനുകളും അടക്കം 93 തദ്ദേശഭരണ സ്ഥാപന പരിധിയിൽ വരുന്ന ഓരോ വീടുകളും സ്ഥാപനങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളാകും. ഇവിടങ്ങളിൽ നിന്ന് ജൈവ-അജൈവ മാലിന്യങ്ങൾ, നിർമ്മാണവും പൊളിച്ചുമാറ്റലുംമൂലമുണ്ടാകുന്ന സി & ഡി

മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയടക്കം എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പദ്ധതിയിലൂടെ സാധിക്കും. പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ പരിപാലനത്തിനും സംസ്ക്കരണത്തിനുമായി തദ്ദേശ-സംസ്ഥാന തലങ്ങളിൽ വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങളൊരുക്കും. പ്രാദേശികമായ പ്രത്യേകതകൾക്കനുസരിച്ച് ഓരോ നഗരസഭകൾക്കും സമഗ്ര ഖരമാലിന്യ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും പ്രസ്തുത മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യും.

## ലോകായുക്ത നിയമ ഭേദഗതി

22 (*172.) ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ലോകായുക്ത നിയമത്തിലെ ഏതെല്ലാം വകുപ്പുകൾക്കാണ് 2022-ലെ ഓർഡിനൻസ് നമ്പർ 3 പ്രകാരം ഭേദഗതി വരുത്തിയതെന്ന് വ്യക്തമാക്കാമോ?

1999-ലെ കേരള ലോകായുക്ത നിയമത്തിലെ 3,5,7,14,15 എന്നീ വകുപ്പുകളിലാണ് ഭേദഗതി വരുത്തിയത്.

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

(സി) പ്രസ്തുത ഓർഡിനൻസിൽ വിശദീകരണക്കുറിപ്പ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഓർഡിനൻസിന്റെ ഭാഗമായി സാധാരണയായി വിശദീകരണക്കുറിപ്പ് ഉണ്ടാകാറില്ല.

## സാന്ത്വന പദ്ധതി

23 (*173) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരികെയെത്തുന്ന പ്രവാസികൾക്കായി നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന സാന്ത്വന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. വിദേശത്ത് ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും ജോലി ചെയ്തശേഷം തിരികെ എത്തിയ നിർദ്ധനരായ പ്രവാസികളെ ഉദ്ദേശിച്ചാണ് സർക്കാർ ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഓരോ വർഷവും അപേക്ഷകരുടെയും ധനസഹായം ലഭിക്കുന്നവരുടെയും എണ്ണം വളരെയധികം വർദ്ധിച്ചുവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 30 കോടി രൂപയിൽ ഇതുവരെ 3703 ഗുണഭോക്താക്കൾക്കായി 23.83 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ധനസഹായം കൂടുതൽ വേഗത്തിൽ ലഭ്യമാക്കാനായി ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കോവിഡാനന്തരം നാട്ടിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രവാസികളെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ആരംഭിച്ച പദ്ധതിക്ക് ലഭിച്ച പ്രതികരണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് നാട്ടിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുന്നതിനായി 'പ്രവാസി ഭദ്രത പദ്ധതി' -യ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഉപജീവനോപാധിയും വരുമാനമാർഗ്ഗവും കണ്ടെത്തുന്നതിനായി മൂന്ന് തരം വായ്പാ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. അവിദഗ്ദ്ധ തൊഴിൽമേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം - പ്രവാസി ഭദ്രതാ - പേൾ (ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ പലിശരഹിത വായ്പ)

2. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ./കേരളബാങ്ക് മുഖാന്തിരം - പ്രവാസി ഭദ്രതാ - മൈക്രോ (ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡി+കൃത്യമായി തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി)

3. വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി. മുഖാന്തിരം പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് 25 ലക്ഷം മുതൽ 2 കോടി രൂപ വരെ

8.25 ശതമാനം മുതൽ 8.75 ശതമാനം വരെ പലിശ നിരക്കിൽ വായ്പ + 3.25 ശതമാനം മുതൽ 3.75 ശതമാനം വരെ ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി) 2600 സ്വയംതൊഴിൽ സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകുന്നതിനായി ആവിഷ്കരിച്ച പ്രവാസിഭദ്രത പദ്ധതിയിൽ നാളിതുവരെ 7000-ത്തിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ വർദ്ധനവ് കണക്കിലെടുത്ത് പ്രവാസി ഭദ്രതാ-പേൾ പദ്ധതിയിൻകീഴിലെ ഗുണഭോക്താക്കളുടെ എണ്ണം 1500- ൽ നിന്നും 3000 ആയി ഉയർത്താനും പദ്ധതി വിഹിതം 50 കോടി രൂപയിൽ നിന്നും 67.35 കോടി രൂപയായി ഉയർത്താനുമുള്ള സാധ്യത പരിശോധിച്ചുവരുകയാണ്.

(സി) ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വിദേശത്തേക്കുള്ള റിക്രൂട്ടിംഗ് സംവിധാനം ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നോർക്ക-റൂട്ട്സിന് നിലവിൽ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി ജർമ്മനി, കുവൈറ്റ് നാഷണൽ ഗാർഡ്സ്, സൗദി ആരോഗ്യ മന്ത്രാലയം, മാലദ്വീപ് ആരോഗ്യ മന്ത്രാലയം, മാലദ്വീപ് വിദ്യാഭ്യാസ മന്ത്രാലയം എന്നീ സർക്കാർ ഏജൻസികളുമായും അൽ മുവാസാത് ഗ്രൂപ്പ് സൗദി, ദുബായ് ലണ്ടൻ ഹോസ്പിറ്റൽ ദുബായ്, കിങ്സ് കോളേജ് ഹോസ്പിറ്റൽ ദുബായ്, ഐ.ബി.എൻ. ഗ്രൂപ്പ് ബഹ്റൈൻ, ഐക്കൺ ഗ്രൂപ്പ് ഖത്തർ, ബിർള പബ്ലിക് സ്കൂൾ ഖത്തർ തുടങ്ങിയ സ്വകാര്യ തൊഴിൽദാതാക്കളുമായും റിക്രൂട്ട്മെൻറ് സംബന്ധമായ കരാറുകളുണ്ട്. ആയതിൽ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയുമായുള്ള കരാറനുസരിച്ച് നഴ്സുമാർക്ക് ജർമ്മൻ ഭാഷാ പരിശീലനം സൗജന്യമായി നൽകുന്നതും തുടർന്ന് ജർമ്മനിയിലുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കുന്നതുമാണ്. ഈ കരാർ പ്രകാരം ആദ്യ ബാച്ചിന്റെ റിക്രൂട്ട്മെന്റിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മറ്റ് ഏജൻസികളുമായുള്ള കരാർ അനുസരിച്ചുള്ള റിക്രൂട്ട്മെന്റ് നടപടികളും നടന്നുവരുന്നു. ഈ കോവിഡ് കാലത്തും

പ്രതിമാസം അൻപതോളം ആളുകൾക്ക് നോർക്ക-റൂട്ട്സ് മുഖേന വിദേശത്ത് ജോലി ലഭ്യമാക്കിവരുന്നു. ഇത് വർദ്ധിപ്പിക്കാനായി പുതിയ തൊഴിൽ ദാതാക്കളെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഫീസ് ഇളവ്

24 (*174) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് എന്നുമുതൽ കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ

ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി ഉത്തരവ് എന്ന് മുതൽ നടപ്പിലാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഫീസ് നിർണ്ണയ സമിതി 2021-22 അദ്ധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം ഇതിനകം പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ MBBS പ്രവേശന നടപടികൾ നടന്നുവരികയുമാണ്. സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് എന്നുമുതൽ നടപ്പാക്കണമെന്ന കാര്യം ഉൾപ്പടെയുള്ള കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) സർക്കാർ ക്വാട്ട അൻപത് ശതമാനത്തിൽ താഴെയുള്ള കോളേജുകളിൽ അൻപത് ശതമാനം വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് സാധ്യതയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫീസ് നിരക്ക് മെഡിക്കൽ കോളേജുകളിലെ ഏതൊക്കെ കോഴ്സുകൾക്ക് ബാധകമാണെന്ന് വ്യക്തമാക്കുമോ?

(ബി & സി) സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി ഉത്തരവ് എന്ന് മുതൽ നടപ്പിലാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഫീസ് നിർണ്ണയ സമിതി 2021-22 അദ്ധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം ഇതിനകം പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ MBBS പ്രവേശന നടപടികൾ നടന്നുവരികയുമാണ്. സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് എന്ന് മുതൽ നടപ്പാക്കണമെന്ന കാര്യം

ഉൾപ്പടെയുള്ള കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

25 (*175) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയും സാമൂഹിക ആരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി ആരംഭിച്ച പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; അപ്രകാരം എല്ലാ ആരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിയും എന്നറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും രണ്ടാംഘട്ടത്തിൽ 53 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ 504 ആരോഗ്യ സ്ഥാപനങ്ങളേയും മൂന്നാംഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ 166 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ള 6 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിൽ 343 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 56 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നാം ഘട്ടത്തിൽ 212 സ്ഥാപനങ്ങൾ തെരഞ്ഞെടുത്തതിൽ 11 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 9 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതിലൂടെ ആരോഗ്യ കേന്ദ്രങ്ങളിലും ആരോഗ്യ മേഖലയിലും എന്തെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനമേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ രാവിലെ 9 മുതൽ വൈകുന്നേരം 6 വരെയാക്കുകയും നേഴ്സ് പ്രീ ചെക്കപ്പ്, കൗൺസിലിംഗ് സേവനങ്ങൾ, നിത്യേനയുള്ള ജീവിതശൈലീരോഗ ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ട് രോഗികൾക്കുള്ള 'ശ്വാസ്' ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക്ക്, നേഴ്സുമാരുടെ സ്ഥാപനതല ഔട്ട് റീച്ച് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ, രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ. പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്,

ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ് പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ലഭ്യമാക്കിവരുന്നു. ഫീൽഡുതല പ്രവർത്തനങ്ങളും ഉപകേന്ദ്ര പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടേയും ബഹുജന പങ്കാളിത്തത്തോടേയും ഇക്കാര്യങ്ങൾ നടപ്പിലാക്കിവരുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ- 170, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-340, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-170, ഫാർമസിസ്റ്റ് 150 എന്നീ തസ്തികകളും രണ്ടാംഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ-400, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II -200 എന്നീ തസ്തികകളും സൃഷ്ടിക്കപ്പെട്ടു

(സി) സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ എന്തെല്ലാം സേവനങ്ങൾ ലഭ്യമാണ്; പ്രസ്തുത കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശങ്ങൾ നൽകാമോ?

ആരോഗ്യ ഉപകേന്ദ്രങ്ങൾ വഴി ലഭ്യമാക്കി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു :-

- ആരോഗ്യ സംബന്ധമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.

- ദേശീയ ആരോഗ്യ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സംസ്ഥാന ആരോഗ്യ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. പ്രത്യേക ദിവസങ്ങളിൽ ഉപകേന്ദ്രങ്ങൾ വഴി ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനേഷൻ നൽകുന്നു.

- കുടുംബാസൂത്രണ (Family Planning) മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.

- ORS വിതരണം ചെയ്യുന്നു.
- ആരോഗ്യ സംബന്ധമായ വിവരശേഖരണം നടത്തുന്നു.
- ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുന്നു.
- ഗർഭകാല ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് അറിവ് നൽകുന്നു.
- വിവിധ ആരോഗ്യ പദ്ധതികളെ സംബന്ധിച്ച് അറിവ് നൽകുന്നു.
- പകർച്ചവ്യാധികൾ തടയുന്നതിനുള്ള പ്രവർത്തനം നടത്തുന്നു.
- ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
- കേന്ദ്ര ഗവൺമെന്റ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ പ്രോഗ്രാം (Health & Wellness Centre Program) വഴി ഓരോ സെന്ററിനും 7 ലക്ഷം രൂപ വീതം നൽകുന്നുണ്ട്. 7 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഫണ്ടുകൾ പഞ്ചായത്തുകളിൽനിന്നും മറ്റും സ്വരൂപിച്ച സബ്സെന്ററുകൾ നിർമ്മാണങ്ങൾ/രൂപാന്തരങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കേരളത്തിൽ 5400 -ഓളം സബ്സെന്ററുകളാണ് നിലവിലുള്ളത്. ഇവയിൽ 3113 എണ്ണത്തിന് നിലവിൽ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററായി ഉയർത്താനുള്ള കേന്ദ്ര ഗവൺമെന്റും കേരള

സർക്കാരിന്റെയും അംഗീകാരമുണ്ട്. ഇതിനായി ഓരോ ഹെൽത്ത് ആന്റ് വെൽസസ് സെന്ററിനുവേണ്ടിയും ഓരോ സ്റ്റാഫ് നഴ്സ് എന്ന കണക്കിൽ അതത് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കുന്നു. ഇവരുടെ പേര് മിഡ് ലെവൽ സർവീസ് പ്രൊവൈഡർ (Mid Level Service Provider) എന്നാണ്. ഓരോ സബ്സെന്ററുകൾ പ്രദേശത്തും 3000 മുതൽ 5000 വരെയുള്ള ജനങ്ങൾക്ക് സേവനങ്ങൾ നൽകാൻ വേണ്ടിയാണ് നിയോഗിക്കപ്പെടുന്നത്. ജെ.എച്ച്.ഐ. (JHI), ജെ.പി.എച്ച്.എൻ. എന്നിവർ നൽകുന്ന സേവനങ്ങൾ കൂടാതെ കുറച്ചുകൂടെ ക്ലിനിക്കൽ സേവനങ്ങളും ജീവിതശൈലിരോഗങ്ങളുടെ സങ്കീർണ്ണതകളുടെയും ക്യാൻസർ മുതലായവയുടെ സ്ക്രീനിംഗുകളാണ് ഇവർ വഴി വിഭാവനം ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1603 സബ്സെന്ററുകൾക്ക് വേണ്ട ഫണ്ടുകൾ ലഭ്യമായിട്ടുണ്ട്. അടുത്ത ഘട്ടത്തിലുള്ള 1510 സബ്സെന്ററുകൾ ആദ്യഗഡുവായി 25% ലഭ്യമായിട്ടുണ്ട്. ഇവയോടൊപ്പം പഞ്ചായത്തിന്റെ തനത് ഫണ്ടുകൂടി ചേർന്നാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ സബ്സെന്ററുകളും നിലവിൽ ഉപയോഗയോഗ്യമായ സബ് സെന്ററുകളിലും ഹെൽത്ത്

ആൻഡ് വെൽനെസ്സ് സെന്റർ പ്രോഗ്രാമും കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖയും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിവരുന്നു. മിഡ് ലെവൽ സർവീസ് പ്രൊവൈഡർമാർക്കുള്ള ട്രെയിനിംഗുകളും മറ്റും കേരളത്തിൽ ലേണിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം (Learning & Management System) എന്നുള്ള സംവിധാനം വഴി ആരോഗ്യവകുപ്പ്, നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്ന് നൽകുകയും ഇവയിലൂടെ തെരഞ്ഞെടുക്കപ്പെട്ട മിഡ് ലെവൽ സർവീസ് പ്രൊവൈഡർമാർക്ക് കോഴ്സുകൾ നൽകുകയും അവർ ആ കോഴ്സ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 1603 MLSP മാർ കേരളത്തിൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്. 1506 പേരെ കൂടി നിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

**തദ്ദേശഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

26 (*176) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത തദ്ദേശഭരണ വകുപ്പ് രൂപീകരിച്ചതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത വകുപ്പ് നിലവിൽ വരുന്നതോടെ ഇത് സാധ്യമാകുന്നു. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് അത്യന്താപേക്ഷിതമാണ്. വകുപ്പുതല ഏകോപനവും പദ്ധതി സംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. വ്യത്യസ്ത തലങ്ങളിലായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണരംഗത്ത് ആസൂത്രണത്തിൽ ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും

ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും ജില്ലാപഞ്ചായത്തിലും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിലുമുള്ള ജീവനക്കാർ ഒരേ വകുപ്പിന് കീഴിലാകുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിലുണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് അനുഭവവേദ്യമാകും. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്രവികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്താൻ സാധിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കുന്നതിനും കഴിയും.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് പുതിയ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ILGMS (Integrated Local Government Management System). ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ILGMS-ന്റെ സവിശേഷത. മറ്റു വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകളെ ILGMS-മായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുവരെ ILGMS-ൽ നിന്നും മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകളിലേയ്ക്ക് single -sign in (ഒറ്റ ലോഗിൻ) സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 309 ഗ്രാമപഞ്ചായത്തുകളിൽ ILGMS വിന്യസിച്ചിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഏപ്രിൽ 1-ാം തീയതി ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ ILGMS വിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നഗരസഭകളിൽ ILGMS-ന് സമാനമായി ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിനിയോഗം മെച്ചപ്പെടുത്തുന്നതിനും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ എല്ലാമാസവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. വകുപ്പ് തലത്തിലും നിരന്തരമായ അവലോകനങ്ങൾ സംഘടിപ്പിക്കുകയും ജില്ലാ ആസൂത്രണ സമിതി

തലത്തിൽ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കാര്യക്ഷമമായ പദ്ധതി നിർവ്വഹണത്തിനായി കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്. ഇതിന് പുറമെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെയും സെക്രട്ടറിമാരുടെയും ജില്ലാതല അവലോകന യോഗം നടന്നുവരുന്നു. ആയതിൽ വിവിധ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. 2022 ഫെബ്രുവരി രണ്ടാംവാരം വരെ 40 ശതമാനത്തിൽ താഴെ മാത്രം ചെലവ് വന്നിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക യോഗം വകുപ്പുമന്ത്രിയെന്ന നിലയിൽ വിളിച്ചുചേർത്ത്, പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്

## ഗുണ്ടാ ആക്രമണങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും തടയാൻ നടപടി

27 (*177) ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര, സംസ്ഥാന രഹസ്യാന്വേഷണ വിഭാഗങ്ങൾ നൽകുന്ന മുന്നറിയിപ്പുകൾ അവഗണിക്കുന്നതാണ് സംസ്ഥാനത്ത് തുടരെയുണ്ടാകുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ കൊലപാതകങ്ങൾക്കും ഗുണ്ടാ ആക്രമണങ്ങൾക്കും കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സംസ്ഥാന രഹസ്യാന്വേഷണ വിഭാഗങ്ങളിൽനിന്നും ലഭിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകളിന്മേൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കാനായി ബന്ധപ്പെട്ട പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിവരുന്നു.

(ബി) ഇത്തരം കൊലപാതകങ്ങളെ ആസൂത്രണ ഘട്ടത്തിൽ തന്നെ കണ്ടെത്തി തടയുന്നതിന് രഹസ്യാന്വേഷണ വിഭാഗം പരാജയപ്പെടുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ചും മറ്റ് അക്രമ സംഭവങ്ങളെക്കുറിച്ചും രഹസ്യാന്വേഷണ വിഭാഗവും മറ്റും മുൻകൂട്ടി വിവരങ്ങൾ

ശേഖരിക്കുന്നതിന്റെ ഫലമായി ലോക്കൽ പോലീസിന് ഇത്തരക്കാരെ അമർച്ച ചെയ്യുന്നതിനും കുറ്റകൃത്യങ്ങളെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനും സാധിക്കുന്നുണ്ട്.

(സി) സംഘർഷ സാധ്യത മുൻകൂട്ടി കണ്ടെത്തുന്നതിനായി പരിശോധനകൾ ശക്തമാക്കാനാവശ്യമായ നിർദ്ദേശം നൽകുമോ?

സംഘർഷ സാധ്യത മുൻകൂട്ടി കണ്ടെത്തുന്നതിനായി ഫലപ്രദമായ അന്വേഷണങ്ങൾ പോലീസ് ഇന്റലിജൻസ് വിഭാഗം നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന രഹസ്യാന്വേഷണ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവിമാർക്കും സോണൽ/ റേഞ്ച് തല ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിവരുന്നുണ്ട്. KAPPA നിയമ പ്രകാരം 18-12-2021 മുതൽ 09-03-2022 വരെ അറസ്റ്റ് ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**നീതി ആയോഗ് പ്രസിദ്ധീകരിച്ച ദാരിദ്ര്യ സൂചിക**

28 (*178) <u>ഡോ. കെ. ടി. ജലീൽ:</u>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് പ്രസിദ്ധീകരിച്ച ദാരിദ്ര്യ സൂചികയിൽ രാജ്യത്തെ ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിട്ടുണ്ടോ; ഇതിന് അടിസ്ഥാനമായി പരിഗണിച്ച ഘടകങ്ങൾ വ്യക്തമാക്കാമോ?

2015-16 വർഷം റഫറൻസ് ഇയറായി കണക്കാക്കി നീതി ആയോഗ് പ്രസിദ്ധീകരിച്ച ബഹുമേഖല ദാരിദ്ര്യ സൂചിക (MPI) പ്രകാരം രാജ്യത്തെ ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനമായി കേരളത്തെയാണ് കണ്ടെത്തിയിട്ടുള്ളത്. 0.71% പേർ മാത്രമാണ് ദാരിദ്ര്യം അനുഭവിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നീ മേഖലകളെ സംബന്ധിച്ച് 12 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കണ്ടെത്തൽ. ശൈശവ കൗമാര പ്രായത്തിലുള്ളവരുടെ മരണനിരക്ക്, ഗർഭകാല പരിചരണം, പോഷകാഹാര ലഭ്യത എന്നിവയാണ് ആരോഗ്യ മേഖലയിലെ മാനദണ്ഡങ്ങൾ. സ്കൂൾ വിദ്യാഭ്യാസം, ഹാജർ എന്നിവയാണ് വിദ്യാഭ്യാസ

മേഖലയിൽ പരിഗണിച്ചത്. പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ട് എന്നിവ കണക്കിലെടുത്താണ് ജീവിത നിലവാരം നിർണ്ണയിച്ചത്.

(ബി) ദാരിദ്ര്യ നിർമ്മാർജനത്തിന് സർക്കാർ ആവിഷ്കരിച്ച പ്രധാന പദ്ധതികൾ എന്തെല്ലാമെന്നും ഇതിനായി പ്രത്യേക സർവ്വെ നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

നിരാലംബരായ അഗതികളെ തിരിച്ചറിയുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിച്ചേർന്ന് 2003-04 സാമ്പത്തിക വർഷം ആശ്രയ എന്ന പദ്ധതി ആരംഭിച്ചിരുന്നു. 2017 ഒക്ടോബർ 19-ന് ആശ്രയ പദ്ധതിയെ നവീകരിച്ച് ദാരിദ്ര്യം അനുഭവിക്കുന്ന ഏതൊരു കുടുംബത്തെയും എപ്പോൾ വേണമെങ്കിലും പുനരധിവസിപ്പിക്കാൻ അഗതിരഹിത കേരളം എന്ന പദ്ധതിക്ക് തുടക്കമിട്ടു. സംസ്ഥാനത്ത് കുടുംബശ്രീ മിഷൻ മുഖാന്തിരം ഈ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം, വരുമാനദായക പ്രവർത്തനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ, ബഡ്സ് സ്കൂളുകൾ,

വയോജന സ്വയംസഹായ സംഘങ്ങൾ എന്നീ മേഖലകളിൽ കുടുംബശ്രീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള പ്രവർത്തനം മുതലായവ സംസ്ഥാനത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നു. കേന്ദ്ര ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സാമൂഹിക സംഘടനകളുടെ ശാക്തീകരണം, പൗരത്വബോധം, അവകാശങ്ങളിൽ ഊന്നിയുമുള്ള വിദ്യാഭ്യാസ പരിശീലന പരിപാടികൾ മുതലായവ ദാരിദ്ര്യ നിർമ്മാർജ്ജന ലക്ഷ്യത്തിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്ന പ്രവർത്തനങ്ങളാണ്.

(സി) അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനായി എന്തെല്ലാം പദ്ധതികളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

5 വർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനായി അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടുണ്ട്. സമൂഹത്തിലെ അതിദരിദ്രരെ കണ്ടെത്തി അവർക്കുള്ള അതിജീവന പദ്ധതികൾ മൈക്രോ പ്ലാനിലൂടെ തയ്യാറാക്കി, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിലൂടെയും സാമൂഹ്യ സംഘടനാ

സംവിധാനങ്ങളുടെ പിൻബലത്തോടുകൂടിയും നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം.

## സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കാൻ പോലീസ് സേനയ്ക്ക് പരിശീലനം

29 (*179) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ വിശദമാക്കാമോ?

കേരള പോലീസിൽ സൈബർ കുറ്റകൃത്യം തടയുന്നതിനായി നിലവിൽ 19 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ 14 ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനുള്ള മികവ് നേടുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസ് ഉദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തു വരുന്നു. പരിശീലനം പൂർത്തിയാക്കിയ പോലീസ്

ഉദ്യോഗസ്ഥരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്യുന്നു. സൈബർ ഭീഷണികൾക്കെതിരായ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും സേനയുടെ സൈബർ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമായി സംസ്ഥാനത്തുടനീളമുള്ള 12,000 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയുണ്ടായി. ഇവരുടെ സേവനം സൈബർ ക്രൈം കേസുകളുടെ അന്വേഷണത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്തിവരുന്നു. ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്ന കേസുകളിൽ സൈബർ തെളിവുകൾ സൈബർ സാങ്കേതികവിദ്യ, ഫോറൻസിക് ടൂളുകൾ എന്നിവ ഉപയോഗിച്ച് കണ്ടെത്തുന്നതിനും കേസന്വേഷണത്തിന് സഹായങ്ങൾ നൽകുന്നതിനും പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് 19 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. 3 സൈബർ ഡോമുകൾ, ഹൈടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള

നടപടികൾ പരിശോധിച്ചുവരികയാണ്. പുതിയ കാലഘട്ടത്തിൽ സുരക്ഷാ ഭീഷണി ഉണ്ടാക്കുന്ന ഡ്രോണുകളുടെ സാങ്കേതികവിദ്യകൾ പഠിക്കുന്നതിനും ഫോറൻസിക് അനാലിസിസ് നടത്തുന്നതിനുമായി ഡ്രോൺ ഫോറൻസിക് ലാബ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാന പോലീസിന് ദേശീയ തലത്തിൽ പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ഉണ്ട്. സംസ്ഥാന പോലീസിലെ ഉദ്യോഗസ്ഥർക്ക് ദേശീയതലത്തിൽ വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്. ഇതിനായി ന്യൂഡൽഹിയിലെ NCRB, BPR&D, I4C (Indian Cyber Crime Forensic Centre) മേഘാലയയിലെ NEPA, ഭോപാലിലെ CAPT, ഹൈദ്രാബാദിലെ CDTI, SVPNPA എന്നീ സ്ഥാപനങ്ങൾ മുഖേന വിവിധ സൈബർ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

(സി) സൈബർ വിദഗ്ധരെ സംസ്ഥാന പോലീസ് അക്കാഡമിയിൽ എത്തിച്ച് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

സൈബർ പോലീസ് സ്റ്റേഷൻ, മറ്റ് പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ പോലീസുദ്യോഗസ്ഥർക്ക് കേരള പോലീസ് അക്കാഡമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ വച്ച് സൈബർ വിഷയങ്ങളിൽ വിദഗ്ദ്ധരായവരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നുണ്ട്.

(ഡി) സൈബർ സാങ്കേതിക വിദഗ്ദ്ധരുടെ ക്ഷാമം നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഐ.ടി. വിദഗ്ദ്ധരെ പോലീസ് സേനയിലേക്ക് വിന്യസിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സൈബർ സാങ്കേതിക വിദഗ്ദ്ധരുടെ ക്ഷാമം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സൈബർ കുറ്റാന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. ഐ.ടി. വിദഗ്ദ്ധരെ പോലീസ് സേനയിൽ വിന്യസിക്കുന്ന വിഷയം പരിഗണനയിലില്ല.

**ഐ.ടി. പാർക്കുകളുടെ വികസനം**

30 (*180) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധിക്കിടയിലും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മികച്ച തൊഴിലവസരങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനത്തെ ഐ. ടി. വ്യവസായത്തിന് സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോവിഡ് പ്രതിസന്ധിക്കിടയിലും ഐ. ടി. മേഖലയിൽ തൊഴിൽ അവസരങ്ങളിൽ മികച്ച വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സർക്കാർ ഐ. ടി. പാർക്കുകൾ കേന്ദ്രീകരിച്ച് മികച്ച അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും കോ-വർക്കിംഗ് സ്പേസ് സംവിധാനങ്ങളും ഒരുക്കിയതും കോവിഡ് കാലയളവിൽ വാടകയിനത്തിൽ ഇളവ് നൽകിയതും പ്രതിസന്ധി ഘട്ടത്തിൽ ചെറുകിട ഐ. ടി. സംരംഭകരെ നിലനിർത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും

സഹായകമായി. കോവിഡ് കാലയളവിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ 41, കൊച്ചി ഇൻഫോപാർക്കിൽ 100, കോഴിക്കോട് സൈബർപാർക്കിൽ 40 എന്നിങ്ങനെ ആകെ 181 പുതിയ കമ്പനികൾ പ്രവർത്തനമാരംഭിച്ചു. ഈ കാലയളവിൽ ടെക്നോപാർക്കിൽ 1700, ഇൻഫോപാർക്കിൽ 8000, സൈബർ പാർക്കിൽ 700 എന്നിങ്ങനെ ഏകദേശം 10400 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുമുണ്ടായി.

(ബി) ഐ. ടി. പാർക്കുകളുടെ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനുമായി മികച്ച അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഐ.ടി പാർക്കുകളിൽ ഏർപ്പെടുത്തിവരുന്നു. മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുംവേണ്ടി ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, അപ്രോച്ച് റോഡുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുകയുമാണ്

ഐ.ടി പാർക്കുകൾ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ. കൂടാതെ, 2022-23 വർഷത്തെ ബഡ്ജറ്റിൽ ഐ.ടി. ഇടനാഴികളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക്, ഐ.ടി കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം, ടെക്നോപാർക്ക് ഫേസ് 111, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് എൻ.എച്ച്. 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദിഷ്ട ഇടനാഴികളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 15-25 ഏക്കർ ഭൂമി വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ നിർമ്മിക്കുക എന്നിവ പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം, കണ്ണൂർ, ഐ.ടി. പാർക്കുകളും മറ്റു പ്രദേശങ്ങളിലെ പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽനിന്ന് 1000 കോടി വകയിരുത്തും.

(സി) കഴക്കൂട്ടം ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

1) 2 ലക്ഷം ച.അടി (Non SEZ area) വിസ്തീർണ്ണത്തിൽ 105 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം "കബനി" യുടെ

നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഓഫീസ് സൗകര്യങ്ങൾ ലീസ് വ്യവസ്ഥയിൽ കമ്പനികൾക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2) 10.33 ഏക്കറിൽ (NON-SEZ area) 2021 ഫെബ്രുവരിയിൽ 80 കോടി മുതൽമുടക്കിൽ നിർമ്മാണം പൂർത്തിയാക്കി ഡിജിറ്റൽ യൂണിവേഴ്സിറ്റി ക്യാമ്പസ് പ്രവർത്തനമാരംഭിച്ചു.

3) തിരുവനന്തപുരം ടെക്നോസിറ്റി ക്യാമ്പസിലെ നോളഡ്ജ് സിറ്റി പദ്ധതിക്ക് കീഴിലുള്ള സ്പേസ് പാർക്ക് പദ്ധതിക്കാവശ്യമായ ഭൂമി ടെക്നോസിറ്റിയിൽ സർക്കാർ നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

4) കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസിന്റെ കീഴിൽ ടെക്നോളജി സെന്റർ ആരംഭിക്കുന്നതിനായി 9.79 ഏക്കർ ഭൂമി കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

5) SEZ മേഖലയിൽ 10 ഏക്കർ സ്ഥലത്ത് 150 കോടി രൂപ മുതൽ മുടക്കിൽ 3.1 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം

പൂർത്തിയാക്കി സൺടെക് ബിസിനസ് സൊല്യൂഷൻസ് കമ്പനി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

6) ടെക്നോസിറ്റിയിൽ 97 ഏക്കർ സ്ഥലത്ത് ബഹിരാകാശ സാങ്കേതിക വിദ്യ, പ്രതിരോധ മേഖല മുതലായവയിൽ നൂതന സാങ്കേതികവിദ്യകൾ അടിസ്ഥാനമാക്കി 20 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഏകദേശം 800 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ടി.സി.എസ്. എയറോസ്പെയിസ് ഹബ്ബിനായുള്ള ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

7) 12.83 ഏക്കറിൽ 22 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ 800 കോടി മുതൽമുടക്കിൽ നടപ്പിലാക്കുന്ന ബ്രിഗേഡ് വേൾഡ് ട്രെയ്ഡ് സെന്റർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കൊച്ചി ടെക്നോപാർക്കിലും സ്മാർട്ട് സിറ്റിയിലും നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരം നൽകാമോ?

കൊച്ചി ഇൻഫോപാർക്ക് ഒന്നും രണ്ടും പദ്ധതി പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വികസന പ്രവർത്തനങ്ങൾക്കായുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇൻഫോപാർക്ക് ഒന്നാം

ഘട്ടത്തിൽ 1.6 ഏക്കർ ഭൂമിയിലേക്ക് ഉപസംരംഭകരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇൻഫോപാർക്കിൽ ഐ.ബി.എസ്. ഐ. ടി. ക്യാമ്പസ്, ക്ലെയ്സിസ് ഐ. ടി. ക്യാമ്പസ് രണ്ടാം ഘട്ടം, കാസ്പിയൻ ടെക്പാർക്ക്, ജിയോ ഗ്രൂപ്പ് എന്നീ ഉപസംരംഭകരുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലാണ്. 62000 ചതുരശ്ര അടി ഐ. ടി. സ്പേസിൽ ക്ലൗഡ്സ്കേപ് എന്ന കമ്പനി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇൻഫോപാർക്ക് കൊച്ചിയിലും, തൃശ്ശൂർ (കൊരട്ടി) യിലുമായി 57250 ച.അടി പ്ലഗ് ആൻഡ് പ്ലേ ഐ. ടി. സ്പേസ് നിർമ്മാണം പൂർത്തിയായി കമ്പനികൾക്ക് നൽകിത്തുടങ്ങിയിട്ടുണ്ട്. 70,000 ചതുരശ്ര അടി പ്ലഗ് ആൻഡ് പ്ലേ ഐ. ടി. സ്പേസ് നിർമ്മാണത്തിനായി അനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ സ്മാർട്ട്സിറ്റിയുടെ ആദ്യത്തെ ഐ. ടി. കെട്ടിടം പൂർത്തീകരിക്കുകയും വിവിധ ഐ. ടി. കമ്പനികൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും വാടകയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കെട്ടിടങ്ങളിൽ ഏകദേശം 5000 തൊഴിലവസരങ്ങൾ ലഭ്യമാണ്. കൂടാതെ വിവിധ കോ - ഡെവലപ്പർമാരുടെ

നേതൃത്വത്തിലുള്ള 54 ലക്ഷം ചതുരശ്രയടി ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി നടന്നുവരുന്നു. സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്മാർട്ട് സിറ്റിയിൽ ഒരുക്കിയിട്ടുണ്ട്.

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### രണ്ടാം നൂറുദിന കർമ്മ പരിപാടി

1(1952) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ ഏതൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു:-

- 4000 പേർക്ക് പട്ടയം വിതരണം. കഞ്ഞിക്കുഴി, ഉപ്പുതോട്, തങ്കമണി, പൂപ്പാറ, ആനവിരട്ടി, വെള്ളത്തൂവൽ എന്നീ സ്മാർട്ട്

വില്ലേജാഫീസുകളുടെ ഉദ്ഘാടനം

- ഉടുമ്പൻചോല താലൂക്ക് എമർജൻസി ഓപ്പറേറ്റിംഗ് സെന്ററിന്റെ ഉദ്ഘാടനം
- പീരുമേട്, പൈനാവ് റെസ്ക്യൂ ഷെൽറ്ററുകളുടെ തറക്കല്ലിടൽ. എല്ലാ വില്ലേജ് ഓഫീസുകളിലും വില്ലേജ്തല ജനകീയസമിതി രൂപീകരണം
- വാഗമൺ, പെരുവന്താനം, മഞ്ചുമല, പെരിയാർ, ബൈസൺവാലി, ശാന്തൻപാറ, രാജാക്കാട്, ചിന്നക്കനാൽ, ചതുരങ്കപ്പാറ, കൽകുന്തൽ, ഇരട്ടയാർ, കരുണാപുരം, വാത്തിക്കുടി എന്നീ 13 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ
- രാമക്കൽമേടിൽ അനെർട്ട് റിന്യൂവബിൾ എനർജി പാർക്ക് സ്ഥാപിക്കൽ
- രാജകുമാരി, എൻ.എസ്.എസ്. കോളേജിൽ ക്ലാസ് മുറികളുടെ നിർമ്മാണം
- ചിത്തിരപുരത്ത് 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം, മാങ്കുളത്ത് 40 എം.ഡബ്ല്യൂ./ 82 എം.യു. ചെറുകിട ജലവൈദ്യുത പദ്ധതി
- വെള്ളത്തൂവലിൽ ചിന്നാർ ജലവൈദ്യുത പദ്ധതി ഫെസിലിറ്റേഷൻ സെന്റർ, മഞ്ചുമല എൻ.സി.സി. പരിശീലനകേന്ദ്രത്തിനുവേണ്ടി

നിർമ്മിച്ച റൺവേയുടെ ഉദ്ഘാടനം

## നഷ്ടപരിഹാരം നൽകുന്നതിന് നടപടി

2(1953) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏലംകുളം എളാട്ട് ചെമ്മാട്ട് വീട്ടിൽ ബാലചന്ദ്രന്റെ മകളെ യുവാവ് വീട്ടിൽക്കയറി കൊലപ്പെടുത്തുകയും അദ്ദേഹത്തിന്റെ കച്ചവട സ്ഥാപനം തീയിട്ട് നശിപ്പിക്കുകയും ചെയ്ത സംഭവത്തിൽ ഇവർക്ക് നഷ്ടപരിഹാരം സർക്കാർ നൽകിയിട്ടുണ്ടോ?

നഷ്ടപരിഹാരം നൽകിയിട്ടില്ല. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടോയെന്നുള്ളത് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ഇല്ലെങ്കിൽ ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ദുരിതാശ്വാസ നിധിയിൽനിന്നും നിലവിലെ മാനദണ്ഡ പ്രകാരം കൊലപാതകംമൂലമുണ്ടായ മരണത്തിനും വാടകയ്ക്കുള്ള കൊമേഴ്സ്യൽ ബിൽഡിംഗിനുള്ള നാശനഷ്ടത്തിനും ധനസഹായം അനുവദിക്കാൻ

നിർവ്വാഹമില്ല.

## സർക്കാർ സർവ്വീസിലെ ജോലി ക്രമീകരണം

3(1954) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ക്രമീകരണം (വർക്കിംഗ് അറേഞ്ച്മെന്റ്) വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ജോലി ക്രമീകരണം അനുവദിക്കാൻ വകുപ്പ് മേധാവികൾക്ക് അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) 15-01-1992-ലെ 1015/ഡി2/92/ഉഭപവ നം സർക്കുലർ പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കിയിട്ടുണ്ട്. ആയതിനുശേഷം 08-08-2012-ലെ സ.ഉ(അ)നം.442/2012/ധന ഉത്തരവ് പ്രകാരം സംസ്ഥാന സർവ്വീസിലെ ജോലി ക്രമീകരണം നിയന്ത്രിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*).

## സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം

4 (1955) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലുള്ള മികവിന്റെ കേന്ദ്രം മുഖേന സർവ്വീസിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും നിലവിലുള്ളതുമായ ജീവനക്കാർക്ക്, അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങളിൽ തുടർച്ചയായ പരിശീലന പരിപാടികൾ നൽകിവരുന്നു. കൂടാതെ, സംസ്ഥാനത്ത് 2022 ആഗസ്റ്റ് മാസത്തോടെ പൂർണ്ണമായും ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ 2022 ജൂൺ മാസത്തോടുകൂടി എൻ.ഐ.സി.-യുടെ സാങ്കേതിക സഹായത്തോടെ 100% ഇ-ഓഫീസ് നിർബന്ധമായും പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും

ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30-04-2021-ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണനവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപികരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 8 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്താനും വികസിപ്പിക്കാനും ഭരണമികവിലേക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകിവരുന്നു. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകുന്നത് സംബന്ധിച്ചും

ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സേവനം സമയബന്ധിതമായി ലഭ്യമാക്കാനുതകുന്ന തരത്തിൽ ഓരോ വകുപ്പിലും അതത് വകുപ്പിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിലും കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാ ഫോറങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അതോടൊപ്പം സർക്കാർ ഓഫീസുകളിൽ നിന്നുള്ള എല്ലാ ഔദ്യോഗിക രേഖകളും വ്യക്തവും ലളിതവുമായ ഭാഷയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

2022 ആഗസ്റ്റ് മാസത്തോടെ കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് നടപ്പിലാക്കേണ്ട വകുപ്പുകളിൽ വേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വിവരശേഖരണം നടത്തിവരുന്നു.

**വർക്ക് നിയർ ഹോം പദ്ധതി**

5 (1956) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വീട്ടിലിരുന്ന് ജോലി ചെയ്യുന്ന ഐ.ടി. അടക്കമുള്ള മേഖലയിലെ ജീവനക്കാർക്കായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആധുനിക തൊഴിൽ കേന്ദ്രം ഉറപ്പാക്കുന്നതിനായി വർക്ക് നിയർ ഹോം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

'വർക്ക് ഫ്രം ഹോം' പോലെ 'വർക്ക് നിയർ ഹോം' എന്ന ആശയവും സ്വീകാര്യമാകുന്ന പശ്ചാത്തലത്തിൽ ഗ്രാമങ്ങളും ചെറുപട്ടണങ്ങളും കേന്ദ്രീകരിച്ച് ലോകമെമ്പാടുമുള്ള കമ്പനികൾക്കുവേണ്ടി ഓൺലൈനായി തൊഴിലെടുക്കുകയെന്ന സാധ്യത പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങുന്നതോടെ അഭ്യസ്തവിദ്യരായ വീട്ടമ്മമാർക്കുൾപ്പെടെ തൊഴിലുകളുടെ ഭാഗമാകാൻ കഴിയും. ഇതിനായി അടുത്ത സാമ്പത്തിക വർഷം 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**സന്തുഷ്ട കേരളം**

6 (1957) ശ്രീ എ. സി. മൊയ്തീൻ:
ശ്രീ. വി. ജോയി:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന സൂചികയിൽ ആഗോള നിലവാരം എന്ന ലക്ഷ്യവും സദ്ഭരണം മുദ്രാവാക്യവുമായിട്ടുള്ള സർക്കാരിന്റെ സേവന നിലവാരം പരാതി രഹിതമാക്കുന്നതിൽ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സന്തുഷ്ട കേരളം രൂപപ്പെടുത്തുന്നതിന് നവകേരള നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന സർക്കാരിന്റെ പ്രവർത്തനം ഫലവത്താക്കാനും സർക്കാർ പ്രവർത്തന സംവിധാനം ജനേച്ഛക്കൊത്തുയരാനുമായി സിവിൽ സർവ്വീസിലെ അഴിമതിയും കെടുകാര്യസ്ഥതയും മാന്യതയില്ലാതെയുള്ള ഇടപെടലുകളും അവസാനിപ്പിക്കാൻ ശക്തമായ നടപടികളുണ്ടാകുമോ?

(എ&ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ

കീഴിലുള്ള മികവിന്റെ കേന്ദ്രം മുഖേന സർവ്വീസിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും നിലവിലുള്ളതുമായ ജീവനക്കാർക്ക്, അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങളിൽ തുടർച്ചയായ പരിശീലന പരിപാടികൾ നൽകിവരുന്നു. കൂടാതെ, സംസ്ഥാനത്ത് 2022 ആഗസ്റ്റ് മാസത്തോടെ പൂർണ്ണമായും ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ 2022 ജൂൺ മാസത്തോട് കൂടി എൻ.ഐ.സി.-യുടെ സാങ്കേതിക സഹായത്തോടെ 100% ഇ-ഓഫീസ് നിർബന്ധമായും പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30-04-2021 -ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി

അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപികരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 8 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്താനും വികസിപ്പിക്കാനും ഭരണമികവിലേക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്ക്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകിവരുന്നു. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകുന്നത് സംബന്ധിച്ചും ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സേവനം സമയബന്ധിതമായി ലഭ്യമാക്കുവാനുതകുന്ന തരത്തിൽ ഓരോ വകുപ്പിലും അതത് വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലും കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാ ഫോറങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അതോടൊപ്പം സർക്കാർ ഓഫീസുകളിൽ നിന്നുള്ള എല്ലാ ഔദ്യോഗിക

രേഖകളും വ്യക്തവും ലളിതവുമായ ഭാഷയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും ഓഫീസുകളിൽ കയറിയിറങ്ങാതെ ലഭിക്കത്തക്ക രീതിയിലും ആക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം വിപുലപ്പെടുത്തിയിട്ടുണ്ടോ?

സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ജനങ്ങൾക്ക് തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാക്കുന്നതിനായി, എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, "e-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും "m-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപംനൽകുകയും അവ 01-10-2021-ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. https://services.kerala.gov.in എന്ന URL മുഖേന വിവിധ വകുപ്പുകളുടെ സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇ-സേവനം എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിൽ വിവിധ വകുപ്പുകളുടെ 700-ലധികം സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിലും ഉപയോക്താക്കളുടെ അടിസ്ഥാനത്തിലും സേവനങ്ങളെ രണ്ടായി തരംതിരിച്ചാണ് പോർട്ടലിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ പോർട്ടലിൽ കണ്ടെത്തുന്നതിനായി സേവനങ്ങളെ ഉപയോക്താക്കളുടെ അടിസ്ഥാനത്തിൽ കർഷകർ, വിദ്യാർത്ഥികൾ, സ്ത്രീകളും കുട്ടികളും എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ അക്ഷരമാല ക്രമത്തിലും ലഭ്യമാണ്. ഇതിനുപുറമേ സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന, സർക്കുലറുകൾ, ഉത്തരവുകൾ, അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ, ടെൻഡറുകൾ എന്നിവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഡോക്യുമെന്റ് പോർട്ടലും (https://document.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്.

**തമ്മാനിമറ്റം തൂക്കുപാലം പുനഃനിർമ്മാണം**

7(1958) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പദ്ധതിയുടെ മെക്കാനിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഇറിഗേഷൻ

മെക്കാനിക്കൽ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ശുക്കുപാലത്തിന്റെ നിർമ്മാണത്തിന് ഏത് വകുപ്പിനെയാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് & എൻജിനീയറിങ് വിഭാഗത്തിനാണ് (തദ്ദേശസ്വയംഭരണ എൻജിനീയറിങ് വിഭാഗം) പദ്ധതി നിർവ്വഹണ ചുമതല.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(സി&ഡി) പ്രവൃത്തികൾ ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എം.എൽ.എ. -മാരുടെ അഡീഷണൽ സ്റ്റാഫിന്റെ ശമ്പള പരിഷ്കരണം

8(1959) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ അഡീഷണൽ സ്റ്റാഫായി നിയമിക്കപ്പെട്ടവരുടെ ശമ്പളം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചതെന്നാണെന്ന് പറയാമോ; അതിനുശേഷം ജീവിതച്ചെലവുകളിലുണ്ടായ വർദ്ധനവിനനുസരിച്ച് ശമ്പളത്തിൽ യാതൊരു വർദ്ധനവും ഈ വിഭാഗക്കാർക്ക് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് അലവൻസുകളൊന്നും ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ശരാശരി ജീവിതനിലവാരം ഉറപ്പുവരുത്തുന്ന തരത്തിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പളം പരിഷ്കരിച്ച് നൽകേണ്ടതാണെന്നുള്ള കാര്യം ഗൗരവമായി കാണുമോ;

(സി) എം.എൽ.എ.മാരുടെ അഡീഷണൽ സ്റ്റാഫായി നിയമിക്കപ്പെട്ടവരുടെ ശമ്പളം കാലോചിതമായി പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ, ഈ വിഷയത്തിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

(എ-സി) എം.എൽ.എ-മാരുടെ അഡീഷണൽ സ്റ്റാഫായി നിയമിക്കപ്പെട്ടവരുടെ ശമ്പളം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് 10-08-2017 -ലെ സ.ഉ(എംഎസ്) നം.8/2017/പിഎഡി പ്രകാരമാണ്. (അനുബന്ധം*).

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൽ.എ-മാരുടെ അഡീഷണൽ സ്റ്റാഫിന് നല്കിവരുന്ന വേതനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

**ഇ-ഓഫീസ് സംവിധാനം**

9(1960) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിലെ ഫയൽനീക്കം പൂർണ്ണമായും ഇ-ഓഫീസ് സംവിധാനംവഴിയായതിനാൽ എം.എൽ.എ.-മാർ നൽകുന്ന അപേക്ഷകളുടെയും മണ്ഡലത്തിലെ വികസന പദ്ധതികളുടെയും പുരോഗതി വിലയിരുത്തുന്നതിന് എം.എൽ.എ.-മാർക്ക് ഇ-ഓഫീസ് സംവിധാനത്തിൽ ഒരു യൂസർ ഐ.ഡി അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

സെക്രട്ടേറിയറ്റിലെ ഫയൽനീക്കം സംബന്ധിച്ച വിവരം ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതിനായി ഇ-ഓഫീസിൽ ‘ സിറ്റിസൺ ഇന്റർഫേസ്’ ഏർപ്പെടുത്തിയിട്ടുണ്ട്. https://eoffice.kerala.gov.in എന്ന URL മുഖാന്തരം യൂസർ ഐ.ഡി. -യും പാസ് വേർഡും കൂടാതെ ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാണ്.

**ആശ്രിത നിയമനം**

10(1961) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമനം അഞ്ച് ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ടോ; അങ്ങനെ നിജപ്പെടുത്തുന്നതിന് ഏതെല്ലാം കോടതി വിധികളാണ് ആധാരമായി വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ?

OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിൽമേൽ 29-06-2018-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കാവൂയെന്ന് ഉത്തരവായിരുന്നു. OP(KAT) 25/2019 കേസിൽ ട്രിബ്യൂണലിന്റെ വിധി ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 10-04-2019 ലെ വിധിയിലൂടെ ശരിവയ്ക്കുകയും ചെയ്തു. പ്രസ്തുത കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആശ്രിത നിയമനത്തിന് ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ നീക്കിവയ്ക്കാവൂയെന്ന് എല്ലാ വകുപ്പുകൾക്കും 14-12-2020-ലെ ഉപ.സി.2/227/2020-ഉഭപവ നമ്പർ അനൗദ്യോഗിക

കുറിപ്പ് പ്രകാരം ഈ വകുപ്പിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്.

(ബി) ആശ്രിത നിയമനം അഞ്ച് ശതമാനമായി നിജപ്പെടുത്തിയത് കാരണം ആശ്രിതർക്ക് നിയമനം കിട്ടാൻ വർഷങ്ങൾ കാത്തിരിക്കേണ്ട അവസ്ഥ സംജാതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇപ്രകാരം നിജപ്പെടുത്തിയത് കാരണം അർഹരായ ചില ആശ്രിതർക്ക് വിരമിക്കൽപ്രായം കഴിഞ്ഞേ ജോലി ലഭിക്കാൻ സാധ്യതയുള്ളൂവെന്ന അവസ്ഥ കണ്ടുവരുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതു തസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത്, പൊതു തസ്തികകളിൽ സർക്കാരിൽനിന്നും ആശ്രിത നിയമനത്തിനുള്ള നിയമനാനുമതി ലഭിച്ചിട്ടും നാല് വർഷം കഴിഞ്ഞശേഷവും നിയമന ഉത്തരവ് ലഭിക്കാത്തവർക്ക്, അർഹമായ സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി 07-06-2021-ലെ സ.ഉ (കൈ) നം. 12/2021/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ഡി) ആശ്രിത നിയമനം അഞ്ച് ശതമാനമായി

നിജപ്പെടുത്തിയതിനെതിരെ സർക്കാർ ഏതെങ്കിലും കേസിൽ കക്ഷി ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ?

OP(KAT) 25/2019 കേസിലെ ഒന്നാം എതിർകക്ഷിയായ ആഭ്യന്തര വകുപ്പ്, ഹൈക്കോടതിയുടെ വിധിന്യായം പരിശോധിക്കാൻ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം**

11(1962) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി കേന്ദ്രീകൃത ഏകജാലക ഓൺലൈൻ ഓപ്ഷൻ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

25-02-2017-ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും നടത്തുന്നത് അതാത് വകുപ്പുകളാണ്.

(ബി) കേന്ദ്രീകൃത സോഫ്റ്റ്‌വെയർ ഇതിനായി ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

പരിഗണനയിലില്ല.

(സി) ഓൺലൈൻ ഓപ്ഷൻ നൽകുമ്പോൾ സ്ത്രീ ജീവനക്കാർക്കും വികലാംഗർക്കും മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ?

25-02-2017-ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 10(iii) പ്രകാരം വനിതാ ജീവനക്കാരെ കഴിയുന്നിടത്തോളം മലയോര ജില്ലകളിൽ, വിദൂര പ്രദേശങ്ങളിൽ നിയമിക്കാതിരിക്കാവുന്നതാണ്. പ്രസവാവധിയിൽനിന്നും മടങ്ങിവരുന്ന ജീവനക്കാരെയും 31-08-2007-ലെ സ.ഉ.(പി)391/2007/ഫിൻ-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിലേയ്ക്ക് തന്നെ ഒരുവർഷക്കാലത്തേയ്ക്ക് നിയമിക്കേണ്ടതാണെന്നും കൂടാതെ അവരുടെ ഇഷ്ടപ്പെട്ട സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 25-02-2017-ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 11-ൽ പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ/പരിരക്ഷിക്കപ്പെട്ടവരോ) ആയ വിഭാഗങ്ങളിൽ വികലാംഗർക്ക് മുൻഗണന നൽകിയിട്ടുണ്ട്. ഒഴിവുകളിലേയ്ക്കുള്ള

സ്ഥലംമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാപ്രകാരമുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരിരക്ഷിക്കപ്പെട്ട/പ്രഥമ ഗണനീയ വിഭാഗങ്ങളിൽ മൂന്നാമതായി വികലാംഗരായ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. 29-08-2017-ലെ സ.ഉ.(എം.എസ്) നം.18/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം 60 ശതമാനത്തിന്മേൽ ഡിസെബിലിറ്റിയുള്ളവർക്ക് 5 വർഷത്തേയ്ക്ക് പൊതുസ്ഥലംമാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60 ശതമാനത്തിന്മേൽ ഡിസെബിലിറ്റിയുള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകുമെന്നുകൂടി ചേർത്തുകൊണ്ട് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

## പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തിക

12(1963) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറി തസ്തികയിൽ എത്ര

ഒഴിവ് നിലവിലുണ്ടെന്നും 2023 മേയ് 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണെന്നും അറിയിക്കുമോ?

പൊതുഭരണ സെക്രട്ടേറിയറ്റിൽ നിലവിൽ അണ്ടർ സെക്രട്ടറി കേഡറിൽ 6 ഒഴിവും 2023 മേയ് 31 വരെ, ഓഫീസർമാരുടെ വിരമിക്കൽ മുഖേന അണ്ടർ സെക്രട്ടറി തസ്തികയിൽ 84 ഒഴിവുകളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) അണ്ടർ സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി സെക്ഷൻ ഓഫീസർമാരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എത്ര പേരുൾപ്പെടുന്ന ലിസ്റ്റാണുള്ളതെന്നും ഒഴിവുകൾക്കനുസൃതമായി ആവശ്യത്തിന് ജീവനക്കാർ ലിസ്റ്റിലുണ്ടോയെന്നും വെളിപ്പെടുത്തുമോ?

നിലവിലില്ല.

(സി) അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് പ്രൊമോഷനുവേണ്ടിയുള്ള ഡി.പി.സി. ഇനി എന്നാണ് കൂടുന്നതെന്ന് അറിയിക്കുമോ?

ഡി.പി.സി. കൂടുന്ന തീയതി പി.എസ്.സി.-യുമായി കൂടിയാലോചിച്ചാണ് തീരുമാനിക്കുന്നത്.

(ഡി) പി.എസ്.സി.-യുടെ നിലപാടാണ് പല പ്രൊമോഷൻ തസ്തികകളുടേയും സെലക്ട് ലിസ്റ്റ് തീർന്നുപോകാൻ

കാരണമായിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വരും വർഷങ്ങളിൽ ഡി.പി.സി. കൂടുമ്പോൾ ഒഴിവിന്റെ മൂന്നിരട്ടി ജീവനക്കാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 28(b)(i)(6)-ന് താഴെയുള്ള കുറിപ്പ് പ്രകാരം ഒരുവർഷത്തിനുള്ളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ എണ്ണത്തിന്റെ കഴിയുന്നത്ര, മൂന്നിരട്ടിയും കുറഞ്ഞത് രണ്ടിരട്ടിയും, മുൻവർഷം പുറന്തള്ളപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണവുംകൂടി ഉൾപ്പെടുത്തിയാണ് ഫീൽഡ് ഓഫ് ചോയ്സ് തയ്യാറാക്കുന്നത്. പ്രസ്തുത ചട്ടം 28(b)(i)(7) പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അടുത്ത വർഷത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളുടെ എണ്ണത്തിന് തുല്യമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അപ്രകാരമാണ് ഡി.പി.സി. നിശ്ചയിക്കുന്നത്.

**ജീവനക്കാർക്കുള്ള സ്പെഷ്യൽ ലീവ്**

13(1964) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഡ്യൂട്ടി സമയങ്ങളിൽ അല്ലാതെ

ഉണ്ടാകുന്ന അപകടങ്ങൾക്ക് സ്പെഷ്യൽ ലീവ് അനുവദിക്കുന്നതിന് വ്യവസ്ഥ ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ ജീവനക്കാർക്ക് ഡ്യൂട്ടി സമയങ്ങളിൽ അല്ലാതെ ഉണ്ടാകുന്ന അപകടങ്ങൾക്ക് സ്പെഷ്യൽ ലീവ് അനുവദിക്കുന്നതിന് കേരള സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

(ബി) ഇത്തരത്തിൽ അപകടങ്ങൾ സംഭവിക്കുന്ന ജീവനക്കാർക്ക് സ്പെഷ്യൽ ലീവ് അനുവദിക്കുന്നത് പരിഗണിക്കുമോ;

(സി) എങ്കിൽ സ്പെഷ്യൽ ലീവ് അനുവദിക്കാവുന്ന തരത്തിൽ ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നത് പരിഗണനയിലുണ്ടോ?

(ബി & സി)പരിഗണനയിലില്ല.

**പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെംഗ്ത്**

14(1965) <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ ആകെ കേഡർ സ്ട്രെംഗ്ത് എത്രയെന്ന് അറിയിക്കാമോ?

പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ ആകെ

കേഡർ സ്ട്രെംഗ്ത് 1121 ആണ്. അസിസ്റ്റന്റ് - 373 സീനിയർ ഗ്രേഡ് അസിസ്റ്റന്റ് - 374 അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ - 374

(ബി) പൊതുഭരണ വകുപ്പിൽ നിലവിൽ ലീവിലും അന്യത്ര സേവനത്തിലുമുള്ളവരൊഴികെ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വിശദമാക്കാമോ?

പൊതുഭരണ വകുപ്പിൽ നിലവിൽ ലീവിലും അന്യത്ര സേവനത്തിലുമുള്ളവരൊഴികെ അസിസ്റ്റന്റ് തസ്തികയിൽ 1073 പേർ ജോലി ചെയ്യുന്നു. ഇതോടൊപ്പംതന്നെ തസ്തികമാറ്റത്തിന് ചട്ടപ്രകാരം അർഹതയുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള 9 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തസ്തികമാറ്റത്തിന് ചട്ടപ്രകാരം അർഹതയുള്ള താഴ്ന്നവിഭാഗം ജീവനക്കാരിൽനിന്നും അസിസ്റ്റന്റ് തസ്തികിയിലേക്കുള്ള 8 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പി.എസ്.സി.-യിലേക്ക് 6 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പോർട്സ് ക്വാട്ടയിലൂടെ പ്രൊവിഷണൽ നിയമനം ലഭിച്ച 9 പേരെ അസിസ്റ്റന്റ് തസ്തികയിൽ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ആശ്രിത നിയമനത്തിനായി ഓരോ

വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ 5% മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്.

(സി) ഇപ്രകാരം കേഡർ സ്ട്രെംഗ്തിനേക്കാൾ എത്രപേരുടെ കുറവ് നിലവിൽ പൊതുഭരണ വകുപ്പിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്തുകൊണ്ട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്നും വ്യക്തമാക്കാമോ?

ഓരോ വർഷവും റിട്ടയർമെന്റ്മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം മാറ്റിവയ്ക്കേണ്ടവ കിഴിച്ച് ബാക്കിയുള്ള ഒഴിവുകൾ മുൻകൂറായി തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

(ഡി) 17-01-2022-ലെ സ.ഉ.(കൈ.) 08/2022/പൊ.ഭ.വ. പ്രകാരം പൊതുഭരണ വകുപ്പിൽ ആവശ്യമുള്ളതായി പരാമർശിക്കുന്ന നാൽപ്പത്തിനാല് അധിക അസിസ്റ്റന്റ് തസ്തികകൾ കേഡർ സ്ട്രെംഗ്തിൽ ഉൾപ്പെടുന്നതാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം 44 പേരെ നിയമിക്കുമ്പോൾ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ ആകെയുള്ള കേഡർ സ്ട്രെംഗ്തിനെ മറികടക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനായി രൂപീകരിച്ച അഞ്ചംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി

പുറപ്പെടുവിച്ച 17-01-2022-ലെ സ.ഉ (കൈ) നം. 8/2022/പൊഭവ പ്രകാരം പൊതുഭരണ വകുപ്പിൽ അധികമായി ആവശ്യമുള്ളതായി കണ്ടെത്തിയ 44 തസ്തികകൾ, നിലവിലെ സൂപ്പർന്യൂമററി അസിസ്റ്റന്റുമാരെക്കൊണ്ടും ബിരുദയോഗ്യതയുള്ള തസ്തികമാറ്റം ആഗ്രഹിക്കുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ കൊണ്ടും നികത്തുവാനാണ് ഉത്തരവായിരിക്കുന്നത്.

**മലയാളം നിർബന്ധമാക്കാൻ നടപടി**

15(1966) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭരണഭാഷ മലയാളമാക്കി സർക്കാർ ഉത്തരവിറക്കിയിട്ടും സെക്രട്ടേറിയറ്റിലെ പല വകുപ്പുകളും ഇപ്പോഴും പുറപ്പെടുവിക്കുന്ന ഉത്തരവുകളും മറ്റും ഇംഗ്ലീഷ് ഭാഷയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ; ഭരണഭാഷ ഉപയോഗിക്കണമെന്ന കർശനമായ ഉത്തരവ് ബന്ധപ്പെട്ട വകുപ്പ് മേലധികാരികൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നടയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ

എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാനപനത്തിന് വിരുദ്ധമായി ഏതെങ്കിലും വകുപ്പുകൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിന് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. ഔദ്യോഗികഭാഷ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം കർശനമായി നടപ്പിലാക്കാൻ ഔദ്യോഗികഭാഷാ ഉന്നതതല സമിതിയോഗം തീരുമാനിച്ചിട്ടുണ്ട്. ഔദ്യോഗികഭാഷ സംബന്ധമായ ഉത്തരവുകൾ കർശനമായി പാലിക്കണമെന്നും ഇവ പാലിക്കാത്ത വകുപ്പുതലവന്മാർ, ജില്ലാകളക്ടർമാർ, സെക്രട്ടറിമാർ എന്നിവരെ സംബന്ധിച്ച വിവരം മേൽനടപടികൾക്കായി ചീഫ് സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

16(1967) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി

അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇതിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഇപ്പോൾ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) റീബിൽഡ് കേരളയിൽ അനുവദിച്ചിട്ടുള്ളതും ഇനിയും പ്രവൃത്തികൾ ആരംഭിക്കാത്തതുമായ പദ്ധതികൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

## മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

17(1968) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി എത്ര റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5108 റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച ആകെ തുക എത്രയെന്നും ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ആകെ 1000 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 983 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 3114 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്

**ആലത്തൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

18(1969) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആലത്തൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി -2, തേങ്കുറിശ്ശി -2, മംഗലം, കുഴൽമന്ദം -1, തേക്കുറിശ്ശി-1 എന്നീ വില്ലേജ് ഓഫീസുകളുടെ

പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മേലാർകോട് വില്ലേജ് ഓഫീസ് പദ്ധതി പ്രദേശത്തെ അത്യാവശ്യം നീക്കം ചെയ്യേണ്ട മരങ്ങൾ മുറിച്ചതിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. എരുമയൂർ -1 വില്ലേജ് ഓഫീസ് നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥലം ദേശീയ പാതയുമായി വളരെ അടുത്തായതിനാൽ പകരം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ നിയമനങ്ങൾ

19(1970) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നത്; പ്രസ്തുത സ്ഥാപനം മറ്റേതെങ്കിലും സ്ഥാപനത്തിന്റെ സബ് സെന്റർ ആയിരുന്നോ; എങ്കിൽ ഏത് സ്ഥാപനമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ഏജൻസിയായിരുന്ന Centre for Land Use & Environment Studies Kerala എന്ന സ്ഥാപനത്തെയാണ് 29-08-1995-ലെ ഉത്തരവ് പ്രകാരം സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ എന്ന് പുനർനാമകരണം ചെയ്തത്.

(ബി) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ എന്ന സ്ഥാപനവും ലാൻഡ് യൂസേഴ്സ് ബോർഡും സംയുക്തമായിട്ടാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ ആ സമയത്ത് ഈ രണ്ട് സ്ഥാപനങ്ങൾക്കും വ്യത്യസ്ത മേധാവികൾ ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ?

അല്ല. സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ തലവനായിരുന്ന കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിന്റെ പ്രാരംഭഘട്ടത്തിൽ ഡയറക്ടറായി ചുമതല വഹിച്ചിരുന്നത്.

(സി) ഈ രണ്ട് സ്ഥാപനങ്ങളിലും 2000 മുതൽ ജോലി ചെയ്തുവന്നിരുന്ന താത്കാലിക ജീവനക്കാരുടെ വിവരം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ഇ.സി.-യിലും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലും 2000 മുതൽ ജോലി ചെയ്തു വന്നിരുന്ന താത്കാലിക ജീവനക്കാരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ എന്ന സ്ഥാപനത്തിലെ നിയമനം പി.എസ്.സി. മുഖേനയാണോ നടത്തുന്നത്; അല്ലെങ്കിൽ നിലവിൽ ഈ സ്ഥാപനം തുടരുന്ന നിയമനരീതി വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അല്ല. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ റിക്രൂട്ട്മെന്റും പ്രൊമോഷനും റൂൾസ് അനുസരിച്ചാണ് നിയമന നടപടികൾ സ്വീകരിച്ചു വരുന്നത്.

(ഇ) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവയില്ലാതെ പ്രസ്തുത സ്ഥാപനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിനുണ്ടായിരുന്ന സഹാചര്യം എന്താണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

അത്യാവശ്യ സന്ദർഭങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും എക്സ്റ്റേണൽ പ്രോജക്ടുകളുടെ അടിയന്തര സ്വഭാവം കണക്കിലെടുത്തും മുമ്പ് സ്ഥാപനത്തിൽ പ്രവർത്തിച്ച് പരിചയമുള്ളവരെ താൽക്കാലിക അടിസ്ഥാനത്തിലും നിയമിക്കാറുണ്ട്.

## തൃശ്ശൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

20(1971) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തികൾ എത്രയാണെന്നും ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും

വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തവയിൽ അതിനുള്ള കാരണം എന്നിവ വ്യക്തമാക്കാമോ?

(എ&ബി) തൃശ്ശൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## റീബിൽഡ് കേരള പദ്ധതി

21(1972) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതി പ്രകാരം എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലേക്ക് എത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

റീബിൽഡ് കേരള പദ്ധതി പ്രകാരം ഇതുവരെ 7942.6 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു. പദ്ധതികളിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂരിഭാഗവും നിർവ്വഹണ ഘട്ടത്തിലേയ്ക്കെത്തിയിട്ടുണ്ട്.

**കണ്ടൽക്കാടുകളുടെയും സസ്യങ്ങളുടെയും സംരക്ഷണം**

22(1973) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാവുകൾ, കണ്ടൽക്കാടുകൾ, നദീതീരത്ത് കാണുന്ന സസ്യങ്ങൾ, വംശനാശം സംഭവിച്ചതും ഭീഷണി നേരിടുന്നതുമായ സസ്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

24-12-2016-ലെ സ.ഉ.(സാധാ)നം.485/2016/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാവർഷവും ധനസഹായം നല്കിവരുന്നുണ്ട്. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60%CSS) എന്ന

കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/-രൂപ നിരക്കിൽ ധനസഹായം നല്കിവരുന്നു. നദീതീരത്ത് കാണുന്ന സസ്യങ്ങൾ, വംശനാശം സംഭവിച്ചതും ഭീഷണി നേരിടുന്നതുമായ സസ്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകിച്ച് പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് വംശനാശം സംഭവിക്കുന്ന സസ്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികൾ

23(1974) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ 2021-22 കാലയളവിലെ പദ്ധതികളും പരിപാടികളും വിശദമാക്കാമോ?

കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ 2021-22 കാലയളവിലെ പദ്ധതികളും പരിപാടികളും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൗൺസിലിന്റെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ?

കൗൺസിലിന്റെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി 2021-22 സാമ്പത്തിക വർഷത്തിൽ താഴെ കാണുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്

i)ഇ -ഓഫീസ് & മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം

(ii) സ്ട്രെംഗ്തനിംഗ് ഓഫ് കൗൺസിൽ, ലൈബ്രറി ഡിജിറ്റൽ പ്രോജക്ട്, പ്രൊപ്പോസൽ സബ്മിഷൻ സിസ്റ്റത്തിന്റെ വികസനം (KSCSTE-DPPSS): KSCSTE-യുടെ വിവിധ സ്കീമുകൾ/പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട ആപ്ലിക്കേഷൻ സമർപ്പണവും ഡിജിറ്റൽ വർക്ക് ഫ്ലോകളും ഓട്ടോമേറ്റ് ചെയ്യുന്നതിനായി ഒരു ഇൻ-ഹൗസ് സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഡിജിറ്റൽ പ്രോജക്ട് പ്രൊപ്പോസൽ സബ്മിഷൻ സിസ്റ്റം (DPPSS KSCSTE) വികസിപ്പിച്ചെടുത്തിട്ടുണ്ട്. www.submit.kscste.kerala.gov.in എന്നതാണ് പോർട്ടൽ. സെപ്റ്റംബർ ആദ്യവാരം മുതൽ ഈ പോർട്ടൽ നിലവിൽ വരികയും കൗൺസിലിലെ വിവിധ റിസർച്ച് ഓറിയന്റഡ് സ്കീമിലേക്കും പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, കേരള ബയോടെക്നോളജി

കമ്മീഷന്റെ കീഴിൽ വരുന്ന സ്കീമുകളുടെ അപേക്ഷകളും ഓൺലൈനായി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം ആയിരത്തോളം അപ്ലിക്കേഷനുകൾ ഈ പോർട്ടൽ മുഖാന്തരം ലഭിക്കുകയുണ്ടായി. കെ.എസ്.സി.എസ്.ടി.ഇ.-യ്ക്കായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കി. നിലവിലുള്ള 1500 രേഖകൾക്കുപുറമെ ഈ കാലയളവിൽ 100-ഓളം അപൂർവ റിപ്പോർട്ടുകൾ /പുസ്തകങ്ങൾ കെ.എസ്.സി.എസ്.ടി.ഇ. ഡിജിറ്റൽ ലൈബ്രറി ശേഖരണത്തിലേയ്ക്ക് അധികമായി ചേർത്തു. ഡിജിറ്റലൈസേഷൻ ജോലികൾ പുരോഗമിക്കുകയാണ്. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായ 2 വെബിനാർ ഈ കാലയളവിൽ നടത്തുകയുണ്ടായി. UPS, Computer & Printers, Photocopier, ഫ്രാങ്ക്ളിങ് മെഷീൻ, വാട്ടർ പ്യൂരിഫൈർ, ഹൈ ടെൻഷൻ ഇൻസ്റ്റലേഷൻ, ഫയർ ഹൈഡ്രന്റ് സിസ്റ്റം, ലിഫ്റ്റ് എയർ കണ്ടീഷനർ, Server of KSCSTE, Cleaning എന്നിവയിലുള്ള AMC കരാർ തീർന്ന മുറയ്ക്ക് പുതുക്കുകയുണ്ടായി. കൗൺസിൽ ആസ്ഥാനത്തെ എട്ടാം നിലയിലെ ചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിന്റെ ഭാഗമായി 450 sqft താൽകാലികമായി അറ്റകുറ്റപണികൾ നടത്തി. ആസ്ഥാന മന്ദിരത്തിൽ പുതിയ Biometric Punching Machine സ്ഥാപിച്ചു.

(സി) മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ

പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്.) ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ കൊടുക്കുന്ന ഗവേഷണ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബയോടെക്നോളജി/ മോളിക്യൂലാർ ബയോളജി/ മൈക്രോബയോളജി ഗവേഷണങ്ങൾ നടത്തുന്നതിനായി സജ്ജീകരിച്ചിട്ടുള്ള റിസർച്ച് ലബോറട്ടറി. മലബാർ ബൊട്ടാണിക്കൽ ഗാർഡനിലെ 1550 ചെടികളുടെ വിശദാംശങ്ങളും ചിത്രവും ഉൾപ്പെടുത്തി സസ്യ ഡാറ്റാബേസ് ഹെർബേറിയം സൗകര്യം, സംരക്ഷണ കേന്ദ്രങ്ങളിലെ ഓരോ സസ്യങ്ങളെയുംക്കുറിച്ചുള്ള വിവരങ്ങൾ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്ന ഏതൊരു സന്ദർശകർക്കും ക്യൂആർ കോഡ് ഉപയോഗിച്ച് ലഭ്യമാക്കുന്ന തരത്തിൽ ഡിജിറ്റൽ ഫോർമാറ്റിലേക്കുള്ള നവീകരണം. സസ്യങ്ങളുടെ പരിപാലനത്തിനും പ്രജനനത്തിനും നഴ്സറി സൗകര്യവും വില്പനയ്ക്കായി സെയിൽസ് യൂണിറ്റ് എന്നിവ. സംരക്ഷണ ഉദ്യാനങ്ങളിലേയ്ക്ക് നടപ്പാതകൾ, ശില്പശാലകളും പഠന സംബന്ധിയായ മറ്റു പരിപാടികളും നടത്തുന്നതിനായി സെമിനാർ കോംപ്ലക്സ്. കെ.എസ്.സി.എസ്.ടി.ഇ.- യുടെ ഗവേഷണ-

വികസന കേന്ദ്രങ്ങളുടെ ഉൽപന്നങ്ങളുടെ വിൽപ്പനശാലയായും കേന്ദ്രത്തിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായും കോഴിക്കോട് ബീച്ചിനു സമീപം സയൻസ് സെന്റർ തണ്ണീർത്തട പരിപാലനം, സംരക്ഷണം, ഇക്കോട്ടൂറിസം, ഇക്കോ എഡ്യൂക്കേഷൻ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് എം.ബി.ജി.ഐ.പി.എസ്.-ൽ ഒരു അക്വാട്ടിക് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇത് രാജ്യത്തെ ജലസസ്യ വിഭവങ്ങൾക്ക് വിപുലമായ ലൈവ് ജീൻ ബാങ്കായി മാറും. ജലക്ഷാമം നേരിടാൻ മഴക്കാലത്ത് ജലനിരപ്പ് നിലനിർത്തുന്നതിന് നിയന്ത്രിത ഡ്രെയിനേജ് സംവിധാനം ഉൾപ്പെടുത്താനും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഗസ്റ്റ് ഹൗസ് കോംപ്ലക്സ്, ഡോർമിറ്ററി സൗകര്യം, വിവിധ വിഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ LAN, ഇന്റർകോം സൗകര്യങ്ങൾ, കേരള സർക്കാരിന്റെ പൊതു വൈഫൈ സൗകര്യം, കാമ്പസിൽ "ഗാർഡൻ കഫേ", പ്രവേശന കവാടം നവീകരണം, നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഇലക്ട്രോണിക് ഫയലിംഗ് സംവിധാനം. സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി Administration & Scientific തസ്തികകൾ പുനർവിന്യസിച്ച പ്രസ്തുത ഉത്തരവിന്മേൽ നിയമന

നടപടികൾ പുരോഗമിച്ചുവരുന്നു. സന്ദർശകർക്ക് പ്രത്യേകിച്ച് ശാരീരിക വൈകല്യമുള്ളവരും പ്രായമായവരും വിവിധ ഭാഗങ്ങളിലേക്കും ഏകദേശം 2 കിലോമീറ്ററോളം നടപ്പാതകളിലൂടെയും നടക്കാൻ പലപ്പോഴും ബുദ്ധിമുട്ടുന്നു. ഇതുകണക്കിലെടുത്ത് ഒരു ഇലക്ട്രോണിക് ബഗ്ഗി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**കൃഷ്ണമേനോൻ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ സി.ആർ.സെഡ്. ക്ലിയറൻസ്**

24(1975) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ കൃഷ്ണമേനോൻ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സി.ആർ.സെഡ്. ക്ലിയറൻസിനുള്ള അപേക്ഷയിന്മേൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ്. അനുമതിക്കായുള്ള അപേക്ഷ തീരദേശ പരിപാലന അതോറിറ്റിയിൽ 15-01-2022-ൽ ലഭിച്ചു. അപേക്ഷ പൂർണ്ണമല്ലാത്തതിനാൽ, അനുമതിക്കായി ചുവടെ ചേർത്തിരിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണെന്ന് തീരദേശ

പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1. അപേക്ഷ ഫാറം 1

2. ബഡ്ജറ്റ് എസ്റ്റിമേറ്റ്

3. പരിശോധനാ ഫീസ്

4. സി.ആർ.ഇസഡ്. സ്റ്റാറ്റസ് റിപ്പോർട്ട്

5. പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നുള്ള നിരാക്ഷേപ പത്രം.

6. ഡിസാസ്റ്റർ മാനേജ്മെന്റ് & റിസ്ക് അസസ്സ്മെന്റ് പ്ലാൻ

മേൽ സൂചിപ്പിച്ച രേഖകൾ സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തീരദേശ പരിപാലന അതോറിറ്റിയുടെ യോഗത്തിൽ സമർപ്പിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## ക്വാറിയിൽ ഖരമാലിന്യം തള്ളുന്നതിനെതിരെ നടപടി

25(1976) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ രാജുപോൾ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ക്വാറിയിൽ ഖരമാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ

പഞ്ചായത്ത് നല്കിയിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ പഞ്ചായത്ത് സെക്രട്ടറിയും ഭരണസമിതിയും നല്കിയ പരാതിയിൽ നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൊല്യൂഷൻ കൺട്രോൾ ബോർഡിൽ പഞ്ചായത്ത് പരാതി നൽകിയിട്ടില്ല. എന്നാൽ എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന DLMC (District Level Monitoring Committee) മീറ്റിംഗിൽ ഈ വിഷയത്തെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ.രാജു പോളിന്റെ ഉടമസ്ഥതയിലുള്ള പാറമടയിലും പരിസരത്തും ഖരമാലിന്യങ്ങൾ നിക്ഷേപിച്ച സ്ഥലത്തും മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസ് - 2 ലെ ഓഫീസർമാർ, കോതമംഗലം താലൂക്ക് അസിസ്റ്റന്റ് തഹസിൽദാർ, സ്ഥലം വില്ലേജ് ഓഫീസർ, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഭരണ സമിതിയംഗങ്ങൾ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള ഉദ്യോഗസ്ഥ, അമ്പലമുകൾ കെ.ഇ.ഐ.എൽ. പ്രതിനിധികൾ എന്നിവരുൾപ്പെടെയുള്ള കമ്മിറ്റി പരിശോധന നടത്തി. പരിശോധനയിൽ, വെള്ളം കെട്ടികിടക്കുന്ന പാറമടയിലും പരിസരത്തുമായി ടൺകണക്കിന് പ്ലാസ്റ്റിക്, അജൈവമാലിന്യങ്ങൾ നിക്ഷേപിച്ചതായി

കണ്ടെത്തി. പ്രാഥമിക നിഗമനത്തിൽ ഏകദേശം 200 ടൺ മാലിന്യമുള്ളതായി കാണുന്നു. ഖരമാലിന്യങ്ങളുടെ സാമ്പിൾ പൊതുമാലിന്യ സംഭരണ നിർമ്മാർജ്ജന പ്ലാന്റായ കെ.ഇ.ഐ.എൽ. അധികൃതർ ശേഖരിച്ചിട്ടുണ്ട്. പാറമടയിലെ വെള്ളത്തിന്റെ സാമ്പിളും ശേഖരിച്ച് പരിശോധനയ്ക്കയച്ചിട്ടുണ്ട്. ജലസ്രോതസ്സുകളും ഭൂമിയും മലിനമാക്കുന്ന രീതിയിൽ ഖരമാലിന്യങ്ങൾ നിക്ഷേപിച്ചതിന് സ്ഥലം ഉടമസ്ഥനെതിരെ പരിസ്ഥിതി നിയമം 1986 ലെ വകുപ്പുകൾ പ്രകാരവും ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിധി പ്രകാരവും environmental compensation ചുമത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരത്തിൽ സ്വകാര്യ വ്യക്തി ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി വലിയ തരത്തിലുള്ള പരിസ്ഥിതി മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) പരിസ്ഥിതി മലിനീകരണത്തോടൊപ്പം പകർച്ചവ്യാധികളും കൂടി പിടിപെടാനുള്ള സാഹചര്യം കണക്കിലെടുത്ത് അടിയന്തരമായി ഇവിടെ നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

## സ്കൂൾ ഓഫ് മാത്തമാറ്റിക്സിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ

26(1977) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിനുകീഴിലുള്ള സ്കൂൾ ഓഫ് മാത്തമാറ്റിക്സിലെ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 5,50,00,000/- (അഞ്ച് കോടി അൻപത് ലക്ഷം) രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിൽ നിലവിൽ തടസ്സമൊന്നും തന്നെയില്ല. ഹോസ്റ്റലിന്റെ പ്രവൃത്തി 2022 മാർച്ചിൽ തുടങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ

27(1978) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് (കെ.പി.എസ്.സി.) പരിശോധനയ്ക്കായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കെ.പി.എസ്.സി. എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് പരിശോധനയ്ക്കും ഉപദേശത്തിനുമായി നൽകിയിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയിട്ടുള്ള ഉപദേശം അനുബന്ധമായി* ചേർക്കുന്നു.

(ബി) കെ.പി.എസ്.സി. മുഖേന നിയമനം നടത്തിക്കൊണ്ടിരുന്ന ഗ്രാമവികസന വകുപ്പിലെ ലക്ച്ചറർ തസ്തികകൾ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്തത് കെ.പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് സ്പെഷ്യൽ റൂൾ പരിശോധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയിട്ടുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപദേശത്തിൽ ഗ്രാമവികസന വകുപ്പിലെ ലക്ച്ചറർ തസ്തികകളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

(സി) കെ.പി.എസ്.സി. വഴി നിയമനം നടത്തിക്കൊണ്ടിരുന്ന ഏതെല്ലാം തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം നൽകാമോ; കൈമാറാത്ത തസ്തികകൾ സംബന്ധിച്ച വിശദാംശം നൽകുമോ?

കെ.പി.എസ്.സി. വഴി നിയമനം നടത്തിക്കൊണ്ടിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങളെല്ലാം തന്നെ തുടർന്നും കെ.പി.എസ്.സി. മുഖാന്തിരം തന്നെയായിരിക്കും നടത്തുന്നത്. നിലവിൽ സ്വയംഭരണ സ്ഥാപനമായ 'കില'-യുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണമായും 'കില'-യുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും 'കില'യുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് 'കില'-യ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും 17.07.2020-ലെ സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ, പ്രകാരം ഉത്തരവായിരുന്നു. ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടം അന്തിമമായിട്ടില്ല. ആയത് അന്തിമമാക്കുന്ന മുറയ്ക്ക് മാത്രമേ ഈ

വിഷയത്തിൽ തുടർനടപടി സ്വീകരിക്കുകയുള്ളൂ.

## പി.എസ്.സി.യിലെ ജീവനക്കാരുടെ അപര്യാപ്തത

28(1979) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ജോലിയെന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ സഹായിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.യിൽ ജോലി ഭാരത്തിനനുസൃതമായി ജീവനക്കാരില്ലെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് കാലയളവിൽ ആരോഗ്യമേഖലയിൽ ജീവനക്കാരെ നടപടികൾ പൂർത്തിയാക്കി യുദ്ധകാലാടിസ്ഥാനത്തിൽ നിയമിക്കാൻ പരിശ്രമിച്ച പി.എസ്.സി.യുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിക്കുമോ;

(സി) കേരള പബ്ലിക് സർവീസ് കമ്മീഷനിൽനിന്നും തസ്തികകൾ അനുവദിച്ച് നൽകണമെന്നുള്ള ഏതെങ്കിലും പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

(എ-സി) പി.എസ്.സി.യിലെ ജോലിഭാരം കണക്കിലെടുത്ത് 22-04-2017-ലെ സ.ഉ.(കൈ)നം:149/17/പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം

120 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ജോലിഭാരത്തിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കണമെന്ന് പി.എസ്.സി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സീനിയോരിറ്റി പുനസ്ഥാപിക്കാൻ നടപടി

29 (1980) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) പി.എസ്.സി. യിലെ ജീവനക്കാരനായിരിക്കെ 2004-ൽ ബൈ ട്രാൻസ്ഫർ നിയമനം വഴി പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.സി. ആയതിന് ശേഷം കെ.എസ്. &എസ്.എസ്.ആർ. റൂൾ 8 പ്രകാരവും ഒന്നിൽ കൂടുതൽ കോടതി ഉത്തരവുകളുമായും തിരികെ പി.എസ്.സി.യിൽ ജോയിൻ ചെയ്ത് പതിനേഴ് കൊല്ലമായിട്ടും ജോൺസൺ ജി. എന്ന വ്യക്തിക്ക് സീനിയോറിറ്റി പുനസ്ഥാപിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്ത് വരുന്ന ശ്രീ.ജോൺസൺ. ജി-യ്ക്ക് 19-03-2013-ൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ പി.എസ്.സി.-യിൽ പുനർനിയമനം നൽകിയിരുന്ന സാഹചര്യത്തിൽ 14-06-2013-ലെ സ.ഉ.

(അച്ചടി)നം.19/2013/പി. ആന്റ് എ.ആർ.ഡി ഉത്തരവ് പ്രകാരം കെ.എസ് &എസ്.എസ്.ആർ ഭാഗം 2 ചട്ടം 8-ൽ വരുത്തിയ ഭേദഗതി ശ്രീ. ജോൺസന്റെ പുനർനിയമനത്തിൽ ബാധകമാകാത്തതിനാൽ പി.എസ്.സി.-യിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ. ജി -യ്ക്ക് പ്രസ്തുത ഭേദഗതിക്ക് മുമ്പുള്ള കെ.എസ് & എസ്. എസ്.ആർ ചട്ടം 8-ലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന വിവരം 02-06-2021-ലെ സ്പെഷ്യൽ E1/117/2020/ പൊ.ഭ.വ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. മേൽ ഖണ്ഡികയുടെ അടിസ്ഥാനത്തിൽ മാതൃ വകുപ്പിൽ ടിയാൻ പുന:പ്രവേശിച്ച അറ്റൻഡർ ഗ്രേഡ് I തസ്തികയിലും ടി തസ്തികയിൽ നിന്ന് സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലും ടിയാന്റെ സീനിയോറിറ്റി തിരികെ നൽകുന്നതിന് 28-12-2021-ന് കെ.പി.എസ്.സി ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിക്ക് സീനിയോറിറ്റി നൽകിയിട്ടുണ്ടെങ്കിൽ എന്ന് മുതൽ എന്ന് വരെയെന്ന് വ്യക്തമാക്കുമോ; ബാലൻസ് സീനിയോറിറ്റി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇങ്ങനെ നൽകാത്തത് ഏത് ചട്ടപ്രകാരമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; കെ.എസ്.

&എസ്.എസ്.ആർ. ജനറൽ റൂൾ 8 -ൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ സീനിയോറിറ്റി പുനസ്ഥാപിക്കുമ്പോൾ നൽകരുതെന്ന് നിബന്ധനയുണ്ടോ; ഇല്ലെങ്കിൽ ചട്ടപ്രകാരമല്ലാതെ തീരുമാനമെടുത്ത ഉദ്യോഗസ്ഥരാരെന്നും അവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ടിയാൻ ജോലിയിൽ പ്രവേശിച്ച പ്യൂൺ തസ്തികയുടെ പ്രൊമോഷൻ തസ്തികകളായ അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ടിയാന് ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതിനും, ബൈട്രാൻസ്ഫർ നിയമന പ്രക്രിയയുടെ ഭാഗമായി താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും അതിൻ പ്രകാരം തയ്യാറാക്കപ്പെടുന്ന അർഹതാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെയാണ് അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുന്നത് എന്നതിനാൽ, അസിസ്റ്റന്റ് തസ്തികയിൽ ടിയാന്റെ സീനിയോറിറ്റി പുന:പരിശോധിക്കേണ്ടതില്ലെന്നും 28-12-2021-ൽ ഉത്തരവായിട്ടുണ്ട്. ബൈ ട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കണമെങ്കിൽ, ടിയാൻ അതിനുള്ള നിയമന പ്രക്രിയയിൽ പങ്കെടുത്ത്, അപേക്ഷ നൽകി, അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് ഒഴിവുകൾ

വിജ്ഞാപനം ചെയ്യലും അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കലും അനിവാര്യമായ നടപടിക്രമമാണ്. ഈ നടപടിക്രമം മറികടന്ന് തസ്തികമാറ്റം വഴി ഒരാൾക്ക് ഒരു സർവ്വീസിൽനിന്നും മറ്റൊരു സർവ്വീസിലേക്ക് നിയമനം നൽകാൻ കഴിയില്ലായെന്ന വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(സി) കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലും കേരള ഹൈക്കോടതിയും പ്രസ്തുത വ്യക്തിക്ക് സീനിയോറിറ്റിക്ക് അർഹതയുണ്ടെന്ന് ഉത്തരവായിട്ടും 2004 മുതലുള്ള എല്ലാ സീനിയോറിറ്റിയും പുന:സ്ഥാപിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽനിന്നും സ്ഥാനക്കയറ്റം അനുവദിക്കുന്ന അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ 2004 മുതലുള്ള സീനിയോറിറ്റി അനുവദിക്കുന്നതിന് 28-12-2021-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. മുൻകാല പ്രാബല്യം നൽകേണ്ട തീയതി സംബന്ധിച്ച് പരിശോധിച്ചുവരുന്നു. എന്നാൽ ബൈ ട്രാൻസ്ഫർ നിയമന പ്രക്രിയയുടെ ഭാഗമായി അപേക്ഷ നൽകുകയോ അതിൻപ്രകാരം തയ്യാറാക്കുന്ന യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുകയോ ചെയ്യാത്തതിനാൽ ടിയാൻ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.ക്ലാർക്ക്

തസ്തികയിൽ ജോലി നോക്കിയിരുന്ന കാലയളവ് (25-06-2004 മുതൽ 02-04-2013 വരെ) ബൈ ട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ വ്യവസ്ഥയില്ല. അതായത്, അപേക്ഷയുടെ അഭാവത്തിൽ ഒരാളെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് പരിഗണിക്കാൻ നിർവാഹമില്ല. ആയതിനാൽ ശ്രീ.ജോൺസൺ. ജി പി.എസ്.സി.യിൽ 03-04-2013-ൽ പുന:പ്രവേശിച്ചതിന് ശേഷം ബൈട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് ഒഴിവ് വന്ന അവസരത്തിൽ വിജ്ഞാപന പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയും പ്യൂൺ തസ്തികയിലെ ടിയാന്റെ സീനിയോറിറ്റി കണക്കാക്കി പി.എസ്.സി.-യിൽ ടിയാൻ പുന:പ്രവേശിച്ചശേഷം നിലവിൽവന്ന ആദ്യ ഒഴിവിൽ 19-10-2016-ന് അസിസ്റ്റന്റായി നിയമനം നൽകിയതായി പി.എസ്.സി അറിയിച്ചിട്ടുണ്ട്.

(ഡി) പി.എസ്.സി.-യിലെ എസ്റ്റാ. III (3) 34872/06/ഗ.വി. നമ്പർ ഫയലിൽ നോട്ട് ഫയൽ ഖണ്ഡിക 209 മുതൽ 213 വരെയും ഇപ്പോഴത്തെ പി.എസ്.സി. സെക്രട്ടറി 219 മുതൽ 220 വരെ ഖണ്ഡികകളിലും പ്രസ്തുത വ്യക്തിക്ക് സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകണമെന്ന് വ്യക്തമാക്കിയിരിക്കെ ആയത് നടപ്പാക്കാത്തതിന്റെ കാരണം

അറിയിക്കുമോ?

പി.എസ്.സി.യിലെ എസ്റ്റാ III (3) 34872/06/ഗ.വി.നമ്പർ ഫയലിലെ നോട്ട് ഫയൽ ഖണ്ഡിക 209 മുതൽ 220 വരെയുള്ളവയിൽ ശ്രീ.ജോൺസൺ. ജി -യ്ക്ക് മാതൃവകുപ്പിൽ പുനർനിയമനം ലഭിച്ച ശേഷം, ടി വകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി സംബന്ധിച്ച് അസിസ്റ്റന്റ് മുതൽ സെക്രട്ടറി വരെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ കുറിപ്പുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് ടി വിഷയം വിശദമായി പരിശോധിക്കുന്നതിന് കമ്മീഷൻ അംഗത്തെ ചുമതലപ്പെടുത്തി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഖണ്ഡിക 221-ൽ ഉത്തരവായിരുന്നു. കമ്മീഷൻ അംഗത്തിന്റെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷനും ബൈട്രാൻസ്ഫർ നിയമനത്തിനും വ്യത്യസ്ത മാനദണ്ഡങ്ങളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നതിനാലും പ്രൊമോഷൻ ഒരേസർവ്വീസിലെ തന്നെ ഉയർന്ന തസ്തികയിലേയ്ക്കും, തസ്തികമാറ്റം ഒരേ സർവ്വീസിൽനിന്നും മറ്റൊരു സർവ്വീസിലെ തസ്തികയിലേയ്ക്കുള്ള നിയമനമായതിനാലും ശ്രീ.ജോൺസൺ. ജി.- യെ ബൈട്രാൻസ്ഫർ നിയമന പ്രക്രിയയിൽ കൂടിയല്ലാതെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നൽകാൻ നിർവ്വാഹമില്ലെന്ന് 22-09-2015-ന്

പി.എസ്.സി. ഉത്തരവാകുകയും ടി വിവരം ടിയാനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സർക്കാരിലേക്ക് കൂടുതൽ വ്യക്തത ആവശ്യപ്പെട്ട് കത്തയച്ചതിന്റെ അടിസ്ഥാനത്തിലും പ്രസ്തുത വ്യക്തി മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലും 2004 മുതൽ പ്രസ്തുത വ്യക്തിക്ക് എല്ലാ സീനിയോറിറ്റിക്കും അർഹതയുണ്ടെന്ന് സർക്കാർ ആവർത്തിച്ചറിയിച്ചിട്ടും ആയത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് പി.എസ്.സി. നടപ്പാക്കാത്ത സാഹചര്യത്തിൽ അപേക്ഷകൻ വീണ്ടും ബഹു.മുഖ്യമന്ത്രി മുമ്പാകെ നിവേദനം സമർപ്പിക്കുകയും ടി നിവേദനത്തിൻ മേൽ സർക്കാർ വീണ്ടും സ്പഷ്ടീകരണം നൽകുകയും ടി സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ KS & SSR Part II Rule 8 പ്രകാരം 2004 മുതലുള്ള സീനിയോറിറ്റി അനുവദിക്കുന്നതിന് 28-12-2021-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്.

(എഫ്) പ്രസ്തുത വ്യക്തിക്ക് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച് പി.എസ്.സി. മെമ്പർമാരുടെ ഒരു സബ്

കമ്മിറ്റി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും സർവ്വീസ് സീനിയോറിറ്റിയും മറ്റാനുകൂല്യങ്ങളും അടിയന്തരമായി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ?

ശ്രീ.ജോൺസൺ. ജി.-യ്ക്ക് അനുവദനീയമായ സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ചിട്ടുണ്ട്.

## ഇംഗ്ലീഷ് അദ്ധ്യാപക പരീക്ഷയുടെ മൂല്യനിർണ്ണയം

30(1981) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിലെ ഇംഗ്ലീഷ് അദ്ധ്യാപക നിയമനത്തിനായി കേരള പി.എസ്.സി. 2019 നവംബറിൽ നടത്തിയ [കാറ്റഗറി നമ്പർ 287/2019] പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണയം സംബന്ധിച്ച് പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പി.എസ്.സി. -ക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷയുടെ മൂല്യനിർണ്ണയത്തിനും ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഒ.എസ്.എം. (ഓൺ സ്ക്രീൻ മാർക്കിംഗ്) മാതൃകയിലുള്ള ഇരട്ട

മൂല്യനിർണ്ണയ സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സമ്പ്രദായത്തിൽ ഉത്തരക്കടലാസുകൾ സ്കാൻ ചെയ്ത് ചോദ്യോത്തരങ്ങൾ മൂല്യനിർണ്ണയത്തിനായി കമ്പ്യൂട്ടർ സ്ക്രീനിൽ ലഭ്യമാകുകയും ഓരോ ചോദ്യവും അതിനുള്ള ഉത്തരവും ഉത്തരസൂചികയുടെ സഹായത്തോടെ രണ്ട് പരിശോധകർവീതം മൂല്യനിർണ്ണയം നടത്തി മാർക്കുകൾ രേഖപ്പെടുത്തുകയും ആയതിനായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മുഖേന മാർക്കുകളുടെ ശരാശരി കണക്കാക്കി ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നു. എഴുത്തുപരീക്ഷയിൽ ഉയർന്ന മാർക്ക് ലഭിച്ച അർഹരും യോഗ്യരുമായ 203 ഉദ്യോഗാർത്ഥികളെ മുഖ്യപട്ടികയിലും ആനുപാതിക എണ്ണം ഉദ്യോഗാർത്ഥികളെ ഉപപട്ടികകളിലും ഉൾപ്പെടുത്തിയാണ് പി.എസ്.സി. ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാലാകാലങ്ങളിലുള്ള ഉത്തരവുകളും ചട്ടങ്ങളും പാലിച്ചാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

(സി) വിവരണാത്മക പരീക്ഷയ്ക്ക് ഉത്തര സൂചികയുടെ അടിസ്ഥാനത്തിലാണോ മൂല്യനിർണ്ണയം നടത്തിയതെന്നറിയിക്കാമോ; എങ്കിൽ ഉത്തരസൂചിക തയ്യാറാക്കിയ മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരസൂചികയുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി.

മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ചോദ്യം തയ്യാറാക്കിയ വിദഗ്ധൻ നൽകുന്ന ഉത്തരസൂചിക (Provisional Answer Key) മൂല്യനിർണ്ണയത്തിന് ക്ഷണിക്കപ്പെട്ട വിദഗ്ധരെ ഉൾപ്പെടുത്തി ഒരു Pre- evaluation camp സംഘടിപ്പിച്ച് ടി Provisional Answer Key വിശദമായി പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ച് അന്തിമ ഉത്തരസൂചിക (Final Answer Key) തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് മൂല്യനിർണ്ണയം നടത്തുന്നത്.

(ഡി) സാഹിത്യശാഖയിലെ വിവരണാത്മക പരീക്ഷയ്ക്ക് ഉത്തര സൂചികയുടെ അടിസ്ഥാനത്തിൽ നടത്തിയ മൂല്യനിർണ്ണയത്തിന്റെ അപാകതകൾ ചൂണ്ടിക്കാട്ടി പുനർമൂല്യനിർണയത്തിന് അപേക്ഷകൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉത്തരക്കടലാസുകൾ ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ മാത്രമല്ലാതെ ഭാഷാ വൈദഗ്ധ്യവും വിശകലന പാടവവും കണ്ടെത്തുന്ന വിധം പുനർമൂല്യനിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഭാഷാദ്ധ്യാപക നിയമനത്തിന് സാഹിത്യ ശാഖയിലെ വിവരണാത്മക പരീക്ഷയ്ക്ക് ഉത്തര സൂചികയുടെ അടിസ്ഥാനത്തിൽ മാത്രം മൂല്യനിർണ്ണയം നടത്തിയത് സംബന്ധിച്ച് ഒരു ഉദ്യോഗാർത്ഥിയുടെ പരാതി പി.എസ്.സി.-ക്ക് ലഭിച്ചിരുന്നു. നിലവിലെ ചട്ടപ്രകാരം ഉത്തരക്കടലാസുകളുടെ പുനർ മൂല്യ

നിർണ്ണയം അനുവദനീയമല്ല.

(ഇ) ഭാഷാ വൈദഗ്ദ്ധ്യത്തിന്റെ അളവുകോൽ ഉത്തരസൂചികയിൽ മാത്രം പരിമിതപ്പെടുത്തുന്നത് നിരൂപണാത്മകമായി പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികൾക്ക് നീതി ലഭിക്കാതിരിക്കാനിടയാക്കുമെന്നുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

അസിസ്റ്റന്റ് പ്രൊഫസർ (ഇംഗ്ലീഷ്) തസ്തികയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത് ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ ബന്ധപ്പെട്ട വിഷയത്തിലുള്ള അസ്സോസിയേറ്റ്/ അസിസ്റ്റന്റ് പ്രൊഫസർമാരാണ്. ഉദ്യോഗാർത്ഥികളുടെ ഭാഷാപ്രാവീണ്യവും വിശകലന പാടവവും പരിശോധിക്കുന്നതിനാവശ്യമായ രീതിയിലാണ് വിദഗ്ദ്ധരായ അദ്ധ്യാപകർ ഉത്തരസൂചിക തയ്യാറാക്കുന്നത്. വിവരണാത്മക പരീക്ഷകളിൽ ഉത്തര സൂചിക കൂടാതെ മൂല്യനിർണ്ണയം നടത്തുന്നത് പരിശോധകർക്ക് തന്റെ മനോധർമ്മമനുസരിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുവാദം നൽകലാകും. ഇത് ഒരേ നിലവാരത്തിലുള്ള ഉത്തരങ്ങൾക്ക് വ്യത്യസ്ത മാർക്കുകൾ നൽകുവാൻ ഇടയാക്കുകയും മൂല്യനിർണ്ണയത്തിന്റെ ഏകീകൃത സ്വഭാവം നഷ്ടമാക്കുകയും ചെയ്യും.

## പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ ജോലികളിലെ സംവരണം

31(1982) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സർക്കാർ ജോലികളിലെ സംവരണം സംബന്ധിച്ച് സുപ്രീം കോടതിയും ഹൈക്കോടതിയും പുറപ്പെടുവിച്ച ഉത്തരവുകൾക്ക് അനുസരണമായി പ്രസ്തുത വിഭാഗങ്ങൾക്ക് സംവരണം നൽകാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) പത്ത് വർഷം കൂടുമ്പോൾ സംവരണ പട്ടിക പുന:പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്തി പൂർണ്ണമാക്കണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കാൻ സാധിക്കാത്തതിനെത്തുടർന്ന് സംവരണ പട്ടിക അസാധുവായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) സംസ്ഥാനത്ത് സാമൂഹിക, സാമ്പത്തിക, ജാതി സർവ്വേ നടക്കാത്തതിനാൽ സർവ്വേ നടത്തി സംവരണ പട്ടിക പുന:പരിശോധിക്കണമെന്ന 2020 സെപ്റ്റംബർ 8-ലെ ഹൈക്കോടതിയുടെ വിധിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

(ബി & സി) ഒരു നിശ്ചിത കാലയളവിൽ സംവരണം സംബന്ധിച്ച് വിലയിരുത്തൽ നടത്തണമെന്ന് സുപ്രീംകോടതി ഉത്തരവിൽ പറഞ്ഞിട്ടുണ്ടെങ്കിലും അങ്ങനെയല്ലാത്തപക്ഷം സംവരണ പട്ടിക അസാധുവാകുമെന്ന് വ്യക്തമാക്കിയിട്ടില്ല. 2012-ൽ കേന്ദ്ര സർക്കാർ നടത്തിയ സർവ്വേ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2020 സെപ്റ്റംബർ 8-ലെ ഹൈക്കോടതിയുടെ വിധിയിന്മേൽ സംസ്ഥാന സർക്കാരിന് തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**പി.എസ്.സി. -യുടെ പരീക്ഷാ സമ്പ്രദായം**

32(1983) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. -യുടെ പരീക്ഷാ സമ്പ്രദായവും റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്ന നിലവിലുള്ള രീതിയും പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതുമെന്നുള്ള കൺഫർമേഷൻ നൽകണമെന്നുള്ള പരിഷ്കാരത്തിലൂടെ പരീക്ഷാ കേന്ദ്രങ്ങൾ കൂടുതൽ

കാര്യക്ഷമമായി തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള ഹാൾടിക്കറ്റ് പരീക്ഷാ തീയതിക്ക് 15 ദിവസം മുൻപ് അവരവരുടെ പ്രൊഫൈലിൽ അയച്ചുനൽകുന്നുണ്ട്. 2021 സെപ്തംബർ മുതലുള്ള പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനായി പരീക്ഷാ സമയത്ത് തന്നെ പരീക്ഷാ കേന്ദ്രങ്ങളിൽനിന്ന് പി.എസ്.സി.- യുടെ ആസ്ഥാന ഓഫീസിൽ ലഭിക്കുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി ചുരുക്ക/സാധ്യതാ/റാങ്ക് പട്ടികകൾ തയ്യാറാക്കുന്നതിലേയ്ക്കായി e-result-pro എന്ന പി.എസ്.സി.- യിൽ തന്നെ രൂപംനല്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത സോഫ്റ്റ്‌വെയറിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തിയിട്ടുണ്ട്.

(ബി) എല്ലാ സർക്കാർ ഡിപ്പാർട്ട്മെന്റിലും നിലവിലുള്ള തസ്തികകളും തസ്തികകളിലുള്ള ജീവനക്കാരുടെ സൂപ്പറാന്വേഷൻ തീയതിയും ഓൺലൈനായി അറിയാൻ കഴിയുന്ന സുതാര്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

വിശദമാക്കാമോ?

ഇല്ല.

(സി) റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ തങ്ങൾക്ക് നിയമനത്തിന് സാധ്യതയുണ്ടോയെന്ന് പരിശാധിക്കാൻ കഴിയുന്ന ഈ സംവിധാനം സർക്കാരിന്റെ എല്ലാ ഡിപ്പാർട്ട്മെന്റിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ഹൈസ്കൂൾ ടീച്ചർ (ഫിസിക്കൽ സയൻസ്) റാങ്ക് ലിസ്റ്റ്

33(1984) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 227/2016 പ്രകാരമുള്ള എറണാകുളം ജില്ല ഹൈസ്കൂൾ ടീച്ചർ (ഫിസിക്കൽ സയൻസ്) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് പി.എസ്.സി. നിയമന ശിപാർശ നല്കിയെന്ന് വ്യക്തമാക്കാമോ?

9 (ഒൻപത്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) 03-08-2021-ന് ശേഷം ഈ റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് എത്ര ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് അറിയിക്കാമോ?

ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇത്തരത്തിൽ 03-08-2021-നുശേഷം പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശകൾ നൽകിയിട്ടുണ്ടോ?

നിയമന ശിപാർശ നൽകിയിട്ടില്ല.

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് ഇനി ഏതെങ്കിലും ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒഴിവുകൾ വേഗത്തിൽ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ നിലവിലില്ല.

## എൽ.പി.എസ്.റ്റി. ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരണം

34(1985) <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം എൽ.പി.എസ്.റ്റി. (കാറ്റഗറി നമ്പർ 516/2019) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് പി.എസ്.സി. -യുടെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായാണോ; പ്രസ്തുത നിബന്ധനകൾ എന്തെല്ലാമാണ്; അറിയിക്കാമോ?

നിബന്ധനകൾക്ക് അനുസൃതമായാണ് ചുരുക്കപ്പട്ടിക

തയ്യാറാക്കിയിട്ടുള്ളത്. KPSC Rules of Procedure Rule 13 പ്രകാരം പുതു റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരുവർഷമാണ്. എന്നാൽ അതേ തസ്തികയിലേക്ക് അടുത്ത റാങ്ക് ലിസ്റ്റ് വരുന്നതുവരെയോ അല്ലെങ്കിൽ പരമാവധി മൂന്നുവർഷമോ റാങ്ക് ലിസ്റ്റിന് പ്രാബല്യം ലഭിക്കാറുണ്ട്. ആയതിനാൽ റാങ്ക് പട്ടികയുടെ യഥാർത്ഥ കാലാവധി ഒരുവർഷമാണ്. മുൻ റാങ്ക് പട്ടികയിൽനിന്നും നടത്തിയ നിയമന ശിപാർശകളുടെ എണ്ണം അല്ലെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഒരു വർഷത്തെ സാദ്ധ്യതാ നിയമനങ്ങളുടെ എണ്ണം (Number of probable appointments) കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് റാങ്ക്/ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത്. മുൻ റാങ്ക് പട്ടികയ്ക്ക് മൂന്നു വർഷം കാലാവധി ലഭിച്ചുവെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണത്തിന്റെ മൂന്നിൽ ഒരു ഭാഗം ഒരുവർഷത്തെ എണ്ണമായി കണക്കാക്കിയും പ്രസ്തുത തസ്തികയ്ക്ക് പരീക്ഷാ തീയതിവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണവും പരിശോധിച്ച് ആയതിൽ ഏതാണോ കൂടുതൽ അതാണ് ഒരുവർഷത്തെ സാദ്ധ്യതാ നിയമനങ്ങളുടെ എണ്ണമായി പരിഗണിക്കുന്നത്. പുതിയ

തെരഞ്ഞെടുപ്പാണെങ്കിൽ പരീക്ഷാ തീയതി വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളാണ് സാദ്ധ്യതാ നിയമനങ്ങളുടെ അടിസ്ഥാന സംഖ്യ നിശ്ചയിക്കാൻ പരിഗണിക്കുന്നത്. തുടർച്ചയായ തെരഞ്ഞെടുപ്പ് നടപടികളുടെ ഭാഗമായി പ്രതീക്ഷിത ഒഴിവുകൾക്കാണ് തെരഞ്ഞെടുപ്പ് വിജ്ഞാപനമെങ്കിൽ (LDC,LGS,Secretariat Assistant മുതലായവ) ടി അടിസ്ഥാനസംഖ്യ കണ്ടെത്തുന്നതിനായി ടി ലിസ്റ്റിന്റെ പൂർത്തിയാക്കിയ കാലാവധിയിൽ ആകെ നടത്തിയ നിയമന ശിപാർശയുടെ എണ്ണത്തിൽ നിന്ന് ഒരുവർഷത്തെ ശരാശരി നിയമന ശിപാർശയാണ് പരിഗണിക്കേണ്ടത്. പ്രത്യേക സാഹചര്യങ്ങളിൽ ചില തസ്തികകളെ സംബന്ധിച്ച് മുൻ റാങ്ക് പട്ടികയിൽനിന്ന് കൂടുതൽ ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുതോ, തസ്തികകളുടെ എണ്ണം കുറയ്ക്കുകയോ, പുതുതായി തസ്തിക സൃഷ്ടിക്കുകയോ ചെയ്യുതോ, കോടതിവിധി നിലനിൽക്കുന്നതോ തുടങ്ങിയ സാഹചര്യങ്ങളിൽ ടി അടിസ്ഥാന സംഖ്യ സംബന്ധിച്ച് യുക്തമായ തീരുമാനം പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊള്ളുന്നതാണ്. പൊതുവെ ജനറൽ റാങ്ക് ലിസ്റ്റുകൾ മൂന്നുവർഷം വരെ നീണ്ടുപോകുമെന്നതിനാൽ മൂന്നുവർഷത്തേയ്ക്ക് പര്യാപ്തമായ ഉദ്യോഗാർത്ഥികളുടെ എണ്ണം ഉറപ്പുവരുത്തുന്നതിനായി, മുൻ ഖണ്ഡികയിൽ

പരാമർശിച്ചിട്ടുള്ള തരത്തിൽ കണക്കാക്കിയെടുത്തിട്ടുള്ള ഒരു വർഷത്തേയ്ക്കുള്ള സാദ്ധ്യതാ നിയമനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാന സംഖ്യയുടെ ഏറ്റവും കുറഞ്ഞത് മൂന്നിരട്ടി വരെ ഉദ്യോഗാർത്ഥികളെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്താറുണ്ട്. കായികക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ, ശാരീരികക്ഷമതാ പരീക്ഷ, ഡിക്റ്റേഷൻ ടെസ്റ്റ് എന്നിവ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളുടെ കാര്യത്തിൽ പ്രസ്തുത അടിസ്ഥാന സംഖ്യയുടെ ഏറ്റവും കുറഞ്ഞത് അഞ്ചിരട്ടി ഉദ്യോഗാർത്ഥികളെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്താറുണ്ട്. ഒരു റാങ്ക് പട്ടികയിൽ/ചുരുക്കപ്പട്ടികയിൽ ഏറ്റവും ചുരുങ്ങിയത് പത്തുപേരെയെങ്കിലും മുഖ്യപട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ട്. ഉപപട്ടികകളുടെ കാര്യത്തിൽ ഒരു വർഷത്തെ സാദ്ധ്യതാ നിയമനങ്ങളുടെ അഞ്ചിരട്ടി ഉദ്യോഗാർത്ഥികളെ ഓരോ സമുദായത്തിന്റെയും ശതമാനക്കണക്കനുസരിച്ച് (KS&SSR Rule 14 e അനുശാസിക്കുന്ന Reservation Quota) തിട്ടപ്പെടുത്തിയാണ് ഉൾപ്പെടുത്തുന്നത്. മുഖ്യപട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം 20-ൽ താഴെയാണെങ്കിൽ ഓരോ ഉപപട്ടികയിലും കുറഞ്ഞത് മൂന്നുവീതവും മുഖ്യപട്ടികയിലെ എണ്ണം 20 -ൽ കൂടുതലാണെങ്കിൽ കുറഞ്ഞത് 5 ഉദ്യോഗാർത്ഥികളെ വീതവും ലഭ്യമെങ്കിൽ ഉൾപ്പെടുത്തുന്നതാണ്. പട്ടിക

ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ സംവരണ വിഹിതം പരസ്പരം കൈമാറ്റം ചെയ്യുന്നതിനാൽ KS&SSR ചട്ടം 15 (ബി) പാലിക്കുന്നതിനായി പട്ടിക ജാതി ഉപപട്ടികയിൽ ഉൾപ്പെടുന്ന അത്രയുമെണ്ണം ഉദ്യോഗാർത്ഥികളെ ലഭ്യതയ്ക്കനുസരിച്ച് പട്ടികവർഗ്ഗ ഉപപട്ടികയിലും ഉൾപ്പെടുത്തുന്നതാണ്. ഒരു വർഷത്തെ സാദ്ധ്യത നിയമനങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ എണ്ണം കണ്ടെത്തിയതിനുശേഷം പര്യാപ്തമായ എണ്ണം (sufficient number) ഉദ്യോഗാർത്ഥികളെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തേണ്ടി വരുമ്പോൾ പ്രസ്തുത എണ്ണം ഉദ്യോഗാർത്ഥികളെ കൃത്യമായി ഒരു പ്രത്യേക മാർക്ക് റേഞ്ചിനുള്ളിൽ കണ്ടെത്താൻ കഴിയാതെ വന്നാൽ ടി എണ്ണത്തിന്റെ ഏറ്റവും അടുത്തുവരുന്ന എണ്ണം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് മുഖ്യപട്ടിക തയ്യാറാക്കുകയാണ് നിലവിലുള്ള രീതി. ഒരു വർഷത്തെ സാദ്ധ്യതാ നിയമനങ്ങളുടെ അടിസ്ഥാന സംഖ്യയുടെ അടിസ്ഥാനത്തിൽ കൃത്യമായ എണ്ണം കണ്ടെത്തിയതിനുശേഷം ആവശ്യത്തിൽ കവിഞ്ഞയെണ്ണം ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന സാഹചര്യം വരികയാണെങ്കിൽ ഒരേ മാർക്ക് ലഭിച്ചവരിൽനിന്നും നിലവിലുള്ള സമ്പ്രദായമനുസരിച്ച് ഉയർന്ന ജനന തീയതിയുടെയും പേരിന്റെ ഇംഗ്ലീഷ് അക്ഷരമാലക്രമത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ ലിസ്റ്റ് ക്രമീകരിച്ചതിനുശേഷം കൃത്യമായ എണ്ണം

നിജപ്പെടുത്തുന്നതാണ്.

(ബി) കാറ്റഗറി നമ്പർ 516/2019 പ്രകാരം 14 ജില്ലകളിലും തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിന്റെ മുഖ്യപട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം, ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിച്ച ഒഴിവുകളും കണക്കാക്കിയ തീയതിയും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) കാറ്റഗറി നമ്പർ 516/2019 പ്രകാരം പ്രസിദ്ധീകരിച്ച എൽ.പി.എസ്.റ്റി. ഷോർട്ട് ലിസ്റ്റിന്റെ മുഖ്യപട്ടികയിലുള്ള ഉദ്യോഗാർഥികളുടെ എണ്ണം മലപ്പുറം ജില്ലയിലെ അധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നപരിഹാരത്തിനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കേരള പബ്ലിക് സർവീസ് കമ്മീഷനെ സംബന്ധിച്ച് തെരഞ്ഞെടുപ്പ് നടപടികളെന്നത് ഒരു തുടർപ്രക്രിയയായതിനാൽ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടൻ തന്നെ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് അടുത്ത തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കാവുന്നതാണ്. ആയതിനാൽ തെരഞ്ഞെടുപ്പ് നിർദ്ദേശം കമ്മീഷൻ പരിശോധിച്ച സമയത്ത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിച്ചിരുന്ന ഒഴിവിന്റെ (348) മൂന്നിരട്ടിയോളം ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയുടെ മെയിൻ ലിസ്റ്റിലും (997) ആനുപാതികമായി സപ്ലിമെന്ററി ലിസ്റ്റുകളിലും ഉൾപ്പെടുത്തി ആകെ 2312 പേരെ ഉൾപ്പെടുത്തി 26-08-2021-ൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. OA(EKM) 1120/2021 മേൽ 08-12-2021-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചുരുക്കപ്പട്ടിക വിപുലീകരിക്കേണ്ടതില്ലെന്ന് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ മൂന്നിരട്ടി ഉദ്യോഗാർത്ഥികളെ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച നടപടികളിൽ അപാകതയില്ല.

**ഭക്ഷ്യസുരക്ഷാ ഓഫീസർ റാങ്ക് ലിസ്റ്റ്**

35 (1986) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 499/2019 പ്രകാരം 2020 സെപ്റ്റംബർ 29- ന് പരീക്ഷ നടന്ന ഭക്ഷ്യസുരക്ഷാ ഓഫീസർ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടികളേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഇന്റർവ്യൂ തീയതി നിശ്ചയിച്ചിട്ടുണ്ടോ; ഇന്റർവ്യൂ നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ;

(ബി) വിജ്ഞാപനം പ്രസിദ്ധീകരിച്ച് മൂന്നുവർഷമായിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) കാറ്റഗറി നമ്പർ 499/2019 ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തികയിലേയ്ക്ക് നടന്ന പരീക്ഷയുടെ ചുരുക്കപ്പട്ടിക ഇതിനോടകം പ്രസിദ്ധീകരിക്കുകയും പട്ടികയിലുൾപ്പെട്ടവരുടെ ഒറ്റത്തവണ പ്രമാണ പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് മൂന്നാം തരംഗത്തിന്റെ സാഹചര്യത്തിൽ വിവിധ തസ്തികകളിലേയ്ക്ക് നിശ്ചയിക്കപ്പെട്ടിരുന്ന അഭിമുഖങ്ങൾ (interview) നിർത്തിവയ്ക്കുകയും പുന:ക്രമീകരിക്കുകയും ചെയ്യേണ്ടി വന്നതിനാലാണ് അഭിമുഖം നടത്തുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. 2022 ഏപ്രിൽ മാസത്തിൽ ടി തസ്തികയുടെ അഭിമുഖം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ റാങ്ക് ലിസ്റ്റ്

36(1987) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ റാങ്ക് ലിസ്റ്റ്

മാനദണ്ഡങ്ങൾ പാലിച്ച് വിപുലീകരിക്കണമെന്നാവശ്യപ്പെട്ട് 2021 ഡിസംബർ 13 മുതൽ മലപ്പുറം ജില്ലാ കളക്ടറേറ്റിന് മുന്നിൽ ഉദ്യോഗാർത്ഥികൾ നടത്തിവരുന്ന നിരാഹാര സത്യാഗ്രഹ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മെയിൻ ലിസ്റ്റ് (516/2019) സർക്കുലർ നം. 6/2018-ലെ അനുബന്ധം 1-ലെ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രസിദ്ധീകരിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ (516/2019) തസ്തികയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള ചുരുക്കപ്പട്ടിക സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന് ഉദ്യോഗാർത്ഥികളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പാലിച്ചും അപാകതകളില്ലാതെയുമാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നതിനാൽ പി.എസ്.സി. പ്രസ്തുത പരാതികൾ പരിഗണിച്ചിട്ടില്ല.

(സി) എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിൽ മലപ്പുറം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ മുഴുവനായും

പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

31 (മുപ്പത്തി ഒന്ന്) പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ ആകെ 696 (അറുന്നൂറ്റി തൊണ്ണൂറ്റി ആറ്) ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ്

37(1988) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിലെ എത്ര പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളിൽ പി.എസ്.സി. നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2016 ജനുവരി ഒന്നുമുതൽ മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലായി 96 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ജില്ലയിൽ പുതിയതായി വിവിധ വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്ത് ഗസറ്റഡ്, നോൺ ഗസറ്റഡ്,

ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് കണ്ടെത്തുന്ന മുറയ്ക്ക് വകുപ്പുകൾക്കാണ് തസ്തിക സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ജില്ലാതലത്തിലല്ല സർക്കാർ ഒഴിവുകൾ സംവരണം ചെയ്യുന്നത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ജില്ലാതലത്തിൽ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നു. ഇത്തരത്തിൽ മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗത്തിലെ ആദിവാസി വിഭാഗത്തിന് മാറ്റിവച്ചിട്ടുള്ള വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ 30 ഒഴിവുകളിൽ വിജ്ഞാപനത്തിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചുവരുന്നുണ്ട്.

**കാറ്റഗറി നമ്പർ 400/2017 റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

38(1989) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 399/2017, കാറ്റഗറി നമ്പർ 400/2017 എന്നീ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിരിക്കുന്നത് ഒരേ ഉദ്യോഗാർത്ഥികളായതിനാൽ 400/2017 കാറ്റഗറി പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം നടക്കാത്തതായ സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാറ്റഗറി നമ്പർ 400/2017 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക്

ലിസ്റ്റിൽനിന്ന് നിയമനം നടക്കാത്തതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പുനഃക്രമീകരിച്ച് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

(സി) കാറ്റഗറി നമ്പർ 400/2017 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾക്ക് കാലതാമസമില്ലാതെ തന്നെ പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

**കമ്പനി/ബോർഡ്/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ് നിയമനം**

39(1990) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/ബോർഡ്/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ രണ്ട് റാങ്ക് പട്ടികയിലും (കാറ്റഗറി 399/2017,400/2017) ഒരേ പരീക്ഷയും കട്ട് ഓഫ് മാർക്കും ആയതിനാൽ രണ്ട് പട്ടികയിലും ഒരേ ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റാങ്ക് പട്ടികകളിൽ ഒരേ ഉദ്യോഗാർത്ഥികൾ ഉൾപ്പട്ടിരിക്കുന്നതിനാൽ കാറ്റഗറി നമ്പർ 399/2017 പ്രകാരമുള്ള റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ, കാറ്റഗറി നമ്പർ 400/2017 പ്രകാരമുള്ള റാങ്ക് പട്ടികയിൽനിന്ന് നിയമന ശിപാർശ ലഭിക്കുമ്പോൾ, ജോലിയിൽ പ്രവേശിക്കാത്തതുകാരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന എൻ.ജെ.ഡി. ഊഴങ്ങളിൽ നിയമന ശിപാർശ നൽകിവരുന്നു. റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളും/എൻ.ജെ.ഡി. ഒഴിവുകളും യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും

നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ നിയമന ശിപാർശ പി.എസ്.സി. നൽകുന്നുണ്ട്.

### കമ്പനി/ബോർഡ്/കോർപ്പറേഷൻ അസിസ്റ്റന്റ് നിയമനം

40(1991) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി.യുടെ കമ്പനി/ബോർഡ്/കോർപ്പറേഷൻ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള ഒന്നാം റാങ്ക് ലിസ്റ്റിലും രണ്ടാം റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളവരിൽ ഭൂരിഭാഗവും ഒരേ ഉദ്യോഗാർത്ഥികൾ തന്നെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമൂലം രണ്ടാം ലിസ്റ്റിൽ നാനൂറിലധികം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമന ശിപാർശ അയച്ചതല്ലാതെ നിയമനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ?

ഉണ്ട്.

(സി) ഒന്നാം റാങ്ക് ലിസ്റ്റിൽ നിന്നും രണ്ടാം റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര

വീതമാണെന്ന് അറിയിക്കാമോ?

കാറ്റഗറി നമ്പർ 399/2017 -ൽ നിന്ന് 2821 ഉദ്യോഗാർത്ഥികൾക്കും 400/2017 -ൽ നിന്ന് 1148 ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഡി) ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി പൂർത്തിയാകുന്നത് എന്നാണെന്ന് അറിയിക്കുമോ;

(ഇ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ കഠിനമായ തയ്യാറെടുപ്പുകൾ നടത്തി റാങ്ക് പട്ടികകളിൽ ഇടം നേടിയ ഉദ്യോഗാർത്ഥികളിൽ പരമാവധി പേർക്ക് നിയമനം നൽകുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) ടി രണ്ട് റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 30-12-2022-ന് അവസാനിക്കും. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളും/എൻ.ജെ.ഡി. ഒഴിവുകളും യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ

കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് കാലതാമസം കൂടാതെ നിയമന ശിപാർശ പി.എസ്.സി. നൽകുന്നുണ്ട്.

## സ്ഥാനക്കയറ്റ ഉത്തരവിന്റെ പ്രാബല്യം

41(1992) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ഒരു ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റ ഉത്തരവ് കൈപ്പറ്റിക്കഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിൽ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കണമെന്ന് വ്യക്തമാക്കുന്ന ഏതെങ്കിലും സർവ്വീസ് ചട്ടങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ?

നിലവിലില്ല.

(ബി) മേൽ വിഷയത്തിൽ വ്യക്തമായ സർവ്വീസ് ചട്ടങ്ങളോ ഉത്തരവുകളോ നിലവിലില്ലെങ്കിൽ സ്ഥാനക്കയറ്റ ഉത്തരവ് കൈപ്പറ്റിയ ഒരു ഉദ്യോഗസ്ഥൻ അനിശ്ചിതമായ കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കാതിരുന്നാൽ (റിലിങ്ക്യുഷ്മെന്റ് ഓഫ് റൈറ്റ്സും നൽകാതെ) പ്രസ്തുത സാഹചര്യത്തെ എപ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ സർവ്വീസ് ചട്ടങ്ങളിൽ [കെ.എസ്.&എസ്.എസ്.ആർ.] അവ്യക്തതയുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ചുമതലയിൽ വ്യത്യാസമുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന തസ്തികയിൽ പ്രവേശിക്കുമ്പോൾ മാത്രമേ ടി തസ്തികയിലെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുകയുള്ളൂ. സർക്കാർ/മേലധികാരിയുടെ ഉത്തരവ് പാലിക്കുന്നതിന് എല്ലാ സർക്കാർ ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണ്. അപ്രകാരം ചെയ്യാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. കെ.എസ്.&എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**എൻക്വയറി ഓഫീസർ തസ്തികയ്ക്ക് പ്രത്യേക ശമ്പള സ്കെയിൽ**

42(1993) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിലെ എൻക്വയറി ഓഫീസർ തസ്തികയ്ക്ക് പ്രത്യേക ശമ്പള സ്കെയിൽ അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

വിശദമാക്കാമോ?

പി.എസ്.സി.-ലെ എൻക്വയറി ഓഫീസർ തസ്തികയ്ക്ക് നിലവിൽ അനുവദിച്ചിരുന്ന ശമ്പള സ്കെയിലായ 40500-85000-ന് ആനുപാതികമായ സ്കെയിലായ 56500-118100 ആണ് 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10-02-2021-ലെ ജി.ഒ.(പി)നം.27/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നല്കിയിട്ടുള്ളത്.

(ബി) ഓഫീസ് സൂപ്രണ്ടിന്റെ പ്രൊമോഷൻ തസ്തികയായ പ്രസ്തുത തസ്തികയ്ക്ക് പ്രത്യേക സ്കെയിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**തൃശ്ശൂർ മണ്ഡലത്തിൽ കെ-ഫോൺ സേവനം**

43(1994) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ കെ-ഫോൺ സേവനം നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിലും

ഓഫീസുകളിലുമാണ് പുതുതായി കെ -ഫോൺ സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) തൃശ്ശൂർ മണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമാകുന്ന സർക്കാർ ഓഫീസുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

## സ്റ്റാർട്ടപ്പുകൾ

44 (1995) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാർട്ടപ്പുകൾ ഏതെല്ലാമെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ആയതിന്റെ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം താഴെപ്പറയുന്നു:

| ക്രമ നം | ജില്ല | സ്റ്റാർട്ടപ്പുകളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 100 |
| 2 | എറണാകുളം | 1095 |
| 3 | ഇടുക്കി | 34 |
| 4 | കണ്ണൂർ | 113 |
| 5 | കാസർകോട് | 38 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| 6 | കൊല്ലം | 158 |
| 7 | കോട്ടയം | 134 |
| 8 | കോഴിക്കോട് | 268 |
| 9 | മലപ്പുറം | 170 |
| 10 | പാലക്കാട് | 118 |
| 11 | പത്തനംതിട്ട | 55 |
| 12 | തിരുവനന്തപുരം | 589 |
| 13 | തൃശ്ശൂർ | 275 |
| 14 | വയനാട് | 25 |
| | ആകെ | 3172 |

മേൽപ്പറഞ്ഞ സ്റ്റാർട്ടപ്പുകളുടെ പേരും ജില്ലയും തിരിച്ചുള്ള പട്ടിക അനുബന്ധമായി* ഉൾക്കൊള്ളിക്കുന്നു.

(ബി) പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

പുതിയ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്നവയാണ്.

1. സ്റ്റാർട്ടപ്പുകൾ കമ്പനിയായി രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നുവെങ്കിൽ രജിസ്ട്രാർ ഓഫ് കമ്പനീസ് മുഖാന്തിരമോ പാർട്ട്ണർഷിപ്പ് സ്ഥാപനമായിട്ടാണ് രജിസ്റ്റർ ചെയ്യേണ്ടതെങ്കിൽ രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരമോ രജിസ്റ്റർ ചെയ്യുക.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. അപ്രകാരം രജിസ്ട്രേഷൻ ലഭിച്ച സ്ഥാപങ്ങൾ കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (DPIIT)- ന്റെ രജിസ്ട്രേഷൻ നേടുക.

3. മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള രജിസ്ട്രേഷനുകൾ പൂർത്തിയാക്കിയ ശേഷം കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി ലഭിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ വെബ്സൈറ്റിലുള്ള ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കുക.

**കെ -ഫോൺ**

45(1996) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് കിളിമാനൂർ PoP (പോയിന്റ് ഓഫ് പ്രസൻസ്) ന്റെ നിർമ്മാണം 60% പൂർത്തിയായിട്ടുണ്ട്. ADSS (ആൾ ഡൈ-ഇലക്ട്രിക് സെൽഫ്-സപ്പോർട്ടിംഗ്)

കേബിൾ 161 കിലോമീറ്റർ പൂർത്തിയാകാനുള്ളതിൽ 139 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. വാമനപുരം മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം കണക്ഷൻ ലഭ്യമാക്കാനുള്ള ഓഫീസുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

## കെ-ഫോൺ സേവനം

46(1997) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം നിലവിലേതെല്ലാം സ്ഥലങ്ങളിലും ഓഫീസിലുമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമാകുന്ന ഓഫീസുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ എം.എൽ.എ. -മാരുടെ ക്യാമ്പ് ഓഫീസുകളിൽ കെ-ഫോൺ സേവനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള നോളജ് ഇക്കോണമി മിഷൻ

47(1998) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള നോളജ് ഇക്കോണമി മിഷൻ പദ്ധതി മുഖേന ഇതുവരെ എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള നോളജ് ഇക്കണോമി മിഷൻ പദ്ധതി മുഖേന ഇതുവരെ 2530 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 20 ലക്ഷം പേർക്ക്, വരുന്ന 5 വർഷത്തിനകം, വിജ്ഞാന തൊഴിലുകൾ നൽകുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് കേരള നോളജ് ഇക്കണോമി മിഷൻ. ഇതിന്റെ പൈലറ്റ് പ്രവർത്തനമെന്ന നിലയിൽ 2021 ഡിസംബർ 17 മുതൽ 2022 ജനവരി 20 വരെയുള്ള കാലയളവിൽ കേരളത്തിലെ 14 ജില്ലകളിലും ഫിസിക്കൽ തൊഴിൽ മേളകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കരിയർ ബ്രേക്ക് വന്നിട്ടുള്ള വനിതകൾക്കായി 'ബാക് ടു കരിയർ' എന്ന പേരിൽ മൂന്ന് തൊഴിൽ മേളകളും നടത്തി. കൂടാതെ ജനവരി 21 മുതൽ 31 വരെ 106 കമ്പനികളെ പങ്കെടുപ്പിച്ച് വെർച്വൽ തൊഴിൽമേളയും നോളജ് ഇക്കണോമി മിഷന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡിജിറ്റൽ

വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) വഴി നടത്തുകയുണ്ടായി. ഈ തൊഴിൽ മേളകളിലെല്ലാമായി ആദ്യഘട്ട ഇന്റർവ്യൂവിന്റെ ഭാഗമായി ഇതുവരെ 2530 പേർക്ക് ഓഫർ ലെറ്റർ നൽകിയിട്ടുമുണ്ട്. ബാക്കിയുള്ളവരുടെ വിവിധ ഘട്ടങ്ങളിലുള്ള ഇന്റർവ്യൂ പ്രക്രിയ നടന്നുവരികയാണ്.

**ഐ.ടി. മേഖലയുടെ വികസനം**

48(1999) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2022 ജനുവരി വരെ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ നിയമിതരായ ജീവനക്കാരുടെ ആകെ എണ്ണവും ഓരോ വർഷം തിരിച്ചുള്ള അവരുടെ കണക്ക് പ്രത്യേകമായും ലഭ്യമാക്കാമോ?

2016 മെയ് മുതൽ 2022 ജനുവരി വരെ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പുതുതായി നിയമിതരായ ജീവനക്കാരുടെ ആകെ എണ്ണം 41335 ആണ്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത കാലയളവിൽ ഐ.ടി. മേഖലയിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് പ്രത്യേകമായി ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ ഐ.ടി. മേഖലയിൽ പുതുതായി രജിസ്റ്റർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടുള്ള കമ്പനികളുടെ എണ്ണം 454. അവയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ ഐ.ടി. രംഗത്തെ കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധിച്ചുവെന്നും വർദ്ധിച്ച തുക എത്ര കോടിയാണെന്നും അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## കെ-ഫോൺ പദ്ധതി

49(2000) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതിയുടെ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ഏതാണെന്ന് അറിയിക്കുമോ?

കേന്ദ്ര പൊതുമേഖല സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിൽ നിന്നും ലഭ്യമാക്കുന്ന 1 gbps ബാൻഡ് വിഡ്ത്ത് ഉപയോഗിച്ചാണ് നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് കണക്ഷൻ നൽകി വരുന്നത്. കൂടുതൽ ബാൻഡ് വിഡ്ത്ത് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ടെൻഡർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടിക്രമത്തിലൂടെ സർവ്വീസ് പ്രൊവൈഡർമാരെ തെരഞ്ഞെടുക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് കെ-ഫോൺ മുഖേന എത്ര സർക്കാർ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ മൂവായിരത്തോളം ഓഫീസുകൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതി മുഖേന കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(സി) കെ-ഫോൺ പദ്ധതി മുഖേന എം.എൽ.എ. മാരുടെ ഓഫീസുകളിൽ ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കുമോ; അറിയിക്കാമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് നടപടി

50(2001) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് സ്വയംതൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിനായി പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയവയിലായി 341 ഇന്നവേഷൻ ആന്റ്

എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ (IEDC) കൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ഗ്രാമീണ മേഖല ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഈ സെന്ററുകളാണ് പ്രാദേശികമായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

(ബി) സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലന പരിപാടികൾ ഗ്രാമീണ തലത്തിൽ സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്നറിയിക്കാമോ?

IEDC-കളിലൂടെ കേരള സ്റ്റാർട്ടപ്പ് മിഷൻ നേരിട്ടും സാമൂഹിക പങ്കാളികൾ വഴിയും വിവിധ ഹാക്കത്തോണുകൾ, ബൂട്ട് ക്യാംപുകൾ, ഇന്നവേഷൻ ചലഞ്ചുകൾ, വിവിധ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

## സ്റ്റാർട്ടപ്പുകൾ

51 (2002) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-ഓടുകൂടി സംസ്ഥാനത്ത് ആരംഭിക്കാൻ ലക്ഷ്യമിടുന്ന

സ്റ്റാർട്ടപ്പുകൾ, അവ മുഖേനെയുള്ള തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ; 2016 മുതൽ ആരംഭിച്ച സ്റ്റാർട്ടപ്പുകൾ, അവ മുഖേനയുള്ള തൊഴിലവസരങ്ങൾ എന്നിവയിൽ പുരോഗതിയുണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

2026 ആകുമ്പോഴേയ്ക്കും സംസ്ഥാനത്ത് 15000 സ്റ്റാർട്ടപ്പുകളും അതിലൂടെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2016 മുതൽ നാളിതുവരെ മൂവായിരത്തോളം സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും ഇതുവഴി 35000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ വളർച്ചയിലൂടെയും പുതിയ സ്റ്റാർട്ടപ്പുകളുടെ രൂപീകരണത്തോടെയും തൊഴിലവസരങ്ങൾ ഗണ്യമായ രീതിയിൽ വർദ്ധിക്കുന്നുണ്ട്.

(ബി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ; സ്റ്റാർട്ടപ്പുകൾവഴി നിക്ഷേപം വർദ്ധിപ്പിക്കുന്നതിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിനായി സംസ്ഥാനത്തെ ഇൻകുബേറ്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുക, ആശയ വികസനം മുതൽ

കൂടുതൽ ധനസഹായം നൽകുക, മെന്റർഷിപ്പ് പരിപാടികൾ കൂടുതലായി നടത്തുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം ലഭ്യമാക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പുകളിലെ നിക്ഷേപം 2016-ൽ ഏകദേശം 50 കോടി രൂപയായിരുന്നു. എന്നാൽ നിലവിലെ നിക്ഷേപം ഏകദേശം 3200 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് ഐ.ടി. പാർക്കുകളേയും സ്റ്റാർട്ടപ്പുകളേയും ബന്ധിപ്പിച്ചുകൊണ്ട് നോളേജ് ചെയിൻ സൃഷ്ടിക്കാൻ പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരളത്തിലുടനീളമുള്ള എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയവയിലായി 341 ഇന്നവേഷൻ & എന്റർപ്രണർഷിപ്പ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്ററുകൾ കേന്ദ്ര-സംസ്ഥാന സർക്കാർ-സ്വകാര്യ സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സാങ്കേതികവിദ്യാ വിനിമയത്തിനുള്ള ഒരു ശൃംഖലയായി പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതിക

സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവ സജ്ജീകരിക്കാൻ കഴിയും. ഇതുവഴി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സാമ്പത്തിക ഉൽപാദന പ്രക്രിയയിൽ പങ്കാളികളാകാനും പരിശീലനം നേടാനും വരുമാനമുണ്ടാക്കാനും കഴിയും. പൂർവ്വ വിദ്യാർത്ഥികൾ ഉൾപ്പെടെ അഭ്യസ്തവിദ്യരായ ആളുകളെ ഈ സംരംഭങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്യാം. ലോകത്തെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സമാനമായ തൊഴിൽ സംരംഭക കേന്ദ്രങ്ങളുണ്ട്. കേരളത്തിലെ 14 ജില്ലകളിലും ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ തുടങ്ങാനുള്ള പൈലറ്റ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്കിൽ എക്കോ സിസ്റ്റം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ എന്നിവയ്ക്ക് സ്കിൽ കോഴ്സുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകും. വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഉൽപാദന കേന്ദ്രങ്ങൾ കൂടി വികസിപ്പിക്കുന്നതിന് സഹായകരമായിട്ടാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്ഥാപനമെന്ന ക്രമത്തിൽ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഈ പദ്ധതി

നടപ്പിലാക്കും. നോളജ് ഇക്കണോമി മിഷനിൽ പങ്കാളികളായി കെ-ഡിസ്കുമായി സഹകരിച്ച് കോഴ്സുകൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കാൻ സഹായം നൽകും. ഇതിനായി കിഫ്ബിയിൽനിന്നും 140 കോടി രൂപ വകയിരുത്തും. ഐ.ടി. പാർക്കുകളും സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട് നോളജ് ചെയിൻ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിൽ പരിഗണനയിലില്ല.

**ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങൾ**

52(2003) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളരെ കുറച്ച് അക്ഷയ കേന്ദ്രങ്ങളിൽ മാത്രമാണ് ആധാർ സേവനങ്ങൾ നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുഭൂരിപക്ഷം അക്ഷയ കേന്ദ്രങ്ങളിലും പുതിയ ആധാർ രജിസ്ട്രേഷൻ, ആധാർ അപ്ഡേഷൻ, ഇ ആധാർ പ്രിന്റ് എടുക്കൽ, കുട്ടികളുടെ ആധാർ എൻറോൾമെന്റ് തുടങ്ങിയ ആധാറിന്റെ സേവനങ്ങൾ നൽകി വരുന്നുണ്ട്.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങളുണ്ടെന്ന വിവരവും ആയതിൽ ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങളുടെ വിവരവും ലഭ്യമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 29 അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ പ്രവർത്തിച്ചുവരുന്ന 26 അക്ഷയ കേന്ദ്രങ്ങളിൽ 4 എണ്ണത്തിൽ അംഗീകൃത ഓപ്പറേറ്റർമാരില്ലാത്തതിനാൽ ആധാറുമായി ബന്ധപ്പെട്ട് സേവനങ്ങളൊന്നും നൽകുന്നില്ല. ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങൾക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ വിശദീകരിക്കാമോ?

എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പുതിയ ആധാർ എൻറോൾമെന്റ് നിർബന്ധമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുപ്രകാരം ഓരോ അക്ഷയ കേന്ദ്രത്തിലും നിർബന്ധമായി ഉണ്ടാകേണ്ട സാമഗ്രികളുടെ കൂട്ടത്തിൽ ആധാർ എൻറോൾമെന്റ് നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആധാർ എൻറോൾമെന്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സംരംഭകർക്ക് സാമ്പത്തികമായി അധിക ബാധ്യതയുണ്ടാകുന്നത് സംരംഭകരെ പിന്തിരിപ്പിക്കുന്നു. കൂടാതെ പുതിയതായി ആധാർ എൻറോൾമെന്റ് നടത്തുന്ന മുതിർന്ന ആളുകളുടെ എണ്ണവും താരതമ്യേന കുറവായതിനാൽ ഇക്കാര്യത്തിൽ കൂടുതൽ നിക്ഷേപത്തിന് സംരംഭകർ മുതിരുന്നില്ല. കുട്ടികളുടെ ആധാർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻറോൾമെന്റ് നടത്തുന്നതിനുള്ള ടാബ് സർക്കാർ മുഖേന എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നൽകിയിട്ടുണ്ട്. ആധാർ അപ്ഡേഷൻ, ഇ-ആധാർ ഡൗൺലോഡിംഗ് എന്നീ സേവനങ്ങൾ എല്ലാ അക്ഷയ കേന്ദ്രങ്ങളും നിർബന്ധമായും ചെയ്യേണ്ട സേവനങ്ങളാണ്. ബഹുഭൂരിപക്ഷം കേന്ദ്രങ്ങളിലും ടി സേവനങ്ങൾ ചെയ്തുവരുന്നുണ്ട്.

(ഡി) വൻ തിരക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

30-07-2021-ലെ സ.ഉ.(കൈ)നം.24/2021/വിസവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ. ആയും മുനിസിപ്പാലിറ്റികളിൽ 1.5 കി.മീ. ആയും കോർപ്പറേഷനുകളിൽ 1 കി.മീ. ആയും പുനഃക്രമീകരിച്ച് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്ത് 3 ജി, 4 ജി പദ്ധതി**

53(2004) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 3 ജി, 4 ജി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ സ്ഥാപനങ്ങളും സ്വകാര്യടെലികോം സർവ്വീസ്

പ്രൊവൈഡർമാരും എത്ര കിലോമീറ്റർ ദൂരമാണ് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയാമോ; ഓരോ ഏജൻസികളും എത്രദൂരം കേബിൾ സ്ഥാപിച്ചു; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് ടെലികോം/ഇന്റർനെറ്റ് സേവനങ്ങൾക്കായി വിവിധ സ്വകാര്യ ടെലികോം സർവീസ് പ്രൊവൈഡർമാരും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.-ലും ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. 15-09-2015-ലെ സ.ഉ.(കൈ)നം.39/2015/ വി.സ.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ റോഡ് ശൃംഖലകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള റൈറ്റ് ഓഫ് വേ (RoW) മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്വകാര്യ ടെലികോം സർവ്വീസ് പ്രൊവൈഡർമാർക്ക് 17,400-ഓളം കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും അതിൽ 11,000-ഓളം കിലോമീറ്റർ കേബിളുകൾ പൂർത്തീകരിക്കുകയുമുണ്ടായി. 3G, 4G സേവനങ്ങൾക്കായി ബി.എസ്.എൻ.എൽ. 23,400 -ഓളം കിലോമീറ്റർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് (കെ-ഫോൺ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം

കേബിളുകൾ വലിക്കുന്ന ജോലികൾ പുരോഗമിച്ചുവരികയാണ്. ഇതിനോടകം പതിനാറായിരത്തിലധികം കിലോമീറ്റർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഇനത്തിൽ ഓരോ സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച ഡെപ്പോസിറ്റ്, സർവ്വീസ് ചാർജ് എന്നിവയുടെ വിശദാംശങ്ങൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ ?

(ബി&സി) റൈറ്റ് ഓഫ് വേ (Right of Way) അനുമതി നൽകുന്നതിനായുള്ള പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ടെലികോം സേവനദാതാക്കൾ ഒരു കിലോമീറ്ററിന് 75,000/- രൂപയെന്ന നിരക്കിൽ വൺ ടൈം കോൺട്രിബ്യൂഷൻ (One Time Contribution) അടയ്ക്കേണ്ടതുണ്ട്. ഇപ്രകാരം, സ്വകാര്യ ടെലികോം സേവനദാതാക്കളിൽ നിന്നും നാളിതുവരെ വൺ ടൈം കോൺട്രിബ്യൂഷൻ (One Time Contribution) ഇനത്തിൽ ₹ 130,48,38,825 (നൂറ്റി മുപ്പത് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ടി തുകയിൽ നിന്നും ₹ 100,39,10,416 (നൂറ് കോടി മുപ്പത്തിയൊൻപതു ലക്ഷത്തി

പതിനായിരത്തി നാനൂറ്റി പതിനാറു രൂപ മാത്രം) വിവിധ ഇനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. വിശദമായ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## സി-ഡിറ്റിനായി അനലിറ്റിക്കൽ എഞ്ചിൻ

54(2005) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിനാവശ്യമായ അനലിറ്റിക്കൽ എഞ്ചിൻ ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിന് 05-01-2019-ൽ മുപ്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തേഴായിരത്തി അറുന്നൂറ് രൂപയുടെ വർക്ക് ഓർഡർ M/s എക്സ്പെർട്സ് ലാബ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നല്കിയിരുന്നോ; എങ്കിൽ ആയത് ടി സ്ഥാപനം നിർമ്മിച്ചു നൽകിയോ;

(ബി) സി-ഡിറ്റിന്റെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളുടെ നിർമ്മാണത്തിൽ ഏതിലെല്ലാം പ്രസ്തുത അനലിറ്റിക്കൽ എഞ്ചിൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചിട്ടുണ്ട്; സർക്കാരിനായി നിർമ്മിച്ച സി.എം.ഒ., സി.എം.ഡി.ആർ.എഫ്. പദ്ധതി ആപ്ലിക്കേഷനുകളിൽ ആയത് ഉപയോഗിച്ചിട്ടുണ്ടോ; ആയത് നിർമ്മിച്ച ഇനത്തിലെ മുഴുവൻ തുകയും പ്രസ്തുത സ്ഥാപനത്തിന് നൽകിയിരുന്നോ; വിശദമാക്കുമോ;

(സി) പ്രസ്തുത അനലിറ്റിക്കൽ എഞ്ചിൻ സോഫ്റ്റ്‌വെയർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിച്ചതുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് സാമ്പത്തിക നഷ്ടമുണ്ടായോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ ഉചിതമായ നടപടി എടുക്കുമോ?

(എ-സി) M/s എക്സ്പെർട്സ് ലാബ് ടെക്നോളജീസിന് വർക്ക് ഓർഡർ നൽകിയെങ്കിലും ആപ്ലിക്കേഷൻ നിർമ്മിച്ച് നൽകുകയുണ്ടായില്ല. ആയതിലേയ്ക്കായി തുകയൊന്നും ചെലവാക്കിയിട്ടില്ല.

## കെ-ഫോൺ പദ്ധതിക്കാവശ്യമായ ബാന്റ് വിഡ്ത്ത് കണക്ടിവിറ്റി

55(2006) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ഓഫീസുകളിലും വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൽകുന്നതിനാവശ്യമായ ബാന്റ് വിഡ്ത്ത് കണക്ടിവിറ്റി ഏതെല്ലാം ടെലികോം സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നാണ് ലഭിക്കുന്നതെന്നും അവ സൗജന്യമായാണോ ലഭ്യമാക്കുന്നതെന്നും അറിയിക്കാമോ;

(ബി) സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇരുപതുലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിന് ഈ സൗജന്യ ബാൻറ് വിഡ്ത്ത് കണക്ഷൻ

മതിയാകുമോ; ഇല്ലെങ്കിൽ കൂടുതൽ ബാന്റ് വിഡ്ത്ത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) കേന്ദ്ര പൊതുമേഖല സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിൽ നിന്നും ലഭ്യമാക്കുന്ന 1 gbps ബാൻഡ് വിഡ്ത്ത് ഉപയോഗിച്ചാണ് നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് കണക്ഷൻ നൽകി വരുന്നത്. പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനാവശ്യമായി വരുന്ന ബാൻഡ് വിഡ്ത്ത് ലഭ്യമാക്കുന്നതിനായി ടെൻഡർ നടപടികളിലൂടെ സർവ്വീസ് പ്രൊവൈഡർമാരെ തെരഞ്ഞെടുക്കുന്നതാണ്.

(സി) സ്വകാര്യ സർവ്വീസ് പ്രൊവൈഡർമാർ നൽകുന്ന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുവാൻ കെ-ഫോൺ പദ്ധതിക്ക് കഴിയുമോയെന്നും ഇല്ലെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

കേരളത്തിലെ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് സ്വകാര്യ സർവ്വീസ് പ്രൊവൈഡർമാർ നൽകുന്ന

നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകാൻ കെ-ഫോൺ പദ്ധതിക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

## സി-ഡിറ്റ് പ്ലാൻ പദ്ധതി

56(2007) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് പദ്ധതി വിഹിതമുപയോഗിച്ച് ഇരുപത്തിയൊൻപത് ലക്ഷത്തി അൻപതിനായിരം രൂപയുടെ പർച്ചേസ് ഓർഡർ മുഖേന ഐ.ടി. അസ്സറ്റ് (എന്റർപ്രൈസ് മാനേജ്മെന്റ്) സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ 2018 നവംബർ മാസത്തിൽ വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതെന്ത് ആവശ്യത്തിനാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഐ.ടി. ഇൻഫ്രാസ്ട്രക്ചറും ഡിജിറ്റൽ ആസ്തികളും കൈകാര്യം ചെയ്യുന്നതിനുള്ള സി-ഡിറ്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായാണ് BMC ഐ.ടി. അസറ്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ വാങ്ങിയത്. ഇൻഫ്രാസ്ട്രക്ചർ ആഡിറ്റ് നടപ്പാക്കുന്നതിനുള്ള കരാറിൽനിന്ന് കെ.എസ്.എഫ്.ഇ. പിൻമാറിയതിനാലാണ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ കഴിയാതെ

വന്നത്.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിപ്പണം ദുരുപയോഗം ചെയ്ത് പ്രസ്തുത പർച്ചേസ് നടത്തിയവർക്കെതിരെ ഉചിതമായ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) Perpetual License ആയതിനാൽ ഈ സോഫ്റ്റ്‌വെയർ തുടർന്നും ഉപയോഗിക്കാവുന്നതാണ്. ഉചിതമായ പുറംകരാറുകൾ ലഭിക്കുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുമാനം കണ്ടെത്താനാകും.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

57(2008) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി എത്ര പേർക്ക് ആനുകൂല്യം നൽകി; എത്ര കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി 597868 പേർക്ക് ചികിത്സാ സഹായമായി 1106,44,33,159/- (ആയിരത്തി ഒരുനൂറ്റി ആറ് കോടി നാൽപത്തിനാല് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഒരുനൂറ്റി അമ്പത്തൊമ്പത്) രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഓഖി, പ്രളയം, കോവിഡ്, മറ്റു വകുപ്പുകൾ വഴി നൽകിയ സഹായം എന്നിവ ഉൾപ്പെടെ ആകെ 6541.16 കോടി(ആറായിരത്തി അഞ്ഞൂറ്റി നാല്പത്തിയൊന്ന്കോടി പതിനാറു ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്.

**കോവിഡ് മരണം**

58 (2009) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ കോവിഡ് ബാധിച്ച് മരണമടഞ്ഞ എത്രപേരുടെ ആശ്രിതർക്കാണ് ധനസഹായം നൽകിയതെന്ന് വിശദമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ കോവിഡ് ബാധിച്ച് മരണമടഞ്ഞ 6222 പേരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കോവിഡ് ബാധിച്ച് മരിച്ചവരുടെ ധനസഹായം**

59(2010) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അൻപതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിക്ക് തൃശ്ശൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അൻപതിനായിരം രൂപ ധനസഹായം അനുവദിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റിലീഫ് പോർട്ടലിൽനിന്നും മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. തൃശ്ശൂർ ജില്ലയിൽ 10-03-2022 വരെ 6440 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) റിലീഫ് പോർട്ടൽവഴി പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) തൃശ്ശൂർ മണ്ഡലത്തിൽ എത്ര പേർക്കാണ് ധനസഹായം ലഭിച്ചതെന്ന് അറിയിക്കാമോ?

മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ, ജില്ലയിൽ 10-03-2022 വരെയുള്ള കണക്കുപ്രകാരം 6222 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്.

**കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം**

60(2011) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ 2020 ആഗസ്റ്റ് 7 -നുണ്ടായ വിമാനാപകടത്തെ തുടർന്ന് താല്ക്കാലികമായി നിർത്തലാക്കിയ വലിയ വിമാന സർവ്വീസുകൾ ഇതുവരെ പുനരാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

07-08-2021-ൽ നടന്ന വിമാനാപകടത്തിന്റെ കാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB) യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുനരാരംഭിക്കുകയുള്ളൂ. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് വിമാനത്താവള ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു.

(ബി) റൺവേയുടെ നീളം കൂട്ടുന്നതിനുവേണ്ട സ്ഥലമേറ്റെടുത്ത് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കാമോ?

378.48 ഏക്കർ വിസ്തീർണ്ണമുള്ള കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെ വലിപ്പം 10/28 - 2700m X45m ആണ്. ഈ റൺവേ കോഡ് D, കോഡ് E വിമാനങ്ങൾക്ക് അനുയോജ്യമാണ്. വിമാനത്താവളത്തിന്റെ ഡൊമസ്റ്റിക്ക് ടെർമിനൽ 12000 SQM ഉം ഇന്റർനാഷനൽ ടെർമിനൽ 39920 SQM ഉം ആണ്. ഇവിടുത്തെ വാർഷിക പാസഞ്ചർ കപ്പാസിറ്റി 3.5 MPPA ആണ്. 12 ഏപ്രണുള്ള ഈ വിമാനത്താവളത്തിൽ രാത്രിയിലും വിമാനമിറങ്ങുന്നതിനുള്ള സൗകര്യമുണ്ട്. കോഴിക്കോട് വിമാനത്താവളത്തിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013 -ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജെന്ന ഏജൻസിയേയും കാർ പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ

നിയമിച്ചിരുന്നു. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് പുറപ്പെടുന്ന വിദേശത്തേയ്ക്കുള്ള വിമാനങ്ങൾ അമിതനിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിമാന നിരക്ക് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ടിക്കറ്റ് നിരക്ക് നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിനോട് പല തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തെല്ലാം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് വിമാനത്താവള വികസന സ്ഥലമെടുപ്പിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013 -ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജെന്ന ഏജൻസിയേയും കാർ

പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസെന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. എന്നാൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സാമൂഹ്യാഘാത പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി റവന്യൂ, പൊതുമരാമത്ത്, ഗതാഗത, കായിക വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ 01-09-2021-ന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഒരുയോഗം ഓൺലൈനായി ചേരുകയും, തുടർന്ന് ഭൂമി ഏറ്റെടുക്കലിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിന് കാലിക്കറ്റ് വിമാനത്താവളത്തിൽ വച്ച് 18-10-2021-ന് യോഗം ചേരുകയും ചെയ്തു. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇതു സംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രിയുമായി 30-09-2021-ന് ചർച്ച നടത്തിയിട്ടുണ്ട്.

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മേൽപ്പാലങ്ങൾ**

61(2012) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കേരള റെയിൽ

ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മേൽപ്പാലങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ലെവൽ ക്രോസ്സ് നമ്പർ-23 (കോതനല്ലൂർ ഗേറ്റ്)-ൽ മേൽപ്പാലമാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) ഈ മേൽപ്പാലങ്ങൾക്ക് എന്തുമാത്രം സ്ഥലമാണേറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്; ഇവ നിർമ്മിക്കുവാൻ എത്ര തുക ചെലവാകുമെന്ന് വെളിപ്പെടുത്താമോ?

ഏകദേശം 52.84 ആർ ഭൂമി ഏറ്റെടുക്കാനാണ് ജില്ലാകളക്ടർക്ക് അർത്ഥന സമർപ്പിച്ചിരിക്കുന്നത്. പദ്ധതിയുടെ നിർമ്മാണ ചെലവായി ഏകദേശം 20.23 കോടി രൂപയാണ് എസ്റ്റിമേറ്റ് തുകയായി കണക്കാക്കുന്നത്.

(സി) ഈ പാലങ്ങൾക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിന്റെ സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പദ്ധതിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാമൂഹ്യാഘാത പഠനം

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ പദ്ധത മൂലം എത്ര കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടുമെന്ന് വിശദമാക്കാമോ; ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ?

ഒരു വീടിനോട് ചേർന്നുള്ള ഷെഡ്, കോമേഴ്ഷ്യൽ ബിൽഡിംഗിന്റെ ഭാഗമായ ഒരുഷെഡ് എന്നിവ ഭാഗീകമായി ബാധിക്കുന്നുണ്ട്. ഈ പദ്ധതിക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) ഈ മേൽപ്പാലങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ സ്ഥലം എം.എൽ.എ.- മാരെയും മറ്റുജനപ്രതിനിധികളെയും അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കെ.ആർ.ഡി.സി.എൽ. 2018-19-ൽ ഗ്രാമപഞ്ചായത്തിന് കോൺസെപ്റ്റ് ഡ്രോയിംഗ് നൽകുകയും പിന്നീട് പ്രദേശത്തെ ആർ.ഒ.ബി.-യുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം ലൈറ്റ് മെട്രോ

62(2013) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോയുടെ

ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ആയത് ലഭിക്കുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; ആയത് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ 2015 സെപ്റ്റംബറിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ ഡി.പി.ആർ.-ഉം വിശദാംശങ്ങളും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ. പുതുക്കുകയും 2021 ഫെബ്രുവരിയിൽ ഇതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് എത്രയും വേഗം അംഗീകാരം ലഭ്യമാക്കണമെന്ന് കേന്ദ്രനഗരകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന എസ്.പി.വി. ആണ് ലൈറ്റ് മെട്രോ പദ്ധതിയുടെ

പ്രവർത്തനങ്ങൾ നടത്തിവന്നിട്ടുള്ളത്. എന്നാൽ ഒരു സംസ്ഥാനത്തിന് ഒരു മെട്രോ സ്ഥാപനമെന്ന കേന്ദ്രനഗരകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശം കണക്കിലെടുത്ത് KRTL-നെ കൊച്ചി മെട്രോയുമായി (KMRL) ലയിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ; ഇതിനോടനുബന്ധിച്ചുള്ള മേൽപ്പാലങ്ങളുടെ അവസ്ഥ വിശദീകരിക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം, ഉള്ളൂർ, പട്ടം മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(സി&ഡി) 2017 ആഗസ്റ്റിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ. പുതുക്കി സമർപ്പിച്ചത് ഡി.എം.ആർ.സി.-യാണ്. ശ്രീകാര്യം, പട്ടം മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഉള്ളൂർ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

(ഇ) ശ്രീകാര്യം മേൽപ്പാലവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പിലെ

രജിസ്ട്രേഷൻ നടപടികളിലെ അവ്യക്തത വിശദീകരിക്കാമോ; ഇതു സംബന്ധിച്ചുള്ള രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

രജിസ്ട്രേഷൻ നടപടികളിൽ അവ്യക്തതയില്ല. രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്ന വിഷയം പരിഗണിച്ചുവരുന്നു.

**കെ-റെയിൽ**

63(2014) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബൗണ്ടറി ആക്ട് പ്രകാരം 60 x 15 x 15 സെ.മീ സൈസിലുള്ള സർവ്വേക്കല്ലുകൾ വേണമെന്നിരിക്കെ ഏകദേശം 2.5 കോടി രൂപ മുടക്കി കെ.ആർ.ഡി.സി.എൽ. എന്ന് രേഖപ്പെടുത്തിയ കോൺക്രീറ്റ് കുറ്റികൾ നിർമ്മിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുഖജനാവിന് നഷ്ടമുണ്ടാക്കിയ ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുമോ?

(എ&ബി) കേരള സർവ്വേ & ബൗണ്ടറി റൂൾ 7(3) അനുസരിച്ചാണ് കോൺക്രീറ്റ് കല്ലുകൾ ഉപയോഗിക്കുവാനുള്ള അനുമതി നൽകിയിട്ടുള്ളത്.

**കെ റെയിൽ അർദ്ധ അതിവേഗപാത**

64(2015) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈനിനുവേണ്ടി റെയിൽവേയുടെ അധീനതയിലുള്ള 185 ഹെക്ടർ സ്ഥലം വിട്ടുതരുകയില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയം പറഞ്ഞിരിക്കുന്നതിനാൽ, സിൽവർലൈനിനുവേണ്ടി നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള അലൈൻമെന്റ് മാറ്റേണ്ടിവരുമോയെന്ന് അറിയിക്കാമോ?

വിട്ടുതരികയില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയം അറിയിച്ചിട്ടില്ല.

(ബി) കേന്ദ്ര റെയിൽവേ മന്ത്രാലയം അലൈൻമെന്റ് അംഗീകരിക്കുന്നതിനുമുമ്പ് എങ്ങനെയാണ് സാമൂഹ്യാഘാത പഠനം നടത്തുന്നതെന്നും അലൈൻമെന്റ് മാറ്റേണ്ടി വരുന്നതുകൊണ്ട് ഇപ്പോൾ നടത്തുന്ന സാമൂഹ്യാഘാത പഠനത്തിന് പ്രസക്തിയുണ്ടോയെന്നും വ്യക്തമാക്കാമോ?

റെയിൽവേ ബോർഡിന്റെ തത്വത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ (നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങൾ) ചെയ്യാൻ കേന്ദ്രഗവൺമെന്റിന്റെ Ministry of Finance-ന്റെ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. സിൽവർലൈൻ നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങളേറ്റെടുത്ത്

ചെയ്യുവാൻ തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്രഭരണ പ്രദേശമായ മാഹിയിലൂടെ സിൽവർലൈൻ അലൈൻമെന്റ് കടന്നുപോകുന്നതിനാവശ്യമായ അനുമതി അധികാരികളിൽ നിന്നും ലഭിച്ചിട്ടുണ്ടോ?

നിലവിൽ സിൽവർലൈൻ അലൈൻമെന്റിനുവേണ്ടി മാഹിയിൽ സ്ഥലമേറ്റെടുക്കേണ്ട ആവശ്യമില്ല.

(ഡി) നൂറ്റിനാല്പതു കി.മീ. ദൈർഘ്യമുള്ള നെൽവയലുകളും ഏകദേശം അത്രയുംതന്നെ വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലവും മൂന്ന് എലിവേറ്റഡ് സ്റ്റേഷനുകളുമുള്ള പാതയിൽ തൂണിന്മേലുള്ള പാത 88.41 കി.മീ. മാത്രമുള്ളപ്പോൾ ഈ പദ്ധതിയെങ്ങനെയാണ് പരിസ്ഥിതി സൗഹൃദമാകുന്നതെന്ന് വ്യക്തമാക്കാമോ?

വിശദമായ Hydrology പഠനം നടത്തി പ്രകൃതിയിലുള്ള ചാലുകളുടെ ഒഴുക്ക് തടസ്സപ്പെടുത്താത്ത രീതിയിലാണ് പദ്ധതിയുടെ Structural Design നടത്തിയിരിക്കുന്നത്. ഇത് വെള്ളപ്പൊക്കം ഉണ്ടാക്കുകയില്ല. പൂർണ്ണമായും പുനരുപയോഗ ഊർജ്ജം ആശ്രയിക്കുന്ന പദ്ധതിയായതിനാൽ കാർബൺ ബഹിർഗമനം ഈ പദ്ധതിക്കില്ലെന്ന് തന്നെ പറയാം. റോഡിലെ ചരക്കുവാഹനങ്ങൾക്കായി റോ റോ സംവിധാനം ഏർപ്പെടുത്തുകവഴി

congestion, Accidents എന്നിവ കുറയ്ക്കുക മാത്രമല്ല വായുമലിനീകരണവും ഗണ്യമായി കുറയ്ക്കാനാകും.

**കെ.ആർ.ഡി.സി.എൽ. നായി ചെലവഴിച്ച തുക**

65(2016) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ.ആർ.ഡി.സി.എൽ.നായി നാളിതുവരെയുള്ള ചെലവുകൾ, ചെയ്ത പ്രോജക്ടുകൾ എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**തീരദേശ സുരക്ഷ ഒരുക്കുന്നതിന് നടപടി**

66(2017) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് അനധികൃതമായി കടക്കുന്നവരെ കണ്ടെത്തുന്നതിനും തീരദേശ സുരക്ഷ ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോസ്റ്റൽ സെക്യൂരിറ്റി സ്കീം പ്രകാരം കേരളത്തിൽ നിലവിൽ 18 തീരദേശ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളും കേന്ദ്രീകരിച്ച് കടലിൽ ബോട്ട് പട്രോളിംഗും തീരദേശ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേഖലയിൽ ബീറ്റ് ഡ്യൂട്ടിയും ചെയ്തുവരുന്നു. തീരമേഖലയിൽ അനധികൃതമായി കടക്കുന്നവരെ കണ്ടെത്താനും സുരക്ഷ ഒരുക്കുന്നതിനുമായി തീരദേശ നിവാസികളെ ഉൾപ്പെടുത്തി കടലോര ജാഗ്രതാസമിതി രൂപീകരിക്കുകയും സമിതികളുടെ നേതൃത്വത്തിൽ ഇന്റലിജൻസ് ശേഖരണം, ബീറ്റ് പട്രോളിംഗ് എന്നിവ ഫലപ്രദമായി നടത്തി വരികയും ചെയ്യുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തികൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ വർഷത്തിൽ രണ്ടു തവണ വീതം ചീഫ് സെക്രട്ടറി, നേവൽ ചീഫ് കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ ജോയിന്റ് കോസ്റ്റൽ റിവ്യൂ മീറ്റിംഗും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കോസ്റ്റൽ സെക്യൂരിറ്റി അവലോകനയോഗവും നടത്തിവരുന്നു.

(ബി) തീരദേശവാസികളിൽ നിന്നും സേനയിലേയ്ക്ക് എത്ര പേരെയാണ് മുൻപ് റിക്രൂട്ട് ചെയ്തിട്ടുള്ളത്;

(സി) കൂടുതൽ തീരദേശവാസികളെ റിക്രൂട്ട് ചെയ്ത് സേനയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) തീരസുരക്ഷയുടെ ഭാഗമായി പോലീസ് സേനയെ സഹായിക്കുന്നതിന് 200 കോസ്റ്റൽ വാർഡൻ തസ്തികകൾ സൃഷ്ടിച്ചു.

മത്സ്യബന്ധന തൊഴിലാളികളിൽനിന്നും റിക്രൂട്ട് ചെയ്തവരിൽ ഒന്നാം ഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ 176 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ കോസ്റ്റൽ വാർഡൻ തസ്തികയിൽ 35 ഒഴിവുകളുണ്ട്. ആയത് നികത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം തോടിന്റെ നവീകരണ പുരോഗതി

67(2018) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയുടെ ഭാഗമായ കൊല്ലം തോടിന്റെ നവീകരണ പുരോഗതി വിശദമാക്കാമോ;

(ബി) കൊല്ലം തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കൊല്ലം തോടിന് കുറുകെ ചാമക്കട -ലക്ഷ്മിനട റോഡിലുള്ള കല്ലുപാലം പുതുക്കിപണിയുന്ന പ്രവൃത്തികൾ കൂടി പൂർത്തിയായാൽ കൊല്ലം തോട് പൂർണ്ണമായും ജലഗതാഗത യോഗ്യമാകും. കൂടാതെ കൊല്ലം തോടിന്റെ 3-ാം റീച്ചിൽ 8 കി.മീ. നീളത്തിൽ തീരസംരക്ഷണ ഭിത്തി നിർമ്മിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തി ആദ്യത്തെ കരാറുകാരൻ വളരെ വൈകിപ്പിച്ചതിനാൽ

അദ്ദേഹത്തെ ഒഴിവാക്കി പുതിയ കരാറുകാരനെ ഏൽപ്പിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. തീര സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തി ജലഗതാഗതത്തെ ബാധിക്കുകയില്ല. കല്ലുപാലത്തിന്റെയും മൂന്നാം റീച്ചിലെ തീരസംരക്ഷണ ഭിത്തിയുടെ പണിയും പൂർത്തീകരിക്കാനുള്ളതു കൊണ്ട് നവീകരണ പ്രവൃത്തികളിൽ അല്പം കാലതാമസം നേരിടുന്നുണ്ട്.

(സി) കൊല്ലം തോട് നവീകരണ പ്രവർത്തനങ്ങൾക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പുദ്യോഗസ്ഥർ തടസ്സം നില്ക്കുന്നുയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഇല്ല.

**കോവളം-ബേക്കൽ ജലപാതാ നിർമ്മാണം**

68 (2019) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗത-വിനോദസഞ്ചാര മേഖലകളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന കോവളം-ബേക്കൽ ജലപാതാനിർമ്മാണം നിലവിലേത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പശ്ചിമതീര കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ്

നടപ്പിലാക്കുന്നത്. 2020-ഓടെ അവസാനിച്ച ഒന്നാംഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. 2022 അവസാനത്തോടെ രണ്ടാംഘട്ടം പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാത നിലവാരത്തിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025-ൽ അവസാനിക്കുന്ന മൂന്നാംഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനം, ഫീഡർ കനാലുകളുടെ വികസനം, ടൂറിസം വികസനം എന്നിവ സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിടുന്നു. പശ്ചിമതീര കനാലിന്റെ വിവിധ ഭാഗങ്ങളിലെ നിലവിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. കോവളം - കൊല്ലം കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് നിരക്കും കൂടി പരിഗണിച്ച് കിഫ്ബി പ്രസ്തുത തുക 87.18 കോടിയായി വർദ്ധിപ്പിച്ചിട്ടുള്ളതും കിഫ്ബി എൽ.എ. യൂണിറ്റുമായി ചേർന്ന് സ്ഥല പരിശോധന നടത്തി വരുന്നതുമാണ്. പാർവ്വതീ പുത്തനാറിനു കുറുകെ കരിക്കകം, പുത്തൻ പാലം, പനത്തുറ എന്നീ

സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണവും നടന്നു വരുന്നു. കോവളം-ആക്കുളം ഭാഗത്ത് പാർവ്വതീപുത്തനാറിന്റെ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ, ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 150 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോവളം മുതൽ വർക്കല വരെ കനാൽ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 1275 -ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസത്തിനുള്ള സർവ്വെ നടപടികൾ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച PMU മുഖേന നടത്തിവരുന്നു. കൊല്ലം -കോഴിക്കോട് ദേശീയ ജലപാത -3 ആയി പ്രഖ്യാപിച്ചിട്ടുള്ള കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ ദൈർഘ്യം വരുന്ന ജലപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) യുടെ അധീനതയിലാണ് നടപ്പാക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം

വരെയുള്ള 168 കി.മീ. ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. എന്നിരുന്നാലും ടി ജലപാത പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേയ്ക്കെത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മിക്കേണ്ടതുണ്ട്. ദേശീയ ജലപാത-3 ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ദൂരം ദേശീയജലപാതാ നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായുള്ള വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഡി.പി.ആർ. പ്രകാരമുള്ള വികസനം സാധ്യമാകുകയുള്ളൂ. മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചു വരുന്നു.

കോഴിക്കോട്-ബേക്കൽ - കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക്

വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. മാഹി വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടിവരും. ഇതിനായി സ്ഥലമേറ്റെടുക്കുന്നതിനായി 650 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. അതുപോലെ നീലേശ്വരം ബേക്കൽ ഭാഗത്തും 6.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടിവരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 189 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തികൾ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് മുഖാന്തിരമാണ് നടപ്പാക്കി വരുന്നത്.

(ബി) പ്രസ്തുത ജലപാതയിൽ സംസ്ഥാന ഫണ്ടുപയോഗിച്ചും കേന്ദ്ര ഫണ്ട് ഉപയോഗിച്ചും നിർമ്മിക്കേണ്ട ഭാഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദൂരവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള NW-3 എക്സ്റ്റൻഷനായ 160 കി.മീ ദൂരവും

വരുന്ന ദേശീയ ജലപാത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ജലപാത വികസന അതോറിറ്റിയുടെ IWAI ( Inland Waterways Authority of India) -യുടെ അധീനതയിലാണ്. കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി.മീ. ഭാഗങ്ങൾ ഉൾനാടൻ ജലഗതാഗത വകുപ്പിന് കീഴിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു.

(സി) ജലപാതാനിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ദേശീയ ജലപാത-3 ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഡി.പി.ആർ. പ്രകാരമുള്ള വികസനം സാധ്യമാകുകയുള്ളൂ. സംസ്ഥാന സർക്കാർ നേരിട്ട് നടപ്പാക്കുന്ന ജലപാത നിർമ്മാണ പ്രവൃത്തികൾ 2025 അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

**ദേശീയ ജലപാത**

69(2020) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ ദേശീയ ജലപാതയുടെ നിർമ്മാണത്തിലുണ്ടായ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവളം മുതൽ ബേക്കൽ വരെയുള്ള പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ) - ന്റെ ഭാഗമായിട്ടുള്ള കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ ദൈർഘ്യമുണ്ടായിരുന്ന ജലപാതയാണ് കേരളത്തിൽ ദേശീയ ജലപാത-3 ആയി പ്രഖ്യാപിക്കപ്പെട്ടിരുന്നത്. ഈ ദേശീയ ജലപാത -3 നെ കോഴിക്കോട് വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ചമ്പക്കര, ഉദ്യോഗമണ്ഡൽ കനാലുകളെയും ദേശീയ ജലപാത 3 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ -ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), എ.വി.എം കനാൽ(NW-13), കോട്ടയം-വൈക്കം കനാൽ( NW-59) എന്നിവയേയും ദേശീയജലപാതകളാക്കിയിട്ടുണ്ട്. ദേശീയ ജലപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) യുടെ അധീനതയിലാണ് നടപ്പാക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൈർഘ്യം ദേശീയ

ജലപാതാ നിലവാരത്തിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെങ്കിലും ടി ജലപാത പൂർണ്ണമായും ദേശീയജലപാതാ നിലവാരത്തിലേക്ക് എത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർനിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിൽ തർക്കം നിലനില്ക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർക്കും ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ദേശീയ ജലപാത 3 -ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ദൂരം ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ്

നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്നു. പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ) -ന്റെ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതകളാണ്. പശ്ചിമതീരകനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്. 2020-ഓടെ അവസാനിച്ച ഒന്നാംഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുംചെയ്തു. 2022 അവസാനത്തോടെ രണ്ടാംഘട്ടം പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാത നിലവാരത്തിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025-ൽ അവസാനിക്കുന്ന മൂന്നാം ഘട്ടത്തിൽ ദേശീയജലപാത നിലവാരത്തിലുള്ള വികസനം, ഫീഡർ കനാലുകളുടെ വികസനം, ടൂറിസം വികസനം എന്നിവ സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനവും ലക്ഷ്യമിടുന്നു. കോവളം-കൊല്ലം കോവളം മുതൽ വള്ളക്കടവ് വരെ ജലപാതയുടെ വീതി 35 മീറ്റർ (25 മീ. ജലപാത + ഇരുവശങ്ങളിലും 5 മീ. ബണ്ട് റോഡ്) ആക്കി മാറ്റുന്നതിലേയ്ക്കായി പാർവ്വതീപുത്തനാറിന്റെ ഇരുവശങ്ങളിലും

അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് നിരക്കുംകൂടി പരിഗണിച്ച് കിഫ്ബി പ്രസ്തുത തുക 87.18 കോടിയായി വർദ്ധിപ്പിച്ചിട്ടുള്ളതും കിഫ്ബി എൽ.എ. യൂണിറ്റുമായി ചേർന്ന് സ്ഥല പരിശോധന നടത്തി വരുന്നതുമാണ്. കോവളം-ആക്കുളം ഭാഗത്ത് പാർവ്വതീപുത്തനാറിന്റെ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ, ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 150 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. അതിൻപ്രകാരം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വേളി മുതൽ പള്ളിത്തുറ വരെ കനാലിന്റെ ഇരുവശത്തും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. പുത്തനാറിൽ പുത്തൻപാലത്തും പനത്തുറയിലും നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റീൽ ലാറ്റിസ് വെഹിക്കുലർ പാലങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

പുത്തനാറിന് കുറുകെ ആവശ്യത്തിന് വെർട്ടിക്കൽ/ഹൊറിസോണ്ടൽ ക്ലിയറൻസ് ലഭ്യമല്ലാതെ നിർമ്മിച്ചിരിക്കുന്ന നിർമ്മിതികൾ നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോവളം മുതൽ വർക്കല വരെ കനാൽ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 1275-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പുനരധിവാസ പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ സർക്കാർ നിർമ്മിച്ചു നൽകുകയോ, സ്വന്തം നിലയിൽ വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് താല്പര്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം മാതൃകയിൽ ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും കൂടി 10 ലക്ഷം രൂപ (ഭൂമിക്ക് 6 ലക്ഷം+വീടിന് 4 ലക്ഷം ) അനുവദിക്കുന്നതിനോ ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിലുള്ള കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള അർഹത പരിശോധിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ PMU രൂപീകരിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു. മേൽ പ്രവൃത്തികൾ ജലപാതാ വികസന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡും (KWIL), ഉൾനാടൻ ജലഗതാഗതവകുപ്പും സംയുക്തമായി റവന്യൂ, ഫിഷറീസ് വകുപ്പുകളുടെ

സഹകരണത്തോടെ നടപ്പാക്കിവരുന്നു. കോഴിക്കോട്-ബേക്കൽ കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. മാഹി വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടിവരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 650 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. അതുപോലെ നീലേശ്വരം ബേക്കൽ ഭാഗത്തും 6.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടിവരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 189 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തികൾ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് മുഖാന്തിരമാണ് നടപ്പാക്കി വരുന്നത്.

## പ്രവാസികളിൽ കോവിഡുമൂലം ജോലി നഷ്ടപ്പെട്ടവരുടെ കണക്ക്

70(2021) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം ജോലി നഷ്ടപ്പെട്ട പ്രവാസികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവർക്ക് സഹായകരമായി പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് ജാഗ്രത പോർട്ടലിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 10-03-2022 വരെ 1292323 പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട്. കോവിഡ്-19 മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി പ്രവാസി ഭദ്രതയെന്ന പേരിൽ പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നാനോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ), മൈക്രോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ), സ്പെഷ്യൽ അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - മെഗാ) എന്നീ തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവാസികൾക്കായി നടപ്പിലാക്കിയിട്ടുള്ള പുനരധിവാസ പദ്ധതിയായ NDPREM-ന്റെ പദ്ധതി വിഹിതം കോവിഡ് പശ്ചാത്തലത്തിൽ 18 കോടി രൂപയിൽ നിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡുമൂലം

വിദേശത്തുള്ള ജോലി നഷ്ടപ്പെട്ടവരും മരണപ്പെട്ടവരുമായ പ്രവാസികളുടെ കുടുംബങ്ങൾക്ക്/ ആശ്രിതർക്ക് വിദേശത്തെ തൊഴിൽ ദാതാക്കളിൽനിന്ന് അർഹമായ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി വിദേശകാര്യ മന്ത്രാലയങ്ങളുടെയും ബന്ധപ്പെട്ട എംബസികളുടെയും ശ്രദ്ധയിൽപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളിൽ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

കോവിഡ് ബാധിച്ച് വിദേശരാജ്യങ്ങളിൽ മരണപ്പെട്ട പ്രവാസി മലയാളികളുടെ ആശ്രിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരുലക്ഷം രൂപയും പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായം അനുവദിക്കുന്നുണ്ട്. കോവിഡുമൂലം മരണപ്പെട്ട പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ആർ.പി. ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം 25,000/- രൂപ വീതം ഒറ്റത്തവണ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് ബാധിച്ച്

മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ എക്സ്ഗ്രേഷ്യ അനുവദിക്കുന്നുണ്ടെങ്കിലും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പുറപ്പെടുവിച്ചിട്ടുള്ള നിലവിലെ മാർഗ്ഗ രേഖകൾ പ്രകാരം കോവിഡുമൂലം വിദേശത്തുവച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ എക്സ് ഗ്രേഷ്യ അനുവദിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. ഇതുസംബന്ധിച്ച മാനദണ്ഡങ്ങളിൽ ഇളവനുവദിക്കാൻ മുഖ്യമന്ത്രി തലത്തിൽ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## വയനാട്ടിൽനിന്നും ഉക്രൈനിൽ പോയ വിദ്യാർത്ഥികൾ

71(2022) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽനിന്നും പഠനാവശ്യത്തിനായി എത്ര വിദ്യാർത്ഥികൾ ഉക്രൈനിൽ പോയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഇവരിൽ എത്രപേരെ തിരികെ നാട്ടിലെത്തിക്കാൻ കഴിഞ്ഞുവെന്നും ഇനി എത്ര പേരെ തിരികെ എത്തിക്കാനുണ്ടെന്നും അറിയിക്കാമോ?

(എ & ബി) ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം 42 പേർ വയനാട്

ജില്ലയിൽനിന്നും പഠനാവശ്യത്തിനായി യുക്രൈനിൽ പോയിട്ടുണ്ട്. അതിൽ 40 പേർ മടങ്ങിയെത്തുകയും 2 പേർ മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുകയും ചെയ്തിട്ടുണ്ട്.

(സി) ഇവരെ നാട്ടിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

യുക്രൈനിൽ കുടുങ്ങിയ മലയാളി വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. യുക്രൈനിലെ വിവിധ പ്രവിശ്യകളിൽ അകപ്പെട്ട വിദ്യാർത്ഥികളെ നാട്ടിലെത്തിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചു. മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി. യുക്രൈനിൽ അകപ്പെട്ട മലയാളി വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് രജിസ്ട്രേഷൻ ആരംഭിച്ചു. നോർക്ക രജിസ്ട്രേഷൻ, ഇ-മെയിൽ, കാൾ, വാട്ട്സാപ്പ് എന്നിവ മുഖാന്തിരം നോർക്കയിൽ ബന്ധപ്പെട്ടവരുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിനും ഇന്ത്യൻ എംബസിക്കും യഥാസമയം കൈമാറി. യുദ്ധഭൂമിൽ അകപ്പെട്ട വിദ്യാർത്ഥികളുമായി വാട്ട്സാപ്പ്, ഫോൺ എന്നിവ മുഖേന നിരന്തരം സമ്പർക്കം പുലർത്തുകയും വിവരങ്ങൾ അതത് സമയം വിദേശകാര്യ

മന്ത്രാലയത്തിലും ഇന്ത്യൻ എംബസിയിലും അറിയിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ, ഇന്ത്യൻ എംബസി എന്നിവരുടെ അറിയിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് കൈമാറിവരുന്നു. യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികൾക്കും നാട്ടിലുള്ളവർക്കും ബന്ധപ്പെടാൻ നോർക്ക റൂട്ട്സിന്റെ 1800 425 3939 എന്ന ഹെല്പ് ലൈൻ നമ്പർ ലഭ്യമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ, ഉക്രൈൻ ക്രൈസിസ് മാനേജ്മെന്റ് സെൽ എന്നിവ നോർക്ക റൂട്സിൽ പ്രവർത്തിക്കുന്നു. അതിർത്തി കടന്ന് മാൾഡോവ, പോളണ്ട്, റൊമാനിയ എന്നീ രാജ്യങ്ങളിൽ എത്തിയ വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ലോക കേരള സഭാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ നടത്തുകയുണ്ടായി. തിരികെയെത്തുന്ന വിദ്യാർത്ഥികൾ വീടുകളിലെത്തുന്നതുവരെയുള്ള താമസ സൗകര്യം നോർക്ക വഹിക്കുന്നു. തിരികെയെത്തുന്ന വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിന് ഡൽഹിൽ നിന്ന് കൊച്ചിയിലേക്ക് 15 ചാർട്ടേർഡ് വിമാനങ്ങൾ (09-03-2022 വരെ) ഏർപ്പെടുത്തി. ഡൽഹി, മുംബൈ വിമാനത്താവളങ്ങളിലെത്തുന്ന വിദ്യാർത്ഥികളെ കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ എത്തിക്കുന്നതിന് അവരുടെ വിമാനയാത്ര ടിക്കറ്റുകൾ നോർക്ക

സൗജന്യമായി നൽകുന്നു. കേരളത്തിലെ വിമാനത്താവളങ്ങളിലെത്തുന്ന വിദ്യാർത്ഥികളെ സ്വീകരിക്കാൻ നോർക്കയുടെ പ്രത്യേക ടീമിനെ സജ്ജമാക്കി. ഡൽഹിയിൽനിന്നും കൊച്ചി വിമാനത്താവളത്തിലെത്തുന്ന വിദ്യാർത്ഥികൾക്കുവേണ്ടി തിരുവനന്തപുരത്തേക്കും കാസർകോട്ടേയ്ക്കും പ്രത്യേക ബസ് സർവ്വീസ് ഏർപ്പെടുത്തി.

**പ്രവാസി ഭദ്രതാ സംരംഭക പദ്ധതി**

72(2023) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നാട്ടിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രവാസികളെ സഹായിക്കുന്നതിനായി രൂപീകരിച്ച പ്രവാസി ഭദ്രതാ സംരംഭക പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഇതുവരെ ഈ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വിദേശ രാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെ നാട്ടിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുന്നതിനായി 'പ്രവാസി ഭദ്രതാ പദ്ധതിക്ക്' രൂപം നൽകിയിട്ടുണ്ട്. ജീവനോപാധിയും വരുമാനമാർഗ്ഗവും കണ്ടെത്തുന്നതിനായി മൂന്നുതരം വായ്പാ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം - 'പ്രവാസി ഭദ്രതാ - പേൾ' (ഒരാൾക്ക് പരാമാവധി 2 ലക്ഷം രൂപ വായ്പ)

2. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ./കേരള ബാങ്ക് മുഖാന്തിരം - 'പ്രവാസി ഭദ്രതാ - മൈക്രോ' (ഒരാൾക്ക് പരാമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡി + പലിശ സബ്സിഡി) 3. വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി. മുഖാന്തിരം - പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് പരാമാവധി 2 കോടി രൂപ വരെ വായ്പ, 3.25% - 3.75% വരെ പലിശ സബ്സിഡി) മേൽപ്പറഞ്ഞ പ്രവാസി ഭദ്രതാ പദ്ധതിയിൻ കീഴിൽ നാളിതുവരെയായി 7000-ത്തിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**കോവിഡ് 19 സമാശ്വാസ സഹായം**

73(2024) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 സമാശ്വാസ നടപടികളുടെ ഭാഗമായി പ്രവാസികളുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോവിഡ് 19 സമാശ്വാസ നടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. കോവിഡ് -19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/തൊഴിൽ വിസ എന്നിവയുമായി നാട്ടിലെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാത്തവർക്ക് നോർക്ക-റൂട്ട്സ് മുഖേന 5,000/- രൂപ അടിയന്തര ധനസഹായവും കോവിഡ് ബാധിച്ച പ്രവാസികളിൽ, പ്രവാസി ക്ഷേമനിധി ബോർഡ് അംഗത്വമുള്ളവർക്ക് ക്ഷേമനിധി ബോർഡ് മുഖേനയും മറ്റുള്ളവർക്ക് നോർക്ക റൂട്ട്സ് മുഖേനയും 10,000/- രൂപ വീതം ധനസഹായവും അനുവദിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിലും രണ്ടാം തരംഗത്തിലും പ്രവാസി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നവരിൽ അർഹരായവർക്ക് 1,000/- രൂപ വീതം ധനസഹായം നൽകുകയും അംശദായം കുടിശ്ശിക കാരണം പ്രവാസി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴപലിശയും, 6 മാസക്കാലത്തേക്ക് ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരുലക്ഷം രൂപയും പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായമായി അനുവദിക്കുകയും ആർ.പി. ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം കോവിഡുമൂലം മരണമടഞ്ഞ/തിരിച്ചെത്തിയ പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് 25,000/- രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ, സാന്ത്വന പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 27 കോടി രൂപയിൽനിന്നും 30 കോടി രൂപയായി ഉയർത്തുകയും പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതിയായ NDPREM-ന്റെ പദ്ധതി വിഹിതം 18 കോടി രൂപയിൽ നിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. കോവിഡ് 19 മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി പ്രവാസി ഭദ്രത എന്ന പേരിൽ പ്രവാസി പുനരധിവാസ ഏകോപന

സംയോജന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. നാനോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ), മൈക്രോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ), സ്പെഷ്യൽ അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മെഗാ) എന്നീ തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോവിഡ്മൂലം വിദേശത്തുള്ള ജോലി നഷ്ടപ്പെട്ടവരും മരണപ്പെട്ടവരുമായ പ്രവാസികളുടെ കുടുംബങ്ങൾക്ക്/ ആശ്രിതർക്ക് വിദേശത്തെ തൊഴിൽ ദാതാക്കളിൽനിന്ന് അർഹമായ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് വിദേശകാര്യ മന്ത്രാലയങ്ങളുടെയും ബന്ധപ്പെട്ട എംബസികളുടെയും ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സമാശ്വാസ സഹായമായ അയ്യായിരം രൂപ എത്ര പ്രവാസികൾക്ക് ലഭ്യമായിയെന്ന് അറിയിക്കാമോ?

കോവിഡ് -19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/ തൊഴിൽ വിസ എന്നിവയുമായി നാട്ടിലെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ കഴിയാതെ വന്ന 134823 പ്രവാസികൾക്ക് 5,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

## യുക്രൈനിൽ കുടുങ്ങിയവരുടെ രക്ഷാദൗത്യം

74(2025) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുക്രൈൻ യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികളടക്കമുള്ള ഇന്ത്യാക്കാരുടെ രക്ഷാദൗത്യവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി കേന്ദ്രവിദേശകാര്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചകളുടെ വിശദാംശം ലഭ്യമാക്കുമോ?

യുക്രൈനിൽ കുടുങ്ങിപ്പോയ എല്ലാ മലയാളി വിദ്യാർത്ഥികളുടെയും സുരക്ഷ ഉറപ്പാക്കുക, ഭക്ഷണം, മരുന്ന് തുടങ്ങിയ അവശ്യവസ്തുക്കൾ ലഭ്യമാക്കുക, സുരക്ഷിതമായി അവരെ നാട്ടിലെത്തിക്കുക, ഇന്ത്യയിലെത്തിച്ച ശേഷം വീടുകളിൽ സുരക്ഷിതമായി എത്തിക്കുന്നതുവരെ ഭക്ഷണം, താമസ സൗകര്യം, യാത്രാസൗകര്യം ഇവ ഒരുക്കുക എന്നീ കാര്യങ്ങളിൽ കേന്ദ്ര - സംസ്ഥാന സർക്കാർ സംവിധാനങ്ങൾ ഏകോപിപ്പിച്ച് നടത്തേണ്ട പ്രവർത്തനത്തെക്കുറിച്ച് മുഖ്യമന്ത്രി കേന്ദ്രവിദേശകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും പൊതുവായ ധാരണയിലെത്തുകയും ചെയ്തു.

(ബി) രക്ഷാദൗത്യവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഏതെല്ലാം കാര്യങ്ങളിലാണ് ഇടപെടൽ നടത്താൻ

കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ?

യുക്രൈനിൽ കുടുങ്ങിയ മലയാളികളെ നാട്ടിലെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ ചുവടെ ചേർക്കുന്നു. യുക്രൈനിലെ വിവിധ പ്രവിശ്യകളിൽ അകപ്പെട്ട വിദ്യാർത്ഥികളെ നാട്ടിലെത്തിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചു. മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തി. യുക്രൈനിൽ അകപ്പെട്ട മലയാളി വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് രജിസ്ട്രേഷൻ ആരംഭിച്ചു. നോർക്ക രജിസ്ട്രേഷൻ, ഇ-മെയിൽ, കാൾ, വാട്ട്സാപ്പ് എന്നിവ മുഖാന്തിരം നോർക്കയിൽ ബന്ധപ്പെട്ടവരുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിനും ഇന്ത്യൻ എംബസിക്കും യഥാസമയം കൈമാറി. യുദ്ധഭൂമിയിൽ അകപ്പെട്ട വിദ്യാർത്ഥികളുമായി വാട്ട്സാപ്പ്, ഫോൺ എന്നിവ മുഖേന നിരന്തരം സമ്പർക്കം പുലർത്തുകയും വിവരങ്ങൾ അതത് സമയം വിദേശകാര്യ മന്ത്രാലയത്തിലും ഇന്ത്യൻ എംബസിയിലും അറിയിക്കുകയുമുണ്ടായി. കേന്ദ്ര സർക്കാർ, ഇന്ത്യൻ എംബസി എന്നിവരുടെ അറിയിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് കൈമാറി. യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികൾക്കും നാട്ടിലുള്ളവർക്കും ബന്ധപ്പെടാൻ നോർക്ക റൂട്ട്സിന്റെ 1800 425 3939 എന്ന

ഹെല്പ് ലൈൻ നമ്പർ ലഭ്യമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ, യുക്രൈൻ ക്രൈസിസ് മാനേജ്മെന്റ് സെൽ എന്നിവ നോർക്ക റൂട്സിൽ പ്രവർത്തിക്കുന്നു. അതിർത്തി കടന്ന് മാൾഡോവ, പോളണ്ട്, റൊമാനിയ എന്നീ രാജ്യങ്ങളിലെത്തിയ വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ലോക കേരള സഭാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ നടത്തുകയുണ്ടായി. തിരികെയെത്തുന്ന വിദ്യാർത്ഥികളെ വീടുകളിൽ എത്തിക്കുന്നതുവരെയുള്ള താമസ സൗകര്യം നോർക്ക വഹിക്കുന്നു. തിരികെയെത്തുന്ന വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിന് ഡൽഹിയിൽനിന്ന് കൊച്ചിയിലേക്ക് 15 ചാർട്ടേർഡ് വിമാനങ്ങൾ (09.03.2022 വരെ) ഏർപ്പെടുത്തി. ഡൽഹി, മുംബൈ വിമാനത്താവളങ്ങളിലെത്തുന്ന വിദ്യാർത്ഥികളെ കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ എത്തിക്കുന്നതിന് വിമാനയാത്ര ടിക്കറ്റുകൾ നോർക്ക സൗജന്യമായി നൽകുന്നു. കേരളത്തിലെ വിമാനത്താവളങ്ങളിലെത്തുന്ന വിദ്യാർത്ഥികളെ സ്വീകരിക്കാൻ നോർക്കയുടെ പ്രത്യേക ടീമിനെ സജ്ജമാക്കി. ഡൽഹിയിൽനിന്നും കൊച്ചി വിമാനത്താവളത്തിലെത്തുന്ന വിദ്യാർത്ഥികൾക്കുവേണ്ടി തിരുവനന്തപുരത്തേക്കും കാസർഗോട്ടേയ്ക്കും പ്രത്യേക ബസ് സർവീസ് ഏർപ്പെടുത്തി.

(സി) യുക്രൈനിന്റെ കിഴക്കൻ പ്രദേശങ്ങളിൽ കുടുങ്ങിപ്പോയ മലയാളികളിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന സന്ദേശങ്ങൾ കേന്ദ്രസർക്കാരിനെയും മറ്റ് ഉത്തരവാദപ്പെട്ട ഏജൻസികളെയും തൽസമയം അറിയിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ എന്തെല്ലാമാണ്?

യുക്രൈനിലെ കിഴക്കൻ പ്രദേശങ്ങളായ ഖർകീവ്, കീവ്, സുമി എന്നീ സ്ഥലങ്ങളിൽ ഒറ്റപ്പെട്ടുപോയ മലയാളി വിദ്യാർത്ഥികളെ വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴിയും പ്രവാസി മലയാളി സംഘടനകൾ വഴിയും ബന്ധപ്പെടുകയും ഇവരുടെ യൂണിവേഴ്സിറ്റി, ലൊക്കേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ തത്സമയം കേന്ദ്ര വിദേശകാര്യ വകുപ്പിനും യുക്രൈനിലെ ഇന്ത്യൻ എംബസിക്കും കൈമാറുകയും ചെയ്തിരുന്നു. മാത്രമല്ല, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡൽഹി കേരളാ ഹൗസിൽ എത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം മലയാളി വിദ്യാർത്ഥികളുടെ പ്രയാസങ്ങൾ പരമാവധി കുറയ്ക്കാനും അവർക്ക് ആശ്വാസം പകരാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) പ്രസ്തുത വിവരങ്ങൾ സർക്കാരിനെയും ജനങ്ങളെയും അറിയിക്കുന്നതിന് സംസ്ഥാനത്തെ മാധ്യമപ്രവർത്തകർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

പ്രസ്തുത വിവരങ്ങൾ സർക്കാരിനെയും ജനങ്ങളെയും അറിയിക്കുന്നതിന് സംസ്ഥാനത്തെ മാധ്യമപ്രവർത്തകർ നടത്തിയ പ്രവർത്തനങ്ങൾ പൊതുവെ ഫലപ്രദമായിരുന്നു.

## യുക്രൈനിലുള്ള ഇന്ത്യക്കാർ

75(2026) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുക്രൈൻ-റഷ്യ യുദ്ധസാഹചര്യം മുൻകൂട്ടി കണ്ട് യുക്രൈനിലുള്ള ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിനുള്ള കേന്ദ്രസർക്കാർ നടപടികൾ വൈകിയതിനെത്തുടർന്ന് പ്രവാസികൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നതായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാജ്യത്തെ വിവിധ വിമാനത്താവളങ്ങളിൽ എത്തിച്ചേരുന്ന കേരളീയരെ സ്വീകരിക്കുന്നതിനും അവരുടെ താത്ക്കാലിക താമസത്തിനും വീടുകളിൽ എത്തിക്കുന്നതിനും നോർക്കവഴി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) യുക്രൈനിൽ കുടുങ്ങിയ ഇന്ത്യക്കാർ 'ഓപ്പറേഷൻ ഗംഗ' മുഖേന ഡൽഹി, മുംബൈ എന്നീ വിമാനത്താവളങ്ങളിലാണ് എത്തിച്ചിരുന്നത്. ഈ വിമാനത്താവളങ്ങളിൽ എത്തുന്നവരെ സംസ്ഥാന

ഗവൺമെന്റ് ഡൽഹി, മുംബൈ എന്നിവിടങ്ങളിലെ നോർക്ക ഡെവലപ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്വീകരിക്കുകയും കേരള ഹൗസുകളിൽ താമസ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡൽഹിയിൽ എത്തിച്ചേർന്ന മലയാളി വിദ്യാർത്ഥികളെ കൊച്ചിയിലേക്ക് എത്തിക്കുന്നതിന് ചാർട്ടേർഡ് വിമാനങ്ങൾ സംസ്ഥാന ഗവൺമെന്റ് നോർക്കവഴി ഏർപ്പെടുത്തിയിരുന്നു. 09-03-2022 വരെ 15 ചാർട്ടേർഡ് വിമാനങ്ങൾവഴി കുട്ടികളെ കൊച്ചിയിൽ എത്തിച്ചു. കൊച്ചി വിമാനത്താവളത്തിൽനിന്നും തിരുവനന്തപുരത്തേക്കും കാസർകോട്ടേയ്ക്കും പ്രത്യേക ബസ് സർവീസുകൾ ഏർപ്പെടുത്തിയിരുന്നു. ചാർട്ടേർഡ് വിമാനങ്ങൾക്ക് പുറമേ, മുംബൈ, ഡൽഹി വിമാനത്താവളങ്ങളിൽ നിന്നും കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിലേക്ക് വിമാനയാത്ര ടിക്കറ്റുകൾ നോർക്ക സൗജന്യമായി നൽകിവരുന്നു. കേരളത്തിലെ വിമാനത്താവളങ്ങളിലെത്തുന്ന വിദ്യാർത്ഥികളെ നോർക്കയുടെ പ്രത്യേക സംഘം സ്വീകരിക്കുകയും അവരുടെ വീടുകളിൽ എത്തിക്കാനുള്ള സൗകര്യം ഒരുക്കുകയും ചെയ്യുന്നു.

(സി) ഇതുവരെ സംസ്ഥാനത്ത് എത്തിച്ചേരാൻ കഴിഞ്ഞവരുടെ വിശദാംശം ലഭ്യമാക്കാമോ?

10-03-2022 വരെ 3123 വിദ്യാർത്ഥികൾ കേരളത്തിലേക്ക് മടങ്ങിയെത്തി.

(ഡി) യുക്രൈനിൽ കുടുങ്ങിപ്പോയ ബാക്കിയുള്ളവരെക്കൂടി തിരിച്ച് കൊണ്ടുവരുന്നതിന് ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് തുടരുന്നതെന്ന് അറിയിക്കാമോ?

യുക്രൈനിൽ യുദ്ധഭൂമിയിൽ അകപ്പെട്ട് തിരിച്ചുവരാൻ ആഗ്രഹിക്കുന്ന മുഴുവൻ പേരും ആ രാജ്യത്തിന് പുറത്തെത്തിയിട്ടുണ്ടെന്നാണ് ലഭ്യമായ വിവരം. വരുംദിവസങ്ങളിൽ അവരെയും നാട്ടിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണ്.

**പ്രവാസികൾക്കുള്ള പെൻഷൻ**

76(2027) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ അവസാന ബഡ്ജറ്റിൽ പ്രവാസികൾക്കുള്ള പെൻഷൻ തുക 1000 രൂപ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇപ്രകാരം വർദ്ധിപ്പിച്ച പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് വിതരണം ആരംഭിച്ചത്; നാളിതുവരെ എത്ര പേർക്ക് നൽകി; ഏത് മാസം വരെ വിതരണം ചെയ്തു; വിശദാംശങ്ങൾ നൽകാമോ;

(ബി) വർദ്ധിപ്പിച്ച പെൻഷൻ വിതരണം ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി പെൻഷൻ വിതരണം നടത്തുമോ?

(എ & ബി) 2021-22 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം 1 എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും പെൻഷൻ 3500/- രൂപയായും 1 ബി/2 എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും പെൻഷൻ 3000/- രൂപയായും ഏപ്രിൽ ഒന്നുമുതൽ വർദ്ധിപ്പിക്കുന്നതിന് 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെ വ്യവസ്ഥകളിൽ മാറ്റംവരുത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുള്ള വർഗ്ഗീയ ശക്തികളുടെ പ്രവർത്തനം

77 (2028) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വർഗ്ഗീയശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന്

വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വർഗ്ഗീയശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ലോക്കൽ പോലീസ്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് എന്നിവ നിരന്തരമായി നിരീക്ഷിച്ചുവരുന്നുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങളുണ്ടാകുന്നപക്ഷം Religious Institutions (Prevention of Misuse) Act 1988 പ്രകാരം കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ നടത്തിയ അന്വേഷണത്തിൽ ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ പലയിടത്തും ചില സംഘടനകൾ പ്രവർത്തിക്കുന്നതായും മാസ്ഡ്രിൽ നടത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇത്തരത്തിലുള്ള ശാഖകൾ പ്രവർത്തിക്കുകയോ മാസ് ഡ്രിൽ നടത്തുകയോ ക്ഷേത്രാചാരങ്ങൾക്ക് ഹിതമല്ലാത്ത പ്രവൃത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് ദേവസ്വം കമ്മീഷണർ, 30-03-2021-ലെ ആർ.ഒ.സി. 489/2021/വിജി.

നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ആരാധനാലയങ്ങളോടനുബന്ധിച്ച് തീവ്രവാദ-വർഗ്ഗീയ-രാഷ്ട്രീയ-സംഘടനകളുടെ പ്രവർത്തന കേന്ദ്രവും പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോ?

ഇതുസംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കാട്ടൂരിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി

78 (2029) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്തെ ജനങ്ങളുടെ സുരക്ഷയ്ക്കും തീരമേഖലയിൽ പ്രത്യേക നിരീക്ഷണത്തിനുമായി കാട്ടൂർ കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്തെ ജനങ്ങളുടെ സുരക്ഷയ്ക്കും തീരമേഖലയിൽ പ്രത്യേക നിരീക്ഷണത്തിനുമായി ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, അർത്തുങ്കൽ എന്നിവിടങ്ങളിൽ രണ്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ കാട്ടൂർ കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള

പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**എസ്.പി. തസ്തികയിലെ ഒഴിവുകൾ**

79(2030) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ എസ്.പി. (നോൺ ഐ.പി.എസ്.) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

നോൺ ഐ.പി.എസ്. പോലീസ് സൂപ്രണ്ട് തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ട്.

(ബി) ഡി.വൈ.എസ്.പി.മാരിൽനിന്നും എസ്.പി. (നോൺ ഐ.പി.എസ്.) മാരായി സ്ഥാനക്കയറ്റം നൽകാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

നോൺ ഐ.പി.എസ്. പോലീസ് സൂപ്രണ്ട് തസ്തികയിലെ 2022 വർഷത്തെ പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് ഡി.വൈ.എസ്.പി.മാർക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പോലീസിൽ വനിതകളുടെ നിയമനം**

80(2031) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

792 പേർക്ക്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിൽ എത്ര വനിതകൾക്ക് നിയമനം നൽകിയെന്നും ഇതിൽ ആദിവാസി വിഭാഗങ്ങളിൽ നിന്നായി എത്ര വനിതകൾക്ക് നിയമനം നൽകിയെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 275 വനിതകൾക്ക് പോലീസിൽ നിയമനം നൽകിയിട്ടുണ്ട്. ഇതിൽ ആദിവാസി വിഭാഗത്തിൽ നിന്നുള്ള ഒരു വനിതയും ഉൾപ്പെട്ടിട്ടുണ്ട്.

**പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം**

81(2032) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഇപ്പോൾ എത്ര ശതമാനമാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ തുടക്കം മുതൽ തന്നെ പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. 2017-ൽ വനിതാ ബറ്റാലിയൻ രൂപീകരിച്ചതും 2019-ൽ പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതും 2021-ൽ ആരംഭിച്ച KAP 6-ാം ബറ്റാലിയനിലെ നിശ്ചിത തസ്തികകൾ വനിതകൾക്കെന്ന് വ്യവസ്ഥ ചെയ്തതും പോലീസ് സേനയിൽ ആദ്യമായി സബ് ഇൻസ്പെക്ടർ തസ്തികയിൽ പുരുഷൻമാർക്കൊപ്പം വനിതകളേയും റിക്രൂട്ട് ചെയ്തതും ഈ ഇടപെടലിന്റെ ഭാഗമായാണ്. സബ് ഇൻസ്പെക്ടർ തസ്തികയിൽ മാത്രം 76 വനിതകളെ നേരിട്ട് നിയമിക്കുകയുമുണ്ടായി. ഇത് സംസ്ഥാനത്ത് ആദ്യമാണ്. നിലവിൽ സംസ്ഥാന പോലീസിലെ ആകെ വനിതാ പ്രാതിനിധ്യം 9.21 ശതമാനമായി ഉയർന്നു. പോലീസ് കോൺസ്റ്റബിൾ വിഭാഗത്തിൽ 13.47 ശതമാനവും സിവിൽ പോലീസ് കേഡറിൽ 12.06 ശതമാനവുമാണ് നിലവിലെ അംഗബലം. ഇത് പടിപടിയായി ഉയർത്താനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്.

(ബി) പിങ്ക് കൺട്രോൾ യൂണിറ്റ് ഏതൊക്കെ ജില്ലകളിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള പിങ്ക് പോലീസിന്റെ

നിയന്ത്രണം പോലീസ് ആസ്ഥാനത്തെ എമർജൻസി റെസ്പോൺസ് സിസ്റ്റം (ERSS) എന്ന ഏകീകൃത സംവിധാനത്തിൻ കീഴിലാണ് നിലവിൽ സജ്ജീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് എവിടെനിന്നും പിങ്ക് ഹെൽപ്‌ലൈൻ നമ്പരായ 1515 -ലേയ്ക്ക് ബന്ധപ്പെടാൻ കഴിയുന്ന നിലയിലാണ് ERSS സംവിധാനം ക്രമീകരിച്ചിട്ടുള്ളത്.

## ആന്റി നക്സൽ ഫോഴ്സ്- സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

82(2033) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ ആന്റി നക്സൽ ഫോഴ്സിലേക്ക് സേനാംഗങ്ങളെ തെരഞ്ഞടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ നക്സൽ വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി വരുന്ന കേരള പോലീസിലെ വിഭാഗമാണ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്. ഇവർ കായികക്ഷമത പരീക്ഷകളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന യോഗ്യത നേടിയിരിക്കണം. കൂടാതെ സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് നടത്തുന്ന Anti-Left Wing Extremism പരിശീലനം വിജയകരമായി പൂർത്തിയാക്കണം .

(ബി) സംസ്ഥാനത്തുടനീളം ഒരേ മാനദണ്ഡ പ്രകാരമാണോ ഈ

സേനയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നത്?

(എ) പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സേനാ രൂപീകരണത്തിനുമുമ്പ് നക്സലേറ്റുകളെ നേരിടുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച പോലീസ് സേനാംഗങ്ങൾക്ക് ഈ സേനയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിൽ മുൻഗണന നൽകുന്നുണ്ടോ?

നിലവിൽ മുൻഗണന നൽകി വരുന്നില്ല.

(ഡി) ആന്റി നക്സൽ ഫോഴ്സിലേക്ക് സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകമായി കായികക്ഷമതാ പരീക്ഷ നടത്തുന്നുണ്ടോ? എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണ്; വിശദമാക്കാമോ?

സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ, മറ്റു ബറ്റാലിയനുകളിൽ നിന്നുള്ള ആന്റി നക്സൽ ഫോഴ്സിലെ സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി കായികക്ഷമത പരീക്ഷ നടത്തുന്നുണ്ട്. സ്വയേച്ഛപ്രകാരമാണ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിൽ ചേരേണ്ടത്. Run, Chin-up, Sit-up, Push-up, Vertical rope തുടങ്ങിയ ഇനങ്ങളിലാണ് യോഗ്യത നേടേണ്ടത്.

**ജയിലുകളിൽ ഇരുചക്ര വാഹനം**

83(2034) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ജയിലുകളിലും ഇരുചക്ര സർക്കാർ വാഹനം ഉണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ജയിലുകളിലാണ് ഇല്ലാത്തതെന്ന് അറിയിക്കാമോ?

കേരളത്തിലെ എല്ലാ ജയിലുകളിലും ഇരുചക്ര സർക്കാർ വാഹനമില്ല. ഇരുചക്ര സർക്കാർ വാഹനമില്ലാത്ത 17 ജയിലുകളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഇരുചക്ര വാഹനമില്ലാത്ത ജയിലുകളിലേക്ക് അടിയന്തരമായി വാഹനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

' തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതി സ്കീമിൽ 2022-23 സാമ്പത്തിക വർഷത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ വാഹനങ്ങൾ വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത സ്കീമിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക്, ആവശ്യകതയനുസരിച്ച് ഇരുചക്രവാഹനമില്ലാത്ത ജയിൽ സ്ഥാപനങ്ങളിലേയ്ക്ക് ആയവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പോലീസ് വകുപ്പിലെ ഫണ്ടുകൾ**

84(2035) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പോലീസ് ഉദ്യോഗസ്ഥരുടെ നോൺ സ്റ്റാറ്റ്യൂട്ടറി റിക്കവറികൾ എച്ച്.ഡി.എഫ്.സി. ബാങ്കിന് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓപ്പൺ ടെൻഡറിലൂടെയാണോ എച്ച്.ഡി.എഫ്.സി. ബാങ്കിന് കരാർ നൽകിയത്; വിശദമാക്കാമോ?

പോലീസ് ഉദ്യോഗസ്ഥരുടെ നോൺ സ്റ്റാറ്റ്യൂട്ടറി റിക്കവറികൾ എച്ച്.ഡി.എഫ്.സി. ബാങ്കിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഓപ്പൺ ടെണ്ടറിലൂടെ അല്ല എച്ച്.ഡി.എഫ്.സി. ബാങ്കിന് കരാർ നൽകിയത്.

(ബി) ഇക്കാര്യത്തിനായി പൊതുമേഖല, സ്വകാര്യ ബാങ്കുകളുടെ താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് ഗവൺമെന്റ് തലത്തിലോ പോലീസ് ഡിപ്പാർട്ട്മെന്റ് തലത്തിലോ ഔദ്യോഗിക കത്തിടപാടുകൾ നടത്തിയിരുന്നോ; വിശദമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഈ വിഷയത്തിൽ പൊതുമേഖലാ ബാങ്കുകളുടെ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടായിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) കേരളത്തിലെ പോലീസ് ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എച്ച്.ഡി.എഫ്.സി. ബാങ്കിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ ബാങ്ക് നൽകിയിട്ടുണ്ടോ; ഏതെങ്കിലും തരത്തിൽ അക്കൗണ്ടിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്ന് തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായാൽ ബാങ്ക് നഷ്ടപരിഹാരം നൽകുമോ; വിശദമാക്കാമോ?

e-mandate നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾക്കായി പോലീസ് വകുപ്പ് ജീവനക്കാരുടെ അക്കൗണ്ട് വിവരങ്ങൾ എച്ച്.ഡി.എഫ്.സി. ബാങ്കിന് നൽകിയിട്ടുണ്ട്. ബാങ്കുമായി വകുപ്പ് ഏർപ്പെട്ട കരാറിൽ ഡാറ്റായുടെ സുരക്ഷിതത്വം ബാങ്ക് ഉറപ്പുനൽകിയിട്ടുണ്ട്.

(ഡി) സ്പോർട്സ് ഫണ്ടിനത്തിൽ എത്ര തുകയാണ് 2019, 2020, 2021 വർഷങ്ങളിൽ ഈടാക്കിയിട്ടുള്ളത്; ആയതിന് ഓഡിറ്റിംഗുണ്ടോ; പ്രസ്തുത തുക ചെലവഴിക്കുന്നത് ഏതെങ്കിലും കമ്മിറ്റി മുഖേനയാണോ; ആയതിൽ പോലീസുകാരുടെയും ഓഫീസർമാരുടെയും പ്രതിനിധികളെ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ എത്ര തുക ഈ ഇനത്തിൽ മിച്ചമുണ്ട്; തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിലാണോ; വിശദമാക്കാമോ?

സ്പോർട്സ് ഫണ്ടിനത്തിൽ 2019-ൽ 39,18,447/- രൂപ, 2020-ൽ 80,22,113/- രൂപ, 2021 ൽ 1,46,81,831/- രൂപ ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്യുന്നതിനുവേണ്ടി 24-02-2022 -ൽ Kerala State Audit Department-ന് കത്ത് നൽകിയിട്ടുണ്ട്. ഏതെങ്കിലും കമ്മിറ്റികൾ മുഖേനയല്ല പ്രസ്തുത തുക ചെലവഴിക്കുന്നത്. എന്നിരുന്നാലും സെൻട്രൽ സ്പോർട്സ് ഫണ്ട് പ്രസിഡന്റ്

(SPC), സെൻട്രൽ സ്പോർട്സ് ഓഫീസർ (ADGP-HQ), ട്രഷറർ (SP-HQ) എന്നിവരുടെ അറിവോടുകൂടിയാണ് സെൻട്രൽ സ്പോർട്സ് ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നത്. നിലവിൽ 14-03-2022 വരെ 80,01,238/- രൂപ മിച്ചമുണ്ട്. ട്രഷറി അക്കൗണ്ടിലാണ് ഈ തുക സൂക്ഷിക്കുന്നത്.

(ഇ) കേരള പോലീസ് വെൽഫെയർ ബ്യൂറോയ്ക്കുവേണ്ടി ഒരുമാസം ഒരു ഉദ്യോഗസ്ഥനിൽ നിന്നും എത്ര തുക വീതമാണ് റിക്കവറി നടത്തുന്നത്; 2019, 2020, 2021 വർഷങ്ങളിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; നിലവിൽ എത്ര തുക ഈ ഇനത്തിൽ മിച്ചമുണ്ട്; ഈ തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിലാണോ; വിശദമാക്കാമോ?

കേരള പോലീസ് വെൽഫെയർ ബ്യൂറോയ്ക്കുവേണ്ടി മാസവരി ഇനത്തിൽ പോലീസ് ഉദ്യോഗസ്ഥരിൽനിന്നും 100/- രൂപ വീതം റിക്കവറി നടത്തുന്നുണ്ട്. കൂടാതെ പോലീസ് വെൽഫയർ ബ്യൂറോയിൽനിന്നും പലിശരഹിത വായ്പ അനുവദിച്ചുനൽകിയിട്ടുള്ള സേനാംഗങ്ങളിൽനിന്നും തുകയ്ക്ക് അനുസൃതമായി നിശ്ചയിച്ചിരിക്കുന്ന വായ്പ തിരിച്ചടവ് തുകയും റിക്കവറി നടത്താറുണ്ട്. 2019, 2020, 2021 വർഷങ്ങളിൽ ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2019 - Rs. 8,11,05,453/-

2020 - Rs. 7,96,68,624/-

2021 - Rs. 8,53,45,301/-

മിച്ചമുള്ള തുക - Rs. 1,02,59,407/-

ഫിക്സഡ് ഡെപ്പോസിറ്റ് - Rs. 5,30,45,658/-

ടി തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിലല്ല. ദേശസാൽകൃത ബാങ്കിൽ അനുവദിച്ചിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് ടി തുക സൂക്ഷിക്കുന്നത്.

(എഫ്) കോബ്ര ഫണ്ടിനത്തിൽ എത്ര തുകയാണ് കഴിഞ്ഞ 5 വർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുള്ളത്; കോബ്ര ഫണ്ട് ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുണ്ടോ; ആയതിന് ഓഡിറ്റിംഗുണ്ടോ; നിലവിൽ എത്ര തുക ഈ ഇനത്തിൽ മിച്ചമുണ്ട്; തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിലാണോ; വിശദമാക്കാമോ?

ഇത്തരമൊരു ഫണ്ട് പോലീസ് വകുപ്പിൽ നിലവിലില്ല.

## മുൻ വനിത ഡി.ജി.പി.യുടെ പ്രസ്താവന

85(2036) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വനിത ഡി.ജി.പി. -യുടെ പ്രസ്താവനയിൽ ഒരു ഡി.ഐ.ജി

വനിത എസ്.ഐ.-യ്ക്കെതിരെ മര്യാദ ലംഘനം നടത്തുവാൻ ശ്രമിച്ചതായും അവർ അതിനെ തടഞ്ഞതായും പറയുന്നത് ഇന്റലിജൻസ് വിഭാഗം മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇതുസംബന്ധിച്ച് ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) പ്രസ്തുത പ്രസ്താവനയിന്മേൽ അന്വേഷണം നടത്തി വനിതാ കമ്മീഷൻ സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പരാതിയിലെ പരാമർശവിധേയയായ വനിത എസ്.ഐ. വനിതാ കമ്മീഷനിൽ പരാതി നൽകിയിട്ടില്ല. ഈ വിഷയത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുത്തിട്ടില്ലാത്തതുമാണ്.

(ഡി) മുൻസർക്കാരിന്റെ കാലം മുതൽ പോലീസ് സ്റ്റേഷനുള്ളിൽവച്ചും മറ്റിതര സ്ഥലങ്ങളിൽവച്ചും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ

നടന്ന പീഡനം സംബന്ധിച്ച കേസ്സുകളുടെ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുമോ?

അത്തരത്തിൽ ചാവക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 2141/ 2016 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥനെ സർവീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

(ഇ) വനിതാ പോലീസുകാരെ പീഡിപ്പിച്ചതായി പറയപ്പെടുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഡി- പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**കസ്റ്റഡി മരണം**

86 (2037) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്കപ്പിൽ പോലീസ് മൂന്നാംമുറ പ്രയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് അറസ്റ്റ് ചെയ്യുന്ന പ്രതികളുടെ മനുഷ്യാവകാശം സംരക്ഷിക്കണമെന്നും അവർക്കെതിരെ നിയമവിരുദ്ധമായ

പ്രവർത്തനങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും നിർദ്ദേശിച്ച് സംസ്ഥാന പോലീസ് മേധാവി 12-07-2021-ൽ എക്സിക്യൂട്ടിവ് ഡയറക്ടീവ് നമ്പർ 21/2021 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ളവയ്ക്ക് പുറമെ, സംസ്ഥാനത്തെ സി.സി.ടി.വി. സൗകര്യമില്ലാത്ത എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2022 ഫെബ്രുവരിയിൽ തിരുവല്ലത്ത് പൊലീസ് കസ്റ്റഡിയിലെടുത്ത നെല്ലിയോട് സ്വദേശിയായ സുരേഷ് അടക്കമുള്ളവർക്ക് ലോക്കപ്പിൽ മർദ്ദനമേറ്റിട്ടുണ്ടോ; വ്യക്തമാക്കാമോ?

2022 ഫെബ്രുവരിയിൽ തിരുവല്ലത്ത് പോലീസ് കസ്റ്റഡിയിലെടുത്ത നെല്ലിയോട് സ്വദേശിയായ സുരേഷ് അടക്കമുള്ളവർക്ക് ലോക്കപ്പിൽ മർദ്ദനമേറ്റുയെന്ന ആരോപണത്തിന്റെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്.

(സി) തിരുവല്ലത്തെ പൊലീസ് സ്റ്റേഷനിൽ വച്ച് സുരേഷ് മരിച്ച സംഭവത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്. തിരുവല്ലം പോലീസ് കസ്റ്റഡിയിലെടുത്ത സുരേഷ് എന്നയാൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് തിരുവല്ലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ

243/2022 u/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ തുടരന്വേഷണം പോലീസ് ആസ്ഥാനത്തെ ഉത്തരവ് നമ്പർ T6-35499/2022 dated 01-03-2022 പ്രകാരം സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. ക്രൈം 39/CB/TVM/2022 u/s 174 CrPC ആയി റീരജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു. ഇതു സംബന്ധിച്ച് പോലീസ് അന്വേഷിക്കുന്ന കേസുകൾ സി.ബി.ഐ.-യ്ക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) ലോക്കപ്പിൽ ക്രൂരമായി മർദ്ദനമേറ്റതിനെ തുടർന്നാണ് മരിച്ചതെന്ന് കാണിച്ച് ബന്ധുക്കളും നാട്ടുകാരും പരാതി നൽകിയിട്ടുണ്ടോ; കേസിന്റെ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ?

ഈ വിഷയം സംബന്ധിച്ച് ശ്രീ. യാഷ് തോമസ് മാനുല്ലി എന്നയാൾ നൽകിയ ഒരു e-mail പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും പരാതിയിൽ ഉന്നയിച്ച വിഷയവും ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത സംഭവത്തിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ?

ഉണ്ട്.

## പോലീസ് ഡിപ്പാർട്ട്മെന്റിലെ ആശ്രിത നിയമനം

87(2038) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം ലഭിക്കാൻ അപേക്ഷ നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം വിശദമാക്കാമോ?

പോലീസ് വകുപ്പിൽ നിലവിൽ 507 പേർ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പോലിസ് ഡിപ്പാർട്ട്മെന്റിൽ ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പോലീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപേക്ഷകരുടെ നിയമനം വേഗത്തിലാക്കുന്നതിനായി പൊതുഭരണ വകുപ്പ് മുഖേന അദാലത്തുകൾ സംഘടിപ്പിച്ച്, മറ്റ് വകുപ്പുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള തസ്തികകളിൽ യോഗ്യരായവർക്ക് തസ്തികമാറ്റത്തിന് അവസരം നൽകിവരുന്നുണ്ട്.

(സി) ആശ്രിത നിയമനത്തിലെ കാലതാമസം പരിഹരിക്കുന്നതിനായി

കോമൺ ലിസ്റ്റിൽ നിന്ന് ആശ്രിത നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ആശ്രിത നിയമന പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായവരുടെ ക്രമീകരണം പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് കോമൺ ലിസ്റ്റിൽനിന്നും ആശ്രിത നിയമനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സിറ്റി സർവൈലൻസ് സിസ്റ്റം

88(2039) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുന്ദമംഗലത്ത് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സിറ്റി സർവൈലൻസ് സിസ്റ്റം സ്ഥാപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത് സ്ഥിരമായി പ്രവർത്തിപ്പിക്കുന്നതിന് റോഡ് സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി വൈദ്യുതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് എന്നേക്ക് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കുന്ദമംഗലം പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ബഹു. കുന്ദമംഗലം എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 64 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച സിറ്റി സർവൈലൻസ് സിസ്റ്റത്തിനുള്ള വൈദ്യുതി അനുവദിച്ച് നൽകുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് തുകയായ 40,901/- രൂപ റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് കോഴിക്കോട് സിറ്റി പോലീസ് ഓഫീസിൽനിന്നും 17-12-2021 -ൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുക കോഴിക്കോട് സിറ്റി പോലീസ് ഓഫീസിലെ സ്പോർട്സ് ഫണ്ടിൽനിന്നും താൽക്കാലികമായി ചെലവഴിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളതും റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ആയത് സ്പോർട്സ് ഫണ്ടിലേക്ക് വകയിരുത്തുന്നതുമാണ്.

## ഡിജിറ്റൽ ഡി -അഡിക്ഷൻ സെന്റർ

89(2040) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഓൺലൈൻ ഗെയിമുകൾക്ക് അടിമപ്പെടുന്ന കുട്ടികൾക്കായി പോലീസിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പോലീസ്

റേഞ്ചുകൾ കേന്ദ്രീകരിച്ചാണ് സെന്ററുകൾ ആരംഭിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ഡിജിറ്റൽ അഡിക്ഷൻ ബാധിച്ച കുട്ടികൾക്കും മറ്റുള്ളവർക്കും ഫലപ്രദമായ കൗൺസിലിംഗ് നൽകുന്നതിലേക്കായി സംസ്ഥാനത്തെ 4 പോലീസ് റേഞ്ചുകളിലും ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്.

**ജില്ലകളിൽ ക്രൈംബ്രാഞ്ച് എസ്.പി.**

90(2041) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ക്രൈംബ്രാഞ്ച് സംവിധാനത്തിൽ ജില്ലകൾതോറും എസ്.പി.-മാരെ നിയമിക്കാനുള്ള നടപടിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ സൂപ്രണ്ട് ഓഫ് പോലീസിന് പ്രസ്തുത ചുമതല നൽകാൻ നടപടികളുണ്ടാകുമോ?

കാസർഗോഡ് ജില്ലാ ക്രൈം ബ്രാഞ്ച് ഓഫീസിന്റെ ചുമതല കണ്ണൂർ ക്രൈംബ്രാഞ്ച് എസ്.പി. ആണ് വഹിക്കുന്നത്. എല്ലാ ജില്ലകളിലും പ്രത്യേകമായി എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനാവശ്യമായ ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പോലീസ് കൺട്രോൾ റൂം വാഹനങ്ങളിൽ ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥർ

91(2042) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കൺട്രോൾ റൂം വാഹനങ്ങളിൽ ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ സാന്നിധ്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡി.എച്ച്.ക്യൂ-ൽ നിന്നും ആവശ്യത്തിന് ഓഫീസർമാരെ പ്രസ്തുത വാഹനങ്ങളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പോലീസ് കൺട്രോൾ റൂം വാഹനങ്ങളിൽ ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ അസാന്നിധ്യം സാധാരണ നിലയിൽ ഉണ്ടാകാറില്ല. എന്നാൽ, അവിചാരിതമായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും വിശിഷ്ട വ്യക്തികളുടെ സന്ദർശന വേളകളിലും ആകസ്മികമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾപോലുള്ള സാഹചര്യങ്ങളിലും മറ്റ് അടിയന്തര ഘട്ടങ്ങളിലും ഓഫീസർമാരുടെ സേവനം അത്യന്താപേക്ഷിതമായി വരുന്ന അവസരങ്ങളിൽ ഒരു ക്രമീകരണമെന്ന നിലയിൽ പോലീസ് കൺട്രോൾ റൂം വാഹനങ്ങളുടെ ചുമതല സീനിയർ സിവിൽ പോലീസ് ഓഫീസർമാർക്ക് നൽകാറുണ്ട്.

## പോലീസ് ക്യാന്റീൻ സൗകര്യം റദ്ദ് ചെയ്യൽ

92(2043) <u>ശ്രീ വി ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് വകുപ്പിൽ 15 വർഷത്തിലധികം സേവനമനുഷ്ഠിച്ച് വിടുതൽ ചെയ്ത് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലിയിൽ പ്രവേശിച്ചവർക്ക് അനുവദിച്ചിരുന്ന സെൻട്രൽ പോലീസ് ക്യാന്റീൻ സൗകര്യം റദ്ദ് ചെയതിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മേൽ പരാമർശിച്ച ജീവനക്കാർക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ സൗകര്യം അനുവദിച്ചിരുന്നതിന് നിലവിലെ വ്യവസ്ഥകൾ പ്രകാരം തടസ്സമെന്തെങ്കിലുമുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള പോലീസ് വകുപ്പിൽ 15 വർഷത്തിലധികം സേവനമനുഷ്ഠിച്ച് വിടുതൽ ചെയ്ത് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലിയിൽ പ്രവേശിച്ചവർക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ സൗകര്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും നിലവിലില്ല.

**പോലീസിന്റെ ജനസൗഹൃദ പ്രവർത്തനം**

93 (2044) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:

ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും പോലീസിന്റെ പ്രവർത്തനം സംബന്ധിച്ച് ജനങ്ങൾക്ക് മതിപ്പുസൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും ജനങ്ങൾക്ക് മതിപ്പുസൃഷ്ടിക്കുന്നതിനുമായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കിവരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കുറ്റാന്വേഷണ മികവ്

വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും 'in service' പരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും പോലീസിന്റെ പ്രവർത്തനം സംബന്ധിച്ച് ജനങ്ങൾക്ക് മതിപ്പുസൃഷ്ടിക്കുന്നതിനുമായി ജനമൈത്രി പോലീസ്, ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ, പിങ്ക് പോലീസ്, വനിത ഹെല്പ് ലൈൻ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഹോപ്പ് പ്രോജക്ട്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വുമൺ ഹെല്പ് ഡെസ്ക്, ചിരി ഹെല്പ് ലൈൻ, നിർഭയ പ്രോജക്ട്, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് സെന്റർ എന്നിവ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളും ഭിന്നശേഷി-ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളും

പ്രവർത്തിച്ചുവരുന്നു. കേരള പോലീസിന്റെ സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, സോഷ്യൽ മീഡിയ സെൽ എന്നിവ പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കി ജനങ്ങൾക്ക് മതിപ്പ് സൃഷ്ടിക്കുന്നുണ്ട്.

(ബി) ഓൺലൈനായി പോലീസിൽ പരാതി നൽകുന്നതിനും മറ്റ് സേവനങ്ങൾ ലഭ്യമാകുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനും പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേരള പോലീസിന്റെ ഓൺലൈൻ പ്രോജക്ടായ 'THUNA', POL-APP എന്നിവ മുഖാന്തിരം ഓൺലൈനായി പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതുൾപ്പെടെ വിവിധ സേവനങ്ങൾ ലഭ്യമാണ്. മുതിർന്ന പൗരന്മാർക്കായി സീനിയർ സിറ്റിസൺ പോർട്ടൽ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി 'BELL OF FAITH' സംവിധാനം എന്നിവ നിലവിലുണ്ട്. വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്കായി Elder Line Helpline (Toll Free No.14567) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീ പീഡനം സംബന്ധിച്ച പരാതികൾ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നേരിട്ട് പരിഹരിക്കുവാനും

കർശന നിയമനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീപീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി 'അപരാജിത' എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്. കൂടാതെ അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പരുകളിൽ വിളിച്ച് സഹായം തേടാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വനിത സെല്ലും 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെല്പ്ലൈനും നിലവിലുണ്ട്. കൂടാതെ മൊബൈൽ പട്രോളിംഗ്, ബീറ്റുകൾ എന്നിവ നടത്തിയും സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വയംരക്ഷാ പദ്ധതി (Self defence training) നടപ്പിലാക്കി പരിശീലന ക്ലാസുകൾ നൽകിയും പിങ്ക്-പട്രോളിംഗ്, ജനമൈത്രി സംവിധാനം എന്നിവ നടപ്പിലാക്കിയും വിദ്യാർത്ഥികൾക്കിടയിൽ സോഷ്യൽ മീഡിയ, മൊബൈൽ ഫോൺ എന്നിവയുടെ ദുരുപയോഗത്തെ സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസുകൾ നടത്തിയും സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങളെപ്പറ്റി നിയമബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും സ്കൂൾ-കോളേജ് പരിസരങ്ങളിൽ തിരക്കേറിയ സമയങ്ങളിലും മറ്റു

പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പോലീസിന്റെ സേവനങ്ങൾ സംബന്ധിച്ച അറിവുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പോലീസിന്റെ സേവനങ്ങൾ സംബന്ധിച്ച അറിവുകളും പോലീസ് ഉദ്യോഗസ്ഥരുടെ സൽപ്രവർത്തികളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി പോലീസ് ഔദ്യോഗിക വെബ്സൈറ്റ്, ട്വിറ്റർ, സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, സോഷ്യൽ മീഡിയ സെൽ, ഫെയ്സ് ബുക്ക് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിവരുന്നു. ലോകത്ത് കൂടുതൽ ഫോളോവേഴ്സുള്ള പോലീസിന്റെ ഫേസ്ബുക്ക് അക്കൗണ്ട് കേരള പോലീസിന്റേതാണ്.

**മോഫിയ പർവീനിന്റെ ആത്മഹത്യ**

94 (2045) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവയിൽ ഇരുപത്തി മൂന്നുകാരിയായ മോഫിയ പർവീൻ ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും പോലീസിന്റെയും ശാരീരികവും മാനസികവുമായ പീഡനത്തിനിരയായതിനെത്തുടർന്ന് ആത്മഹത്യ ചെയ്ത സംഭവത്തിലെ അന്വേഷണം നിലവിൽ ഏതുഘട്ടത്തിലാണ്?

ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം 17-01-2022-ൽ ആലുവ JFCM-1 കോടതിയിൽ ഹാജരാക്കുകയും CP-5/2022 ആയി ബഹു. കോടതി കുറ്റപത്രം സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) പീഡനത്തെത്തുടർന്ന് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും അതിൽ സത്വരവും നീതിപൂർവ്വവുമായ നടപടി സ്വീകരിക്കാൻ സി.ഐ. തയ്യാറായില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) സി.ഐ.ക്കെതിരെ ആത്മഹത്യാ പ്രേരണയ്ക്ക് കേസ്സെടുക്കാനും അദ്ദേഹത്തെ സർവ്വീസിൽനിന്നും നീക്കം ചെയ്യാനും നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. ആയതിൽ വീഴ്ചവരുത്തിയതായി പ്രഥമദൃഷ്ട്യാ

കണ്ടെത്തിയ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ആയിരുന്ന സി.എൽ. സുധീർ കുമാറിനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതും ടിയാനെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് കൊച്ചിൻ സിറ്റി ഈസ്റ്റ് ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തിവരുന്നു.

**പോലീസിന് ലഭിച്ച ബഹുമതികളും കുറ്റകൃത്യങ്ങളുടെ എണ്ണവും**

95(2046) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ പോലീസിന് ലഭിച്ച ബഹുമതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ പോലീസിന് ലഭിച്ച ബഹുമതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. 2021 വർഷം റിപ്പോർട്ടു ചെയ്ത കേസുകളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ 2020 വർഷത്തെക്കാൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എണ്ണം കുറവായിട്ടാണ് കാണുന്നത്. കഴിഞ്ഞ രണ്ടുവർഷം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം താഴെപ്പറയുന്നു.

| Period | Total FIRs registered | No. of cases registered under IPC | No. of cases registered under SLL |
|---|---|---|---|
| 2020 | 554724 | 149099 | 405625 |
| 2021 | 525522 | 145495 | 380027 |

## തിരുമാറാടി വില്ലേജിലെ മരം മുറി കേസ്

96(2047) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമാറാടി വില്ലേജിൽ സർവ്വേ നമ്പർ 179/9/3-ൽ വരുന്ന വസ്തുവിൽ അതിക്രമിച്ച് കയറി മരം വെട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് അതിന്റെ ഉടമ കണ്ണീത്ത് വീട്ടിൽ ശ്രീ. രാമൻ നൽകിയ പരാതി കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പ്രസ്തുത പരാതി 591/D-PTN/21/E3 നമ്പരായി 23.10.2021-ന് ഡയറക്ട് പെറ്റീഷൻ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതും 150923/2021 ആയി IAPS-ൽ എൻട്രി ചെയ്തിട്ടുള്ളതുമാണ്.

(ബി) കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ നാളിതുവരെ പൂർത്തികരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പ്രസ്തുത പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ടി പരാതി സംബന്ധിച്ച് ഇരുകക്ഷികളും 27.10.2021-ൽ സ്റ്റേഷനിൽ സ്വമേധയാ ഹാജരാകുകയും പരാതി സിവിൽ സ്വാഭാവമുള്ളതായി ബോധ്യപ്പെട്ടതിനാൽ ബഹു.കോടതി മുഖാന്തിരം പരിഹാരം കാണാൻ നിർദ്ദേശിച്ചതനുസരിച്ച് എതിർകക്ഷികൾ രജിസ്റ്ററിൽ ഒപ്പുവയ്ക്കുകയും പരാതിക്കാരൻ ഒപ്പുവയ്ക്കാൻ വിസമ്മതിച്ച് പോയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത സ്ഥലവും മരത്തിന്റെ ഉടമസ്ഥാവകാശവും ആർക്കാണെന്ന് പോലിസന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ടി പരാതി സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ പരാതിക്കാരനും എതിർകക്ഷികളും സഹോദരങ്ങളാണെന്നും കുടുംബസ്വത്തുമായി ബന്ധപ്പെട്ട് ഇരുകക്ഷികളും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുള്ളതാണ്. പരാതിക്കാരന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിനാലാണ് ബഹു.കോടതി മുഖാന്തിരം പരിഹാരം

കാണുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

97(2048) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്.പി.സി. പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിലോ ഹയർസെക്കന്ററി വിഭാഗത്തിലോ കുറഞ്ഞത് 500 വിദ്യാർത്ഥികളെങ്കിലുമുണ്ടായിരിക്കണം.

2. അദ്ധ്യാപക രക്ഷാകർത്തൃ സമിതി വളരെ സജീവമായി പ്രവർത്തിക്കുന്ന സ്കൂളായിരിക്കണം

3. ശിശു സൗഹാർദ്ദപരമായ മനോഭാവവും സന്നദ്ധതയുമുള്ള രണ്ട് അദ്ധ്യാപകരെ സ്കൂളിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് നിയോഗിക്കേണ്ടതും പ്രസ്തുത അദ്ധ്യാപകർ 50 വയസ്സിൽ താഴെയുള്ളവരും ശാരീരിക ക്ഷമതയുള്ളവരുമായിരിക്കണം. (പെൺകുട്ടികളുള്ള സ്കൂളാണെങ്കിൽ

അദ്ധ്യാപകരിൽ ഒരാൾ വനിതയായിരിക്കണം)

4. സ്കൂളിൽ കായിക പരിശീലനത്തിന് (പരേഡ് & PT) ആവശ്യമായ ഗ്രൗണ്ട് ഉണ്ടായിരിക്കണം

5. SPC പ്രോജക്ട് ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് യൂണിഫോം മാറാനുള്ള സൗകര്യം തുടങ്ങിയവ ഉണ്ടായിരിക്കണം.

(ബി) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

1. GHSS കൊടുവായൂർ

2. GHS തിരുവഴിയാട്

3. GGHSS നെന്മാറ

4. GB HSS നെന്മാറ

5. MHS പുതുനഗരം

6. GHSS മുതലമട

7. VMHSS വടവന്നൂർ

(സി) മണ്ഡലത്തിലെ മുഴുവൻ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിലും യൂണിറ്റ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഘട്ടംഘട്ടമായാണ് കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

98 (2049) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യക്കാമോ?

നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ 984 സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു. 2021-22 -ൽ ഇതുവരെ 30 സർക്കാർ സ്കൂളുകളിലും 152 എയ്ഡഡ് സ്കൂളുകളിലുമായി ആകെ 182 സ്കൂളുകളിൽ കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി കൂടുതൽ സ്കൂളുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## രാഷ്ട്രീയ പാർട്ടികൾക്കിടയിൽ അസഹിഷ്ണുത

99 (2050) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രാഷ്ട്രീയ പാർട്ടികൾക്കിടയിൽ അസഹിഷ്ണുത വളർന്നു വരുന്നതായും രാഷ്ട്രീയ പാർട്ടികളെ വിമർശിക്കുന്നവരെ കായികമായി നേരിടുന്ന സംഭവങ്ങൾ കൂടിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മറ്റൊരാളുടെ ഫേസ്ബുക്ക് പോസ്റ്റിനുകീഴിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ഏരിയ സെക്രട്ടറിക്കെതിരെ കമന്റിട്ട വ്യക്തിയുടെ കയ്യും കാലും കമ്പിവടികൊണ്ട് തല്ലിയൊടിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ഇതുസംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കരിമണ്ണൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 242/2022 U/s 143, 144,147,148, 294 (b), 506 (i), 323, 326 r/w 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; സമാനമായ സംഭവങ്ങൾ

തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേസ്സിലെ 5 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും പ്രതികൾക്ക് റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരുന്നതുമാണ്. സമാനമായ സംഭവങ്ങൾ നിയന്ത്രിക്കുന്നതിന് ശക്തമായ കരുതൽനടപടികളും നിരീക്ഷണവും നടത്തിവരുന്നുണ്ട്.

**ചെങ്കോട്ട -കൊല്ലം റെയിൽ പാതയിലെ അതിക്രമം**

100(2051) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ചെങ്കോട്ട-കൊല്ലം റെയിൽ പാതയിലെ തെന്മലയിൽ വച്ച് വനിതാ സ്റ്റേഷൻ മാസ്റ്റർക്ക് മോഷ്ടാവിൽനിന്നും അതിക്രമം നേരിടേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിൽ തമിഴ്നാട് പാമ്പ്കോവിൽ റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്ററായ എറണാകുളം തോപ്പുംപടി വില്ലേജിൽ ചുള്ളിക്കൽ ദേശത്ത് തീയടി വീട്ടിൽ വിൽസി മകൾ രശ്മി ആന്റണി എന്നയാളുടെ മൊഴി പ്രകാരം പുനലൂർ റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 04/2022 U/S 392 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിക്രമം നടത്തിയ ആൾ തമിഴ്നാട് സ്വദേശിയാണെന്ന്

സംശയിക്കുന്നതിനാൽ തമിഴ്നാട് കേന്ദ്രീകരിച്ച് ആർ.പി.എഫ്., ജി.ആർ.പി, തമിഴ്നാട് ലോക്കൽ പോലീസ് എന്നിവരുമായി ചേർന്ന് കൂടുതൽ അന്വേഷണം നടത്തിവരുന്നതുമാണ്.

(ബി) അതിക്രമം നടത്തിയ ആളെ പിടികൂടുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഈ സംഭവത്തിൽ തമിഴ്നാട് പാമ്പ്കോവിൽ റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്ററായ എറണാകുളം തോപ്പുംപടി വില്ലേജിൽ ചുള്ളിക്കൽ ദേശത്ത് തീയടി വീട്ടിൽ വിൽസി മകൾ രശ്മി ആന്റണി എന്നയാളുടെ മൊഴിപ്രകാരം പുനലൂർ റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 04/2022 U/S 392 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിക്രമം നടത്തിയ ആൾ തമിഴ്നാട് സ്വദേശിയാണെന്ന് സംശയിക്കുന്നതിനാൽ തമിഴ്നാട് കേന്ദ്രീകരിച്ച് ആർ.പി.എഫ്., ജി.ആർ.പി, തമിഴ്നാട് ലോക്കൽ പോലീസ് എന്നിവരുമായി ചേർന്ന് കൂടുതൽ അന്വേഷണം നടത്തിവരുന്നതുമാണ്.

(സി) ഈ അതിക്രമം നടക്കുന്ന സമയം ഉൾപ്പെടെ മലയോര മേഖലയിലൂടെയുള്ള കൊല്ലം-ചെങ്കോട്ട പാതയിൽ മതിയായ ആർ.പി.എഫ്./ പോലീസ് സാന്നിധ്യമില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ പ്രദേശത്തെ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഒരുക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

കൊല്ലം - ചെങ്കോട്ട പാസ്സഞ്ചർ ട്രെയിനിൽ നിലവിൽ ബീറ്റ് ഡ്യൂട്ടിക്കായി പോലീസുദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കൂടാതെ തെന്മല പ്ലാറ്റ്ഫോം ഡ്യൂട്ടിക്കായും പോലീസുദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

## സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

101(2052) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ പീഡനങ്ങളും സ്ത്രീകൾക്കെതിരായ മറ്റ് കുറ്റകൃത്യങ്ങളും വീടുകളിലും സമൂഹത്തിലും നിലനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അവയ്ക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത്, തെളിവുകൾ ശേഖരിച്ച്, പ്രതികളെ അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കത്തക്കവണ്ണം ബഹു. കോടതികളിൽ

യഥാസമയം ചാർജ് ഷീറ്റ് സമർപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പ്രസ്തുത വിഷയങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്രയെന്നും എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ചുവരുന്ന പ്രധാന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ 2020-ൽ 19,090 ആളുകൾക്കെതിരെ 12,659 കേസുകളും 2021-ൽ 24,848 ആളുകൾക്കെതിരെ 16,418 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ കുറ്റകൃത്യങ്ങൾക്കനുസൃതമായ വകുപ്പുകൾ ചുമത്തി കേസുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികളെ താമസംവിനാ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കിയും പഴുതടച്ചുള്ള അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് ചുരുങ്ങിയ കാലയളവിൽ തന്നെ കുറ്റപത്രം സമർപ്പിച്ചുവരുന്നു. കൂടാതെ കേസുകളുടെ അന്വേഷണ, വിചാരണ വേളകളിൽ സാക്ഷികളുടെയും അതിജീവിതരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് ആവശ്യമായ നിയമസഹായങ്ങൾ നൽകിവരുന്നുണ്ട്.

(സി) പ്രസ്തുത കേസ്സുകളുടെ എണ്ണത്തിലും സ്ത്രീകളുടെ സംരക്ഷണം

ഉറപ്പാക്കുന്നതിലും ദേശീയതലത്തിൽ കേരളം എത്രാമത്തെ സ്ഥാനത്താണെന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

സ്ത്രീകൾക്കെതിരായ അതിക്രമകേസുകളിൽ 2020-ാം വർഷത്തിൽ Crime in India റിപ്പോർട്ട് പ്രകാരം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ദേശീയതലത്തിൽ കേരളം പതിമൂന്നാം സ്ഥാനത്താണ്. 2021 വർഷത്തെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല.

**സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ**

102(2053) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തിടെ കൊലപാതകങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൊലപാതകങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി പോലീസ് മുഴുവൻ സമയ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ സഹായത്തോടെ പോലീസ് ബീറ്റ് എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും രാത്രികാലങ്ങളിൽ ഉൾപ്പെടെ നടത്തിവരുന്നുണ്ട്. സ്ഥിരം

കുറ്റവാളികളെ നിരീക്ഷിച്ച് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള തർക്കങ്ങളിൽ ഇടപെട്ട് സംഘട്ടനങ്ങളും മറ്റും ഒഴിവാക്കി ക്രമസമാധാനം കാത്തുസൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകൾ റിപ്പോർട്ടായാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതും പരമാവധി ശിക്ഷ ലഭിക്കുന്നതിനുവേണ്ട തെളിവുകൾ ശേഖരിക്കുകയും പഴുതടച്ച് കുറ്റപത്രം നൽകുന്നതിനുള്ള അന്വേഷണമാണ് നടത്തുന്നത്.

(ബി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ പോലീസ് വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിവരം ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

പോലീസിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലെ തൊഴിലിടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളായി 4,21,560 പേർ ജോലി ചെയ്തുവരുന്നുണ്ട്.

(സി) 2016 മെയ് മാസം മുതൽ ഇന്നേവരെ സംസ്ഥാനത്ത് എത്ര ബോംബാക്രമണ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതിൽ എത്ര പേർ

മരണപ്പെട്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസുകളിൽ രാഷ്ട്രീയ പാർട്ടികൾക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

2016 മേയ് മാസം മുതൽ ഇന്നേവരെ സംസ്ഥാനത്ത് 347 ബോംബാക്രമണ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 4 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 597 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവിധ രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകർക്ക് പങ്കുള്ളതായ 130 കേസുകൾ കണ്ടെത്തിയിട്ടുണ്ട്

(ഡി) 2016 മേയ് മാസം മുതൽ ഇന്നേവരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

2016 മേയ് മാസം മുതൽ ഇന്നേവരെ സംസ്ഥാനത്ത് 4,262 രാഷ്ട്രീയ സംഘട്ടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘട്ടനങ്ങളിൽ 16 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ബഹു. കോടതി വിധിച്ച കേസുകളിലായി 291 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

**സംസ്ഥാനത്ത് കൊല്ലപ്പെട്ടവരുടെ വിശദാംശങ്ങൾ**

103(2054) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മുതൽ വിവിധ സംഭവങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത കൊലപാതകങ്ങളിൽ ഓരോന്നിന്റെയും കാരണങ്ങളും എത്ര പേർ പ്രതികളായിട്ടുണ്ടെന്നും പ്രതികളിൽ എത്ര പേരെ പിടിച്ചിട്ടുണ്ടെന്നും എത്ര പേർ ബാക്കിയുണ്ടെന്നുമുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത സംഭവങ്ങളിൽ സംഘടിത ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത സംഭവങ്ങളിൽ സംഘടിത ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 83 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം കൊലപാതകങ്ങളിൽ ഒറ്റയ്ക്ക് താമസിക്കുന്നതും വൃദ്ധരുമായ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വർഷം, ജില്ല എന്നിവ തിരിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ജയിലുകളിൽനിന്നും പരോളിലിറങ്ങിയവർ ഇത്തരം സംഭവങ്ങളിൽ പ്രതികളായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഈ കാലയളവിൽ ജയിലുകളിൽനിന്നും പരോളിലിറങ്ങിയ രണ്ടുപേർ പ്രതികളായി രണ്ട് കൊലപാതക കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എറണാകുളത്ത് മോഡലുകളായ യുവതികൾ കാർ അപകടത്തിൽ മരണപ്പെട്ട സംഭവം

104 (2055) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ 31-ന് എറണാകുളത്ത് മോഡലുകളായ യുവതികൾ കാർ അപകടത്തിൽ മരണപ്പെട്ട സംഭവത്തിലെ ദുരൂഹതകൾ നീക്കുന്നതിനായി അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ മോഡലുകളായ യുവതികളുടെ മരണത്തിനിടയാക്കിയ കാറിലെ ഡ്രൈവറായ, കേസിലെ ഒന്നാംപ്രതി അപകടസമയത്ത് മദ്യപിച്ചിരുന്നതായും രണ്ടാംപ്രതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മോഡലുകളുടെ വാഹനത്തെ പിന്തുടർന്ന് വാഹനം തടഞ്ഞതായും കൊച്ചി No.18 ഹോട്ടലിന്റെ ഉടമയായ മൂന്നാംപ്രതി ജീവനക്കാരുടെ സഹായത്താൽ ഡി.ജെ. പാർട്ടി നടന്ന സ്ഥലത്തെയും പാർക്കിംഗ് ഏരിയയിലെയും ദൃശ്യങ്ങൾ അടങ്ങിയ ഡി.വി.ആർ.-ലെ ഹാർഡ് ഡിസ്ക് നീക്കം ചെയ്തു നശിപ്പിച്ചതായും അറിവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പാലാരിവട്ടം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1962/21 U/s 185(a) MV Act & 279, 304 r/w 109 and 354 (D)(1)(i) 201 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നാംപ്രതി അബ്ദുൾ റഹ്മാൻ, രണ്ടാം പ്രതി സൈജു എം. തങ്കച്ചൻ, മൂന്നാംപ്രതി റോയി ജെ വയലാട്ട്, നാലാംപ്രതി വിഷ്ണു കുമാർ എസ്., അഞ്ചാം പ്രതി മെൽവിൻ എ.ബി., ആറാം പ്രതി ലിൻസൺ റെയ്നോൾഡ്, ഏഴാംപ്രതി ഷിജു ലാൽ ജി.എ., എട്ടാം പ്രതി അനിൽ കെ.കെ. എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഫോർട്ട് കൊച്ചിയിലെ ഹോട്ടലിൽ നടന്ന സംഭവ വികാസങ്ങളും പിന്നീടുണ്ടായിട്ടുള്ള വെളിപ്പെടുത്തലുകളും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

ഉണ്ട്. അപകടത്തിൽ മരണപ്പെട്ട മോഡലുകൾ 31.10.2021-ന് രാത്രി

ഫോർട്ട് കൊച്ചി No-18 ഹോട്ടലിലെ ഡി.ജെ. പാർട്ടിയിൽ പങ്കെടുത്തതായും ടിയാളുകൾ ഹോട്ടലിൽ നിന്നുപോയശേഷം അപകടം നടന്നതായി അറിവ് കിട്ടിയ ഉടൻ തന്നെ ടി ഹോട്ടലിന്റെ ഉടമയും ഈ കേസിലെ മൂന്നാം പ്രതിയുമായ റോയി ജെ. വയലാട്ട് ജീവനക്കാരുടെ സഹായത്താൽ സി.സി.ടി.വി. ദൃശ്യങ്ങൾ അടങ്ങിയ ഡി.വി.ആർ.-ലെ ഹാർഡ് ഡിസ്ക് നീക്കംചെയ്യുകയും പകരം മറ്റൊരു ഹാർഡ് ഡിസ്ക് സ്ഥാപിച്ചതായി കണ്ടെത്തുകയും തെളിവുകൾ നശിപ്പിക്കുന്നതിനാണ് ഇപ്രകാരം ചെയ്തതെന്ന് അന്വേഷണത്തിൽ വെളിവാകുകയും ചെയ്തിട്ടുണ്ട്.

(സി) അപകടത്തിൽപ്പെട്ട കാറിനെ പിന്തുടർന്ന ഓഡി കാറിന്റെ ഡ്രൈവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മോഡലുകളുടെ കാറിനെ പിന്തുടർന്ന രണ്ടാംപ്രതി സൈജു. എം. തങ്കച്ചനെ 26.11.2021-ന് അറസ്റ്റ് ചെയ്തിട്ടുള്ളതും സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതിയുടെ മൊബൈൽ ഫോണിലെ ദൃശ്യങ്ങൾ കാണിച്ച് ചോദ്യം ചെയ്തതിൽ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിന്റെ ദൃശ്യങ്ങളാണെന്ന് ടിയാൻ കുറ്റസമ്മതം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ NDPS ആക്ട് പ്രകാരം 9 കേസുകൾകൂടി (കൊച്ചിൻ

സിറ്റിയിൽ 8 കേസുകളും, ഇടുക്കി ജില്ലയിൽ 1 കേസും) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## അവയവ വിൽപ്പന മാഫിയ

105 (2056) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് തീരപ്രദേശ മേഖലകളിൽ അവയവ വിൽപ്പന മാഫിയ സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാഫിയകളാൽതന്നെ തെരഞ്ഞെടുക്കപ്പെട്ട കടബാധ്യതയുള്ള കുടുംബങ്ങളെയാണ് ഇത്തരം സംഘങ്ങൾ വലയിലാക്കി സാമ്പത്തിക സഹായങ്ങൾക്ക് പകരമായി അവയവങ്ങൾ സ്വീകരിക്കുന്നതെന്ന ഗൗരവതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

മാഫിയകൾ കടബാധ്യതയുള്ള കുടുംബങ്ങളെ വലയിലാക്കി സാമ്പത്തിക സഹായങ്ങൾക്ക് പകരമായി അവയവങ്ങൾ സ്വീകരിക്കുന്നതെന്ന ഗൗരവതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എന്നാൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങളായിട്ടുള്ള നിരവധി ആളുകൾ അവരുടേയും അവരുടെ കുടുംബങ്ങളുടേയും പൂർണ്ണസമ്മതത്തോടെ കേരളത്തിലെ വിവിധ ആശുപത്രികളിലായി അവയവദാനം നടത്തിയിട്ടുള്ളതായി അറിയുന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ക്രൈം 219/CB/TSR/18 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(സി) ആശുപത്രി പരിസരങ്ങളിലെ കടകൾ കേന്ദ്രീകരിച്ച് നടത്തുന്നതായി പറയപ്പെടുന്ന ഇത്തരം മനുഷ്യത്വരഹിത പ്രവർത്തനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തിവരുന്നു.

## കോവളം എം.എൽ.എ.-യ്ക്ക് പോലീസ് സംരക്ഷണം

106(2057) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം എം.എൽ.എ.-യുടെ വാഹനം അടിച്ചുതകർത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഹനം തകർക്കുന്നതിന് ദിവസങ്ങൾക്കുമുമ്പ് കേസിൽ റിമാൻഡിൽ കഴിയുന്ന പ്രതി എം.എൽ.എ.-യുടെ വാഹനം ഉൾപ്പെടെ രാഷ്ട്രീയ നേതാക്കന്മാരുടെ വാഹനങ്ങൾ അടിച്ചുതകർക്കുമെന്ന് സോഷ്യൽ മീഡിയയിലൂടെ പ്രചരണം നടത്തിയതിനെക്കുറിച്ച് അന്വേഷണം നടത്തുകയോ പ്രചരണം നടത്തിയവരെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

എം.എൽ.എ.-യുടെ വാഹനം തകർക്കുന്നതിന് ദിവസങ്ങൾക്കുമുമ്പ് പ്രതിയായ സന്തോഷ് എം.എൽ.എ.-യുടെ വാഹനം ഉൾപ്പെടെ രാഷ്ട്രീയ നേതാക്കന്മാരുടെ വാഹനങ്ങൾ അടിച്ചുതകർക്കുമെന്ന് സോഷ്യൽ മീഡിയയിലൂടെ പ്രചാരണം നടത്തിയതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കൂട്ടിക്കൽ വില്ലേജിൽ ഏന്തയാൾക്കരയിൽ കല്ലുപുരയ്ക്കൽ വീട്ടിൽ ഷംസുദ്ദീൻ മകൻ ജീമോൻ 26.02.2022-ൽ മുല്ലപ്പെരിയാർ വിഷയത്തിന്മേൽ സെക്രട്ടറിയേറ്റ് നടയിൽ നിരാഹാരം കിടന്നപ്പോൾ ഈ കേസിലെ പ്രതിയായ സന്തോഷ്, ജീമോന്റെ അടുക്കലെത്തി ഫെയ്സ് ബുക്ക്ലൈവിലൂടെ "നിങ്ങൾ ഇങ്ങനെയല്ല സമരം

ചെയ്യേണ്ടത്, എം.എൽ.എ.-മാരുടെ വാഹനങ്ങൾ അടിച്ചുപൊട്ടിച്ചാൽ മാത്രമേ സമരം ശ്രദ്ധിക്കപ്പെടുകയുള്ളൂ" എന്നും പറയുകയുണ്ടായി. കേസന്വേഷണത്തിന്റെ ഭാഗമായി ജീമോന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) കോവളം എം.എൽ.എ.യ്ക്ക് മുഴുവൻ സമയവും പോലീസ് സംരക്ഷണം നൽകാൻ തയ്യാറാകുമോ?

ബഹുമാനപ്പെട്ട കോവളം എം.എൽ.എ-യ്ക്ക് പോലീസ് സംരക്ഷണം ആവശ്യമായ സാഹചര്യമുണ്ടായാൽ അത്തരം ഘട്ടത്തിൽ പരിശോധിച്ച് ഉചിതനടപടികൾ സ്വീകരിക്കുന്നതാണ്.

## കലാഭവൻ മണി പാർക്കിന്റെ കവാടം വികൃതമാക്കിയവർക്കെതിരെ നടപടി

107(2058) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ കലാഭവൻ മണി പാർക്കിന്റെ കവാടം സാമൂഹ്യവിരുദ്ധർ പെയിന്റടിച്ച് വികൃതമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ചാലക്കുടി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിക്കാർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ?

ടി സംഭവവുമായി ബന്ധപ്പെട്ട് ചാലക്കുടി നഗരസഭാ ചെയർമാൻ,

സെക്രട്ടറി എന്നിവർ ചാലക്കുടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു.

(സി) പ്രസ്തുത സംഭവത്തിൽ സാമൂഹ്യവിരുദ്ധർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും അന്വേഷണം ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ?

ചാലക്കുടി നഗരസഭയിലെ കലാഭവൻ മണി പാർക്കിന്റെ കവാടം പെയിന്റടിച്ച് വികൃതമാക്കിയ സംഭവത്തിൽ 27.02.2022-ന് ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 235/22 U/S 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

## ഗോൾഡ് പാലസ് ജ്വവലറി നിക്ഷേപ തട്ടിപ്പ്

108(2059) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കേന്ദ്രീകരിച്ചുള്ള ഗോൾഡ് പാലസ് ജ്വവലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ചുള്ള അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; തട്ടിപ്പ് നടത്തിയവരെ നിയമപരമായി ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദവിവരങ്ങൾ അറിയിക്കാമോ?

ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 13 കേസുകളിൽ, 5 കേസുകളിന്മേൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകൾ വിചാരണാവസ്ഥയിലാണ്. ബാക്കി 8 കേസുകളിന്മേൽ അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത തട്ടിപ്പിനിരയായവർ നടത്തിയ സമരത്തിനെതിരെയുണ്ടായ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആക്രമണത്തിനിരയായവർക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമരസമിതി പ്രവർത്തകർ ആക്രമണത്തിനിരയായ കാര്യത്തിന് കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ക്രൈം 123/22, U/s 323, 324, 308, 506, r/w 34 IPC ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ സാക്ഷികളെ കണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയും സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതികളുടെ ടവർ ലൊക്കേഷൻ മനസ്സിലാക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടും അന്വേഷണം നടത്തി വരുന്നു. പ്രതികൾ ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികൾ സമർപ്പിച്ചിട്ടുള്ള മുൻകൂർ ജാമ്യാപേക്ഷയിൽ മുൻകൂർ ജാമ്യം നൽകരുതെന്ന് കോഴിക്കോട് സെഷൻസ് കോടതിയോട്

അഭ്യർത്ഥിച്ചിട്ടുണ്ട്.

## തലസ്ഥാന നഗരത്തിൽ നടന്ന കൊലപാതകങ്ങൾ

109 (2060) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്രമസമാധാനനില തകർന്നിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അടുത്തകാലത്ത് തലസ്ഥാന നഗരത്തിൽ ഗുണ്ടാക്രമണങ്ങൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാക്രമണങ്ങളും കൊലപാതകങ്ങളുംപോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപംനൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം

കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റുപ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിതസമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിൽ രണ്ടു പോലീസുദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരുപദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ 'കാപ്പാ' നിയമമുൾപ്പെടെ കരുതൽനടപടികൾ സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ വരുമാന സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഓപ്പറേഷൻ കാവൽ പദ്ധതി സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ പരിധിയിലുള്ള ഗുണ്ടകളുടെയും സംഘടിത കുറ്റകൃത്യങ്ങളിലും വിരുദ്ധ പ്രവർത്തനങ്ങളിലും എർപ്പെടുന്നവരുടെയും ലിസ്റ്റുകൾ പ്രത്യേകം തയ്യാറാക്കി ഗുണ്ടകളുടെയും

അവരുടെ കൂട്ടാളികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരിക്ഷിച്ചുവരുന്നുണ്ട്. അവരുടെ ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ 107 CrPC,110 CrPC പ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിരന്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ **എർപ്പെടുന്നവർക്കെതിരെ** KAA(P)A യിലെ വിവിധ വകുപ്പുകൾ ചുമത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) 2022 ഫെബ്രുവരി 25-ന് തിരുവനന്തപുരം നഗരത്തിൽ പട്ടാപ്പകൽ നടന്ന അരുംകൊല ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. ഇതുസംബന്ധിച്ച് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 342/2022 U/s 302 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കേസിലെ പ്രതി അജീഷ് എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥിയിലാണ്.

(ഡി) തമ്പാനൂരിൽ പ്രമുഖ ഹോട്ടലിലെ റിസപ്ഷനിസ്റ്റിനെ വെട്ടി കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ വ്യക്തിക്കെതിരെ വധശ്രമ, ചന്ദനക്കടത്ത് കേസുകൾ ഉൾപ്പെടെ നിരവധി കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. റിസപ്ഷനിസ്റ്റിനെ വെട്ടി കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ പ്രതി അജീഷിനെതിരെ നിലവിലുള്ള കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

(i) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.517/2013 U/s-294(b), 447,325, 323, 506(1), 34 IPC, (C.C-182/2014 ആയി ബഹു. നെടുമങ്ങാട് JFMC-II കോടതിയിൽ വിചാരണയിലാണ്.)

(ii) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.494/2016 U/s-294(b),341,307 IPC. (SC-142/2018 ആയി ബഹു. നെടുമങ്ങാട് അസിസ്റ്റന്റ് സെഷൻസ് കോടതിയിൽ വിചാരണയിലാണ്.)

(iii) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.1337/2016 U/s-341, 324,308, 506(ii), 34 IPC (SC-441/2018 ആയി ബഹു.നെടുമങ്ങാട് അസിസ്റ്റന്റ് സെഷൻസ് കോടതിയിൽ വിചാരണയിലാണ്.)

(iv) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.777/2021 U/s-143,147,148,149,324,326,308 IPC ആയ കേസന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(v) വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നം.848/2013 U/s-363, 376 IPC Sec-3, 4 of POCSO Act.(SC 698/2015 ആയി ബഹു.

തിരുവനന്തപുരം പോക്സോ കോടതിയിൽ വിചാരണയിലാണ്.)

(vi) വർക്കല പോലീസ് സ്റ്റേഷൻ ക്രൈം നം.1753/2016 U/s-341, 307,34 IPC.(CC-802/2017 ആയി ബഹു. വർക്കല JFMC-I കോടതിയിൽ വിചാരണയിലാണ്.)

(vii)ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നം.798/2021 U/s-341,307,34 IPC.(CP 134/2021 ആയിട്ടുള്ളതാണ്.)

(viii)നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.1561/2021 U/s-107 CrPC. (ix) പാലോട് ഫോറസ്റ്റ് റെയിഞ്ച് ക്രൈം നം.15/16 U/s-47 B, 47 C (1)(i), 47 F, 47 G, 47 of Forest Act.

**സംസ്ഥാനത്തെ ഗുണ്ടാക്രമണങ്ങൾ**

110(2061) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ഗുണ്ടാക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള

സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 16.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം.34/2021/PHQ പ്രകാരം ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ പോലീസ് ജില്ലയിലും Special Action Group against Organised Crime (SAGOC) ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസുദ്യോഗസ്ഥരും പ്രസ്തുത (SAGOC)-യിൽ അംഗങ്ങളാണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റുപ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. പ്രസ്തുത ഉത്തരവുപ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ

സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ സ്റ്റേഷൻഹൗസ് ഓഫീസർമാരും അവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കാൻ കൃത്യമായ പട്രോളിംഗ് നടത്താനും ആവശ്യമായ മേൽനടപടികൾ സ്വീകരിക്കാനും ടി ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഗുണ്ടാപ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പ്രതികളെ പിടികൂടുന്നതിനുമായി ബന്ധപ്പെട്ട സേനാംഗങ്ങൾക്ക് പ്രത്യേക പരിശീലനങ്ങളും സൗകര്യങ്ങളും ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഗുണ്ടകളുടെ പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് തടയുന്നതിന് സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ പരിധിയിലുള്ള ഗുണ്ടകളുടെയും സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ എർപ്പെടുന്നവരുടെയും ലിസ്റ്റുകൾ പ്രത്യേകം തയ്യാറാക്കി ഗുണ്ടകളുടെയും അവരുടെ കൂട്ടാളികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നുണ്ട്. അവരുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ 107 CrPC, 110 CrPC പ്രകാരമുള്ള

സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ KAA(P)A യിലെ വിവിധ വകുപ്പുകൾ ചുമത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സേനാംഗങ്ങൾക്ക് നിലവിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പ്രത്യേകം പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഈ കാലയളവിൽ പിടികിട്ടാപ്പുള്ളികളെയും വിവിധ കേസുകളിൽപ്പെട്ടിട്ടുള്ളവരുമായ പ്രതികളെ പിടികൂടുന്നതിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിടികിട്ടാപ്പുള്ളികളെയും വിവിധ കേസുകളിൽപ്പെട്ടിട്ടുള്ളവരെയും പിടികൂടുന്നതിന് സ്റ്റേഷൻ തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഓപ്പറേഷൻ കാവലിന്റെ ഭാഗമായി മുൻ കുറ്റവാളികളായ 602 ഗുണ്ടകളെയും 15070 സാമൂഹ്യവിരുദ്ധരേയും (കരുതൽ തടങ്കൽ ഉൾപ്പെടെ) പിടികൂടിയിട്ടുണ്ട്. മറ്റ് പ്രതികളെ പിടികൂടുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തലസ്ഥാനനഗരിയിലെ ഗുണ്ടാക്രമണം തടയുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഏർപ്പെടുത്തിയ 'കാവൽ' പദ്ധതിയുടെ വിശദാംശം

ലഭ്യമാക്കുമോ?

ഗുണ്ടാക്രമണം തടയുന്നതിനും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരുപദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഒരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയ ബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമപ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിന് നടപ്പിലാക്കിയ 'ഓപ്പറേഷൻ കാവൽ' എന്ന പദ്ധതി വളരെ കാര്യക്ഷമമായി തന്നെ നടപ്പിലാക്കിവരുന്നു.

(ഇ) ഗുണ്ടാ ആക്രമണങ്ങളുടെയെല്ലാം പിന്നിൽ മുഖ്യമായും ലഹരി

ഉപയോഗവും മയക്കുമരുന്ന് കച്ചവടവുമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഗുണ്ടാ ആക്രമണങ്ങളുടെ പിന്നിൽ ലഹരി ഉപയോഗത്തിന്റെ സ്വാധീനമുണ്ടാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും തടയുന്നതിനായി നിരന്തരം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു. കൂടാതെ പോലീസുകാർ മഫ്ത്തിയിൽ സഞ്ചരിച്ച് ലഹരിമരുന്ന് ഇടപാടുകൾ നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ നിരീക്ഷിച്ച് അവിടെ പോലീസ് റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് രഹസ്യവിവരം കൈമാറാനായി പോലീസ് വകുപ്പ് വിവിധ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിനും അതുമായി ബന്ധപ്പെട്ട് നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ജില്ലാ തലങ്ങളിൽ പോലീസ് ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പോലീസിന്റെ ഇത്തരം ശക്തമായ നടപടികളിലൂടെ സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

(എഫ്) പോലീസ്-എക്സൈസ് സേനകളുടെ സംയുക്ത പരിശോധന

വ്യാപകമാക്കുന്നതിനും ശക്തമായ പോലീസ് നിരീക്ഷണം തുടരുന്നതിനും നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും അതുമായി ബന്ധപ്പെട്ട് നടക്കുന്ന മറ്റുകുറ്റകൃത്യങ്ങൾ തടയുന്നതിനും മറ്റുമായി പോലീസും എക്സൈസും തമ്മിൽ യോജിച്ചുള്ള പല വിജയകരമായ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളതാണ്. തങ്ങൾക്ക് കിട്ടുന്ന രഹസ്യവിവരങ്ങളും തെളിവുകളും അറസ്റ്റ് ചെയ്യപ്പെടുന്ന കുറ്റവാളികളുടെ വിവരങ്ങളും കേസ്സുകളുടെ അന്വേഷണത്തിന് പരസ്പരം കൈമാറുകയും ചെയ്യുന്നുണ്ട്. അപ്രകാരം ലഭിക്കുന്ന വിവരങ്ങൾ കൈമാറുന്നതുവഴി പല കേസ്സുകളുടെ ഉറവിടം കണ്ടെത്തുന്നതിനും ആയതുവഴി പല കേസ്സുകൾ തെളിയിക്കുന്നതിനും സഹായകരമായിട്ടുള്ളതാണ്. തുടർന്നും മയക്കുമരുന്ന് ഉപഭോഗവും വിതരണവും തടയുന്നതിന് പോലീസും എക്സൈസും തമ്മിൽ യോജിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തിച്ചുവരുന്നു.

**വാഹനാപകടങ്ങൾ**

111(2062) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾകൂടി വരുന്നതും അതുമൂലം ജീവനുകൾ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വാഹനാപകടങ്ങളും മരണവും സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ കണക്കിൽ ഏറ്റക്കുറച്ചിലുകളുള്ളതായി കാണുന്നു. 2017-നേക്കാൾ 2018-ൽ അപകടങ്ങളുടെ എണ്ണത്തിൽ 1711 എണ്ണം വർദ്ധനവുണ്ടായി. 2019-ൽ അപകടങ്ങളുടെ എണ്ണം 2018-നെ അപേക്ഷിച്ച് 930 എണ്ണത്തിന്റെ വർദ്ധനവുണ്ടായി. 2020-ൽ 2019-നെ അപേക്ഷിച്ച് 13234-ന്റെ കുറവുണ്ടായി. 2021-ൽ 2020-നെ അപേക്ഷിച്ച് 5443-ന്റെ വർദ്ധനവുണ്ടായി. റോഡപകടമരണങ്ങളിലും ഏറ്റക്കുറച്ചിലുകൾ കാണുന്നു. 2017-നെക്കാൾ 2018-ൽ 172-ന്റെ വർദ്ധനവും 2019-ൽ 2018-നെക്കാൾ 137-ന്റെ വർദ്ധനയും 2020-ൽ 2019-നെ അപേക്ഷിച്ച് 1461-ന്റെ കുറവും 2021-ൽ 2020-നെക്കാൾ 447-ന്റെ വർദ്ധനയുമുണ്ടായിട്ടുണ്ട്.

(ബി) എങ്കിൽ കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ ഓരോ വർഷവും വാഹനാപകടങ്ങളിൽ എത്ര ജീവനുകൾ നഷ്ടമായിയെന്നും അംഗവൈകല്യം സംഭവിച്ചവർ എത്രയെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2017-ൽ 4131 പേരും 2018-ൽ 4303 പേരും 2019-ൽ 4440 പേരും 2020-ൽ 2979 പേരും 2021-ൽ 3426 പേരും മരണപ്പെടുകയുണ്ടായി.

2017-ൽ 29733 പേർക്കും 2018-ൽ 31672 പേർക്കും 2019-ൽ 32570 പേർക്കും 2020-ൽ 22224 പേർക്കും 2021-ൽ 26518 പേർക്കും ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്.

(സി) വാഹനാപകടങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാമെന്നും അവയിൽ റോഡുകളുടെ ശോചനീയാവസ്ഥ കാരണമാകാറുണ്ടോയെന്നും വിശദമാക്കുമോ?

വാഹനങ്ങളുടെ അമിതവേഗത, അലക്ഷ്യവും അശ്രദ്ധയുമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, അമിതഭാരം കയറ്റൽ, അനധികൃത പാർക്കിംഗ്, വാഹനങ്ങളുടെ നിരത്തുകളിലെ ബാഹുല്യം തുടങ്ങിയവയാണ് വാഹനാപകടങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ.

(ഡി) വാഹനാപകടങ്ങൾ തടയുന്നതിനുവേണ്ടി സംസ്ഥാനത്ത് ട്രാഫിക് നിയമനടപടികൾ കർശനമാക്കുന്നതിനും റോഡുകൾ യാത്രായോഗ്യമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

187 എ.എം.വി.ഐ, 65 എം.വി.ഐ, 10 ആർ.ടി.ഒ എന്നിവരുൾപ്പെടെ 262 അധിക തസ്തിക സൃഷ്ടിച്ച് സേഫ് കേരള പദ്ധതി ആവിഷ്കരിച്ചു. നിലവിലെ 106 ഫീൽഡുദ്യോഗസ്ഥരെ കൂട്ടിചേർത്ത് സംസ്ഥാനത്തെ എല്ലാ

താലൂക്കുകളിലും ഓരോ സ്ക്വാഡ് എന്ന നിലയിൽ 85 സ്ക്വാഡുകൾ രൂപീകരിച്ച് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തി. പ്രസ്തുത സ്ക്വാഡുകൾ 24x7 എന്ന നിലയിൽ ശക്തമായ റോഡുനിരീക്ഷണവും കർശനമായ പരിശോധനയും നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകൾ സ്പീഡ് റഡാറുകൾ, ബ്രത്ത് അനലൈസർ എന്നിവയുടെ സഹായത്തോടെ അപകടങ്ങൾക്ക് പ്രധാന കാരണങ്ങളായ അമിതവേഗത, മദ്യപിച്ചുള്ള വാഹനമോടിക്കൽ എന്നിവ കണ്ടെത്തുന്നതിന് കർശന പരിശോധന നടത്തിവരുന്നുണ്ട്. അപകടങ്ങളും മറ്റു നിയമലംഘനങ്ങളും തടയുന്നതിന് സ്പീഡ് ഡ്രൈവുകൾ നടത്തിവരുന്നു. അപകടകരമായ വാഹനമോടിക്കൽ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി Operation Rash, ആംബുലൻസുകളുടെ അനവസരത്തിലുള്ള അമിതവേഗത, മറ്റു നിയമലംഘനങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി Operation Rescue, കാൽനടയാത്രക്കാർക്കും മറ്റു റോഡുപയോക്താക്കൾക്കും അപകടകരമായും അസൗകര്യമുണ്ടാക്കുംവിധവും പാർക്കുചെയ്തിരിക്കുന്ന വാഹനങ്ങളും മറ്റുതടസ്സങ്ങളും കണ്ടെത്തി നീക്കം ചെയ്യുന്നതിനായി Operation clear path, അനധികൃതമായും ഭയപ്പെടുത്തുന്നതുമായ ശബ്ദം പുറപ്പെടുവിക്കുന്ന തരത്തിൽ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി നിരത്തിൽ ഓടിക്കുന്ന വാഹനങ്ങൾ കണ്ടെത്തി നടപടി

സ്വീകരിക്കുന്നതിന് Opertion decibel, Operation Silence എന്നിങ്ങനെയും ഡ്രൈവുകൾ നടത്തിവരുന്നു. 14 ജില്ലകളിൽ ആക്സിഡന്റ് പ്രോൺ ഏരിയ മാനേജ്മെന്റിനായി എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാരുടെ നേതൃത്വത്തിൽ നിലവിലുള്ള ബ്ലാക്ക് സ്പോട്ടുകൾ വിശദമായി പരിശോധിച്ച് പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഏജൻസികളായ NHAI, State PWD, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ റോഡുസുരക്ഷാ സമിതികൾ എന്നിവയ്ക്ക് നൽകി തുടർനടപടികൾ ഉറപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെതന്നെ കൂടുതൽ അപകടസാധ്യതയുള്ള പുതിയ മേഖലകളുണ്ടോയെന്ന് പരിശോധിച്ച്, അത്തരം മേഖലകളുണ്ടെങ്കിൽ അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ മേൽപ്പറഞ്ഞ രീതിയിൽ കൈക്കൊണ്ടുവരുന്നു. ഇത്തരം നടപടികൾ സ്കൂൾ മേഖലകളിലും ചെയ്യുന്നുണ്ട്. റോഡ് സുരക്ഷാബോധവൽക്കരണ ക്ലാസുകൾ വിവിധ മേഖലകളിലുള്ളവർക്ക് (സ്കൂൾ ബസ് ഡ്രൈവർമാർ, സ്വകാര്യ/കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ, ടിപ്പർ ഡ്രൈവർമാർ) നൽകിവരുന്നു. Special media വഴി റോഡുസുരക്ഷാ പോസ്റ്ററുകൾ, വീഡിയോകൾ തുടങ്ങിയവ റോഡുസുരക്ഷയ്ക്ക് കഴിയുംവിധം പൊതുജനങ്ങളിൽ എത്തിച്ചുവരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ facebook,

twitter, instagram എന്നിവയും ഇതിനുപയോഗിക്കുന്നു. Advanced Automated Enforcement സംവിധാനം സേഫ് കേരള പദ്ധതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Automated Number Plate Recognition, Artificial **Intellienc**e എന്നീ അത്യാധുനിക സാങ്കേതികവിദ്യ പ്രയോഗിച്ചുള്ള 726-ഓളം ക്യാമറകൾ സംസ്ഥാനത്തുടനീളം സ്ഥാപിച്ച് 14 ജില്ലാ കൺട്രോൾ റൂമുകളിലായി കുറ്റകൃത്യങ്ങൾ കണ്ടെത്തി മാതൃകാപരമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്. വാഹനം തടഞ്ഞുനിർത്തിയുള്ള പരിശോധന പരമാവധി ഒഴിവാക്കുന്നതിന് ഇതുമൂലം സാധിക്കുന്നു.

## വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ

112(2063) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പുറകിലുള്ള പഴയ സ്റ്റേഷൻ കെട്ടിടം പൊളിച്ചുമാറ്റി ഇൻവെസ്റ്റിഗേഷൻ റൂം, റസ്റ്റ് റൂം തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ പുതിയ രണ്ട് നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കുത്താട്ടുകുളം പോലിസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി**

113(2064) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താട്ടുകുളം പോലിസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21 യു./എസ്. 427, 436 ഐ.പി.സി. ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

പ്രസ്തുത കേസ് നിലവിൽ അന്വേഷണത്തിലാണ്.

(ബി) 2019, 2021 വർഷങ്ങളിൽ ഈ കേസുമായി ബന്ധപ്പെട്ട സംഭവങ്ങൾ ആവർത്തിച്ചിട്ടും പോലീസിന്റെ ഭാഗത്തുനിന്നും നാളിതുവരെയും പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. പ്രതികളെക്കുറിച്ച് സൂചന ലഭിക്കുന്ന മുറയ്ക്ക് അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അന്വേഷണം പ്രതികളെ സഹായിക്കുന്നുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇത്തരത്തിലുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രതികളെ കണ്ടെത്തുന്ന കാര്യത്തിൽ പോലീസ് സേനയ്ക്ക് വേണ്ടത്ര പരിശീലനം ലഭിക്കാത്തതാണ് ഇതിനു കാരണമെന്ന് കരുതുന്നുണ്ടോ?

ഇല്ല.

(ഇ) പ്രസ്തുത കേസന്വേഷണത്തിന്റെ വിശദവിവരങ്ങൾ, കേസിൽ ചോദ്യം ചെയ്യപ്പെട്ടവരുടെ വിശദവിവരം, അന്വേഷണ ഉദ്യോഗസ്ഥർ ആരെല്ലാം എന്നിവ സംബന്ധിച്ച് വിശദവിവരം നൽകുമോ?

സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കൂത്താട്ടുകുളമാണ് ഈ കേസിന്റെ നിലവിലെ അന്വേഷണ ഉദ്യോഗസ്ഥൻ. കേസ് അന്വേഷണാവസ്ഥയിലായതിനാൽ മറ്റുവിവരങ്ങൾ വെളിപ്പെടുത്താൻ നിർവാഹമില്ല.

(എഫ്) നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രതികളെ എന്നത്തേക്ക് അറസ്റ്റ് ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ; പ്രതികളെ സമയബന്ധിതമായി അറസ്റ്റ് ചെയ്യുന്നതിനായി ഉന്നത ഉദ്യോഗസ്ഥനെ ചുമതല ഏൽപ്പിക്കുമോ; അല്ലെങ്കിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ബഹു. കോടതി മുഖാന്തിരം ഫോറൻസിക് ലാബിലേക്ക് പരിശോധനയ്ക്കായി നൽകിയിട്ടുള്ള മെറ്റീരിയൽ ഒബ്ജക്ട്സ്, ഫിംഗർ പ്രിന്റ് എന്നിവയുടെ പരിശോധനാഫലം ലഭ്യമായാൽ പ്രതികളെക്കുറിച്ച് കൂടുതൽ സൂചനകൾ ലഭിക്കുന്നതും അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കുത്താട്ടുകുളം പോലീസ് ഇൻസ്പെക്ടറുടെ ചുമതലയിൽ അന്വേഷണ ഉദ്യോഗസ്ഥനായ കുത്താട്ടുകുളം എസ്.ഐ. ഉൾപ്പെടെ 9 അംഗ ടീമാണ് നിലവിൽ കേസന്വേഷണം നടത്തിവരുന്നത്.

## നിലമ്പൂർ കേന്ദ്രമാക്കി ട്രാഫിക് യൂണിറ്റ്

114(2065) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്കുരുക്ക് രൂക്ഷമായതിനാൽ നിലമ്പൂർ പോലീസ് സബ് ഡിവിഷന് കീഴിൽ നിലമ്പൂർ കേന്ദ്രമാക്കി പുതിയ ട്രാഫിക് യൂണിറ്റ് അനുവദിക്കാമോ;

(ബി) നിലവിലുള്ള നിലമ്പൂർ പോലീസ് സ്റ്റേഷൻ കെട്ടിടം ട്രാഫിക്ക് യൂണിറ്റിനായി വിട്ടുനൽകിക്കൊണ്ട് നിലമ്പൂർ ഡി.വൈ.എസ്.പി. ഓഫീസ് പരിസരത്ത് ആധുനികരീതിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുമോ; ഇതിനായുള്ള നടപടിക്രമങ്ങൾ

വിശദമാക്കാമോ?

(എ&ബി) നിലമ്പൂർ ഉൾപ്പെടെ സംസ്ഥാനത്ത് പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) പുതുതായി അനുവദിച്ച നിലമ്പൂർ പോലീസ് സബ് ഡിവിഷൻ ഓഫീസിൽ ഡ്രൈവർ, റൈറ്റർ, ഓഫീസ് സ്റ്റാഫുകൾ എന്നിങ്ങനെ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

നേരത്തെ സർക്കിൾ ഓഫീസുകളിലുണ്ടായിരുന്ന അംഗബലം പുതിയ സബ്ഡിവിഷൻ ഓഫീസുകളിൽ ഉപയോഗപ്പെടുത്തണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വടക്കാഞ്ചേരിയിൽ പോലീസ് സബ് ഡിവിഷൻ ഓഫീസ്**

115(2066) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി ആസ്ഥാനമാക്കി പുതിയ പോലീസ് സബ് ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

വിശദമാക്കുമോ?

10.02.2021-ലെ സ.ഉ.(കൈ) നം.35/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം പുതിയ 25 സബ് ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്. വടക്കാഞ്ചേരി ആസ്ഥാനമാക്കി പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**നടുവണ്ണൂരിൽ പുതിയ പോലീസ് സ്റ്റേഷൻ**

116(2067) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ; പുതിയ സ്റ്റേഷൻ അനുവദിക്കുന്നതിനായി പരിഗണിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഇല്ല. നിലവിലുള്ള സ്റ്റേഷന്റെ ജോലിഭാരം, ഭൂപ്രദേശത്തിന്റെ സ്വഭാവം, ക്രൈം സ്റ്റാറ്റിസ്റ്റിക്സ്, മത-സാംസ്കാരിക-വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ടൂറിസം മേഖല തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത്.

(ബി) കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ പുതിയ പോലീസ്

സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നടുവണ്ണൂരിൽ പുതിയ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ നിലവിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

## ചൊക്ലി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി

117(2068) ശ്രീ. കെ.പി.മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊക്ലി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഓൺലൈനായി 26.06.2021-ന് മുഖ്യമന്ത്രി നിർവ്വഹിച്ചെങ്കിലും നാളിതുവരെ സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്റ്റേഷൻ എപ്പോൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനം

ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത കെട്ടിടം പോലീസ് സ്റ്റേഷനായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കി, പുതിയ കെട്ടിടത്തിൽ എത്രയുംവേഗം പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കുട്ടികളെ ഉപയോഗിച്ചുള്ള മതതീവ്രവാദ പ്രവർത്തനങ്ങൾ**

118 (2069) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി കെ ഹരീന്ദ്രൻ:
ശ്രീ. എം.വിജിൻ:
ശ്രീ എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് ആയുധ പരിശീലനം നൽകി അവരെ മതതീവ്രവാദ പ്രവർത്തനങ്ങൾക്കായി ചില തീവ്രവാദ സംഘടനകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഇന്റലിജൻസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ബി) ചില വർഗ്ഗീയ സംഘടനകളിൽ പ്രവർത്തിക്കുന്ന ചാവേറുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇത്തരത്തിലൊരു പട്ടിക തയ്യാറാക്കിയിട്ടില്ല.

(സി) പരിഷ്കൃത സമൂഹത്തിന് ആശാസ്യമല്ലാത്ത ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനും മതവിഭാഗങ്ങൾ തമ്മിൽ പരസ്പരവിശ്വാസവും ഐക്യവും നിലനിർത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്. നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ മതവിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിന് വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സമുദായ സംഘടനകളുടെയും നേതാക്കന്മാരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാമുദായിക സൗഹൃദ സമ്മേളനങ്ങൾ നടത്തിവരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും സ്റ്റേറ്റ്/ ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളുടെയും കമ്മ്യൂണിറ്റി പൊലീസിംഗ് സംരംഭങ്ങളുടെയും സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽനിന്നും മുൻകൂറായി വിവരശേഖരണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച്, വർഗ്ഗീയ കലാപങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

അതോടൊപ്പം മതസൗഹാർദം ഉറപ്പുവരുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികളും സ്വീകരിച്ചുവരുന്നു.

**ആഭ്യന്തര വകുപ്പ് മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ**

119(2070) ശ്രീ ഇ ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം കാസർഗോഡ് ജില്ലയിൽ ആഭ്യന്തരവകുപ്പ് മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ?

2016-നുശേഷം കാസർഗോഡ് ജില്ലയിൽ ആഭ്യന്തര വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ മണ്ഡലം തിരിച്ചുള്ള വിശാദംശം അനുബന്ധമായി ചേർക്കുന്നു.*

**ക്ഷേമനിധി ബോർഡ് പെൻഷൻ**

120(2071) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മുതൽ ശാരീരിക അവശതകൾമൂലം ആധാർ കാർഡെടുക്കാൻ കഴിയാത്ത കിടപ്പ് രോഗികൾക്കും മാനസിക വൈകല്യമുള്ളവർക്കും 85 വയസ്സ് കഴിഞ്ഞവർക്കും ക്ഷേമനിധി പെൻഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാകാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭ്യമായിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിരുന്നു.

(ബി) ശാരീരികമായി അവശതയനുഭവിക്കുന്ന കിടപ്പുരോഗികൾക്കും 85 വയസ്സ് കഴിഞ്ഞവർക്കും മാനസിക വൈകല്യമുള്ളവർക്കും ലൈഫ് സർട്ടിഫിക്കറ്റിന്റെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കാവുന്നതാണെന്ന് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

05.01.2021-ൽ സ.ഉ (എം.എസ്.)നം. 02/2021/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഉത്തരവുണ്ടെങ്കിൽ ഇതിനുള്ള ക്രമീകരണം സേവന പോർട്ടലിൽ ഉൾപ്പെടുത്താത്തതിനെ തുടർന്ന് ഇതിനാവശ്യമായ നടപടികൾക്ക് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

05.01.2021-ലെ സ.ഉ (എം.എസ്.)നം. 02/2021/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത് ഇൻഫർമേഷൻ കേരള മിഷനാണ്. ഇൻഫർമേഷൻ കേരള മിഷൻ നടപടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചുവരുന്നു.

## പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

121(2072) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ സർക്കാർ ഫണ്ടുകൾ വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ശാസ്ത്രീയ നിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും ടി സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാതികൾ എന്തെങ്കിലും നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് Quality Manual പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നിർമ്മാണ പ്രവൃത്തികളിലും നിർമ്മാണ സാമഗ്രികളിലും ചെയ്യുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന ഗുണനിലവാര റിപ്പോർട്ടുകൾ യഥാസമയം പരിശോധിച്ച് നിർമ്മാണ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന സാധനങ്ങളുടെ ഒരു Approved make list

കെ.പി.എച്ച്.സി.സി. തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് കരാറുകാരനുമായി ഉണ്ടാക്കുന്ന കരാറിന്റെ ഒരു ഭാഗമാക്കി, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങൾ മാത്രമെ നിർമ്മാണത്തിന് ഉപയോഗിക്കാവൂയെന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനുപരി, സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള പോലീസുദ്യോഗസ്ഥരെ കെ.പി.എച്ച്.സി.സി-യിലെ ഉദ്യോഗസ്ഥർക്കുപുറമെ വർക്ക്സൈറ്റുകളിൽ നിയമിച്ചിട്ടുണ്ട്. മുന്നറിയിപ്പില്ലാതെ പ്രസ്തുത ഉദ്യോഗസ്ഥർ നടത്തുന്ന സൈറ്റ് പരിശോധനകളിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ കെ.പി.എച്ച്.സി.സി.-യിൽ റിപ്പോർട്ട് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ യഥാസമയം വേണ്ട മാറ്റങ്ങൾ വരുത്തിയുമാണ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് യാതൊരു പരാതികളും നിലവിൽ ലഭിച്ചിട്ടില്ല.

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ ഏകീകൃത മാതൃക അവലംബിക്കുന്നതുകൊണ്ടോ കെട്ടിടങ്ങളുടെ സ്ഥലപരമായ പ്രത്യേകതകൾക്കനുസരിച്ച് പ്ലാനുകളിൽ പ്രായോഗികത സ്വീകരിക്കാത്തതുകൊണ്ടോ സ്ഥാപനങ്ങളുടെ സ്ഥലവിനിയോഗത്തിന് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത്

പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പോലീസ് വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ മറ്റു ഫണ്ടുകൾ വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികളും പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവൃത്തികളും തമ്മിൽ ഏകോപനമില്ലാത്തതുകൊണ്ട് സ്ഥലവിനിയോഗം ഫലപ്രദമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2016-21 കാലയളവിൽ ചാത്തന്നൂർ മണ്ഡലത്തിൽ പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പോലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിൽ ജോലിചെയ്യുന്ന ക്ലോസ്ഡ് എ.ആർ.വിഭാഗക്കാരുടെ വീട്ടുവാടക ബത്ത**

122(2073) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ ജോലി ചെയ്യുന്ന പോലീസുദ്യോഗസ്ഥർക്ക് ലഭിക്കുന്ന വീട്ടുവാടക ബത്ത അതേ ഓഫിസിൽ ജോലി ചെയ്യുന്ന ക്ലോസ്ഡ് എ.ആർ. വിഭാഗത്തിൽപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരേ ഓഫീസിൽ ജോലിചെയ്യുന്ന ക്ലോസ്ഡ് എ.ആർ. വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും തുല്യമായ വീട്ടുവാടകബത്ത ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

## മണ്ണാർക്കാട് ജയിലിന്റെ നിർമ്മാണം

123(2074) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ജയിലിനുവേണ്ടി ഇറിഗേഷൻ വകുപ്പിൽനിന്നും ലഭിച്ച നാല് ഏക്കർ സ്ഥലത്ത് എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ചുറ്റുമതിൽ നിർമ്മാണത്തിനും ജയിൽ നിർമ്മാണത്തിനുമുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ?

(എ&ബി) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ

മണ്ണാർക്കാട്-1 വില്ലേജിൽ റീ-സർവ്വേ നം.131/14-ൽ ഉൾപ്പെട്ട (കാഞ്ഞിരപ്പുഴ ഇറിഗേഷൻ വക) 2.864 ഹെക്ടർ സർക്കാർ ഭൂമിയിൽനിന്നും സബ് ഡിവിഷൻ ചെയ്ത 131/36 -ൽപ്പെട്ട 1.6221 ഹെക്ടർ (162.21 ആർ) ഭൂമി മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണത്തിനായി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണ പ്രവൃത്തിയുടെ ആദ്യ ഘട്ടമായി 6 അടി ഉയരത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് 1,12,00,000 രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ 'ജയിലുകളുടെ നവീകരണം' എന്ന വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർകോട് ജില്ലയിൽ പോലീസ് സേനയിലെ തസ്തികകൾ**

124(2075) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഡെപ്യൂട്ടി സൂപ്രണ്ട് അടക്കം പോലീസ് സേനയിൽ എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിവിധ തസ്തികകളിലായി ആകെ

അനുവദിച്ചിട്ടുള്ള അംഗീകൃത അംഗബലം 1701 ആണ്. വിശദ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ബി) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും എത്ര കാലമായി ഒഴിവുകൾ തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ഏത് കാരണത്താലാണ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതെന്നും അച്ചടക്കനടപടികൾ കാരണമാണോ എന്നും വ്യക്തമാക്കാമോ;

(ഡി) കാസർകോട് ജില്ലയിൽ പോലീസ് സേനയിൽ ഇൻക്രിമെന്റ്, പ്രൊമോഷൻ എന്നിവ കാത്തിരിക്കുന്നവർ എത്രയുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; അർഹതയുണ്ടായിട്ടും ഇൻക്രിമെന്റും പ്രൊമോഷനും നിഷേധിക്കപ്പെട്ടവരുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

**(ബി-ഇ)** വിവരം ശേഖരിച്ചുവരുന്നു.

### പോലീസിലെ സ്പോർട്സ് ക്വാട്ട നിയമനം

125(2076) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സ്പോർട്സ് ക്വാട്ടയിൽ സൈക്ലിംഗ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽനിന്നും എത്ര പേരെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ചുള്ള ഫയൽ നമ്പർ ലഭ്യമാക്കുമോ; പ്രസ്തുത ഫയൽ നിലവിൽ എവിടെയാണുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) കേരള പോലീസിൽ സ്പോർട്സ് ക്വാട്ട തസ്തികകളിലേക്ക് വിവിധ ഇനങ്ങളിലെ സെലക്ഷൻ ട്രയൽസ് പൂർത്തിയായെങ്കിലും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസുകൾ നിലവിലുള്ളതിനാൽ നിയമന നടപടികൾ പൂർത്തീകരിച്ചില്ല. ഈ വിഷയം സർക്കാർ തലത്തിൽ എ 1/24/2022/ആഭ്യന്തരം ഫയലിൽ പരിശോധിച്ചുവരുന്നു.

## അഴിമതിയുമായി ബന്ധപ്പെട്ട കേസുകൾ

126(2077) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിയുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് വിജിലൻസ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് 88 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ സർവ്വീസിലെയും മറ്റും അഴിമതി തടയുന്നതിന് എന്തെല്ലാം നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം, 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്നു. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ്

കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അപാകതകൾ നടക്കുന്നുവെന്ന് വിവരം ലഭിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിക്കുന്നുമുണ്ട്. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളിലും അഴിമതിയിലും ഉൾപ്പെട്ട ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമാർജ്ജനത്തിനും ആവശ്യമായ ശിപാർശകളോടെ സർക്കാരിൽ ലഭിക്കുന്ന റിപ്പോർട്ടിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സാപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS

(Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**ലോകായുക്ത നിയമ ഭേദഗതി**

127 (2078) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ പാസാക്കിയ ഒരു നിയമം ഭരണഘടന വിരുദ്ധമാണെന്ന് പ്രഖ്യാപിക്കാൻ എക്സിക്യൂട്ടീവിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ലോകായുക്ത നിയമത്തിലെ പതിനാലാം വകുപ്പ് ഭരണഘടന വിരുദ്ധമാണെന്ന സർക്കാരിന്റെ പ്രഖ്യാപനം നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിയമഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ലെജിസ്ലേറ്റീവ് ഉത്തരവാദിത്വമാണ്. ഈ നിയമഭേദഗതി നിയമാനുസൃതമായാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

(സി) അഴിമതിനിരോധന സംവിധാനമെന്ന രീതിയിലുള്ള

ലോകായുക്തയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഭേദഗതികളാണ് ഓർഡിനൻസിലൂടെ നടപ്പിലാക്കിയതെന്നത് വസ്തുതയാണോ?

ഇല്ല. ലോകായുക്തയുടെ ഒരധികാരവും വെട്ടിക്കുറച്ചിട്ടില്ല.

**ലോകായുക്ത നിയമത്തിലെ നിർദ്ദേശങ്ങൾ**

128(2079) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള ലോകായുക്ത നിയമത്തിലെ 12(3) വകുപ്പ് പ്രകാരം നാളിതുവരെ എത്ര നിർദ്ദേശങ്ങളാണ് ലോകായുക്ത സർക്കാരിന് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര നിർദ്ദേശങ്ങൾക്കനുസൃതമായി സർക്കാർ നടപടി സ്വീകരിച്ചെന്നും എത്ര നിർദ്ദേശങ്ങൾ നിരാകരിച്ചുവെന്നും വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ലോകായുക്ത നിയമ ഭേദഗതി**

129(2080) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ നിലവിലുള്ള ചില മന്ത്രിമാർക്കെതിരെയുള്ള

പരാതികൾ ഉൾപ്പെടെ ലോകായുക്തയിൽ നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതിക്കെതിരായി എന്തെങ്കിലും എതിർപ്പ് നിയമവകുപ്പ് ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലോകായുക്തയിൽ നിലനിൽക്കുന്ന പരാതികളെ സംബന്ധിച്ച വിശദവിവരങ്ങൾ സർക്കാർ ശേഖരിക്കുന്നില്ല. നിയമവകുപ്പ് ഭേദഗതിക്കെതിരായി എതിർപ്പൊന്നും രേഖപ്പെടുത്തിയിട്ടില്ല.

(ബി) ലോകായുക്തയുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലുള്ള ഭേദഗതിയായതിനാൽ വിശദമായി ചർച്ച ചെയ്യേണ്ടതുണ്ടെന്ന തരത്തിലുള്ള ഏതെങ്കിലും നിർദ്ദേശം നിയമവകുപ്പ് നൽകിയിട്ടുണ്ടോ?

ഭേദഗതിയിലൂടെ ലോകായുക്തയുടെ അധികാരങ്ങളൊന്നും കുറച്ചിട്ടില്ല.

(സി) ഭേദഗതിക്കനുകൂലമായി നിയമോപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമോപദേശം ആരാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിരുന്നു.

**ലോകായുക്ത നിയമം**

130(2081) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ലോകായുക്ത നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് കണ്ടെത്തിയത് എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഭരണഘടനാവിരുദ്ധമാണെന്ന കണ്ടെത്തൽ ഏത് സാഹചര്യത്തിലാണെന്നും അതിനുള്ള കാരണവും വിശദമാക്കാമോ;

(സി) പ്രസ്തുത നിയമം ഭരണഘടനാവിരുദ്ധമാണെങ്കിൽ ആയത് കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനും കാലതാമസമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) 13.04.2021-ന് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**ലോകായുക്ത നിയമത്തിലെ വകുപ്പ് 14**

131(2082) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള ലോകായുക്ത നിയമത്തിലെ വകുപ്പ് 14 ഭരണഘടനാവിരുദ്ധമാണെന്ന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത നിയമോപദേശം സർക്കാരിന് സമർപ്പിച്ചത്?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഏത് സാഹചര്യത്തിലാണ് ഇപ്രകാരമൊരു നിയമോപദേശം നൽകിയത്; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബഹു. കേരള ലോകായുക്തയുടെ 09.04.2021-ലെ C.No. 57/2019 B നമ്പർ കേസിലെ റിപ്പോർട്ടിന്മേൽ നിയമോപദേശം തേടിയതിന്റെ അടിസ്ഥാനത്തിലാണ് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയത്.

**സർക്കാർ സർവ്വീസിലെ കൈക്കൂലി കേസ്സുകൾ**

132(2083) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സർക്കാർ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് വിജിലൻസ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

2016 മുതൽ നാളിതുവരെ സർക്കാർ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് 134 കേസുകൾ (ട്രാപ്പ് കേസുകൾ) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളുടെ വകുപ്പ്, ജില്ല എന്നിവ തിരിച്ചുള്ള കണക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭ്യമാക്കുമോ?

കേസുകളുടെ വകുപ്പ്, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വകുപ്പുകൾ | കേസുകളുടെ എണ്ണം |
|---|---|
| പോലീസ് | 18 |
| പഞ്ചായത്ത് | 8 |
| രജിസ്ട്രേഷൻ | 4 |
| റവന്യൂ | 31 |
| കെ.എസ്.ഇ.ബി. | 2 |
| നഗരകാര്യ വകുപ്പ് | 15 |
| എക്സൈസ് | 5 |
| എൽ.എസ്.ജി.ഡി. | 7 |
| തുറമുഖം | 1 |
| വാട്ടർ അതോറിറ്റി | 3 |
| പബ്ലിക് റിലേഷൻ വകുപ്പ് | 1 |
| തൊഴിൽ | 2 |
| ആരോഗ്യം | 7 |
| വനം വകുപ്പ് | 4 |
| സർവ്വകലാശാല | 2 |
| മൃഗസംരക്ഷണ വകുപ്പ് | 1 |
| സർവ്വേ വകുപ്പ് | 3 |
| ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | 1 |
| ലീഗൽ മെട്രോളജി | 1 |
| പട്ടിക ജാതി വകുപ്പ് | 2 |
| കോർപ്പറേഷൻ | 3 |
| നികുതി | 6 |

| | |
|---|---|
| കൃഷി വകുപ്പ് | 4 |
| ഫയർ & റെസ്ക്യു | 1 |
| ഗ്രൗണ്ട് വാട്ടർ | 1 |
| മോട്ടോർ വാഹന വകുപ്പ് | 1 |
| ആകെ | **134** |

| ജില്ലകൾ | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | 4 |
| പത്തനംത്തിട്ട | 6 |
| ആലപ്പുഴ | 12 |
| കോട്ടയം | 15 |
| ഇടുക്കി | 11 |
| എറണാകുളം | 12 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 15 |
| മലപ്പുറം | 13 |
| കോഴിക്കോട് | 6 |
| വയനാട് | 6 |
| കണ്ണൂർ | 11 |
| കാസർഗോഡ് | 6 |
| ആകെ | 134 |

## കേരള ലോകായുക്ത നിയമം

133(2084) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1999-ലെ കേരള ലോകായുക്ത നിയമത്തിലെ വകുപ്പ് 14 പ്രകാരം നാളിതുവരെ എത്ര ഉത്തരവുകളാണ് ലോകായുക്ത സർക്കാരിന് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**ലോകായുക്ത നിയമ ഭേദഗതി**

134(2085) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകായുക്ത നിയമം ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) 1999-ലെ നിയമം ഭരണഘടനാവിരുദ്ധമാണെന്ന് നിലവിലെ സർക്കാരിന് തോന്നാനിടയായ സാഹചര്യം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബഹു. കേരള ലോകായുക്തയുടെ 09.04.2021-ലെ C.No.57/2019 B നമ്പർ കേസിലെ റിപ്പോർട്ടിന്മേൽ നിയമോപദേശം തേടിയതിനെ തുടർന്ന്

അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിരുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത നിയമ ഭേദഗതി സംബന്ധിച്ച് ഭരണകക്ഷികൾ വിയോജിപ്പ് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

## ലോകായുക്ത നിയമത്തിലെ പതിനാലാം വകുപ്പ്

135 (2086) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള ലോകായുക്ത നിയമത്തിലെ പതിനാലാം വകുപ്പ് ഭരണഘടനാവിരുദ്ധമാണെന്ന് നാളിതുവരെ രാജ്യത്തെ ഏതെങ്കിലും കോടതികളുടെ ഭാഗത്തുനിന്നും നിരീക്ഷണമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) നിയമസഭ പാസാക്കുന്ന ഒരു നിയമം ഭരണഘടനാ വിരുദ്ധമാണോയെന്ന് പരിശോധിക്കാനുള്ള അധികാരം കോടതികൾക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാത്രമാണുള്ളതെന്ന സുപ്രീംകോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ലോകായുക്ത നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണെന്ന ഒരുവിധി കോടതികളുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ അത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) നിയമത്തിൽ ഭേദഗതി വരുത്താനുള്ള അധികാരം ബില്ലിലൂടെയും ഓർഡിനൻസിലൂടെയും ലഭ്യമാണ്. നിയമനിർമ്മാണം/ഭേദഗതി പൂർണ്ണമായും ലെജിസ്ലേറ്റീവ് ഉത്തരവാദിത്വമാണ്.

**ലോകായുക്ത നിയമഭേദഗതി**

136 (2087) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച ലോകായുക്ത ബില്ലിലെ പതിമൂന്നാം വകുപ്പിലുണ്ടായിരുന്നതും പിന്നീട് നിയമസഭ ചർച്ച

ചെയ്ത് നീക്കം ചെയ്തതുമായ വ്യവസ്ഥകളാണോ നിലവിൽ ഓർഡിനൻസുവഴി പതിനാലാം വകുപ്പിന്റെ ഭേദഗതിയായി വീണ്ടും കൊണ്ടുവന്നിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പതിമൂന്നാം വകുപ്പിലുണ്ടായിരുന്ന ഈ വ്യവസ്ഥ ഔദ്യോഗിക ഭേദഗതിയായാണോ നീക്കം ചെയ്തതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഓർഡിനൻസുവഴി ലോകായുക്ത നിയമത്തിലെ പതിനാലാം വകുപ്പിൽ വരുത്തിയിരിക്കുന്ന മാറ്റം ലോകായുക്തയുടെ അധികാരങ്ങളെ കവർന്നെടുക്കുന്ന തരത്തിലുള്ളതാണോയെന്നറിയിക്കാമോ?

ലോകായുക്തയുടെ അധികാരങ്ങൾ വെട്ടിക്കുറച്ചിട്ടില്ല.

(ഡി) അർദ്ധ ജുഡീഷ്യൽ സംവിധാനമായ ലോകായുക്തയുടെ തീരുമാനങ്ങളെ എക്സിക്യൂട്ടീവ് പുനഃപരിശോധിക്കുന്നത് ഭരണഘടനാനുസൃതമാണോയെന്ന് വിശദമാക്കാമോ?

എക്സിക്യൂട്ടീവിന് നിയമപ്രകാരമുള്ള അധികാരമാണ് ലഭ്യമാകുന്നത്.

**കേരള ലോകായുക്ത നിയമം 1999**

137(2088) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള ലോകായുക്ത നിയമത്തിലെ 12(1) വകുപ്പ് പ്രകാരം നാളിതുവരെ എത്ര നിർദ്ദേശങ്ങളാണ് ലോകായുക്ത സർക്കാരിന് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര നിർദ്ദേശങ്ങളിൽ സർക്കാർ ലോകായുക്ത നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപടി സ്വീകരിച്ചുയെന്ന് വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പുനലൂരിൽ കുടുംബ കോടതി**

138(2089) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ ഒരു കുടുംബ കോടതി അനുവദിക്കുകയും അതിന്റെ ഭാഗമായി പുനലൂർ ബാർ അസോസിയേഷന്റെ സഹായത്തോടുകൂടി പുനലൂർ കോർട്ട് കോംപ്ലക്സിൽ പുതിയ കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ ഫർണിച്ചർ ഉൾപ്പെടെ മുഴുവൻ സജ്ജീകരണങ്ങളും ക്രമീകരിക്കുകയും ഹൈക്കോടതിയിൽനിന്നും പുതിയ കോടതി സ്ഥാപിക്കുന്നതിലേയ്ക്ക് അംഗീകാരം ലഭിക്കുകയും കോടതി സ്ഥാപിക്കുന്ന മുറയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതാണെന്ന സർക്കാർ ഉത്തരവ് നിലനിൽക്കുകയും

ചെയ്യുന്ന സാഹചര്യത്തിൽ പുനലൂരിൽ കുടുംബ കോടതി പ്രവർത്തനമാരംഭിക്കുന്നതിനുള്ള അനുകൂല നടപടികൾ സ്വീകരിക്കുമോ;

(ബി) സർക്കാരിന്റെ അടുത്ത നൂറ്ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പുനലൂർ കുടുംബകോടതി ആരംഭിക്കാൻ കഴിയുമോ;

(സി) തസ്തികകൾ സൃഷ്ടിക്കപ്പെടാത്തതിനാൽ കോടതി നാളിതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുനലൂർ കുടുംബകോടതിയിലെ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ-ഡി) 11.02.2021-ലെ ജി.ഒ.(എം.എസ്)നം.38/2021/ആഭ്യന്തരം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയ അഞ്ച് കുടുംബ കോടതികളിൽ പുനലൂർ കുടുംബകോടതി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത കോടതികളിലേയ്ക്ക് തസ്തിക അനുവദിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**പോക്സോ അതിവേഗ കോടതികൾ ആരംഭിക്കാൻ നടപടി**

139(2090) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ

പ്രവർത്തിക്കുന്നുണ്ടെന്നും പുതിയ പോക്സോ കോടതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രിൻസിപ്പൽ സെഷൻസ് കോടതികളെയും സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെയും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടുന്ന കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികളായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിൽ പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിന് മാത്രമായി പ്രത്യേക കോടതി സ്ഥാപിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ Suo moto Writ Petition (Civil) No.1/2019-ന്റെ 25.07.2019-ലെ ഉത്തരവുപ്രകാരം പോക്സോ ആക്ടിൻ കീഴിൽ വരുന്ന കേസുകളും റേപ്പ് കേസുകളും തീർപ്പാക്കുന്നതിന് സംസ്ഥാനത്തിന് 56 പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കേണ്ടതുണ്ട്. ആദ്യഘട്ടമായി സർക്കാർ 28 അതിവേഗ പ്രത്യേക കോടതികൾ ആരംഭിച്ചു. ഇതിൽ 14 കോടതികളെ പോക്സോ കേസുകൾക്ക് മാത്രമായുള്ള പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇവ എത്രയുംവേഗം പ്രവർത്തനമാരംഭിക്കുന്നതാണ്.

(ബി) പോക്സോ അതിവേഗ കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് പോക്സോ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഈ കോടതികൾ ആരംഭിച്ചിട്ടുള്ളത്. ഇവയുടെ കാലാവധി രണ്ടുവർഷക്കാലം മാത്രമാണ്. ഈ അതിവേഗ പ്രത്യേക കോടതികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

**പോക്സോ കോടതികൾ**

140(2091) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന പോക്സോ കോടതികളുടെ എണ്ണം അറിയിക്കാമോ; പുതിയ കോടതികൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ബഹു. സുപ്രീം കോടതിയുടെ Suo moto Writ Petition (Civil) No.1/2019-ന്റെ 25.07.2019-ലെ ഉത്തരവുപ്രകാരം പോക്സോ ആക്ടിൻ കീഴിൽ വരുന്ന കേസുകളും റേപ്പ് കേസുകളും തീർപ്പാക്കുന്നതിന് സംസ്ഥാനത്തിന് 56 പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കേണ്ടതുണ്ട്. ആദ്യഘട്ടമായി സർക്കാർ 28 അതിവേഗ പ്രത്യേക കോടതികൾ ആരംഭിച്ചു. ഇതിൽ 14 കോടതികളെ പോക്സോ കേസുകൾക്ക് മാത്രമായുള്ള പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവ എത്രയുംവേഗം പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ഒരു ജില്ലാ കോടതിയുടെ എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ട പോക്സോ അതിവേഗ കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോക്സോ കേസുകൾ പോലുള്ള ഗുരുതര സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് പോലുള്ള തസ്തികകളിൽ കരാർ ജീവനക്കാരെ നിയമിക്കുന്നത് അഭികാമ്യമാണോ; വിശദമാക്കാമോ;

(ഡി) പോക്സോ അതിവേഗ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) സംസ്ഥാനത്ത് പോക്സോ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഈ കോടതികൾ ആരംഭിച്ചിട്ടുള്ളത്. ഇവയുടെ കാലാവധി രണ്ടുവർഷക്കാലം മാത്രമാണ്. ഈ അതിവേഗ പ്രത്യേക കോടതികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

**ബാബുവിനെ രക്ഷപെടുത്താൻ നിയോഗിച്ച വിഭാഗങ്ങൾ**

141(2092) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറാട് മലയിൽ കുടുങ്ങിയ ബാബുവിനെ രക്ഷപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന് കീഴിലല്ലാത്ത എത്ര വിഭാഗങ്ങളെ ഉപയോഗിച്ചുവെന്ന് അറിയിക്കാമോ?

ചെറാട് മലയിൽ കുടുങ്ങിയ ബാബുവിനെ രക്ഷപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന് കീഴിലുള്ള സംവിധാനങ്ങൾക്ക് പുറമെ Indian Army, NDRF, Indian Coast Guard, Private Drone Services എന്നീ വിഭാഗങ്ങളെ ഉപയോഗിച്ചിരുന്നു.

(ബി) അതിനായി അവർ സർക്കാരിൽനിന്നും തുക ഈടാക്കിയിരുന്നോ; എങ്കിൽ ഓരോ വിഭാഗത്തിനും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ ഇനത്തിൽ നാളിതുവരെ തുക അനുവദിച്ചിട്ടില്ല.

**ഫയർ & റസ്ക്യൂ - ആധുനിക സംവിധാനങ്ങൾ**

142(2093) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് സുരക്ഷയും സേവനവും മികവുറ്റതാക്കുവാൻ കേരളത്തിലെ ഫയർ & റസ്ക്യൂ വിഭാഗത്തിന് എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

വാർഷിക പദ്ധതിയിനത്തിലെ ഫണ്ട് ഉപയോഗിച്ച് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ വാഹനങ്ങളും ഉപകരണങ്ങളും വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ അനുബന്ധപ്രകാരമുള്ള അത്യാധുനിക സംവിധാനങ്ങളോടുകൂടിയ മറ്റനേകം ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്. ജനങ്ങൾക്ക് നൽകുന്ന സുരക്ഷയും സേവനവും മികച്ചതാക്കുന്നതിനായി ജീവനക്കാർക്ക് റോപ്പ് റെസ്ക്യൂ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രെയിനിംഗ്, ബേസിക് ഓപ്പൺ വാട്ടർ ഡൈവിംഗ് പരിശീലനം, അഡ്വാൻസ്ഡ് ഓപ്പൺ വാട്ടർ ഡൈവിംഗ് പരിശീലനം, കെമിക്കൽ എമർജൻസി കോഴ്സ്, നേവിയുടെ ആഭിമുഖ്യത്തിൽ ഡൈവിംഗ് പരിശീലനം, ജലഗതാഗത വകുപ്പ് മുഖേന സ്രാങ്ക് ലൈസൻസ് എടുക്കുന്നതിനുള്ള പരിശീലനം എന്നിവയും നൽകിവരുന്നു.

(ബി) കരയിലും ജലത്തിലും റസ്ക്യൂ സംവിധാനം ഒരുപോലെ ആവശ്യമായി വരുന്ന ആലപ്പുഴ പോലെയുള്ള തീരദേശ ടൂറിസ്റ്റ് കേന്ദ്രങ്ങളിലുള്ള ഫയർ & റസ്ക്യൂ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ആലപ്പുഴയിലേതുപോലെ ജലാശയങ്ങളുമായി ബന്ധപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഔട്ട് ബോർഡ് എഞ്ചിനോടുകൂടിയ റബ്ബർ ഡിങ്കി, ഔട്ട് ബോർഡ് എഞ്ചിനോടുകൂടിയ ഫൈബർ ബോട്ട്, സ്കൂബ സെറ്റ് എന്നിവ സഹിതം പരിശീലനം ലഭിച്ച ജീവനക്കാരെ നിലയങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ പുന്നമട ഫിനിഷിംഗ് പോയിന്റിൽ ഫ്ലോട്ടിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശയും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉയർന്ന മലമ്പ്രദേശങ്ങളിലും മറ്റും ഒറ്റപ്പെടുന്നവരെ

കണ്ടെത്തുന്നതിനും അവരെ രക്ഷിക്കുന്നതിനും കഴിയുംവിധം സേനയെ കൂടുതൽ കരുത്തുറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

മലമ്പുഴ അപകടത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന മലമ്പ്രദേശങ്ങളിലും ചെങ്കുത്തായ മലനിരകളിലും അകപ്പെട്ടവരെ കണ്ടെത്തുന്നതിനും മറ്റും വകുപ്പിൽ ഡ്രോണുകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ രക്ഷാപ്രവർത്തനത്തിനായി സേഫ്റ്റി ബെൽറ്റ്, റോപ്പ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വകുപ്പിൽ ലഭ്യമാണ്. വലിയ അപകടങ്ങളിലും പ്രകൃതിദുരന്തങ്ങളിലും സമയബന്ധിതമായി രക്ഷാപ്രവർത്തനം നടത്തുന്നതിനായി വകുപ്പിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## നേര്യമംഗലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

143(2094) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

അനുവദിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നേര്യമംഗലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം പ്രസ്തുത ആവശ്യത്തിലേയ്ക്കായി കൈമാറ്റം ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) 18-2-2021 ലെ സ.ഉ.(കൈ) 51/2021/ആഭ്യന്തരം പ്രകാരം തത്വത്തിൽ അംഗീകാരം ലഭ്യമായിട്ടുള്ള നേര്യമംഗലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നേര്യമംഗലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം പ്രസ്തുത ആവശ്യത്തിലേയ്ക്കായി കൈമാറ്റം ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) നേര്യമംഗലത്ത് ബസ്സ്റ്റാന്റിനോട് ചേർന്നുള്ള സാംസ്കാരിക നിലയം, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പഞ്ചായത്ത് **ശുപാർശ** ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനായി സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ഗ്യാരേജ് സ്ഥാപിച്ച് നൽകുകയാണെങ്കിൽ മാത്രമേ പ്രസ്തുത കെട്ടിടം സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് അനുയോജ്യമാവുകയുള്ളൂ.

(ഡി) നിരവധി വ്യവസായ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നതും ഇടുക്കി ജില്ലയുടെ അതിർത്തി പങ്കിടുന്നതുമായ നേര്യമംഗലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മറ്റ് ഫയർ സ്റ്റേഷനുകളിൽനിന്നും വളരെയധികം ദൂരത്തിലാണെന്ന വസ്തുതയും കണക്കിലെടുത്ത് നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

### എരുമേലി ഫയർ സ്റ്റേഷന് കെട്ടിട നിർമ്മാണം

144(2095) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച എരുമേലി ഫയർ സ്റ്റേഷനിനായി എരുമേലി ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഏരുമേലി ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അപര്യാപ്തമായതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അനുയോജ്യമായ മറ്റൊരു സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി പുതുക്കി എരുമേലി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പയ്യന്നൂർ ഫയർ സ്റ്റേഷനിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, വിശ്രമമുറി എന്നിവയുടെ നിർമ്മാണം

145(2096) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ഫയർ സ്റ്റേഷനിൽ സ്റ്റാഫ് ക്വാർട്ടേഴ്സും വിശ്രമ മുറിയും നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

**അച്ചടി വകുപ്പിലെ ഗസറ്റഡ് തസ്തികകൾ**

146(2097) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ അച്ചടി വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ തന്നെയാണോ സ്ഥാനക്കയറ്റവും നിയമനവും സ്ഥലമാറ്റവും നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; അല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; തസ്തിക തിരിച്ചുള്ള വിശദാംശം നൽകുമോ?

അച്ചടി വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഗസറ്റഡ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനങ്ങൾ വിശേഷാൽ ചട്ടങ്ങൾ, സീനിയോറിറ്റി, പൊതു വ്യവസ്ഥകൾ എന്നിവ പ്രകാരമാണ് നടത്തുന്നത്.

സ്ഥലം മാറ്റങ്ങൾ മാനദണ്ഡപ്രകാരവും ഭരണ സൗകര്യാർത്ഥവുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) 2020, 2021 എന്നീ വർഷങ്ങളിൽ ഗസറ്റഡ് തസ്തികകളിൽ ഒഴിവുകൾ വന്ന തീയതിയും പ്രസ്തുത ഒഴിവുകൾക്കായി ഡി.പി.സി. കൂടിയ തീയതിയും നിയമന ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

2020, 2021 എന്നീ വർഷങ്ങളിൽ ഗസറ്റഡ് തസ്തികകളിൽ ഒഴിവുകൾ വന്ന തീയതിയും പ്രസ്തുത ഒഴിവുകൾക്കായി ഡി.പി.സി. കൂടിയ തീയതിയും സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത തസ്തികകളിലെ നിയമന ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

(സി) 2020, 2021 എന്നീ വർഷങ്ങളിൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ അച്ചടി വകുപ്പിൽ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; തസ്തികകൾ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

അച്ചടി വകുപ്പിൽ 2020, 2021 വർഷങ്ങളിൽ പി.എസ്.സി മുഖേന നടന്ന നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **തസ്തിക** | **എണ്ണം** |
|---|---|---|
| | ക്ലാർക്ക് | 10 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| 2020 | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 | 1 |
| | ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് 2 | 1 |
| | ലാസ്കർ ഗ്രേഡ് 2 | 11 |
| | കൗണ്ടർ ഗ്രേഡ് 2 | 3 |
| | ഗേറ്റ് കീപ്പർ ഗ്രേഡ് 2 | 2 |
| | പായ്ക്കർ ഗ്രേഡ് 2 | 1 |
| | ബയന്റർ ഗ്രേഡ് 2 | 26 |
| | **കമ്പ്യൂട്ടർ ഗ്രേഡ് 2** | 1 |
| 2021 | ക്ലാർക്ക് | 14 |
| | എൽ.ഡി ടൈപ്പിസ്റ്റ് | 7 |
| | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 | 2 |
| | വാച്ച്മാൻ | 4 |
| | ലാസ്കർ ഗ്രേഡ് 2 | 18 |
| | കൗണ്ടർ ഗ്രേഡ് 2 | 4 |
| | പായ്ക്കർ ഗ്രേഡ് 2 | 3 |
| | കമ്പ്യൂട്ടർ ഗ്രേഡ് 2 | 2 |

**സർക്കാർ അച്ചടി സ്വകാര്യമേഖലയിൽ നല്കാൻ അനുമതി**

147(2098) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളെ ഒഴിവാക്കി സ്വകാര്യമേഖലയ്ക്ക് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ അച്ചടി

ജോലികൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നതിനുമുമ്പ് ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതി വാങ്ങാറുണ്ടോ;

(ബി) അപ്രകാരം അനുമതി വാങ്ങിയിരിക്കണമെന്ന സർക്കാർ നിർദ്ദേശം/ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് കർശനമായി പാലിക്കാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സർക്കാർ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളെ ഒഴിവാക്കി സ്വകാര്യമേഖലയ്ക്ക് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും അച്ചടി സംബന്ധിച്ച എല്ലാ ജോലികളും അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും/സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കുവാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെമാത്രം സർക്കാരേതര/സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂയെന്നും എല്ലാ ഭരണവകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകി 10.07.2019-ലെ 161/എച്ച്3/18/ഉ.വി.വ നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്

148(2099) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തിരുവനന്തപുരം മുൻപാകെ ഒ.എ. 418/2020 നമ്പരായി ഫയൽ ചെയ്ത കേസിന്മേലുള്ള കരട് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് അച്ചടി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിക്കാനായി പ്രസ്തുത സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് ഡയറക്ടർ അംഗീകരിച്ച് സർക്കാരിനോ അഡ്വക്കേറ്റ് ജനറലിനോ സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ടിന്റെ കരടിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; മാറ്റം വരുത്താനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് സമർപ്പിക്കാൻ വകുപ്പ് തീരുമാനമെടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ബന്ധപ്പെട്ട തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് നാളിതുവരെയായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ

സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന അച്ചടി വകുപ്പ് ഡയറക്ടറേറ്റിലുള്ള ഉദ്യോഗസ്ഥർ, അവരുടെ ഔദ്യോഗിക പദവി എന്നിവ വ്യക്തമാക്കാമോ?

(എ-ഇ) അച്ചടി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് 03.02.2020-ന് പ്രസിദ്ധീകരിച്ച കരട് കമ്പെയ്ൻഡ് പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീ.റ്റി.എൻ.സന്ദീപ് മുതൽ പേർ ഫയൽ ചെയ്ത OA 418/2020 നമ്പർ ഹർജിന്മേലുള്ള ഇടക്കാല ഉത്തരവ് പാലിക്കാത്തതിനെതിരെ ശ്രീ. റ്റി. എൻ. സന്ദീപ് അച്ചടി വകുപ്പ് ഡയറക്ടർക്കെതിരെ CP (C) No.200/21 നമ്പറായി കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയും ടി കോടതിയലക്ഷ്യ കേസിന്മേൽ 25.02.2022-ന് സത്യവാങ്മൂലം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അച്ചടി വകുപ്പ് ഡയറക്ടർ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സി-ഡിറ്റിനെ സംബന്ധിച്ച പരാതികൾ

149(2100) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സി-ഡിറ്റിലെ പ്ലാൻ ഫണ്ട് ദുരുപയോഗവുമായി ബന്ധപ്പെട്ട് സി-ഡിറ്റിലെ സംഘടനകളിൽ നിന്നോ ജീവനക്കാരിൽ നിന്നോ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ; പ്രസ്തുത പരാതികളിൽ എന്തുനടപടികൾ എടുത്തുയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുനടപടി എടുക്കാൻ ഉദ്ദേശിക്കുന്നുയെന്ന് അറിയിക്കുമോ?

സി-ഡിറ്റിലെ പ്ലാൻ ഫണ്ട് ദുരുപയോഗവുമായി ബന്ധപ്പെട്ട് സി-ഡിറ്റിലെ സർവ്വീസ് സംഘടനകളിൽനിന്നും ജീവനക്കാരിൽനിന്നുമായി രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ സി-ഡിറ്റിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പത്ത് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എത്ര പർച്ചേസ്/വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം**

150(2101) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് 2018 മാർച്ചിൽ മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ നെസസ്സ്-ടെനേബിൾ നെറ്റ്‌വർക്ക്

അസ്സസ്സ്മെന്റ് സോഫ്റ്റ്വെയർ വാങ്ങിയിരുന്നോ; ഒരുവർഷം കാലാവധിയുണ്ടായിരുന്ന പ്രസ്തുത സോഫ്റ്റ്വെയർ ഒരുപ്രാവശ്യംപോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാങ്ങിയിരുന്നു. ഇതസംബന്ധിച്ച് ലഭിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യാൻവേണ്ടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് 15 ലാപ്ടോപ്പുകൾ വാങ്ങിയിട്ട് അവ ഇൻസ്റ്റാൾ ചെയ്യാതെ ചട്ടവിരുദ്ധമായി കെ.എസ്.എഫ്.ഇ.-ക്ക് നൽകി ആ സ്ഥാപനത്തിൽനിന്നും അതിന്റെ പണം സി-ഡിറ്റ് വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നെസസ്സ്-ടെനേബിൾ സോഫ്റ്റ്വെയർ ഉപയോഗിക്കപ്പെടാതെ കാലഹരണപ്പെട്ടത് കൊണ്ടുണ്ടായ സാമ്പത്തികനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ.-യുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവാസി ചിട്ടി പ്രോജക്ടിന്റെ കോണ്ടാക്ട് സെന്ററിനുവേണ്ടി കരാർ വ്യവസ്ഥ അനുസരിച്ച് പണം കൈപ്പറ്റി ലാപ്ടോപ്പുകൾ സി-ഡിറ്റ് കെ.എസ്.എഫ്.ഇ.-ക്ക് നൽകിയിട്ടുണ്ട്. സി-ഡിറ്റിന്റെ ആസ്തിയായി കൈവശമുണ്ടായിരുന്ന ലാപ്ടോപ്പുകളാണ് പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഉപയോഗിച്ചിട്ടുള്ളത്.

ഇക്കാര്യങ്ങളെല്ലാം പരിശോധനയിലാണ്.

**സർക്കാർ പ്രസ്സുകളിലെ ഇ-ഓഫീസ് സംവിധാനം**

151(2102) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള സർക്കാർ ഉത്തരവ് അച്ചടി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിക്കായി വകയിരുത്തിയ തുക, ഇതുവരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) സർക്കാർ പ്രസ്സുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനായി വാങ്ങിയ ഉപകരണങ്ങളുടെയും ഇവയെന്നാണ് വാങ്ങിയതെന്നുമുള്ള വിവരം ലഭ്യമാക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) 2021 നവംബർ 1-ന് അച്ചടി വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് ആരംഭിച്ചിട്ടുണ്ട്. അച്ചടി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി 97 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 38,80,000/- രൂപയും സൈറ്റ് പ്രിപ്പറേഷന് 10 ലക്ഷം രൂപയും ഒരു ബുക്ക് സ്കാനറിന്

60,000/- രൂപയും രണ്ട് ADF സ്കാനറുകൾക്ക് 1,10,000/- രൂപയും നാല് നെറ്റ്‌വർക്ക് പ്രിന്ററുകൾക്ക് 2,80,000/- രൂപയും പത്ത് KVA -യുടെ അഞ്ച് യു.പി.എസുകൾക്ക് 15 ലക്ഷം രൂപയും ചേർത്ത് ആകെ 68,30,000/- രൂപ 17.07.2017-ലെ സ.ഉ.(സാധാ) 1345/17/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 97 കമ്പ്യൂട്ടറുകൾ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പ്രകാരം കെൽട്രോണിൽനിന്നും 28,60,336/- രൂപയ്ക്ക് വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകുകയും 31.03.2018-ന് KSITM-ന് ടി തുക അഡ്വാൻസ് പേമെന്റായി നൽകുകയും 97 കമ്പ്യൂട്ടറുകൾ ലഭ്യമാക്കുകയും ചെയ്തു. കൂടാതെ കെൽട്രോൺ മുഖേന രണ്ട് ADF സ്കാനറുകളും നാല് നെറ്റ്‌വർക്ക് പ്രിന്ററുകളും 2,64,402/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. അച്ചടിവകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി അനുവദിച്ച 68,30,000/- രൂപയിൽ 31,24,738/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക റീ ഫണ്ട് (സറണ്ടർ) ചെയ്തിട്ടുണ്ട്. 17.07.2017 ലെ സ.ഉ.(സാധാ) 1345/17/ ഉ.വി.വ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ പ്രസ്സുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം കാരണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉണ്ട്. KSWAN, LAN, UPS വയറിംഗ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാലാണ് ഇ-ഓഫീസ് സംവിധാനം പൂർണ്ണതോതിൽ നടപ്പിലാകാതിരുന്നത്. 2021 നവംബർ 1 മുതൽ കാര്യക്ഷമമായി നടപ്പിലായിട്ടുണ്ട്.

**ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം**

152(2103) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ അച്ചടി വകുപ്പിൽ ആധുനികവത്ക്കരണത്തിനായി മെഷീനുകൾ വാങ്ങുന്നതിനായി, ബഡ്ജറ്റ് വിഹിതമായി 6,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. അച്ചടി വകുപ്പിൽ 2 സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീനുകൾ, 2 സെക്ഷൻ സ്വീയിംഗ് മെഷീനുകൾ എന്നിവ 4.40 കോടി രൂപ ചെലവഴിച്ച് വാങ്ങുന്നതിന്

ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചുവടെ പരാമർശിച്ചിട്ടുള്ള മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) Perfect Binding Machine

2) 4 Color Digital Printer

3) Printing Down Frame

4) Heavy Duty Stitching Machine

5)Automatic Sewing Machine

6) Eyelet Machine

7) Wiro Binding Machine

8) Single Color Sheetfed Machine.

അച്ചടി വകുപ്പിനു കീഴിലുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ പുതുതായി ഒരു മൾട്ടികളർ വെബ് ഓഫ്സെറ്റ് മെഷീൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ എക്സ്ട്രാ ഓർഡിനറി ഗസറ്റുകൾ, കേരള ഗസറ്റ് എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ പ്രസിദ്ധീകരിച്ചുവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സുരക്ഷാ സംവിധാനങ്ങളോടെയുള്ള OMR ഉത്തരക്കടലാസുകളുടെ അച്ചടി, അച്ചടി വകുപ്പിൽ നിർവ്വഹിച്ചുവരുന്നു. 2021 നവംബർ 1 മുതൽ അച്ചടി വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ്

സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ അച്ചടി വകുപ്പിലെ സർക്കാർ പ്രസ്സുകളുടെ കെട്ടിടങ്ങളുടെ നവീകരണത്തിനായി 4058-00-103-99 (P) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അച്ചടി വകുപ്പിന് കീഴിലുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ റൂഫിംഗ് ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും ഷൊർണ്ണൂർ ഗവ. പ്രസ്സിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷത്തെ 4058-00-103-99-കെട്ടിടങ്ങൾ (P) ശീർഷകത്തിൽനിന്നും 60 ലക്ഷം രൂപയും ചെലവഴിക്കുന്നതിന് തത്വത്തിൽ (in principle) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ കേരള പി.എസ്.സി.-യുടെ ഒ.എം.ആർ. ഷീറ്റ് അച്ചടിയുമായി ബന്ധപ്പെട്ട് ഒ.എം.ആർ. സെക്ഷന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ 7,40,000/- രൂപ ചെലവഴിച്ച് നടപ്പിലാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി ആവശ്യമായ മെഷീനുകളുടെ വാങ്ങൽ, സർക്കാർ പ്രസ്സുകളുടെ നവീകരണം എന്നിവ തനതുവർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് വിധേയമായി ഓരോ

സാമ്പത്തിക വർഷത്തിലും ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ആധുനികവത്ക്കരണത്തിനായി കിഫ്ബി മുഖാന്തിരം ലഭ്യമാകുന്ന 100 കോടി രൂപ അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ M/s Wapcos സമർപ്പിച്ച ഡി.പി.ആർ. (D.P.R) കിഫ്ബി (KIIFB)യുടെ സജീവ പരിഗണനയിലാണ്.

(ബി) തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അത്യാവശ്യമായ നാല്-കളർ ഷീറ്റ് ഫെഡ് [Fed] ഓഫ് സെറ്റ് മെഷീൻ വാങ്ങിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിന്റെ പ്രവർത്തനമെന്ന് തുടങ്ങാൻ കഴിയും; വിശദമാക്കാമോ?

അച്ചടി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലേയ്ക്ക് ഒരു A1 Four Color Sheetfed Offset മെഷീൻ 5.35 കോടി രൂപയ്ക്ക് വാങ്ങുന്നതിനായി ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ ക്ഷണിക്കുകയും ലഭ്യമായ ടെൻഡറുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മെഷീൻ വാങ്ങുന്നതിലേയ്ക്കായി ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി (DPC) ചേരുകയും ചെയ്തു. പ്രസ്തുത ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി ടെൻഡർ നടപടികളിലെ അപാകതകൾ പരിഹരിച്ച്, റീ

ടെൻഡർ ക്ഷണിക്കാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, റീ-ടെൻഡർ ക്ഷണിച്ചു. പ്രസ്തുത മെഷീന്റെ സ്പെസിഫിക്കേഷനുമേലുള്ള External Expert-ന്റെ അഭിപ്രായത്തോട് ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി ചേരുന്നതിനുള്ള പുതുക്കിയ നിർദ്ദേശം ലഭ്യമാക്കാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ-റെയിൽ കൈപ്പുസ്തകം അച്ചടി**

153(2104) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിലിനെക്കുറിച്ചുള്ള കൈപ്പുസ്തകത്തിന്റെ അച്ചടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

അച്ചടി തുടങ്ങിയിട്ടില്ല.

(ബി) പ്രസ്തുത കൈപ്പുസ്തകത്തിന്റെ അച്ചടി കേരളത്തിലെ ഏതു സ്ഥാപനത്തിലാണ് നിർവ്വഹിക്കുന്നത്; ഇതിനായുള്ള ചെലവ് എത്രയെന്നും ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) പ്രസ്തുത കൈപ്പുസ്തകത്തിന്റെ അച്ചടിക്കായി മതിയായ സൗകര്യങ്ങൾ മണ്ണന്തല സർക്കാർ പ്രസ്സിൽ ഉണ്ടായിട്ടും സർക്കാർ പ്രസ്സുകളെ

ഒഴിവാക്കിയതിന്റെ കാരണം അറിയിക്കാമോ?

ബാധകമല്ല.

**സിൽവർ ലൈൻ പദ്ധതി സംബന്ധിച്ച കൈ പുസ്തകങ്ങൾ**

154(2105) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതി സംബന്ധിച്ച് അമ്പത് ലക്ഷം കൈ പുസ്തകങ്ങൾ അച്ചടിക്കാൻ ടെൻഡർ വിളിച്ചിരുന്നോ; പ്രസ്തുത പുസ്തകത്തിന്റെ അച്ചടിയിൽനിന്നും സർക്കാർ പ്രസ്സുകളെ ഒഴിവാക്കിയതിന് കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൈപ്പുസ്തകങ്ങളുടെ അച്ചടിക്കായി ഒരു കോപ്പിക്ക് എത്ര രൂപ വില നിശ്ചയിച്ചെന്നും മൊത്തം എത്ര രൂപ ചെലവ് വരുമെന്നും അറിയിക്കാമോ;

(സി) കൈപ്പുസ്തകത്തിന്റെ അച്ചടി കേരളത്തിലെ ഏത് സ്ഥാപനത്തിലാണ് നിർവ്വഹിക്കുന്നതെന്നും അച്ചടി പൂർത്തീകരിച്ചോയെന്നും വ്യക്തമാക്കാമോ?

(എ-സി) അച്ചടിക്കായി ഓപ്പൺ ടെണ്ടർ വിളിച്ചിരുന്നു. ഇക്കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള സ്കോളർഷിപ്പുകൾ

155(2106) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിൽ സച്ചാർ/പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ സച്ചാർ/പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആയതുപ്രകാരം 2021-22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ച് ലഭ്യമാക്കുമോ?

2021-2022 വർഷത്തിലെ വിവിധ സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(സി) സ്കോളർഷിപ്പിനായി 2020-21, 2021-22 എന്നീ വർഷങ്ങളിൽ നീക്കിവച്ച തുക എത്രയാണെന്നും അധിക തുക നീക്കിവച്ചിട്ടുണ്ടോയെന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കുമോ?

2020-21, 2021-22 വർഷങ്ങളിൽ സ്കോളർഷിപ്പുകൾക്കായി നീക്കിവച്ചതും അധികമായി അനുവദിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ഡി) സ്കോളർഷിപ്പ് വിഹിതം സമുദായം തിരിച്ചുള്ള അനുപാതം തയാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സമുദായങ്ങൾക്കുമുള്ള അനുപാതം എത്ര ശതമാനം വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉണ്ട്. 16.07.2021-ലെ സ.ഉ(കൈ) നമ്പർ 135/2021/പൊ.ഭ.വ ഉത്തരവ് പ്രകാരം, ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പുകളുടെ അനുപാതം 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യാ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളായ ക്രിസ്ത്യൻ (18.38%), മുസ്ലീം (26.56%), ബുദ്ധ (0.01%), ജൈന (0.01%), സിഖ് (0.01%), പാഴ്സി (0.01%) എന്നിവർക്ക് നൽകുന്നതിനും ഒരു വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാനുപാതത്തിൽ അനുവദിക്കാനും മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായത്തിൽനിന്നും അർഹരായ അപേക്ഷകരുള്ള പക്ഷം, നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്ന എണ്ണത്തിലോ കുറവുണ്ടാകരുതെന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സിൽവർലൈൻ പദ്ധതിയും പ്രതിഷേധ സമരങ്ങളും

156(2107) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ പാറയും മണലും കേരളത്തിൽ നിന്ന് ലഭ്യമല്ലെന്നും ഇവ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കണമെന്നും കെ-റെയിൽ അധികൃതർ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നേരിടേണ്ടിവരുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിർമ്മാണത്തിനാവശ്യമായ പ്രകൃതിവിഭവങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നിന്നും സമാഹരിക്കാനാകും. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ ഇത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതി ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്കും ഇത്തരത്തിൽ പ്രകൃതി വിഭവ സമാഹരണം ആവശ്യമായി വന്നിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുശേഷം ആവശ്യമായി വരുന്ന വീതികൂട്ടൽ പോലുള്ള വികസനത്തിനും പരിപാലനത്തിനും ആവർത്തനച്ചെലവ് അനിവാര്യമാണ്. എന്നാൽ സിൽവർ ലൈൻ പോലുള്ള റെയിൽവേ പദ്ധതികൾക്ക് ഉത്തരത്തിലുള്ള

ആവർത്തനച്ചെലവ് ആവശ്യമായി വരാത്തതിനാൽ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം താരതമ്യേന കുറവാണ്. ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലിന്റെ പ്ലാറ്റിനം റേറ്റിംഗ് നിലവാരത്തെ ആസ്പദമാക്കി ഹരിത പ്രോട്ടോക്കോൾ അവലംബിക്കുന്നതിനാൽ സാധാരണ ഇത്തരം നിർമ്മാണ പ്രക്രിയയ്ക്ക് വിനിയോഗിക്കേണ്ടിവരുന്നത്ര പ്രകൃതിവിഭവങ്ങൾ സിൽവർ ലൈനിനായി ഉപയോഗിക്കേണ്ടി വരില്ലെന്നാണ് കണക്കാക്കുന്നത്. പ്രകൃതി വിഭവങ്ങൾ ഏറ്റവും കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നതിനാവശ്യമായ പഠനങ്ങൾ നടന്നുവരുന്നുണ്ട്. അവയുടെ കണ്ടെത്തലുകൾ വന്നശേഷം മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകൂ.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ ഒരു രാഷ്ട്രീയ കക്ഷിയുടെ നേതൃത്വത്തിൽ കന്യാകുമാരി ജില്ല കേന്ദ്രീകരിച്ച് നടത്തുന്ന പ്രതിഷേധ സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഇല്ല.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി നടത്തുന്ന ക്വാറിയിംഗിനെതിരെ തമിഴ്നാട്ടിൽ, പ്രത്യേകിച്ച് കന്യാകുമാരി ജില്ലയിൽ പ്രതിഷേധങ്ങൾ ശക്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) എങ്കിൽ കെ-റെയിലിനാവശ്യമായ പാറയെടുക്കുന്നത് കന്യാകുമാരി ജില്ല ഉൾപ്പെടുന്ന പശ്ചിമഘട്ട പർവതനിരകളിൽ നിന്നാകുമ്പോൾ പ്രതിസന്ധി മൂർച്ഛിക്കാനും ഇരുസംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധം വഷളാകാനും സാധ്യതയുണ്ടെന്ന കാര്യം കണക്കിലെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

## ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

157(2108) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തിയായോ; ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്ക് എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതാണ്. ഗെയിൽ പൈപ്പ് ലൈനിന്റെ കേരളത്തിലൂടെയുള്ള മൊത്തം ദൈർഘ്യം 514 കി.മീ. ആണ്. മൊത്തം 514 കി.മീറ്ററിൽ 20 മീ. വീതിയിലുള്ള ഭൂമിയാണ് ഗെയിൽ ഉപയോഗ അവകാശത്തിനായി ഏറ്റെടുത്തിരിക്കുന്നത്. ഉപയോഗ

അവകാശത്തിനായി ഏറ്റെടുത്ത ഭൂമിയിൽ ഭൂവുടമകൾക്ക് 20 മീറ്ററിലുള്ള കൃഷിക്കും 10 മീറ്ററിലുള്ള ഭൂമിക്കുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

(ബി) ഏറ്റെടുത്ത ഭൂമിയുടെ ഉടമസ്ഥർക്ക് മുഴുവൻ തുകയും നഷ്ടപരിഹാരം നൽകിയോ; ആകെ എത്ര കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിന് നൽകിയതെന്ന് അറിയിക്കുമോ?

ഉപയോഗാവകാശത്തിനായി ഏറ്റെടുത്ത ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന പ്രമാണം ഹാജരാക്കി എല്ലാ ഭൂവുടമകൾക്കും നഷ്ടപരിഹാരം നൽകിയിട്ടുള്ളതാണ്. ബാക്കിയുള്ള ഭൂവുടമകൾക്ക് പ്രമാണങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഗെയിൽ പദ്ധതിക്കുവേണ്ടി ആകെ 404 കോടി രൂപയുടെ അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ഈ 404 കോടി രൂപയിൽനിന്നും 372 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളതുമാണ്.

(സി) പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് കിട്ടി തുടങ്ങിയോ; എന്തെല്ലാം പ്രയോജനമാണ് പദ്ധതിയിലൂടെ ലഭ്യമാകുന്നതെന്ന് അറിയിക്കുമോ?

പദ്ധതികൊണ്ടുള്ള സാധാരണ ജനങ്ങൾക്കുള്ള നേരിട്ടുള്ള ഉപകാരം സി.ജി.ഡി വഴി അവർക്ക് ചുരുങ്ങിയ വിലയിൽ സി.എൻ.ജി.-യും

പി.എൻ.ജി.-യും ലഭ്യമാകുമെന്നതാണ്.

(ഡി) പദ്ധതിയിലൂടെ വാഹനങ്ങൾക്ക് ഇന്ധനം ലഭ്യമായി തുടങ്ങിയോ; പദ്ധതിയിലൂടെ വാഹനങ്ങൾക്ക് ഇന്ധനം നൽകുന്ന പ്രവർത്തിക്കുന്ന പമ്പുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വാഹനങ്ങൾക്കുള്ള സി.എൻ.ജി. നൽകേണ്ട ചുമതല ജില്ലകളിൽ സി.ജി.ഡി. പദ്ധതി നടപ്പിലാക്കുന്ന കമ്പനികൾക്കാണ്. സി.ജി.ഡി. കമ്പനികൾക്ക് വാതകം നൽകുന്ന നടപടിക്രമങ്ങൾ എറണാകുളം ജില്ലയിൽ പൂർത്തിയായിട്ടുള്ളതും മറ്റ് ജില്ലകളിൽ വാതകമെത്തിക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

(ഇ) ഗെയിൽ പദ്ധതിയുടെ ഭാഗമായി എത്ര വീടുകളിൽ പാചക വാതകം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

നിലവിൽ ഗെയിൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് എറണാകുളം ജില്ലയിൽ മാത്രമാണ് പ്രകൃതിവാതകം നൽകുന്നത്. എറണാകുളം ജില്ലയിൽ 24 മണിക്കൂറും വീടുകളിൽ ഗ്യാസ് ലഭ്യമാകുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി 8114-ൽപരം വീടുകളിൽ പാചകവാതകം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 13498 വീടുകളിൽ കണക്ഷനുകൾ ലഭ്യമാക്കുന്ന ഗ്യാസ് ഇൻഫ്രാസ്ട്രക്ചറും ചെയ്തിട്ടുണ്ട്.

(എഫ്) പദ്ധതിയുടെ ഉപയോഗത്തിലൂടെ നികുതി വരുമാനം കിട്ടി തുടങ്ങിയോയെന്ന് അറിയിക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ (01.04.2021-31.12.2021 വരെ) പ്രകൃതിവാതകം വാങ്ങുന്നതിലേക്കും വിറ്റ വരവിലേക്കുമായി, GAIL, GSI ഇനത്തിൽ 21.24 കോടി രൂപ സമാഹരിച്ചിട്ടുള്ളതും, ITC (Input Tax Credit) എടുത്തതിനുശേഷം 17.34 കോടി രൂപ സർക്കാരിലേക്ക് നിക്ഷേപിച്ചിട്ടുമുണ്ട്. അതുപോലെ VAT ഇനത്തിൽ 55.32 കോടി രൂപ സമാഹരിച്ചതിൽ ITC എടുത്തതിനുശേഷം 27.95 ലക്ഷം രൂപയും സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ട്.

(ജി) അടുത്ത അഞ്ചുവർഷം പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

വരുംവർഷങ്ങളിൽ പ്രകൃതിവാതകത്തിന്റെ ഉപയോഗം ആനുപാതികമായി വർദ്ധിക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വിദേശത്തുനിന്ന് മടങ്ങിയ വിദ്യാർത്ഥികളുടെ തുടർപഠനം**

158(2109) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ഉന്നത പഠനത്തിനായി പോയ വിദ്യാർത്ഥികൾ യുദ്ധം, മഹാമാരി പോലുള്ള കാരണങ്ങളാൽ മടങ്ങിവരുന്ന സാഹചര്യത്തിൽ ഇവരുടെ തുടർപഠനത്തിനായി നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

റഷ്യ-ഉക്രയിൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേക്ക് തിരികെ വന്ന വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ പ്രത്യേക ഇടപെടൽ ആവശ്യമാണ്. സർട്ടിഫിക്കറ്റുകളും മറ്റു വിലപ്പെട്ട രേഖകളും കൈമോശം വന്നവർക്ക് അത് വീണ്ടെടുക്കാനും പഠനം തുടരാനും കഴിയുന്ന സാഹചര്യമൊരുക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നോർക്കയുടെ നേതൃത്വത്തിൽ പ്രത്യേക സെൽ പ്രവർത്തിക്കും. അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവർത്തനത്തിനായി 10 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ബാങ്ക് വായ്പയെടുത്ത് വിദേശത്ത് പഠനം നടത്തുന്നതിനിടയിൽ യുദ്ധംപോലുള്ള സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബാങ്ക് വായ്പ തിരിച്ചടവിനെ സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസത്തിന് ബാങ്കുകൾ വായ്പ അനുവദിക്കുന്നത്

ഹൗസ് സർജൻസി ഉൾപ്പെടെയുള്ള പഠനകാലയളവിനുപുറമേ ഒരു വർഷം കൂടി തിരിച്ചടവ് സാവകാശം നൽകിയാണ്. ഈ കാലാവധി കഴിയുന്ന മുറയ്ക്കോ തൊഴിൽ സമ്പാദിക്കുന്ന സാഹചര്യത്തിലോ വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്ന രീതിയാണ് നിലവിലുള്ളത്.

(സി) വിദേശ സർവ്വകലാശാലകൾ ഓൺലൈൻ ക്ലാസ് വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും മെഡിക്കൽ വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസുകൾ സംബന്ധിച്ചുള്ള വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനം സംബന്ധിച്ച് ദേശീയ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം മാത്രമേ തുടർ തീരുമാനം കൈക്കൊള്ളാനാവൂ.

## കാസർഗോഡ് ജില്ലയിലെ ഭാഷാന്യൂനപക്ഷങ്ങളുടെ എൽ.ഡി. ക്ലാർക്ക് തസ്തിക

159(2110) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം എന്നീ താലൂക്കുകളിലെ സർക്കാർ ഓഫീസുകളിലുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയുടെ ആകെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

നിലവിലുള്ളവയുടെയും ഒഴിഞ്ഞ് കിടക്കുന്നവയുടെയും എണ്ണം പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ;

(ബി) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് (കന്നഡ, മലയാളം എന്നിവ അറിയുന്നവർക്ക്) നീക്കിവച്ചിരിക്കുന്ന എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ; നിലവിൽ ജോലി ചെയ്യുന്നവരുടെയും ഒഴിഞ്ഞ് കിടക്കുന്നവയുടെയും എണ്ണം പ്രത്യേകം ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ( കന്നഡ മലയാളം അറിയുന്നവർക്ക് ) എൽ.ഡി. ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് 2013-ൽ പൊതുഭരണ വകുപ്പിൽനിന്നും നമ്പർ.66110/3 ഡി2/2013/പൊ.ഭ.വ പ്രകാരമുള്ള സർക്കുലറിൽ പറഞ്ഞിരിക്കുന്ന 50:50 റിസർവേഷൻ തത്വം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഈ സർക്കുലറുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലാ ഭരണകൂടം നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

വിവിധ വകുപ്പുമേധാവികളുടെ നിയന്ത്രണത്തിലുള്ളതും ബന്ധപ്പെട്ട

ഭാഷാന്യൂനപക്ഷ മേഖലകളിൽ സ്ഥിതിചെയ്യുന്നതുമായ ഓഫീസുകൾക്ക് ആവശ്യമായ കന്നഡ അറിയുന്നതും തമിഴ് അറിയുന്നതുമായ എൽ.ഡി. ക്ളാർക്കുമാരുടെ അംഗബലം നിശ്ചയിക്കാനും പ്രസ്തുത ഓഫീസുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ തുല്യഎണ്ണം തസ്തികകൾ കന്നഡ അറിയാവുന്ന/തമിഴ് അറിയാവുന്ന എൽ.ഡി. ക്ളാർക്കുമാരുടെ തസ്തികകളാക്കിക്കി മാറ്റാനും 24.10.1977-ലെ 107936/എസ്.ഡി.3/77/പൊ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ഇപ്രകാരം മാറ്റപ്പെട്ട തസ്തികകളിലേയ്ക്ക് സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന പ്രത്യേക പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നും നിർദ്ദേശിക്കുകയുണ്ടായി. 24.10.1977-ലെ 107936/എസ്.ഡി.3/77/പൊ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ വകുപ്പ് മേധാവികൾക്കും ജില്ലാ കലക്ടർമാർക്കും 05.09.2013-ലെ 66110/എസ്.ഡി.2/2013/പൊ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് (കന്നഡ മലയാളം അറിയുന്നവർക്ക് )

എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ലഭിക്കേണ്ടിയിരുന്ന എത്ര ഒഴിവുകളാണ് 28/02/2022 വരെ ജനറൽ എൽ.ഡി. ക്ലാർക്ക് ഒഴിവ് നികത്തുന്നതിന് വേണ്ടി മറിച്ച് നൽകിയിട്ടുള്ളത്; ഉണ്ടെങ്കിൽ അങ്ങനെ നൽകാനുണ്ടായ സാഹചര്യവും വകുപ്പ് തിരിച്ച് ഏതെല്ലാം ഓഫീസുകളിലാണ് ഇങ്ങനെ മറിച്ച് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഭാഷാ ന്യൂനപക്ഷങ്ങളുടെ, എൽ.ഡി. ക്ലാർക്ക് തസ്തികയുടെ ഒഴിവുകളിലേക്ക് ജനറൽ എൽ.ഡി. ക്ലാർക്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പകരം ഭാഷാ ന്യൂനപക്ഷങ്ങളുടെ എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്ക് കോമ്പൻസേഷൻ നൽകുന്നതിന് ഫയലിൽ നോട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഈ വിഷയത്തിൽ 05.09.2013-ലെ 66110/എസ്.ഡി.2/2013/ പൊ.ഭ.വ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലബാറിലെ സ്വാതന്ത്ര്യസമര സേനാനികളുടെ പട്ടിക**

160(2111) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1921-ലെ മലബാർ കലാപത്തിൽ ബ്രിട്ടീഷുകാർ വെടിവച്ച് കൊല്ലുകയും തൂക്കിലേറ്റുകയും നാടുകടത്തുകയും ചെയ്ത ധീരപോരാളികളെ സ്വാതന്ത്ര്യസമര സേനാനികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പോരാളികളെ സ്വാതന്ത്ര്യസമര സേനാനികളുടെ പട്ടികയിൽനിന്നും നീക്കം ചെയ്യാൻ കേന്ദ്ര ചരിത്ര ഗവേഷണ കൗൺസിൽ തീരുമാനിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

(എ-സി) മലബാർ കലാപത്തിൽ പങ്കെടുത്ത് രക്തസാക്ഷികളായവരുടെ പേരുകൾ രക്തസാക്ഷി നിഘണ്ടുവിൽ നിന്നും നീക്കം ചെയ്യുന്നതിന് ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിൽ തീരുമാനിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വിയോജിപ്പ് സംസ്ഥാനം പരസ്യമായി വ്യക്തമാക്കിയിട്ടുണ്ട്.

**കണ്ടിജന്റ്/കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

161(2112) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ 10 വർഷത്തിലധികം സർവ്വീസ് പൂർത്തിയാക്കിയ കണ്ടിജന്റ്/കാഷ്വൽ സ്വീപ്പർമാരെ വിസ്തീർണ്ണ പരിധി കണക്കാക്കാതെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സംസ്ഥാന സർക്കാർ സർവീസിൽ പത്തുവർഷത്തിലധികം സർവ്വീസ് പൂർത്തിയാക്കിയ കണ്ടിജന്റ്/കാഷ്വൽ സ്വീപ്പർമാരെ വിസ്തീർണ്ണ പരിധി കണക്കാക്കാതെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ച് ധനകാര്യവകുപ്പിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള ഉത്തരവുകൾ പ്രകാരം 25/11/2005-ൽ 100 ച.മീറ്ററിന് മുകളിൽ സ്വീപ്പിംഗ് ഏരിയയുള്ള ഓഫീസുകളിൽ തുടർച്ചയായി താത്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. ആയതിനാൽ പത്ത് വർഷം ജോലി ചെയ്ത എല്ലാ കാഷ്വൽ സ്വീപ്പർമാരെയും സ്വീപ്പിംഗ് ഏരിയ പരിഗണിക്കാതെ പാർട്ട് ടൈം സ്വീപ്പർമാരായി സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ ഒ.പി.നമ്പർ 38515/2002 (ഐ) തീയതി 19-12-2002-ലെ വിധി നടപ്പാക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണമെന്താണെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ?

ബഹു. ഹൈക്കോടതിയുടെ ഒ.പി.നമ്പർ 38515/2002 (ഐ)-ലെ 19/12/2002-ലെ വിധിയുടെ പകർപ്പും ഒർജിനൽ പെറ്റീഷനും വകുപ്പിൽ ലഭ്യമല്ല. ആയതിനാൽ ബന്ധപ്പെട്ട അധികാരികളിൽനിന്നും വിവരം ശേഖരിച്ച് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സാമൂഹിക സാമ്പത്തിക ജാതി സർവ്വേ**

162(2113) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക ജാതി സർവ്വേ അവസാനമായി നടന്നിട്ടുള്ളതെന്നാണെന്ന് വ്യക്തമാക്കുമോ?

2012 -ലാണ് സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക ജാതി സർവ്വേ അവസാനമായി നടത്തിയിട്ടുള്ളത്.

(ബി) 1993-ലെ സംസ്ഥാന പിന്നോക്ക കമ്മീഷൻ നിയമത്തിലെ പതിനൊന്നാം വകുപ്പ് പ്രകാരം പ്രസ്തുത സർവ്വേ നടത്തി സംവരണ പട്ടിക

പുനഃപരിശോധിക്കണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധമായി 2020 സെപ്റ്റംബർ 8-ന് ആറുമാസത്തിനകം സർവ്വേ നടത്തി സംവരണ പട്ടിക പുന:പരിശോധിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ സർവ്വേ നടത്തി സംവരണ പട്ടിക പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. സർവ്വേ വിവരങ്ങൾ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

## സിറ്റി ഗ്യാസ് പദ്ധതി

163(2114) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിനാല് മണിക്കൂറും വീടുകളിൽ ഗ്യാസ് ലഭ്യമാകുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(സി) എല്ലാ ജില്ലകളിലും ഗാർഹിക കണക്ഷനുകൾ എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) കേരളത്തിലെ സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ പ്രവർത്തനം M/s പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB), തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലേക്കായി M/s AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെയും (AGPL) എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലേക്കായി M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെയുമാണ് (IOAGPL) ചുമതലപ്പെടുത്തിയിരിക്കുന്നത്. കൊച്ചി മുതൽ മംഗലാപുരംവരെ നീളുന്ന ഗെയിൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ പ്രകൃതിവാതക പൈപ്പ് ലൈനിനെയാണ് സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി ആശ്രയിച്ചിരിക്കുന്നത്. നിലവിൽ ഗെയിൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് എറണാകുളം ജില്ലയിൽ മാത്രമാണ് പ്രകൃതിവാതകം നൽകുന്നത്. അതിനാൽ എറണാകുളം ജില്ലയിൽ ഇരുപത്തിനാലു മണിക്കൂറും വീടുകളിൽ ഗ്യാസ് ലഭ്യമാകുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി 8114-ൽപരം

വീടുകളിൽ പാചകവാതകം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 13498 വീടുകളിൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചറും ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ പ്രകൃതിവാതകം ലഭിക്കുന്ന മുറയ്ക്ക് അതാതു ജില്ലകളിൽ ഗാർഹിക കണക്ഷനുകൾ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് എന്ന സ്ഥാപനം നൽകി തുടങ്ങുന്നതാണ്. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയുടെ നടത്തിപ്പിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഭൂഗർഭ പൈപ്പ്ലൈനുകൾ സ്ഥാപിക്കേണ്ടതാകുന്നു. ഭൂഗർഭ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി അത് കടന്നുപോകുന്ന പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും അനുമതി ലഭ്യമാകുന്നതനുസരിച്ച് പദ്ധതി പ്രവർത്തനം പുരോഗമിക്കുന്നു. പദ്ധതി പ്രാവർത്തികമാക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല.

### ആരാധനാലയങ്ങളുടെ നിർമ്മാണാനുമതി

164(2115) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ?

ഇല്ല.

(ബി) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടറിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

14.02.2021-ലെ G.O(P) No. 19/2021/ ആഭ്യന്തരം ഉത്തരവ് പ്രകാരം ആരാധനാലയങ്ങളുടെ നിർമ്മാണം/നിലവിലുള്ളവയുടെ കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്ക് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥ മാറ്റിക്കൊണ്ട് ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രം മതിയെന്നാക്കി ഭേദഗതി വരുത്തി ഉത്തരവായിരുന്നു. അപ്രകാരം 28.06.2021 -ലെ G.O (Ms.) No.120/2021/LSGD, G.O (Ms.) No.121/2021/LSGD ഉത്തരവ് പ്രകാരം യഥാക്രമം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസ് 2019 എന്നിവ ഭേദഗതി വരുത്തി ഉത്തരവായിരുന്നു.

(സി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; അറിയിക്കാമോ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ നീക്കി ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) WP(C)-11776/2021 നമ്പർ കേസിൽ 07/07/2021-ലെ ബഹു. കേരള ഹൈക്കോടതി വിധി പ്രകാരം 14/02/2021-ലെ പുതിയ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുണ്ടറ-പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി**

165(2116) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ താലൂക്കാശുപത്രികളിലോ മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലോ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

കൊല്ലം ജില്ലാശുപത്രിയിലാണ് കൊല്ലം ജില്ലയിൽ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി) പെരിറ്റോണിയിൽ പദ്ധതിയിലൂടെ രോഗികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ വ്യക്തമാക്കാമോ?

പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വീടുകളിൽ വച്ചുതന്നെ രോഗികൾക്ക് ഡയാലിസിസ് നടത്താൻ സാധിക്കുന്ന പദ്ധതിയാണ്. സാധാരണ ചെയ്തുവരുന്ന ഹീമോ ഡയാലിസിസ് രക്ത ധമനികൾ വഴിയാണ്

നടപ്പിലാക്കുന്നതെങ്കിൽ വയറിൽ കത്തീറ്റർ നിക്ഷേപിച്ച് ഡയാലിസിസ് ചെയ്യുന്ന രീതിയാണ് പെരിറ്റോണിയൽ ഡയാലിസിസ്. ദിവസവും ഒന്നോ രണ്ടോ തവണ കത്തീറ്റർവഴി പെരിറ്റോണിയൽ ഡയാലിസിസ് ദ്രാവകം വയറിനുള്ളിലേയ്ക്ക് കടത്തി ഡയാലിസിസ് നടത്തി ദ്രാവകം ഒഴുക്കി കളയുന്നതാണ് ഇതിന്റെ പ്രവർത്തന രീതി. ഇതിൽ കത്തീറ്റർ നിക്ഷേപിക്കുന്നതും പെരിറ്റോണിയൽ ഡയാലിസിസ് ദ്രാവകം നൽകുന്നതും കത്തീറ്റർ ഉൾപ്പെടെയുള്ള അനുബന്ധ സാധന സാമഗ്രികൾ നൽകുന്നതും പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയിലൂടെ സൗജന്യമായാണ്. രോഗികൾക്ക് ഒരാഴ്ചത്തേയ്ക്കുള്ള ഡയാലിസിസ് ദ്രാവകം നൽകുകയും അത് ഉപയോഗിച്ചശേഷം തുടർന്നുള്ള ബാഗുകൾ നൽകുന്നതുമാണ്. ഹീമോ ഡയാലിസിസ് പദ്ധതിയിലെപോലെ രോഗികൾക്ക് ഡയാലിസിസ് നടത്താനായി പിന്നീട് ആശുപത്രിയിലേയ്ക്ക് വരേണ്ട ആവശ്യമില്ല.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പെരിറ്റോണിയൽ ഡയാലിസിസ് നടപ്പിലാക്കുന്നതിന് ഒരു നെഫ്രോളജിസ്റ്റിസ്റ്റിന്റെ സേവനം തുടക്കത്തിൽ ആവശ്യമാണ്. രോഗിയുടെ വയറ്റിൽ കത്തീറ്റർ നിക്ഷേപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവും

അനുബന്ധ സാമഗ്രികളും ആശുപത്രിയിൽ ആവശ്യമാണ്. ഒരു രോഗിക്ക് ഹീമോ ഡയാലിസിസ് വേണമോ പെരിറ്റോണിയൽ ഡയാലിസിസ് വേണമോയെന്ന തീരുമാനം കൈകൊള്ളേണ്ടത് ചികിത്സിക്കുന്ന ഡോക്ടറാണ്. ഇപ്പോൾ എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യമായാണ് ഈ പദ്ധതിയുടെ പ്രയോജനം നൽകിവരുന്നത്.

## കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

166(2117) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പുതുതായി ഗുണഭോക്താക്കളെ ചേർക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നുണ്ട്.

## ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ

167(2118) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ കേരളത്തിൽ

നടപ്പിലാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇ-ഹെൽത്തുമായി ബന്ധപ്പെടുത്തിയാണോ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) കേരളത്തിൽ ഇ-ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നേരത്തെ തന്നെ നടപടി സ്വീകരിച്ചിരുന്നു. ഇ-ഹെൽത്ത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ "സ്റ്റേറ്റ് ഡിജിറ്റൽ ഹെൽത്ത് മിഷൻ" ആയി അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള സംവിധാനങ്ങളായ ഹെൽത്ത് ഐ.ഡി., ഹെൽത്ത് കെയർ പ്രൊഫഷണൽസ് രജിസ്ട്രി, ഹെൽത്ത് ഫെസിലിറ്റി രജിസ്ട്രി, ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡ്സ് എന്നിവ ഇ-ഹെൽത്തുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും അതിനായി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് സാമ്പത്തിക സഹായം ലഭിക്കുമോയെന്നും വിശദമാക്കാമോ?

ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ നടപ്പിൽ വരുത്തുന്നതിലേക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അതാത്

സംസ്ഥാനങ്ങളിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപപ്പെടുത്താനുള്ള മാനവവിഭവശേഷിക്ക് വേണ്ടിവരുന്ന ഏതാനും ചില ഉയർന്ന തസ്തികകൾക്കുള്ള ശമ്പളം നൽകുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## മിഠായി പദ്ധതി

168(2119) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹബാധിതർക്കുള്ള മിഠായി പദ്ധതിയിൽ അംഗമാകുന്നതിനുള്ള വരുമാനപരിധി ഒഴിവാക്കുന്നതിനും അവരെ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും മുൻഗണനാ റേഷൻ കാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; അറിയിക്കാമോ;

(ബി) ടൈപ്പ് വൺ പ്രമേഹ ബാധിതർക്കായി സർക്കാർ തലത്തിൽ പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ നടപ്പാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പതിനെട്ട് വയസ്സ് കഴിഞ്ഞ ടൈപ്പ് വൺ പ്രമേഹബാധിതർക്ക്

മിഠായി പദ്ധതിയുടെ മാതൃകയിൽ ഒരു പ്രത്യേക ചികിത്സാ പദ്ധതി ആരംഭിക്കുമോ; വിശദമാക്കുമോ?

(എ-സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പെരിന്തൽമണ്ണ- ഐസൊലേഷൻ വാർഡ്**

169(2120) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏത് ആരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത നിയോജകമണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) 26.07.2021-ലെ G.O (Rt) No. 1555/2021/ H&FWD നമ്പർ സർക്കാർ ഉത്തരവിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയ 140 ആശുപത്രികളുടെ പട്ടികയിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അലിപറമ്പ എഫ്.എച്ച്.സി.-യാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ആദ്യഘട്ടത്തിൽ നിർമ്മാണം

ആരംഭിക്കുന്നതിനായി തെരഞ്ഞെടുത്ത മണ്ഡലങ്ങളിലെ ആശുപത്രികളിൽ ഇത് ഉൾപ്പെട്ടിട്ടില്ല.

## പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി

170(2121) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രോഗികൾക്ക് സേവനം ലഭ്യമാക്കിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിൽ ജനറൽ ആശുപത്രിയിലാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിക്കുന്നത്. ഇതിനായുള്ള പരിശീലനങ്ങൾ മെഡിക്കൽ ഓഫീസർമാർക്കും അനുബന്ധ ജീവനക്കാർക്കും നൽകിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെകൂടി സഹകരണത്തോടുകൂടിയാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയിൽ നിലവിൽ 13 രോഗികൾക്ക് ചികിത്സ നൽകി

വരുന്നു. RSBY കാർഡുള്ളവർക്ക് മരുന്നുകളും ചികിത്സയും സൗജന്യമായി നൽകി വരുന്നുണ്ട്.

(സി) പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയിലേയ്ക്ക് രോഗികളെ തെരഞ്ഞെടുക്കുന്നതിന്റെ നടപടിക്രമം വിശദീകരിക്കാമോ?

ഒരു രോഗിക്ക് പെരിറ്റോണിയൽ ഡയാലിസിസാണോ ഹീമോ ഡയാലിസിസാണോ ചെയ്യുന്നതെന്ന് ചികിത്സിക്കുന്ന ഡോക്ടറാണ് നിർണ്ണയിക്കേണ്ടത്. കിടപ്പിലായ രോഗികൾക്കും തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന രോഗികൾക്കും വീടുകളിൽ വച്ചുതന്നെ ഡയാലിസിസ് ചെയ്യാൻ സൗകര്യമൊരുക്കുന്ന പെരിറ്റോണിയൽ ഡയാലിസിസാണ് അഭികാമ്യം. നിലവിലുള്ള വൃക്കരോഗികളിൽ End Stage Renal Disease (ESRD)-ലേയ്ക്ക് നീങ്ങിയ രോഗികളിൽ ഡയാലിസിസ് ആരംഭിക്കുമ്പോൾ രോഗിയുടെ കൂടെ സമ്മതം ആവശ്യപ്പെട്ടുകൊണ്ടാണ് പെരിറ്റോണിയൽ ഡയാലിസിസ് നടത്തുവാനുള്ള തീരുമാനം കൈക്കൊള്ളുന്നത്. രോഗിയുടെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് പൂർണ്ണമായും സൗജന്യമായാണ് നൽകുന്നത്. ഓരോ ഡയാലിസിസിനും രോഗിയോടും ബന്ധുക്കളോടും വിശദീകരിച്ച ശേഷം അവരുടെ സമ്മതത്തോടെയാണ് പെരിറ്റോണിയൽ ഡയാലിസിസിന് തെരഞ്ഞെടുക്കുന്നത്. ഇതിന് ഒരു

രീതിയിലുമുള്ള മാനദണ്ഡങ്ങൾ ബാധകമല്ല.

## ആരോഗ്യ ജാഗ്രത പദ്ധതി

171(2122) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണവും പകർച്ചവ്യാധി പ്രതിരോധവും ലക്ഷ്യമിട്ട് ആരംഭിച്ച ആരോഗ്യ ജാഗ്രത പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രത്യേക ഗ്രാമസഭകൾ ചേർന്ന് വാർഡുതല മാതൃകാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തവുംകൂടി ഉറപ്പാക്കി 2022 ലെ ആരോഗ്യ ജാഗ്രതാ - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം' എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 05.03.2021-ന് സംസ്ഥാനതലത്തിൽ ജില്ലാതല ഓഫീസർമാർക്ക് ഒരു ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. 22.02.2022-ലെ

31/ഡിസി1/2022/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാർഡുതലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 2022 ഏപ്രിൽ 5 മുതൽ പ്രത്യേക ഗ്രാമസഭയും ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണവും (ആരോഗ്യ ജാഗ്രതാ ഗ്രാമസഭ) നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പാഴ്വസ്തുക്കളും ഇ-മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന മറ്റു പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പാഴ്വസ്തുക്കളും, ഇ-മാലിന്യങ്ങളും ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുന്നതിന് 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന ക്യാമ്പയിന്റെ ഭാഗമായി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. ഓരോ വീടുകളിലും സ്ഥാപനങ്ങളിലും, പൊതുയിടങ്ങളിലും മാലിന്യമുക്ത പരിസരം ഉറപ്പാക്കുന്ന പ്രായോഗിക പ്രവർത്തനവും അതിലൂടെ പകർച്ചവ്യാധികളുണ്ടാകുന്നത് തടയുന്നതിനുള്ള അവസ്ഥ വിലയിരുത്തുന്നു.

2. ആരോഗ്യ സുരക്ഷയ്ക്കും പരിസ്ഥിതിക്കും ദോഷം ചെയ്യുന്ന തരത്തിൽ മാലിന്യം വലിച്ചെറിയുക, കത്തിക്കുക, നിക്ഷേപിക്കുക എന്നിവ ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങളനുസരിച്ചും തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി പ്രകാരവും കർശന നിയമനടപടികൾ സ്വീകരിക്കുന്നു.

3. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയ സർക്കാർ ഓഫീസുകളുടെ വിലയിരുത്തൽ നടത്തി അംഗീകാരം നൽകുന്നതോടൊപ്പം പൊതുപരിപാടികളിലും ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു.

4. ഹരിതകർമ്മസേനയെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് വീടുവീടാന്തരവും സ്ഥാപനങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങളും വാതിൽപ്പടി ശേഖരണവും ഉറപ്പാക്കുന്നു.

5. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള മാതൃകകളെ പൊതുജന ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനും അവയെ ശീലവത്കരണത്തിലേയ്ക്ക്

കൊണ്ടുവരുന്നതിനുമുള്ള ആസൂത്രണവും പ്രവർത്തനങ്ങളും നടത്തിവരുന്നു.

6. മാലിന്യം തരംതിരിക്കൽ സംബന്ധിച്ച പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നു.

7. മാലിന്യസംസ്കരണ നിയമ ലംഘനങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കുന്നു. സ്ക്വാഡുകൾ രൂപീകരിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നു.

8. സമ്പൂർണ്ണ ജലശുചിത്വയജ്ഞ പ്രചരണ പരിപാടിയുടെ ഭാഗമായി ജലാശയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനായി " തെളിനീർ ഒഴുകും നവകേരളം" പദ്ധതി വിപുലമായി നടപ്പിലാക്കുന്നു.

**മലമ്പുഴ- ആർദ്രം പദ്ധതി**

172(2123) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളത് എന്നറിയിക്കാമോ?

ആർദ്രം ഒന്നാം ഘട്ടം - പുതുപ്പരിയാരം പ്രാഥമികാരോഗ്യ കേന്ദ്രം

ആർദ്രം രണ്ടാം ഘട്ടം - അകത്തേത്തറ പ്രാഥമികാരോഗ്യ കേന്ദ്രം, മരുതറോഡ് പ്രാഥമികാരോഗ്യ കേന്ദ്രം, മുണ്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രം, മലമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രം, പുതുശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം, ആർദ്രം മൂന്നാം ഘട്ടം കൊടുമ്പ് പ്രാഥമികാരോഗ്യ കേന്ദ്രം.

(ബി) ഇവയിൽ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾക്കാണ് നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുള്ളതെന്നും എത്ര തുക വീതമാണ് ഓരോ കേന്ദ്രത്തിനും ലഭിച്ചതെന്നും അറിയിക്കാമോ?

| ക്രമം നം | സ്ഥാപനം | അനുവദിച്ച തുക |
|---|---|---|
| 1 | പുതുപ്പരിയാരം | 10.3 ലക്ഷം |
| 2 | അകത്തേത്തറ | 14 ലക്ഷം |
| 3 | മലമ്പുഴ | 14 ലക്ഷം |
| 4 | മരുതറോഡ് | 14 ലക്ഷം |
| 5 | മുണ്ടൂർ | 14 ലക്ഷം |
| 6 | പുതുശ്ശേരി | 15.50 ലക്ഷം |
| 7 | കൊടുമ്പ് | 15.50 ലക്ഷം |

**കാഞ്ഞിരപ്പള്ളി - ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

173(2124) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ

ഉൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം നിലവിലേത് ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി)

| സ്ഥാപനം | പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| പി.എച്ച്.സി. മണിമല | പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തി | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| പി.എച്ച്. സി. വാഴൂർ | പി.എച്ച്.സി-യെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തി | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| പി.എച്ച്.സി. പള്ളിക്കതോട് | പി.എച്ച്.സി-യെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തി | എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| പി.എച്ച്.സി. വിഴിക്കത്തോട് | പി.എച്ച്.സി-യെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| സി.എച്ച്.സി. കറുകച്ചാൽ | സി.എച്ച്.സി-യെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തി | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. |
| പി.എച്ച്.സി. കരിക്കാട്ടൂർ | പി.എച്ച്.സി-യെ കുടുംബാരോഗ്യകേന്ദ്രമാക്കുന്ന പ്രവൃത്തി | എൻ.എച്ച്.എം ഫണ്ടായ 15.50 ലക്ഷം രൂപ മതിയാവുകയില്ലായെന്നതു കൊണ്ട് |

| | | |
|---|---|---|
| | | എൻ.എച്ച്.എം പിഐ.പി.യിൽ (2022-24) സാമ്പത്തിക വർഷത്തിൽ പുതിയ കെട്ടിടത്തിനു വേണ്ടിയുള്ള ഫണ്ടിനായി ഗവൺമെന്റ് ഓഫ് ഇൻഡ്യയിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| പി.എച്ച്.സി. നെടുംകുന്നം | സി.എച്ച്.സി. യെ ബ്ലോക്ക് എഫ്.എച്ച്.സി ആക്കുന്ന പ്രവൃത്തി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| പി.എച്ച്.സി .കാളകെട്ടി | | |
| സി.എച്ച്.സി. ഇടയിരിക്കപ്പുഴ | | |
| ജി.എച്ച്. കാഞ്ഞിരപ്പള്ളി | ഒ.പി. നവീകരണ പ്രവൃത്തികൾ | നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും |

(സി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; തടസ്സങ്ങൾ നീക്കി അടിയന്തരമായി പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർദ്രം പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ പുതിയ തസ്തികകൾ**

174(2125) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിപ്രകാരം പുതുതായി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കാൻ തിരുമാനിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര തസ്തികകളാണ് ഓരോ വിഭാഗത്തിലും അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ആശുപത്രിയിലേയ്ക്കായി 204 നേഴ്സ്, 52 ഫാർമസിസ്റ്റ്, 42 ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ്, 2 ന്യൂറോളജിസ്റ്റ് എന്നിങ്ങനെ 302 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ തൃശ്ശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലേയ്ക്കായി 11 സ്റ്റാഫ് നേഴ്സ്, 4 ഫാർമസിസ്റ്റ്, 4 ക്ലാർക്ക് എന്നീ തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പിരശോധിച്ചുവരുന്നു.

**മലയോര മേഖലകളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ അഭാവം**

175(2126) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ മലയോര മേഖലകളിലും വനപ്രദേശത്തോടുചേർന്ന് സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ പരിചയസമ്പന്നരായ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ പരിചയവും അനുഭവസമ്പത്തുമുള്ള ഡോക്ടർമാരെ നിയമിച്ച് ജീവിതശൈലി രോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഡോക്ടർമാരുടെ യോഗ്യതയും സീനിയോറിറ്റിയും മറ്റ് മാനദണ്ഡങ്ങളും കണക്കിലെടുത്തുകൊണ്ടാണ് ആരോഗ്യ വകുപ്പ് നിയമനങ്ങൾ നടത്തുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ ഓരോ ഡോക്ടറും സ്ഥലംമാറ്റത്തിന് വിധേയമാണെന്നിരിക്കെ കൂടുതൽ പരിചയവും അനുഭവസമ്പത്തുള്ളതും അല്ലാത്തവരുമായ ഡോക്ടർമാർ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുകയെന്നത് സ്വാഭാവിക നടപടിക്രമങ്ങളുടെ ഭാഗമാണ്. പരിശീലനങ്ങളും അനുഭവസമ്പത്തുംകൊണ്ട് എല്ലാ ഡോക്ടർമാരും ഒരേ നിലവാരത്തിൽ എത്തുമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ്

ജീവനക്കാരെ വിന്യസിക്കുന്നതും അവർക്കാവശ്യമായ പരിശീലനം നൽകുന്നതും. ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഭീഷണിയായ ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയായ ആരോഗ്യ ബോധവത്ക്കരണം ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്. ഇത് ജനകീയ ക്യാമ്പയിനായി തന്നെ വകുപ്പ് നടപ്പിലാക്കുകയാണ്.

## ലാബ് ടെക്നീഷ്യൻ തസ്തികകൾ

176(2127) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനുകീഴിൽ ലാബുകൾ നിലവിലുള്ളതും നിർമ്മാണത്തിലിരിക്കുന്നതുമായ സ്ഥാപനങ്ങളിൽ ലാബ് ടെക്നീഷ്യൻ തസ്തികകൾ നിലവിലില്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം എത്രയാണ്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 23, കൊല്ലം - 25, പത്തനംതിട്ട – 19, ആലപ്പുഴ – 32, കോട്ടയം - 5, ഇടുക്കി - 12, എറണാകുളം - 31, തൃശ്ശൂർ - 25, പാലക്കാട് - 10, മലപ്പുറം - 17, കോഴിക്കോട് - 36, വയനാട് - 6, കണ്ണൂർ - 9, കാസർഗോഡ് - 10.

(ബി) സംസ്ഥാനത്ത് ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ കേന്ദ്രങ്ങളിൽ സ്ഥിരം ലാബ് ടെക്നിഷ്യൻ തസ്തിക അനുവദിക്കാത്ത കേന്ദ്രങ്ങളുടെ എണ്ണം ഓരോ ജില്ലയിലും എത്ര വീതം ഉണ്ടെന്ന് അറിയിക്കുമോ?

ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 40, കൊല്ലം - 34, പത്തനംതിട്ട - 27, ആലപ്പുഴ - 29, കോട്ടയം - 4, ഇടുക്കി - 16, എറണാകുളം - 12, തൃശ്ശൂർ - 20, പാലക്കാട് - 9, മലപ്പുറം - 30, കോഴിക്കോട് - 22, വയനാട് - 8, കണ്ണൂർ - 39, കാസർഗോഡ് - 21.

(സി) ലാബ് ടെക്നിഷ്യൻ തസ്തിക നിലവിലില്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സ്ഥിരം ലാബ് ടെക്നീഷ്യൻ തസ്തിക നിലവിലില്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 0, കൊല്ലം - 0, പത്തനംതിട്ട - 1, ആലപ്പുഴ - 4, കോട്ടയം - 0, ഇടുക്കി - 0, എറണാകുളം - 4, തൃശ്ശൂർ - 6, പാലക്കാട് - 0, മലപ്പുറം - 2, കോഴിക്കോട് - 3, വയനാട് - 0, കണ്ണൂർ - 4, കാസർഗോഡ് - 0.

(ഡി) സംസ്ഥാനത്തെ എത്ര ആരോഗ്യ സ്ഥാപനങ്ങളാണ് ബ്ലോക്ക്

തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്; പ്രസ്തുത സ്ഥാപനങ്ങൾക്കായി എത്ര ലാബ് ടെക്നീഷ്യൻ തസ്തികകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത്?

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 11, കൊല്ലം - 3, പത്തനംതിട്ട - 5, ആലപ്പുഴ - 1, കോട്ടയം - 7, ഇടുക്കി - 4, എറണാകുളം - 13, തൃശ്ശൂർ - 7, പാലക്കാട് - 6, മലപ്പുറം - 15, കോഴിക്കോട് - 6, വയനാട് - 1, കണ്ണൂർ - 11, കാസർഗോഡ് - 3. ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങൾക്കായി ലാബ് ടെക്നീഷ്യൻ തസ്തികകൾ പുതുതായി അനുവദിച്ചിട്ടില്ല.

(ഇ) നിലവിൽ ആരോഗ്യവകുപ്പിനുകീഴിൽ ആകെ എത്ര ലാബ് ടെക്നീഷ്യൻ തസ്തികകളിലാണ് ഒഴിവുള്ളത്?

99 ലാബ് ടെക്നീഷ്യൻ തസ്തികകളാണ് ഒഴിവുള്ളത്.

(എഫ്) മറ്റു തസ്തികകൾക്കാനുപാതികമായി ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കപ്പെടാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2016-2021 സർക്കാരിന്റെ കാലയളവിൽ ആരോഗ്യ വകുപ്പിനു കീഴിൽ

54 വിഭാഗങ്ങളിലായി 3378 തസ്തികകൾ സൃഷ്ടിച്ചതിൽ 677 എണ്ണം ലാബ് ടെക്നീഷ്യൻ തസ്തികകളാണ്. ആരോഗ്യ മേഖലയിൽ വിവിധ വിഭാഗങ്ങളിലായി തസ്തികകൾ അധികമായി സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

**ലാബ് ടെക്നീഷ്യന്റെ സ്ഥിരം തസ്തിക**

177(2128) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിനുകീഴിൽ ലാബുള്ളതും ലാബ് നിർമ്മാണം നടക്കുന്നതുമായ സ്ഥാപനങ്ങളിൽ സ്ഥിരം ലാബ് ടെക്നീഷ്യൻ തസ്തിക ഇല്ലാത്ത എത്ര സ്ഥാപനങ്ങളാണുള്ളത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 23, കൊല്ലം - 25, പത്തനംതിട്ട - 19, ആലപ്പുഴ - 32, കോട്ടയം - 5, ഇടുക്കി - 12, എറണാകുളം - 31, തൃശ്ശൂർ - 25, പാലക്കാട് - 10, മലപ്പുറം - 17, കോഴിക്കോട് - 36, വയനാട് - 6, കണ്ണൂർ - 9, കാസർഗോഡ് - 10.

(ബി) സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ ലബോറട്ടറികളിൽ ഒരു സ്ഥിരം ലാബ് ടെക്നീഷ്യൻ തസ്തികപോലും ഇല്ലാത്ത എത്ര സ്ഥാപനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - Nil, കൊല്ലം - Nil, പത്തനംതിട്ട - 1, ആലപ്പുഴ - 4, കോട്ടയം - Nil, ഇടുക്കി - Nil, എറണാകുളം - 4, തൃശ്ശൂർ - 6, പാലക്കാട് - Nil, മലപ്പുറം - 2, കോഴിക്കോട് - 3, വയനാട് - 0, കണ്ണൂർ - 4, കാസർഗോഡ് - Nil. ആരോഗ്യ മേഖലയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

**വൈപ്പിൻ-ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

178(2129) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ 26.07.2021-ലെ 1555/2021 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയ വൈപ്പിൻ

നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടിക്രമങ്ങൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) ആദ്യഘട്ടത്തിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തെരഞ്ഞെടുത്ത 90 ആശുപത്രികളിൽ, വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്ഥലത്തുള്ള മരം മുറിക്കുക, ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുക, മറ്റു തടസ്സങ്ങൾ മാറ്റുക തുടങ്ങിയ പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് സൈറ്റ് കെ.എം.എസ്.സി.എൽ.-ന് കൈമാറുന്നതോടെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

**നിലമ്പൂരിലെ ഡയാലിസിസ് സംവിധാനമുള്ള സർക്കാർ ആശുപത്രികൾ**

179(2130) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റിതര പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിലമ്പൂർ താലൂക്കിൽ ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികളുടെ എണ്ണം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഇതുസംബന്ധമായ പഠനങ്ങളൊന്നുംതന്നെ ആരോഗ്യവകുപ്പ് നടത്തിയിട്ടില്ല.

(ബി) നിലമ്പൂർ താലൂക്കിൽ ആരോഗ്യവകുപ്പിനുകീഴിൽ ഏതെല്ലാം ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യമുള്ളതെന്നും എത്ര ഡയാലിസിസ് മെഷീനുകളാണ് പ്രസ്തുത ആശുപത്രികളിലുള്ളതെന്നും എത്ര രോഗികൾക്കാണ് നിലവിൽ ഡയാലിസിസ് സൗകര്യം നൽകാനാകുന്നതെന്നും അറിയിക്കാമോ?

നിലമ്പൂർ താലൂക്കിൽ ആരോഗ്യവകുപ്പിനുകീഴിൽ ലഭ്യമാകുന്ന ഡയാലിസിസ് സൗകര്യങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:-

| ക്രമ. | അശുപത്രികളുടെ പേര് | ഡയാലിസിസ് | ഡയാലിസിസ് |
|---|---|---|---|

| നം. | | മെഷീനുകളുടെ എണ്ണം | ചെയ്യുന്ന രോഗികളുടെ എണ്ണം |
|---|---|---|---|
| 1 | ജില്ലാ ആശുപത്രി, നിലമ്പൂർ | 16 | 60 |
| 2 | സാമൂഹികാരോഗ്യകേന്ദ്രം ചുങ്കത്തറ | 16 | 82 |

(സി) നിലമ്പൂർ താലൂക്കിലെ ഡയാലിസിസ് സംവിധാനമുള്ള സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്നതിന് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന എത്ര വൃക്കരോഗികളുണ്ടെന്നുള്ള കണക്ക് ആശുപത്രി തിരിച്ച് ലഭ്യമാക്കാമോ?

നിലമ്പൂർ താലൂക്കിലെ ഡയാലിസിസ് സംവിധാനമുള്ള സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്നതിന് രജിസ്റ്റർ ചെയ്ത വൃക്ക രോഗികളുടെ കണക്ക് ആശുപത്രി തിരിച്ച് താഴെ ചേർക്കുന്നു:-

1. ജില്ലാശുപത്രി, നിലമ്പൂർ- 19

2. സാമൂഹികാരോഗ്യ കേന്ദ്രം, ചുങ്കത്തറ -21

(ഡി) നിലമ്പൂർ താലൂക്കിലെ കൂടുതൽ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

താലൂക്കുതലം മുതലുള്ള സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്.

(ഇ) നിലമ്പൂർ നഗരസഭയിലെ അർബൻ ഫാമിലി ഹെൽത്ത് സെന്ററിൽ സർക്കാരിന് പ്രത്യേക ചെലവില്ലാത്ത രീതിയിൽ ഡയാലിസിസ് സെന്റർ അനുവദിക്കാൻ കഴിയുമോ; വിശദമാക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

**ആരോഗ്യമേഖലയിലെ പുതിയ പദ്ധതികൾ**

180(2131) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ ഈ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും സംവിധാനങ്ങളും വിശദമാക്കാമോ?

1. മെഡിക്കൽ കോളേജുകളിലെ വൈദ്യുതിയുടെയും വെള്ളത്തിന്റെയും കൃത്യമായ ഉപഭോഗം തിരിച്ചറിയുന്നതിനുള്ള പഠനം/ ഓഡിറ്റിംഗ് നടത്തൽ.

2. കാർഡിയോളജി & കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി വിഭാഗം മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനും അവിടെ വാതപ്പനിയോടനുബന്ധിച്ചുള്ള ഹൃദ്രോഗങ്ങളുടെ പ്രതിരോധം, ചികിത്സ എന്നിവയ്ക്ക് പ്രത്യേക പരിഗണന (ഊന്നൽ) നൽകുന്നതിന്.

3. ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും

സ്ഥാപിക്കുക.

4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഗുണനിലവാരം മെച്ചപ്പെടുത്തൽ.

5. ആരോഗ്യ വകുപ്പ് കാര്യാലയവും ജില്ലാ മെഡിക്കൽ ആഫീസുകളും ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതി.

6. സംസ്ഥാനത്ത് മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് 100 കോടി രൂപ ചെലവഴിച്ച് ഒരു മെഡിക്കൽ ടെക് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കും.

7. 500 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഒരു കേരള ജിനോം ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതാണ്.

8. കേരളത്തിൽ മൈക്രോ ബയോമിൽ ഒരു സ്ട്രാറ്റജിക് പ്രോഗ്രാമും സെന്റർ ഓഫ് എക്സലൻസും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

9. ന്യൂട്രോസ്യൂട്ടിക്കൽസിൽ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

10. നവകേരള കർമ്മ പദ്ധതി II-ന്റെ ഭാഗമായി 'ആർദ്രം പദ്ധതി' യുടെ കീഴിൽ 10 മേഖലകളിലായുള്ള പ്രോഗ്രാമുകൾ വിപുലമായ രീതിയിൽ

നടപ്പിലാക്കും.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാൻ എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ; എത്ര ഘട്ടങ്ങളിലായാണ് മാസ്റ്റർ പ്ലാൻ പൂർത്തിയാക്കുന്നതെന്നും ഓരോ ഘട്ടങ്ങളിലുമുള്ള പ്രവൃത്തിയുടെ വിവരങ്ങളും ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി 16.04.2018-ലെ സ.ഉ. (സാധാ) നം. 1247/2018/ആ.കു.വ പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഇൻകെൽ ലിമിറ്റഡിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാല് ഘട്ടങ്ങളായാണ് മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പാക്കുന്നത്. ഒന്നാംഘട്ടം - 58.37 കോടി രൂപയുടെ ഫിനാൻഷ്യൽ സാങ്ഷൻ 13.11.2018 -ൽ നൽകിയിട്ടുണ്ട്. പ്രധാനമായും മൂന്ന് ഘടകങ്ങൾ ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. റോഡുകൾ/പാലങ്ങൾ (18.6 കോടി) :- നിർമ്മാണ പ്രവർത്തനം

17.05.2019-ൽ ആരംഭിച്ചു. 08.08.2020-ൽ നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതി കോവിഡ് മഹാമാരി കാരണം കാലതാമസമുണ്ടായെങ്കിലും 30.03.2022-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. ഫ്ളൈ ഓവർ: (12.31 കോടി):-17.05.2019 - ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതി 31.03.2022-ൽ പൂർത്തിയാകുന്നതാണ്.

3. മൾട്ടിലെവൽ കാർ പാർക്കിംഗ് സിസ്റ്റം (24.49 കോടി):-പ്രാരംഭ നടപടികൾ നടന്നുവരുന്നു. ടെൻഡർ നൽകിക്കഴിഞ്ഞ പദ്ധതി അടുത്ത 6 മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു

4. ഇലക്ട്രിക്ക് വർക്സ് - 2.18 കോടി രൂപയുടെ വൈദ്യുതീകരണ പരിപാടികൾ റോഡ് നിർമ്മാണത്തോടൊപ്പം നടന്നുവരുന്നു.

രണ്ടാം ഘട്ടം:- രണ്ടാം ഘട്ടത്തിനായുള്ള ഫിനാൻഷ്യൽ സാങ്ഷൻ 28.10.2020-ൽ കിഫ്ബിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. മൂന്ന് ബ്ളോക്കുകളുടെ നിർമ്മാണം ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

I. ഓപ്പറേഷൻ തീയേറ്റർ കം സർജിക്കൽ ബ്ളോക്ക് -69.64 കോടി രൂപ.

II. എസ്.എ.റ്റി. ആശുപത്രിയിൽ പുതിയ പീഡിയാട്രിക് ബ്ളോക്ക് -11.43 കോടി രൂപ

III. പുതിയ എം.എൽ.റ്റി. ബ്ളോക്ക് -13.24 കോടി

ആകെ 194.32 കോടി രൂപ

1). ഒ.പി. കം സർജിക്കൽ ബ്ലോക്ക്- ഫിനാൻഷ്യൽ സാംഗ്ഷൻ നൽകിയിട്ടുണ്ട് - ഏവിയേഷൻ ക്ലിയറൻസിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2). പീഡിയാട്രിക് ബ്ളോക്ക് - ഫിനാൻഷ്യൽ സാംഗ്ഷൻ നൽകിയിട്ടുണ്ട് - ഏവിയേഷൻ ക്ലിയറൻസിന് അപേക്ഷ നല്കിയിട്ടുണ്ട്.

3). എം.എൽ.റ്റി. ബ്ളോക്ക് -ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ട് - ടെൻഡർ നടപടികൾ ആരംഭിച്ചു.

മൂന്നാംഘട്ടം:- മൾട്ടി ലെവൽ കാർ പാർക്കിംഗ് (53 കോടി രൂപ) കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

നാലാം ഘട്ടം:- ജീവനക്കാർക്കുവേണ്ടിയുള്ള പാർപ്പിട സമുച്ചയം പണിയുന്നതിന് INKEL-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ച് പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് എയിംസ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഒരു സെന്റർ ഓഫ്

എക്സലൻസാക്കി (മികവിന്റെ കേന്ദ്രം) മാറ്റി എയിംസ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാൻമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (PMSSY) പ്രകാരം പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക്, എസ്.എ.റ്റി. ആശുപത്രിയിലെ ഗോൾഡൻ ജൂബിലി ബ്ളോക്ക് (50 കോടി രൂപ), അനിമൽ ഹൗസ്, എം.എൽ.റ്റി. ബ്ളോക്ക് എന്നിവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി. കൂടാതെ സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ ഒ.പി. ബ്ളോക്ക് സ്ഥാപിച്ചിട്ടുണ്ട്. മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ് MDRL (25.22 കോടി രൂപ) മൾട്ടി സ്പെഷ്യാലിറ്റി ബ്ളോക്ക് (25.22 കോടി രൂപ), മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം വിഭാവനം ചെയ്തു കൊണ്ടുള്ള 717.28 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതി, പുതിയ അത്യാഹിത വിഭാഗം, (6.99 കോടി രൂപ) ജീവനക്കാർക്കുവേണ്ടി പുതിയ പാർപ്പിട സമുച്ചയം (2.99 കോടി രൂപ), പുതിയ എൻഡോക്രൈനോളജി വാർഡിന്റെ നിർമ്മാണം (1.70 കോടി രൂപ), പ്രധാന ആശുപത്രി കെട്ടിടത്തിലെ വാർഡ് ഏഴിന് മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ (2.25 കോടി രൂപ), പ്രധാന ആശുപത്രി കെട്ടിടത്തിലെ വാർഡ് 5-ന്റെ മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ എന്നിവ തിരുവനന്തപുരം മെഡിക്കൽ കോളേജിനെ

മികവിന്റെ കേന്ദ്രമാക്കി മാറ്റാൻവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രധാന പദ്ധതികളാണ്. പുതുതായി 5 ഡിപ്പാർട്ടുമെന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എമർജൻസി മെഡിസിൻ ആൻഡ് ട്രോമാകെയർ, നിയോനാറ്റോളജി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി. 58 ഡോക്ടർമാർ ഉൾപ്പെടെ 574 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം 200-ൽ നിന്ന് 250 ആക്കി വർദ്ധിപ്പിച്ചു. പി.ജി.(എം.ഡി/ എം.എസ്) സീറ്റുകളുടെ എണ്ണം 218-ൽ നിന്ന് 245 ആക്കി വർദ്ധിപ്പിച്ചു. പുതിയതായി താഴെപ്പറയുന്ന 5 കോഴ്സുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

MCH - Reproductive Medicine & Surgery

DM Endocrinology

DM Paediatric Neurology

DM Neonatology

BSc Dialysis Technology. കൂടാതെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 50 കോടിയോളം രൂപയുടെ പുതിയ ഉപകരണങ്ങൾ വിവിധ വകുപ്പുകളിലേയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്.

(ഡി) കേരളത്തിലെ ഏക ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത്

സെന്ററായയ പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി. പൂർണ്ണരീതിയിലുള്ള ഒരു ആശുപത്രിയാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആർദ്രം മിഷന്റെ ഭാഗമായി പാങ്ങപ്പാറ IFHC-യിൽ വൈകുന്നേരം 6 മണി വരെ ഒ.പി. ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 8 കിടക്കകൾ സജ്ജീകരിച്ച് 24x7 അടിസ്ഥാനത്തിൽ കിടത്തി ചികിത്സയും നടത്തി വരുന്നു. കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഡോക്ടർമാരുൾപ്പെടെയുള്ള അധിക ജീവനക്കാരെ നിയമിക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും നിയമിച്ചിട്ടുള്ള ഡോക്ടർമാരുടെ നേതൃത്വത്തിൽ സ്പെഷ്യാലിറ്റി ചികിത്സകളും നൽകുന്നുണ്ട്. തിരുവനന്തപുരം നഗരസഭ മുഖാന്തിരം നിയമിച്ചിട്ടുള്ള 16 ജീവനക്കാരെ ഉപയോഗിച്ചാണ് ഇപ്പോൾ ആശുപത്രിയുടെ പ്രവർത്തനം നടന്നുവരുന്നത്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) കേരളത്തിലെ ആദ്യത്തെ ക്ഷയരോഗ ആശുപത്രിയായ പുലയനാർകോട്ട ടി.ബി. സെന്റർ ആധുനീകരീതിയിലുള്ള ഒരു ഗവേഷണ കേന്ദ്രമാക്കി മാറ്റണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുലയനാർകോട്ട നെഞ്ചുരോഗാശുപത്രിയെ ആധുനികരീതിയിലുള്ള ഒരു ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുള്ളതുമാണ്. കൂടാതെ എൻ.എച്ച്.എം. അധികമായി ആവശ്യപ്പെട്ടിട്ടുള്ള 4,21,900/- രൂപ (നാല് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപ മാത്രം) ആശുപത്രി യുടെ എച്ച്.ഡി.സി. ഫണ്ടിൽനിന്നും എൻ.എച്ച്.എം.-ന് നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 03.03.2022-ന് യോഗം ചേരുകയും പുലയനാർകോട്ട നെഞ്ച് രോഗാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(എഫ്) പുലയനാർകോട്ട ഡയബറ്റീസ് സെന്റർ ആധുനിക രീതിയിൽ വികസിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർക്കാർ ധനസഹായത്തോടെ തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ ഒ.പി., ഐ.പി. സൗകര്യങ്ങളോടെ പ്രമേഹവും അനുബന്ധ രോഗങ്ങൾക്കുമുള്ള ചികിത്സ നടത്തിവരുന്ന സ്ഥാപനമാണ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്. മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിന് ആഴ്ചയിൽ അഞ്ച് ദിവസം എൻഡോക്രൈനോളജി ഡോക്ടർമാരുടെ സേവനം, ആഴ്ചയിൽ ഓരോ ദിവസം വീതം കാർഡിയോളജി, നെഫ്രോളജി, ഗ്യാസ്ട്രോ എന്ററോളജി, ന്യൂറോളജി, ദന്തൽ എന്നിവയും ആഴ്ചയിൽ 5 ദിവസം ഡയബറ്റിക് റെറ്റിനോപതിയുമായി ബന്ധപ്പെട്ട കണ്ണ് പരിശോധനയ്ക്കും സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. പ്രമേഹ രോഗികൾക്കുണ്ടാകുന്ന പാദസംബന്ധമായ മുറിവുകൾ ഉൾപ്പെടെയുള്ള അസുഖത്തിന് ഈ സ്ഥാപനത്തിലെ പാദസംരക്ഷണ വിഭാഗം (പൊഡിയാട്രി) വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. NABH അക്രഡിറ്റേഷനോടുകൂടി ആധുനിക സൗകര്യങ്ങളുള്ള ലാബ്, വിപുലമായ ഫാർമസി, ഡിജിറ്റൽ X-Ray Unit, കളർ ഡോപ്ലറോടുകൂടിയുള്ള അൾട്രാ സൗണ്ട് സ്കാൻ സൗകര്യം, ബോൺ ഡെൻസിറ്റി നിർണ്ണയിക്കുന്ന ഡെക്സാസ്കാൻ സൗകര്യം ഇവിടെ സജ്ജമാണ്. ജീവിതശൈലീരോഗങ്ങൾ തടയുന്നതിനുള്ള വ്യായാമമുറകൾ പരിശീലിക്കാനുള്ള മൾട്ടി ജിം ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ട് ജനറൽ വാർഡ് (Male & Female) ഉൾപ്പെടെ 42 കിടക്കകൾ എയർകണ്ടീഷൻ സൗകര്യത്തോടെയുള്ള ഐ.പി. കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ

ഉദ്ദേശ്യലക്ഷ്യങ്ങളിലുള്ള പഠന ഗവേഷണ പദ്ധതികളും ഇവിടെ നടന്നുവരുന്നു. സർക്കാർ അംഗീകാരത്തോടെ, സംസ്ഥാനതലത്തിൽ പ്രമേഹത്തിന്റെ തോതും വ്യാപ്തിയും ദൂഷ്യഫലങ്ങളും സങ്കീർണ്ണതകളും വിലയിരുത്തി പ്രതിവിധികളും നിശ്ചയിച്ച് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിനുള്ള ബൃഹത് പദ്ധതിക്ക് രൂപം കൊടുത്ത് സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനും പരിപാടിയുണ്ട്. മേൽപ്പറഞ്ഞ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കി മെച്ചപ്പെട്ട ചികിത്സ രോഗികൾക്ക് പ്രദാനം ചെയ്യുന്നതിന് വിദഗ്ദ്ധ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനവും (താൽകാലിക നിയമനം) ഈ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ജി) കോവിഡ്പോലുള്ള മഹാമാരികളുടെ വ്യാപനം തടയുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

കോവിഡ് പോലുള്ള മഹാമാരികളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1) എല്ലാ നിയോജകമണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ കൂടാതെ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കേളേജുകളിൽ ഐസൊലേഷൻ ബ്ലോക്കുകൾ സജ്ജമാക്കുന്നതാണ്.

2) സെന്റർ ഓഫ് എക്സലെൻസ് ഇൻ മൈക്രോബയോമെക്സ് തുടങ്ങാനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്താനും വാക്സിൻ വികസിപ്പിക്കാനും മോണോക്ലോണൽ ആന്റിബോഡി വികസിപ്പിക്കാനും തുക അനുവദിച്ചിട്ടുണ്ട്.

3) ആശുപത്രി ജന്യ അണുബാധ നിയന്ത്രണത്തിനായി എല്ലാ ജില്ലാ, താലൂക്ക് - ജനറൽ ആശുപത്രികളിലെ ആട്ടോക്ലേവ് മുറികളെ (CSSD) സെൻട്രൻ സ്റ്റെറൈൽ സപ്ലൈ ഡിപ്പാർട്ടുമെന്റാക്കി ഉയർത്താനുള്ള നടപടി.

4) പീഡിയാട്രിക് ഐ.സി.യു. വാർഡുകൾ ശക്തിപ്പെടുത്താനുള്ള നടപടി.

5) കൂടുതൽ ആശുപത്രികളിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ്, ഓക്സിജൻ ബെഡ് കപ്പാസിറ്റി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

6) കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ നടത്തി മഴക്കാല രോഗങ്ങൾ, മറ്റ് പകർച്ചവ്യാധികൾ എന്നിവയെ തടയുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ വൺ ഹെൽത്ത് പദ്ധതിയിലൂടെ ഇന്റഗ്രേറ്റഡ് രീതിയിൽ ജന്തുജന്യരോഗങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ മൂലമുള്ള പകർച്ചവ്യാധികൾ തുടങ്ങിയവയെ നേരിടാൻ പ്രാപ്തമാക്കാനും

ലക്ഷ്യമിട്ടിട്ടുണ്ട്.

7) മഹാമാരികൾ/പ്രകൃതിദുരന്തങ്ങൾ എന്നിവയെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വെൽനസ് സെന്ററായി ഉയർത്തിയ പി.എച്ച്.സി. ഉപകേന്ദ്രങ്ങൾ**

181(2132) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തിയ പി.എച്ച്.സി. ഉപകേന്ദ്രങ്ങളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടക്കുന്നത്; അവയുടെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത സെന്ററുകളിൽ മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ടോ; അവരുടെ സേവനങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പേര്

അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത കേന്ദ്രങ്ങളെ വെൽനസ് സെന്ററായി ഉയർത്തുന്നതിനായി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സെന്ററുകളിൽ മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാരുടെയും സ്റ്റാഫ് നേഴ്സിന്റെയും മറ്റ് ജീവനക്കാരുടെയും സേവനം ആവശ്യമാണ്. പൊതുജനാരോഗ്യം, വീടുകൾ സന്ദർശിക്കുക, കുടുംബങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കൽ, ഔട്ട് ബ്രേക്ക്, പ്രകൃതി ദുരന്തങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ മെഡിക്കൽ ടീമിനെ സഹായിക്കുക എന്നീ പ്രവർത്തനങ്ങൾ പൊതുജനാരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവരുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു.

## കാട്ടാക്കടയിലെ വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

182(2133) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെയർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയുള്ള നവീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി വിശദമാക്കാമോ; തുടർ നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) 20-03-2020-ലെ സ.ഉ. (സാധാ) നം.619/2020/ആ.കു.വ. പ്രകാരം കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി എൻ.എച്ച്.എം. പദ്ധതി പ്രകാരം 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവൃത്തികളുടെ ചുമതല കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. നവീകരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**ഡോക്ടർമാരുടെ ഡ്യൂട്ടി ക്രമീകരണം**

183(2134) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികളിലെയും സി.എച്ച്.സി.കളിലെയും ഡോക്ടർമാരുടെ ഡ്യൂട്ടി ക്രമീകരണം എപ്രകാരമാണെന്ന് അറിയിക്കാമോ?

സാമൂഹികാരോഗ്യ കേന്ദ്രം - 9.00 am to 2.00 pm, താലൂക്കാശുപത്രി -

24 മണിക്കൂർ (അത്യാഹിത വിഭാഗം), താലൂക്കാശുപത്രി - 8 am to 1 pm (സ്പെഷ്യാലിറ്റി ഒ.പി. കൾ).

(ബി) താലൂക്കാശുപത്രികളിലും സി.എച്ച്.സി.കളിലും ഉച്ചയ്ക്കുശേഷം ഒ.പി. സൗകര്യം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഉച്ചയ്ക്കുശേഷം ഒ.പി. സൗകര്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

താലൂക്കാശുപത്രികളിൽ നിലവിൽ ഉച്ചയ്ക്കുശേഷം ഒ.പി. സൗകര്യം നടപ്പാക്കിയിട്ടുണ്ട്.

**സർക്കാർ ആശുപത്രികളിലെ ബ്ലഡ് ബാങ്ക്**

184(2135) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ബ്ലഡ് ബാങ്കുകളുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ജനറലാശുപത്രി, കാഞ്ഞങ്ങാട് ജില്ലാശുപത്രി എന്നിവിടങ്ങളിൽ ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത ബ്ലഡ് ബാങ്കുകളിൽ അനുവദിച്ച തസ്തികകളും അവയിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണവും വ്യക്തമാക്കാമോ?

| ആശുപത്രി | തസ്തിക | എണ്ണം | ഒഴിവ് |
|---|---|---|---|
| കാസർഗോഡ് ജനറൽ ആശുപത്രി | ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) | 1 | 0 |
| | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | 1 |
| ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) | 1 | 0 |
| ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | 1 | |

ഇതിനു പുറമെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മുഖാന്തരം കാസർഗോഡ് ജനറലാശുപത്രിയിൽ കൗൺസിലർ - 2, ലാബ് ടെക്നീഷ്യൻ - 1, ഡ്രൈവർ - 1, അറ്റൻഡർ - 1, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കൗൺസിലർ - 1, ലാബ് ടോക്നീഷ്യൻ - 1 എന്നീ ജീവനക്കാരും ജോലി ചെയ്തുവരുന്നുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ വന്നിട്ട് എത്രകാലമായെന്നും അവ നികത്താത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന ഡോക്ടർ 17-03-2020 മുതൽ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിൽക്കുന്നതുമൂലമുണ്ടായ ഒഴിവ് നികത്തുന്നതിനായുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. 2016-ൽ ഒഴിഞ്ഞുകിടക്കുന്ന ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ 2 ഒഴിവുകൾ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ 22-07-2016-ൽ അറിയിച്ചതിനെത്തുടർന്ന് അതേവർഷം തന്നെ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 2016-ൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതാണ് കാരണം. അതിനുശേഷം കേരള പി.എസ്.സി.യുടെ 05/2018 റാങ്ക് ലിസ്റ്റ് 07-04-2021-ൽ നിലവിൽവന്നു. പ്രസ്തുത ലിസ്റ്റിൽ ആകെ 9 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ടി വ്യക്തികൾക്ക് ഭരണ സൗകര്യാർത്ഥം മറ്റുസ്ഥാപനങ്ങളിൽ നിയമനം നൽകുകയുണ്ടായി. നിലവിൽ ടി തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റില്ലാത്തതിനാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിനായി Candidate Non Availability Certificate ആവശ്യപ്പെട്ടുകൊണ്ട് കേരള പി.എസ്.സി. സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തരമായി പ്രസ്തുത ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നൽകുന്നതാണ്.

(ഡി) കാഞ്ഞങ്ങാട് ജില്ലാശുപത്രിയിലെ ബ്ലഡ് ബാങ്കിൽ സ്ഥിരം മെഡിക്കൽ ഓഫീസർ തസ്തികയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ഓഫീസർ ആരാണെന്നും എത്രകാലമായി ടിയാൾ അവിടെ ജോലിയിൽ തുടരുന്നുവെന്നും വ്യക്തമാക്കാമോ?

സ്ഥിരം മെഡിക്കൽ ആഫീസർ തസ്തിക നിലവിലുണ്ട്. ജൂനിയർ കൺസൽട്ടന്റ് (ബ്ലഡ് ബാങ്ക്)-1. ടി തസ്തികയിൽ ജോലി ചെയ്തു വന്നിരുന്നയാൾ അനധികൃതമായി ജോലിയിൽനിന്ന് വിട്ടു നിൽക്കുന്നതിനാൽ ടി ഡോക്ടർക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഒഴിവ് നികത്തുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടർ 02-02-2022 മുതൽ ജോലി ചെയ്തുവരുന്നു.

**അർബുദ ചികിത്സയ്ക്ക് മാതൃകാ കേന്ദ്രങ്ങൾ**

185(2136) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാശുപത്രികളേയും അർബുദ

ചികിത്സയുള്ള മാതൃകാ കേന്ദ്രങ്ങളാക്കി സജ്ജമാക്കാൻ തീരുമാനിച്ചതിൻ പ്രകാരം പാലക്കാട് ജില്ലാശുപത്രിയിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ; ആയതുപ്രകാരം പാലക്കാട് ജില്ലാശുപത്രിയിൽ വനിതകൾക്കായി എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

നിലവിൽ പാലക്കാട് ജില്ലാശുപത്രിയിൽ ക്യാൻസർ വിഭാഗത്തിൽ രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനമുണ്ട്. ക്യാൻസർ ഒ.പി., ഐ.പി., ഡേ കെയർ, കീമോതെറാപ്പി വാർഡ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ ഒരുമാസം 400 പേർക്ക് കീമോതെറാപ്പി നൽകുന്നുണ്ട്. ക്യാൻസർ സ്ക്രീനിംഗ് നടത്തുന്നുണ്ട്. എൻ.എച്ച്.എം.ഫണ്ട്- ചെലവായ തുക 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം), പ്ലാൻ ഫണ്ട്- ചെലവായ തുക 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വനിതകൾക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല.

(ബി) 2021-22 കാലയളവിൽ പാലക്കാട് ജില്ലയിലുള്ള ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ സ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

വാർഷിക പദ്ധതി 2021-2022 പി.എം.ആർ. യൂണിറ്റുകളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 25-01-2022-ലെ (G.O(Rt) No. 210/2022/H&FWD) പ്രകാരം പാലക്കാട് ജില്ലാശുപത്രിക്ക് കെ.എം.എസ്.സി.എൽ. മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി തുക അനുവദിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Muscle Stimulator - Rs. 10,000/- Wax Batch - Rs.10,000/- Static Cycle - Rs. 10,000/- Soft Cervical Collar (5 Nos) - Rs.2500/- Wrist Hand Orthosis (2 Nos)- Rs. 2,000/- Total - Rs. 34,500/- ടി തുക കെ.എം.എസ്.സി.എൽ.-ന്റെ ഡെപ്പോസിറ്റ് ഹെഡ്ഡിൽ നിക്ഷേപിച്ചിട്ടുണ്ട്.

**പൂവാർ ആശുപത്രിക്ക് എക്സ്റേ മെഷീൻ**

186(2137) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം രണ്ടിൽ പത്താം നമ്പറായി ഉൾകൊള്ളിച്ചിട്ടുള്ള കോവളം നിയോജകമണ്ഡലത്തിലെ പൂവാർ ആശുപത്രിയിൽ എക്സ്റേ മെഷീൻ വാങ്ങുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി

നൽകേണ്ടതാരാണെന്നും ഇതിനുള്ള ഭരണാനുമതി നൽകുന്നത് ആരാണെന്നുമുള്ള വിശദാംശം അറിയിക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ 2021-22 ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം (2)-ൽ 10-ാം നമ്പറായി ഉൾക്കൊള്ളിച്ചിട്ടുള്ള കോവളം നിയോജകമണ്ഡലത്തിലെ പൂവാർ ആശുപത്രിയിലെ എക്സ്റേ മെഷീൻ, മെയിൻ ബിൽഡിംഗിന് മുകളിൽ ഒരു നില നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് 100 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ നിലവിലെ ഒ.പി. ബ്ലോക്കിന് മുകളിലെ എക്സ്റ്റൻഷൻ വർക്കിന് 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികളെല്ലാം തന്നെ പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കേണ്ടതാണ്.

(ബി) പ്രസ്തുത ബഡ്ജറ്റിൽ അനുബന്ധം രണ്ടിൽ 2754 നമ്പറായി കൊടുത്തിട്ടുള്ള ഈ മണ്ഡലത്തിലെ വിഴിഞ്ഞം ആശുപത്രിയിൽ എക്സ്റേ യൂണിറ്റും സ്കാനിംഗ് മെഷീനും വാങ്ങുന്നതിന് ഒരുകോടി രൂപ ഉൾപ്പെടുത്തുകയും വകയിരുത്തുകയും ചെയ്തിട്ടും നാളിതുവരെ ഭരണാനുമതി ലഭിച്ചില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതും ഭരണാനുമതി നൽകുന്നതും ആരാണെന്ന് വ്യക്തമാക്കുമോ?

2021-22 ബഡ്ജറ്റിൽ മേൽപ്പറഞ്ഞ പ്രകാരം വിഴിഞ്ഞം ആശുപത്രിയിൽ എക്സ്റേ യൂണിറ്റും സ്കാനിംഗ് മെഷീനും വാങ്ങുന്നത് സംബന്ധിച്ച് വിഴിഞ്ഞം ആശുപത്രിയിൽനിന്നും നൽകുന്ന പ്രൊപ്പോസലിന്മേൽ ബയോമെഡിക്കൽ എഞ്ചിനീയർ ഡി.പി.ആർ. തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ആർദ്രം പദ്ധതിയുടെ ഭാഗമായി ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കൽ**

187(2138) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം പദ്ധതി പ്രകാരം എത്ര പി.എച്ച്.സി.കൾ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ടെന്നറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും രണ്ടാംഘട്ടത്തിൽ 451 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും 53 സാമൂഹികാരോഗ്യകേന്ദ്രങ്ങളും ഉൾപ്പെടെ 504 സ്ഥാപനങ്ങൾ, മൂന്നാം ഘട്ടത്തിൽ 212 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാംഘട്ടത്തിലും എത്ര ഫാർമസിസ്റ്റ് തസ്തികകൾ വീതം സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 150 ഫാർമസിസ്റ്റ് തസ്തികയും ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട വിവിധ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലായി 30 ഫാർമസിസ്റ്റ് തസ്തികയും ഉൾപ്പെടെ ആകെ 180 ഫാർമസിസ്റ്റ് തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. അവയിൽ എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ഫാർമസിസ്റ്റ് തസ്തികയുടെ അപര്യാപ്തതയുള്ള സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.

(സി) ആർദ്രം പദ്ധതിയുടെ പ്രോട്ടോക്കോൾ പ്രകാരം ഒരു ഫാമിലി ഹെൽത്ത് സെന്ററിൽ എത്ര ഫാർമസിസ്റ്റ് തസ്തികകൾ ഉണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്?

18-08-2018-ലെ സർക്കാർ ഉത്തരവ് (കൈ)നം. 168/2018/ആ.കു.വ. പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റുള്ള സ്ഥാപനങ്ങളിൽ

9 AM- 5 PM വരെയും 2 ഫാർമസിസ്റ്റുള്ള സ്ഥാപനങ്ങളിൽ 9 AM-5 PM, 10 AM- 6 PM എന്ന രീതിയിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തനം നടന്നുവരുന്നുണ്ട്. ഫാർമസിസ്റ്റ് തസ്തിക അപര്യാപ്തതയുള്ള സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയും എൻ.എച്ച്.എം. വഴിയും സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്.

(ഡി) ആർദ്രം പദ്ധതിയിൽ ആവശ്യമായ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 150 ഫാർമസിസ്റ്റ് തസ്തികയും ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട വിവിധ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലായി 30 ഫാർമസിസ്റ്റ് തസ്തികയും ഉൾപ്പെടെ ആകെ 180 ഫാർമസിസ്റ്റ് തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. അവയിൽ എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ഫാർമസിസ്റ്റ് തസ്തിക അപര്യാപ്തതയുള്ള സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.

## ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

188(2139) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ അനുബന്ധമായി+ ചേർത്തിരിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകവഴി അനുവദിച്ച ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആർദ്രം മൂന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്ത സ്ഥാപനത്തിലെ നിർമ്മാണ പ്രവർത്തനത്തിനുള്ള പ്രാരംഭ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ പുരോഗമിച്ചുവരുന്നു. ഷൊർണ്ണൂർ മണ്ഡലത്തിലെ ഒറ്റപ്പാലം റവന്യൂ ബ്ലോക്കിൽ നിന്നും ചളവറ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി 37.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഡ്രഗ് സ്റ്റോറുകളുടെ ആധുനികവൽകരണം ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിൻപ്രകാരം പാലക്കാട് ജില്ലയിലെ ഡ്രഗ് സ്റ്റോറുകളെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഡ്രഗ് സ്റ്റോറുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ദേശീയ ആരോഗ്യദൗത്യത്തിന്റെ 15-09-2020-ലെ NHM/3394/F1/2020/ SPMSU ഉത്തരവ് പ്രകാരം താലൂക്കാശുപത്രി അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ ഡ്രഗ് സ്റ്റോറുകൾ നവീകരിക്കുന്നതിന് ആകെ 6,80,95,540/- രൂപ അനുവദിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കാസ്ഥാന ആശുപത്രിയെ പരിഗണിച്ചിട്ടുണ്ട്.

**പട്ടാമ്പി താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ**

189(2140) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം നൽകാമോ;

(ബി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച കെട്ടിടത്തിൽ എത്ര ഡയാലിസിസ് യൂണിറ്റുകളാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഡയാലിസിസ് സെന്റർ എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) പട്ടാമ്പി താലൂക്കാസ്ഥാന ആശുപത്രിയിൽ പട്ടാമ്പി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.മുഹമ്മദ് മുഹസിൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്. ആയതിന്റെ ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നീ പണികൾക്കുള്ള എസ്റ്റിമേറ്റ് LSGD A&E എടുത്തിട്ടുണ്ട്. 10 പേർക്ക് ഒരുമിച്ച് ഡയാലിസിസ് ചെയ്യുന്ന രീതിയിലാണ് കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ചിരിക്കുന്നത്. മരുന്നുകൾ, ഉപകരണങ്ങൾ, മെഷീനുകൾ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക എന്നീ ജോലികൾ

പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കുന്നത്തുനാട് വടവുകോട് സി.എച്ച്.സി.**

190(2141) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ?

സിവിൽ സർജൻ- 1, അസിസ്റ്റന്റ് സർജൻ-3, നഴ്സിംഗ് സൂപ്രണ്ട്-1, ഹെഡ് നേഴ്സ്- 2, സ്റ്റാഫ് നേഴ്സ്-7, നഴ്സിംഗ് അസിസ്റ്റന്റ്-5, ആശുപത്രി അറ്റൻഡർ ഗ്രേഡ് I-1, ആശുപത്രി അറ്റൻഡർ ഗ്രേഡ് II-5, ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-2, ഒപ്റ്റോമെട്രിസ്റ്റ്-1, ഡ്രൈവർ-1, ഹെഡ് ക്ലാർക്ക്-1, സീനിയർ ക്ലാർക്ക്-1, ക്ലാർക്ക്-2, ഓഫീസ് അറ്റൻഡന്റ്-1, ഹെൽത്ത് സൂപ്പർവൈസർ-1, ഹെൽത്ത് ഇൻസ്പെക്ടർ-1, ജെ.എച്ച്.ഐ.-3, പി.എച്ച്.എൻ.എസ്.- 1, പി.എച്ച്.എൻ-1, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്- 6, പി.റ്റി.എസ്- 1.

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

സ്റ്റാഫ് നേഴ്സ്-1, ആശുപത്രി അറ്റൻഡർ ഗ്രേഡ് I-1, ആശുപത്രി അറ്റൻഡർ ഗ്രേഡ് II- 1, ജെ.എച്ച്.ഐ.- 1, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്-1.

(സി) വടവുകോട് സി.എച്ച്.സി.-യിലെ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ടി ആശുപത്രിയിൽ നിലവിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 50 ആണ്.

(ഡി) ആവശ്യത്തിന് ജീവനക്കാരും കിടക്കകളുമുണ്ടായിട്ടും കിടത്തി ചികിത്സ പുനരാരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) കോവിഡ് വ്യാപനം തീവ്രമായ സാഹചര്യത്തിൽ ഈ സ്ഥാപനത്തിലെ ജീവനക്കാരെ മറ്റുസ്ഥാപനങ്ങളിലേയ്ക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ടതിനെ തുടർന്ന്

ജീവനക്കാരുടെ കുറവ് അനുഭവപ്പെട്ട സാഹചര്യത്തിലാണ് കിടത്തി ചികിത്സ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായത്. ടി ജീവനക്കാർ പൂർണ്ണ തോതിൽ ടി ആശുപത്രിയിലേയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് കിടത്തി ചികിത്സ പുനരാരംഭിക്കുന്നതാണ്.

## വൈക്കം മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

191(2142) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

22-09-2021-ലെ സ.ഉ. (കൈ) നം. 168/2021/ആ.കു.വ. പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് -5, ഫാർമസിസ്റ്റ് -2, ഓഫീസ് അറ്റൻഡന്റ് -1

(ബി) ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടെന്നും എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി 17-05-2021 മുതൽ കോവിഡ് ആശുപത്രിയായി പ്രവർത്തിച്ചുവരികയും ആയതിനുശേഷം വൈക്കം താലൂക്കാശുപത്രിയിലെ കിഫ്ബി നിർമ്മാണവുമായി ബന്ധപ്പെട്ട് പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കിയതിനാൽ വൈക്കം താലൂക്ക് ആശുപത്രി 25-10-2021 മുതൽ താല്ക്കാലികമായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രവർത്തിച്ചുവരികയുമാണ്. ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചും ഉപകരണങ്ങൾകൂടി പൂർണ്ണതോതിൽ ലഭ്യമാകുന്ന മുറയ്ക്ക് വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

192(2143) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് അറിയിക്കാമോ?

<u>ആർദ്രം ഒന്നാംഘട്ടം</u>: 1. ഉദുമ 2. വോർക്കാടി 3. എണ്ണപ്പാറ 4. മോഗ്രാൽ

പുത്തൂർ 5. കയ്യൂർ 6. മുള്ളേരിയ 7. കരിന്തളം.

ആർദ്രം രണ്ടാം ഘട്ടം: 24x7 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ 1. ചിറ്റാരിക്കൽ 2. നർക്കിലക്കാട് 3. വലിയപറമ്പ 4. പടന്ന 5. പാണത്തൂർ 6. ബയാർ

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ: 1. മൗക്കോട് 2. തൈക്കടപ്പുറം 3. തുരുത്തി 4. ഓലാട്ട് 5. മാവിലക്കടപ്പുറം 6. ഉദുമ്പുന്തല 7. അജാനൂർ 8. മടിക്കൈ 9. ആനന്ദാശ്രമം 10. പള്ളിക്കര 11. ചട്ടഞ്ചാൽ 12. ആദൂർ 13. ബേളൂർ 14. കുമ്പഡാജെ 15. പുത്തിഗെ 16. പെർള ആർദ്രം മൂന്നാം ഘട്ടം: 1. കരിച്ചേരി 2. കൊന്നക്കാട് 3. ബന്തടുക്ക 4. കളനാട് 5. ചെങ്കള 6. അംഗടിമൊഗർ 7. അരിക്കാടി 8. മധൂർ 9. വാണിനഗർ 10. മീഞ്ച

(ബി) ഇതിന്റെ ഭാഗമായി എത്ര തസ്തികകളാണ് അധികമായി സൃഷ്ടിച്ചതെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

അധികമായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും പുതുതായി ആരംഭിച്ച ചികിത്സാ സൗകര്യങ്ങളും സേവനങ്ങളും എന്തൊക്കെയെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

ആർദ്രം പദ്ധതിവഴി പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതോടെ ഒ.പി. സേവനങ്ങൾ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെയാക്കുകയും, നഴ്സ് പ്രീചെക്കപ്പ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലിരോഗ ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്ക്, നഴ്സുമാരുടെ സ്ഥാപന ഔട്ട് റീച്ച് പ്രോഗ്രാം തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു. ആവശ്യമായ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും നിയമനം നടത്തുക, ലബോറട്ടറി സൗകര്യങ്ങളൊരുക്കുക, ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക. ഫീൽഡ്തല പ്രവർത്തനങ്ങളും ഉപകേന്ദ്ര പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ബഹുജന പങ്കാളിത്തത്തോടെയും നടപ്പിലാക്കിവരുന്നു. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക, ഒരുകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യസംബന്ധമായ

ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേയ്ക്ക് രോഗികളെ റഫർ ചെയ്യുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളായി വിഭാവനം ചെയ്യുന്നു.

## ആലപ്പുഴ - പി.എച്ച്.സി. നിർമ്മാണ പ്രവൃത്തികൾ

193(2144) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കലവൂർ (വളവനാട്) പി.എച്ച്.സി.യിൽ കോവിഡ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിലെ കലവൂർ ആശുപത്രിയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻവേണ്ടി ടി പദ്ധതിയുടെ നിർമ്മാണ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക് ലേബർ കോൺട്രാക്ട് കോ-

ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് നൽകുകയും അവർ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.

(ബി) ആലപ്പുഴ ആര്യാട് പി.എച്ച്.സി.-ക്ക് കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആലപ്പുഴ ആര്യാട് പി.എച്ച്.സി.-ക്ക് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് 113.78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 143 ലക്ഷം രൂപ ആവശ്യമായതിനാൽ മേൽ ഭരണാനുമതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) ആലപ്പുഴ നെഹ്റു ട്രോഫി വാർഡിലെ ആശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനായി ഏത് ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തി നടപ്പിലാക്കുന്നതെന്നും ഇതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ആലപ്പുഴ നെഹ്റു ട്രോഫി വാർഡിലെ ആശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനായി 43 ലക്ഷം രൂപ NHM PIP-യിൽ വെള്ളപ്പൊക്ക നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച് വർക്ക് ഓർഡറായെങ്കിലും

എം.എൽ.എ. ഫണ്ടിൽനിന്നും 1 കോടി രൂപ അനുവദിക്കാമെന്ന് അറിയിച്ചതിനാൽ ഇതുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് റിവിഷൻ ചെയ്ത് പുതിയ ഡി.പി.ആർ. തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

## മണലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

194(2145) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2019-20 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 06-03-2020-ലെ ആർ.ഡി.6/2493(3) പ്രകാരം 22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയുണ്ടായെങ്കിലും നിലവിലെ പഴയ കെട്ടിടം പൊളിച്ച് മാറ്റാത്തതിനാൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ഇതിനോടകം അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) കരാറുകാരന് സൈറ്റ് കൈമാറാനും തദ്ദേശസ്വയംഭരണ വകുപ്പിന്

പ്രസ്തുത പദ്ധതി നിർവ്വഹിക്കാനും കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിനും ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

(എ-സി) മണലൂർ കുടുംബാരോഗ്യകേന്ദ്രത്തിന് മണലൂർ എം.എൽ.എ.-യുടെ 2019-20 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രസ്തുത സ്ഥലത്ത് നിൽക്കുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് 13-11-2021-ലെ PLB2-68781/2021/ആ.വ.ഡ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ടി കെട്ടിടം നിൽക്കുന്നതിന് സമീപത്തുള്ള മരങ്ങൾ മുറിച്ച് നീക്കുന്നതിന് ഫോറസ്റ്റ് വകുപ്പിൽനിന്നും അനുമതിയും ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മാണം ആരംഭിക്കുന്നതാണ്.

**ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ**

195(2146) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ ഇടമലക്കുടി, ചട്ടമൂന്നാർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഏതൊക്കെ തസ്തികകളാണ്

അനുവദിച്ചിട്ടുള്ളതെന്നും അവയിൽ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

ദേവികുളം മണ്ഡലത്തിലെ ഇടമലക്കുടി, ചട്ടമൂന്നാർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 24-10-2013-ലെ സ.ഉ. (എം.എസ്) നം.424/2013/ആ.കു.വ. പ്രകാരം ഡോക്ടർമാർ ഉൾപ്പെടെ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സർജൻ – 2, സ്റ്റാഫ് നേഴ്സ് - 2, ഫാർമസിസ്റ്റ് - 2, നേഴ്സിംഗ് അസിസ്റ്റന്റ് - 2, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II - 2, എൽ.ഡി.ക്ലാർക്ക് - 2, പ്യൂൺ– 2, പാർട്ട് ടൈം സ്വീപ്പർ– 2 ഈ തസ്തികകളിൽ നിയമനം നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ 22-6-2020-ലെ സ.ഉ. (കൈ) 93/2020/ആ.കു.വ പ്രകാരം 2 അസിസ്റ്റന്റ് സർജൻ തസ്തികകൾ ഇടമലക്കുടി പി.എച്ച്.സി.-യിൽ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളിൽ അസിസ്റ്റന്റ് സർജന്മാരെ നിയമിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിലവിൽ ഇടമലക്കുടിയിൽ അഡ്ഹോക് മുഖേന ഒരു ഡോക്ടറെയും എൻ.എച്ച്.എം. മുഖേന 6 സ്റ്റാഫ് നഴ്സുമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ജെ.എച്ച്.ഐ.-മാർക്കും ഒരു ജെ.പി.എച്ച്.എൻ.-നും ഇടമലക്കുടിയുടെ

ഫീൽഡ് പ്രവർത്തനത്തിന്റെ ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിനെ സഹായിക്കാനായി 13 ഹാംലറ്റ് ആശമാരെയും നിയമിച്ചിട്ടുണ്ട്. ഇടമലക്കുടി പഞ്ചായത്ത് മുഖേന പാലിയേറ്റീവ് സ്റ്റാഫ് നഴ്സിനെ നിയമിച്ചിട്ടുള്ളതും ഇവർ പാലിയേറ്റീവ് രോഗികൾക്കുള്ള ഗൃഹപരിചരണം നൽകി വരുകയും ചെയ്യുന്നുണ്ട്. ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിയിട്ടുള്ളതിനാൽ ആയത് പ്രവർത്തന സജ്ജമാക്കുന്നതിനായി 24-10-2013-ലെ സ.ഉ.(എം.എസ്) നം.424/2013/ആ.കു.വ പ്രകാരം സൃഷ്ടിച്ചിട്ടുള്ള 8 വീതം മൊത്തം 16 തസ്തികകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇടമലക്കുടി പ്രാഥമികാരോഗ്യ കേന്ദ്രത്തിനായി വനം വകുപ്പിൽ നിന്നും ലഭ്യമായ ഒരു ഹെക്ടർ ഭൂമിയിൽ 2019-ൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനായി സൊസൈറ്റിക്കുടിയിൽ ആശുപത്രി കെട്ടിടം പഞ്ചായത്തും എൻ.എച്ച്.എം.-ഉം കൂടി പണിയുകയും 2020-ൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് ഉൾപ്പെടെ അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് പ്രോജക്ട് വഴി

13,01,309/-രൂപ മുടക്കി SIDCO, KELTRON-ൽ നിന്നും പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മൂന്നാർ ടൗണിൽ നിന്നും 30 കി.മീ അകലെയുള്ള തലയാർ എന്ന സ്ഥലത്താണ് ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. നിലവിലുണ്ടായിരുന്ന തലയാർ സബ് സെന്റർ കെട്ടിടം മൂന്നാർ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം ചട്ടമൂന്നാറിനായി അനുവദിച്ചു. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള കെട്ടിടത്തിന് സമീപമുള്ള വായനശാല കെട്ടിടത്തിന്റെ ഒരുഭാഗം താൽക്കാലികമായി വിട്ടുനൽകിയിട്ടുണ്ട്. ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ സാധനസാമഗ്രികൾക്കുള്ള തുകയായ 3,53,025/- രൂപ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽനിന്ന് അനുവദിക്കുകയും, സിഡ്കോ, കോൽട്രോൺ എന്നീ സ്ഥാപനങ്ങളിൽനിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്.

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കുടുംബ ക്ഷേമ കേന്ദ്രങ്ങൾ

196(2147) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ഫാമിലി ഹെൽത്ത് സെന്ററുകളാക്കിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ആർദ്രം ഒന്നാംഘട്ടം പി.എച്ച്.സി. മണിമല, പി.എച്ച്.സി. വാഴൂർ. ആർദ്രം രണ്ടാംഘട്ടം പി.എച്ച്.സി. വിഴിക്കത്തോട്, പി.എച്ച്.സി. പള്ളിക്കത്തോട്. ആർദ്രം മൂന്നാംഘട്ടം പി.എച്ച്.സി. കറികാട്ടൂർ, പി.എച്ച്.സി. നെടുങ്കുന്നം, പി.എച്ച്.സി. കാളകെട്ടി.

(ബി) ഇതിൽ ഏതൊക്കെ കേന്ദ്രങ്ങളാണ് പൂർണ്ണതോതിൽ (ഒ.പി., ഐ.പി. ഉൾപ്പെടെ) പ്രവർത്തനക്ഷമമായിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(ബി&സി) പി.എച്ച്.സി. മണിമല, പി.എച്ച്.സി. വാഴൂർ. മണിമല എഫ്.എച്ച്.സി.യിൽ ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകളും വാഴൂർ എഫ്.എച്ച്.സിയിൽ ഡോക്ടർ-1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ -1, എന്നിങ്ങനെയും വിഴിക്കത്തോട് എഫ്.എച്ച്.സി.ക്ക് ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1, ലാബ് ടെക്നീഷ്യൻ-1,

പള്ളിക്കത്തോട് എഫ്.എച്ച്.സി.-യിൽ ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ -1 എന്നീ തസ്തികകളും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ജീവനക്കാരുടെ സേവനം അധികമായി വേണ്ടിവരുന്ന സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. മുഖേനയോ, നാഷണസ് ഹെൽത്ത് മിഷൻ മുഖേനയോ, എച്ച്.എം.സി. മുഖേനയോ സേവനം ലഭ്യമാക്കി വരുന്നുണ്ട്.

**വടക്കാഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-കെട്ടിട നിർമ്മാണം**

197(2148) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണത്തിന് 2020-21 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ച ആറ് കോടി രൂപ ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ എത്ര കാലയളവ് വേണ്ടി വരും?

2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വർക്ക് അപ്പൻഡിക്സ് II ൽ ക്രമനമ്പർ 2667 ആയി വടക്കാഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അഡീഷണൽ ബ്ലോക്ക് സ്ഥാപിക്കുന്നതിന് 600 ലക്ഷം അടങ്കൽ തുകയിൽ 1

കോടി 20 ലക്ഷം രൂപ ബഡ്ജറ്റ് പ്രൊവിഷനിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ബഡ്ജറ്റിൽ നീക്കിവച്ച തുക ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. എന്നാൽ  എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിന് അടിത്തറ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു.

(സി) പ്രസ്തുത ഹെൽത്ത് സെന്ററിന്റെ നിർമ്മാണം വാപ്കോസ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നത് പരിഗണിക്കുമോ?

നിലവിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസി വാപ്കോസാണ്. ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൊതുവെ പൊതുമരാമത്ത് വകുപ്പ് മുഖേനെയാണ് നടന്നുവരുന്നത്.

(ഡി) ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി സംബന്ധിച്ച

ഫയലുകളുടെ നമ്പർ, ആയത് കൈകാര്യം ചെയ്യുന്ന കാര്യാലയങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളുടെ നമ്പർ ചുവടെ ചേർക്കുന്നു.

1.) നം725/2020/സി.എച്ച്.സി. വടക്കഞ്ചേരി 2.) നം.സി1/14028/2020/ ജി.മെ.ഓഫീസ്, പാലക്കാട് 3.) പി.എൽ.ബി. 3-80544/ 2020/ ആ.വ.ഡ. 4.) നം. ഡി1/ബഡ്ജറ്റ്/20-21/LSGD 5.) ആർ.ഡി3/2955/2019/LSGD.

**പുതുക്കാട് മണ്ഡലത്തിൽ പുതിയ ഹോമിയോ ആശുപത്രി**

198(2149) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ഹോമിയോ ആശുപത്രികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഹോമിയോ ഡിസ്പെൻസറിയില്ലാത്ത സാഹചര്യത്തിൽ

പഞ്ചായത്ത് കെട്ടിട സൗകര്യം ഉൾപ്പെടെ സജ്ജമാക്കി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത വല്ലച്ചിറ ഗ്രാമപഞ്ചായത്തുൾപ്പെടെയുള്ള എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുടേയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## ആർദ്രം ഫെയ്സ് III

199(2150) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം ഫെയ്സ് III-യുടെ ഭാഗമായി 22-10-2020-ലെ 1947/2020/എച്ച്&എഫ് ഡബ്ല്യൂഡി നമ്പർ ഉത്തരവ് പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുതുവൈപ്പ്, പിഴല, വല്ലാർപാടം തുടങ്ങിയ പ്രദേശങ്ങളിലെ പി.എച്ച്.സി.കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പ്, പിഴല, വല്ലാർപാടം പ്രദേശങ്ങളിലെ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 04-11-2020-ൽ എൻ.എച്ച്.എം. എറണാകുളം ജില്ലാ ഓഫീസിൽനിന്നും കോസ്റ്റ്ഫോർഡെന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ളതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. എത്രയുംവേഗം സമർപ്പിക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊല്ലം ജില്ലാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

200(2151) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

20,000 ചതുരശ്ര മീറ്ററിലധികം മൊത്ത വിസ്തീർണ്ണമുള്ള ആശുപത്രികളുടെ നിർമ്മാണത്തിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായതിനാൽ പ്രസ്തുത അനുമതിക്കായി ഒരുവർഷം കാലതാമസം നേരിടേണ്ടി വന്നിരുന്നു. കൂടാതെ GRIHA അനുസരിച്ച് മാറ്റം വരുത്തുന്നതിനായി പുതുക്കിയ ആർക്കിടക്ചറൽ പ്ലാൻ തയ്യാറാക്കി വീണ്ടും കിഫ്ബിയുടെ അംഗികാരം നേടേണ്ടതുണ്ട്. കൊല്ലം ജില്ലാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ധനാനുമതി നൽകിയിരുന്നെങ്കിലും പ്രസ്തുത പദ്ധതിക്കായുള്ള സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമായിട്ടില്ല. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത പദ്ധതിയുടെ പദ്ധതി രേഖയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ടോ; കിഫ്ബിയിൽ നിന്നും സാമ്പത്തിക

അനുമതി ലഭിച്ച പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് വീണ്ടും അനുമതി ആവശ്യമായി വരുമോ; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യത്തിനായി പദ്ധതിയുടെ രൂപരേഖയിൽ നിരവധി തവണ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കൂടാതെ GRIHA അനുസരിച്ച് മാറ്റം വരുത്തുന്നതിനായി പുതുക്കിയ ആർക്കിടക്ചറൽ പ്ലാൻ തയ്യാറാക്കി വീണ്ടും കിഫ്ബിയുടെ അംഗീകാരം നേടേണ്ടതുണ്ട്.

(സി) നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തൃപ്തികരമായ രീതിയിൽ തീരുമാനിച്ച് ഗൃഹമാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകി പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്നുണ്ട്.

**വടവുകോട് സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡ്**

201 (2152) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സി.എച്ച്.സി.-യിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത 90 ആശുപത്രികളിൽ കുന്നത്തുനാട് മണ്ഡലത്തിലെ വടവുകാട് സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്ഥലത്തുള്ള മരം മുറിക്കുക, മറ്റു തടസ്സങ്ങൾ മാറ്റുക തുടങ്ങിയ പ്രാരംഭ ജോലികൾ ആശുപത്രിയുടെ ഭാഗത്തുനിന്നും പൂർത്തീകരിച്ചുവരുന്നു. പ്രദേശത്തെ ഉപയോഗശൂന്യമായി കിടക്കുന്ന വാട്ടർ ടാങ്ക് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥലം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ.-ന് കൈമാറി നിർമ്മാണ പ്രവർത്തനം

ആരംഭിക്കുന്നതാണ്.

**ഡയാലിസിസ് യൂണിറ്റിലേക്ക് ജനറേറ്റർ**

202 (2153)<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിലേയ്ക്ക് ആവശ്യമായ വലിയ ജനറേറ്റർ അനുവദിച്ച് നൽകുന്നതിൽ കെ.എം.എസ്.സി.എൽ.-ന് മുമ്പിലുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ജനറേറ്റർ വാങ്ങി ആശുപത്രിക്ക് കൈമാറാൻ കെ.എം.എസ്.സി.എൽ. കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ജനറേറ്റർ എന്നത്തേയ്ക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) കൊയിലാണ്ടി താലൂക്കാശുപത്രിൽ ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിന് കിഫ്ബിയുടെ അനുമതി ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത

ഉപകരണം ലഭ്യമാക്കുന്നതിനായി മൂന്ന് തവണ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും വിതരണക്കാർ ജനറേറ്റർ വാങ്ങി വിതരണം ചെയ്യുന്നതിൽ നിന്ന് സാങ്കേതിക കാരണങ്ങളാൽ പിന്മാറുകയും തുടർന്ന് കെൽ മുഖാന്തരം പ്രസ്തുത ജനറേറ്റർ വാങ്ങി വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 16,25,214/- രൂപ ചെലവ് വരുന്ന ജനറേറ്റർ വാങ്ങുന്നതിനായി അനുവദിച്ച 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കുന്നതിനായി കെ.എം.എസ്.സി.എൽ., കിഫ്ബിയെ സമീപിച്ചിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജനറേറ്റർ വാങ്ങി വിതരണം നടത്തുന്നതുമാണ്.

## മാനസികാരോഗ്യ കേന്ദ്രത്തിൽ അന്തേവാസികൾ തമ്മിലുണ്ടായ സംഘർഷം

203 (2154) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിൽ അന്തേവാസികൾ തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് യുവതി കൊല്ലപ്പെട്ട സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിലെ സുരക്ഷാവീഴ്ചയാണോ കൊലപാതകത്തിലേയ്ക്ക് നയിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൽനിന്നും ചുമർ തുരന്ന് രണ്ട് അന്തേവാസികൾ രക്ഷപ്പെട്ട സംഭവത്തെ തുടർന്ന് ആരോഗ്യ കേന്ദ്രത്തിനാവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(എ-സി) ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. സുരക്ഷാ ജീവനക്കാരുടെ കുറവ് ബോദ്ധ്യപ്പെട്ടതിനാൽ എൻ.എച്ച്.എം. മുഖേന കൂടുതൽ സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

**അടിമാലിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി**

204(2155) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകളുടേയും

കുട്ടികളുടേയും ആശുപത്രി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) 17-08-2015-ലെ 2644/2015 നമ്പർ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആരംഭിക്കുന്നതിന് 17-08-2015-ൽ സ്റ്റേറ്റ് സ്കീമിൽ ഉൾപ്പെടുത്തി 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടത്തിനുള്ള സ്ഥലം അടിമാലി ഗ്രാമപഞ്ചായത്ത് ആരോഗ്യ വകുപ്പിന് കൈമാറുന്നതിന് കാലതാമസം വന്നതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതെ വരികയും കോസ്റ്റ് ഇൻഡക്സ് മാറുകയും ചെയ്തു. ഇതിൻപ്രകാരം 14.71 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആയത് രണ്ട് ഘട്ടങ്ങളായി തിരിച്ച് ഒന്നാംഘട്ടത്തിലെ നിർമ്മാണങ്ങൾ 450 ലക്ഷം രൂപയിൽ നിജപ്പെടുത്തി 2015 -ലെ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എരുമേലി സി.എച്ച്.സി.-യിലെ ഒഴിവുകൾ

205(2156) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

എരുമേലി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാരുടെ തസ്തികയിൽ ഒഴിവില്ല. നിലവിലുള്ള 7 തസ്തികകളിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ജെ.പി.എച്ച്.എൻ.-മാരുടെ റാങ്ക് ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒഴിവുണ്ടായിരുന്ന 5 ജെ.പി.എച്ച്.എൻ.-മാരുടെ തസ്തികയിലേയ്ക്ക് 3 പേരെ നിയമിച്ചിട്ടുണ്ട്. ജെ.എച്ച്.ഐ. തസ്തികയിൽ ഒരൊഴിവ് നിലിവിലുള്ളത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ പി.എസ്.സി.-യിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്.

(ബി) എരുമേലി സി.എച്ച്.സി.-യുടെ കീഴിലുള്ള ഒൻപത് സബ്

സെന്ററുകളിൽ നിലവിൽ ഏതെല്ലാമാണ് പ്രവർത്തിക്കുന്നതെന്നും എല്ലാ സബ് സെന്ററുകളും പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ മെയിൻ സെന്റർ ഉൾപ്പെടെ 11 സബ് സെന്ററുകളാണ് പ്രവർത്തിക്കുന്നത്. എരുമേലി സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിലവിൽ 5 ജെ.പി.എച്ച്.എൻ. തസ്തികയിൽ ഒഴിവുണ്ട്. ജെ.പി.എച്ച്.എൻ. തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിൽ മൂന്നെണ്ണത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തി. 9 സബ് സെന്ററുകളുടെ പ്രവർത്തനം പൂർണ്ണമായും നല്ലരീതിയിൽ നടക്കുന്നുണ്ട്. എന്നാൽ, സബ് സെന്ററുകളായ കനകമ്പലം, ഇടകടത്തി എന്നിവയുടെ പ്രവർത്തനം ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതോടുകൂടി ഒഴിവുകൾ നികത്തുന്നതനുസരിച്ച് സബ് സെന്ററുകളുടെ പ്രവർത്തനം പൂർണ്ണതോതിലാകുന്നതാണ്.

(സി) എരുമേലി സി.എച്ച്.സി.-യിൽ വൈകുന്നേരം ആറുമണിക്കുശേഷം ഒ.പി. പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ 7 ഡോക്ടർമാരിൽ 3 പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റിലുള്ള ഡോക്ടർമാർ തിരികെ ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് 6 മണിക്ക് ശേഷം ഒ.പി. പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മങ്കടയിലെ പാങ്ങ് കുടുംബാരോഗ്യകേന്ദ്രം**

206 (2157) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുൾപ്പെടെ ആകെ എത്ര ജീവനക്കാരുടെ തസ്തികയാണ് നിലവിലുള്ളത്; നിലവിൽ എത്ര ജീവനക്കാരാണ് ജോലി നോക്കി വരുന്നത്?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-

1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിക്കുകയും ചെയ്തിട്ടുണ്ട്. ഈ കുടുംബാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള തസ്തികകളുടെയും ഒഴിവുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക | ഒഴിവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 4 | 0 |
| 2. | നഴ്സിംഗ് ഓഫീസർ | 5 | 0 |
| 3. | ക്ലാർക്ക് | 1 | 0 |
| 4. | ഫാർമസിസ്റ്റ് | 2 | 1 |
| 5. | ലാബ് ടെക്നീഷ്യൻ | 2 | 1 |
| 6. | നഴ്സിംഗ് അസിസ്റ്റന്റ് | 2 | 1 |
| 7. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I | 1 | 0 |
| 8. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | 2 | 1 |
| 9. | ഡ്രൈവർ | 1 | 0 |

കൂടാതെ, താൽക്കാലികാടിസ്ഥാനത്തിൽ താഴെപറയുന്ന ജീവനക്കാരും ജോലി ചെയ്തു വരുന്നു. ഡോക്ടർ -1 (LSGD), ഫാർമസിസ്റ്റ്-1 (LSGD), ഫാർമസിസ്റ്റ് - 1 (Adhoc), RBSK നഴ്സ് -1 (NHM), MLSP നഴ്സ് -1 (NHM),

JPHN - 2 (Adhoc), Hospital Attendant Grade II- I (Adhoc)

(ബി) കുറുപ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും സാധാരണക്കാരുടെ ഏക ആശ്രയമായ ഈ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഈവനിംഗ് ഒ.പി ഇല്ലാത്തതും ആവശ്യത്തിന് ജീവനക്കാരില്ലാത്തതും പൊതുജനങ്ങൾക്ക് പ്രയാസം സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ സായാഹ്ന ഒ.പി പ്രവർത്തിക്കുന്നുണ്ട്.

(സി) ദിവസേനയുള്ള രോഗികളുടെ ബാഹുല്യം കണക്കിലെടുത്തും രാത്രികാല ചികിത്സയ്ക്ക് മറ്റ് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നത് കണക്കിലെടുത്തും പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുകയെന്നതല്ല മറിച്ച് നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയെന്നതാണ്. ആയതിനാൽ, അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി

കുടുംബാരോഗ്യ കേന്ദ്രമായി ആർദ്രം ഒന്നാംഘട്ടത്തിൽ ഉയർത്തുകയും അതിൻപ്രകാരം അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ്**

207(2158) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ് സ്ഥാപിക്കുകയെന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 26-07-2021-ലെ G.O (Rt) No. 1555/2021/H&FWD നമ്പർ സർക്കാർ ഉത്തരവിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ

തെരഞ്ഞെടുത്ത 140 ആശുപത്രികളിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആദ്യഘട്ടത്തിൽ നിർമ്മാണം ആരംഭിക്കുന്നതിനായി തെരഞ്ഞെടുത്ത മണ്ഡലങ്ങളിലെ ആശുപത്രികളിൽ ഈ ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

## ഗുരുവായൂർ മണ്ഡലത്തിലെ സി.എച്ച്.സി.

208(2159) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കിടത്തി ചികിത്സയുണ്ടായിരുന്നതും പിന്നീട് നിർത്തൽ ചെയ്തതുമായ സി.എച്ച്.സി.കളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സി.എച്ച്.സി. വടക്കേക്കാട്, സി.എച്ച്.സി. കടപ്പുറം.

സി.എച്ച്.സി. വടക്കേക്കാട്: കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സി.എഫ്.എൽ.റ്റി.സി.-കൾ ആരംഭിച്ചപ്പോൾ നിലവിലുള്ള ജീവനക്കാരെ ടി സി.എഫ്.എൽ.റ്റി.സി.-കളിൽ നിയോഗിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കിടത്തി ചികിത്സ താൽക്കാലികമായി നിർത്തൽ ചെയ്തു.

നിലവിൽ കിടത്തി ചികിത്സാ വാർഡ് കോവിഡ് വാക്സിനേഷനുവേണ്ടി ഉപയോഗിച്ചുവരികയാണ്. ഇതുകഴിയുന്ന മുറയ്ക്ക് ഐ.പി. സേവനം പുനരാരംഭിക്കുന്നതാണ്. സി.എച്ച്.സി. കടപ്പുറം കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സി.എഫ്.എൽ.റ്റി.സി.-കൾ ആരംഭിച്ച സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ ടി സി.എഫ്.എൽ.റ്റി.സി.-കളിൽ നിയോഗിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കിടത്തി ചികിത്സ താൽക്കാലികമായി നിർത്തൽ ചെയ്തു.

(ബി) പ്രസ്തുത സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സി.എഫ്.എൽ.റ്റി.സി.-കളിൽ നിയോഗിച്ച ജീവനക്കാരെ തിരികെ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഗുരുവായൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

26-07-2021-ലെ സ.ഉ. (ആർ.റ്റി) നം.1555/2021/ആ.കു.വ. പ്രകാരം 140 നിയമസഭാ മണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ

വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം സാമൂഹ്യകാരോഗ്യ കേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആദ്യഘട്ടത്തിൽ നിർമ്മാണം ആരംഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട മണ്ഡലങ്ങളിലെ ആശുപത്രികളിൽ ഇത് ഉൾപ്പെട്ടിട്ടില്ല.

## കണ്ടാണശ്ശേരി കുടുംബാരോഗ്യകേന്ദ്രം-കെട്ടിട നിർമ്മാണം

209(2160) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതിചെയ്യുന്ന കണ്ടാണശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിന് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 13-06-2018-ൽ മുപ്പത് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിലേത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഉണ്ട്, കണ്ടാണശ്ശേരി ഫാമിലി ഹെൽത്ത് സെന്ററിൽ

പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി തൃശ്ശൂർ എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ ബ്ലോക്കിന്റെ ഫൗണ്ടേഷൻ, കോളം പെഡസ്റ്റൽ എന്നിവ പൂർത്തിയായിട്ടുണ്ട്. നിലവിൽ Plinth Beam നിർമ്മാണ ഘട്ടത്തിൽ എത്തിയിരിക്കുന്നു. ആകെ നിർമ്മാണ പ്രവൃത്തിയുടെ 20% -ഓളം പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം ജില്ലയിലെ ആയുർവ്വേദ ഹോമിയോ ആശുപത്രികൾ/ഡിസ്പെൻസറികൾ

210(2161) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ എത്ര സർക്കാർ ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ/ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്; ഓരോ യൂണിറ്റിലും അനുവദിച്ചിട്ടുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കൊല്ലം ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിൽ 9 ആയുർവേദ ആശുപത്രികളും 57 ആയുർവേദ ഡിസ്പെൻസറികളും ഒരു സിദ്ധ

ഡിസ്പെൻസറിയും ഒരു പ്രകൃതി ചികിത്സാ ഡിസ്പെൻസറിയും അടക്കം 68 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. അനുവദിക്കപ്പെട്ട സ്ഥാപനങ്ങളുടേയും തസ്തികകളുടേയും പട്ടിക അനുബന്ധമായി ചേർക്കുന്നു.+ ഹോമിയോപ്പതി വകുപ്പിൻ കീഴിൽ കൊല്ലം ജില്ലയിൽ 48 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 3 സർക്കാർ ഹോമിയോ ആശുപത്രികളും നിലവിലുണ്ട്. ടി സ്ഥാപനങ്ങളിൽ അനുവദിച്ച തസ്തികകൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

## റാന്നി താലൂക്കാശുപത്രി വികസനം

211(2162) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-ശിശുവികസന വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ എത്ര രൂപയാണ് അനുവദിച്ചത്; നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്?

റാന്നി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 15.597 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ഹൈറ്റ്സ്-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണമാരംഭിക്കാൻ ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തിയാകാനുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തിയായതിനുശേഷം കിഫ്ബിയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അനുവദിച്ചു നൽകേണ്ടതുവരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ഇറവങ്കം പ്രാഥമികാരോഗ്യ കേന്ദ്രം

212(2163) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഇറവങ്കം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കാമോ?

തഴക്കര ഇറവങ്കം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. ഫണ്ട് 15.50 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് ഫണ്ട് 10 ലക്ഷം രൂപയും തഴക്കര ഗ്രാമപഞ്ചായത്ത് ഫണ്ട് 12.5 ലക്ഷം രൂപയും ചേർത്ത് 38 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനവും കുടുംബാരോഗ്യകേന്ദ്രത്തിന്റെ ഒന്നാംഘട്ട നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ടിൽ അനുവദിച്ച പുതിയ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഒ.പി. വിഭാഗം, ലാബ്, രോഗി കാത്തിരിപ്പ് ഏരിയ, പ്രീ ചെക്കപ്പ്, പോസ്റ്റ് ചെക്കപ്പ് ഏരിയ എന്നിവയ്ക്കായി 2019-20-ലെ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച 58 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

**കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

213(2164) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള നടപടികൾ ഇപ്പോഴേത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഡയാലിസിസ് യൂണിറ്റ് എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇരിക്കൂറിലെ ആർദ്രം പദ്ധതി**

214(2165) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ചുഴലി, എരുവേശ്ശി, കുടിയാൻമല, ചന്ദനക്കാംപാറ, ആലക്കോട്, മണക്കടവ്, നടുവിൽ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. പ്രാഥമികാരോഗ്യകേന്ദ്രം, ചുഴലി:- എൻ.എച്ച്.എം. ഫണ്ടായ 15 ലക്ഷം രൂപ ഉപയോഗിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താൻ സാധ്യമല്ലാത്തതിനാൽ 2022-23 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. പി.ഐ.പി.-യിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടത്തിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. പ്രാഥമികാരോഗ്യകേന്ദ്രം, എരുവശ്ശേരി:- കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തു ന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

3. പ്രാഥമികാരോഗ്യ കേന്ദ്രം, കുടിയാൻമല:- കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. മുഖേന 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് വഴി

അനുവദിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. പ്രാഥമികാരോഗ്യ കേന്ദ്രം, ചന്ദനക്കാംപാറ:- കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

5. പ്രാഥമികാരോഗ്യ കേന്ദ്രം, ആലക്കോട് (മണക്കടവ്):- 2021-22 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. ഫണ്ടായ 110.89 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. നിർവ്വഹണ ഏജൻസിയായി ഫോറസ്റ്റ് ഇൻഡസ്ട്രീസിനെ ചുമതലപ്പെടുത്തി നിർമാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

6. പ്രാഥമികാരോഗ്യ കേന്ദ്രം, നടുവിൽ:- കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി താലൂക്കാശുപത്രി-ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം**

215(2166) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കാശുപത്രിയിൽ പഠന വൈകല്യ-മന:ശാസ്ത്ര പരിശോധനയ്ക്കും ചികിത്സയ്ക്കുമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പ്രസ്തുത സ്ഥാപനത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക നിലവിലില്ല. ആകയാൽ കരാറടിസ്ഥാനത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

**തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ പ്രവൃത്തികൾ**

216(2167) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ നിലവിൽ വിവിധ

പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകളും അവയുടെ നിലവിലെ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

തിരൂരങ്ങാടി താലൂക്കാശുപത്രിക്ക് 08-10-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1836/2020/ആ.കു.വ. പ്രകാരം കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 13.64 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ എസ്.പി.വി. കിറ്റ്കോ ആണ്. നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭനടപടികൾ നടന്നുവരുന്നു. ലക്ഷ്യ പദ്ധതി പ്രകാരം മെറ്റേർണിറ്റി യൂണിറ്റിന്റെ നിർമ്മാണം എൻ.എച്ച്.എം. മുഖേന 5 ലക്ഷം രൂപ ചെലവിൽ നടന്നുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ട്രസ്സ് വർക്കിന് എം.എൽ.എ. ഫണ്ടിൽ നിന്നും 98 ലക്ഷം രൂപ അനുവദിച്ചിരുന്നു. നിലവിൽ പ്രസ്തുത തുക ഉപയോഗിച്ച് Operation Theatre Block-ന്റെ ട്രസ്സ് വർക്ക്, നിലവിലുള്ള ഒ.പി. ബ്ലോക്ക്, കാഷ്വാലിറ്റി ബ്ലോക്ക് എന്നിവയുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 1,50,00,000 രൂപ (ഒരു കോടി എൻ.എച്ച്.എം. ഫണ്ട്, അമ്പത് ലക്ഷം എൽ.എസ്.ജി.ഡി. ഫണ്ട്) അനുവദിച്ചിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടി തുടങ്ങിയിട്ടുണ്ട്. തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ നിലവിൽ വിവിധ

പ്രവൃത്തികൾക്കായി അനുവദിച്ച ഫണ്ട് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ ആശുപത്രിയിൽ വിവിധ പദ്ധതികൾക്കായി സമർപ്പിച്ചതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ വിശദമായ പദ്ധതിക്കുവേണ്ടി അംഗീകൃത ഏജൻസി മുഖേന മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. കൂടാതെ എൽ.എസ്.ജി.ഡി. മുഖേന കുടിവെള്ള പദ്ധതി, സോളാർ പാനൽ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റാന്നി-പെരുനാട് സി.എച്ച്.സി. -യുടെ വികസനം

217(2168) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നതും പെരുനാട്ടിലെ ആദിവാസി വിഭാഗക്കാർ ചികിത്സയ്ക്കായി ഏറെ ആശ്രയിക്കുകയും ചെയ്യുന്ന പെരുനാട് സി.എച്ച്.സി.-യിൽ മികച്ച ചികിത്സാ സൗകര്യത്തിനായി എന്തെല്ലാം പദ്ധതികളാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇരുപത്തിനാല് മണിക്കൂർ കിടത്തി ചികിത്സാ സൗകര്യം എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

റാന്നി റവന്യൂ ബ്ലോക്കിൽനിന്നും പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ട്. ബ്ലോക്ക് ലെവൽ ഫാമിലി ഹെൽത്ത് സെന്റർ ആക്കിയതിൻ പ്രകാരം 37.5 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കോവിഡ് വ്യാപനത്തിന് മുമ്പുള്ള കാലയളവിൽ ശബരിമല തീർത്ഥാടന സമയത്ത് പൂർണ്ണമായ തോതിൽ ജീവനക്കാരെ നിയമിച്ച് 24 മണിക്കൂർ പ്രവർത്തനസജ്ജമാക്കിയിരുന്നു. റാന്നി പെരുനാട്ടിൽ ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവരുൾപ്പെടെ പൊതുജനങ്ങൾക്ക് താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. പി.എം.എസ്.എം.എ. പദ്ധതി വഴി ഗർഭിണികൾക്ക് ചികിത്സ നൽകുന്നു.

2. എല്ലാ തിങ്കളാഴ്ചയും ഗർഭിണികൾക്ക് വാക്സിനേഷൻ നൽകുന്നു.

3. എല്ലാ ബുധനാഴ്ചയും കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നു.

4. ആശ്വാസ് പദ്ധതി വഴി മാനസികാരോഗ്യ ക്ലിനിക്കുകൾ മാസത്തിലെ അവസാന ചൊവ്വാഴ്ച നടത്തപ്പെടുന്നു. കൂടാതെ, എല്ലാ ആഴ്ചയും വെള്ളി, ശനി ദിവസങ്ങളിൽ മാനസികാരോഗ്യ കൗൺസിലിംഗിലൂടെ സേവനം ലഭ്യമാക്കുന്നുണ്ട്.

5. ഫിസിയോ തെറാപ്പി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

6. ലബോറട്ടറി സേവനം ലഭ്യമാണ്.

7. പ്രൈമറി സാന്ത്വന പരിചരണ യൂണിറ്റ് വഴി റാന്നി-പെരുനാട് പഞ്ചായത്തിലെ കിടപ്പുരോഗികൾക്കാവശ്യമായ ആരോഗ്യപരിചരണം നൽകിവരുന്നുണ്ട്.

8. സെക്കണ്ടറി സാന്ത്വന പരിചരണ യൂണിറ്റ് വഴി റാന്നി, പെരുനാട്, സീതത്തോട്, ചിറ്റാർ പഞ്ചായത്തുകളിലെ കിടപ്പുരോഗികൾക്ക് നഴ്സ്, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പുവരുത്തുന്നു.

9. എസ്.സി./എസ്.ടി. കോളനികളിൽ വാർഷിക പദ്ധതികളുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ, ടി കോളനികളിൽ വൈദ്യസഹായമെത്തിക്കാൻ വാഹന സൗകര്യങ്ങളൊരുക്കുന്നു.

10. ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ആശുപത്രികളിൽ എൻ.സി.ഡി.

ക്ലിനിക്ക്, അഡോളസെന്റ് ക്ലിനിക്ക് എന്നിവ നടത്തി വരുന്നു.

11. ശബരിമല മകരവിളക്ക്, മണ്ഡലകാല പൂജ കാലയളവിൽ സാമൂഹികാരോഗ്യ കേന്ദ്രം റാന്നി പെരുനാട്ടിൽ ആവശ്യമായ അധിക ജീവനക്കാരെ മറ്റുസ്ഥാപനങ്ങളിൽനിന്നും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിച്ചും രാത്രികാലങ്ങളിൽ ഓൺകോളായി ഡോക്ടറുടെ സേവനം ഉറപ്പാക്കിയും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ആവശ്യമായ ആംബുലൻസ് സേവനം ഉറപ്പാക്കാറുണ്ട്. തീർത്ഥാടകർക്കാവശ്യമായ മരുന്നുകളും (ആന്റിവെനം ഉൾപ്പെടെ) ഉറപ്പാക്കാറുണ്ട്.

(സി) ആദിവാസി സ്ത്രീകളുടെ ആരോഗ്യ ബോധവത്കരണത്തിനായി പ്രസ്തുത ആശുപത്രിയിൽ ഗൈഡൻസ് & കൗൺസിലിംഗ് വിഭാഗം ആരംഭിക്കുമോ;വ്യക്തമാക്കാമോ?

നിലവിൽ സി.എച്ച്.സി. റാന്നി പെരുനാട്ടിൽ പൊതുജനങ്ങൾക്ക് ആരോഗ്യ ബോധവത്ക്കരണത്തിനായി പ്രത്യേക കൗൺസിലിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ടി വിഭാഗം എല്ലാ ആഴ്ചയിലും വെള്ളി, ശനി ദിവസങ്ങളിലാണ് പ്രവർത്തിക്കുന്നത്.

## കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണം

218(2169) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ ജലജന്യരോഗങ്ങളും പകർച്ചവ്യാധികളും ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സമഗ്ര വികസനങ്ങൾ നടപ്പിലാക്കിവരുന്നു. ആർദ്രം പദ്ധതി പ്രകാരം കുട്ടനാട്ടിലെ 8 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (കുടുംബാരോഗ്യ കേന്ദ്രങ്ങൾ - തലവടി, നീലംപേരൂർ, വീയപുരം, രാമങ്കരി, തകഴി, കാവാലം, കുപ്പപ്പുറം, മുട്ടാർ), 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (സാമൂഹികാരോഗ്യ കേന്ദ്രം, ചമ്പക്കുളം, വെളിയനാട്). കൂടാതെ, സാമൂഹികാരോഗ്യ കേന്ദ്രം ചെമ്പുംപുറം, എടത്വ എന്നീ ആശുപത്രികളിൽ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ആശുപത്രി

വികസനം, ലാബ് വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ സ്ഥാപനങ്ങളിൽ രാവിലെ 9 മണിമുതൽ വൈകിട്ട് 6 മണിവരെ ഒ.പി. സേവനം, ലബോറട്ടറി, വിവിധ രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ എന്നിവ ഏർപ്പെടുത്തിവരുന്നു. കൂടാതെ, ആശുപത്രികൾക്കാവശ്യമായ കെട്ടിട സൗകര്യങ്ങൾ എൻ.എച്ച്.എം. മുഖേന ഏർപ്പെടുത്തിവരുന്നു. കൂടാതെ, ആർദ്രം പദ്ധതി പ്രകാരം ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയിൽ ഉയർത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+ പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്കായി 144.06 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നിർമ്മാണ സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുള്ളതാണ്. ബഹുനില കെട്ടിടത്തിന്റെ പ്ലാൻ അപ്രൂവൽ, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുന്നതിന് എസ്.പി.വി. -യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആർദ്രം പദ്ധതി പ്രകാരം കുട്ടനാട് മണ്ഡലത്തിലെ ആശുപത്രികളിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു.

കുടുംബാരോഗ്യ കേന്ദ്രം, നീലംപേരൂർ ഡോക്ടർ-1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ-1. കുടുംബാരോഗ്യ കേന്ദ്രം, തലവാടി ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-2, ഫാർമസിസ്റ്റ്-1. തകഴി, കാവാലം, കുപ്പപ്പുറം, രാമങ്കരി, വീയപുരം - കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഡോക്ടർ -1, സ്റ്റാഫ് നഴ്സ് -1. പുളിങ്കുന്ന് താലൂക്കാശുപത്രി. ഡോക്ടർ-1, റേഡിയോഗ്രാഫർ ഗ്രേഡ്-2 -1, എക്സ്റേ അറ്റൻഡർ-1, ഫാർമസിസ്റ്റ് ഗ്രേഡ് II-1, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 4, ലാബ് ടെക്നീഷ്യൻ-1. കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ എൻ.എച്ച്.എം. വഴി താഴെ പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

പി.ആർ.ഒ. -3, മെഡിക്കൽ ഓഫീസർ -3, സ്റ്റാഫ് നഴ്സ്-6, MLSP -9, RBSK Nurse-7, ഫാർമസിസ്റ്റ്-5, ലാബ് ടെക്നീഷ്യൻ-1, ഫിസിയോ തെറാപ്പിപിസ്റ്റ്-2, ഡയറ്റീഷൻ -1, ഡാറ്റാ എൻട്രി ഓപ്പറേറ്റർ -2.

(സി) ജീവനക്കാർക്കാവശ്യമായ ക്വാർട്ടേഴ്സ് സൗകര്യങ്ങൾ ലഭ്യമാക്കാൻ

നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

**മാമ്പഴത്തറയിൽ പി.എച്ച്.സി. സബ് സെന്റർ**

219(2170) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് പഞ്ചായത്തിൽ ഉൾപ്പെട്ട മാമ്പഴത്തറ ഇരുട്ടുതറ ചതുപ്പ് കോളനിയിലെ മാമ്പഴത്തറ മേഖലയിൽ തെന്മല പി.എച്ച്.സി.-യുടെ ഒരു സബ് സെന്റർ അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗക്കാർ ഏറെയുള്ള പ്രസ്തുത കോളനിയിലെ ആളുകൾക്ക് ആശുപത്രി സൗകര്യങ്ങൾക്കായി പുനലൂർ, തെന്മല, കുളത്തുപ്പുഴ എന്നിവിടങ്ങളിലേയ്ക്കെത്താൻ യാത്രാ സൗകര്യക്കുറവുള്ളതിനാൽ തെന്മല പി.എച്ച്.സി.-യുടെ ഒരു സബ് സെന്റർ മാമ്പഴത്തറ മേഖലയിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ

എന്നറിയിക്കാമോ?

(എ&ബി) ഉണ്ട്. 09-03-2022-ലെ FW3/298/2021/ആരോഗ്യം നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഭക്ഷണ സാധനങ്ങളിലെ മായം കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ**

220(2171) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പായ്ക്കറ്റുകളിൽ ലഭിക്കുന്ന സുഗന്ധവ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ എല്ലാ ബ്രാൻഡഡ് ഭക്ഷ്യ ഉൽപ്പന്നങ്ങളിലും വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് മാർക്കറ്റുകളിൽ പായ്ക്കറ്റുകളിലും അല്ലാതെയും ലഭ്യമാകുന്ന സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, പച്ചക്കറികൾ ഉൾപ്പെടെ എല്ലാ ബ്രാൻഡഡും അല്ലാത്തതുമായ എല്ലാ ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ

നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ കഴിഞ്ഞ മൂന്ന് വർഷമായി ശേഖരിച്ച 52,277 സ്റ്റാറ്റ്യൂട്ടറി/സർവ്വയിലൻസ് സാമ്പിളുകളിൽ അനലിറ്റിക്കൽ ലാബുകളുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം 19,963 സാമ്പിളുകളിൽ കീടനാശിനികളുടെ/ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ കീടനാശിനികളുടെ/ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയ സാമ്പിളുകൾ വിപണനം ചെയ്ത ഭക്ഷ്യസംരംഭകർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാചകം ചെയ്ത ഭക്ഷണ സാധനങ്ങളിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; അവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എല്ലാ ഭക്ഷണശാലകളിലും കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തി സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ

പരിശോധന നടത്തിവരുന്നു. പാകം ചെയ്ത ഭക്ഷണസാധനങ്ങളിൽ കൃത്രിമ നിറങ്ങളുടെ സാന്നിദ്ധ്യം, അവയുടെ അളവ് ഇവ പരിശോധിക്കുന്നതിനായി UV Spectro Photrometer, High Performance Liquid Chromatograph (HPLC) എന്നീ ഉപകരണങ്ങളും ഘനലോഹങ്ങളായ ലെഡ്, കോപ്പർ, ആർസനിക് എന്നിവയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കുന്നതിന് Inductively Coupled Plasma Optical Emission Spectrometry (ICP-OES) എന്ന ഉപകരണവും അച്ചാർ, Half Cooked Chapathi എന്നിവയിലെ food additives ആയ Sorbic Acid, Benzoic Acid, കീടനാശിനി എന്നിവയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കുന്നതിനായി Gas Chromatograph coupled with Mass Spectrophotometer (GCMS MS), ബേക്കറി ഉൽപ്പന്നങ്ങളായ കേക്ക്, പഫ്സ് തുടങ്ങിയവയിലെ ട്രാൻസ്ഫാറ്റിന്റെ സാന്നിദ്ധ്യവും അളവും കണ്ടെത്തുന്നതിനായി Gas Chromatograph (GC) എന്ന ഉപകരണവും ഉപയോഗിച്ചുവരുന്നു. പാൽ, മത്സ്യം, മാംസം, തേൻ എന്നിവയിലെ ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ള LCMS-MS (Liquid Chromatograph Coupled with Mass Spectrophotometer) എന്ന ഉപകരണം കോഴിക്കോട്, തിരുവനന്തപുരം എന്നീ അനലിറ്റിക്കൽ

ലബോറട്ടറികളിൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനാ ലാബുകളുടെ ആധുനികവൽക്കരണത്തിന്റെ അഭാവം പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിവ 2016-2017 കാലയളവിൽ തന്നെ NABL (National Accreditation Board for Testing and Calibration Laboratories) അക്രെഡിറ്റേഷൻ നേടിയിട്ടുള്ളതിനാലും ടി ലബോറട്ടറികൾക്ക് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ (FSSAI) അംഗീകാരമുള്ളതിനാലും ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സഹായം ലഭ്യമാക്കിവരുന്നു. ആയതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനാ ലാബുകളുടെ ആധുനികവൽക്കരണത്തിന്റെ അഭാവം പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടില്ല.

(ഡി) ജി.സി.എം.എസ്.എം.എസ്. അടക്കമുള്ള അത്യാധുനിക ഉപകരണങ്ങൾ ഇത്തരം ലബോറട്ടറികളിൽ സജ്ജമാക്കിയിട്ടുണ്ടോ;

വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനാ ലാബുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജി.സി.എം.എസ്.എം.എസ്. അടക്കമുള്ള അത്യാധുനിക ഉപകരണങ്ങളായ LCMSMS, ICPMS, HPLC, Gas Chromatograph, ICPOES എന്നീ ഉപകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഭക്ഷണസാധനങ്ങളിൽ കൃത്രിമനിറങ്ങളുടെ സാന്നിദ്ധ്യം, അവയുടെ അളവ് എന്നിവ പരിശോധിക്കുന്നതിനായി UV Spectro Photrometer, High Performance Liquid Chromatograph (HPLC) എന്നീ ഉപകരണങ്ങളും ഘനലോഹങ്ങളായ ലെഡ്, കോപ്പർ, ആർസനിക് എന്നിവയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കുന്നതിന് Inductively Coupled Plasma Optical Emission Spectrometry (ICP-OES) എന്ന ഉപകരണവും അച്ചാർ, Half Cooked Chapathi എന്നിവയിലെ food additives ആയ Sorbic Acid, Benzoic Acid, കീടനാശിനി എന്നിവയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കുന്നതിനായി Gas Chromatograph coupled with Mass Spectrophotometer(GCMS MS), ബേക്കറി ഉൽപ്പന്നങ്ങളായ കേക്ക്, പഫ്സ് തുടങ്ങിയവയിലെ ട്രാൻസ്ഫാറ്റിന്റെ

സാന്നിദ്ധ്യവും അളവും കണ്ടെത്തുന്നതിനായി Gas Chromatograph (GC) എന്ന ഉപകരണവും ഉപയോഗിച്ചുവരുന്നു. പാൽ, മത്സ്യം, മാംസം, തേൻ എന്നിവയിലെ ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ള LCMS-MS (Liquid Chromatograph Coupled with Mass Spectrophotometer) എന്ന ഉപകരണം കോഴിക്കോട്, തിരുവനന്തപുരം എന്നീ അനലിറ്റിക്കൽ ലബോറട്ടറികളിൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

## വിഷരഹിത ഭക്ഷ്യവസ്തുക്കളുടെ വിപണനം

221 (2172) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; ഈ വിഷയത്തിൽ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണോ?

വിഷരഹിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ

നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യ വിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്. 2006- ലെ

ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആരാധനാലയങ്ങൾ ലഭ്യമാക്കുന്ന പ്രസാദങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ “ BHOG” (Blissfull Hygienic Offering to God) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ ലഭ്യമാക്കിവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടിക്കുന്നതിനായി SNF@School

എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിലൂടെ പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കുടിവെള്ള പരിശോധന, ഭക്ഷ്യവസ്തുക്കളിലെ മായം എന്നിവ പെട്ടെന്ന് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 8 സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകൾ പ്രവർത്തിച്ചു വരുന്നു. ടി ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) പുതുതായി ലഭ്യമാക്കിയ 6 മൊബൈൽ ലാബുകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി വാഹനങ്ങൾ പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾക്ക് ലഭ്യമാക്കുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ലഭ്യമാകുന്നതാണ്. മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത്

തടയുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയായ ' ഓപ്പറേഷൻ സാഗർറാണി' വിജയകരമായി നടപ്പിലാക്കിവരുന്നു. ' ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2019-20 കാലയളവിൽ ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളത്തിന് നാലാംസ്ഥാനവും 2020-21 കാലയളവിൽ രണ്ടാംസ്ഥാനവും ലഭിക്കുകയുണ്ടായി.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വിപണനത്തിനായി കൊണ്ടുവരുന്ന പച്ചക്കറി, പഴം, പാൽ, മത്സ്യം, മാംസം എന്നിവ ഭക്ഷ്യയോഗ്യമാണെന്ന് കരുതുന്നുണ്ടോ; ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നതുൾപ്പെടെയുള്ള

പച്ചക്കറി, പഴം, പാൽ, മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിവരുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഇത്തരത്തിൽ ആകെ 31,012 പരിശോധനകൾ നടത്തുകയും 5,555 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 273 സാമ്പിളുകളിൽ ആരോഗ്യത്തിന് ഹാനികരമായ രാസ വസ്തുക്കൾ കലർന്നതായി കണ്ടെത്തുകയും ആയതിൻപ്രകാരം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കുടിവെള്ള പരിശോധന, ഭക്ഷ്യവസ്തുക്കളിലെ മായം ഇവ പെട്ടെന്ന് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 8 സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകൾ

പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) പുതുതായി ലഭ്യമാക്കിയ 6 മൊബൈൽ ലാബുകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി വാഹനങ്ങൾ പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾക്ക് ലഭ്യമാക്കുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ലഭ്യമാകുന്നതാണ്.

## സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് രോഗം

222 (2173) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ലൂപസ് അഥവാ സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് എന്ന രോഗം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ രോഗികളുടെ എണ്ണം ലഭ്യമാണോ?

ഉണ്ട്. മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലുമായി

കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(ബി) ലൂപസ് രോഗത്തിന് ഇൻഷ്വറൻസ് പരിരക്ഷയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത രോഗികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(സി) ലൂപസ് രോഗികൾക്ക് ബി.പി.എൽ. കാർഡിൽപ്പെട്ട രോഗികൾക്ക് ലഭിക്കുന്ന അതേ പരിഗണന എല്ലാ സർക്കാർ ആശുപത്രികളിലും കിട്ടുന്നതിനുവേണ്ടി സി.എച്ച്.ഐ.എ.കെ./ ആർ.എസ്.ബി.വൈ./ആയുഷ്മാൻ ഭാരത് തുടങ്ങിയ ആരോഗ്യ പദ്ധതികളിൽ പരിഗണന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) പ്രസ്തുത രോഗത്തിനുള്ള മരുന്നുകളെ ഓർഫൻ ഡ്രഗ്ഗ് ലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ?

(ബി-ഡി) ദേശീയ ഹെൽത്ത് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് ബെനിഫിറ്റ് പാക്കേജിൽ ഈ രോഗം നിലവിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ലൂപസ് രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ട കഠിനമായ അവസ്ഥ വന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്. ഇത് ഒരുകുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപ

secondary, tertiary care ആശുപത്രികളിൽ ലഭിക്കുന്നതാണ്.

(ഇ) പ്രസ്തുത രോഗികളെ ദി റൈറ്റ്സ് ഓഫ് പേഴ്സൺ വിത്ത് ഡിസെബിലിറ്റിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല. പരിശോധിക്കാവുന്നതാണ്.

(എഫ്) ആഴ്ചയിൽ ഒരു ദിവസം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലോ ജില്ലാശുപത്രിയിലോ സമഗ്ര റുമറ്റോളജി അല്ലെങ്കിൽ ലൂപസ് മാനേജ്മെന്റ് ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ജില്ലാശുപത്രികളിൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ജി) കാരുണ്യ ഫാർമസി വഴി മരുന്നുകളും മറ്റും സൗജന്യമായി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

KASP, മറ്റ് ആരോഗ്യ ചികിത്സാ പദ്ധതികളുടെ ഗുണഭോക്താക്കളായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാകുന്നുണ്ട്. മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും കാരുണ്യ ഫാമസികൾ വഴി ഈ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

**കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പദ്ധതി**

223 (2174) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പദ്ധതിയിലേക്ക് കണ്ണൂർ ജില്ലയിൽ നിന്ന് കഴിഞ്ഞ 6 മാസക്കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പദ്ധതിയിലേക്ക് (ശ്രുതിതരംഗം) കണ്ണൂർ ജില്ലയിൽനിന്ന് കഴിഞ്ഞ 6 മാസക്കാലയളവിൽ 9 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പരിഗണിച്ച അപേക്ഷകരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

പരിഗണിച്ച അപേക്ഷകരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

(സി) സർജറിക്കായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർജറിക്കായി തെരഞ്ഞെടുത്ത കുട്ടികൾക്ക് സർജറി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കഴിവതും മാർച്ച് മാസത്തിൽ തന്നെ കുട്ടികൾക്ക് സർജറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2021 ഡിസംബർ മാസത്തിനുശേഷം ലഭിച്ച 4 അപേക്ഷകൾ 15-03-2022-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന് കൂടുന്ന സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്. ഇതിൽ തെരഞ്ഞെടുക്കുന്ന കുട്ടികൾക്കും ഈ മാസം തന്നെ സർജറി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്.

**മൃതദേഹങ്ങൾ സംസ്കാരത്തിനായി വിട്ടുനൽകുന്നതിന് നടപടി**

224 (2175) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വൈകിട്ട് 6 മണി കഴിഞ്ഞാൽ മൃതദേഹങ്ങൾ സംസ്കാരത്തിനായി വിട്ടുനൽകേണ്ട എന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ?

നിലവിൽ വിട്ടുനൽകേണ്ട എന്ന നിർദ്ദേശമില്ല.

(ബി) കൊല്ലം എ. എ. റഹിം മെമ്മോറിയൽ ജില്ലാശുപത്രിയിൽ നിന്നും ഇത്തരത്തിൽ മൃതദേഹങ്ങൾ വിട്ടുനൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) രാത്രികാലങ്ങളിൽ മൃതദേഹങ്ങൾ സംസ്കാരത്തിനായി

ബന്ധുക്കൾക്ക് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ വിട്ടുനൽകേണ്ട എന്ന നിർദ്ദേശമില്ല.

**ബ്ലാക്ക് ഫംഗസ് രോഗം - ചികിത്സയ്ക്ക് ധനസഹായം**

225 (2176) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

സംസ്ഥാനത്ത് കോവിഡ് അനുബന്ധ രോഗമായ ബ്ലാക്ക് ഫംഗസ് ബാധയ്ക്കുള്ള ചികിത്സയ്ക്ക് വിലയേറിയ മരുന്നുകൾ വേണ്ടിവരുന്നത് നിർദ്ധന രോഗികളെ വലയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രോഗികൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബ്ലാക്ക് ഫംഗസ് ബാധിച്ച രോഗികൾക്ക് കേരളത്തിലെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഈ രോഗത്തിന്റെ ചികിത്സയ്ക്കായി പ്രധാനമായും ഉപയോഗിക്കുന്ന ആംഫോടെറിസിൻ (Amphotericin B) എന്ന മരുന്ന് കെ.എം.എസ്.സി.എൽ. വഴിയും ആവശ്യമായ അവസരങ്ങളിൽ ആശുപത്രി വികസന സമിതി വഴിയും ശേഖരിച്ച് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന എല്ലാ

രോഗികൾക്കും സൗജന്യമായി നൽകിവരുന്നു.

## അവയവമാറ്റ ശസ്ത്രക്രിയ

226 (2177) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്വകാര്യ ആശുപത്രികളിൽ ഓരോ അവയവമാറ്റ ശസ്ത്രക്രിയകൾക്കുമുള്ള ഫീസ് ഏകീകരിച്ച് നിജപ്പെടുത്തുന്നതിനും ഇതിൽ കൂടുതൽ തുക രോഗികൾ നൽകേണ്ടി വരുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വേണ്ടുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ താഴെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ലഭ്യമാണ്:-

മെഡിക്കൽ കോളേജ്, തിരുവനന്തപുരം - ഹൃദയം, വൃക്ക; മെഡിക്കൽ കോളേജ്, ആലപ്പുഴ - വൃക്ക; മെഡിക്കൽ കോളേജ്, കോട്ടയം - ഹൃദയം,

കരൾ, വൃക്ക; മെഡിക്കൽ കോളേജ്, കോഴിക്കോട് - വൃക്ക.

മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**യുക്രെയിനിൽ നിന്നും വരുന്നവർക്കുള്ള ചികിത്സ**

227 (2178) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) യുക്രെയിനിൽ നിന്നും വരുന്നവർക്ക് ഗ്രീൻ ചാനൽ വഴി ആരോഗ്യ വകുപ്പിന്റെ ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

സംസ്ഥാനത്തെ ഡൊമസ്റ്റിക് & ഇന്റർനാഷണൽ എയർപോർട്ടുകളിൽ ആരോഗ്യവകുപ്പ് മെഡിക്കൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. യാത്രക്കാരിൽ ബുദ്ധിമുട്ടുള്ളവർക്ക് അടിയന്തര വൈദ്യപരിശോധന നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ നാല് ഇന്റർനാഷണൽ എയർപോർട്ടുകളിലും ഡൊമസ്റ്റിക് എയർപോർട്ടുകളിലും ഇവരുടെ ആരോഗ്യസ്ഥിതി നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഡൊമസ്റ്റിക് & ഇന്റർനാഷണൽ എയർപോർട്ടുകളിൽ ആരോഗ്യവകുപ്പ് മെഡിക്കൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. യാത്രക്കാരിൽ ബുദ്ധിമുട്ടുള്ളവർക്ക് അടിയന്തര വൈദ്യപരിശോധന നൽകിവരുന്നു.

**അവയവമാറ്റ ശസ്ത്രക്രിയകൾ**

228 (2179) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്വകാര്യ ആശുപത്രികൾ അവയവമാറ്റ ശസ്ത്രക്രിയകൾക്കായി ഫീസിനത്തിൽ വൻതുകകൾ ഈടാക്കുന്ന സാഹചര്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനായി സർക്കാർ നടത്തിവരുന്ന ഇടപെടലിന്റെ ഫലമായി ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ?

സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സയ്ക്കും കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും 3 ലക്ഷം രൂപ വരെ

ധനസഹായം നൽകിവരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന 5 ലക്ഷം രൂപ വരെ വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നൽകി വരുന്നുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസം പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകുന്ന ഒരുലക്ഷം രൂപ വരെ കുടുംബ വാർഷികവരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600/- രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. ശസ്ത്രക്രിയ നടത്തി ആറുമാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്താനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് മന്ത്രിസഭാ തീരുമാനത്തിന്റെ വിശദാംശം നൽകുമോ;

(സി) കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി പ്രത്യേക ട്രാൻസ്പ്ലാന്റ് യൂണിറ്റും അത്യാധുനിക ഉപകരണങ്ങളും സജ്ജമാക്കുന്നത് ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളിലാണെന്ന് അറിയിക്കാമോ?

(ബി&സി) കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കാവശ്യമായ എല്ലാ സജ്ജീകരണങ്ങളും

പൂർത്തിയാക്കിയതിനെത്തുടർന്ന് സർക്കാർ മേഖലയിലെ ആദ്യത്തെ ലൈവ് ഡോണർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ 2022 ഫെബ്രുവരി 14-ന് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ സർക്കാർ മേഖലയിലെ നിർണ്ണായക ചുവടുവയ്പായിരുന്നു. 16-02-2022-ൽ കൂടിയ യോഗത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതി തയ്യാറാക്കുകയും ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി വരികയുമാണ്. ഇതിന്റെ പുരോഗതി 24-02-2022-ന് ചേർന്ന യോഗം വിലയിരുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന വിഷയത്തിൽ മന്ത്രിസഭാ തീരുമാനമുണ്ടായിട്ടില്ല.

**മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക്സ് പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ്**

229 (2181) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക്സ് എന്ന വിഷയത്തിൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സ് ആരംഭിക്കാൻ നടപടി

സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ജെറിയാട്രിക്സ് വിഭാഗത്തിൽ പോസ്റ്റ് ഗ്രാജ്ജുവേറ്റ് കോഴ്സ് ആരംഭിക്കാനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് മുതിർന്ന പൗരൻമാരുടെ എണ്ണത്തിന് ആനുപാതികമായി അടുത്ത പത്ത് വർഷത്തേയ്ക്ക് എത്ര ജെറിയാട്രിക് ഫിസിഷ്യൻമാരെ ആവശ്യമുണ്ടെന്നുള്ളതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല.

## സർക്കാർ -സ്വകാര്യ മേഖലയിൽ കൂടുതൽ മെഡിക്കൽ കോളേജുകൾ

230 (2182) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ നിന്നും നിരവധി വിദ്യാർത്ഥികൾ മെഡിക്കൽ വിദ്യാഭ്യാസത്തിന് അന്യ സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും

ആശ്രയിക്കുന്ന സാഹചര്യത്തിൽ സർക്കാർ - സ്വകാര്യ മേഖലയിൽ കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുള്ള മികച്ച മെഡിക്കൽ കോളേജുകളിൽ അധിക സീറ്റും ബാച്ചും അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ?

(എ & ബി) സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ ആഗോള ആരോഗ്യ രംഗത്തെ തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ കോഴ്സുകളും കോളേജുകളും ആരംഭിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന പി.ജി./സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കുകയും സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്, പി.ജി. കോഴ്സുകൾ

-എമർജൻസി മെഡിസിൻ (3 സീറ്റ്), കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് - അനസ്തേഷ്യ (7 സീറ്റ്), ജനറൽ സർജറി (2 സീറ്റ്), മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്- ഡെർമറ്റോളജി & വെനീറോളജി (2 സീറ്റ്), ഇ.എൻ.ടി. (2 സീറ്റ്), ഓഫ്താൽമോളജി (2 സീറ്റ്). സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ:- കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്-DM Infectious Diseases (2 സീറ്റ്), M.Ch പ്ലാസ്റ്റിക് & റീകൺസ്ട്രക്റ്റീവ് സർജറി (1 സീറ്റ്), M.Ch ന്യൂറോസർജറി (2 സീറ്റ്), DM നെഫ്രോളജി (2 സീറ്റ്).

**പത്തനംതിട്ടയിലെ ശ്രീഅയ്യപ്പ മെഡിക്കൽ കോളേജ്**

231 (2183) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കരയിൽ നിർമ്മാണം പൂർത്തീകരിച്ച ശ്രീഅയ്യപ്പ മെഡിക്കൽ കോളേജ് ആന്റ് **റിസേർച്ച്** ഫൗണ്ടേഷന് 2013-ലും 2016-ലും നൽകിയ എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ കോപ്പികൾ ലഭ്യമാക്കുമോ?

ശ്രീഅയ്യപ്പ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഫൗണ്ടേഷന് 2013-

ൽ നൽകിയ എൻ.ഒ.സി.-യുടെയും 2016-ൽ നൽകിയ Essentiality സർട്ടിഫിക്കറ്റിന്റെയും പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) Essentiality സർട്ടിഫിക്കറ്റ് നൽകുന്നതിന് ആധാരമായ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ റിപ്പോർട്ടിന്റെ കോപ്പികൾ ലഭ്യമാക്കുമോ?

നിലവിൽ Essentiality സർട്ടിഫിക്കറ്റ് നൽകുന്നതിന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവിടെ സൗകര്യങ്ങളില്ലെന്നുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 09-11-2021-ൽ സർക്കാരിൽ സമർപ്പിച്ച DME/4413/2021-B4 നമ്പർ കത്ത് പ്രകാരമുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.+

(സി) സർക്കാർ നൽകിയ Essentiality സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജായി പ്രവർത്തിക്കുന്നതിന് സജ്ജമായ പ്രസ്തുത മെഡിക്കൽ കോളേജിന് നാഷണൽ മെഡിക്കൽ കമ്മീഷനിൽ സമർപ്പിക്കുന്നതിനായി Essentiality സർട്ടിഫിക്കറ്റ് പുതുക്കി നല്കാൻ നടപടി സ്വീകരിക്കുമോ?

Essentiality സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അപേക്ഷ സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ചു വരുന്നു.

(ഡി) Essentiality സർട്ടിഫിക്കറ്റില്ലാതെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയുമോ?

നാഷണൽ മെഡിക്കൽ കമ്മീഷൻ റെഗുലേഷൻ പ്രകാരം സർക്കാരിൽ നിന്നുള്ള Essentiality സർട്ടിഫിക്കറ്റില്ലാതെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയില്ല.

(ഇ) സ്വകാര്യ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് എന്തെല്ലാം അനുമതികളാണ് സംസ്ഥാന സർക്കാർ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ?

നാഷണൽ മെഡിക്കൽ കമ്മീഷൻ റെഗുലേഷൻ പ്രകാരം സർക്കാരിൽ നിന്നുള്ള Essentiality സർട്ടിഫിക്കറ്റില്ലാതെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയില്ല.

**മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ**

232 (2184) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ വിവിധ സൂപ്പർ സ്പെഷ്യാലിറ്റി

ബ്ലോക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 93 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തുടർ വികസനത്തിനാവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ പ്രസ്തുത മെഡിക്കൽ കോളേജിൽ ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) ആവശ്യമായ തസ്തികകളിൽ സ്ഥിരനിയമനം നടത്തി, പ്രസ്തുത മെഡിക്കൽ കോളേജിന്റെ പൂർണ്ണമായ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കണ്ടിജൻസി ഫണ്ട് ഇനത്തിൽ 50 ലക്ഷം രൂപ ലഭ്യമാക്കി, സാമൂഹ്യ ആഘാത പഠനം നടത്തി മെഡിക്കൽകോളേജിന് ആവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ;

വിശദമാക്കാമോ?

(ബി & സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് ഓഫീസർ**

233 (2185) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 01-01-2018-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്ര സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകൾ ഉണ്ടായിരുന്നു;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകൾ നഷ്ടപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ രണ്ട് സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകളുണ്ടെന്ന് 27-01-2017-ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ഇത് പരിഗണിച്ച് 04-09-2018-ലെ സ.ഉ.(സാധാ)നം.

2819/2018/ആകുവ പ്രകാരം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ 2 സീനിയർ സയന്റിഫിക് ഓഫീസർ തസ്തികകളിൽ ഒരെണ്ണം തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് ആർക്കെങ്കിലും സ്ഥാനക്കയറ്റം നൽകിയിരുന്നോ; അവർ കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്റ്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി സുനിത എസ്. നായർക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്റ്റ്രി) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. എന്നാൽ, ടിയാരി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം). നം. 285/2021 നമ്പർ കേസിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്റ്റ് തസ്തികയിൽ തുടരുകയാണുണ്ടായത്.

(ഡി) പ്രസ്തുത തസ്തികകൾ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിൽ പകരം സംവിധാനമൊരുക്കിയിട്ടുണ്ടോ?

തസ്തിക മാറ്റുമ്പോൾ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമെങ്കിൽ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്റ്റ്രി) തസ്തികയിൽ അധിക ജീവനക്കാരെ ആർ.എസ്.ബി.വൈ./ എച്ച്.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് നിയമിക്കുന്നതിന് 04-09-2018-ലെ സ.ഉ.(സാധാ)നം. 2819/2018/ആകുവ ഉത്തരവിൽ തന്നെ പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആരോഗ്യ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ

234 (2186) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ ഏത് വർഷത്തെ ആസ്പദമാക്കിയിട്ടുള്ളതാണെന്ന് അറിയിക്കാമോ?

1961-ലെ സ്റ്റാഫ് പാറ്റേണാണ് ആരോഗ്യവകുപ്പിൽ നിലനിൽക്കുന്നതെങ്കിലും സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ തലത്തിലുമുള്ള ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട തസ്തികകൾ നിഷ്കർഷിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

മെഡിക്കൽ കൗൺസിൽ മാനദണ്ഡപ്രകാരവും രോഗീപരിചരണത്തിന് ആനുപാതികമായും കാലാനുസൃതമായുള്ള സ്റ്റാഫ് പാറ്റേണാണ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ തുടർന്നുവരുന്നത്.

(ബി) മെഡിക്കൽ കോളേജാശുപത്രികളിലും ആരോഗ്യ വകുപ്പിന് കീഴിലെ ജില്ലാ ജനറലാശുപത്രികളിലും രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലേയ്ക്ക് ഉൾപ്പെടെ തസ്തികകൾ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(ബി&സി) ആരോഗ്യവകുപ്പിന് കീഴിലെ ആശുപത്രികളിൽ ആർദ്രം പദ്ധതിപ്രകാരം തസ്തികകൾ നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ ഉൾപ്പെടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലും അധികമായി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

## സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന ഡോക്ടർമാരുടെ നിയമനം

235 (2187) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ മലയോര മേഖലയിലും വനപ്രദേശത്തോട് ചേർന്നും സ്ഥിതിചെയ്യുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ പരിചയസമ്പന്നരായ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ പരിചയവും അനുഭവസമ്പത്തുമുള്ള ഡോക്ടർമാരെ നിയമിച്ച് ജീവിതശൈലീരോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഡോക്ടർമാരുടെ യോഗ്യതയും സീനിയോരിറ്റിയും മറ്റ് മാനദണ്ഡങ്ങളും കണക്കിലെടുത്തു കൊണ്ടാണ് ആരോഗ്യവകുപ്പ് നിയമനങ്ങൾ നടത്തുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ ഓരോ ഡോക്ടറും സ്ഥലംമാറ്റത്തിന് വിധേയമാണെന്നിരിക്കെ കൂടുതൽ പരിചയവും അനുഭവസമ്പത്തുള്ളതും

അല്ലാത്തവരുമായ ഡോക്ടർമാരെ മാത്രം ഒരുസ്ഥാപനത്തിൽ നിയമിക്കുന്നത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നതല്ല. പരിശീലനങ്ങളും അനുഭവസമ്പത്തുംകൊണ്ട് എല്ലാ ഡോക്ടർമാരും ഒരേ നിലവാരത്തിലെത്തുമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് ജീവനക്കാരെ വിന്യസിക്കുന്നതും അവർക്കാവശ്യമായ പരിശീലനം നൽകുന്നതും. ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഭീഷണിയായ ജീവിതശൈലീരോഗങ്ങളെ ചെറുക്കുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയായ ആരോഗ്യ ബോധവത്ക്കരണം ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്.

(സി) അനധികൃതമായി സർവ്വീസിൽനിന്നും വിട്ടുനിൽക്കുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി നിലവിലുള്ള ആ.കു.വ./എ 3/570/പാർട്ട്-3 നമ്പർ ഫയലിന്മേൽ അച്ചടക്ക നടപടികൾ തീർപ്പാക്കി ജോലിയിൽ തിരികെ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന പരിചയസമ്പന്നരായ ഡോക്ടർമാരെ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അനുകൂല നിലപാട് സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അനുഭവസമ്പത്തുള്ള ഡോക്ടർമാരുടെ സേവനം ആവശ്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത വിഷയത്തിൽ അനുഭാവ

നിലപാട് സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി & ഡി) എ 3/570/2018/ആകുവ പാർട്ട് (3) ഫയലിൽ 1960 -ലെ കെ.സി.എസ് (സി.സി.&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്.

**ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ**

236 (2188) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 2019-ൽ പ്രൊമോഷനായ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിക്കാത്തത് അവരുടെ പ്രൊമോഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി സംബന്ധിച്ച് സുപ്രീംകോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസുകൾ നിലനിൽക്കുന്നതിനാൽ ടി കേസുകളിലെ

അന്തിമവിധിക്ക് വിധേയമായി താൽക്കാലിക പ്രൊമോഷനാണ് 2019 മുതൽ നൽകി വരുന്നത്. ടി കേസുകളിലെ അന്തിമവിധി വന്നതിനുശേഷം, മറ്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിന് ശേഷമേ ടിയാളുകളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ കഴിയുകയുള്ളൂ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രൊമോഷൻ തടസ്സപ്പെടുന്ന സാഹചര്യം നിലവിലില്ല.

## അടിമാലി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

237 (2189) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

അടിമാലി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താലൂക്കാശുപത്രിക്കാവശ്യമായ തരത്തിലുള്ള സ്റ്റാഫ് പാറ്റേൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി-ഡി) സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിയിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പെരിന്തൽമണ്ണ ജില്ലാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ**

238 (2190) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.+

(ബി) പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പിൽ അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി അധികമായി സൃഷ്ടിക്കുന്ന കാര്യം പിരശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ**

239 (2191) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യവകുപ്പിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൻ കീഴിൽ 3377 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പുതുതായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന തസ്തികകൾ, ആവശ്യകത എന്നിവ സംബന്ധിച്ചുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 302 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**കോട്ടയം ജില്ല-ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

240 (2192) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആരോഗ്യവകുപ്പിൽ കോട്ടയം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് I, ഗ്രേഡ് II അനുപാതം എത്രയാണ്; ജെ.എച്ച്.ഐ. ഗ്രേഡ് 1 -ലും ഗ്രേഡ് II-ലും എത്ര ഒഴിവുകൾ വീതം ജില്ലയിൽ നിലവിലുണ്ട്?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II അനുപാതം 1:1 ആണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-ൽ 17 ഒഴിവുകളും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ൽ 7 ഒഴിവുകളും നിലവിലുണ്ട്.

(ബി) അനുപാതം ക്രമീകരിക്കുന്നുവെന്ന കാരണത്താൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന സാഹചര്യം ജില്ലയിലുണ്ടോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II അനുപാതം 1:1 ആയി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (ബൈ ട്രാൻസ്ഫർ) അനുപാതം 3:1 ആയി ക്രമീകരിക്കേണ്ടതുണ്ട്. പുതിയതായി ഉണ്ടാകുന്ന ഒഴിവുകളിൽ അനുപാത പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം (10%) ബൈട്രാൻസ്ഫർ പ്രൊമോഷൻ 3:1, ആശ്രിത നിയമനം 5% തുടങ്ങിയ നിയമനങ്ങൾക്കായി

നീക്കിവച്ചതിന് ശേഷമുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) 2020 ജനവരി മുതൽ ജില്ലയിൽ പ്രൊമോഷനിലൂടെയും മറ്റും എത്ര ജെ.എച്ച്.ഐ. ഗ്രേഡ് II ഒഴിവുകളുണ്ടായിട്ടുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെന്നും എത്ര നിയമനങ്ങൾ നടന്നുവെന്നും വ്യക്തമാക്കാമോ?

11 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. അതിൽ 7 ഒഴിവുകൾ (എൻ.ജെ.ഡി ഉൾപ്പെടെ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 നിയമനങ്ങൾ പി.എസ്.സി. വഴി നടന്നിട്ടുണ്ട്. കൂടാതെ ശൂന്യവേതനാവധിക്ക് ശേഷം 2 പേർ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുമുണ്ട്

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II അനുപാതം 1:1 ആയി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (ബൈ ട്രാൻസ്ഫർ) അനുപാതം 3:1 ആയി ക്രമീകരിക്കേണ്ടതുണ്ട്. പുതിയതായി ഉണ്ടാകുന്ന ഒഴിവുകളിൽ അനുപാത പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം (10%) ബൈട്രാൻസ്ഫർ

പ്രൊമോഷൻ 3:1, ആശ്രിത നിയമനം 5% തുടങ്ങിയ നിയമനങ്ങൾക്കായി നീക്കി വയ്ക്കേണ്ടതുണ്ട്.

(ഇ) ആരോഗ്യവകുപ്പിന് കീഴിൽ ജില്ലയിലെ ഓരോ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II ജീവനക്കാരുടെ എണ്ണവും ഓരോ സ്ഥാപനത്തിലെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ സാങ്ഷൻഡ് പോസ്റ്റ് എത്രയാണെന്നും വിശദമാക്കാമോ?

നിലവിലെ ഓരോ സ്ഥാപനങ്ങളിലെയും അനുവദിക്കപ്പെട്ട തസ്തികകളും നിലവിൽ ജോലി ചെയ്യുന്ന ജെ.എച്ച്.ഐ. ഗ്രേഡ് I, ഗ്രേഡ് II ജീവനക്കാരുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. +

## സർവ്വീസിൽനിന്നും വിട്ടുനിൽക്കുന്നവർക്കെതിരെ നടപടി

241 (2193) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

അനധികൃതമായി സർവ്വീസിൽനിന്നും വിട്ടുനിൽക്കുന്നവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ച എ 3/570/പാർട്ട് (3) നമ്പർ ഫയലിലുള്ളതും തിരികെ ജോലിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവരുമായ പരിചയസമ്പന്നരായ ഡോക്ടർമാരെ കോവിഡ് 19 മഹാമാരിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പശ്ചാത്തലത്തിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് അനുഭാവ നിലപാട് സ്വീകരിച്ച് നടപടിയെടുക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;?

എ 3/570/പാർട്ട് (3) ഫയലിൽ 1960 ലെ കെ.സി.എസ് (സി.സി.&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ നടന്നുവരികയാണ്.

## ആരോഗ്യ വകുപ്പിലെ നിയമനങ്ങൾ

242 (2194) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ആരോഗ്യവകുപ്പിൽ 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിഭാഗങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പിൽ 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ നൽകിയ നിയമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പത്തനംതിട്ട - നഴ്സിംഗ് ഓഫീസർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

243 (2195) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് ll തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്?

പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ്-II തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ?

പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ്-II തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

244 (2196) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ഗ്രേഡ് I തസ്തികകളിലെ സീനിയോരിറ്റി ലിസ്റ്റിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; കരട് സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; അടിയന്തരമായി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ജീവനക്കാരുടെ 01-11-2007 മുതൽ 31-12-2012 വരെ കാലയളവിലെ സീനിയോരിറ്റി പട്ടികയുടെ കരട് 08-11-2021-ലെ ഇ.എസ്1-1431/2018/ആ.വ.ഡ. പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരെ ടി സീനിയോരിറ്റി പട്ടികയുടെ കാലയളവിൽ അബ്സോർബ്  ചെയ്യാത്തതിനാൽ ടി ജീവനക്കാരെ കരട് സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിനെതിരെ  കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ(ഇ.കെ.എം)220/2022 ഫയൽ ചെയ്യുകയും നിലവിലെ നിയമങ്ങൾ അനുസരിച്ച് പരാതിക്കാരെ നേരിട്ട് കേട്ട് അനുയോജ്യമായ നടപടി സ്വീകരിക്കാൻ 09-02-2022-ലെ വിധിന്യായത്തിൽ 2-ാം  എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് ജൂനിയർ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ്- II തസ്തികയിലെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I-ന്റെ 31-10-2021 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിൽനിന്നും പ്രസ്തുത

തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I -ന്റെ കരട് സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്.

(ബി) ആർദ്രം പദ്ധതിയിൽ സംസ്ഥാനത്ത് എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ആശുപത്രികളിലും ആവശ്യത്തിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ഇല്ലാത്ത എല്ലാ ആശുപത്രികളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ച് ജനങ്ങൾക്ക് സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി & സി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. ആർദ്രം പദ്ധതി നടത്തിപ്പിന് അനിവാര്യമായ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ.

**കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ തസ്തികകൾ**

245 (2197) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ ഏതെല്ലാം തസ്തികകളുണ്ടെന്നും ഇവിടെ എത്രപേർ ഏതെല്ലാം തസ്തികകളിൽ സ്ഥിരം/കരാർ/ദിവസ വേതന വ്യവസ്ഥയിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്നും വിശദമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഒരു താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ ഈ ആരോഗ്യ കേന്ദ്രത്തിലുണ്ടോ; വിശദമാക്കുമോ;

(സി) ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനോടൊപ്പം ആവശ്യമായ തസ്തികകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത ആരോഗ്യ കേന്ദ്രത്തിന് ഒരു താലൂക്ക് ആശുപത്രിക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) ആരോഗ്യ വകുപ്പിൽ അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക

246 (2198) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ 01-11-2007 മുതൽ 31-12-2012 വരെയുള്ള അന്തിമ മുൻഗണനാപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ പട്ടികയുടെ അഭാവത്താൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ മുൻഗണനാപ്പട്ടിക അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലെ ഒഴിവുകൾ കണക്കാക്കി താല്ക്കാലിക ഉദ്യോഗക്കയറ്റം നല്കുന്നതിനും അതുമുഖേന ഉണ്ടാകുന്ന രണ്ടാംഗ്രേഡ് തസ്തികയിലെ ഒഴിവുകൾ

പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

(എ-ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ജീവനക്കാരുടെ 01-11-2007 മുതൽ 31-12-2012 വരെ കാലയളവിലെ സീനിയോരിറ്റി പട്ടികയുടെ കരട് 08-11-2021- ലെ ഇ.എസ്1-1431/2018/ആ.വ.ഡ. പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരെ ടി സീനിയോരിറ്റി പട്ടികയുടെ കാലയളവിൽ അബ്സോർബ് ചെയ്യാത്തതിനാൽ ടി ജീവനക്കാരെ കരട് സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ(ഇ.കെ.എം)220/2022 ഫയൽ ചെയ്യുകയും നിലവിലെ നിയമങ്ങൾ അനുസരിച്ച് പരാതിക്കാരെ നേരിട്ട് കേട്ട് അനുയോജ്യമായ നടപടി സ്വീകരിക്കാൻ 09-02-2022-ലെ വിധിന്യായത്തിൽ 2-ാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് ജൂനിയർ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ്- II തസ്തികയിലെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വയനാട് ജില്ലയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

247 (2199) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വയനാട് ജില്ലയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ?

8 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

നിലവിൽ വയനാട് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നീക്കിവച്ചിട്ടുള്ള ഒരൊഴിവുണ്ട്. ആയത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിൽ ഈ വർഷം സ്ഥാനക്കയറ്റം, വിരമിക്കൽ എന്നിവമൂലം എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ജില്ലയിൽ പ്രസ്തുത തസ്തികയിൽ വിരമിക്കൽമൂലം 2 ഒഴിവും, സ്ഥാനക്കയറ്റംമൂലം 3 ഒഴിവും വരുന്നതാണ്.

**പാലക്കാട് ജില്ലയിലെ ഫാർമസി ഗ്രേഡ് II പി.എസ്.സി. റാങ്ക് ലിസ്റ്റ്**

248 (2200) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പാലക്കാട് ജില്ലയിൽ നിലവിലെ ഫാർമസി ഗ്രേഡ് II പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ഫാർമസി ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവ് നിലവിലുണ്ടെന്ന് അറിയിക്കാമോ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ & ബി) പാലക്കാട് ജില്ലയിൽ നിലവിലെ ഫാർമസിസ്റ്റ് ഗ്രേഡ് II പി.എസ്.സി. റാങ്ക് പട്ടിക 09-12-2021-നാണ് നിലവിൽ വന്നത്. നിലവിൽ ഗ്രേഡ് II തസ്തികയിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് റിപ്പോർട്ട് ചെയ്യുകയോ ഈ പട്ടികയിൽനിന്നും ഇതുവരെ നിയമനം നൽകുകയോ ചെയ്തിട്ടില്ല.

## കുറ്റ്യാടി - ആരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ ഒഴിവ്

249 (2201) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുൾപ്പെടെ വിവിധ തസ്തികകളിൽപ്പെട്ട ജീവനക്കാരുടെ ഒഴിവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ പി.എച്ച്.സി. വേളം, എഫ്.എച്ച്.സി. മണിയൂർ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് സർജന്റെ ഓരോ ഒഴിവുണ്ട്.

(ബി) പ്രസ്തുത ജീവനക്കാരുടെ ഒഴിവുകാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഫ്.എച്ച്.സി. മണിയൂരിൽ നിലവിൽ ഒരു ഡോക്ടറുണ്ട്. പി.എച്ച്.സി. വേളത്ത് ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരുഡോക്ടറെ നിയമിച്ചിട്ടുണ്ട്. ഒഴിവുകളിൽ പി.എസ്.സി.

അഡ്വൈസ് ലഭിച്ചവരെ നിയമിക്കാനുള്ള നടപടികൾ നടന്നുവരുകയാണ്.

## പാരാമെഡിക്കൽ സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിക്കൽ

250 (2202) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ആരോഗ്യ മേഖലയിൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ആരോഗ്യവകുപ്പിന് കീഴിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## ക്യാൻസർ രോഗം ഉയർത്തുന്ന വെല്ലുവിളികൾ

251 (2203) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികളുടെ വർദ്ധനയ്ക്കുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ചികിത്സയോടൊപ്പം ഗവേഷണത്തിനും ഊന്നൽ നൽകി രോഗവ്യാപനം തടയുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ക്യാൻസർ വർദ്ധനവിനുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്താൻ

"ജീവിതശൈലിയും ക്യാൻസറും" എന്ന വിഷയത്തിൽ ഗവേഷണം നടന്നു വരുന്നു. പുരുഷൻമാരിൽ ശ്വാസകോശം, വൻകുടൽ, മലാശയം എന്നീ ക്യാൻസറുകൾ വർദ്ധിച്ച് വരുന്നതായിട്ടാണ് കാണപ്പെടുന്നത്. അതോടൊപ്പം ഇന്ത്യയിൽ വായിലെ ക്യാൻസറും കൂടിവരുന്നതായിട്ടാണ് ചില പഠനങ്ങൾ സൂചിപ്പിക്കുന്നത്. സ്ത്രീകളിൽ സ്തനാർബുദം, ഗർഭാശയഗളം, അണ്ഡാശയം എന്നീ ക്യാൻസറുകൾ വർദ്ധിച്ചുവരുന്നതായിട്ടാണ് കാണപ്പെടുന്നത്. കേരളത്തിൽ സ്ത്രീകളിൽ കാണപ്പെടുന്ന അർബുദരോഗങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് സ്തനാർബുദമാണ്. സ്തനാർബുദത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനായി അസുഖം ബാധിച്ചവരുടേയും ആരോഗ്യമുള്ളവരുടേയും ജീവിതരീതിയും, പ്രത്യുല്പാദന രീതിയും ജനിതക കാരണങ്ങളും പഠിക്കുന്നതിനുവേണ്ടി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR)-ന്റെ ധനസഹായത്തോടുകൂടി 2017 മുതൽ ആർ.സി.സി.-യിലെ വിവിധ വകുപ്പുകളുമായി സഹകരിച്ച് പഠനം നടത്തിവരുന്നു. ഗർഭാശയഗള ക്യാൻസറും വായിലെ ക്യാൻസറും പ്രാരംഭ ദശയിൽ കണ്ടുപിടിച്ചാൽ രോഗികളെ പൂർണ്ണമായും സുഖപ്പെടുത്താൻ സാധിക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ ഗർഭാശയഗള ക്യാൻസറും വായിലെ ക്യാൻസറും പ്രാരംഭദശയിൽ

കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണങ്ങൾ ആർ.സി.സി.-യിൽ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽകൃത സാങ്കേതികവിദ്യ (CERVISCAN), സി-ഡാക്കുമായി ചേർന്ന് ആർ.സി.സി. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ചികിത്സയോടൊപ്പം ഗവേഷണത്തിൽ ഊന്നൽ നൽകി ചിലതരം രക്താർബുദ രോഗികളുടെ ചികിത്സാഫലക്ഷമതയും രോഗ തീവ്രതയും നേരത്തെ മനസ്സിലാക്കാനുള്ള ഗവേഷണങ്ങൾ ആർ.സി.സി.-യിൽ നടത്തുന്നു. ചികിത്സയിലിരിക്കുന്ന രോഗികളുടെ മരുന്നിനോടുള്ള (Resistance) പ്രതിരോധം കണ്ടുപിടിക്കുന്നതിനുള്ള പഠനങ്ങളും നടന്നു വരുന്നു. ചില ജീൻ തകരാറുകളാണ് ഇത്തരത്തിലുള്ള രോഗാവസ്ഥയ്ക്ക് കാരണമാകുന്നത്. അത്തരം ജീനുകളുടെ തകരാറുകൾ കണ്ടുപിടിച്ചാണ് രോഗനിർണ്ണയം സാധ്യമാക്കുന്നത്. എല്ലാ ക്യാൻസറുകളുടേയും ജീൻ അപാകതകൾ കണ്ടുപിടിച്ച് ചികിൽസിക്കുന്നതിനുവേണ്ടി ആർ.സി.സി. പുതിയ ഉപകരണങ്ങളും പഠനങ്ങളും നടത്താനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്നുണ്ട്. പുകവലി, ഭക്ഷണക്രമം, രോഗസംക്രമം എന്നിവ നിയന്ത്രിക്കുക വഴി ഭൂരിഭാഗം അർബുദരോഗങ്ങളും നിയന്ത്രിക്കാനും ചികിൽസിച്ച് ഭേദമാക്കാനും കഴിയുമെന്നാണ് പല പഠനങ്ങളും വ്യക്തമാക്കുന്നത്. 2017 മുതൽ ഐ.സി.എം.ആർ.-ന്റെ കീഴിൽ തൃശ്ശൂർ

മെഡിക്കൽ കോളേജിൽ HBCR (ഹോസ്പിറ്റൽ ബേസ്ഡ് കാൻസർ റജിസ്ട്രി) ന്റെ കീഴിൽ പഠനം നടത്തിവരുന്നു.

(ബി) ക്യാൻസർ രോഗത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും രോഗത്തെ ഫലപ്രദമായി നേരിടുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ക്യാൻസർ ഇന്ന് ഒരു പൊതുജനാരോഗ്യ പ്രശ്നമായി മാറിക്കഴിഞ്ഞ സാഹചര്യത്തിൽ ക്യാൻസർ രോഗത്തെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ക്യാൻസർ സാക്ഷരത കൂട്ടുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ കേരളത്തിലെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വിവിധ സന്നദ്ധ സംഘടനകളുമായി സഹകരിച്ചുകൊണ്ട് സമൂഹത്തിന്റെ വിവിധ മേഖലകളിൽ ക്യാൻസർ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. കൂടാതെ സ്കൂൾതലത്തിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. പുകയില, മദ്യപാനം എന്നിവയുടെ പാർശ്വഫലങ്ങൾ, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, ആഹാരരീതി, ക്യാൻസർ പ്രതിരോധം - നിയന്ത്രണം എന്നീ

വിഷയങ്ങളെക്കുറിച്ച് സ്കൂൾ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതിലുപരിയായി കേരളത്തിന്റെ ഉൾനാടൻ ഗ്രാമങ്ങളിലും കടലോര പ്രദേശങ്ങളിലും മലയോര മേഖലകളിലും ക്യാൻസർ സാക്ഷരത സമൂഹത്തിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അനേകം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാർഥികൾക്ക് ആർ.സി.സി.-യുടെ പ്രവർത്തന പരിപാടികൾ മനസ്സിലാക്കുന്നതിനും ക്യാൻസർ ബോധവൽക്കരണത്തിനുമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ആർ.സി.സി. സന്ദർശനമെന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിരവധി സ്കൂളിലെ കുട്ടികൾ ഇതിനോടകം തന്നെ ഈ പദ്ധതിയുടെ ഭാഗമായി ആർ.സി.സി. സന്ദർശിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം താൽകാലികമായി നിർത്തിവച്ച ഈ പദ്ധതി പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പരിശീലകരുടെ പരിശീലന പരിപാടികളും (ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് പ്രോഗ്രാം (Training of Trainers Programme) നടത്തിവരുന്നുണ്ട്. ഈ വർഷം മുതൽ ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആരോഗ്യ

വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആരോഗ്യ പ്രവർത്തകർക്ക് (ASHA WORKERS) സമൂഹത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. ഇതിലൂടെ സമൂഹത്തിൽ വീടുവീടാന്തരം ക്യാൻസറിനെക്കുറിച്ചുള്ള സന്ദേശങ്ങൾ പകർന്ന് കൊടുക്കുകയും മുൻകൂർ ക്യാൻസർ രോഗനിർണ്ണയത്തിന്റെ പ്രസക്തി ജനങ്ങളിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അർബുദരോഗബാധ വർദ്ധിച്ച് വരുന്ന പാശ്ചാത്തലത്തിൽ ആർ.സി.സി.-യിൽ പ്രത്യേകമായി പ്രാഥമിക പ്രതിരോധം, മുൻകൂർ രോഗനിർണ്ണയം, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ മൂന്ന് മാർഗ്ഗങ്ങളിൽ ഊന്നിക്കൊണ്ട് കേരളത്തിന്റെ ക്യാൻസർ പ്രതിരോധ കവചം ശക്തിപ്പെടുത്താനാണ് തീരുമാനം. ഇതിന് മുന്നോടിയായി ഡിസ്ട്രിക്ട് ക്യാൻസർ കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും ഡോക്ടർമാരുൾപ്പെടുന്ന ആരോഗ്യ പ്രവർത്തകരെ ക്യാൻസർ പ്രതിരോധ ചികിത്സാ കാര്യങ്ങൾ സംയോജിപ്പിക്കാനായിട്ടുള്ള

പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലെ എല്ലാ ഡോക്ടർമാരേയും ക്യാൻസർ ബോധവൽക്കരണ നിയന്ത്രണ മാർഗ്ഗങ്ങളിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആർ.സി.സി.-യുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ/ ട്രെയിനിംഗ് പ്രോഗ്രാമുകൾ എന്നിവ നടത്തിവരുന്നു. ഇതിന് പുറമേ ആർ.സി.സി.-യുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്നുകൊണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പുകവലി നിയന്ത്രണം, ജീവിതശൈലിയിൽ മാറ്റങ്ങൾ എന്നിവയെകുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ജില്ലാ ക്യാൻസർ കൺട്രോൾ പ്രോഗ്രാം, ആന്റി ടുബാക്കോ ക്യാമ്പയിൻ, സ്മോക്കിംഗ് സെക്ഷൻ ക്ലിനിക്കുകൾ, സ്ക്രീനിംഗ് പ്രോഗ്രാമുകൾ, സർക്കാരിന്റെ വിവിധ ബോധവൽക്കരണ പരിപാടികൾ എന്നിവയിലെല്ലാം മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി/ഓങ്കോളജി ഡിപ്പാർട്ടുമെന്റുകൾ യോജിച്ച് പ്രവർത്തിച്ചു വരുന്നു. സ്കൂളുകൾ, സന്നദ്ധ സംഘടനകൾ മുതലായവ വഴി ക്യാൻസർ ബോധവത്കരണ ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നു. ജനങ്ങളുടെ ഇടയിൽ ക്യാൻസറിനെക്കുറിച്ചും ക്യാൻസർ പ്രതിരോധത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കാനുള്ള പരിപാടികൾ നടത്തിവരുന്നു. അന്താരാഷ്ട്ര

ക്യാൻസർ ദിനം, ബ്രസ്റ്റ് ക്യാൻസർ അവയർനസ് ഡേ എന്നിവ പോലുള്ള ദിവസങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ നടത്തിവരുന്നു. ക്യാൻസർ ചികിത്സ, ഗവേഷണ രംഗത്ത് കേരളത്തിന്റെ സംഭാവനയായി മാറാൻ ശേഷിയുള്ള ഒന്നാണ് "കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി". ലോകാരോഗ്യ സംഘടനയിലെ വിദഗ്ദ്ധരും സംസ്ഥാനത്തെ ക്യാൻസർ സെന്ററിലെ വിദഗ്ദ്ധരും ഒന്നുചേർന്ന് നടത്തിയ നിരവധി ശിൽപ്പശാലകളിലൂടെയാണ് "കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി" രൂപംകൊണ്ടത്. ഈ സ്ട്രാറ്റജിയുടെ അടിസ്ഥാനം എന്നത് കേരളത്തിലെ ജനങ്ങൾക്ക് അർബുദരോഗ നിർണയത്തിനും പരിചരണത്തിനും ആവശ്യമായ സൗകര്യങ്ങൾ അവരുടെ താമസസ്ഥലത്തിന്റെ 50 കി.മീ. ചുറ്റളവിൽ ലഭ്യമാക്കുക, ക്യാൻസർ നേരത്തെ കണ്ടുപിടിക്കുക, ക്യാൻസർ വരുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ അടിസ്ഥാനം. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി "കേരള ക്യാൻസർ കെയർ ഗ്രിഡ്" എന്ന ആരോഗ്യ സ്ഥാപനങ്ങളുടെ ശൃംഖല രൂപീകരിക്കാൻ "കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി" വിഭാവനം ചെയ്യുന്നു. 2030 ആകുമ്പോഴേക്കും കേരളത്തിൽ അർബുദ നിയന്ത്രണം പ്രതിരോധരംഗങ്ങളിൽ

ആർജ്ജിക്കേണ്ടതും കൈവരിക്കേണ്ടതുമായ ലക്ഷ്യങ്ങൾ അവ നടപ്പിലാക്കാൻ വേണ്ട മാർഗ്ഗങ്ങൾ, സമയക്രമങ്ങൾ തുടങ്ങിയവ വ്യക്തമായി "കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി" -യിൽ പറയുന്നുണ്ട്. " കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി" കേരളത്തിൽ സർക്കാർ നടപ്പിലാക്കി തുടങ്ങി. ഇതിനുവേണ്ട വിവിധ സർക്കാർ ഉത്തരവുകളും പുറത്തിറക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യ നടപടിക്രമമായി ആരോഗ്യ വകുപ്പുമന്ത്രി അദ്ധ്യക്ഷയും ആരോഗ്യവകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷനുമായി സംസ്ഥാനതലത്തിൽ "സ്റ്റേറ്റ് ക്യാൻസർ കൺട്രോൾ ബോർഡ്" രൂപീകരിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ സർക്കാർ അർബുദ ചികിത്സാ കേന്ദ്രങ്ങളുടെയും ഡയറക്ടർമാരും വകുപ്പു മേധാവികളും ആരോഗ്യ വകുപ്പ് മേധാവികളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് മേധാവിയും സ്വകാര്യ അർബുദ ചികിത്സ കേന്ദ്രങ്ങളുടെ പ്രതിനിധികളും ഈ ഉന്നത സമിതിയിൽ അംഗങ്ങളാണ്. അർബുദ നിയന്ത്രണ പ്രവർത്തനങ്ങളുടെ ദൈനംദിന മേൽനോട്ടത്തിന് ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ക്യാൻസർ സെന്റർ ഡയറക്ടർമാരെ ഉൾപ്പെടുത്തി മറ്റൊരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ അർബുദനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഏകോപിപ്പിക്കാനും ജില്ലാതല അർബുദ നിയന്ത്രണ സമിതികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ

അദ്ധ്യക്ഷനും ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയുമായി രൂപീകരിച്ചിട്ടുള്ള ഈ സമിതിയിൽ ക്യാൻസർ സെന്റർ ഡയറക്ടർ/മെഡിക്കൽ കോളേജ് അർബുദ ചികിത്സാ മേധാവി ഉപകൺവീനർമാരായിരിക്കും. ജില്ലയിലെ മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പാലിയേറ്റീവ് സംഘടനകൾ, സ്വകാര്യ ലാബുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളായിരിക്കും. ക്യാൻസർ സംബന്ധമായ കണക്കുകളിൽ കൃത്യത വരുത്തുന്നതിനായി വിവരശേഖരണം ഊർജ്ജിതമായി നടത്താൻവേണ്ട നടപടിക്രമം സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 'കേരള ക്യാൻസർ രജിസ്ട്രി' രൂപീകരിക്കുകയും, എല്ലാ അർബുദ ചികിത്സകേന്ദ്രങ്ങളിലും (ആയിരമോ അതിലധികമോ അർബുദരോഗികളെ പ്രതിവർഷം ചികിത്സിക്കുന്ന) ആശുപത്രി അധിഷ്ഠിത അർബുദ രജിസ്ട്രി രൂപീകരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കേരളത്തിലെ സമഗ്രമായ അർബുദ കണക്കുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മൂന്ന് ജനസംഖ്യാധിഷ്ഠിത രജിസ്ട്രികൾ രൂപീകരിച്ചിട്ടുണ്ട്. ആർ.സി.സി.-യുടെ നേതൃത്വത്തിൽ ദക്ഷിണ മേഖല രജിസ്ട്രി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽനിന്ന് വിവരശേഖരണം നടത്തും. മധ്യ കേരള രജിസ്ട്രി കൊച്ചിൻ

ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽനിന്നും മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ഉത്തര കേരള രജിസ്ട്രി കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽനിന്നും വിവരശേഖരണം നടത്തും. 2022 ഏപ്രിൽ മാസത്തോടെ ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ അർബുദ നിയന്ത്രണ സമിതികൾ ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജില്ലകളിൽ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ബോധവൽക്കരണം നടത്തി, അവരുടെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി ഒരു ജനകീയ പരിപാടിയായി ഗ്രാമതലത്തിൽ നടപ്പിൽ വരുത്തും. തുടർന്ന് പ്രാഥമിക ആരോഗ്യ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ പ്രവർത്തകർക്കും അർബുദം നേരത്തെ കണ്ടെത്തുന്നതിനാവശ്യമായ പരിശീലനം നൽകും. മെഡിക്കൽ, ഡെന്റൽ, ആയുഷ് വിഭാഗത്തിൽപ്പെട്ട ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതാണ്. രോഗം തുടക്കത്തിലെ കണ്ടെത്തുന്നതിനും ഉടനടി ശരിയായ തുടർചികിത്സ/തുടർ പരിശോധനാ നിർദ്ദേശങ്ങൾ

ലഭ്യമാക്കുന്നതിനും സഹായകരമാകും. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഗൈനക്കോളജി സർജറി, ഇ.എൻ.ടി., ഡെന്റൽ വിഭാഗത്തിലെ ഡോക്ടർമാർക്ക് ബയോപ്സി, എഫ്.എൻ.എ.സി. തുടങ്ങിയ അർബുദ രോഗനിർണയ പ്രക്രിയകളിൽ പരിശീലനം നൽകും. രോഗം സ്ഥിരീകരിച്ചവർക്കും തുടർപരിശോധന ആവശ്യമുള്ളവർക്കും സന്നദ്ധ പ്രവർത്തകരുടെ/പേഷ്യന്റ് നാവിഗേറ്ററുടെ സഹായത്തോടെ തുടർസേവനങ്ങൾ ലഭ്യമാക്കും. ജില്ലകൾ കേന്ദ്രീകരിച്ച് അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഏകീകൃത സ്വഭാവത്തോടെയുള്ള "ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എറണാകുളം ജില്ലയിൽ ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. നിലവിൽ കണ്ണൂർ ജില്ലയിൽ മലബാർ ക്യാൻസർ സെന്ററിന്റെയും തിരുവനന്തപുരം ജില്ലയിൽ ആർ.സി.സി.-യുടെയും നേതൃത്വത്തിൽ ഈ പരിപാടി നടന്നുവരികയാണ്. അർബുദ ചികിത്സാ രംഗത്ത് ഒരുഏകീകൃത ചികിത്സാക്രമം കൊണ്ടു വരുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ അർബുദ ചികിത്സ വിദഗ്ദ്ധരുടെ കൂടിയാലോചനകൾക്ക് ശേഷം വിവിധ അർബുദങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേകം പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ

പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻ പ്രകാരം എല്ലാ അർബുദ ചികിത്സാ കേന്ദ്രങ്ങളും ഈ നിർദ്ദേശങ്ങൾ പാലിച്ചുവേണം ചികിത്സ നടത്താൻ. ഇത് എല്ലാ രോഗികൾക്കും മെച്ചപ്പെട്ട ചികിത്സ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ ഇടവരുത്തും.

## ഭിന്നശേഷി സർട്ടിഫിക്കറ്റ്

252 (2204) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ നല്കുന്നതിനായുള്ള മെഡിക്കൽ ബോർഡുകൾ കൂടുന്നതിൽ ഏതെങ്കിലും ജില്ലയിൽ വീഴ്ചകൾ ഉണ്ടാകുന്നുണ്ടോ; അറിയിക്കാമോ;

(ബി) യഥാസമയം മെഡിക്കൽ ബോർഡുകൾ കൂടാത്തതിനാൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും പുതുക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഭിന്നശേഷിക്കാർക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് പശ്ചാത്തലത്തിൽ കഴിഞ്ഞ 2 വർഷമായി കൃത്യമായി മെഡിക്കൽ ബോർഡുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ സാമൂഹികക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും മെഡിക്കൽ ബോർഡുകൾ കൂടി മാർച്ച് 31-ന് മുൻപ് തീർപ്പാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കിടപ്പ് രോഗികളായ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ബോർഡ് പരിശോധന നടത്തുന്നതിനും ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

തീർപ്പാക്കാനുള്ള UDID Card വിതരണം ചെയ്യുന്നതോടൊപ്പം താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കിടപ്പ് രോഗികൾക്ക് മെഡിക്കൽ ബോർഡ് UDID Card നൽകുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ക്ലിപ്ത കാലാവധിയുള്ള ഭിന്നശേഷി സർട്ടിഫിക്കറ്റുകളുടെ പ്രാബല്യ കാലാവധി ഉചിതമായി ദീർഘിപ്പിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

നിശ്ചിത കാലാവധിയുള്ള സർട്ടിഫിക്കറ്റുകൾ കാലാവധി തീരുന്ന മുറയ്ക്ക് പരിശോധന നടത്തി ആവശ്യമെങ്കിൽ പുതിയ കാർഡ് വിതരണം ചെയ്യുന്നതാണ്.

**മാനസികാരാഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ**

253 (2205) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിൻ കീഴിൽ ഏതെല്ലാം ജില്ലകളിൽ മാനസികാരോഗ്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അവയിൽ എവിടെയൊക്കെ ഒ.പി., ഐ.പി. വിഭാഗങ്ങൾ ഉണ്ടെന്നും ബെഡ് കപ്പാസിറ്റി മുതലായ വിശദാംശങ്ങളും ലഭ്യമാക്കാമോ?

സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മാനസികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്ന് കേന്ദ്രങ്ങളിലും ഒ.പി./ഐ.പി. വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1) തിരുവനന്തപുരം- 531 കിടക്കകൾ 2) തൃശ്ശൂർ-361 കിടക്കകൾ 3)

കോഴിക്കോട് - 474 കിടക്കകൾ.

(ബി) പ്രസ്തുത ആശുപത്രികളിൽ സൈക്യാട്രിസ്റ്റ് തസ്തികയിൽ ജൂനിയർ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ തസ്തികകൾ എത്ര വീതമുണ്ടെന്നും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും ഒഴിവുകൾ എത്രയുണ്ടെന്നും അറിയിക്കാമോ?

| ജില്ല | തസ്തികകൾ | എണ്ണം | ഒഴിവ് |
|---|---|---|---|
| മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം | സീനിയർ കൺസൾട്ടന്റ് ഇൻ സൈക്യാട്രി | 2 | - |
| | കൺസൾട്ടന്റ് ഇൻ സൈക്യാട്രി | 6 | - |
| | ജൂനിയർ കൺസൾട്ടന്റ് ഇൻ സൈക്യാട്രി | 9 | - |
| മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ | സീനിയർ കൺസൾട്ടന്റ് | 2 | - |
| | കൺസൾട്ടന്റ് | 4 | - |
| | ജൂനിയർ കൺസൾട്ടന്റ് | 4 | - |
| മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട് | സീനിയർ കൺസൾട്ടന്റ് | 1 | - |
| | കൺസൾട്ടന്റ് | 5 | - |
| | ജൂനിയർ കൺസൾട്ടന്റ് | 6 | - |

(സി) സംസ്ഥാനത്ത് സർക്കാർ അധീനതയിൽ പ്രവർത്തിക്കുന്ന ഡീ-

അഡിക്ഷൻ സെന്ററുകളുടെ വിശദാംശം നൽകാമോ; ഇവിടങ്ങളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുള്ള സ്ഥലങ്ങൾ അറിയിക്കാമോ?

ജില്ല ഡീ-അഡിക്ഷൻ സെന്ററുകൾ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച്, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. കൊല്ലം ജില്ലാശുപത്രി, താലൂക്കാശുപത്രി, പുനലൂർ താലൂക്കാശുപത്രി, കൊട്ടാരക്കര താലൂക്കാശുപത്രി, കരുനാഗപ്പള്ളി താലൂക്കാശുപത്രി നെടുങ്ങോലം (വിമുക്തി ഡീ-അഡിക്ഷൻ സെന്റർ) എന്നിവിടങ്ങളിൽ നിലവിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. ആലപ്പുഴ ജില്ലാശുപത്രി, മാവേലിക്കര (വിമുക്തി ഡീ-അഡിക്ഷൻ സെന്റർ) എന്നിവിടങ്ങളിൽ നിലവിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. പത്തനംതിട്ട താലൂക്ക് ആശുപത്രി, റാന്നി എന്നിവിടങ്ങളിൽ നിലവിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. കോട്ടയം ജനറലാശുപത്രി, പാല എന്നിവിടങ്ങളിൽ നിലവിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ് (താൽക്കാലിക നിയമനം). എറണാകുളം ജനറലാശുപത്രി, മൂവാറ്റുപുഴ ജനറലാശുപത്രി എന്നിവിടങ്ങളിൽ നിലവിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്.

ഇടുക്കി ജില്ലാശുപത്രിയിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. തൃശ്ശൂർ താലൂക്കാശുപത്രി, ചാലക്കുടി വെറ്റിലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിൽനിന്നും MD Psychiatric ബിരുദമുള്ള Asst. Surgeon-ന്റെ സേവനം ലഭ്യമാണ്. മലപ്പുറം ജില്ലാ ആശുപത്രി, നിലമ്പൂർ (വിമുക്തി പദ്ധതി) താലൂക്ക് ആശുപത്രി, തിരൂരങ്ങാടി എന്നിവിടങ്ങളിൽ സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാണ്. പാലക്കാട് ജില്ലാശുപത്രി, പാലക്കാട് ഗവൺമെന്റ് ട്രൈബൽ ആശുപത്രി കോട്ടത്തറ (വിമുക്തി ഡീ- അഡിക്ഷൻ സെന്റർ) എന്നിവിടങ്ങളിൽ സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാണ്. കോഴിക്കോട് മാനസികാരോഗ്യകേന്ദ്രം, കോഴിക്കോട് ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. വയനാട് ജനറലാശുപത്രി, കൽപ്പറ്റയിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. കണ്ണൂർ താലൂക്കാശുപത്രി പയ്യന്നൂർ (വിമുക്തി പദ്ധതി) ജോലിക്രമീകരണ വ്യവസ്ഥയിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. കാസർകോഡ് താലൂക്കാശുപത്രി നീലേശ്വരത്ത് സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്.

**അട്ടപ്പാടി ആദിവാസി മേഖലയിലെ ശിശുമരണം**

254 (2206) <u>ശ്രീ. അൻവർ സാദത്ത്</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:

<u>ശ്രീ. എ. പി. അനിൽ കുമാർ</u>:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും അട്ടപ്പാടി ആദിവാസി മേഖലയിൽ ശിശുമരണം വീണ്ടും ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ശിശുമരണങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അട്ടപ്പാടിയിൽ മുമ്പുണ്ടായിട്ടുള്ള ശിശുമരണം സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ഡി) പോഷകാഹാര കുറവുമൂലമാണ് അട്ടപ്പാടിയിൽ ശിശുമരണം ഉണ്ടാകുന്നതെന്ന കാര്യം ഗൗരവമായി പരിഗണിച്ച് അതിന് ഉത്തരവാദികളായവർക്കെതിരെ കർശനനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) അട്ടപ്പാടിയിലെ മാതൃ-ശിശു മരണങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ ആരോഗ്യവകുപ്പ് സൂക്ഷ്മമായി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. ഇവയുടെ ആരോഗ്യ സംബന്ധമായ കാരണങ്ങളും സാമൂഹികമായ വശങ്ങളും പരിശോധിച്ച് സർക്കാർ വിവിധ തരത്തിലുള്ള പ്രതിരോധ നടപടികൾ എടുത്തുവരുന്നു. മാതൃ-ശിശു മരണങ്ങൾ സംഭവിക്കുന്നത് വിവിധ തലങ്ങളിൽ പരിശോധിച്ച് (ആശുപത്രി, ജില്ല, സംസ്ഥാനതലത്തിൽ) കാരണങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ഇവയിൽ മെച്ചപ്പെടുത്താൻ പറ്റുന്ന മേഖലകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസം നൽകുക, ആരോഗ്യ പ്രവർത്തകർക്കുള്ള വിവിധങ്ങളായ പരിശീലന പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് ഏറ്റെടുത്തിട്ടുണ്ട്. അട്ടപ്പാടിയിൽ കണ്ടുവരുന്ന മാതൃ-ശിശു മരണങ്ങളിൽ പോഷകാഹാരക്കുറവ് ഒരുകാരണമായി സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത് നവജാതശിശുക്കളുടെ തൂക്കക്കുറവോടുകൂടിയുള്ള പ്രസവം നടക്കുന്നതിനും അവരുടെ നേരത്തെയുള്ള പ്രസവത്തിനും കാരണമാകുന്നു. അട്ടപ്പാടിയിലെ ശിശുമരണങ്ങളിൽ

ഭൂരിഭാഗവും ഇത്തരത്തിലുള്ള കുട്ടികളിലാണെന്ന് മുൻകാലങ്ങളിൽ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിന് വളരെ സാധാരണമായ കാരണം ഗർഭിണികളിലെ പോഷകാഹാരക്കുറവാണ്. അതിൽ അവർക്കുണ്ടാകുന്ന അനീമിയ ഒരു പ്രധാന കാരണമായി സൂചിപ്പിക്കപ്പെടാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഗർഭിണികൾക്ക് കാലേക്കൂട്ടിയുള്ള രജിസ്ട്രേഷൻ, സമയബന്ധിതമായ പരിശോധനകൾ, അൾട്രാ സൗണ്ട് സ്കാനിംഗ് എന്നിവ നടത്തുന്നു. സങ്കീർണ്ണതകൾ കണ്ടെത്തുന്ന മുറയ്ക്ക് വിദഗ്ദ്ധ ചികിത്സയ്ക്കായുള്ള റഫറൽ എന്നിവ ഉറപ്പാക്കുന്നു. അവർക്ക് ഗർഭാവസ്ഥയിൽ നിർബന്ധമായും 180 അയൺ ഫോളിക് ആസിഡ് ഗുളിക നൽകുക, അനീമിയ ഉള്ളവരാണെന്ന് കണ്ടെത്തിയാൽ അവർക്ക് 360 അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകുക, ആവശ്യഘട്ടങ്ങളിൽ രക്തം നൽകുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടത്തുന്നതിന് അട്ടപ്പാടിയിലെ ആരോഗ്യ സംവിധാനങ്ങളെ സജ്ജമാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കോട്ടത്തറയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഫീൽഡ് തലത്തിൽ ഓരോ സബ് സെന്റർ കേന്ദ്രീകരിച്ചും ആശമാർ മുഖാന്തരവും അയൺ ഗുളികകൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഗർഭിണികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വിവിധ

വകുപ്പുകൾ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖാന്തരം കമ്മ്യൂണിറ്റി കിച്ചണിലൂടെയും, ICDS-ന്റെ പൂരക പോഷണ പദ്ധതി (Supplementary Nutrition Programme), THR - (Take Home Ration) എന്ന രീതിയിലും ഭക്ഷ്യപദാർത്ഥങ്ങൾ നൽകിവരുന്നു. ഇതുകൂടാതെ ട്രൈബൽ വകുപ്പ് അവരുടെ പദ്ധതികളിലൂടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പും കൂടാതെ മറ്റ് വകുപ്പുകളുമായി ചേർന്നും നടത്തിവരുന്നു. ഗർഭിണികളിൽ ആരോഗ്യപ്രശ്നങ്ങൾ നേരത്തെ കൂട്ടി കണ്ടെത്തി ശരിയായ ചികിത്സ ഉറപ്പാക്കുന്നതിനായി ആഴ്ചയിൽ ആറുദിവസം വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഗൃഹസന്ദർശനം നടത്തി രോഗലക്ഷണങ്ങൾ കാലേകൂട്ടി കണ്ടെത്തുന്നതിന് ശ്രമിക്കുന്നതോടൊപ്പം മറ്റ് സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയും ഇത് ഒരു ചെക്ക് ലിസ്റ്റ് മുഖാന്തരം ആഴ്ചയിൽ റിപ്പോർട്ട് ചെയ്ത് മേലധികാരികൾ യോഗംചേർന്ന് പരിശോധിക്കുകയും ചെയ്യുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിനായി ജില്ലാ കളക്ടർ നേതൃത്വം നല്കി അസിസ്റ്റന്റ് കളക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തനം നടത്തിവരുന്നു. ഇതിലൂടെ അട്ടപ്പാടിയിൽ ആകെയുള്ള

ഗർഭിണികളുടെ എണ്ണം കൃത്യമായി വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കണ്ടെത്തി എല്ലാവർക്കും സേവനം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിൽ ആകെ ഗർഭിണികൾ എത്ര, റിസ്ക് വിഭാഗത്തിൽപ്പെട്ടവർ എത്ര, അനീമിയ ബാധിച്ചവർ എത്ര, സിക്കിൾ സെൽ രോഗികൾ എത്ര, പോഷകാഹാരക്കുറവുള്ള ഗർഭിണികൾ എത്ര, തുടങ്ങിയ തരംതിരിക്കലിലൂടെ ആരൊക്കെയെന്ന് മനസ്സിലാക്കി പ്രത്യേക പരിചരണം ഉറപ്പാക്കാൻ ശ്രമിച്ചുവരുന്നു. അട്ടപ്പാടി മേഖലയിലെ എല്ലാ സബ് സെന്ററുകളും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിനായി ദേശീയ ആരോഗ്യ മിഷനെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇതിലൂടെ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ സബ് സെന്ററുകൾ വഴി ലഭ്യമാക്കാൻ സാധിക്കും. അട്ടപ്പാടി മേഖലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും നിലവിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ടിട്ടുണ്ട്. ഇതിലൂടെ അധികസമയ OPD, കൂടുതൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ സേവനം, ലാബ് പരിശോധനകൾ ഉൾപ്പെടെയുള്ള കൂടുതൽ സേവനങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. അഗളി ആശുപത്രിയിൽ ആഴ്ചയിൽ മൂന്ന് ദിവസം ഗൈനക്കോളജിസ്റ്റ്, കുട്ടികളുടെ ഡോക്ടർ, ശ്വാസകോശരോഗ വിദഗ്ധൻ തുടങ്ങിയ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒ.പി. സേവനം

ആരംഭിച്ചിട്ടുണ്ട്. അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ എക്സ്റേ മെഷീൻ പ്രവർത്തനമാരംഭിച്ചു. ഇതിനായി ടെക്നീഷ്യനെ നിയമിക്കുകയും മറ്റ് സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ എല്ലാ ആദിവാസി കുടുംബങ്ങളും കേന്ദ്രീകരിച്ച് ആരോഗ്യപരിശോധന നടത്തി രോഗാതുരത മനസ്സിലാക്കി ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള പരിശോധനകൾ കുട്ടികളിൽനിന്ന് തുടങ്ങുന്നതിന്റെ ഭാഗമായി ട്രൈബൽ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസം നൽകികൊണ്ടുള്ള പരിശോധനാ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ എല്ലാ ആരോഗ്യ പരിശോധനകളോടൊപ്പം അവരുടെ ഹീമോഗ്ലോബിൻനില, സിക്കിൾസെൽ രോഗാവസ്ഥ എന്നിവ കൂടി പരിശോധിക്കുകയും പ്രശ്നങ്ങളുള്ളതായി കണ്ടെത്തുന്നവരെ മറ്റ് പരിശോധനകൾക്കും ചികിത്സയ്ക്കുമായി അയയ്ക്കുകയും ചെയ്യുന്നു. അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ ആരോഗ്യം അവരുടെ പോഷക നിലവാരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് രേഖപ്പെടുത്തേണ്ടതും അതോടൊപ്പം മറ്റസുഖങ്ങൾ ഉണ്ടെങ്കിൽ ഉടൻ ചികിത്സ നേടേണ്ടതും അത്യന്താപേക്ഷിതമാണ്. അതിനാൽ ഇത്തരത്തിലുള്ള കുട്ടികളുടെ ഒരു രജിസ്റ്റി തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ തുടർപരിശോധന

നടത്തുകയും ഇവരെ പോഷക നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി ന്യൂട്രിഷ്യൻ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്ത് ചികിത്സിക്കേണ്ടതുമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി "ജാതക്" എന്ന പേരിലുള്ള സോഫ്റ്റ്‌വെയർ പുനരാവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആരോഗ്യവകുപ്പ് വിവിധ വകുപ്പുകൾ വഴി ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന എല്ലാവർക്കുമായി പ്രത്യേകിച്ചും ആദിവാസി മേഖലയുമായി ബന്ധപ്പെട്ട ആരോഗ്യ വിഷയങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവരുടെ ആരോഗ്യ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തി ശരിയായ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള പരിശീലന പരിപാടി നടത്തുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എക്സൈസ് വകുപ്പുമായി ചേർന്ന് മദ്യാസക്തി കുറയ്ക്കുന്നതിനും മദ്യാസക്തരായിട്ടുള്ളവരെ ചികിത്സിക്കുന്നതിനായുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഊരുകൾ ബന്ധിപ്പിച്ചും മാസത്തിൽ ഒരു പ്രത്യേക ദിവസം ക്യാമ്പുകൾ നടത്തുന്ന രീതി അവലംബിച്ചിട്ടുണ്ട്. മാതൃ-ശിശു മരണങ്ങൾ നിയന്ത്രിക്കുന്നതിനും

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും വേണ്ടി സമൂഹത്തിന്റെ ഇടപെടൽ കൂടുതലായി കൊണ്ടുവരുന്നതിലേയ്ക്കായി 'പെൺട്രിക കൂട്ട്' എന്ന പേരിൽ ഓരോ അങ്കണവാടികളുടേയും കീഴിൽ സ്ത്രീകളുടെ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. ജെ.പി.എച്ച്.എൻ., അങ്കണവാടി വർക്കർ, ആശാവർക്കർ എന്നിവർ മുഖേന ലഭ്യമാകുന്ന വിവിധ സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കൂടുതൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വ്യക്തികളിൽ എത്തിക്കുക എന്നുള്ളതാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യം. സമൂഹത്തിന്റെ പങ്കാളിത്തത്തോടെ കൂടുതൽ നല്ലരീതിയിൽ അവിടത്തെ പോഷകാഹാരക്കുറവ് നിയന്ത്രിക്കാൻ സാധിക്കുമെന്ന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## മിഠായി ക്ലിനിക്കുകൾ

255 (2207) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ടൈപ്പ് വൺ പ്രമേഹ ബാധിതർക്കായുള്ള മിഠായി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; മിഠായി ക്ലിനിക്കുകൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തനം

തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന മിഠായി ക്ലിനിക്കുകൾ മുഖേനയാണ് മിഠായി പദ്ധതിയിലെ അംഗങ്ങളായ കുട്ടികൾക്ക് മരുന്നും മറ്റ് ചികിത്സാ ഉപകരണങ്ങളും നൽകിവരുന്നത്. നിലവിൽ മിഠായി പദ്ധതിയുടെ സേവനം ലഭ്യമല്ലാത്ത 9 ജില്ലകളിൽ മിഠായി സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചുവടെ പറയുന്ന ആശുപത്രികളിലാണ് മിഠായി സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

1. ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം 2. ഗവ.താലൂക്കാശുപത്രി, അടിമാലി, ഇടുക്കി 3. ഗവ. ജില്ലാശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട 4.ഗവ.ജില്ലാശുപത്രി, പെരിന്തൽമണ്ണ 5. വുമൺ & ചൈൽഡ് ഗവ. ആശുപത്രി, പാലക്കാട് 6. ഗവ. ജനറലാശുപത്രി, കൽപ്പറ്റ, വയനാട് 7. ഗവ. ജില്ലാശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് 8. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം 9. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ.

(ബി) മിഠായി പദ്ധതിയിൽ അംഗമാകാനുള്ള അപേക്ഷകളിന്മേൽ

തീരുമാനമെടുക്കാൻ വലിയ കാലതാമസമുണ്ടാകുന്നത് രോഗികൾക്ക് ഒരുപാട് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് എല്ലാ രേഖകളോടെയും നൽകുന്ന അപേക്ഷകൾ രജിസ്ട്രേഷൻ ചെയ്താൽ ഉടൻ അംഗീകാരം നൽകുന്ന രീതി നടപ്പാക്കുമോ?

മിഠായി പദ്ധതിയിൽ ഓൺലൈൻ വഴിയാണ് രജിസ്ട്രേഷൻ നടത്തി വരുന്നത്. ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തുന്ന വേളയിൽ തന്നെ ഇതുസംബന്ധിച്ച വിവരങ്ങൾ അപേക്ഷയിൽ നൽകിയിരിക്കുന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ്. ആയി നൽകാറുണ്ട്. അപേക്ഷയിൽ ആവശ്യം വേണ്ട രേഖകളില്ലെങ്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ കാൾ സെന്ററിൽനിന്നും ടി വിവരം അപേക്ഷകനെ അറിയിച്ച് വേണ്ട തിരുത്തൽ വരുത്തി അപേക്ഷകൾ പരിഗണിക്കുന്നത് വഴി ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകാറില്ല. മിഠായി പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകൾ മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്.

(സി) മിഠായി പദ്ധതിയിൽ സി.ജി.എം.എസ്. മാസത്തിൽ രണ്ട് തവണ നല്കാൻ നടപടി സ്വീകരിക്കുമോ; പദ്ധതിയിൽ പ്രമേഹ അനുബന്ധ ലാബ് പരിശോധനകൾ സൗജന്യമാക്കുമോ; വ്യക്തമാക്കുമോ?

രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് മനസ്സിലാക്കുന്നതിനുവേണ്ടി ഗ്ലൂക്കോ

മീറ്റർ, സി.ജി.എം. എന്നീ രണ്ട് ഉപകരണങ്ങൾ മിഠായി പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് നൽകുന്നുണ്ട്. ഏകദേശം 1830/- രൂപ വില വരുന്ന സി.ജി.എം. സെൻസർ മൂന്ന് മാസത്തിലൊരിക്കൽ മിഠായി പദ്ധതിയിലെ കുട്ടികൾക്ക് നൽകുന്നുണ്ട്. ടൈപ്പ് വൺ പ്രമേഹ ബാധിതർക്ക് ചെയ്യേണ്ട ലാബ് പരിശോധനകൾ ഏതെല്ലാമാണെന്ന് മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ഇ-ഹെൽത്ത് പദ്ധതി**

256 (2208) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചത് എന്നുമുതലാണെന്ന് അറിയിക്കാമോ?

കേരളത്തിൽ ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നതിന് 2013 ജൂൺ 26- ന് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചു.

(ബി) ഇ-ഹെൽത്ത് സോഫ്റ്റ്‌വെയറുകളെ പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിച്ചത് എന്നുമുതലാണെന്ന് വ്യക്തമാക്കാമോ?

2016 ജൂൺ മാസം 14-ന് തിരുവനന്തപുരം വേളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് ആരംഭിച്ചതോടുകൂടി ഇ-ഹെൽത്ത് സോഫ്റ്റ്‌വെയറുകൾ പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിച്ചു.

(സി) എത്ര ആശുപത്രികളിലാണ് ഇ-ഹെൽത്ത് സംവിധാനം നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരളത്തിൽ നാളിതുവരെ 361 ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**പ്രസവത്തെത്തുടർന്നുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

257(2209) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസവത്തെത്തുടർന്ന് മരണപ്പെട്ട വട്ടോളിയിലെ ദിബിഷയുടെ കുടുംബത്തിന് നീതി ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; അന്വേഷണം ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ദിബിഷയുടെ മരണത്തിനുത്തരവാദികളായവർക്കെതിരെ

എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

(എ&ബി) മലാപ്പറമ്പ് ഇക്ര എന്ന സ്വകാര്യ ആശുപത്രിയിൽ വച്ചാണ് ദിബിഷ എന്ന യുവതി പ്രസവത്തെത്തുടർന്ന് മരണപ്പെട്ടത്. ആരോഗ്യ വകുപ്പിൽ ഇതുസംബന്ധിച്ച അന്വേഷണങ്ങൾ നടക്കുന്നില്ല.

(സി) പ്രസവത്തെത്തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് കോഴിക്കോട് ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയതെന്ന് അറിയിക്കാമോ?

പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിലെ മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാർക്ക് പുതുക്കിയ പരിശീലനം നൽകിവരുന്നു. ജില്ലയിലെ എല്ലാ ഡെലിവറി പോയിന്റ്സിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യ പദ്ധതി സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി, ഗവൺമെന്റ് ജനറലാശുപത്രി എന്നീ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ലക്ഷ്യ അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസവാനന്തര ശുശ്രൂഷ സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി എല്ലാ മാസവും ഗൈനക്കോളജി ഡോക്ടർമാരുടെ യോഗം നടത്തിവരുന്നു. പ്രസവം നടന്ന എല്ലാ വീടുകളിലും ജെ.പി.എച്ച്.എൻ., ആശാ വർക്കർ

എന്നിവരുടെ നേതൃത്വത്തിൽ Post Natal Visit നടത്തിവരുന്നു. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി വിവിധ ആരോഗ്യ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

## ഡി-ഫാം വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിന് ഫീസ്

258 (2210) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി-ഫാം വിദ്യാർത്ഥികൾക്ക് സിലബസ്സിന്റെ ഭാഗമായി നടത്തുന്ന മൂന്ന് മാസത്തെ ട്രെയിനിംഗിന് ഫീസ് ഈടാക്കാൻ നൽകിയിട്ടുള്ള നിർദ്ദേശം വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില ജില്ലകളിൽ ട്രെയിനിംഗ് ഫീസ് ഒഴിവാക്കി നൽകുമ്പോൾ പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകൾ ഫീസ് ഈടാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; സംസ്ഥാനത്തെ എല്ലാ ഡി-ഫാം വിദ്യർത്ഥികൾക്കും സിലബസ്സിന്റെ ഭാഗമായി നടത്തുന്ന ട്രെയിനിംഗിന് ഫീസ് ഒഴിവാക്കി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്തെ ഡി-ഫാം വിദ്യാർത്ഥികൾക്ക് സിലബസ്സിന്റെ ഭാഗമായി നടത്തുന്ന ട്രെയിനിംഗിന് ഫീസ് ഈടാക്കാൻ സർക്കാരിൽനിന്നും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## വയനാട് ജില്ലയിലെ കുഷ്ഠരോഗ നിർമ്മാർജനം

259 (2211) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കുഷ്ഠരോഗികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

വയനാട് ജില്ലയിൽ നിലവിൽ 10 കുഷ്ഠരോഗികളുണ്ട്.

(ബി) ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് കുഷ്ഠരോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണം വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട 8 പേർക്ക് കുഷ്ഠരോഗം പിടിപ്പെട്ടു. അതിൽ 2 പേർ മരണപ്പെട്ടു. നിലവിൽ ടി വിഭാഗത്തിൽപ്പെട്ട 6 പേർ ചികിത്സയിലുണ്ട്.

(സി) കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

വയനാട് ജില്ലയിലും സംസ്ഥാനത്താകമാനവും കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

## പൊതു ആരോഗ്യമേഖല

260 (2212) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 2021-22 വർഷത്തിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 2021-22 വർഷത്തിൽ നാളിതുവരെ (16-03-2022) 220688.56 ലക്ഷം രൂപ (ട്രഷറി ചെലവ്) (144.28%) ചെലവഴിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ മേഖലയിൽ ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശതമാനം തുകയാണ് സംസ്ഥാനം ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ 1.32 ശതമാനമാണ് ചെലവഴിക്കുന്നത് [(2019-20(Q)-ലെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (2011-12) സ്ഥിര വിലയിൽ] പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വികസന വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയിൽ ചെലവഴിക്കുന്ന തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല.

(സി) പൊതുആരോഗ്യ സംവിധാനങ്ങളിൽ പൊതുജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ എന്ന പദ്ധതി നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. സർക്കാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്കാശുപത്രികൾ,

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റിയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയും മതിയായ മരുന്ന് വിതരണം, ഉറപ്പായ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യ വ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഇതിന്റെ തുടർച്ചയായി പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകാനും വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കെട്ടിപ്പടുക്കാനുള്ള സാമൂഹ്യ പ്രവർത്തനങ്ങൾക്കുമാണ് നവ കേരളകർമ്മ പദ്ധതി രണ്ടാംഘട്ടത്തിൽ ലക്ഷ്യംവയ്ക്കുന്നത്. ഇതിനായി ഹെൽത്ത്ലൈഫ് ക്യാമ്പയിൻ, ആർദ്രം മിഷൻ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ തുടർച്ച, രോഗനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ജില്ലാ ക്യാൻസർ പ്രതിരോധ പരിപാടി, ലാബ് നെറ്റ്‌വർക്കിംഗ് (Hub and Spoke Model), വാർഷിക ആരോഗ്യപരിശോധനാ പദ്ധതി, ഇന്റഗ്രേറ്റീവ് മെഡിസിൻ & റിസർച്ച്, പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായുള്ള അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ, വൺ ഹെൽത്ത് ക്യാമ്പയിൻ,

വയോജന പരിപാലനവും സാന്ത്വന പരിചരണവും എന്നിങ്ങനെ 10 ഇന പരിപാടികൾ നടപ്പിലാക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണംകൂടി ഉറപ്പാക്കി ഒരു ജനകീയ ആരോഗ്യ പ്രവർത്തനത്തിനാണ് ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്ക് വേണ്ടി 188713 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

**നാദാപുരത്തെ തേജ് ദേവിന്റെ മരണം**

261 (2213) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് കുത്തിവയ്പ്പെടുത്തതിന് പിന്നാലെ തേജ് ദേവ് എന്ന പതിനൊന്ന് വയസുകാരൻ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവം ന്യൂക്ലിയസ് ക്ലിനിക് എന്ന സ്വകാര്യ സ്ഥാപനത്തിലാണ് നടന്നത്. ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ

262 (2214) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്.)-ൽ നിന്നും 9 ലക്ഷം രൂപ വിനിയോഗിച്ച് മണലൂർ മണ്ഡലത്തിലെ എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തി കോസ്റ്റ്ഫോർഡിനെ ഏൽപ്പിക്കുകയുണ്ടായെങ്കിലും പ്രസ്തുത പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്, എളവള്ളി FHC-യുടെ കൈവശം ആകെ 94 സെന്റ് സ്ഥലമാണുള്ളത്. ആയതിൽ വടക്കുഭാഗത്ത് 2.5 സെന്റും തെക്കുഭാഗത്ത് 1.7

സെന്റും സ്ഥലം വഴിയായി ഉപയോഗിക്കുന്നു. 0.5 സെന്റ് സ്ഥലം പി.ഡബ്ല്യു.ഡി. റോഡിനായി പോയിട്ടുള്ളതാണ്. ഏകദേശം 4.7 സെന്റ് സ്ഥലം വഴിയായി കിടക്കുന്നതിനാലാണ് എഫ്.എച്ച്.സി.-യുടെ നിശ്ചിത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണത്തിന്റെ പ്രവർത്തനം തടസ്സമായി നിൽക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

എളവള്ളി എഫ്.എച്ച്.സി.-യുടെ വലതുഭാഗത്ത് പുറകിലായി പുതിയ ലാബ് കെട്ടിടവും ഇടതുഭാഗത്ത് Image Store-ഉം പ്രവർത്തിക്കുന്നുണ്ട്. മേൽ രണ്ട് സ്ഥലത്തേയ്ക്കുള്ള വാഹന ഗതാഗതം FHC കോമ്പൗണ്ടിലൂടെ പ്രവേശിക്കുന്ന രോഗികൾക്ക് അപകടഭീഷണിയുണ്ടാകാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ, FHC-യുടെ ഇടതും വലതും പ്രത്യേകം വഴി മാറ്റി നിർത്തി മതിൽകെട്ടുന്നതിന് മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് എളവള്ളി ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്.

## പി.പി.ഇ. കിറ്റുകളുടെ പർച്ചേസ്

263 (2215) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-03-2020-ൽ കെറോണിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനമെടുത്തിരുന്നോ; പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങിയ കിറ്റുകളുടെ എണ്ണവും എത്ര രൂപ നിരക്കിലാണ് പി.പി.ഇ. കിറ്റ് ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ?

കെ.എം.എസ്.സി.എൽ. തീരുമാനമെടുത്തിരുന്നു. 551.25 രൂപ നിരക്കിൽ 29-03-2020-ന് ഒരു ലക്ഷം എണ്ണം പി.പി.ഇ. കിറ്റ് വാങ്ങുന്നതിനായി കെറോണിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസ് ഓർഡർ നൽകിയിരുന്നു.

(ബി) 29-03-2020-ലെ പർച്ചേസിന് ശേഷം പ്രസ്തുത കമ്പനിയിൽ നിന്നും കൂടുതൽ പി.പി.ഇ. കിറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു.

(സി) 29-03-2020-ലെ പർച്ചേസിന് ശേഷം പി.പി.ഇ. കിറ്റിന്റെ ലഭ്യതക്കുറവുമൂലം കൂടുതൽ പി.പി.ഇ. കിറ്റ് നൽകാൻ സാധിക്കില്ലെന്ന് കെറോൺ കമ്പനി സർക്കാരിനെയോ കേരള മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷനെയോ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇപ്രകാരം അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഡി) 28-03-2020-ന് ശേഷം തദ്ദേശീയരായ വിതരണക്കാരിൽ നിന്നും എച്ച്.എൽ.എൽ.-നിന്നും കിറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോ; വിശദവിവരങ്ങൾ നൽകാമോ?

KMSCL ആവശ്യപ്പെട്ടിരുന്നു. KSDPL, New Care hygene, Kitex Garments തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പി.പി.ഇ. കിറ്റ് വാങ്ങിയിരുന്നു.

## പി.പി.ഇ. കിറ്റ്

264 (2216) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ച് 29-ന് കേരള മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷന്റെ യോഗത്തിൽ അടിയന്തരമായി പത്തുലക്ഷം പി.പി.ഇ. കിറ്റുകൾ വേണമെന്നും ഇതിൽ എട്ട് ലക്ഷം കിറ്റുകൾ രണ്ടുമാസത്തിനുള്ളിൽ സംഭരിക്കുന്നതിനും തീരുമാനിച്ചിരുന്നോ?

തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത മീറ്റിംഗിലെ തീരുമാനം മഹാരാഷ്ട്രയിലെ സോളാപൂർ ജില്ലയിൽ നിന്നുള്ള സാൻ ഫാർമ എന്ന സ്ഥാപനത്തെ അറിയിച്ചിരുന്നോ?

അറിയിച്ചിരുന്നില്ല.

(സി) പ്രസ്തുത കമ്പനി പത്തു വർഷത്തിലേറെയായി പ്രവർത്തിക്കുന്ന ലോകനിലവാരത്തിലുള്ള സ്ഥാപനമാണെന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കമ്പനി വിവിധ സർക്കാർ ആശുപത്രികളിൽനിന്നും വിതരണ ഉത്തരവുകൾ ശേഖരിക്കുന്നതിനും അതിൻപ്രകാരം വിതരണം നടത്തുന്നതിനും ചുമതലപ്പെടുത്തിക്കൊണ്ടുള്ള എച്ച്.എൽ.എൽ. ലൈഫ് കെയർ ലി., ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക്സ് എന്നീ സ്ഥാപനങ്ങളുടെ ആതറൈസേഷൻ കത്തുകളുടെ പകർപ്പുകൾ കെ.എം.എസ്.സി.എൽ.-ന് ലഭ്യമാക്കിയിട്ടുണ്ട്. 22-04-2020-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത

കമ്പനിയുടെ പി.പി.ഇ. കിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്.

**ടൈപ്പ് വൺ പ്രമേഹ രോഗികളായ കുട്ടികളുടെ ചികിത്സ**

265 (2217) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹരോഗികളായ കുട്ടികളുടെ ചികിത്സയ്ക്ക് ഭീമമായ ചികിത്സാ ചെലവ് വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികളുടെ ചികിത്സയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. ഇത്തരം കുട്ടികളുടെ ചികിത്സയ്ക്കായി സാമൂഹിക സുരക്ഷാ മിഷന് കീഴിൽ സൗജന്യ ഇൻസുലിനും ഇൻസുലിൻ പമ്പും മാസംതോറും 50 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസെറ്റ്, ഇൻസുലിൻ പേന, നീഡിൽ, കീറ്റോൺ സ്ട്രിപ്പ് എന്നിവയും continuous glucose മോണിറ്ററും സൗജന്യമായി നൽകുന്ന മിഠായി പദ്ധതി നിലവിലുണ്ട്. പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന്റെ ജില്ലാശുപത്രികളിലുമായിട്ടാണ് മിഠായി ക്ലിനിക്കുകൾ

പ്രവർത്തിച്ചുവരുന്നത്. 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്കും മിഠായി പദ്ധതി വഴി ചികിത്സാ സഹായം ലഭ്യമാണ്. വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്കാണ് ഈ പദ്ധതിയിൽ അംഗമാകുവാൻ കഴിയുക.

## മലബാർ ക്യാൻസർ സെന്റർ

266(2218) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മലബാർ ക്യാൻസർ സെന്ററിന്റെ സർവ്വീസ് റൂൾ സംബന്ധിച്ച ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

01-03-2018-ലെ സ.ഉ(കൈ) നം. 4/2018/ഊർജം പ്രകാരം സർക്കാർ അംഗീകരിച്ച സർവീസ് റൂളാണ് മലബാർ ക്യാൻസർ സെന്ററിൽ നിലവിലുള്ളത്. നിലവിലുള്ള സർവ്വീസ് റൂൾ പുതുക്കുന്നതിനായി മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ പുതിയ കരട് സർവ്വീസ് റൂൾ സമർപ്പിച്ചിരുന്നു. ആയത് നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസുകൾ

267 (2219) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:

<u>ശ്രീ. ടി. ജെ. വിനോദ്</u>:

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ്, മാസ്ക് എന്നിവ വാങ്ങിയ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നടപടിക്ക് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസുകൾ നേരിട്ടാണ് നടത്തുന്നത്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസുകൾ നേരിട്ടാണ് നടത്തുന്നത്.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പർച്ചേസുകൾ നടത്താൻ സാധിക്കുന്നത് എന്നത് വസ്തുതയാണോ?

വസ്തുതയല്ല. 19-06-2012-ലെ സ.ഉ (കൈ)നം. 186/2012/ആ.കു.വ പ്രകാരം കെഎം.എസ്.സി.എൽ.-ന് നെഗോസിയേഷൻ മുഖാന്തരം ബ്രാന്റഡ് മരുന്നുകൾ സംഭരിക്കാവുന്നതാണ്.

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവ് അനുവദിച്ച് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ ഇളവ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 04-04-2020-ലെ സ.ഉ. (സാധാ) നം. 09/2020/എസ്.പി.ഡി. പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവ് അനുവദിച്ചിരുന്നു.

(ഇ) സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവ് ലഭിക്കുന്നതിന് മുൻപാണോ സാൻഫാർമ എന്ന സ്ഥാപനത്തിൽനിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ്, മാസ്ക് എന്നിവ വാങ്ങാൻ തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ?

രാജ്യവ്യാപകമായി Notified Disaster ആയി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽകണ്ട് ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള State Crisis

Management Group-ന്റെ 28-03-2020-ലെ യോഗതീരുമാന പ്രകാരം പി.പി.ഇ. കിറ്റുകളുടെ കരുതൽ ശേഖരം ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാമഗ്രികൾ നിലവിലെ മാർക്കറ്റ് റേറ്റിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം കെ.എം.എസ്.സി.എൽ. നടപടി സ്വീകരിക്കുകയും ചെയ്തു. സ്റ്റോർ പർച്ചേസ് മാന്വലിലെ ഇളവുകൾ ലഭിക്കുന്നതിന് മുൻപാണ് പ്രസ്തുത കമ്പനിയിൽ നിന്ന് പി.പി.ഇ. കിറ്റ്, മാസ്ക് എന്നിവ വാങ്ങാൻ കെ.എം.എസ്.സി.എൽ. തീരുമാനിച്ചത്.

## കോവിഡ് 19

268 (2220) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എം.എൽ.എ.-മാരുടെ 2021-22 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും പിടിച്ച നാലു കോടി രൂപ വീതം ആകെ 560 കോടി രൂപ വിനിയോഗിച്ച് നാളിതുവരെ ആരോഗ്യ വകുപ്പ് പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) മേല്പറഞ്ഞ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ

പട്ടിക ലഭ്യമാക്കുമോ?

(എ&ബി) 26-07-2021-ലെ സ.ഉ. (ആർ.റ്റി) നം. 1555/2021/ ആ.കു.വ. പ്രകാരം 140 നിയോജകമണ്ഡലങ്ങളിലും 10 കിടക്കകൾ വീതമുള്ള ഓരോ ഐസോലേഷൻ വാർഡ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ നിർമ്മാണം ആരംഭിക്കുന്നതിനായി പരിഗണിക്കപ്പെട്ട 90 മണ്ഡലങ്ങളിൽ ഉൾപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനമാരംഭിച്ചിട്ടുള്ള 35 സ്ഥാപനങ്ങളുടെ പേര് വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.+

## കോവിഡ് ബ്രിഗേഡ്

269 (2221) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബ്രിഗേഡായി സേവനം അനുഷ്ഠിച്ചവർക്ക് ഏതു മാസംവരെ ഇൻസെന്റീവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എൻ.എച്ച്.എം. ജീവനക്കാർക്കുള്ള കോവിഡ് ബ്രിഗേഡ് ഇൻസെന്റീവ് 2021 ജൂലൈ മാസം വരെ നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2021 അഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഇൻസെന്റീവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മാസങ്ങളിലെ ഇൻസെന്റീവ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി&സി) 2021 അഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഇൻസെന്റീവ് അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കോവിഡ് മരണങ്ങളുടെ കണക്ക്**

270(2222) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആകെ എണ്ണം എത്രയാണ്; അപ്പീൽ വഴി മാത്രം കോവിഡ് പട്ടികയിൽ ഉൾപ്പെടുത്തിയ മരണങ്ങളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

14-03-2022 വരെ 66,886 കോവിഡ് -19 മരണങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അപ്പീൽ മുഖാന്തരം

27,430 മരണങ്ങളും കോവിഡ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോവിഡ് ബാധിച്ച് മരണപ്പെട്ടതും എന്നാൽ നാളിതുവരെയായി പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താത്തതുമായ എത്ര കേസുകൾ ഇനി തീർപ്പാക്കാനുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിൽ കോവിഡ് മരണനിരക്ക് ആകെ എത്രയാണ്; തീർപ്പാക്കാനുള്ള കേസുകൾ കൂടി ഉൾപ്പെടുത്തുമ്പോൾ ഇത് എത്രയാകുമെന്നാണ് കരുതുന്നത്?

കോവിഡ്മൂലം മരണപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത പേരുകൾ സംബന്ധിച്ച് അപ്പീൽ വഴി നൽകിയാൽ പരിശോധിച്ച് ഉൾപ്പെടുത്തിവരുന്നു. 14-03-2022 വരെ കേരളത്തിലെ കോവിഡ് മരണ നിരക്ക് 1.02% ആണ് (case fatality rate). സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സമർപ്പിക്കപ്പെട്ട അപ്പീലുകൾ പരിഗണിച്ച് കോവിഡ് മരണങ്ങളായി സ്ഥിരീകരിക്കപ്പെട്ട മരണങ്ങൾകൂടി ഉൾപ്പെടുത്തിയാണ് ഈ നിരക്ക്.

(ഡി) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ പേരുകൾ യഥാസമയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണമെന്ത്; ഇതുകാരണം അർഹമായ ധനസഹായം ലഭിക്കാതെ വരുന്നതിനും കാലതാമസമുണ്ടാകുന്നതിനും ഇടയാക്കിയിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ.-ന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് കേരളത്തിൽ കോവിഡ് -19 മൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിരുന്നത്. ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇ-ഹെൽത്തിന്റെ നേതൃത്വത്തിൽ 2021 ജൂൺ 18 മുതൽ ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ സജ്ജീകരിക്കുകയുണ്ടായി. എന്നാൽ കോവിഡ് 19 ബാധിച്ച് രോഗി മരണപ്പെട്ട ആശുപത്രികളിൽനിന്നും യഥാസമയം മെഡിക്കൽ ബുള്ളറ്റിൻ ലഭിക്കാത്തതും അപൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയതുമായ സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ അപൂർണ്ണമായ വിവരങ്ങൾ നൽകിയ മെഡിക്കൽ ബുള്ളറ്റിനുകൾ ആശുപത്രികളിൽ തിരികെ അയയ്ക്കുകയും യഥാസമയം തിരികെ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ

കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 03-09-2021-ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർന്ന് കോവിഡ് മരണപട്ടികയിൽ ഉൾപ്പെടാതെ പോയിട്ടുള്ളവരുടെ ആശ്രിതർക്ക് അപ്പീൽ നൽകാനുള്ള അവസരം പോർട്ടൽ മുഖാന്തരം ഏർപ്പെടുത്തുകയും ഇവ ജില്ലാതലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായുള്ള അഞ്ചംഗ സി-ഡാക് സമിതി പരിശോധിച്ച് യോഗ്യരായവരെ മരണപ്പട്ടികയിൽ ഉൾപ്പെടുത്തി അവർക്കാവശ്യമായ ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## പി.പി.ഇ. കിറ്റ് - സാൻ ഫാർമ കമ്പനിയുടെ വിവരം

271 (2223) ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-03-2020 -ൽ സർക്കാരിന് പി.പി.ഇ. കിറ്റ് നൽകാമെന്ന് കാണിച്ച് ഇ-മെയിൽ നല്കിയ മഹാരാഷ്ട്രയിലെ സോളാപൂർ ജില്ലയിലെ M/S. സാൻ ഫാർമ എന്ന സ്ഥാപനം പി.പി.ഇ. കിറ്റുകൾ നിർമ്മിക്കുന്ന സ്ഥാപനമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പി.പി.ഇ. കിറ്റ് ഓർഡർ നൽകുന്നതിന് മുന്നോടിയായി കമ്പനിയുടെ വിശദാംശങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരായുകയും കേന്ദ്ര സർക്കാർ ഏജൻസികളായ ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക് ലിമിറ്റഡ്, എച്ച്.എൽ.എൽ. ലൈഫ് കെയർ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, കർണാടക ആന്റിബയോട്ടിക്സ് എന്നീ സ്ഥാപനങ്ങൾക്ക് തങ്ങൾ പി.പി.ഇ. കിറ്റ് വിതരണം ചെയ്തു വരുന്നുണ്ടെന്ന് സാൻ ഫാർമ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സാൻ ഫാർമയിൽനിന്നും 50,000 പി.പി.ഇ. കിറ്റുകൾക്ക് പകരം ആദ്യഘട്ടത്തിൽ 15,000 പി.പി.ഇ. കിറ്റ് വാങ്ങിയാൽ മതിയെന്ന തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

സാൻ ഫാർമ എന്ന വിതരണക്കാരൻ ഓഫർ ചെയ്തതിനേക്കാൾ കുറഞ്ഞ നിരക്കിൽ ടി ഇനം ലഭ്യമാക്കുവാൻ സംസ്ഥാനത്തിനകത്തെ ഒരു ഉല്പാദനകേന്ദ്രം തയ്യാറായി വന്ന സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനിച്ചത്.

(സി) M/S. സാൻ ഫാർമ എന്ന സ്ഥാപനത്തിന് ലോകോത്തര നിലവാരമുള്ള യൂറോപ്യൻ കമ്മീഷൻ സർട്ടിഫൈ ചെയ്തതായി അവർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച രേഖകൾ സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാർ ഏജൻസികളായ ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് പത്ത് കൊല്ലത്തിലധികമായി പി.പി.ഇ. കിറ്റ് നൽകുന്ന സ്ഥാപനമാണ് M/S. സാൻ ഫാർമ എന്ന് അവർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച രേഖകൾ സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(സി&ഡി) പർച്ചേസുകൾ കെ.എം.എസ്.സി.എൽ. നേരിട്ടാണ് നടത്തുന്നത്. യൂറോപ്യൻ കമ്മീഷൻ (സി.ഇ) സർട്ടിഫൈ ചെയ്തിട്ടുള്ള പി.പി.ഇ. കിറ്റുകളാണ് M/s. സാൻ ഫാർമയിൽ നിന്ന് കെ.എം.എസ്.സി.എൽ. സംഭരിച്ചതെന്നാണ് 22-04-2020-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി സർട്ടിഫൈ ചെയ്തത്. പ്രസ്തുത പി.പി.ഇ. കിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്.

**ആലത്തൂർ- കോവിഡ് മരണങ്ങൾ**

272(2224) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതിൽ എത്ര പേർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

11-03-2022-ലെ കണക്ക് പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിൽ 427 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 427 പേർക്കും സർട്ടിഫിക്കറ്റ് നൽകിയിട്ടുമുണ്ട്.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ കോവിഡുമൂലം മരണപ്പെട്ടവരുടെ ആശ്രിതരായ എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ?

11-03-2022 -ലെ കണക്കുപ്രകാരം 407 പേരുടെ ആശ്രിതർക്ക് കോവിഡ് സമാശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. 3 വ്യക്തികളുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കാനുണ്ട്.

**ഐസൊലേഷൻ വാർഡ് രൂപീകരണം**

273(2225) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 140 മണ്ഡലങ്ങളിലും 10 ബെഡ് കൂടിയുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ കെ.എം.എസ്.സി.എൽ. എന്ന ഏജൻസിയെ കിഫ്ബി വഴി തെരഞ്ഞെടുക്കാൻ തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി മുഖാന്തരമുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഒരു നിർവ്വഹണ ഏജൻസി (SPV) ഉണ്ടായിരിക്കേണ്ടതുള്ളതിനാൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷനെ എസ്.പി.വി. ആയി നിശ്ചയിച്ചു. ആർദ്രം മിഷന്റെ ഭാഗമായി കാത്ത് ലാബുകളും ഡയാലിസിസ് കേന്ദ്രങ്ങളും കിഫ്ബി ധനസഹായത്തോടുകൂടി നിർമ്മിക്കുന്നതിനുള്ള ചുമതലയും നേരത്തേ KMSCL -നായിരുന്നു.

(ബി) ഏകദേശം രണ്ടുകോടി രൂപ ചെലവഴിച്ച് 10 ബെഡുള്ള ഐസൊലേഷൻ വാർഡ് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനുപകരം ഈ തുക ചെലവഴിച്ച് മണ്ഡലത്തിലെ സി.എച്ച്.സി.-യിലോ ബ്ലോക്ക് ലെവൽ എഫ്.എച്ച്.സി.-യിലോ മൾട്ടിപർപ്പസ് കോൺക്രീറ്റ് ബിൽഡിംഗോടുകൂടിയുള്ള ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

സി.എച്ച്.സി. തലംവരെയുള്ള 90 സ്ഥലങ്ങളിൽ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഇതിൽ 35 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളയിടങ്ങളിലും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ 690/എഫ്2/21 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ്തല ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുന്നതിലെ അപാകത സംബന്ധിച്ച് ബഹുമാനപ്പെട്ട വള്ളിക്കുന്ന് നിയമസഭാംഗം ശ്രീ. പി. അബ്ദുൽ ഹമീദ് സമർപ്പിച്ച അപേക്ഷ വിശദമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 16-10-2021 -ലെ എഫ്2/690/2021/ആ.കു.വ നമ്പർ കത്ത് മുഖാന്തരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും നൽകിയിരുന്നു. നിലവിൽ സ്റ്റിയറിംഗ് കമ്മിറ്റി തെരഞ്ഞെടുത്ത 90 സ്ഥലങ്ങളിൽ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്നതിനും മറ്റുള്ളവയിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് സ്ഥലവും സൗകര്യവുമുള്ള ഒരാശുപത്രി കണ്ടെത്തി നേരത്തെ തീരുമാനിച്ച രീതിയിലുള്ള നിർമ്മാണം നടത്തുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

## വയനാട് ജില്ലയിലെ കോവിഡ് വാക്സിനേഷൻ

274 (2226) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒന്നും രണ്ടും ഘട്ട വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം തരം തിരിച്ച് നൽകാമോ?

14-03-2022 രാവിലെ 11 മണി വരെയുള്ള കണക്കുകൾ പ്രകാരം

വയനാട് ജില്ലയിൽ ഒന്നംരണ്ടും ഘട്ട വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ജില്ലയിൽ ബൂസ്റ്റർ ഡോസ് സ്വീകരിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ 28,352 പേർ ബൂസ്റ്റർ ഡോസ് സ്വീകരിച്ചിട്ടുണ്ട്.

(സി) ആദിവാസി ഗോത്രവിഭാഗത്തിൽപ്പെട്ട എത്ര പേർ നിലവിൽ വാക്സിൻ സ്വീകരിച്ചു; താലൂക്ക് തിരിച്ച് വിവരം നൽകാമോ?

വയനാട് ജില്ലയിൽ വാക്സിൻ സ്വീകരിച്ച 15 വയസ്സിനു മുകളിൽ പ്രായമുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ കണക്കുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) വാക്സിൻ സ്വീകരിക്കുവാൻ വിമുഖത കാണിക്കുന്നവർക്ക് മാനസിക ധൈര്യം നൽകാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കോവിഡ് വാക്സിനേഷനോട് വിമുഖത കാണിക്കുന്നവർക്ക് വാക്സിനേഷൻ സംബന്ധിച്ച ആശങ്കകൾ അകറ്റുന്നതിനും മാനസിക പിന്തുണ നൽകുന്നതിനുമായി ജില്ലാ മാനസികാരോഗ്യ പദ്ധതിയിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൗൺസിലർമാരും ആർ.ബി.എസ്.കെ. നഴ്സുമാരും പരിശ്രമിക്കുന്നുണ്ട്. ഇതുകൂടാതെ ആരോഗ്യ പ്രവർത്തകർ, വാർഡ് മെമ്പർമാർ എന്നിവരുടെ സഹായത്താൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫീൽഡുതലത്തിൽ നടത്തി വരുന്നു. കൂടാതെ IEC പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

**കോവിഡ് ബാധിച്ച് മരണമടഞ്ഞവർക്കുള്ള ധനസഹായം**

275(2227) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 50,000/- രൂപ നൽകുന്ന പദ്ധതി പ്രകാരം എത്രപേർ ഇതുവരെ അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

12-03-2022 -ലെ കണക്കുപ്രകാരം കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 50,000/- രൂപ ലഭിക്കുന്നതിനായി 62158 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 59822 അപേക്ഷകൾ അംഗീകരിക്കുകയും 57485 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുമുണ്ട്.

(ബി) വാമനപുരം മണ്ഡലത്തിൽ നിന്നും ഇതുവരെ എത്രപേർ

അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിൽ അപേക്ഷിച്ചവരുടെയും ധനസഹായം അനുവദിച്ചവരുടെയും എണ്ണം തരംതിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

## കോവിഡ് വാക്സിൻ എടുത്തതിനെ തുടർന്നുള്ള മരണം

276 (2228) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം തോണിക്കടവത്ത് വീട്ടിൽ ശ്രീ. സബാഹിന്റെ ഭാര്യ പി. വി. അസ്ന കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ നിന്നും കോവിഡ് 19 ആദ്യ ഡോസ് വാക്സിൻ എടുത്തതിനെ തുടർന്നുണ്ടായ അലർജി സംബന്ധമായ പ്രശ്നങ്ങളാൽ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ടിയാളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അന്വേഷണ സമിതി രൂപീകരിക്കുകയും സമിതി ആശുപത്രിയിൽ പോയി വിശദമായ അന്വേഷണം നടത്തുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു. ഈ കേസ് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ AEFI റിപ്പോർട്ടിംഗ് വെബ് പോർട്ടലായ (safe vac)-ൽ IND (CO-AEFI) KE-MPM-21021 എന്ന ID-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള കേസുകളിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം സ്വീകരിച്ച നടപടികളോ തീരുമാനങ്ങളോ സംസ്ഥാനത്തെ അറിയിച്ചിട്ടില്ല. ധനസഹായം നൽകണമെന്നാവശ്യപ്പെട്ട് ലഭ്യമായ ഹർജികൾ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.

**ടി.പി.ആർ. നിരക്ക്**

277(2229) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി.ആർ. നിരക്ക് കോവിഡ് വ്യാപനത്തിന്റെ തീവ്രത മനസ്സിലാക്കുന്നതിനുള്ള ഏകകമാണോ; വ്യക്തമാക്കുമോ?

രോഗനിർണ്ണയത്തിനായി പരിശോധന നടത്തുന്നവരിൽ എത്ര

ശതമാനം പേർക്ക് രോഗം സ്ഥിരീകരിക്കുന്നുവെന്നതാണ് ടി.പി.ആർ. നിരക്ക് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ടി.പി.ആർ. നിരക്ക് ഒരു പ്രദേശത്തെ രോഗവ്യാപനം നിർണ്ണയിക്കുന്നതിനുള്ള അനേകം ഉപാധികളിൽ ഒന്നുമാത്രമാണ്. എന്നാൽ പ്രസ്തുത നിരക്ക് രണ്ട് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യത്യസ്തമാകാം. (1) ഒരു പ്രദേശത്തെ രോഗസാധ്യതയുള്ള എത്രപേർ ടെസ്റ്റ് ചെയ്യപ്പെടുന്നു എന്നത് (2) അതേ പ്രദേശത്തെ ടെസ്റ്റ് ചെയ്യാനുള്ള ഭൗതിക സാഹചര്യവും ടെസ്റ്റിന് വിധേയമാകാനുള്ള ആളുകളുടെ സന്നദ്ധതയും, എത്തിപ്പെടാനുള്ള സാഹചര്യവും (Availability, accessibility, affordability). ഓരോ പ്രദേശത്തും ഈ രണ്ട് ഘടകങ്ങളിൽ രണ്ടാമത്തെ ഘടകം സ്ഥായിയായി നിലനിൽക്കുകയാണെങ്കിൽ, ടി.പി.ആർ., ഒന്നാമത്തെ ഘടകത്തിനനുസരിച്ച് കൂടുകയോ കുറയുകയോ ചെയ്യാം. എന്നാൽ വിവിധ പ്രദേശങ്ങളിൽ രണ്ടാമത്തെ ഘടകം വ്യത്യസ്തമായതിനാൽ പ്രദേശങ്ങൾ തമ്മിൽ ടി.പി.ആർ.-നെ അടിസ്ഥാനപ്പെടുത്തി താരതമ്യം ചെയ്യുന്നത് ഉചിതമല്ല.

(ബി) കോവിഡ് ടെസ്റ്റിന് വിധേയരാകുന്ന ആകെ ആളുകളിൽ എത്ര പേർക്കാണ് രോഗം സ്ഥിരീകരിക്കുന്നത് എന്നതാണോ ടി.പി.ആർ.നിരക്ക് കൊണ്ട് അർത്ഥമാക്കുന്നത്?

ടി.പി.ആർ നിരക്ക് എന്നാൽ കോവിഡ് ടെസ്റ്റിന് വിധേയരാകുന്ന ആളുകളിൽ എത്ര ശതമാനം ആളുകൾക്ക് രോഗം സ്ഥിരീകരിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു.

(സി) 30-1-2022-ൽ ഇന്ത്യയിലെ ടി.പി.ആർ. നിരക്ക് 14.5 ശതമാനം ആയിരുന്നപ്പോൾ കേരളത്തിൽ ടി.പി.ആർ. നിരക്ക് 49.89 ശതമാനമായിരുന്നുവെന്നത് കേരളത്തിലെ ഉയർന്ന രോഗവ്യാപനത്തെ സൂചിപ്പിക്കുന്നതല്ലേ; വിശദാംശം നൽകുമോ?

കേരളത്തിൽ ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10-01-2022 മുതൽ പർപ്പസ്സീവ് ടെസ്റ്റിംഗ് എന്ന സ്ട്രാറ്റജിയാണ് നടപ്പിലാക്കിയത്. പർപ്പസ്സീവ് ടെസ്റ്റിംഗ് പ്രകാരം രോഗലക്ഷണങ്ങൾ ഉള്ളവരെ മാത്രമാണ് പരിശോധനയ്ക്ക് വിധേയരാക്കിയത്. 30-01-2022-ൽ പർപ്പസ്സീവ് ടെസ്റ്റിംഗിന്റെ ഭാഗമായി കേരളത്തിൽ ആകെ 1,03,366 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 51,570 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. അന്നത്തെ ടി.പി.ആർ. 49.89 ശതമാനം ആയിരുന്നു. എന്നാൽ കേരളത്തിലെ ടെസ്റ്റ് ചെയ്യുവാനുള്ള ഭൗതിക സാഹചര്യവും ജനങ്ങളുടെ ടെസ്റ്റ് ചെയ്യുവാനുള്ള സന്നദ്ധതയും മറ്റ് അനുബന്ധ ഘടകങ്ങളും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ്.

അതുകൊണ്ടുതന്നെ ടി.പി.ആർ. അടിസ്ഥാനമാക്കി രണ്ടു പ്രദേശങ്ങളിലെയോ രണ്ട് സംസ്ഥാനങ്ങളിലേയോ ഇന്ത്യയിലെയോ കേരളത്തിലെയുമോ രോഗവ്യാപനനിരക്ക് താരതമ്യം ചെയ്യുന്നത് ഉചിതമായിരിക്കില്ല.

(ഡി) ടി.പി.ആർ. നിരക്ക് രോഗബാധിതരും ആകെ ടെസ്റ്റ് നടത്തിയവരും തമ്മിലുള്ള അനുപാതത്തെ സൂചിപ്പിക്കുന്നതിനാൽ കേരളത്തിൽ Test-Trace-Treat സംവിധാനത്തിലൂടെ കൂടുതൽപേരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കിയതിനാലാണ് രോഗവ്യാപന നിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നത് എന്ന അവകാശവാദം ശരിയാണെന്ന് കരുതുന്നുണ്ടോ ; അല്ലെങ്കിൽ വിശദാംശം നൽകുമോ ?

തീർച്ചയായും ശരിയാണ്. ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10-01-2022 മുതൽ കേരളത്തിൽ പർപ്പസ്സീവ് ടെസ്റ്റിംഗ് സ്ട്രാറ്റജിയാണ് നടപ്പിലാക്കിയത്. അതിനാൽ തന്നെ ടെസ്റ്റ് ചെയ്യുവരുടേയും പോസിറ്റീവാകുന്നവരുടേയും എണ്ണം വളരെ കൂടുതലാകുകയും ടി.പി.ആർ. നിരക്ക് കൂടുകയും ചെയ്തിരുന്നു. എന്നാൽ ഇതുവഴി രോഗമുള്ളവരെ വളരെ നേരത്തേ കണ്ടെത്തി അവർക്ക് കൃത്യമായ ചികിത്സ നൽകാനും മരണവും, മറ്റു സങ്കീർണ്ണതകളും ഒരുപരിധിവരെ ഒഴിവാക്കാനും സാധിച്ചിരുന്നു.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ കോവിഡിന്റെ മൂന്ന് ഘട്ടങ്ങളിലും കേരളത്തിലെ 14 ജില്ലകളിലും കൃത്യമായ ആരോഗ്യ, ഭൗതിക സാഹചര്യം യഥാസമയം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനാൽ, രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായപ്പോഴും കേരളത്തിന്റെ ആരോഗ്യസംവിധാനം ഒരു ഘട്ടത്തിലും സമ്മർദ്ദത്തിലായിട്ടില്ല എന്നത് ഏവർക്കും അറിയുന്ന യാഥാർത്ഥ്യമാണ്.

**കോവിഡ് മരണങ്ങൾ**

278(2230) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022 ജനുവരി വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള കോവിഡ് മരണങ്ങൾ എത്രയാണ്?

2022 ജനുവരി 31 വരെ സംസ്ഥാനത്ത് ആകെ 54,395 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം 2022 ജനുവരി വരെ എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ട്?

45,921 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

## കോവിഡ് മരണങ്ങൾ

279 (2231) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളിൽ കേരളത്തിൽ എത്ര വീതം മരണങ്ങൾ റിപ്പോർട്ട് ചെയ്തുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ?

കോവിഡിന്റെ ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളിലായി ആകെ 66,793 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (12-03-2022 വരെ). ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

## കോവിഡ് രോഗബാധിതർ

280 (2232) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ 14 ജില്ലകളിലായി കോവിഡ് ബാധിതരായി 12-03-2022 വരെ ആകെ 12,61,991 പേരെ ആശുപത്രിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവേശിപ്പിച്ചിട്ടുണ്ട്.

(ബി) കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ എത്ര പേരാണ് കേരളത്തിൽ മരണപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; കോവിഡ് രോഗം മൂർച്ഛിച്ച് ചികിത്സയ്ക്കായി ആശുപത്രി സംവിധാനങ്ങൾ ലഭ്യമല്ലാത്തതിനാൽ എത്ര രോഗികൾ കേരളത്തിൽ മരണപ്പെട്ടിട്ടുണ്ട്?

12-03-2022-ലെ കണക്ക് പ്രകാരം 57,502 പേർ മരണപ്പെട്ടിട്ടുണ്ട്. ആശുപത്രി സംവിധാനങ്ങളുടെ അപര്യാപ്തതമൂലം രോഗം മൂർച്ഛിച്ച് യഥാസമയം ചികിത്സ ലഭ്യമാകാതെ ആരുംതന്നെ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കോവിഡ് രോഗം മൂർച്ഛിച്ചിട്ടും ആശുപത്രിയിലെത്തി ചികിത്സ തേടാത്തതിനാൽ മരണപ്പെടുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നോ; കോവിഡ് രോഗം മൂർച്ഛിക്കുന്ന രോഗികൾ ആശുപത്രിയിലെത്തി ചികിത്സ തേടുന്നുവെന്ന് ഉറപ്പാക്കുന്നതിൽ ആരോഗ്യ സംവിധാനം പരാജയപ്പെട്ടിട്ടുണ്ടോ; ഇത് കേരളത്തിൽ കോവിഡ് മരണ നിരക്ക് ഉയരുന്നതിന് കാരണമായോ; വ്യക്തമാക്കുമോ?

രോഗം മൂർച്ഛിച്ചിട്ടും ആശുപത്രിയിൽ ചികിത്സയ്ക്ക് എത്താത്തതിനാൽ

മരിച്ചവരായി ആരുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. ജീവിതശൈലീ രോഗബാധിതരും മറ്റ് അനുബന്ധ രോഗമുള്ളവരും കോവിഡ് ബാധിതരായാൽ എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തി ചികിത്സ തേടുവാൻ നിർദ്ദേശിക്കുകയും ഇവർക്കാവശ്യമായ ഗതാഗത സംവിധാനം DPMSU മുഖേന ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇ-സഞ്ജീവനി വഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും വീടുകളിൽ ചികിത്സയിൽ കഴിയുന്നവർക്ക് ലഭ്യമാക്കിയിരുന്നു. രോഗം മൂർച്ഛിക്കുന്നവരെ യഥാസമയം ആശുപത്രിയിലെത്തിക്കാനുള്ള റഫറൽ സംവിധാനവും കാര്യക്ഷമമാക്കിയിരുന്നു. കേരളത്തിലെ മികവുറ്റ ആരോഗ്യ സംവിധാനവും ഓക്സിജന്റെ ലഭ്യതയും മറ്റ് ഭൗതിക സാഹചര്യങ്ങളും മരണനിരക്ക് അമിതമായി വർദ്ധിക്കുന്നത് തടയാൻ സഹായകരമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റനുബന്ധ വകുപ്പുകളുടെയും ആശ മുതലായ സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിൽ കേരളം മികച്ച രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശാനുസരണം കോവിഡ് മരണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ പുതുക്കി കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മറ്റ്

രോഗസങ്കീർണ്ണതകളിലുള്ളവരും മരണസമയത്ത് കോവിഡ് പോസിറ്റീവായി കാണപ്പെട്ടവർ, പോസിറ്റീവായി 30 ദിവസത്തിനകം മരിച്ച എല്ലാവരും, പോസിറ്റീവായതിനുശേഷം ഹോസ്പിറ്റലിൽ തന്നെ 30 ദിവസം കഴിഞ്ഞും ഉണ്ടായിരുന്നവർ എല്ലാവരെയും ഉൾപ്പെടുത്താൻ ആരോഗ്യ വകുപ്പ് പ്രത്യേക പോർട്ടൽ രൂപീകരിച്ച് സംവിധാനം തന്നെ ഉണ്ടാക്കി. അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കരുതെന്ന കാഴ്ചപ്പാടോടെ എല്ലാവരെയും ഉൾപ്പെടുത്തി.

## കണ്ണൂർ ജില്ലയിൽ ലാബ് ടെക്നീഷ്യൻ നിയമനം

281 (2233) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ലാബ് ടെക്നീഷ്യൻമാരുടെ നിയമനത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ കണ്ണൂർ ജില്ലയിൽ എത്ര ലാബ് ടെക്നീഷ്യന്മാരുടെ ഒഴിവുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ആകെ 111 തസ്തികകളാണ് നിലവിലുള്ളത്. ജില്ലയിലെ ലാബ് ടെക്നീഷ്യൻ

തസ്തികകളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തിക 56 ആയും ഗ്രേഡ്-1 തസ്തിക 55 ആയും പുനഃക്രമീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം വിവിധ കാറ്റഗറികളിലായി മാറ്റിവച്ച ഒഴിവുകളുൾപ്പെടെ നിലവിൽ 9 ലാബ് ടെക്നീഷ്യൻ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

## ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക

282 (2234) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി.എം.ഇ.-യിൽ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ നിലവിലെ അവസ്ഥ എന്താണെന്നും ലിസ്റ്റിൽനിന്നും എത്ര ഫാർമസിസ്റ്റ് ഗ്രേഡ് II നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെയും വിശദവിവരം നൽകുമോ?

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ 67 നിയമനങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഡി.എം.ഇ.-യ്ക്ക് കീഴിൽ ഫാർമസിസ്റ്റ് ഗ്രേഡ് I, ഫാർമസിസ്റ്റ് ഗ്രേഡ് II എന്നിവയുടെ എത്ര തസ്തികകൾ നിലവിലുണ്ട്; പ്രസ്തുത തസ്തികകളുടെ സ്റ്റാഫ് പാറ്റേൺ എന്നാണ് നിലവിൽ വന്നത്; ഇത് പുതുക്കി

നിശ്ചയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഫാർമസിസ്റ്റ് ഗ്രേഡ് I, ഫാർമസിസ്റ്റ് ഗ്രേഡ് II എന്നിവയുടെ 179 തസ്തികകളാണ് നിലവിലുള്ളത്. 25-07-2017-ലെ സ.ഉ.(കൈ)നം.346/2017/(68)/ധന പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ് I, ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളുടെ സ്റ്റാഫ് പാറ്റേൺ 1:1 അനുപാതത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി 17-02-2021 -ലെ സ.ഉ (കൈ) നം. 52/2021/ആ.കു.വ പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഫാർമസിസ്റ്റ് തസ്തികകളാണ് സൃഷ്ടിച്ചതെന്ന് അറിയിക്കുമോ?

17-02-2021-ലെ സ.ഉ (കൈ) നം.52/2021/ആ.കു.വ ഉത്തരവുപ്രകാരം ആരോഗ്യവകുപ്പിൽ വിവിധ വിഭാഗങ്ങളിലായി 1200 തസ്തികകൾ സൃഷ്ടിക്കാൻ തത്വത്തിൽ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-09-2021-ലെ സ.ഉ.(കൈ) നം.168/2021/ആ.കു.വ പ്രകാരം 52 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഉത്തരവുപ്രകാരം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ എത്ര

തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നുമുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

17-02-2021-ലെ സ.ഉ (കൈ) നം.52/2021/ആ.കു.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ബി3/38/2021/ആ.കു.വ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.

**സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയുടെ പുരോഗതി**

283(2235) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കും കൂടുതൽ വിദ്യാർത്ഥികൾക്ക് പഠനാവസരം ഒരുക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസത്തിനായി വിവിധ സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും ആയിരക്കണക്കിന് വിദ്യാർത്ഥികൾ പോകാനിടയാകുന്ന സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന്

വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ദേശീയ --അന്തർദേശീയ തലത്തിലെ പ്രതികൂല സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുപോയി പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠനം അനിശ്ചിതാവസ്ഥയിലേയ്ക്ക് നീങ്ങുന്ന സാഹചര്യം പരിശോധിക്കുമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകളിലെ ഉന്നതവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്ക് പുതുതായി സീറ്റുകൾ വർദ്ധിപ്പിക്കുകയും, അവയിലെല്ലാം തന്നെ 2020-21 അഡ്മിഷൻ നടത്തുകയും മെഡിക്കൽ പഠനം കൂടുതൽ ആധുനികവൽക്കരിക്കുന്നതിനായി ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, ലൈബ്രറികളിൽ ഏറ്റവും നൂതനമായ പഠനവിഷയങ്ങൾ ഉൾക്കൊള്ളിച്ച ഇ-ജേർണലുകൾ വാങ്ങി, ക്ലാസ്സ് റൂമുകൾ കംപ്യൂട്ടർവൽക്കരണത്തിലൂടെ നവീകരിക്കുകയും, വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിലെ 10 മെഡിക്കൽ കോളേജുകളിലും, സ്വാശ്രയ മേഖലയിലെ 19 മെഡിക്കൽ കോളേജുകളിലും,

ഒരു Deemed University-യിലും നിലവിൽ മെഡിക്കൽ അദ്ധ്യയനം നടന്നുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ NEET-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽനിന്നുമാണ് അഡ്മിഷൻ നൽകിവരുന്നത്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ പ്രധാനമായും എയിംസ് നിലവാരത്തിലേയ്ക്കുയർത്തുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. ഓരോ സർക്കാർ മെഡിക്കൽ കോളേജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള ചികിത്സാ സൗകര്യങ്ങളും അടിസ്ഥാന സംവിധാനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വേണ്ടിയും മെച്ചപ്പെട്ട രോഗീപരിചരണവും പഠന സംവിധാനവും ഉറപ്പു വരുത്തുന്ന രീതിയിൽ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കൂടാതെ സംസ്ഥാനത്തെ മറ്റ് മെഡിക്കൽ കോളേജുകൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇടുക്കി, കോന്നി സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ

ഇൻസ്പെക്ഷൻ പൂർത്തിയായിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി. ആരംഭിക്കുകയും വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൗണിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഭൂമി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുമുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി. കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി. കോഴ്സുകളുടെ സീറ്റ് എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ പാരിപ്പള്ളി, മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി സർക്കാർ മേഖലയിൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. നിലവിൽ, ഉക്രൈനിലെ സ്ഥിതിയനുസരിച്ച് വിദ്യാർത്ഥികൾ മടങ്ങിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ തുടർവിദ്യാഭ്യാസവും, മറ്റ് കാര്യങ്ങളും, കേന്ദ്രസർക്കാരും, നാഷണൽ മെഡിക്കൽ കമ്മീഷനും തീരുമാനിക്കുന്നതനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുന്നതിനായി സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും ആകർഷകമായ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഉന്നത വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്ക് പുതുതായി സീറ്റുകൾ വർദ്ധിപ്പിക്കുകയും അവയിലെല്ലാം തന്നെ 2020-21 അഡ്മിഷൻ നടത്തുകയും ചെയ്തിട്ടുണ്ട്.

## സി-മെറ്റിന്റെ പ്രവർത്തനം

284 (2236) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സി-മെറ്റ്) എന്ന സ്ഥാപനത്തിന്റെ ചെലവുകൾ സംബന്ധിച്ച ഓഡിറ്റ് പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സി-മെറ്റ്) എന്ന സ്ഥാപനത്തിന്റെ ചെലവുകൾ സംബന്ധിച്ച ഓഡിറ്റ് പരിശോധന നടത്തുന്നതിന് ഓരോ സാമ്പത്തിക വർഷവും ഇന്റേണൽ ഓഡിറ്റ് നടത്തുകയും തുടർന്ന് ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് പൂർത്തികരിച്ച് റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിവരുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ് 23-04-2013 -ലെ GO(Rt)No.1427/2013/H&FWD പ്രകാരം സി-മെറ്റിന്റെ വരവുചെലവു കണക്കുകൾ ഓഡിറ്റ് നടത്തുന്നത്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) സി-മെറ്റ് സ്ഥാപിച്ചതുമുതൽ ഏതുവർഷം വരെയുള്ള ഓഡിറ്റ് പരിശോധന പൂർത്തിയായിട്ടുണ്ട്; പ്രസ്തുത പരിശോധന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

സി-മെറ്റ് സ്ഥാപിച്ച, 2008-09 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷംവരെയുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് സർക്കാരിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ചിട്ടില്ല.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സി-മെറ്റിന് സർക്കാർ അനുവദിച്ച തുക എത്രയാണെന്നും ഇത് ഏതൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷം 30-08-2019-ലെ GO(Rt) No.2122/2019/H&FWD പ്രകാരം ഭരണാനുമതി ലഭിച്ച 65 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിലാണ് ലഭിച്ചത്. ആയതിന്റെ വിനിയോഗ വിവരങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്നു.+

(ഡി) സി -മെറ്റ് അവസാനം സമർപ്പിച്ച ഭരണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സി-മെറ്റിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

## മെഡിക്കൽ കോളേജുകളിലെ സംവരണ സീറ്റുകൾ

285 (2237) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംവരണ വിഭാഗങ്ങൾക്ക് നീക്കിവച്ച എം.ബി.ബി.എസ്. സീറ്റുകളുടെ ശതമാനവും എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) 2019-20 വർഷത്തിൽ ഇ.ഡബ്ല്യു.എസ്. വിഭാഗത്തിന് സർക്കാർ മെഡിക്കൽ കോളജുകളിൽ അനുവദിച്ച എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം എത്ര; ഈ സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ ആകെ സീറ്റുകളുടെ എത്ര ശതമാനമാണ്?

2019-20 അധ്യയന വർഷത്തിൽ EWS വിഭാഗത്തിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇതിനായി അനുവദിച്ചതിന് അനുസരിച്ച്, സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുവദിച്ച എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം -130 (ഓൾ ഇന്ത്യ ക്വാട്ട EWS ഒഴികെ). ആയത് പ്രവേശന പരീക്ഷ കമ്മീഷണർ ഓൾ ഇന്ത്യ ക്വാട്ടയും സ്പെഷ്യൽ റിസേർവഷനും ഉൾപ്പടെ നടത്തിയ ആകെ അലോട്ട്മെന്റിന്റെ 10% ആണ്.

(സി) 2019-20 വർഷത്തിൽ എം.ബി.ബി.എസ്. സീറ്റുകളിലെ ഇ.ഡബ്ല്യു.എസ്. സംവരണത്തിനുള്ള സീറ്റ് വിഹിതം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്/സർക്കുലർ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

## പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

286 (2238) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും പഠനം പൂർത്തിയാക്കുന്ന പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ നിലവിൽ രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന് പുറത്തുനിന്നും പഠനം പൂർത്തിയാക്കുന്ന പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ അനുവദിച്ചിരുന്നില്ല. 08-12-2021-ന് നടന്ന കേരള പാരാമെഡിക്കൽ കൗൺസിൽ മീറ്റിംഗിൽ കേരളത്തിന് പുറത്ത് യു.ജി.സി. അംഗീകാരമുള്ളതോ അതാത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽനിന്നും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠനം പൂർത്തിയാക്കുന്ന അതാത് സംസ്ഥാനത്തെ Regulatory Body-യുടെ രജിസട്രേഷനുണ്ടെങ്കിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാമെന്ന് തീരുമാനിക്കുകയും 08-03-2022-ലെ GO (Ms) 52/2022/ആ.കു.വ നം. ഉത്തരവുപ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുമുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മേഖലയിലെ ആശുപത്രികളിലും ഇതര ആരോഗ്യ സ്ഥാപനങ്ങളിലും പാരാമെഡിക്കൽ വിഭാഗം ജോലികൾക്ക് സംസ്ഥാന പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിൽ വരുന്ന പാരാമെഡിക്കൽ വിഭാഗം ജോലികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ വരുന്ന പാരാമെഡിക്കൽ വിഭാഗം ജോലികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല.

(സി) കേരളത്തിന് പുറത്തുനിന്നും കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരം കാണുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് GO (Rt) No.

1504/2008/H&FWD പ്രകാരം കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽനിന്നും പാരാമെഡിക്കൽ ഡിപ്ലോമ/ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകിയിരുന്നുള്ളൂ. എന്നാൽ 08-12-2021-ന് നടന്ന കേരള പാരാമെഡിക്കൽ കൗൺസിൽ യോഗത്തിൽ കേരളത്തിന് പുറത്ത് യു.ജി.സി. അംഗീകാരമുള്ളതോ അതാത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠനം പൂർത്തിയാക്കുന്ന അതാത് സംസ്ഥാനത്തെ Regulatory Body-യുടെ രജിസ്ട്രേഷനുണ്ടെങ്കിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാമെന്ന് തീരുമാനിക്കുകയും 08-03-2022-ലെ GO (Ms) 52/2022/ആ.കു.വ നം. ഉത്തരവ് പ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുമുണ്ട്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സീറ്റ് വർദ്ധന**

287 (2239) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സീറ്റ് വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന നാഷണൽ മെഡിക്കൽ കമ്മീഷൻ നിർദ്ദേശമുള്ളപ്പോൾ ആയത് വേണമെന്ന് ആരോഗ്യ സർവ്വകലാശാല നിലപാട് സ്വീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ശ്രീഉത്രാടം തിരുനാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസ് എം.ബി.ബി.എസ്. സീറ്റുകൾ 150 ആയി ഉയർത്തുന്നതിന് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിനായി 2021 നവംബറിൽ നൽകിയ അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടോ; അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ പരിശീലന ഫീസ്

288 (2240) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രൈവറ്റ്, സെൽഫ് ഫിനാൻസിംഗ്, പാരാമെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ പരിശീലനത്തിന് പോകുമ്പോഴുള്ള ഫീസ് പ്രതിമാസം 5000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ പ്രാബല്യമുണ്ട്; വർദ്ധനവിന് മുമ്പ് എത്ര രൂപയായിരുന്നു പ്രതിമാസ ഫീസ്?

വർദ്ധിപ്പിച്ചിട്ടുണ്ട്. 20-07-2021-ലെ GO (Rt) No. 1520/2021/H&FWD പ്രകാരം സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് ഓരോ സ്ഥാപനങ്ങളും പ്രതിമാസം ഒരോ വിദ്യാർത്ഥിക്കും 5000/- രൂപ അടയ്ക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതാത് സ്ഥാപനത്തിലെ എച്ച്.എം.സി. തിരുമാനിക്കുന്ന 1000 രൂപയിൽ താഴെയുള്ള ഫീസായിരുന്നു ഉത്തരവിന് മുമ്പ് ഈടാക്കിയിരുന്നത്.

(ബി) പ്രസ്തുത വർദ്ധനവ് പാവപ്പെട്ട വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്നത് കണക്കാക്കി ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

## സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ

289 (2241) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് നിലവിലുള്ളത്; ഇവയിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; ഓങ്കോളജി വിഭാഗത്തിൽ പുതുതായി സൃഷ്ടിച്ച ഏതെങ്കിലും തസ്തിക മറ്റേതെങ്കിലും വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് നിലവിലുള്ളത്; പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്തുവരുന്നത് ആരെല്ലാമാണെന്നും അവർ എത്രകാലമായി പ്രസ്തുത തസ്തികകളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നുവെന്നും വിശദമാക്കാമോ?

(എ & ബി) 22-12-2016-ലെ സ.ഉ(സാധാ)225/2016/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. പ്രസ്തുത

രണ്ട് തസ്തികകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സർജറി വിഭാഗത്തിൽ ജോലി ചെയ്തുവരുന്ന രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർക്ക് accomodation വ്യവസ്ഥയിൽ നിയമനം നൽകുകയുണ്ടായി. ഇപ്രകാരം accomodation വ്യവസ്ഥയിൽ നിയമനം ലഭിച്ച ഡോ. ശ്രീകാന്ത്. എസ്. കുമാർ 01-07-2018 മുതൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ ജോലി ചെയ്തുവരികയാണ്. accomodation വ്യവസ്ഥയിൽ നിയമനം ലഭിച്ച മറ്റൊരു അസിസ്റ്റന്റ് പ്രൊഫസർ ഈ വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

(സി) മെഡിക്കൽ കോളേജുകളിൽ വിവിധ വിഭാഗങ്ങളിൽ ജോലി ചെയ്തുവരുന്നവരിൽ ബിരുദാനന്തര ബിരുദമുള്ളവരെ അവർ സ്പെഷ്യലൈസ് ചെയ്ത വിഭാഗത്തിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഡോക്ടർമാരെ സ്പെഷ്യലൈസ് ചെയ്ത വിഭാഗത്തിലേക്ക് മാറ്റി നിയമിക്കാത്തതുമൂലം അവരുടെ വൈദഗ്ധ്യം രോഗികൾക്ക് ലഭിക്കാതെ പോകുന്നതും അതുണ്ടാക്കുന്ന പ്രയാസങ്ങളെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ?

(സി & ഡി) പോസ്റ്റ് ഗ്രാജ്വേഷൻ നേടിയിട്ടുള്ള/പോസ്റ്റ് ഗ്രാജ്വേഷൻ ചെയ്യുന്ന 29 ഡോക്ടർമാർക്ക് 26-02-2021-ലെ

സ.ഉ(സാധാ)592/2021/ആ.കു.വ, 01-07-2021-ലെ സ.ഉ (സാധാ)1401/2021/ആ.കു.വ ഉത്തരവുകൾ പ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്പെഷ്യലൈസ് ചെയ്ത വിഭാഗത്തിലേയ്ക്ക് ഡോക്ടർമാരെ മാറ്റി നിയമിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് സർക്കാർ പരാമർശിത ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നത്.

(ഇ) സർജിക്കൽ ഓങ്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ള ആരെങ്കിലും കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലേയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രാൻസ്ഫർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആയത് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

സർജിക്കൽ ഓങ്കോളജി വിഭാഗത്തിലേയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. വിശദമായ പരിശോധന നടത്തി സർക്കാർ ഇക്കാര്യത്തിൽ തീരുമാനം

കൈക്കൊള്ളുന്നതാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറിയ ഭൂമി**

290 (2242) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിലെ തെങ്ങിലക്കടവിലെ സ്ഥലവും കെട്ടിടവും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറിയത് എന്നാണെന്നറിയിക്കാമോ?

05-08-2016-ലെ സ.ഉ. (സാധാ) നം. 2174/2016/ആ.കു.വ. പ്രകാരം മാവൂർ തെങ്ങിലക്കടവ് ക്യാൻസർ സെന്ററിൽ ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്റർ തുടങ്ങുന്നതിനായി ടി സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറി സർക്കാർ ഉത്തരവായിരുന്നുവെങ്കിലും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) നാളിതുവരെയായി പ്രസ്തുത ഭൂമിയും കെട്ടിടവും ഉപയോഗപ്പെടുത്താൻ മെഡിക്കൽ കോളേജിന് കഴിയാതെവന്ന സാഹചര്യത്തിൽ ഇവിടെയൊരു ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഭൂമി ജില്ലാ പഞ്ചായത്തിന് കൈമാറിയാൽ നിലവിലുള്ള

സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് ജില്ലാ ഭരണകൂടം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

(ബി&സി) പരിശോധിച്ച് വരുന്നു.

(ഡി) ഇവിടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഒരു കോടി രൂപ വകുപ്പുതല തർക്കം കാരണം പ്രാവർത്തികമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. മാവൂർ ക്യാൻസർ സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനായി 5054-80-800-66 എന്ന lump sum ശീർഷകത്തിൽനിന്നും അനുവദിച്ചിട്ടുള്ള ഒരു കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിലെ വർക്കുകൾക്കായി അനുവദിച്ചിട്ടുള്ള 4210-03-105-92-works എന്ന മൂലധന ശീർഷകത്തിൽ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പാരമ്പര്യ വൈദ്യന്മാർ**

291(2243) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 വർഷമായി ചികിത്സാ രംഗത്തുള്ളവരും ഇപ്പോഴും ചികിത്സ നടത്തുന്നവരുമായ പാരമ്പര്യ വൈദ്യൻമാർക്ക് തുടർ ചികിത്സയ്ക്ക് അനുമതി നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടും, തുടർന്നുവന്ന 2021-ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരവും പാരമ്പര്യ വൈദ്യൻമാർക്ക് തുടർ ചികിത്സയ്ക്കുള്ള അനുമതി നൽകുന്നതിന് വ്യവസ്ഥയില്ല. ദേശീയ ഭാരതീയ ചികിത്സാസമ്പ്രദായം കമ്മീഷൻ (National Commission for Indian System of Medicine) അംഗീകരിച്ച പട്ടികകളിൽ ഉൾപ്പെട്ട കോഴ്സുകൾക്ക് മാത്രമാണ് രജിസ്ട്രേഷൻ നൽകിവരുന്നത്. 13-04-2018 ലെ സുപ്രീംകോടതിയുടെ Civil Appeal No.897/2009 ലെ വിധിപ്രകാരവും, പാരമ്പര്യ വൈദ്യവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ OP No. 24109/2001-ന്റെ 2003-ലെ വിധി പ്രകാരവും, രജിസ്ട്രേഷനില്ലാത്തവർക്ക് ചികിത്സാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് റിട്ട് ഹർജി(സി)നം. 16400/09-ലെ 14-10-2020-ലെ ഹൈക്കോടതി വിധിയിൽ "Persons without recognized qualification and registration in the relevant field are not entitled to practice any system of medicine in the state of Kerala" എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ അംഗീകൃത യോഗ്യതയും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ഇല്ലാത്തവർക്ക് ചികിത്സിക്കാനുള്ള അനുമതി നല്കുന്നത് അനുവദനീയമല്ല.

(ബി) പാരമ്പര്യ വൈദ്യൻമാരെ പ്രത്യേക വിഭാഗമായി പരിഗണിച്ച്

അംഗീകൃത വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകി തുടർ ചികിത്സയ്ക്ക് സൗകര്യം ഒരുക്കുമോ; വ്യക്തമാക്കാമോ?

പാരമ്പര്യ വൈദ്യൻമാരെ പ്രത്യേക വിഭാഗമായി പരിഗണിച്ച് അംഗീകൃത വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നല്കാൻ സാധിക്കില്ല.

**മെഡിക്കൽ ഓഫീസർ തസ്തികകൾ**

292(2244) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗകോളനികളിലെ ഡിസ്പെൻസറികളിൽ അനുവദിക്കപ്പെട്ട 30 മെഡിക്കൽ ഓഫീസർ തസ്തികകൾ (GO(MS)No.52/2021/H&FWD, dated.19/02/2021) നാളിതുവരെ നിലവിൽ വരാത്ത അവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതിൽ ഒന്നാംഘട്ടമെന്ന നിലയിൽ 03-08-2021 ലെ സ.ഉ(കൈ) നം. 143/2021/ആ.കു.വ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ക്ലാർക്ക്,

ഓഫീസ് അറ്റൻഡന്റ് ആകെ 300 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ള തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ളതും പട്ടികജാതി കോളനികളിൽ സ്ഥിതി ചെയ്യുന്നതുമായ 29 ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ആയുർവേദ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ**

293(2245) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുഷ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ആയുർവേദ ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവിടങ്ങളിൽ നിരവധി ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(എ&ബി) മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളെല്ലാം (സർവ്വീസ്

ക്വാട്ടയിൽ പി.ജി. ചെയ്യുന്ന മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ ഒഴികെ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച് വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകുന്നതുവരെ ഒഴിവുള്ള സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിലോ, ചാർജ്ജ് ക്രമീകരണം മുഖേനയോ നിയമനം നടത്തിവരുന്നുണ്ട്.

## ആയുർവേദ തെറാപ്പിസ്റ്റ് തസ്തിക

294(2246) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പിന് കീഴിൽ ആയുർവേദ തെറാപ്പിസ്റ്റിന്റെ എത്ര തസ്തികകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ആയുഷ് വകുപ്പിന് കീഴിൽ ഭാരതീയ ചികിത്സാ വകുപ്പിലും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആയുർവേദ തെറാപ്പിസ്റ്റിന്റെ 125 തസ്തികകൾ നിലവിലുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

| | |
|---|---|
| തിരുവനന്തപുരം | 27 |
| എറണാകുളം | 7 |

| | |
|---|---|
| കണ്ണൂർ | 7 |
| ആകെ | 41 |

<u>ഭാരതീയ ചികിത്സാ വകുപ്പ്</u>

| | |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 5 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 7 |
| കോട്ടയം | 2 |
| ഇടുക്കി | 12 |
| എറണാകുളം | 6 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 3 |
| മലപ്പുറം | 11 |
| കോഴിക്കോട് | 4 |
| വയനാട് | 3 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 2 |
| ആകെ | 84 |

(ബി) വേക്കൻസിയില്ലാത്തതിന്റെ പേരിൽ ലീവ് കഴിഞ്ഞ് തിരികെ വന്ന തെറാപ്പിസ്റ്റുകൾക്ക് പുറത്തുനിൽക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇല്ല.

(സി) ആയുഷ് വകുപ്പിൽ ആവശ്യത്തിന് തെറാപ്പിസ്റ്റുകൾ ഇല്ലാത്തതിനാൽ 80 തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ ലഭിച്ചിരുന്നോ; എങ്കിൽ തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആയുഷ് വകുപ്പിൽ തെറാപ്പിസ്റ്റുകൾ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പട്ട പ്രൊപ്പോസലിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ആയുർവേദ മേഖലയിൽ ആർദ്രം പദ്ധതി**

295 (2247) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മേഖലയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ആർദ്രം മിഷന്റെ ഭാഗമായി വയോജന പരിപാലനത്തിനും ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധനത്തിനും ആയുഷ് ചികിത്സാ രീതികൾക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതാണ്.

(ബി) സ്പോർട്സ് ആയുർവേദം ഏതെല്ലാം സ്ഥാപനങ്ങളിലാണ്

അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുതിയതായി സ്പോർട്സ് ആയുർവേദം അനുവദിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്ഥാപനങ്ങൾ പരിഗണനയിലില്ല.

**സംസ്ഥാനത്ത് പ്രതിവർഷം ഉപയോഗിക്കുന്ന മരുന്നുകളുടെ കണക്ക്**

296 (2248) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ ചികിത്സാർത്ഥം എത്ര തുകയുടെ അലോപ്പതി/ആയുർവ്വേദ/ഹോമിയോ മരുന്നുകൾ പ്രതിവർഷം ഉപയോഗിക്കുന്നുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ ചികിത്സാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ 3726 കോടി രൂപയുടെ അലോപ്പതി മരുന്നുകളും 48 കോടി രൂപയുടെ ഹോമിയോ മരുന്നുകളും ഉപയോഗിച്ചിട്ടുണ്ട്. ചികിത്സാർത്ഥം എത്ര തുകയുടെ ആയുർവ്വേദ/സിദ്ധ/യുനാനി മരുന്നുകൾ ഉപയോഗിക്കുന്നുവെന്ന് വിലയിരുത്തിയിട്ടില്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940, റൂൾസ് 1945 പ്രകാരം തങ്ങളെ സമീപിക്കുന്ന രോഗികൾക്ക് സ്വന്തമായി നിർമ്മിച്ച മരുന്ന് വിതരണം ചെയ്യാൻ ആയുർവേദ

ഡോക്ടർമാർക്ക് അനുമതി നൽകുന്നുണ്ട്. ആയതിനാൽ ചികിത്സാർത്ഥം ഉപയോഗിക്കപ്പെടുന്ന ആയുർവ്വേദ മരുന്നുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) മേൽപ്പറഞ്ഞ മരുന്നുകളിൽ എത്ര ശതമാനം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ട്; വിപണനം എത്ര ശതമാനമാണ്; കേന്ദ്ര, സംസ്ഥാന സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളുടെ മരുന്ന് വിപണനം എത്ര ശതമാനമെന്നതും വിശദമാക്കുമോ?

ആരോഗ്യ മേഖലയിലെ ചികിൽസയ്ക്കായി 3774 കോടി രൂപയുടെ അലോപ്പതി, ഹോമിയോ മരുന്നുകൾ വിൽപ്പന നടത്തിയതിൽ 6.68 ശതമാനം മരുന്നുകളാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചത്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച 6.68 ശതമാനം അലോപ്പതി, ഹോമിയോ മരുന്നുകൾ അത്രയും തന്നെ വിപണനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച അലോപ്പതി, ഹോമിയോ മരുന്നുകളിൽ 45 ശതമാനം സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ്. കേന്ദ്ര സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ മെഡിക്കൽ ഡിവൈസസ് വിഭാഗത്തിൽപ്പെടുന്നവയാണ് ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാനത്തെ ആയുർവ്വേദ/സിദ്ധ/യുനാനി ഔഷധനിർമ്മാണ ലൈസൻസ് കരസ്ഥമാക്കിയ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം കുറഞ്ഞത് 2675 കോടി

രൂപയുടെ വിറ്റുവരവ് നടത്തിയതായി കണക്കാക്കപ്പെടുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ കൂട്ടത്തിൽ പൊതുമേഖലാ സ്ഥാപനമായ ഔഷധി 140 കോടി രൂപയുടെ വിപണനം നടത്തിയിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ മരുന്നുകൾ എത്ര ശതമാനം സംസ്ഥാനത്ത് വിപണനം ചെയുന്നുണ്ട്;

(ഡി) സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്ന ആകെ മരുന്നുകളുടെ എത്ര ശതമാനമാണ് സ്വകാര്യ ബഹുരാഷ്ട്ര കമ്പനികൾ വിതരണം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന അലോപ്പതി, ഹോമിയോ മരുന്നുകളിൽ 93 ശതമാനം അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നവയാണ്. ആയുർവ്വേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കാനുള്ള ലൈസൻസ് മാത്രമാണ് നിലവിൽ ആയുർവ്വേദ മരുന്ന് പരിശോധനാവിഭാഗം ലഭ്യമാക്കുന്നത്. പ്രസ്തുത മരുന്നുകളുടെ വിപണനത്തിനായി പ്രത്യേക നിയന്ത്രണങ്ങളോ ചട്ടങ്ങളോ ഇല്ലാത്തതിനാൽ ഒരു സംസ്ഥാനത്തിന്റെ ഔഷധ നിർമ്മാണ ലൈസൻസ് കരസ്ഥമാക്കിയ സ്ഥാപനത്തിന് ഇന്ത്യയിലെവിടെയും വിപണനത്തിനുള്ള അവകാശമുണ്ട്. നിരവധി അന്യസംസ്ഥാന കമ്പനികൾ തങ്ങളുടെ

ഔഷധങ്ങൾ കേരളത്തിൽ വിപണനം ചെയ്യുന്നുണ്ട്. പ്രസ്തുത നടപടി നിയമ വിധേയമായതിനാലും അന്തർസംസ്ഥാന വിപണനത്തിന് പ്രത്യേക ലൈസൻസോ രജിസ്ട്രേഷൻ നടപടികളോ നിഷ്കർഷിച്ചിട്ടില്ല എന്നതിനാലും ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്ന ആകെ അലോപ്പതി, ഹോമിയോ മരുന്നുകളുടെ 89 ശതമാനമാണ് സ്വകാര്യ ബഹുരാഷ്ട്ര കമ്പനികളുടെ C&F വഴി വിതരണം ചെയ്യുന്നത്.

**'രക്ഷക' പദ്ധതി**

297 (2249) ശ്രീ എ. സി. മൊയ്തീൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാരീരിക മാനസിക പീഡനങ്ങളിൽനിന്നും വനിതകളെ രക്ഷിക്കാൻ പഞ്ചായത്തുതലത്തിൽ രക്ഷക എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വനിതാ സഹായകേന്ദ്രം എന്ന പദ്ധതി പ്രാരംഭഘട്ടത്തിൽ 'രക്ഷക' എന്ന് നാമകരണം ചെയ്തുവെങ്കിലും, ആയത് മാറ്റി നിലവിൽ വനിതാസഹായ കേന്ദ്രം എന്ന പേരിലാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് ശാരീരിക

മാനസിക പീഡനങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കാൻ പഞ്ചായത്തുതലത്തിൽ ICDS സൂപ്പർവൈസർമാരുടെ നേതൃത്വത്തിലാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. സ്ത്രീശാക്തീകരണ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജെൻഡർ റിസോഴ്സ് പേഴ്സൺ മുഖാന്തരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും പൊതുജനങ്ങളിൽ Gender-Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കിയിരുന്നു. ആയതിനെത്തുടർന്ന് ശാരീരിക മാനസിക പീഡനങ്ങൾമൂലം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, ഹിയറിംഗ് നടത്തി, ആവശ്യമുള്ളപക്ഷം നിയമസഹായവും പരിരക്ഷയും ലഭ്യമാക്കാനും അവർക്ക് സൗജന്യ നിയമസഹായം,

കൗൺസിലിംഗ്, വൈദ്യസഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആയത് ലഭ്യമാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിക്ക് വ്യാപക ബോധവൽക്കരണം ആവശ്യമാകയാൽ, ടി പദ്ധതി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നേതൃത്വത്തിൽ വനിതാ സഹായ കേന്ദ്രങ്ങളായി വിപുലീകരിച്ച് വൻപ്രചാരണ പരിപാടികളോടെ നടപ്പിലാക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു.

(ബി) സൗജന്യ നിയമസഹായം, കൗൺസലിംഗ്, പോലീസ്, വൈദ്യസഹായങ്ങൾ എന്നിവ പ്രസ്തുത പദ്ധതി വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സൗജന്യ നിയമസഹായം, കൗൺസലിംഗ്, പോലീസ്, വൈദ്യ സഹായങ്ങൾ എന്നിവ വകുപ്പ് മുഖേന 'കാതോർത്ത് ഓൺലൈൻ പോർട്ടൽ' വഴിയാണ് നടപ്പിലാക്കുന്നത്. ടി സേവനങ്ങൾ ആവശ്യാനുസരണം സൂപ്പർവൈസർ മുമ്പാകെ എത്തുന്ന പരാതിക്കാരായ സ്ത്രീകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി/സഹായം സൂപ്പർവൈസർ മുഖാന്തരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവരുടെ സഹകരണം ഉറപ്പാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വനിതാസഹായകേന്ദ്രങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജനപ്രതിനിധികൾ, മറ്റ് വകുപ്പിലെ ജീവനക്കാർ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തുന്നതിന് എല്ലാ ഐ.സി.ഡി.എസ്. ബ്ലോക്ക് തലത്തിൽ ടി വിഭാഗത്തിൽപ്പെടുന്ന ആൾക്കാർക്ക് സി.ഡി.പി.ഒ. മുഖാന്തരം പരിശീലന പരിപാടി നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ സഹായ കേന്ദ്രങ്ങൾ മുഖേന അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പുവരുത്തുകയും, വനിതാ ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കി പരാതിക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കുകയും ഡൗറി പ്രൊഹിബിഷൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫീസ്, കാതോർത്ത്, രക്ഷാദൂത്, വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, District legal services Authority, Service Providing Centres, Family Counselling Centres എന്നിവയെപ്പറ്റിയും,

വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചുമുള്ള അവബോധം അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്നതാണ്. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾ ആദ്യം ശ്രദ്ധയിൽപ്പെടുന്നത് ജനപ്രതിനിധികൾക്കും, പഞ്ചായത്ത്/ബ്ലോക്ക് ലെവൽ ഉദ്യോഗസ്ഥർക്കുമാകയാൽ, ടിയാളുകൾക്ക് പ്രസ്തുത വിഷയങ്ങളിൽ ബോധവൽക്കരണം നൽകുന്നതിലൂടെ, പരാതിക്കാർക്ക് ശരിയായ മാർഗ്ഗനിർദ്ദേശം നൽകാനും, ടി വിഷയം ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ ശ്രദ്ധയിൽപ്പെടുത്താനും കഴിയുന്നതാണ്. ആയതിനാൽ ടി പദ്ധതിയുടെ പ്രാരംഭ നടപടിയായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങൾക്കും പഞ്ചായത്ത്/ബ്ലോക്ക് ലെവൽ ഉദ്യോഗസ്ഥർക്കും, സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്ന എല്ലാത്തരം സേവനങ്ങളും സംബന്ധിച്ച് ഏകദിന സെമിനാർ സംഘടിപ്പിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. ആയതിന് മുന്നോടിയായി എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ, സേവനങ്ങൾ, നിയമങ്ങൾ എന്നിവയെപ്പറ്റി ഒരു ഏകദിന ട്രെയിനിംഗ് നടത്താനുള്ള അടിയന്തര നടപടികൾ

പുരോഗമിച്ചുവരുന്നു.

### ചൈൽഡ് വെൽഫെയർ കമ്മിറ്റിയും ജുവനൈൽ ജസ്റ്റിസ് ബോർഡും

298 (2250) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അവയുടെ കാലാവധി നീട്ടാൻ തീരുമാനിച്ചിട്ടുണ്ടോ?

(എ&ബി) നിലവിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ കാലാവധി 06-03-2022-ന് അവസാനിച്ചിരുന്നു. 26-02-2022-ലെ സ.ഉ(സാധാ)നം.88/2022/WCD പ്രകാരം ടി കമ്മിറ്റി/ബോർഡിന്റെ കാലാവധി പുതിയ കമ്മിറ്റി/ബോർഡ് നിലവിൽ വരുന്നതുവരെയോ 2 മാസത്തേയ്ക്കോ ഏതാണോ ആദ്യം അതുവരെ നീട്ടി നൽകി ഉത്തരവായിട്ടുണ്ട്.

(സി) ചൈൽഡ് വെൽഫയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവ പുന:സംഘടിപ്പിക്കാൻ സർക്കാർ അപേക്ഷ ക്ഷണിച്ചിട്ടും അതിന്മേൽ തുടർനടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന്

വിശദീകരിക്കാമോ?

ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവ പുന:സംഘടിപ്പിക്കാൻ അപേക്ഷ ക്ഷണിച്ചതിൽ യോഗ്യരായവരുടെ പേരുവിവരം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും മൂന്ന് ഘട്ടമായി എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ വച്ച് 14-03-2022 മുതൽ വിവിധ തീയതികളിൽ അഭിമുഖം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചൈൽഡ് വെൽഫെയർ കമ്മിറ്റി/ ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച സെലക്ഷൻ ബോർഡ് നിലവിലുണ്ടോ; ആയതിന്റെ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ പേര് വിവരം നൽകുമോ?

ചൈൽഡ് വെൽഫെയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജസ്റ്റിസ് (റിട്ട.) വി.കെ മോഹനൻ, ചെയർപേഴ്സൺ

2. ശ്രീമതി അനുപമ ടി.വി (IAS), മെമ്പർ സെക്രട്ടറി

3.ശ്രീ. ടി.കെ നാരായണദാസ് (സെലക്ഷൻ കമ്മിറ്റി അംഗം)

4. ഡോ. പ്രവീൺ ലാൽ (സെലക്ഷൻ കമ്മിറ്റി അംഗം)

5. ശ്രീ. വിജയകുമാർ (സെലക്ഷൻ കമ്മിറ്റി അംഗം)

6. ഡോ. മോഹൻ റോയ് (സെലക്ഷൻ കമ്മിറ്റി അംഗം)

7. അഡ്വ.എം.ജെ.മീനാംബിക (സെലക്ഷൻ കമ്മിറ്റി അംഗം)

(ഇ) ഇവരെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(എഫ്) സെലക്ഷൻ ബോർഡിലെ ഏതെങ്കിലും അംഗങ്ങൾ സ്ഥാനം രാജിവച്ചിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് രാജി എന്ന് വിശദീകരിക്കാമോ?

ഉണ്ട്. ഒരു മെമ്പർ മരണപ്പെടുകയും, മറ്റൊരു മെമ്പർ വ്യക്തിപരമായ കാരണങ്ങളാൽ രാജിവയ്ക്കുകയും ചെയ്തിരുന്നു.

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

299 (2251) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അട്ടപ്പാടിയിൽ 2017-നുശേഷം നാളിതുവരെ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

അട്ടപ്പാടിയിൽ 2017-നുശേഷം നാളിതുവരെ 53 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **ശിശുമരണം** |
|---|---|
| 2017 | 14 |
| 2018 | 13 |
| 2019 | 7 |
| 2020 | 10 |
| 2021 | 9 |

(ബി) മരിച്ച കുട്ടികളുടെ കുടുംബത്തിന് ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(സി) അട്ടപ്പാടിയിലെ ശിശുമരണവുമായി ബന്ധപ്പെട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഇടപെടേണ്ട സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ കമ്മീഷൻ എന്ത് നിർദ്ദേശമാണ് സംസ്ഥാന സർക്കാരിന് നൽകിയത്; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്?

(ബി&സി) അട്ടപ്പാടി മേഖലയിൽ മരണപ്പെട്ട 34 കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുലക്ഷം രൂപ വീതം 16-01-2019-ലെ സ.ഉ (സാധാ) നം. 334/2019/ധന പ്രകാരവും, 22-01-2022-ലെ സ.ഉ (സാധാ) നം.184/2022/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 23 കുട്ടികൾക്കും ധനസഹായമായി നൽകിയിട്ടുണ്ട്. അട്ടപ്പാടിയിലെ ശിശുമരണവുമായി ബന്ധപ്പെട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരമാണ് മേൽപ്പറഞ്ഞ ധനസഹായം അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളത്.

(ഡി) ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശിശുമരണങ്ങൾക്കുശേഷം അട്ടപ്പാടി മേഖലയിൽ മെച്ചപ്പെട്ട ആരോഗ്യ സേവനം ഉറപ്പാക്കുന്നതിന് സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുകയും ദേശീയ

നിലവാരത്തിൽ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, അഗളി സാമൂഹികാരോഗ്യ കേന്ദ്രം ഉൾപ്പെടെയുള്ള മറ്റ് ഫീൽഡ്തല ആശുപത്രികൾ, സബ് സെന്ററുകൾ മുഖാന്തരം ഊർജ്ജിതമാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ 3 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും കൂടുതൽ മികവാർന്ന മെച്ചപ്പെട്ട സേവനങ്ങൾ, അധികസമയം ഒ.പി. സൗകര്യം (9 മുതൽ 6 വരെ, ലാബ് സൗകര്യം, ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രത്യേക പരിശോധന, ക്ലിനിക്കുകൾ, ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള പ്രത്യേക പരിചരണ ക്ലിനിക്കുകൾ എന്നിവ നടപ്പാക്കി വരുന്നു. അട്ടപ്പാടിയിൽ ശിശുമരണങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് നിലവിലെ സ്ഥിതി വിലയിരുത്തുകയും പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥ സംഘം പരിശോധന നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുണ്ടായി. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനും ആരോഗ്യ മേഖലയിലെ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചു. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ

ആരോഗ്യവകുപ്പും കൂടാതെ മറ്റ് വകുപ്പുകളുമായി ചേർന്നും നടത്തിവരുന്നു. ഗർഭിണികളിൽ ആരോഗ്യപ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി ശരിയായ ചികിത്സ ഉറപ്പാക്കുന്നതിനായി ആഴ്ചയിൽ ആറുദിവസം വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഗൃഹസന്ദർശനം നടത്തി രോഗലക്ഷണങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിന് ശ്രമിക്കുന്നതോടൊപ്പം മറ്റ് സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയും ഇത് ഒരു ചെക്ക് ലിസ്റ്റ് മുഖാന്തരം ആഴ്ചയിൽ റിപ്പോർട്ട് ചെയ്ത് മേലധികാരികൾ യോഗം ചേർന്ന് പരിശോധിക്കുകയും ചെയ്യുന്ന സംവിധാനമൊരുക്കിയിട്ടുണ്ട്. ഇതിനായി ജില്ലാകളക്ടർ നേതൃത്വം നല്കി അസിസ്റ്റന്റ് കളക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തനം നടത്തിവരുന്നു. ഇതിലൂടെ അട്ടപ്പാടിയിൽ ആകെയുള്ള ഗർഭിണികളുടെ എണ്ണം കൃത്യമായി വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കണ്ടെത്തി എല്ലാവർക്കും സേവനം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിൽ ആകെ ഗർഭിണികൾ, റിസ്ക് വിഭാഗത്തിൽപ്പെട്ടവർ എത്ര, അതിൽ അനീമിയ ബാധിച്ചവർ എത്ര, സിക്കിൾ സെൽ രോഗികൾ എത്ര, പോഷകാഹാര കുറവുള്ള ഗർഭിണികൾ എത്ര, തുടങ്ങിയ തരം തിരിക്കലിലൂടെ ആരൊക്കെയെന്ന് മനസ്സിലാക്കി പ്രത്യേക പരിചരണം ഉറപ്പാക്കാൻ ശ്രമിച്ചുവരുന്നു. അട്ടപ്പാടി മേഖലയിലെ എല്ലാ സബ്

സെന്ററുകളും ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിനായി ദേശീയ ആരോഗ്യ മിഷനെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇതിലൂടെ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ സബ് സെന്ററുകൾ വഴി ലഭ്യമാക്കാൻ സാധിക്കും. അട്ടപ്പാടി മേഖലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും നിലവിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ടിട്ടുണ്ട്. ഇതിലൂടെ അധിക സമയ OPD, കൂടുതൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ സേവനം, ലാബ് പരിശോധനകൾ ഉൾപ്പെടെയുള്ള കൂടുതൽ സേവനങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. അഗളി ആശുപത്രിയിൽ ആഴ്ചയിൽ മൂന്നു ദിവസം ഗൈനക്കോളജിസ്റ്റ്, കുട്ടികളുടെ ഡോക്ടർ, ശ്വാസകോശ രോഗവിദഗ്ധൻ തുടങ്ങിയ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒ.പി. സേവനം ആരംഭിച്ചിട്ടുണ്ട്. അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ എക്സ്റേ മെഷീൻ പ്രവർത്തനമാരംഭിച്ചു. ഇതിനായി ടെക്നീഷ്യനെ നിയമിക്കുകയും മറ്റ് സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ എല്ലാ ആദിവാസി കുടുംബങ്ങളും കേന്ദ്രീകരിച്ച് ആരോഗ്യപരിശോധന നടത്തി രോഗാതുരത മനസ്സിലാക്കി ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള പരിശോധനകൾ കുട്ടികളിൽനിന്ന് തുടങ്ങുന്നതിന്റെ ഭാഗമായി ട്രൈബൽ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസം നൽകിക്കൊണ്ടുള്ള

പരിശോധനാ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ എല്ലാ ആരോഗ്യ പരിശോധനകളോടൊപ്പം അവരുടെ ഹീമോഗ്ലോബിൻ നില, സിക്കിൾ സെൽ രോഗാവസ്ഥ എന്നിവ കൂടി പരിശോധിക്കുകയും പ്രശ്നങ്ങളുള്ളതായി കണ്ടെത്തുന്നവരെ മറ്റ് പരിശോധനകൾക്കും ചികിത്സയ്ക്കുമായി അയയ്ക്കുകയും ചെയ്യുന്നു. അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ ആരോഗ്യം അവരുടെ പോഷക നിലവാരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് രേഖപ്പെടുത്തേണ്ടതും അതോടൊപ്പം മറ്റസുഖങ്ങൾ ഉണ്ടെങ്കിൽ ഉടൻ ചികിത്സ നേടേണ്ടതും അത്യന്താപേക്ഷിതമാണ്. അതിനാൽ ഇത്തരത്തിലുള്ള കുട്ടികളുടെ ഒരു രജിസ്റ്റി തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ തുടർപരിശോധന നടത്തുകയും ഇവരെ പോഷകനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി ന്യൂട്രീഷ്യൻ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്ത് ചികിത്സിക്കേണ്ടതുമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി "ജാതക്" എന്ന പേരിലുള്ള സോഫ്റ്റ്‌വെയർ പുനരാവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആരോഗ്യവകുപ്പ് വിവിധ വകുപ്പുകൾ വഴി ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന എല്ലാവർക്കുമായി പ്രത്യേകിച്ചും ആദിവാസി മേഖലയുമായി

ബന്ധപ്പെട്ട ആരോഗ്യ വിഷയങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവരുടെ ആരോഗ്യ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തി ശരിയായ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള പരിശീലന പരിപാടി നടത്തുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എക്സൈസ് വകുപ്പുമായി ചേർന്ന് മദ്യാസക്തി കുറയ്ക്കുന്നതിനും മദ്യാസക്തരായിട്ടുള്ളവരെ ചികിത്സിക്കുന്നതിനായുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഊരുകൾ ബന്ധിപ്പിച്ചും മാസത്തിൽ ഒരു പ്രത്യേക ദിവസം ക്യാമ്പുകൾ നടത്തുന്ന രീതി അവലംബിച്ചിട്ടുണ്ട്. മാതൃശിശു മരണങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടിയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുവേണ്ടിയും സമൂഹത്തിന്റെ ഇടപെടൽ കൂടുതലായി കൊണ്ടുവരുന്നതിലേയ്ക്കുവേണ്ടി 'പെൺട്രിക കൂട്ട്' എന്ന പേരിൽ ഓരോ അങ്കണവാടികളുടേയും കീഴിൽ സ്ത്രീകളുടെ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. ജെ.പി.എച്ച്.എൻ., അങ്കണവാടി വർക്കർ, ആശാവർക്കർ എന്നിവർ മുഖേന ലഭ്യമാകുന്ന വിവിധ സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കൂടുതൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വ്യക്തികളിൽ എത്തിക്കുക എന്നുള്ളതാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യമെന്ന് പറയുന്നത്.

സമൂഹത്തിന്റെ പങ്കാളിത്തത്തോടെ കൂടുതൽ നല്ലരീതിയിൽ അവിടത്തെ പോഷകാഹാരക്കുറവ് നിയന്ത്രിക്കാൻ സാധിക്കുമെന്ന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**ആറ്റിങ്ങലിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ**

300(2252) ശ്രീമതി ഒ.എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നത് പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 60 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കുമോ?

കെട്ടിട നിർമ്മാണത്തിന് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്ന അങ്കണവാടികൾക്ക് വകുപ്പിന്റെ പ്ലാൻ ഫണ്ടും, എൽ.എസ്.ജി.ഡി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഹിതവും ഉറപ്പാക്കി സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിച്ചുവരുന്നു. കൂടാതെ വകുപ്പും MGNREGS-ഉം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി കെട്ടിട നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

**സ്മാർട്ട് അങ്കണവാടിയായി മാറ്റാൻ നടപടി**

301 (2253) ശ്രീ. കെ.കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ഒച്ചതുങ്ങൽ ദേശത്തെ 46-ാം നമ്പർ അങ്കണവാടി സ്മാർട്ട് അങ്കണവാടിയായി മാറ്റുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ഒച്ചുങ്ങൽ ദേശത്തെ 46-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം അപേക്ഷ ലഭ്യമായിരുന്നു. നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും കെട്ടിട

നിർമ്മാണത്തിനായി വിനിയോഗിച്ചതിനാൽ 2022-23 സാമ്പത്തിക വർഷം പ്രസ്തുത അപേക്ഷ സർക്കാർ അനുമതിക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ അങ്കണവാടികൾ

302(2254) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലമുണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കും സ്വന്തം സ്ഥലത്ത് ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് ലഭ്യമായ സ്ഥലത്തിന് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തി ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി ഘട്ടംഘട്ടമായി വകുപ്പിന്റെ സ്മാർട്ട്

അങ്കണവാടി, MGNREGS പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിവരുന്നു.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ സ്ഥലമുണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്നും സ്വന്തം സ്ഥലത്ത് ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ സ്ഥലമുണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 7 അങ്കണവാടികളും സ്വന്തം സ്ഥലത്ത് ജീർണ്ണാവസ്ഥയിൽ പ്രവർത്തിക്കുന്ന 17 അങ്കണവാടികളുമുണ്ട്. അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ

303 (2255) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളായി ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇരിക്കൂർ മണ്ഡലത്തിലെ ഇരിക്കൂർ ഐ.സി.ഡി.എസ്.-ലെ എരുവശ്ശി ഗ്രാമപഞ്ചായത്തിലെ 20-ാം നമ്പർ അങ്കണവാടിക്കും തളിപ്പറമ്പ് ഐ.സി.ഡി.എസ്.-ലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ 35-ാം നമ്പർ അങ്കണവാടിക്കും സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം പ്രൊപ്പോസൽ ലഭ്യമായിരുന്നു. നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും കെട്ടിട നിർമ്മാണത്തിനായി വിനിയോഗിച്ചതിനാൽ നടപ്പുവർഷം നിർമ്മാണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

(ബി) അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളായി മാറ്റുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന അങ്കണവാടികൾക്ക് ലഭ്യമായ സ്ഥലത്തിന് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തി, സർക്കാർ അനുമതിക്ക് വിധേയമായി സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നു. വകുപ്പിൽനിന്നും പരമാവധി 25 ലക്ഷം രൂപയാണ് അനുവദിച്ച് വരുന്നത്.

## മാതൃ-ശിശു സംരക്ഷണം

304 (2256) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി സർക്കാർ, സ്വകാര്യ ആശുപത്രികളെ മാതൃ-ശിശു സൗഹൃദമാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യ വകുപ്പും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി സർക്കാർ, സ്വകാര്യ ആശുപത്രികളെ മാതൃ-ശിശു സൗഹൃദമാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല, എന്നാൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ വഴി താഴെപ്പറയുന്ന ആരോഗ്യ സേവനങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും നൽകിവരുന്നു.

* ഗർഭകാല ആരോഗ്യ പരിശോധന

* ഗർഭിണികൾക്ക് അയൺ ഫോളിക് ആസിഡ് ഗുളിക നൽകുന്നു.

* ഗർഭിണികൾക്ക് Td വാക്സിനേഷൻ നൽകുന്നു.

* കുട്ടികൾക്ക് ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനേഷൻ

നൽകുന്നു.

* JSSK, TSY, RBSK ആരോഗ്യ കിരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ആശുപത്രികളെ മാതൃശിശു സൗഹൃദമാക്കി മാറ്റുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പ് സാമ്പത്തിക വർഷം ആശുപത്രികളിലെ മാതൃ-ശിശു ആരോഗ്യ പരിപാലന യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യ നിലവാരം ഉയർത്തുന്നതിനായി 360 ലക്ഷം രൂപ അനുവദിക്കുകയും, 6 മെഡിക്കൽ കോളേജുകളിലെ മാതൃശിശു ആരോഗ്യ അടിസ്ഥാന സൗകര്യ പരിപാലന യൂണിറ്റുകളുടെ നിലവാരം ഉയർത്തുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 04-08-2021-ലെ സ.ഉ (സാധാ) നം.1663/2021/ആരോഗ്യം ഉത്തരവുപ്രകാരം മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ സ്വകാര്യ ആശുപത്രികളെ മാതൃശിശു സൗഹൃദ ആശുപത്രികളായി പ്രഖ്യാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രീസ്കൂൾ വിദ്യാഭ്യാസം

നൽകാൻ കഴിയുന്നവിധം നിലവിലുള്ള അങ്കണവാടികൾ പരിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ്. പദ്ധതി മുഖേന പ്രത്യേക പരിരക്ഷ നൽകുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും, കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാസൗകര്യവുമുള്ള അങ്കണവാടികളെ വിവിധ പഞ്ചായത്തുകളിൽനിന്നും തെരഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റുന്നതിനും ടി അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസികാരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ദ്ധർ മുഖേന കൗൺസിലിംഗ് നൽകുന്നതിനും ഈ അങ്കണവാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് " സ്പെഷ്യൽ അങ്കണവാടി പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 142 അങ്കണവാടികളിൽ ramp, disabled friendly toilet, Partitions, Handrails, എന്നിവയുടെ നിർമ്മാണത്തിനും barrier free access facililty സൗകര്യമൊരുക്കുന്നതിനായി ഒരുലക്ഷം രൂപയും special furnitures, wheel chair, other equipments എന്നിവയുടെ പർച്ചേസിനും, play area and allied

works എന്നിവയ്ക്കുമായി ഒരുലക്ഷം രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സ്പെഷ്യൽ അങ്കണവാടികൾക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ള 84 അങ്കണവാടികളെ CDPO മുഖാന്തരം കണ്ടെത്തുകയും ഓരോ അങ്കണവാടികൾക്കും 2 ലക്ഷം രൂപ വീതം അതത് CDPO-മാർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിന്റെ സാമൂഹ്യക്ഷേമ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന പദ്ധതി എന്ന നിലയിൽ ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസ് സ്കീമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് നിലവിൽ 258 ICDS പ്രോജക്ടുകളും 33115 അങ്കണവാടികളിലും പ്രവർത്തിക്കുന്നു. ജനസംഖ്യാ അനുപാതത്തിൽ സംസ്ഥാനത്തിന് പുതുതായി ലഭിച്ച അങ്കണവാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിവിധതരം അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസലിംഗ്, വൈദ്യസഹായം, സൗജന്യ നിയമസഹായം,

പുനരധിവാസം എന്നിവ ലഭ്യമാക്കി അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിവിധതരം അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസലിംഗ്, വൈദ്യസഹായം, സൗജന്യ നിയമസഹായം, പുനരധിവാസം എന്നിവ ലഭ്യമാക്കി അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ വനിതാ ശിശു വികസന വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## അങ്കണവാടി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

305(2257) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത ജോലിഭാരംകൊണ്ട് പ്രയാസപ്പെടുന്ന അങ്കണവാടി ജീവനക്കാർക്ക് മതിയായ ജോലി പരിരക്ഷയോ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അങ്കണവാടി പ്രവർത്തകർക്ക് ജോലി പരിരക്ഷയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച ആനുകൂല്യങ്ങളും നല്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അങ്കണവാടി ജീവനക്കാർക്ക് ചികിത്സയ്ക്ക് ധനസഹായം, മാരകരോഗികൾക്ക് ചികിത്സാ കാലാവധി വരെ കാഷ്വൽ ലീവ്, പെൻഷൻ, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേതുപോലെ ശനിയാഴ്ച അവധി തുടങ്ങിയ ആവശ്യങ്ങൾ പരിഗണിക്കുമോ?

അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്നും മാസംതോറും വർക്കർക്ക് 2,500/- രൂപയും ഹെൽപ്പർക്ക് 1,500/- രൂപയും പെൻഷൻ അനുവദിക്കുന്നുണ്ട്. എന്നാൽ ബോർഡിൽ ഫണ്ട് അപര്യാപ്തമായതിനാൽ 2018 ജനുവരി മുതൽ ചികിത്സാ ധനസഹായം നൽകുന്നില്ല. അങ്കണവാടി ഗുണഭോക്താക്കൾക്ക് പ്രതിവർഷം 300 ദിവസം പോഷകാഹാര വിതരണം നടത്തുന്നതിന് കേന്ദ്ര നിർദ്ദേശമുണ്ട്. അതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേതുപോലെ ശനിയാഴ്ച അവധി അനുവദിക്കാൻ സാധിക്കില്ല. മാരകരോഗികൾക്ക് ചികിത്സാ കാലാവധി വരെ കാഷ്വൽ ലീവ്, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തുടങ്ങിയവ നല്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കുപോലും ശരാശരി 291 രൂപ വേതനമുള്ള സാഹചര്യത്തിൽ അതിലും താഴെ വേതനമുള്ള 40 വർഷം മുമ്പ് ജോലിയിൽ പ്രവേശിച്ച അങ്കണവാടി ജീവനക്കാർക്കും

പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും ഒരേ നിരക്കിലാണ് ഓണറേറിയം നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിവേചനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒരുവർഷം മുമ്പ് പ്രഖ്യാപിച്ച ശമ്പള വർദ്ധനയും, കുടിശ്ശികയായിട്ടുള്ള ക്ഷേമനിധി ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ഉണ്ട്. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദേശങ്ങളുടെയും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം നൽകുന്നത്. നിലവിൽ മെയിൻ അങ്കണവാടി വർക്കർക്ക് 12,000/- രൂപയും മിനി അങ്കണവാടി വർക്കർക്ക് 11,000/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 8,000/- രൂപയുമാണ് പ്രതിമാസ ഓണറേറിയമായി നൽകിവരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 15-01-2021-ന് നിയമസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പത്തുവർഷത്തിൽ താഴെ സർവ്വീസുള്ള അങ്കണവാടി പ്രവർത്തകർക്ക് 500/- രൂപയും പത്ത് വർഷത്തിലധികം സർവ്വീസുള്ള

അങ്കണവാടി പ്രവർത്തകർക്ക് 1,000/- രൂപയും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്. അങ്കണവാടി ക്ഷേമനിധിയുടെ സർക്കാർ വിഹിതം കുടിശ്ശിക ലഭ്യമായിട്ടുള്ളത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## സംസ്ഥാനത്തെ അങ്കണവാടികൾ

306(2258) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അങ്കണവാടികളുണ്ട്; അവയിൽ എത്ര അങ്കണവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്?

സംസ്ഥാനത്ത് നിലവിൽ 33115 അങ്കണവാടികളുണ്ട്. അവയിൽ 24306 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എത്ര അങ്കണവാടികൾ ഹൈടെക്കായി മാറ്റിയിട്ടുണ്ട്?

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ആധുനിക സൗകര്യങ്ങളോടുകൂടിയ 155 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണ

പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ അങ്കണവാടിയിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ഉൾപ്പെടെ ലഭിക്കുന്ന ആകെ വേതനം എത്രയെന്ന് അറിയിക്കാമോ?

അങ്കണാടികളിൽ വർക്കർ, ഹെൽപ്പർ തസ്തികകളാണ് നിലവിലുള്ളത്. ഇവർക്ക് ഓണറേറിയം വ്യവസ്ഥയിൽ വേതനം നൽകുന്നു. വർക്കർക്ക് കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെ 12000/- രൂപയും, മിനി അങ്കണവാടി വർക്കർക്ക് 11,000/- രൂപയും, ഹെൽപ്പർക്ക് 8000/- രൂപയും വേതനം നൽകുന്നു. കൂടാതെ ഹെൽപ്പർമാർക്ക് പ്രതിമാസം performance linked incentive ആയി 250/- രൂപയും നൽകുന്നു.

**പാലത്തര സ്മാർട്ട് അങ്കണവാടി നിർമ്മാണം**

307(2259) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്തിലെ പാലത്തര സ്മാർട്ട് അങ്കണവാടി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ?

പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ 20-ാം നമ്പർ പാലത്തര അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടിയുടെ 3 സെന്റ് പ്ലാൻ പ്രകാരം 789.75 Sq.ft വിസ്തൃതിയിൽ 27,64,952/- രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായെന്നും പുതുക്കിയ ഭരണാനുമതി എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത അങ്കണവാടിക്ക് ലഭ്യമായ സ്ഥലത്തിന്റെ ഘടനയും രൂപവും കാരണം സ്മാർട്ട് അങ്കണവാടിയുടെ 3 സെന്റിന്റെ അംഗീകൃത പ്ലാനിൽ നിർമ്മാണം സാധ്യമല്ലാത്തതിനാൽ സ്മാർട്ട് അങ്കണവാടിയുടെ 1.25 സെന്റ് പ്ലാനിൽ (F-type) 581.00 Sq.ft വിസ്തൃതിയിൽ വകുപ്പ് വിഹിതമായി 15,00,000/- രൂപയും, LSGD വിഹിതമായി 6,37,256/- രൂപയും ചേർത്ത് ആകെ 21,37,256/- രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിക്കായി ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

**വിരമിച്ച അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യം**

308(2260) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

വിരമിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപേഴ്സ് ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ, ക്ഷേമനിധി അംഗങ്ങൾ ഒടുക്കുന്ന ക്ഷേമനിധി വിഹിതവും അതിന്റെ പലിശയും ചേർത്ത ക്ഷേമനിധി ആനുകൂല്യം, ഗ്രാറ്റുവിറ്റി എന്നിവ നൽകി വരുന്നു.

(ബി) കഴിഞ്ഞ വർഷം വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കഴിഞ്ഞ വർഷം വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. അങ്കണവാടി ക്ഷേമനിധി ബോർഡിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള

ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസം നേരിട്ടത്. എന്നാൽ ക്ഷേമനിധിയുടെ സർക്കാർ വിഹിതം കുടിശ്ശിക ഇനത്തിൽ 6,71,38,363/- രൂപ അനുവദിച്ചതിനെത്തുടർന്ന് ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരികയാണ്.

## അങ്കണവാടികളുടെ നവീകരണം

309(2261) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന അങ്കണവാടികൾ നവീകരിക്കുന്നതിന് ഏതെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാലപ്പഴക്കം ചെന്ന അങ്കണവാടികൾ നവീകരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ സംയുക്തമായി വിനിയോഗിച്ച് അങ്കണവാടി നവീകരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2016-17 വർഷം മുതൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് അങ്കണവാടി കെട്ടിടങ്ങൾ നവീകരിച്ചുവരുന്നു. 2021-22 വർഷം സംസ്ഥാനത്തെ 258 അങ്കണവാടികൾ 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നവീകരിക്കുന്നതിന് 'ചായം' എന്ന പദ്ധതി

നടപ്പിലാക്കിവരുന്നു. കൂടാതെ 142 അങ്കണവാടികൾ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഉൾപ്പെടുത്തി 284 ലക്ഷം രൂപ വിനിയോഗിച്ച് സ്പെഷ്യൽ അങ്കണവാടികളായി നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളാണ് അടിയന്തരമായി നവീകരിക്കേണ്ടത്; ഇവ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ അടിയന്തരമായി നവീകരിക്കേണ്ട അങ്കണവാടികളുടെ വിശദാംശവും ഇവ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധമായി+ ചേർക്കുന്നു.

## വനിതകളുടെ തൊഴിൽ രംഗത്തെ ശാക്തീകരണം

310 (2262) ശ്രീ. എം. എം. മണി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലുമുള്ള സ്ത്രീ-പുരുഷ തുല്യത ജോലി നേടുന്നതിലും കൈവരിക്കുന്നതിന്റെ ഭാഗമായി വനിതകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രത്യേകമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വനിത ശിശു വികസന വകുപ്പിന് കീഴിലെ സ്ഥാപനമായ ജെൻഡർ പാർക്ക് മുഖേന സ്ത്രീകൾക്ക് Skill Development നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയംതൊഴിൽ ചെയ്യാൻ ധനസഹായം നൽകുന്ന സഹായഹസ്തം പദ്ധതിയും വകുപ്പ് മുഖേന നടപ്പാക്കുന്നു. ടി പദ്ധതികൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. ജെൻഡർ പാർക്ക് മുഖേന വ്യാവസായിക വിപണന രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള വനിതകൾക്ക് വ്യാവസായിക ബിസിനസ് മേഖലയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകാനിടയുള്ള ആശയവിനിമയത്തിലെ ബുദ്ധിമുട്ട് ദൂരീകരിക്കുന്നതിനാവശ്യമായ ഓൺലൈൻ ബിസിനസ്സ് ഇംഗ്ലീഷ് പഠന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. ചെന്നൈയിലെ യു.എസ്. കോൺസുലേറ്റ്, ഡൽഹിയിലുള്ള യു.എസ്. എംബസിയുടെ ഭാഗമായ റീജിയണൽ ഇംഗ്ലീഷ് ലാംഗ്വേജ് ഓഫീസുമായി (RELO) ചേർന്നാണ് തികച്ചും സൗജന്യമായ ഈ പരിപാടി നടപ്പിലാക്കി വരുന്നത്. ഒരു ബാച്ചിന്റെ പരിശീലനകാലം 28 ദിവസമാണ്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിൽ വരുന്ന വനിതകളെ (വിധവകൾ, വിവാഹമോചനം നേടിയ വനിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്ത വനിതകൾ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, കിടപ്പുരോഗികളായ ഭർത്താക്കന്മാരുള്ള വനിതകൾ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പുവഴി ആരംഭിച്ച പദ്ധതിയാണ് ശരണ്യ. അശരണരായ വനിതകൾക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ച് അതിലൂടെ കുടുംബം പുലർത്തുന്നതിന് വരുമാനം കണ്ടെത്തുന്നതിനും അവരെ സ്വയംപര്യാപ്തമാക്കുന്നതിനും സ്വയംതൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ സ്ത്രീ ശാക്തീകരണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 18-55 പ്രായപരിധിയിലുള്ള മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ വരെ 50% സബ്സിഡിയോടുകൂടി പലിശരഹിത വായ്പ അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. പദ്ധതി

അപേക്ഷ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ലഭ്യമാണ്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലുമുള്ള സ്ത്രീ-പുരുഷ തുല്യത ജോലി നേടുന്നതിലും കൈവരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി റീച്ച് ഫിനിഷിംഗ് സ്കൂൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള, ഇന്ത്യയിൽ തന്നെ ആദ്യത്തെ ഫിനിഷിംഗ് സ്കൂളാണ് റീച്ച്-റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി ഫോർ കരിയർ ഹൈറ്റ്സ്. ഫിനിഷിംഗ് സ്കൂൾ എന്നതിന് പുറമെ 2018-19 മുതൽ വനിതകൾക്ക് തൊഴിൽ പരിശീലനം തുടങ്ങുകയും ഇക്കഴിഞ്ഞ നാലാം വർഷത്തിനുള്ളിൽ 5500-ലധികം വനിതകൾക്ക് വിവിധങ്ങളായ മേഖലകളിൽ പരിശീലനം നൽകുവാനും സാധിച്ചു. റീച്ച് മുഖേന ODEPC, വനിതാ വികസന കോർപ്പറേഷൻ, സി.എം.ഡി. എന്നീ മൂന്ന് സ്ഥാപനങ്ങൾ ചേർന്നുകൊണ്ട് വിദേശ ജോലികൾക്കുവേണ്ടി ബി.എസ്.സി. ജനറൽ നഴ്സിംഗ് പാസ്സായവർക്കുവേണ്ടി പ്രത്യേക അഡ്വാൻസ്ഡ് നൈപുണ്യ പരിശീലനം നൽകുന്ന ASEP-N പ്രോഗ്രാം ആരംഭിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാകുന്നവർക്ക് 100% തൊഴിൽ സാദ്ധ്യത യു.കെ.-

യിൽ ODEPC മുഖേന ഉറപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ റീച്ച് സർട്ടിഫിക്കേഷൻ പ്രോഗ്രാം, പൈതൺ, എം.എസ്. ഓഫീസ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഡാറ്റാ സയൻസ്, ടാലി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പ്രിലിമിനറി ഇംഗ്ലീഷ് പരിശീലനം, പി.എസ്.സി./എസ്.എസ്.സി. കോച്ചിംഗ് എന്നീ പ്രോഗ്രാമുകൾ നിലവിൽ റീച്ച് മുഖാന്തരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. കൂടാതെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞ പലിശനിരക്കിൽ വനിതകൾക്ക് സ്വയംതൊഴിൽ വായ്പകളും പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വായ്പയും നൽകി വരുന്നു.

(ബി) വിവിധ കാരണങ്ങളാൽ ജോലി അവസാനിപ്പിച്ച് വീട്ടിൽ ഒതുങ്ങേണ്ടി വന്നവർ അടക്കമുള്ള സ്ത്രീകളെ ജോലിയിലേക്ക് തിരികെ എത്തിക്കുന്നതിനുതകുന്ന പദ്ധതിക്ക് ഐക്യരാഷ്ട്രസഭയുടെ ഭാഗമായ യു.എൻ. വുമണിന്റെ സഹകരണത്തോടെ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ സ്ത്രീശാക്തീകരണം, സാമ്പത്തിക സ്വാശ്രയത്വം എന്നിവ കൈവരിക്കുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകരമാകും; വിശദാംശങ്ങൾ നൽകാമോ?

വിവിധ കാരണങ്ങളാൽ ജോലി അവസാനിപ്പിക്കേണ്ടി വരുന്ന

സ്ത്രീകൾക്കുവേണ്ടി ഒരു നൈപുണ്യ വികസന പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജോലി അവസാനിപ്പിക്കേണ്ടി വരുന്ന സ്ത്രീകൾ ഏർപ്പെട്ടിരുന്ന തൊഴിൽ മേഖലയുടെ സ്വഭാവം അനുസരിച്ച് പരിശീലനകാലം മൂന്നുമാസം മുതൽ ഒരുവർഷം വരെയായിരിക്കും. ഇത് തികച്ചും സൗജന്യമായിട്ടാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. യു.എൻ. വിമന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജെൻഡർ പാർക്ക് നിശ്ചയിക്കുന്ന വിദഗ്ധ ഏജൻസികൾ മുഖേനയാണ് പരിശീലനം നൽകുക. ഈ പരിപാടി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അവരുടെ തൊഴിൽ മേഖലയിൽ വീണ്ടും ജോലി ലഭിക്കുന്നതിനുവേണ്ടിയുള്ള സഹായം നൽകുവാനും ഈ പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. ഈ പരിപാടിയിലൂടെ തൊഴിൽ അവസാനിപ്പിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് അവരുടെ തൊഴിൽമേഖലയിൽ പുന:പ്രവേശനം സാധ്യമാവുകയും തദ്വാരാ അവരിൽ ആത്മവിശ്വാസവും സാമ്പത്തിക സ്വാശ്രയത്വവും വളർത്തിയെടുക്കുന്നതിന് കഴിയുമെന്നാണ് കണക്കുകൂട്ടുന്നത്. സർക്കാർ ഷെൽട്ടർ ഹോമുകളിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കുംകൂടി ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നതാണ്. സ്ത്രീശാക്തീകരണത്തിനും, സാമ്പത്തിക സ്വാശ്രയത്വത്തിനുമായി നിരവധി പദ്ധതികൾ കേരള

സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

## മുൻഗണനേതര വിഭാഗം റേഷൻ കാർഡിലെ അംഗങ്ങൾക്ക് ലഭിക്കുന്ന ചികിത്സ ആനുകൂല്യങ്ങൾ

311(2263) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതര രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്ന മുൻഗണനേതര വിഭാഗം റേഷൻ കാർഡുകളിലെ അംഗങ്ങൾക്ക് ആശുപത്രികളിൽനിന്ന് ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി പൊതുവിതരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ഗുരുതര രോഗം ബാധിച്ച എ.എ.വൈ., പി.എച്ച്.എച്ച്., മുൻഗണനേതര (സബ്സിഡി) വിഭാഗത്തിലെ ഉപഭോക്താക്കൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06-07-2018-ലെ സ.ഉ(സാധാ)നം.2171/2018/ആകുവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം നൽകി വരുന്നുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ മുൻഗണനയ്ക്ക് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതുമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻഗണനേതര കുടുംബങ്ങളുടെ അപേക്ഷ പരിഗണിച്ച് ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് രോഗ ചികിത്സാർത്ഥം ടി കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തുകൊടുക്കുന്നു. കൂടാതെ മുൻഗണനേതര വിഭാഗം കാർഡിലെ അംഗങ്ങൾക്ക് രോഗചികിത്സയ്ക്കായി "സ്റ്റേറ്റ് പ്രയോറിറ്റി" സീൽ പതിച്ചുനൽകാൻ ജില്ലാ സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻഗണനേതര വിഭാഗം റേഷൻ കാർഡുകളിലെയും മുൻഗണനാ വിഭാഗം റേഷൻ കാർഡുകളിലെയും അംഗങ്ങൾക്ക് ആശുപത്രികൾ ചികിത്സാ ആനുകൂല്യം നൽകേണ്ടത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ) യുടെ ഉത്തരം കണ്ടാലും.

## പൊതുവിതരണ സംവിധാനം

312(2264) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിതരണ സംവിധാനം കൂടുതൽ ജനോപകാരപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റേഷൻ കടകളിലൂടെ, സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന 13 ഇനം

അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിലും, കൂടാതെ വിൽപ്പന കാലാവധി കൂടുതലുള്ള, തെരഞ്ഞെടുത്തിട്ടുള്ള മിൽമാ ഉൽപ്പന്നങ്ങളും ഉൾപ്പെടെ അടുത്ത സാമ്പത്തിക വർഷത്തിൽ വിൽപ്പന ആരംഭിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ, ഇ-സേവനങ്ങൾ, യൂട്ടിലിറ്റി ബിൽ പേമെന്റ് സംവിധാനം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും വിവിധ തലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**സുഭിക്ഷ ഹോട്ടൽ**

313 (2265) <u>ശ്രീമതി ദെലീമ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 5 ജില്ലകളിലായി 7 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ആയതിന് സർക്കാർ നൽകുന്ന സബ്സിഡികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഓരോ ഹോട്ടലിനും പ്രാരംഭ ചെലവുകൾക്കായി 10 ലക്ഷം രൂപ വരെ

അനുവദിക്കുന്നതാണ്. ഹോട്ടൽ നടത്തുന്ന ഏജൻസിക്ക് വിൽപ്പനയുടെ അടിസ്ഥാനത്തിൽ ഒരു ഊണിന് 5/- രൂപ നിരക്കിൽ സബ്സിഡി പരിശോധനയ്ക്ക് വിധേയമായി നൽകുന്നുണ്ട്. കൂടാതെ ആവശ്യപ്പെടുന്ന പ്രകാരം ടൈഡ് ഓവർ വിഹിതത്തിൽനിന്നും അരി കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ 600 കിലോ വരെ ഓരോ ഹോട്ടലിനും അനുവദിക്കുന്നുണ്ട്.

## സുഭിക്ഷ ഹോട്ടലുകൾ

314 (2266) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യായമായ വിലയിൽ ഭക്ഷണം ലഭിക്കുന്നതിനായി എത്ര സുഭിക്ഷ ഹോട്ടലുകളാണ് ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്?

സംസ്ഥാനത്ത് 5 ജില്ലകളിലായി 7 സുഭിക്ഷ ഹോട്ടലുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു സുഭിക്ഷ ഹോട്ടലെങ്കിലും ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഏറ്റവും കുറഞ്ഞത് ഒരുജില്ലയിൽ ഒന്ന് വീതമെങ്കിലും ആദ്യ

ഘട്ടത്തിൽ ആരംഭിക്കുന്നതാണ്;

(ബി) സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ ഓരോ ഹോട്ടലിനും അനുവദിക്കുന്നതാണ്. 20/- രൂപ നിരക്കിൽ വിൽപ്പന നടത്തുന്ന ഉച്ചഭക്ഷണത്തിൽ ഒരു ഊണിന് 5/- രൂപ നിരക്കിൽ നടത്തുന്ന ഏജൻസിക്ക് പരിശോധനയ്ക്ക് വിധേയമായി സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ പൊതുവിതരണത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽനിന്നും പരമാവധി 600 കിലോ അരി കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ നൽകുന്നുണ്ട്. ഹോട്ടലിന്റെ തുടർ നടത്തിപ്പിനായി ഇലക്ട്രിസിറ്റി ചാർജ്, വെള്ളക്കരം, ആവശ്യമെങ്കിൽ കെട്ടിട വാടക, സബ്സിഡി തുക എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്.

**സുഭിക്ഷ കേരളം പദ്ധതി**

315(2267) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതി പ്രകാരമുള്ള സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് മാവേലിക്കര പ്രൈവറ്റ് ബസ് സ്റ്റാന്റിൽ ഇ.എം.എസ്. പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടത്തിൽ മുറി നൽകാമെന്ന് മുനിസിപ്പാലിറ്റിയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഉടൻ ആരംഭിക്കുമോ; വ്യക്തമാക്കാമോ?

പദ്ധതി ഈ മാസം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## കാസർഗോഡ് ജില്ലയിലെ എ.എ.വൈ. പദ്ധതി

316(2268) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എ.എ.വൈ. പദ്ധതിയിൽ ബി.പി.എൽ., എ.പി.എൽ. എന്നീ വിഭാഗത്തിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എ.എ.വൈ. പദ്ധതിയിൽ മുൻഗണനാ വിഭാഗത്തിലെ ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലയിൽ നിലവിൽ എ.എ.വൈ. വിഭാഗത്തിൽ 31095 കാർഡുകളിലായി 127049 അംഗങ്ങളുണ്ട്.

(ബി) 2016 മുതൽ 2021 വരെ എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. വിഭാഗത്തിലേക്ക് എത്രപേരെ മാറ്റി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2016 മുതൽ 2021 വരെ 3839 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്കും 12716 കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേക്കും മാറ്റിയിട്ടുണ്ട്.

(സി) ബി.പി.എൽ. ആക്കി കിട്ടുന്നതിന് നിലവിൽ എത്ര അപേക്ഷകളുണ്ടെന്നും ഇക്കാര്യത്തിൽ തീരുമാനം എപ്പോൾ ഉണ്ടാകുമെന്നും അറിയിക്കുമോ?

മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി 5848 അപേക്ഷകളാണ് നിലവിലുള്ളത്. ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാർ നിലവിലുള്ള അപേക്ഷകളും ബന്ധപ്പെട്ട രേഖകളും അദാലത്തിലൂടെ പരിശോധിച്ച് അർഹരാണെന്ന് കണ്ടെത്തിയവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

മുൻഗണനാ വിഭാഗത്തിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ലിസ്റ്റിൽ ഉൾപ്പെട്ടവരെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സുഭിക്ഷ ഹോട്ടൽ പദ്ധതി നടത്തിപ്പ്

317 (2269) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ആരംഭിക്കാനുദ്ദേശിക്കുന്ന സുഭിക്ഷ ഹോട്ടൽ പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന നിലയ്ക്ക് ആദ്യഘട്ടത്തിൽ അനുവദിക്കുമോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ആവശ്യക്കാർക്ക് 20/-രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) സുഭിക്ഷ ഹോട്ടൽ നടത്തിപ്പിനായി സ്ഥലം കണ്ടെത്തി നൽകേണ്ടത് തദ്ദേശ സ്ഥാപനങ്ങളാണോ; സ്ഥലത്തിന് വാടക നൽകാൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഫണ്ട് അനുവദിക്കുമോ; എത്ര ചതുരശ്ര അടിയുള്ള കെട്ടിടങ്ങളാണ് ഇതിനായി കണ്ടെത്തേണ്ടത്?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എൻ.ജി.ഒ.-മാർ മുഖേനയോ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം വാടകരഹിതമായി ലഭ്യമാക്കുന്നപക്ഷം ആയത് പരിഗണിക്കുന്നതാണ്. അല്ലാത്തപക്ഷം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടം വാടകയ്ക്കെടുക്കുന്നതിന് ADM അദ്ധ്യക്ഷനായ ജില്ലാതലത്തിലുള്ള സുഭിക്ഷ കമ്മിറ്റിക്ക് അധികാരം നൽകിയിട്ടുണ്ട്. ഹോട്ടൽ നടത്തിപ്പിന് ആവശ്യംവേണ്ട വിസ്തീർണ്ണത്തിനനുസൃതമായ കെട്ടിടങ്ങൾ, ടോയ്ലെറ്റ് സംവിധാനം ഉൾപ്പെടെ ലഭ്യമാക്കുന്നതിനും ജില്ലാ സുഭിക്ഷാ കമ്മിറ്റിക്ക് അധികാരം നൽകിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത ഹോട്ടലുകളുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വിശദമാക്കാമോ; കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര സംഘടനകൾ, സഹകരണ സംഘങ്ങൾ എന്നിവരെ ഹോട്ടൽ നടത്തിപ്പിനായി പരിഗണിക്കുന്നതും ADM-ന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാതല സുഭിക്ഷ കമ്മിറ്റിയിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം 200/- രൂപ മുദ്രപത്രത്തിൽ ജില്ലാ സപ്ലൈ ഓഫീസറുമായി കരാറിൽ ഒപ്പിടേണ്ടതുമാണ്.

(ഡി) പ്രസ്തുത ഹോട്ടലുകളുടെ നടത്തിപ്പിനായി ഒരു ഹോട്ടലിന് വർഷത്തിൽ എത്ര രൂപയാണ് സർക്കാർ അനുവദിക്കുക എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ ഇനങ്ങൾക്കാണ് വകുപ്പ് ഫണ്ട് അനുവദിക്കുന്നത് എന്നും വിശദമാക്കാമോ?

പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരത്തോടെ അനുവദിക്കുന്നതാണ്. ഹോട്ടൽ നടത്തിപ്പിനാവശ്യമുള്ള ഫർണിച്ചർ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, പാത്രങ്ങൾ, ബില്ലിംഗ് മെഷീൻ, കെട്ടിടത്തിന്റെ മോടിപിടിപ്പിക്കൽ, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയവയ്ക്കായി പ്രാരംഭ ചെലവുകൾക്കായി അനുവദിക്കുന്ന തുകയിൽ

നിന്നും വിനിയോഗിക്കാവുന്നതാണ്. ആവർത്തന ചെലവിനുള്ള തുകയും അനുവദിക്കുന്നുണ്ട്.

**മുൻഗൻണനാ റേഷൻ കാർഡ് അപേക്ഷകൾ**

318 (2270) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടിക്രമമാണുള്ളതെന്ന് വിശദമാക്കുമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ, മുൻഗണനാ വിഭാഗത്തിൽ

ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവരാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുക എന്ന് വിശദമാക്കാമോ?

അന്ത്യോദയ അന്നയോജന (എ.എ.വൈ), പ്രയോറിറ്റി ഹൗസ് ഹോൾഡ്സ് (പി.എച്ച്.എച്ച്) കാർഡുകളാണ് മുൻഗണനാ വിഭാഗം. കേന്ദ്ര സർക്കാർ 25-12-2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിൽ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ,

ഏകയായ സ്ത്രീയോ പുരുഷനോ.

2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും. ഇതുകൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18-09-2017-ലെ സ.ഉ(സാധാ)നം.320/2017/ ഭ.പൊ.വി.വ, 27-10-2020-ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ എന്നിവയിലെ മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കളാണ് പി.എച്ച്.എച്ച്. വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) തദ്ദേശസ്ഥാപനങ്ങളുടെ ദാരിദ്ര്യരേഖ പട്ടിക വർഷങ്ങളായി പുതുക്കാത്തതിനാൽ പട്ടികയിൽ ഉൾപ്പെടാത്തവരെ മുൻഗണനാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിയിട്ടുള്ള BPL-2009 പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേക്കായി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ 20 മാർക്ക് അനുവദിച്ചുവരുന്നു. എന്നാൽ ടി പട്ടിക യഥാസമയം പുതുക്കാത്തതിനാൽ അർഹതയുള്ള കുടുംബങ്ങൾക്ക് ഇപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകാൻ സാധിക്കാതെ വരുന്നു. ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സെക്രട്ടറി അനുവദിക്കുന്ന ബി.പി.എൽ. സർട്ടിഫിക്കറ്റ് പ്രകാരം ഓരോ കുടുംബത്തിനും ക്ലേശഘടകങ്ങൾക്ക് 20 മാർക്ക് അനുവദിക്കുന്ന വിഷയം ഫയൽ നം. ഭ.പൊ.വി.വ-ബി3/46/2022-ഭ.പൊ.വി.വ പ്രകാരം പരിശോധിച്ചുവരുന്നു.

(ഡി) ക്യാൻസർ, വൃക്കരോഗം തുടങ്ങിയ മാരകരോഗങ്ങൾ നേരിടുന്നവരുടെ ചികിത്സാ ആവശ്യത്തിന് ഇളവ് ലഭിക്കാൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുവാൻ നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഗുരുതരരോഗം ബാധിച്ച എ.എ.വൈ., പി.എച്ച്.എച്ച്. മുൻഗണനേതര

നോൺ സബ്സിഡി വിഭാഗത്തിലെ ഉപഭോക്താക്കൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06-07-2018-ലെ സ.ഉ (സാധാ) നം. 2171/2018/ആകുവ-യുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം നൽകി വരുന്നുണ്ട്. കൂടാതെ 27-10-2020-ലെ 319/2020/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം മുൻഗണനയിൽ ഉൾപ്പെടുത്തിവരുന്നു.

(ഇ) കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിൽ ഇത്തരം രോഗികളുടെ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റണമെന്ന അപേക്ഷകളിൽ എത്രയെണ്ണം തീരുമാനമെടുത്തുവെന്നും എത്ര അപേക്ഷകൾ മേലധികാരികൾക്ക് സമർപ്പിച്ച് തീരുമാനമാകാകാത്തതുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കാൻസർ, വൃക്കരോഗം തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ച് മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് ലഭ്യമായ 13 അപേക്ഷകളിലും

തീരുമാനമെടുത്തിട്ടുണ്ട്.

## ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് കാർഡുകൾ

319 (2271) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റേഷൻകാർഡുകൾക്ക് പകരം ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് കാർഡുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബാങ്കിംഗ് രംഗത്തുള്ളവരടക്കം അടുത്ത ഒരുവർഷംകൊണ്ട് ഘട്ടംഘട്ടമായി ഈ പ്രവർത്തനം നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ തലത്തിലുള്ള ചർച്ചകൾ നടന്നുവരുന്നു.

(ബി) സെർവറിന്റെ തടസ്സംകാരണം പൊതുജനങ്ങൾക്ക് റേഷൻ കടകളിൽ അധികസമയം ചെലവഴിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം സർക്കാർ ആലോചിക്കുന്നുണ്ടോ?

നിലവിൽ സെർവറിന് പ്രശ്നങ്ങളൊന്നും തന്നെയില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് കാര്യമായ സാങ്കേതിക തകരാറൊന്നും തന്നെ

നിലനിൽക്കുന്നില്ല. എന്നാൽ downtime ഉണ്ടാകുമ്പോൾ റേഷൻ വിതരണത്തിൽ കുറച്ച് സമയത്തേയ്ക്ക് കാലതാമസമുണ്ടാകാറുണ്ട്. വിതരണം മൊത്തമായി മുടങ്ങുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകാറില്ല. ഇത്തരത്തിൽ ഉണ്ടാകുന്ന ചെറിയ തടസ്സംപോലും പരിഹരിക്കപ്പെടുന്നുണ്ട്. റേഷൻ കടകളിലെ ഇ-പോസ് മെഷീനിൽ ഉപയോഗിക്കുന്ന സിം കാർഡിന്റെ കവറേജ് കുറവ് റേഷൻ വിതരണത്തിന്റെ വേഗത കുറവിന് കാരണമാകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ, ഇ-പോസ് മെഷീനിൽ റേഷൻകട പ്രവർത്തിക്കുന്ന പ്രദേശത്ത് ഏറ്റവും മെച്ചപ്പെട്ട കവറേജ് ലഭ്യമാകുന്ന സിം കാർഡ് ഉപയോഗിക്കുന്നതിന് റേഷൻ വ്യാപാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് നടപടി

320(2272) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതയുണ്ടായിട്ടും നിരവധിപേർക്ക് മുൻഗണനാ റേഷൻ കാർഡ് ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹരായ മുഴുവൻപേർക്കും മുൻഗണനാ റേഷൻ കാർഡ്

നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ച മുൻഗണനാ വിഭാഗം അംഗങ്ങളുടെ എണ്ണം പരിമിതമായതിനാൽ അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകാൻ കഴിയുന്നില്ല. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണം, മോട്ടോർവാഹന വകുപ്പുകളിൽ നിന്നുള്ള ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാമാപ്പിംഗ് നടത്തിയും എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ.,

പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തി ഒഴിവാക്കി വരുന്നുണ്ട്. കൂടാതെ 17-06-2021-ലെ 252/2021/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്നവർക്ക് പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയിട്ടുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറു മാസകാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകളെ കണ്ടെത്തി മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നുണ്ട്. ഇപ്രകാരം മുൻഗണനാ വിഭാഗത്തിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് അർഹരായവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിവരുന്നു.

(ബി) തിരൂർ നിയോജകമണ്ഡലത്തിൽ നിന്നും മുൻഗണനാ റേഷൻ കാർഡ് ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിൽ അനുവദിച്ചവ, നിരസിച്ചവ, പരിഗണനയിലുള്ളവ എന്നിവയുടെ ഇനം തിരിച്ചുള്ള എണ്ണം അറിയിക്കുമോ?

മുൻഗണനാ റേഷൻകാർഡ് ലഭിക്കുന്നതിനായി നിലവിൽ ലഭിച്ച അപേക്ഷകൾ - 985 എണ്ണം

മുൻഗണനാ കാർഡുകൾ അനുവദിച്ചവ - 129 എണ്ണം

നിരസിച്ചവ- 244 എണ്ണം പരിഗണനയിലുള്ളവ - 612 എണ്ണം

**ഹീമോഫീലിയ രോഗബാധിതരുള്ള കുടുംബങ്ങളുടെ റേഷൻകാർഡ്**

321(2273) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരിച്ച ചികിത്സാച്ചെലവ് വരുന്ന ഹീമോഫീലിയ രോഗബാധിതരുള്ള കുടുംബങ്ങൾ മുൻഗണനാ കാർഡിന് അപേക്ഷ നൽകുമ്പോൾ പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

18-09-2017-ലെ 320/17/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും, മാരകമായ രോഗങ്ങൾ, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങളുള്ളതുമായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. കൂടാതെ, 27-10-2020-ലെ 319/2020/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ

മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്നപക്ഷം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ഏതെങ്കിലും രോഗം ബാധിച്ച ജനവിഭാഗത്തെ ഒന്നാകെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. എന്നാൽ ഗുരുതരമായ രോഗം ബാധിച്ച് ചികിത്സ നടത്താൻ സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളുടെ അപേക്ഷ പരിഗണിച്ച് പരിശോധന നടത്തിയശേഷം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ബി.പി.എൽ. കാർഡ് ലഭ്യമാക്കാൻ നടപടി**

322 (2274) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ.ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹതപ്പെട്ട മുഴുവൻ ജനങ്ങൾക്കും ബി.പി.എൽ. കാർഡ് നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013, പ്രകാരം സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗരപ്രദേശങ്ങളിൽ 39.5

ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതായുള്ളത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 15480040 അംഗങ്ങളാണ്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടിയുണ്ടാകാത്തതിനാൽ വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ഇതോടൊപ്പം അനർഹരെ കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കി പ്രസ്തുത ഒഴിവിലേയ്ക്ക് അർഹരെ ഉൾപ്പെടുത്തുന്ന നടപടികളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) ബി.പി.എൽ. കാർഡ് ലഭിക്കാൻ സംസ്ഥാനത്തിന് അനുവദിച്ച ക്വാട്ട വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വിശദമാക്കുമോ?

(എ) യുടെ ഉത്തരം കണ്ടാലും.

**അർഹരായ ഗുണഭോക്താക്കളെ ബി.പി.എൽ. വിഭാഗമാക്കുന്നത്**

323(2275) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റാന്നി നിയോജകമണ്ഡലത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്താനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

1126 അപേക്ഷകൾ.

(ബി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് നാളിതുവരെ എത്ര കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്?

989.

(സി) മാരകമായ രോഗം ബാധിച്ചതുമൂലം സാമ്പത്തികമായി തകർന്ന എ.പി.എൽ. വിഭാഗക്കാർക്ക് ചികിത്സയ്ക്കുവേണ്ടി അവരുടെ റേഷൻ കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റാനുള്ള നടപടിക്രമം വ്യക്തമാക്കാമോ?

ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ

മുൻഗണനേതര വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ ഏതെങ്കിലും അംഗത്തിനോ/ അംഗങ്ങൾക്കോ അടിയന്തര ചികിത്സയോ/ ശസ്ത്രക്രിയയോ ആവശ്യമുള്ളതാണെങ്കിൽ താലൂക്ക് തലത്തിൽ അപ്രകാരമുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി, പരിശോധനയ്ക്ക് വിധേയമായി അർഹതയുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത കുടുംബങ്ങളുടെ കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി വരുന്നുണ്ട്. ഇതിനുപുറമേ ഗുരുതര രോഗം ബാധിച്ച എ.എ.വൈ., പി.എച്ച്.എച്ച്., മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിലെ ഉപഭോക്താക്കൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06.07.2018-ലെ സ.ഉ(സാധാ) നം.2171/2018/ആകുവ -യുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം നൽകി വരുന്നുണ്ട്.

## ബി.പി.എൽ. കാർഡുകൾ

324(2276) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ എ.പി.എൽ. കാർഡുകൾ ബി.പി.എൽ.

കാർഡുകളാക്കി മാറ്റുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

3663 അപേക്ഷകൾ. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പാക്കിയത് എത്രയെന്നും തീർപ്പാക്കാനുള്ളത് എത്രയെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ?

(എ) യുടെ ഉത്തരം കണ്ടാലും.

**അർഹരായവർക്ക് ബി.പി.എൽ. റേഷൻ കാർഡ്**

325 (2277) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായിട്ടും നിരവധിപേർക്ക് ബി.പി.എൽ. റേഷൻ കാർഡ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അർഹരായവർക്ക് ബി.പി.എൽ. റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാനദണ്ഡങ്ങളുടെയും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ച മുൻഗണനാ വിഭാഗം അംഗങ്ങളുടെ എണ്ണം പരിമിതമായതിനാൽ അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകാൻ കഴിയില്ല. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണം, മോട്ടോർവാഹന വകുപ്പുകളിൽ നിന്നുള്ള ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തിയും എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തി വരുന്നുണ്ട്. 17-06-202-ലെ 252/2021/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്നവർക്ക് പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം

നൽകിയിരുന്നു. അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ വിവരം, 9495998223 എന്ന ഫോൺ നമ്പറിൽ നൽകുന്നതിനായി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു. വിവരം നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറു മാസകാലയളവിലേക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകളെ കണ്ടെത്തി മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നുണ്ട്.

(ബി) ബി.പി.എൽ. റേഷൻ കാർഡ് ലഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

മുൻഗണനാ റേഷൻകാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച 18-09-2017-ലെ സ.ഉ(സാധാ)നം.320/2017/ഭ.പൊ.വി.വ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## വാതിൽപ്പടി വിതരണം

326 (2278) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരമുള്ള വാതിൽപ്പടി വിതരണം സപ്ലൈകോയിൽ നിന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

എൻ.എഫ്.എസ്.എ. പ്രകാരമുള്ള വാതിൽപ്പടി വിതരണം പൊതുവിതരണ വകുപ്പിന്റെ പൂർണ്ണനിയന്ത്രണത്തിൽ കൊണ്ടുവരാൻ വകുപ്പ് ഉദ്ദേശിക്കുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകൾ/സിറ്റി റേഷനിംഗ് ഓഫീസുകൾ എന്നിവയുടെ അധികാരപരിധിയിൽ (83 എണ്ണം) വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഒരു ഗോഡൗൺ നിർമ്മാണത്തിന് 6 കോടി രൂപ എന്ന നിരക്കിൽ 83 ഗോഡൗണുകൾക്കായി 2022-27 പഞ്ചവത്സര പദ്ധതിയിൽ 498 കോടി രൂപ വകയിരുത്തണമെന്ന് പ്ലാനിംഗ് ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗോഡൗൺ നിർമ്മാണത്തിനായി നിലവിൽ 23 താലൂക്കുകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) വാതിൽപ്പടി വിതരണ ചുമതലയിൽ നിന്ന്

ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സപ്ലൈകോ സർക്കാരിന് രേഖാമൂലം കത്ത് നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉണ്ട്. ഭക്ഷ്യധാന്യങ്ങളുടെ സുരക്ഷിതമായ സംഭരണം ട്രാൻസ്പോർട്ടേഷൻ ആൻഡ് ഹാൻഡ്‌ലിംഗ്, പെസ്റ്റ് കൺട്രോൾ സർവ്വീസ് എന്നിവ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് സെൻട്രൽ/സ്റ്റേറ്റ് വെയർഹൗസുകളെയോ മറ്റ് സർക്കാർ ഏജൻസികളെയോ ഏൽപ്പിച്ചാൽ സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിനും കുറ്റമറ്റമാകുന്നതിനും സുതാര്യമാകുന്നതിനും വഴിയൊരുക്കുമെന്ന് രേഖാമൂലം സപ്ലൈകോ അറിയിച്ചിരുന്നു. തുടർന്ന് വാതിൽപ്പടി വിതരണം സപ്ലൈകോയെ ഒഴിവാക്കി വകുപ്പുതലത്തിലോ മറ്റേതെങ്കിലും കേന്ദ്ര സംസ്ഥാന ഏജൻസികളെയോ (CWC ഉൾപ്പെടെ) ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ വിവിധ തലത്തിൽ നടത്തിവരുന്നു.

## പുതിയ റേഷൻകടകൾ

327 (2279) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻകടകൾ തുടങ്ങാൻ സർക്കാർ നടപടി

സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഏതെങ്കിലും പ്രദേശത്ത് റേഷൻ കടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻകടകളുടെ നിലനിൽപ്പിനെ ബാധിക്കാത്തവിധം ഒരു റേഷൻകടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ വിധം മിനിമം റേഷൻകാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുഖാന്തരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിൽ കുത്തരി വിതരണം

328(2280) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റേഷൻ കട വഴി വിതരണം ചെയ്യുന്നതിനായി എപ്പോഴെങ്കിലും കുത്തരി ലഭ്യമാക്കിയിട്ടുണ്ടോ?

2021 ഡിസംബർ മുതൽ കാസർഗോഡ് ജില്ലയിൽ കുത്തരി വിതരണം ചെയ്തുവരുന്നുണ്ട്. ജില്ലയിലെ മുഴുവൻ ഉപഭോക്താക്കൾക്കും ലഭ്യതയ്ക്കനുസരിച്ച് കുത്തരി വിതരണം നടത്തുന്നുണ്ട്.

(ബി) മറ്റ് ജില്ലകളിൽ മാത്രം കുത്തരി വിതരണം ചെയ്യാൻ ഭക്ഷ്യവിതരണ വകുപ്പ് പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

**ഭക്ഷ്യക്കിറ്റുകളുടെ കമ്മീഷൻ കുടിശ്ശിക**

329 (2281) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റുകളുടെ കമ്മീഷൻ കുടിശ്ശിക റേഷൻ വ്യാപാരികൾക്ക് പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

റേഷൻ കടകളിലൂടെ ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ കമ്മീഷൻ ലഭിച്ചില്ലെന്ന് ആരോപിച്ച് റേഷൻ വ്യാപാരികൾ കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത (WPC No.17562/2021 &

Connected cases) ഹർജികളിൽ 02-02-2022-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ എന്തെങ്കിലും കുടിശ്ശികയുണ്ടെങ്കിൽ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഇനത്തിൽ എത്ര രൂപ നൽകാനുണ്ടെന്ന് വിശദമാക്കുമോ;

(സി) കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

(ബി&സി) റേഷൻ കടകളിലൂടെ ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ കമ്മീഷൻ ലഭിച്ചില്ലെന്ന് ആരോപിച്ച് റേഷൻ വ്യാപാരികൾ കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത (WPC No.17562/2021 & Connected cases) ഹർജികളിൽ 02-02-2022-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ എന്തെങ്കിലും കുടിശ്ശികയുണ്ടെങ്കിൽ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശം

സർക്കാർ പരിശോധിച്ചുവരുന്നു.

## സ്മാർട്ട് റേഷൻ കടകൾ

330 (2282) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ റേഷൻ കടകൾക്ക് മുൻഗണന നൽകിക്കൊണ്ട് ആയിരം റേഷൻ കടകളെ സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ റേഷൻ കടകൾ സ്മാർട്ട് റേഷൻ കടകളാക്കി പ്രവർത്തനത്തിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരിക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നതും ബാങ്കിംഗ്, ഇ-സേവനം, മാവേലി സ്റ്റോറുകളുടെ സേവനം എന്നിവ ലഭ്യമല്ലാത്ത 1000 കടകൾ കണ്ടെത്തി സ്മാർട്ട് കാർഡിന്റെ സഹായത്തോടുകൂടി മേൽ പരാമർശിച്ച സേവനങ്ങൾ ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. റേഷൻകട ഉടമകൾക്ക് അധിക വരുമാനം ലഭിക്കുന്നതിനും ഇത് സഹായകമാകുന്നു. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന റേഷൻ കടകളിൽ 5000/- രൂപ വരെയുള്ള

പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം, യൂട്ടിലിറ്റി പേമെന്റ് സംവിധാനം, മിനി അക്ഷയ സെന്ററുകൾ, സപ്ലൈകോ ഉൽപ്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങളുടെ വിപണനം, മിനി എൽ.പി.ജി. സിലിണ്ടറുകളുടെ വിൽപ്പന എന്നിവ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിൽ 837 ലൈസൻസികൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

(ബി) പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ട് കൂടുതൽ ഓൺലൈൻ സേവനങ്ങളും ബാങ്കിംഗ് സേവനങ്ങളും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ) യുടെ ഉത്തരം കണ്ടാലും.

(സി) റേഷൻ കടകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടികളുണ്ടാകണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണ

വകുപ്പിൽ വിവിധ മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നുവെന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇലക്ട്രോണിക് ത്രാസ് ഇ-പോസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ഡി) റേഷൻ കടകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി പുതിയ ലൈസൻസികളെ ഏൽപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിലില്ല.

**രണ്ടാം നൂറുദിന പരിപാടിയിൽ നടപ്പാക്കുന്ന പദ്ധതികൾ**

331 (2283) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. സുമോദ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഭക്ഷ്യ-

പൊതുവിതരണ വകുപ്പുകൾ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്?

അനുബന്ധമായി+ ചേർക്കുന്നു.

(ബി) റേഷൻ സാധനങ്ങൾ റേഷൻകടകളിൽ മാസാദ്യം തന്നെ എത്തിക്കുന്നതിനും വാതിൽപ്പടി വിതരണം വഴി ഇവ കൃത്യമായ അളവിൽ ഉപഭോക്താക്കൾക്ക് നൽകുന്നുവെന്നുറപ്പുവരുത്താൻ ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

റേഷൻ വ്യാപാരികളുടെ സഹായത്തോടെ സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയില്ലാത്ത രീതിയിൽ ഇലക്ട്രോണിക് വെയിംഗ് സ്കെയിൽ ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ തലത്തിൽ ചർച്ചകൾ നടത്തിവരുന്നു.

(സി) കേന്ദ്ര സർക്കാർ ഭക്ഷ്യ സബ്സിഡിക്കായുള്ള തുകയിൽ വൻകുറവ് വരുത്തിയതും കരുതൽ ധാന്യശേഖരണത്തിൽനിന്നും വലിയ തോതിൽ വിറ്റഴിക്കുന്നതും പൊതുവിപണിയിലെ വില വർദ്ധിപ്പിക്കാനിടയുള്ളതിനാൽ സംസ്ഥാനത്ത് പൊതുവിപണിയിലെ വില നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി ആയത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ വിളിച്ചു ചേർത്ത് വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കാറുണ്ട്. കൂടാതെ, വിപണി ഇടപെടൽ നടത്തുന്നതിനായി സംസ്ഥാന സർക്കാർ എല്ലാവർഷവും അനുവദിക്കുന്ന സാമ്പത്തിക സഹായമുപയോഗിച്ച് സപ്ലൈകോ അവരുടെ വിൽപ്പനശാലകളിലൂടെ അരി ഉൾപ്പെടെ 13 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ നൽകിവരുന്നു. ഉത്സവ സീസണുകളിൽ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുമുണ്ട്. കൂടാതെ അവശ്യവസ്തുക്കളുടെ വിലയുടെ നിരന്തരമായ നിരീക്ഷണത്തിനും, അവശ്യവസ്തുക്കളുടെ വിലയുടെ ലഭ്യതയും സംബന്ധിച്ച് നയശിപാർശകളിൽ സഹായം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ മേൽനോട്ടത്തിൽ 9 ജില്ലകളിൽ നിന്ന് അവശ്യവസ്തുക്കളുടെ വിലകൾ ശേഖരിച്ച് കേന്ദ്ര സർക്കാരിന് നൽകിവരുന്നു. അതോടൊപ്പം സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു

വരുത്തുന്നതിന് 2018 ആഗസ്റ്റ് മാസം മുതൽ, റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ്പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം സബ്സിഡി ദുരുപയോഗം പൂർണ്ണമായും തടയുന്നതിന് സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യസാധനങ്ങൾ വളരെ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കൂടാതെ, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉൽപ്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതികൾ തുടരുന്നതാണ്. ആവശ്യകതയ്ക്കനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയും പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാനത്തെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി സ്റ്റോർ എത്തിച്ചേർന്ന് സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നു. ഈ പദ്ധതിക്ക് വലിയതോതിലുള്ള ജനപിന്തുണ

ലഭിച്ചിരുന്നു. സ്ഥലസൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ തവണ സാധനങ്ങളെത്തിച്ച് കൊടുക്കുന്നു. മുൻമാസങ്ങളിലെ വില്പന, കഴിഞ്ഞവർഷം ഇതേ മാസങ്ങളിലെ വില്പന, ഉത്സവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പനശാലകളിലും മതിയായ അളവിൽ അവശ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയുംവേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുവാനായി ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റു ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

## ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സാമ്പത്തിക സ്ഥിതി പരിശോധിക്കൽ

332(2284) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടേണ്ട നിരവധിപേർ എ.പി.എൽ.

ലിസ്റ്റിലായതും നിരവധി അനർഹർ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നപരിഹാരത്തിനായി നിലവിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സാമ്പത്തികസ്ഥിതി നേരിട്ട് വീട്ടിലെത്തി പരിശോധിക്കുന്നതിന് ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുമോ; കൂടാതെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാനായുള്ള അപേക്ഷകരെ ഹിയറിംഗിന് താലൂക്ക്, ജില്ലാ സപ്ലൈ ഓഫീസിൽ വിളിപ്പിക്കുന്നതിന് പകരം നേരിട്ട് അപേക്ഷകരുടെ വീട്ടിലെത്തി സാമ്പത്തിക സ്ഥിതി പരിശോധിക്കാൻ ഓഫീസർമാർക്ക് ഉത്തരവ് നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിക്കാലത്ത് നേരിട്ട് വീട്ടിലെത്തി പരിശോധന നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടായിരുന്നതിനാൽ മുൻഗണനാ അപേക്ഷകരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നേരിൽ കാണുന്നതിന് സമയം നിശ്ചയിച്ച് അവരെ താലൂക്ക് സപ്ലൈ ഓഫീസിസിൽ വിളിച്ച് വരുത്തിയും ഫോൺ മുഖേന ബന്ധപ്പെട്ടുമാണ് അർഹതയുള്ളപക്ഷം നിലവിൽ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തി വരുന്നത്. മുൻഗണനാ

വിഭാഗത്തിൽപ്പെടാത്തവരും ഗുരുതരമായ രോഗം ബാധിച്ച് ചികിത്സ നടത്താൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളവരുമായവരുടെ അപേക്ഷകളിൽ അപ്പോൾത്തന്നെ പരിശോധന നടത്തി മുൻഗണനാ കാർഡുകൾ നൽകി വരുന്നു. ജീവനക്കാരുടെ അഭാവവും മറ്റ് കാരണങ്ങൾകൊണ്ടും ഫീൽഡ്തല പരിശോധന നടത്താൻ പ്രായോഗിക പരിമിതി നിലവിലുണ്ട്. എന്നാലും ലഭ്യമാകുന്ന അപേക്ഷകളിൽ ആവശ്യമെങ്കിൽ നേരിട്ട് അന്വേഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**റേഷൻ ഡീലേഴ്സിന് ഇൻഷ്വറൻസ്**

333(2285) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19 വ്യാപനം നിലനിന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വിതരണം ഉറപ്പാക്കുന്നതിന് മുന്നിൽനിന്ന് പ്രവർത്തിച്ച എഫ്.പി.എസ്. ഡീലർമാർക്കും സെയിൽസ്മാന്മാർക്കും ഏതെങ്കിലും സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ 26,572 എഫ്.പി.എസ്. ഡീലർമാർക്കും സെയിൽസ്മാൻമാർക്കും ആളൊന്നിന് 1060/- രൂപ പ്രീമിയം നിരക്കിൽ

കേരള സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന 04-10-2021 മുതൽ ഒരു വർഷക്കാലത്തേയ്ക്ക് 7.5 ലക്ഷം രൂപയുടെ സൗജന്യ കോവിഡ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ട്.

**കാർഷികോൽപ്പന്നങ്ങൾ സപ്ലൈകോ വഴി വിതരണം**

334 (2286) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം രാജഗോപാലൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വില്പനശാലകളിലെ നിത്യോപയോഗ സാധനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ വീടുകളിലെത്തിക്കുന്നതിന് പ്രത്യേക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; കാർഷികോല്പന്നങ്ങൾ സംഭരിച്ച് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലുടനീളമുള്ള ഏകദേശം 500-ലധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലൂടെ ഓൺലൈൻ വിൽപ്പനയും അവയുടെ 10 കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി എന്ന പദ്ധതിയും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെയും ആറ് കോർപ്പറേഷനുകളിലെയും തെരഞ്ഞെടുത്ത വിൽപ്പനശാലകളിലും നടപ്പാക്കിക്കഴിഞ്ഞു. Google Play store-ലും

Supplyco Website-ലും ലഭ്യമാകുന്ന " സപ്ലൈ കേരള" ആപ്പിലൂടെ ഉപഭോക്താക്കൾക്ക് ഈ സേവനം ലഭ്യമാകുന്നതാണ്. തൊട്ടടുത്ത സപ്ലൈകോ ഔട്ട്ലെറ്റ് തെരഞ്ഞെടുത്ത് സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാം. ഗവൺമെന്റ് സബ്സിഡി ഉത്പന്നങ്ങൾ ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഓർഡർ സ്വീകരിച്ച് വേഗത്തിൽ എത്തിക്കും. 4 കി.മീ. ദൂരത്തിൽ 5 കിലോ തൂക്കം വരുന്ന ഒരു ഓർഡർ വിതരണം ചെയ്യുന്നതിനുള്ള ചുരുങ്ങിയ നിരക്ക് 35 രൂപ + goods and service tax (ജി.എസ്.റ്റി) ആണ്. കേരളത്തിലെ അഞ്ഞൂറിലധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ മുഴുവനായും ഈ സാമ്പത്തിക വർഷാവസാനത്തിനകം ഓൺലൈൻ വിൽപ്പനയും ഹോം ഡെലിവറി പദ്ധതിയും നടപ്പാക്കുന്നതാണ്.

(ബി) പ്രസ്തുത ഓൺലൈൻ സംവിധാനത്തിലൂടെ മിൽമ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ഓർഡർ ചെയ്യുന്നതിന് സംവിധാനമൊരുക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഹോർട്ടികോർപ്പ്, ഫോറസ്റ്റ് (വനശ്രീ), മിൽമ, മത്സ്യഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾകൂടി " സപ്ലൈ കേരള" ആപ്പ് വഴി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിത്യോപയോഗ സാധനങ്ങൾ ഓൺലൈൻ സംവിധാനം വഴി വീടുകളിലെത്തിക്കുന്ന പദ്ധതി ആവിഷ്കരിക്കുന്നതുവഴി പൊതുമാർക്കറ്റിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

ഈ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് സർക്കാർ ഏജൻസികളുടെ വിവിധ ഉൽപ്പന്നങ്ങൾ ഏകജാലകം വഴി ലഭ്യമാവുകയും സപ്ലൈകോയുടെ ഉൽപ്പന്നങ്ങൾ കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായി എത്തിക്കുവാനും അതിലൂടെ വിൽപ്പന വർദ്ധിപ്പിക്കാനും സാധിക്കും.

## കുന്നത്തുനാട് മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

335(2287) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ 4 സൂപ്പർമാർക്കറ്റുകളും 10 മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിലവിലില്ല.

**ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല**

336(2288) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിലെ ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല ആരംഭിക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിലെ ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതിയോട് വിൽപ്പനശാലയ്ക്ക് അനുയോജ്യമായ കെട്ടിടം

കണ്ടെത്തി, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരുലക്ഷം രൂപ ലഭ്യമാക്കുന്നതിനുമുള്ള അംഗീകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണസമിതിയുടെ അംഗീകാരം ലഭ്യമാകുന്നതോടെ ചേനപ്പടിയിൽ സപ്ലൈകോ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

## കുണ്ടറ മണ്ഡലത്തിലെ മാവേലി സ്റ്റോറുകളും സപ്ലൈകോ ഔട്ട്ലെറ്റുകളും

337(2289) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിനുകീഴിൽ 6 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിൽ എത്ര സപ്ലൈകോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ഉൾപ്പടെ 11 സപ്ലൈകോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) സപ്ലൈകോ ഔട്ട്ലെറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അനുയോജ്യമായ കെട്ടിടം കണ്ടെത്തി പ്രവർത്തനനഷ്ടം പരമാവധി കുറച്ച് ജീവനക്കാരുടെ ലഭ്യതയും കൂടി ഉറപ്പുവരുത്തിയാണ് പുതിയ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നത്. വിപണന സാധ്യത പരിശോധിച്ച് പ്രവർത്തനം നഷ്ടം പരമാവധി കുറയ്ക്കുന്നതിനുള്ള സാധ്യതയും കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് സപ്ലൈകോ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. ഇതിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടകരഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരുലക്ഷം രൂപയും അതാത് സ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതാണ്. രണ്ടാമതായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് പ്രസ്തുത പഞ്ചായത്ത് ചുരുങ്ങിയത് 700 ചതുരശ്ര അടി കെട്ടിട സൗകര്യം 5 വർഷം വാടകരഹിതമായി കണ്ടെത്തി ലഭ്യമാക്കേണ്ടതും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരുലക്ഷം രൂപ അനുവദിക്കേണ്ടതുമാണ്. രണ്ടിലധികം മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം വാടകരഹിതമായി കെട്ടിടം നൽകേണ്ടതില്ല. എന്നാൽ ഫർണിഷിംഗിനും അനുബന്ധ സാമഗ്രികൾക്കുമായി ഒരുലക്ഷം രൂപ ഒടുക്കേണ്ടതുമാണ്. സപ്ലൈകോ ഔട്ട്‌ലെറ്റുകൾ അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 04-02-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 301/13/ത.സ്വ.ഭ.വ., 22-02-2019-ലെ സർക്കാർ ഉത്തരവ് (സാധാ) 386/2019/ത.സ്വ.ഭ.വ., 10-03-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 587/2022/തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ് പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകളാണ് ബാധകമാക്കിയിട്ടുള്ളത്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

338(2290) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര മാവേലി

സ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സപ്ലൈകോ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ഉൾപ്പെടെ 15 എണ്ണം പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകളുടേയും സൂപ്പർ മാർക്കറ്റുകളുടേയും വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) നിലവിലില്ല.

**സപ്ലൈകോ ജീവനക്കാരുടെ സേവന വിവരങ്ങൾ**

339(2291) <u>ശ്രീ. ഡി. കെ മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ വകുപ്പിൽ നിന്ന് സപ്ലൈകോയിലേക്ക് അന്യത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവനത്തിന് നിയോഗിക്കുന്ന ജീവനക്കാർ ജോലി ചെയ്യുന്ന കാലയളവിലെ സേവന വേതന വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് സപ്ലൈകോ അവലംബിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ രേഖപ്പെടുത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

പൊതുവിതരണ വകുപ്പിൽനിന്നും സപ്ലൈകോയിൽ അന്യത്ര സേവനത്തിലുള്ള ജീവനക്കാരുടെ സേവനവേതന വിവരം സ്പാർക്കിൽ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഇതുവരെയും സ്പാർക്കിൽ ലഭ്യമല്ല. സപ്ലൈകോയിൽ SEIPS (Supplyco Employee Information and Payroll System) എന്ന in-house സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ശമ്പള വിതരണം നടത്തുന്നത്. ഇതൊരു Digitalised Payment System ആണ്.

(ബി) സർക്കാർ ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ സ്പാർക്ക് വഴി കൃത്യമായി രേഖപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ സപ്ലൈകോയിൽനിന്ന് അന്യത്ര സേവനം കഴിഞ്ഞ് മടങ്ങുന്ന പൊതുവിതരണ വകുപ്പ് ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്താതിനാൽ ശമ്പളം, പെൻഷൻ മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്ക് കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ

സപ്ലൈകോയിലോ പൊതുവിതരണ വകുപ്പിലോ എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

സപ്ലൈകോയിൽനിന്ന് അന്യത്ര സേവനം കഴിഞ്ഞ് മടങ്ങുന്ന പൊതുവിതരണ വകുപ്പ് ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്താത്തതിനാൽ ശമ്പളം, പെൻഷൻ മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്ക് കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജീവനക്കാരുടെ വിവരങ്ങൾ യഥാസമയങ്ങളിൽ സ്പാർക്കിൽ രേഖപ്പെടുത്തുന്നതിനായി സപ്ലൈകോയ്ക്ക് സർക്കാർ നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇത് നടപ്പിലാക്കാത്തതെന്ന് വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിൽ ജി-സ്പാർക്ക് മുഖേന സേവന വേതന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം സപ്ലൈകോയിൽ ഇത് നടപ്പിലാക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ ഒഴിവുകൾ**

340 (2292) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഇതിൽ എത്രയെണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തെന്നും എത്രയെണ്ണം റിപ്പോർട്ട് ചെയ്യാനുണ്ടെന്നും ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലുണ്ടായ 465 ഒഴിവുകളും പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) സിവിൽ സപ്ലൈസ് വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികകളിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്ന വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

(ബി&സി) സിവിൽ സപ്ലൈസ് വകുപ്പിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ താൽക്കാലിക ജീവനക്കാരില്ല.

**താലൂക്കടിസ്ഥാനത്തിലുള്ള ഗോഡൗൺ സംവിധാനം**

341(2293) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീകൃത താലൂക്കടിസ്ഥാനത്തിലുള്ള ഗോഡൗൺ സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമുണ്ടോയെന്നറിയിക്കാമോ?

തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ സ്വന്തം സ്ഥലത്താണോ വാടക സ്ഥലത്താണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഭൂമി ലഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ആയത് ലഭിക്കാത്ത താലൂക്കുകളിൽ സ്വകാര്യവ്യക്തികളുടെ ഭൂമി വിലയ്ക്കോ സംഭാവനയായോ സ്വീകരിക്കുന്നത് പരിഗണിക്കുന്നുണ്ട്.

(സി) വാടകയ്ക്കെടുക്കുകയാണെങ്കിൽ സഹകരണ സംഘങ്ങളുടെ ഗോഡൗണുകൾക്ക് മുൻഗണന നൽകുമോയെന്നും അറിയിക്കാമോ?

ഗോഡൗൺ വാടകയ്ക്കെടുക്കുന്നത് പരിഗണിക്കുന്നില്ല.

## ഭക്ഷ്യക്കിറ്റ് വിതരണം

342 (2294) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യക്കിറ്റ് വിതരണത്തിന്റെ നിലവിലെ അവസ്ഥ

വ്യക്തമാക്കാമോ?

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഘട്ടങ്ങളിലായി 2021 ഓണക്കാലംവരെ ഭക്ഷ്യക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. 13 തവണയായി 11 കോടിയോളം കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട് .

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രമാസം ഭക്ഷ്യക്കിറ്റ് വിതരണം നടത്തി?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 ജൂൺ മാസത്തിലും ഓണക്കാലത്തും ഭക്ഷ്യക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(സി) കോവിഡ് മൂന്നാംതരംഗം കാരണം ജനജീവിതം വളരെ ബുദ്ധിമുട്ടുന്ന ഈ വേളയിൽ ഭക്ഷ്യക്കിറ്റ് വിതരണം നിർത്താലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

കോവിഡ് വ്യാപനം കാരണം അടഞ്ഞുകിടന്നിരുന്ന മിക്ക തൊഴിൽ മേഖലകളും വീണ്ടും പ്രവർത്തനക്ഷമമായിട്ടുള്ള സാഹചര്യത്തിലാണ് ഭക്ഷ്യ ക്കിറ്റ് വിതരണം തുടരാതിരുന്നത്.

(ഡി) ഭക്ഷ്യക്കിറ്റ് വിതരണം പുനരാരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

## നെല്ല് സംഭരണം

343 (2295) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെല്ല് സംഭരണം കാര്യക്ഷമമായി നടത്തുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് കൈമാറുന്നതിനുമായി ആവശ്യമായ ഉദ്യോഗസ്ഥരെ കൂടുതലായി നിയോഗിക്കുകയും ഉദ്യോഗസ്ഥതലത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ആകെ 118 ഉദ്യോഗസ്ഥർ കേരളത്തിലെ 14 ജില്ലകളിലുമായി നെല്ല് സംഭരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ട്. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകൾമൂലം 2020-21 സീസണിൽ 2.52 ലക്ഷം കർഷകരിൽനിന്നും 7.65 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച്, ടി നെല്ലിന്റെ വിലയായ 2102 കോടി രൂപ കർഷകരുടെ അക്കൗണ്ടിലേക്ക് ഡിജിറ്റൽ പേമെന്റായി കൈമാറിയിട്ടുണ്ട്. 2021-22 സീസണിൽ

നാളിതുവരെ 1.08 ലക്ഷം കർഷകരിൽനിന്ന് 2.70 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും നെല്ലിന്റെ വിലയായ 703.41 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2021-22 സീസണിൽ നെല്ല് സംഭരണ കർഷക രജിസ്ട്രേഷൻ www.supplycopaddy.in എന്ന വെബ്സൈറ്റ് മുഖേന പതിവിലും മുൻപേ തന്നെ ആരംഭിക്കുകയും 01-09-2021 മുതൽ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് നിറയ്ക്കാനായി മില്ലുടമകൾ വിതരണം ചെയ്യുന്ന ചണചാക്കുകൾ കർഷകർക്ക് കൃത്യമായി എത്തിച്ച് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. നെല്ല് സംഭരണത്തിന്റെ കൈകാര്യ ചെലവിനത്തിൽ കർഷകർക്ക് നൽകി വന്നിരുന്ന ക്വിന്റലിന് 12 രൂപ നിരക്കിലുള്ള തുക 2021-22 സീസൺ മുതൽ നെല്ലിന്റെ സംഭരണ വിലയ്ക്കൊപ്പം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേമെന്റായി നേരിട്ട് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണ പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മില്ലുകൾക്ക് ലഭിക്കുന്ന നെല്ലിന്റെ അളവ്, അനുവദിച്ച് നൽകുന്ന പാടശേഖരത്തിന്റെ വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്കുകൂടി അറിയുവാൻ കഴിയുന്ന വിധത്തിൽ നെല്ല് സംഭരണ വെബ്സൈറ്റിലെ (www.supplycopaddy.in) പൊതുവിവരങ്ങൾ എന്ന ശീർഷകത്തിനുകീഴിൽ ഉൾപ്പെടുത്തുകയും

അന്യസംസ്ഥാനങ്ങളിൽ നിന്ന് നെല്ല് കൊണ്ടുവന്ന് കർഷകരുടെ പെർമിറ്റിൽ അനധികൃതമായി കയറ്റി തിരിമറി നടത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി നെല്ല് സംഭരണ രജിസ്ട്രേഷൻ സമയത്ത് കർഷകരുടെ കൃഷിസ്ഥലത്തിന്റെ വിസ്തൃതി, സർവ്വേ നമ്പർ എന്നിവ അടക്കമുള്ള വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനായി നെല്ല് സംഭരണ വെബ്സൈറ്റിനെ റവന്യൂ വകുപ്പിന്റെ ലാന്റ് റെക്കോർഡ് പോർട്ടലുമായി ബന്ധിപ്പിച്ചിട്ടുമുണ്ട്. നെല്ലിന്റെ വില വിതരണം സുതാര്യമാക്കുന്നതിനായി നെല്ല് സംഭരണ വെബ്സൈറ്റിനെ കേന്ദ്ര സർക്കാരിന്റെ Digital Payment Public Financial Management System (PFMS) എന്ന വെബ്സൈറ്റുമായി ബന്ധിപ്പിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിലൂടെ 'AADHAAR'-മായി ബന്ധപ്പെടുത്തിയിട്ടുള്ള കർഷകരുടെ അക്കൗണ്ടിലേയ്ക്ക് Digital Payment ആയി നെല്ലിന്റെ സംഭരണവില എത്തുന്ന രീതിയിലേയ്ക്ക് മാറുന്നതാണ്. ഈ സീസണിൽ നെല്ല് സംഭരണത്തിനായി സെപ്തംബർ മാസത്തിന് മുന്നേതന്നെ കൂടുതൽ മില്ലുകളെ ഉൾപ്പെടുത്തുവാൻ സാധിച്ചു. നിലവിൽ 57 മില്ലുകൾ സപ്ലൈകോയുമായി നെല്ല് സംഭരണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2021 നവംബർ മാസത്തിലുണ്ടായ കാലംതെറ്റിപെയ്ത ശക്തമായ മഴമൂലം കർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി

പരിഹരിച്ച് രജിസ്റ്റർ ചെയ്ത മുഴുവൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) കർഷകർക്ക് ബുദ്ധിമുട്ട് നേരിടാത്തവിധം നെല്ല് സംഭരണ നടപടികൾ സുതാര്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ?

കർഷകർക്ക് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെടുവാനായി സംഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകൾ നെല്ല് സംഭരണ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കർഷകരുടെ ഭാഗത്തുനിന്നുണ്ടാകുന്ന പരാതികളിന്മേൽ സത്വര ഇടപെടൽ നടത്തി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുകയും അത് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കർഷകരുടെ നെല്ലിന്റെ ഗുണമേന്മ പരിശോധിക്കുന്നവേളയിൽ കൃഷി ഉദ്യോഗസ്ഥരേയും കർഷക പ്രതിനിധികളെയും മില്ലിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തി സംഭരണം സുതാര്യമായി നടത്തണമെന്ന് പാഡി മാർക്കറ്റിംഗ് ഓഫീസർമാരോട് നിർദ്ദേശിക്കുകയും അപ്രകാരം നടക്കുന്നുണ്ടോയെന്ന് കൃത്യമായി പരിശോധിക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം നെല്ലിന്റെ ഈർപ്പം അളക്കുന്ന

വേളയിലും തൂക്കത്തിന്റെ അളവ് രേഖപ്പെടുത്തിയ നെല്ല് കൈപ്പറ്റ് രസീത് നൽകുന്ന വേളയിലും (Paddy Receipt Sheet) കർഷകരെ നെല്ലിന്റെ തൂക്കം ബോദ്ധ്യപ്പെടുത്തി അവരുടെ സാക്ഷ്യപത്രം ഒപ്പിട്ട് വാങ്ങണമെന്ന് മില്ലുടമകൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുകയും ആയത് നൂറുശതമാനം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, നെല്ലിന്റെ തൂക്കം തിട്ടപ്പെടുത്തുന്നതിന് ഇലക്ട്രോണിക് വേയിംഗ് മെഷീൻ മാത്രമേ ഉപയോഗിക്കാവൂ എന്ന് എല്ലാ മില്ലുടമകൾക്കും പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## റേഷൻ വ്യാപാരികളുടെയും സെയിൽസ്മാൻമാരുടെയും വേതന പാക്കേജ്

344(2296) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻ വ്യാപാരികളുടെയും സെയിൽസ്മാൻമാരുടെയും വേതന പാക്കേജ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭക്ഷ്യഭദ്രത നിയമപ്രകാരം റേഷൻകട ഉടമകൾക്ക് 12/2018 മുതൽ പുതുക്കിയ കമ്മീഷൻ പാക്കേജ് പ്രകാരമുള്ള കമ്മീഷനാണ് നിലവിൽ നൽകിവരുന്നത്.

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റേഷൻ കടകളുടെ വാടക, കറന്റ് ചാർജ്ജ് എന്നിവ സർക്കാർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി & സി)ഇക്കാര്യങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പാചകവാതക സിലിണ്ടറുകളുടെ ഡെലിവറി ചാർജ്

345(2297) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക സിലിണ്ടർ വീടുകളിലെത്തിക്കുന്നതിന് ഡെലിവറി ചാർജ് നൽകേണ്ടതുണ്ടോ;

(ബി) ഡെലിവറി ചാർജ് ഓരോ കിലോമീറ്ററിനും എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) പാചകവാതക സിലിണ്ടർ വീടുകളിൽ എത്തിക്കുന്നതിന് ഡെലിവറി ചാർജ് നൽകേണ്ടതുണ്ട്. ഉപഭോക്താവിന് ലഭിക്കുന്ന ബിൽ തുകയിൽ ഡെലിവറി ചാർജും ഉൾപ്പെട്ടിട്ടുണ്ട്. ഡെലിവറി ചാർജ് നിശ്ചയിക്കുന്നത് അതത് ജില്ലാ കളക്ടർമാരാണ്. 5 കി.മീ. വരെ ചുറ്റളവിൽ

ഡെലിവറി ചാർജ് നൽകേണ്ടതില്ല. തുടർന്നുള്ള ദൂരത്തിന് നിശ്ചയിച്ചിട്ടുള്ള ഡെലിവറി ചാർജ് സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) ഡെലിവറി ചാർജ്ജിനത്തിൽ ഏജൻസികൾ അധിക തുക ഈടാക്കിയാൽ പൊതുജനങ്ങൾ ആർക്കാണ് പരാതി നൽകേണ്ടത്; ഓരോ ജില്ലയിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ലഭ്യമാക്കാമോ?

ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, സിറ്റി റേഷനിംഗ് ഓഫീസർമാർ, ബന്ധപ്പെട്ട ഓയിൽ കമ്പനി പ്രതിനിധികൾ എന്നിവർക്ക് പരാതി നൽകാവുന്നതാണ്. ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ civilsupplies.kerala.gov.in എന്ന ഡിപ്പാർട്ട്മെന്റ് പോർട്ടലിലെ മൊബൈൽ നമ്പർ എന്ന മെനുവിൽ ലഭ്യമാണ്.

## ലീഗൽ മെട്രോളജി വകുപ്പിൽ പുതിയ തസ്തികകൾ

346 (2298) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങളും അവ സർക്കാർ പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ലീഗൽ മെട്രോളജി വകുപ്പ് കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കുന്നതിന്റെ ഭാഗമായി ലീഗൽ മെട്രോളജി കൺട്രോളറുടെ നിർദ്ദേശാനുസരണം 32 തസ്തികകൾ 1.62 കോടി രൂപ പ്രതിവർഷം അധിക ചെലവ് അടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനവകുപ്പിന്റെ നിർദ്ദേശാനുസരണം വിശദമായ പ്രവൃത്തി പഠനം നടത്തിയശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ലീഗൽ മെട്രോളജി വകുപ്പിൽ കഴിഞ്ഞ 10 വർഷം വകുപ്പ് നേരിട്ട് നടത്തിയ നിയമനങ്ങളുടെ/സ്ഥിരപ്പെടുത്തലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ലീഗൽ മെട്രോളജി വകുപ്പിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ വകുപ്പ് നേരിട്ട് നടത്തിയ (താൽക്കാലിക) ആകെ നിയമനങ്ങൾ തസ്തിക തിരിച്ച് അനുബന്ധമായി+ ചേർത്തിരിക്കുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വകുപ്പ് നേരിട്ട് നിയമിച്ച താൽക്കാലിക/ദിവസവേതന ജീവനക്കാരെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എന്നാൽ വകുപ്പിൽ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സേവനമനുഷ്ഠിച്ചിരുന്ന ഭിന്നശേഷി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാരെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 2012 മുതൽ ഇതുവരെ 13 ക്ലാർക്ക് തസ്തികയിലേക്കും, 2 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കും ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ലീഗൽ മെട്രോളജി വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക്/ ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടറായിരുന്ന ശ്രീ. പ്രീന പുഷ്പനെതിരെ (under suspension) കോട്ടയം വിജിലൻസ് യൂണിറ്റിൽ വി.സി.01/2022/കെ.റ്റി.എം നമ്പർ പ്രകാരവും, റിട്ടയേർഡ് സീനിയർ ഇൻസ്പെക്ടർ ശ്രീ. പി. കെ. മോഹനൻ, ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് ശ്രീ. മാത്യു പുന്നൻ എന്നിവർക്കെതിരെ വിജിലൻസ് ഇടുക്കി യൂണിറ്റിൽ VC02/18/IDK നമ്പർ പ്രകാരവും വിജിലൻസ് കേസുകൾ നിലവിലുണ്ട്.

**കോഴിക്കോട് ലീഗൽ മെട്രോളജി വകുപ്പിന് ലാബ് നിർമ്മാണം**

347 (2299) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലീഗൽ മെട്രോളജി വകുപ്പിന് സെക്കന്ററി സ്റ്റാൻഡേർഡ് ലാബ്, വർക്കിംഗ് സ്റ്റാൻഡേർഡ് ലാബ്, ഗോൾഡ് ടെസ്റ്റിംഗ് ലാബ് തുടങ്ങിയവ നിർമ്മിക്കുന്നതിന് ചാത്തമംഗലം വില്ലേജിലെ കോയിമണ്ണ ദേശത്ത് റവന്യൂ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം അനുവദിക്കുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കേന്ദ്ര ഉപഭോക്തൃകാര്യ വകുപ്പിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കുന്നതിന് സ്ഥലം അടിയന്തരമായി അനുവദിച്ചു കിട്ടേണ്ടതുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നടപടികൾ ത്വരിതപ്പെടുത്തി സ്ഥലം ലഭ്യമാക്കാൻ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

(ബി&സി) ഉണ്ട്. കോഴിക്കോട് ലീഗൽ മെട്രോളജി വകുപ്പിന് സെക്കന്ററി സ്റ്റാൻഡേർഡ് ലാബ്, വർക്കിംഗ് സ്റ്റാൻഡേർഡ് ലാബ്, ഗോൾഡ് ടെസ്റ്റിംഗ് ലാബ് തുടങ്ങിയവ നിർമ്മിക്കുന്നതിന് പൂളക്കോട് വില്ലേജിൽ, കോയിമണ്ണ ദേശത്ത് റീസർവ്വേ 20/1 എ 1-ൽപ്പെട്ട റവന്യൂ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം അനുവദിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമർപ്പിച്ച അപേക്ഷ ഫയൽ നമ്പർ

18/സിഎ 3/2022/ഉ.കാ.വ. പ്രകാരം തുടർനടപടികൾക്കായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

## ടേക്ക് എ ബ്രേക്ക് പദ്ധതി

348 (2300) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം 1842 വഴിയോര വിശ്രമകേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ലയുടെ പേര് | വിശ്രമകേന്ദ്രത്തിന്റെ എണ്ണം |
|---|---|
| തിരുവനന്തപുരം | 127 |
| കൊല്ലം | 117 |
| പത്തനംതിട്ട | 90 |
| ആലപ്പുഴ | 120 |
| കോട്ടയം | 135 |
| ഇടുക്കി | 97 |

| | |
|---|---|
| എറണാകുളം | 165 |
| തൃശ്ശൂർ | 165 |
| പാലക്കാട് | 176 |
| മലപ്പുറം | 217 |
| കോഴിക്കോട് | 137 |
| വയനാട് | 61 |
| കണ്ണൂർ | 173 |
| കാസർഗോഡ് | 62 |
| | **1842** |

(ബി) എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുനൽകാൻ കഴിഞ്ഞു; ജില്ലതിരിച്ചുള്ള വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് 287 വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുനൽകാൻ കഴിഞ്ഞു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| **ജില്ലയുടെ പേര്** | **വിശ്രമകേന്ദ്രത്തിന്റെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 127 |
| കൊല്ലം | 117 |
| പത്തനംതിട്ട | 90 |
| ആലപ്പുഴ | 120 |
| കോട്ടയം | 135 |
| ഇടുക്കി | 97 |

| | |
|---|---|
| എറണാകുളം | 165 |
| തൃശ്ശൂർ | 165 |
| പാലക്കാട് | 176 |
| മലപ്പുറം | 217 |
| കോഴിക്കോട് | 137 |
| വയനാട് | 61 |
| കണ്ണൂർ | 173 |
| കാസർഗോഡ് | 62 |
| | 1842 |

## തൊഴിലുറപ്പ് പദ്ധതി

349 (2301) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ കേന്ദ്ര ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ 73,000 കോടി രൂപയാണ് തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്.

(ബി) 2021-22-ൽ എത്ര കോടി രൂപയായിരുന്ന പുതുക്കിയ ബഡ്ജറ്റ് വിഹിതം ഉൾപ്പെടെ അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ?

2021-22 -ൽ പുതുക്കിയ ബഡ്ജറ്റ് പ്രകാരം 98000 കോടി രൂപയാണ്

അനുവദിച്ചിരുന്നത്.

(സി) നിലവിലുള്ള കേന്ദ്ര ബഡ്ജറ്റ് വിഹിതത്തിലെ കുറവ് എന്തെല്ലാം പ്രതിസന്ധികളാണ് സംസ്ഥാനത്തെ തൊഴിലുറപ്പ് മേഖലയിൽ സൃഷ്ടിക്കുക എന്ന് വെളിപ്പെടുത്താമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്രവിഹിതത്തിൽ വരുന്ന കുറവ് സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റിനെയും പ്രതികൂലമായി ബാധിക്കും. കൂടാതെ അവിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം വൈകുന്നതിനും കാരണമായേക്കാം. പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സാധന ഘടകം വിതരണം ചെയ്യുന്ന വെണ്ടർമാർക്കുള്ള തുകയും, വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനവും വലിയ തോതിൽ വൈകുന്നതിനും കാരണമാകും. പദ്ധതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കൃത്യസമയത്ത് വേതനം നൽകുന്നതിനും ഇത് പ്രതിസന്ധി സൃഷ്ടിച്ചേക്കാം.

**പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

350 (2302) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പുതിയ ദിശാബോധത്തോടെ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളം നേരിടുന്ന രണ്ടാംതലമുറ വികസന പ്രശ്നങ്ങളായ വയോജനങ്ങളുടെ ജനസംഖ്യയിലുള്ള വർദ്ധനവ്, പകർച്ചവ്യാധികളുടെ വ്യാപനം, ജീവിതശൈലിരോഗങ്ങൾ എന്നിവയും കേരളം നേരിടുന്ന മറ്റ് സാമൂഹ്യപ്രശ്നങ്ങളായ ശുചിത്വ മാലിന്യസംസ്കരണം, തൊഴിലില്ലായ്മ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം തുടങ്ങിയ എല്ലാവിധ സാമൂഹ്യതിന്മകളും പരിഹരിക്കുന്നതിനാവശ്യമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനാകുമെന്നതിനാൽ ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പുതിയ ദിശാബോധത്തോടെ പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

(ബി) പ്രാദേശിക വിനോദസഞ്ചാര വികസന സാധ്യതകൾ കണ്ടെത്തി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദീകരിക്കാമോ;

(സി) ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനൊപ്പം ഗ്രാമീണ ജനതയ്ക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നവിധം വിനോദസഞ്ചാര വികസന പരിപാടികൾ ആവിഷ്കരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതി തയ്യാറാക്കുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് പരിശീലനവും സാങ്കേതിക സഹായവും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

(ബി-ഡി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി അനവധി ടൂറിസം സാധ്യതയുള്ള കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇത്തരം കേന്ദ്രങ്ങളെ കണ്ടെത്തുവാനും അവയെ മികവുറ്റ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുവാനും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പേരിൽ ഒരുപദ്ധതി ടൂറിസം വകുപ്പ് വിഭാവന ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള

ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. 21-12-2021-ലെ G.O(Ms)No. 24/2021/TSM നമ്പർ ഉത്തരവുപ്രകാരം ഈ പദ്ധതിക്ക് 50 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടൂറിസം സാധ്യതയുള്ള കേന്ദ്രങ്ങൾ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രോജക്ടുകൾ ടൂറിസം വകുപ്പിന്റെ www.keralatourism.org/destination-challenge എന്ന പോർട്ടലിൽ അപ്ലോഡ് ചെയ്യാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. മേൽ പദ്ധതി പ്രകാരം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനൊപ്പം ഗ്രാമീണ ജനതയ്ക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നവിധം വിനോദസഞ്ചാര വികസന പരിപാടികൾ ആവിഷ്കരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് സാധിക്കുന്നതാണ്. ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി തയ്യാറാക്കുവാൻ തദ്ദേശസ്ഥാപനങ്ങൾ പരിശീലനവും സാങ്കേതിക

സഹായവും നൽകാവുന്നതാണ്.

**ബില്ലുകൾ പാസ്സാക്കുന്നതിന് കാലതാമസം**

351 (2303) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ അയയ്ക്കാതെ പാസ്സാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകുമോ?

നിലവിൽ ഇതുസംബന്ധിച്ച ശിപാർശ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) നിലവിൽ പൊതുമരാമത്ത് വകുപ്പിലും മറ്റും സർക്കാർ അനുവദിക്കുന്ന തുകയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് അനുവദിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

**റീബിൽഡ് കേരള/സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തികൾ**

352(2304) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള, സി.എം.എൽ.ആർ.ആർ.പി. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വൈക്കം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ പുരോഗതിയെന്തെന്നും വിശദമാക്കാമോ?

പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതി അടക്കമുള്ള പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

353(2305) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ആകെ എത്ര രൂപയുള്ള എത്ര പ്രവൃത്തികൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എത്ര രൂപയുടെ പ്രവൃത്തികളാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

(എ-ഡി) 09-11-2018-ലെ സ.ഉ.(അ) നം. 16/2018/ആസാവ ഉത്തരവ് പ്രകാരമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) ഘടനയും പ്രവർത്തനപദ്ധതിയും നിലവിൽ വന്നത്. (ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ)+. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ഇതുവരെ 7942.6 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. ഇവയിൽ പല പദ്ധതികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ നിർവ്വഹണത്തിന്റെ വിവിധഘട്ടങ്ങളിലാണ്. 5476.31 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ഇതിനകം 1004.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പദ്ധതികൾ അതാതിന്റെ സമയക്രമമനുസരിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത പദ്ധതിയുടെ കീഴിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(എഫ്) പദ്ധതിയുടെ കീഴിൽ പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(ഇ&എഫ്) കേരള പുനർനിർമാണ പദ്ധതിയിൽ വിഭാവന ചെയ്യുന്ന പദ്ധതികൾക്കാണ് ആർ.കെ.ഐ. ഊന്നൽ നൽകുന്നത്. ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, കൂടുതൽ അതിജീവനക്ഷമമായതും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്ന വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്ന പദ്ധതികളാണ് ആർ.കെ.ഐ. ഏറ്റെടുക്കുന്നത്. പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള പ്രോജക്ട് അപ്രൈസൽ മാർഗ്ഗരേഖയ്ക്ക് ആർ.കെ.ഐ. രൂപം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾക്ക് ഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ചാണ് അനുമതി നൽകുന്നത്.

## യുവതി ഓക്സിലറി ഗ്രൂപ്പുകൾ

354(2306) ശ്രീ. ടി.പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിനായുള്ള യുവതി ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തിച്ചുതുടങ്ങിയോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

04-06-2021-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന പ്രകാരം സ്ത്രീ ശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനും ഉതകുന്ന അവസരങ്ങൾ ലഭ്യമാകുന്ന ഒരുവേദിയൊരുക്കുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ഓക്സിലറി അയൽക്കൂട്ട രൂപീകരണത്തിനായുള്ള പദ്ധതിരേഖ 02-10-2021-ലെ സ.ഉ.(സാധാ)നം. 1894/2021/തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. സാമൂഹിക സാമ്പത്തിക, സ്ത്രീ ശാക്തീകരണ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുമായി 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾക്കായി ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീ

രൂപീകരിച്ചിട്ടുണ്ട്. 19,600 ഓക്സിലറി ഗ്രൂപ്പുകളിലായി 3,06,692 യുവതികൾ അംഗത്വം നേടിയിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- സ്ത്രീ ശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്ന ഒരുവേദി ഒരുക്കുക.
- സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതുവേദിയായി പ്രസ്തുത ഗ്രൂപ്പുകളെ ശാക്തീകരിക്കുക.
- കക്ഷി രാഷ്ട്രീയ ജാതിമതവർഗ്ഗ ഭേദമന്യേ ഒരുമിച്ചു കൂടുന്നതിനും നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിനും യുവതികളെ പ്രാപ്തരാക്കുക.
- നിലവിലെ സാമൂഹ്യ സാഹചര്യങ്ങൾക്കനുസൃതമായി നാടിന്റെ വികസന പ്രവർത്തനങ്ങളിലും പൊതുവിഷയങ്ങളിലും ഇടപെടാനും ചർച്ച ചെയ്യാനും പ്രതികരിക്കാനുള്ള ആത്മവിശ്വാസം വളർത്താനുമുള്ള ഇടമാക്കി മാറ്റുക.

- നിലവിൽ സ്ത്രീകളുടെ സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുന്നതിനായുള്ള ജാഗ്രത സമിതി, മദ്യത്തിനെതിരെയുള്ള വിമുക്തി, സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന സമം തുടങ്ങിയ സ്ത്രീകൾക്കുവേണ്ടിയുള്ള വിവിധ ക്യാമ്പയിനുകൾ/പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുക.
- യുവജന കമ്മീഷൻ, യുവജന ക്ഷേമബോർഡ് തുടങ്ങി യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുംവേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്താനും അതിലൂടെ നേട്ടങ്ങൾ കൈവരിക്കാനുമുള്ള വേദിയൊരുക്കുക.
- കേന്ദ്ര സംസ്ഥാന സർക്കാരുകൾ, സഹകരണവകുപ്പ് മുതലായവ നടപ്പിലാക്കുന്ന വിവിധങ്ങളായ ഉപജീവന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ഇതുവഴി യുവതികളുടെ സുസ്ഥിര ഉപജീവനം സാധ്യമാക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക.

(ബി) യുവതി ഓക്സിലറി ഗ്രൂപ്പുകളും കുടുംബശ്രീയുമായുള്ള വ്യത്യാസങ്ങൾ വിശദീകരിക്കാമോ?

കുടുംബശ്രീ, ഓക്സിലറി ഗ്രൂപ്പ് എന്നിവ തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു:-

1) കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനമായിട്ടാണ്

പ്രവർത്തിക്കുന്നത്, എന്നാൽ ഓക്സിലറി ഗ്രൂപ്പ് ഒരുവാർഡിൽ ഒരുഓക്സിലറി ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നു.

2) കുടുംബശ്രീയിൽ അയൽക്കൂട്ട പരിധിയിലെ കുടുംബത്തിൽനിന്നും 18 തികഞ്ഞ ഒരുവനിതയെന്ന നിലയിൽ 10 മുതൽ 20 വരെ അംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഓക്സിലറി ഗ്രൂപ്പിൽ ഒരുവാർഡിലെ 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾ ഉൾപ്പെടുന്ന ഗ്രൂപ്പ്. പരമാവധി 50 അംഗങ്ങൾ മാത്രം ഉൾപ്പെടുന്നു.

3) കുടുംബശ്രീയിൽ സാമൂഹ്യ ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ്. എന്നാൽ ഓക്സിലറി ഗ്രൂപ്പിൽ സാമൂഹ്യ തിന്മകൾക്കെതിരെയുള്ള കൂട്ടായ്മയും ഉപജീവനമാർഗ്ഗങ്ങൾ നേടിയെടുത്ത് പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

4) കുടുംബശ്രീയിൽ ഒരുകുടുംബത്തിലെ ഒരുവനിതയ്ക്കുമാത്രം അംഗത്വം ലഭിക്കുന്നു. എന്നാൽ ഓക്സിലറി ഗ്രൂപ്പിൽ ഒരു കുടുംബത്തിലെ ഒന്നിലധികം വനിതകൾക്ക് അംഗത്വം.

## തിരുവല്ല സബ് ട്രഷറിക്ക് സ്ഥലം

355(2307) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല സബ് ട്രഷറി നിർമ്മാണത്തിനായി തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുനൽകുന്നതിനുള്ള പാട്ടക്കരാർ ട്രഷറി വകുപ്പിൽനിന്ന് അംഗീകരിച്ച് കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

ഉണ്ട്. സബ്ട്രഷറിയുമായി പാട്ടക്കരാർ ചമയ്ക്കുന്നതിന് പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസർക്ക് പാട്ടക്കരാറിന്റെ കരട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 01-10-2021-ൽ ട്രഷറി വകുപ്പിൽനിന്നും പാട്ടക്കരാർ അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. തിരുവല്ല നഗരസഭാ കൗൺസിലിന്റെ 11-11-2021-ലെ 9-ാം നമ്പർ തീരുമാനപ്രകാരം ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുനൽകുവാൻ ഉദ്ദേശിക്കുന്ന സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് താലൂക്ക് സർവ്വേയർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 04-02-2022-ൽ സ്കെച്ച് നഗരസഭയിൽ

ലഭ്യമാക്കിയതിന്മേൽ പാട്ടക്കരാർ ചമയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## റീബിൽഡ് കേരളയിൽ അനുവദിച്ച പദ്ധതികളുടെ വിവരം

356(2308) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് 04-11-2020 -ലെ സ.ഉ. (കൈ) നം. 170/2020 പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തികരിച്ചു; ബാക്കിയുള്ളവ പൂർത്തിയാക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പട്ടാമ്പി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ലൈഫ് പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

357(2309) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര വീടുകളാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ?

ലൈഫ് പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 3,219 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എത്ര വീടുകളുടെ നിർമ്മാണം നടക്കുന്നുവെന്ന് പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ എണ്ണം തദ്ദേശസ്ഥാപനം തിരിച്ച് ചുവടെ ചേർക്കുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ റീബിൽഡ് കേരള പ്രവൃത്തികൾ**

358 (2310) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണ,** ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ റീബിൽഡ്

കേരള/പി.എം.യു. പദ്ധതികൾ പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും നിർവ്വഹണം ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവയുടെ നിർവ്വഹണം ആരംഭിക്കാത്തതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ?

(എ&ബി) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള രണ്ട് പ്രവൃത്തികളുടെ സ്ഥിതി ചുവടെ ചേർക്കുന്നു.

I) നാരകത്തറ ഉപ്പേരിൽ റോഡ് - കുമാരപുരം ഗ്രാമപഞ്ചായത്ത്- സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഉടൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കാനാകും.

II) പനച്ചിമൂട്-കൊച്ചുവീട്ടിൽമുക്ക് റോഡ് - കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തിയായ മുറയ്ക്ക് റോഡ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്.

(സി) റീബിൽഡ് കേരള പദ്ധതിയുടെ രണ്ടാംഘട്ടമായി നിർദ്ദേശിച്ചിരുന്ന ഹരിപ്പാട് മണ്ഡലത്തിലുള്ള പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്തെന്നും ഇവയുടെ നിർവ്വഹണം എന്നുമുതൽ ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

രണ്ടാംഘട്ട പ്രവൃത്തികളുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ**

359(2311) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട നഗരസഭയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാർഡ് 11-ലെ കാരക്കാട് റോഡ്, വാർഡ് 8-ലെ മുണ്ടയ്ക്കപ്പറമ്പ് റോഡ്, വാർഡ് 21-ലെ തടവനാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ തകർന്ന പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തടവനാൽ റോഡ്, കാരക്കാട് റോഡ്, മുണ്ടയ്ക്കൽ റോഡ് എന്നീ റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി

ഡി.പി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേ നടപടികൾ നടന്നു വരികയാണ്.

## പാലാ മണ്ഡലത്തിൽ പുതിയ ഹോം ഷോപ്പ് യൂണിറ്റുകൾ

360(2312) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീവഴി നടപ്പിലാക്കിയ ഹോം ഷോപ്പ് പദ്ധതി പ്രകാരം പാലാ മണ്ഡലത്തിൽ പുതിയ യൂണിറ്റുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാലാ മണ്ഡലത്തിൽ ഹോംഷോപ്പ് യൂണിറ്റുകൾ നടപ്പിലാക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

(ബി) പ്രസ്തുത പദ്ധതിയിൽ വിപണനത്തിനാവശ്യമായ ഉല്പന്നങ്ങൾ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

361(2313) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമിയിന്മേൽ അവകാശം സ്ഥാപിച്ചുകൊണ്ട് സ്വകാര്യവ്യക്തിയെ സ്റ്റേ നേടുന്നതിന് സഹായിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സ്വകാര്യവ്യക്തിയെ സ്റ്റേ നേടുന്നതിന് ഉദ്യോഗസ്ഥരാരും സഹായിച്ചതായി രേഖകളിൽനിന്നും വ്യക്തമായിട്ടില്ല. എങ്കിലും വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി, സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സോഫ്റ്റ്‌വെയറായ Integrated Local Government

Management System (ILGMS) സോഫ്റ്റ്‌വെയർ 309 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്ക് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഓൺലൈനായി തന്നെ തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കുന്നതിനും സർക്കാർ നിർദ്ദേശപ്രകാരം ILGMS-ന്റെ ഭാഗമായി പ്രത്യേകം സിറ്റിസൺ പോർട്ടൽ വിന്യസിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2022 ഏപ്രിൽ മാസത്തിൽ ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിലും ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിന് ജീവനക്കാർക്ക് പരിശീലനം നൽകുന്നതുൾപ്പെടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. നഗരസഭകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് എല്ലാ നഗരസഭകളെയും ഐ.എസ്.ഐ. നിലവാരത്തിലെത്തിക്കുന്നതിനുള്ള കാര്യപരിപാടി ആരംഭിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 26-10-21-ലെ

സ.ഉ(സാധാ) നം.2096/2021/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം കിലയെ ഇതിന്റെ കൺസൾട്ടൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ നഗരസഭകളെയും ഐ.എസ്.ഐ. നിലവാരത്തിലെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതുവഴി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് സാധിക്കും. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ സാധിക്കും. വ്യത്യസ്തതലങ്ങളിലായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണരംഗത്ത് ആസൂത്രണത്തിലുണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും.

(സി) ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നഗരസഭ ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കുന്ന പദ്ധതി

പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

വിവര സാങ്കേതികവിദ്യയുടെ ഉപയോഗം പൂർണ്ണമായും പ്രയോജനപ്പെടുത്തി നഗരസഭകളിൽ എത്താതെ തന്നെ പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനുവേണ്ടി വിവിധ വെബ് ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. സിറ്റിസൺ പോർട്ടൽവഴി നിലവിൽ 213 സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി നൽകിവരുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ അപേക്ഷകൾ ഐ.ബി.പി.എം.എസ്. വഴിയും തൊഴിൽ നികുതി ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണവും സേവനവിതരണ സംവിധാനവും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനും കടലാസ്രഹിത ഡിജിറ്റൽ സ്ഥാപനമായി പരിവർത്തനപ്പെടുത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് കമ്മിറ്റിയും ഇ-ഗവേണൻസ് കൺസോർഷ്യവും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും രൂപീകരിച്ചുകൊണ്ട് അർബൻ ഇ.ആർ.പി. വഴി നടപ്പിലാക്കുന്നതിന് 18-02-2022-ലെ G.O(Ms)27/22/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ഡി) തിരുവനന്തപുരം നഗരസഭ കഴക്കൂട്ടം ഇലക്ട്രിക് ക്രിമറ്റോറിയം

പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് അറിയിക്കാമോ?

സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ആറു മാസത്തിനകം കമ്മീഷൻ ചെയ്യാവുന്നതാണ്.

**കെട്ടിട നമ്പർ ലഭ്യമാക്കുവാൻ നടപടി**

362(2314) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ടമായ പ്രാവച്ചമ്പലം-കൊടിനടപാത വികസനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ വീടും വസ്തുവും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് മിച്ചമുള്ള ഭൂമിയിൽ മാനദണ്ഡങ്ങൾ നോക്കാതെ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുമെന്ന് ഉറപ്പ് നൽകിയതിൻപ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നിയമങ്ങൾ ചൂണ്ടിക്കാട്ടി പഞ്ചായത്തധികൃതർ കെട്ടിട നമ്പർ നിഷേധിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രാവച്ചമ്പലം-കൊടിനട വരെയുള്ള റോഡിന് ഇരുവശത്തുള്ള പ്രദേശം

പള്ളിച്ചൽ, ബാലരാമപുരം, കല്ലിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ ഉൾപ്പെട്ട് വരുന്നതും ടി റോഡിന് ഇരുവശത്തും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ലെ ചട്ടം 23(1) 23(2) പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഭൂമി വിട്ട് നൽകിയതിനാൽ ഇളവ് അനുവദിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നില്ലെന്ന പരാതികളൊന്നും തന്നെ പള്ളിച്ചൽ, കല്ലിയൂർ ഗ്രാമപഞ്ചായത്ത് ആഫീസുകളിൽ ലഭിച്ചിട്ടില്ല. എന്നാൽ ബാലരാമപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ ഇപ്രകാരം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ (സെറ്റ്ബാക്ക് പാലിക്കാത്തതിനാൽ) മൂന്ന് കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടില്ലാത്തതുമാണ്.

(ബി) എങ്കിൽ ഇപ്രകാരം കെട്ടിട നമ്പർ ലഭിക്കാത്തവർക്ക് ജില്ലാ കളക്ടർ നൽകിയ ഉറപ്പനുസരിച്ച് നമ്പർ ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഇത്തരം അപേക്ഷകൾ/പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി**

363(2315) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഭവനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ആയതിന്റെ അന്തിമ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്നറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതി (ലൈഫ് 2020) പ്രകാരം ഭവനം ലഭിക്കുന്നതിനായി 12,044 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിതർ | ആകെ |
|---|---|---|---|
| ആലത്തൂർ | 770 | 274 | 1,044 |
| എരിമയൂർ | 1,685 | 484 | 2,169 |
| കുഴൽമന്ദം | 1,038 | 419 | 1,457 |
| കിഴക്കഞ്ചേരി | 1,702 | 625 | 2,327 |
| മേലാർകോട് | 993 | 375 | 1,368 |
| തേങ്കുറിശി | 1,483 | 442 | 1,925 |
| വണ്ടാഴി | 1,404 | 350 | 1,754 |
| **ആകെ** | **9,075** | **2,969** | **12,044** |

ഫീൽഡ്തല വെരിഫിക്കേഷനശേഷം ഗ്രാമപഞ്ചായത്തുകളിൽ

അർഹരായി കണ്ടെത്തിയിട്ടുള്ള അപേക്ഷകളിൻമേൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുന:പരിശോധനയും ഒന്ന്, രണ്ട് ഘട്ട അപ്പീലുകൾക്കും ഗ്രാമസഭ/ വാർഡ്സഭ അംഗീകാരത്തിനും ഭരണസമിതി അംഗീകാരത്തിനും ശേഷം മാത്രമാണ് പട്ടിക അന്തിമമാക്കുന്നത്. 30-04-2022-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഫ്ലാറ്റ് നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ഫ്ലാറ്റ് നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടില്ല.

**ജൈവമാലിന്യമെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ**

364(2316) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ ഫുഡ് വേസ്റ്റ്/ജൈവമാലിന്യം എടുക്കുന്നതിന് എത്ര ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഏജൻസികളുടെ മേൽവിലാസവും ഫോൺ നമ്പരും

വെളിപ്പെടുത്തുമോ?

തിരുവനന്തപുരം നഗരസഭ വ്യാപാര സ്ഥാപനങ്ങളിൽനിന്നും ജൈവമാലിന്യം ശേഖരിക്കുന്നതിന് 18 ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസികളുടെ ഫോൺ നമ്പരും മേൽവിലാസവും അടങ്ങുന്ന ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഏജൻസികളെ ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഏജൻസികളും നഗരസഭയും തമ്മിലുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥരെയാണ് പ്രസ്തുത കരാറുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

11-06-2019 -ലെ 3(ഡി) 9 നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. നഗരസഭയും ഏജൻസികളും തമ്മിലുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. ബഹു. മേയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഹെൽത്ത് ഓഫീസർ, സൂപ്പർവൈസർ, പ്രോജക്ട് സെക്രട്ടേറിയറ്റ് ഹെൽത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശുചിത്വപരിപാലന സമിതി അംഗം, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും ഇംപ്ലിമെന്റിംഗ് ഓഫീസറായി ഹെൽത്ത് സൂപ്പർവൈസറെയും ചുമതലപ്പെടുത്തിയിരിക്കുന്നു.

**ഇടുക്കി ജില്ലയിലെ ലൈഫ് പദ്ധതി**

365 (2317) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ലൈഫ് പദ്ധതിയിലും പി.എം.എ.വൈ. പദ്ധതിയിലും ഉൾപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് അവരുടെ ഭൂമി ഏലപ്പട്ടയത്തിൽ ഉൾപ്പെടുന്നു എന്നത് ചൂണ്ടിക്കാട്ടി വീട് പണിയുന്നതിന് റവന്യൂ വകുപ്പ് എൻ.ഒ.സി. അനുവദിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ ഏലപ്പട്ടയ ഭൂമിയിൽ നിലവിലുണ്ടായിരുന്ന വാസയോഗ്യമല്ലാത്തതും സുരക്ഷിതമല്ലാത്തതുമായ വീടുകൾ പൊളിച്ച് മാറ്റിയിട്ട് ഇപ്രകാരം പ്രതിസന്ധിയിലായവർക്ക് ലൈഫ്

പദ്ധതിയിൽ വീട് പണിയുന്നതിന് റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

(സി) അർഹരായിട്ടുള്ള എല്ലാ ഭവനരഹിതർക്കും വീട് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം സംസ്ഥാനത്തെ അർഹരായിട്ടുള്ള എല്ലാ ഭൂമിയുള്ള ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും അടച്ചുറപ്പുള്ള വീട് നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## ഖരമാലിന്യ സംസ്കരണ പദ്ധതി

366(2318) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നഗരസഭയുടെ പരിധിക്കുള്ളിൽ ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊന്നാനി നഗരസഭയിൽ 2 ടൺ ജൈവമാലിന്യമാണ് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്നത്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ

സംസ്കരിക്കുന്നതിനാണ് നഗരസഭ പ്രാമുഖ്യം നൽകുന്നത്. ഗാർഹിക മാലിന്യ സംസ്കരണ ഉപാധികളായ ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി വിതരണം ചെയ്തിട്ടുള്ളതാണ്. അജൈവ മാലിന്യം ഹരിത കർമ്മസേന മുഖേന ശേഖരിച്ച് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകിവരുന്നു.

(ബി) പൊന്നാനി മണ്ഡലത്തിൽ കോഴിമാലിന്യാവശിഷ്ടങ്ങൾ സംസ്കരിച്ച് വളമാക്കുന്നതിനായി ആധുനികരീതിയിലുള്ള മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊന്നാനി മണ്ഡലപരിധിയിൽ നിലവിൽ അത്തരത്തിലൊരു പദ്ധതി ഏറ്റെടുത്തിട്ടില്ല.

**കീച്ചേരി വാൽകടവ് പാലത്തിന്റെ അപ്രോച്ച് റോഡ്**

367(2319) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.ബി.) വകുപ്പിന്റെ 04-11-2020 -ലെ സ.ഉ.(കൈ) 170/2020/തസ്വഭവ നമ്പർ ഉത്തരവിൽ ക്രമനമ്പർ 353 ആയി ഉൾപ്പെടുത്തിയിരുന്ന കീച്ചേരി വാൽകടവ് പാലത്തിന്റെ അപ്രോച്ച്

റോഡിന്റെ (ആലുംതുരുത്തി- കുത്തിയതോട് റോഡിൽ നിന്നും) നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിന് നേരിട്ട കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികളെന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കീച്ചേരി വാൽകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിലവിൽ പൊതുമരാമത്ത് വകുപ്പ് അധീനതയിലായതിനാൽ ടി റോഡിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കേണ്ടതായിട്ടുണ്ട്. എൻ.ഒ.സി. ലഭിക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പിന് കൺസെന്റ് ലെറ്റർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പൊതുമരാമത്തു വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിച്ചുകഴിഞ്ഞാലുടൻതന്നെ ടെൻഡർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് വച്ച് റോഡ് സഞ്ചാരയോഗ്യമാക്കാവുന്നതാണ്.

**എൽ.പി.ജി. ഗോഡൗണിന് കെട്ടിട നമ്പർ**

368(2320) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായ എൽ.പി.ജി. ഗോഡൗണിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി ശ്രീ. അഭിലാഷ് (പണിക്കപറമ്പിൽ വീട്, ചിറ്റിലപ്പിള്ളി വില്ലേജ്) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

(എ&ബി) എൽ.പി.ജി. ഗോഡൗണിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി ശ്രീ. അഭിലാഷ് പി. പി. 13-01-2020-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള മുഴുവൻ നിർമ്മിതികളും (Surface Drain, Septic Tank, Soakpit തുടങ്ങിയവ) കഴിഞ്ഞതിനുശേഷം മാത്രം ഫയൽ പുന:സമർപ്പിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത ഫയൽ പുന:സമർപ്പിച്ചതിൽ ലേ ഔട്ട് അപ്രൂവൽ പ്രകാരമുള്ളതിൽനിന്നും ഏരിയ അധികരിച്ചതിനാൽ ജില്ലാ ടൗൺ പ്ലാനിംഗിൽനിന്നും ലേ ഔട്ട് അപ്രൂവൽ

വാങ്ങണമെന്ന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയുണ്ടായി. 30-10-2020-ന് ടൗൺ പ്ലാനിംഗിൽനിന്നും ലേ ഔട്ട് അപ്രൂവൽ വാങ്ങുന്നതിന് ഫയൽ സമർപ്പിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള ജെ1, ജെ2 സർട്ടിഫിക്കറ്റ് ഡ്രോയിംഗിൽ ഉൾപ്പെടുത്തണമെന്നും 100 മീറ്റർ വ്യാസാർധത്തിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കണമെന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി വിവരങ്ങൾ അപേക്ഷകനെ അറിയിക്കുകയും അപേക്ഷ പുന: സമർപ്പിച്ചതിൽ തൃശ്ശൂർ ജില്ലാ നഗരാസൂത്രകൻ താഴെപ്പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. സൈറ്റ് പ്ലാനിൽ പ്ലോട്ടിന്റെ അതിരിന്റെ അളവുകൾ പ്രകാരം ഏരിയ വ്യത്യാസമുണ്ട്.

2. അപ്പൻഡിക്സ് എ 4 ഫോം പൂരിപ്പിച്ച് സമർപ്പിച്ചിട്ടില്ല.

3. സ്കൂട്ടിനി ഫീസ് അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല.

4.സ്ഥലത്തിന്റെ ഏരിയ, ഉടമസ്ഥാവകാശം എന്നിവ വ്യക്തമാക്കുന്നതിനുവേണ്ടി റവന്യൂ അധികാരികൾ നൽകിയ റവന്യൂ സ്കെച്ച്, പൊസഷൻ സ്കെച്ച് എന്നിവ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ അപേക്ഷകനെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 30-3-2021 -ന് ഫയൽ ജില്ലാ ടൗൺ പ്ലാനിംഗിന് വീണ്ടും നൽകിയതിൽ പ്രസ്തുത പ്ലോട്ടിൽ വെറ്റ് ലാന്റ് ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുന്നതിന് സർവ്വെ സ്കെച്ച്, സർവ്വെ നമ്പർ സഹിതം പ്ലോട്ടിന്റെ തരം, അതിർത്തി എന്നിവ വ്യക്തമാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. ആയത് പ്രകാരം സമർപ്പിച്ച രേഖകൾ പരിശോധിച്ച് ചിറ്റിലപ്പിള്ളി വില്ലേജ് 207/10-ൽ ഉൾപ്പെട്ട ഭൂമി പുരയിടം എന്ന തരത്തിൽ ഉൾപ്പെടുന്നുവെന്നും നിലമെന്ന തരത്തിൽ ഈ ഭൂമി ഉൾപ്പെടുന്നില്ലെന്നും രേഖപ്പെടുത്തിയിട്ടുള്ള ചിറ്റിലപ്പിള്ളി വില്ലേജ് ഓഫീസറുടെ 3-12-2021-ലെ 507/2021 നമ്പർ കത്ത് ഹാജരാക്കിയിട്ടുണ്ട്. ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ ടി സർവ്വെ നമ്പർ ഉൾപ്പെട്ടിട്ടില്ലെന്ന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി ഗ്യാസ് ഗോഡൗൺ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് പരാതി ലഭിച്ചതിനെത്തുടർന്ന് നിലവിൽ ഗ്രാമപഞ്ചായത്തിൽനിന്നും അന്വേഷണം നടന്നുവരുന്നുമുണ്ട്.

(സി) കെട്ടിട നമ്പർ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദീകരിക്കുമോ; അപേക്ഷകനെ അക്കാര്യം രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ഉണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 6(4) പ്രകാരം സൈറ്റ് പ്ലാൻ സമർപ്പിക്കേണ്ടതാണ്. ആകെ 1066 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിന്റെ 55 ചതുരശ്ര മീറ്റർ ഏരിയയുടെ ലീസ് ഡീഡ് കൂടി ഹാജരാക്കാൻ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അപേക്ഷകനെ ഗ്രാമപഞ്ചായത്തിൽനിന്നും അറിയിച്ചിട്ടുണ്ട്.

**കുലശേഖരപുരം തോടിന്റെ ഒഴുക്ക്**

369(2321)<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ കൊച്ചുമാമൂട് ജംഗ്ഷനുസമീപം സ്വകാര്യവ്യക്തി തോട് തടസ്സപ്പെടുത്തി നടത്തിയ നിർമ്മാണ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് നിർമ്മാണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രസ്തുത അനധികൃത നിർമ്മാണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ

ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

(എ&ബി) പ്രസ്തുത നിർമ്മാണം നടത്തുന്നതിന് അനുമതിക്കായി പഞ്ചായത്തിൽ അപേക്ഷ ലഭ്യമായിട്ടില്ല. എന്നാൽ ഫോൺ മുഖേന എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ഇത്തരത്തിൽ ഒരു നിർമ്മാണം നടത്തുന്നതായി പരാതി അറിയിച്ചതിനെതുടർന്ന് ടി വിഷയം ശ്രദ്ധയിൽപ്പെടുകയും എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പരിശോധിച്ച് ടി നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് നിർദ്ദേശം നൽകുകയും തുടർന്ന് ടിയാന്റെ വസ്തുവിൽനിന്നും വെള്ളം ഓടയിലേക്ക് ഒഴുകുന്ന വിധത്തിൽ ഒരുമീറ്ററോളം പൊളിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത അനധികൃത നിർമ്മാണം നീക്കംചെയ്യുന്നതിനും ആയതിനുള്ള ചെലവ് നിർമ്മാണ പ്രവർത്തനം നടത്തിയ ആളിൽനിന്നും ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

## പി.എം.എ.വൈ. പട്ടികയിൽനിന്നും ഒഴിവാക്കൽ

370(2322) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ പറളി പഞ്ചായത്തിലെ ഒന്നാം വാർഡ് അയ്യർമലയിൽ ശ്രീ. വാസുവിനെ അർഹതയുണ്ടായിട്ടും പി.എം.എ.വൈ. പട്ടികയിൽനിന്നും ഒഴിവാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ പറളി ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ അയ്യർമലയിൽ ശ്രീ. വാസു S/o കാളിയപ്പൻ, കണ്ടുമാരിൽ വീട്, പൂള്ളോട്, അയ്യർമല, തേനൂർ (ID No. 1118196) എന്നയാൾ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) പട്ടികയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ, പ്രസ്തുത പട്ടികയിൽനിന്നും പി.എം.എ.വൈ. (ജി) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അർഹതാ മാനദണ്ഡ പരിശോധനയിൽ ടിയാന് വാസയോഗ്യമായ വീടുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. അതിനെത്തുടർന്ന്, അനർഹരെ ഒഴിവാക്കുന്നതിനുവേണ്ടി, പറളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10-05-2021-ലെ 10(2) നമ്പർ തീരുമാനപ്രകാരം ടിയാനെ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

**എം.എൽ.എ. ആസ്തി വികസന ഫണ്ട്**

371(2323) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തദ്ദേശസ്വയംഭരണ വകുപ്പ് നേരിട്ട് മലമ്പുഴ മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തീയതി, സാങ്കേതികാനുമതി നൽകിയ തീയതി, കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി, പ്രവൃത്തി പൂർത്തീകരിച്ച തീയതി, ഭരണാനുമതി ലഭിച്ച തുക, എഗ്രിമെന്റിൽ ഏർപ്പെട്ട തുക എന്നീ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികളുണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; ഓരോ പദ്ധതിയും നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ-സി) മലമ്പുഴ മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണം

372(2324) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നൂതനമായ സമ്പ്രദായങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആലപ്പുഴയിലെ ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നൂതനമായ സമ്പ്രദായങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹൗസ്ബോട്ടിലെ ശുചിമുറി മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴ DTPC-യുടെ നിയന്ത്രണത്തിൽ കുട്ടനാട്ടിലെ H- ബ്ലോക്കിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സ്ഥാപിച്ചിട്ടുണ്ട്. നിലവിലെ ടി പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മാർച്ച് മാസത്തിൽ ഇത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമ്പൂർണ്ണമായി തുറന്ന് പ്രവർത്തിക്കാൻ സാധിക്കും. ടി പ്ലാന്റ് പൂർണ്ണമായി തുറന്നുപ്രവർത്തിക്കുന്നതുവരെ ബദൽ സംവിധാനമെന്ന നിലയ്ക്ക് സീവേജ് ബാർജ്ജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹൗസ്ബോട്ടുകളിൽനിന്ന് ശുചിമുറി മാലിന്യം ബാർജ്ജിൽ ശേഖരിച്ച് കോട്ടയം DTPC -യുടെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ച് സംസ്കരിക്കുകയാണ് നിലവിൽ ചെയ്യുന്നത്.

(ബി) നിലവിൽ എല്ലാ ഹൗസ് ബോട്ടുകളും മാലിന്യ സംസ്കരണ കേന്ദ്രത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

നിലവിൽ ആലപ്പുഴയിൽ ഡി.റ്റി.പി.സി.-യുടെ പ്ലാന്റ്/ ബാർജ്ജ് സംവിധാനം വർഷത്തിൽ 3 തവണയെങ്കിലും ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ. ഇത്തരത്തിൽ പ്ലാന്റ്/ ബാർജ്ജ് സംവിധാനം ഉപയോഗിക്കുന്നവർക്കുമാത്രമേ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാകുകയുള്ളൂ.

(സി) ഹൗസ് ബോട്ടുകളിൽനിന്നും മറ്റുബോട്ടുകളിൽ നിന്നുമുള്ള മാലിന്യം ജലാശയങ്ങളിൽ വ്യാപിക്കാതിരിക്കാൻ ശക്തമായ നിരീക്ഷണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ആലപ്പുഴ ജില്ലയിൽ ഹൗസ് ബോട്ടുകളിൽനിന്നും മറ്റുബോട്ടുകളിൽ

നിന്നുമുള്ള മാലിന്യം ജലാശയങ്ങളിൽ വ്യാപിക്കാതിരിക്കാൻ ശക്തമായ നിരീക്ഷണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുന്നമട ഹൗസ്ബോട്ട് ടെർമിനലിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള ഭക്ഷണ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി അംഗീകൃത സ്വകാര്യ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടൂറിസം പോലീസിനെ ഉപയോഗിച്ചുള്ള പരിശോധനകളും നടത്തിവരുന്നു.

(ഡി) ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജലാശയങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നതിനെതിരെ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ എന്നിവ മുഖാന്തിരം ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നുണ്ട്. ജലാശയങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാണെന്ന് കാണിക്കുന്ന ബോർഡുകൾ സ്ഥാപിക്കുകയും വാർഡ് വികസന സമിതി, സന്നദ്ധ സംഘടനകൾ മുതലായവ മുഖേന കൃത്യമായി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ദ്രവമാലിന്യ പരിപാലനം നടപ്പാക്കി അതിൽ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നിരീക്ഷണത്തിനായി സി.സി.ടി.വി. ക്യാമറ

സ്ഥാപിച്ചിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതി

373(2325) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

(എ) ഭൂമിയുള്ള ഭവനരഹിതർ

1) ഒരേ റേഷൻ കാർഡിലുൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. 2022 ഫെബ്രുവരി 20-നുമുമ്പ് റേഷൻ കാർഡുള്ള കുടുംബം, ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനമില്ലാത്തവരും ആകണം (പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല).

2) സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ

കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3) വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/ പട്ടികവർഗ്ഗം/ മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5) ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6) അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ലെന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7) ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവകൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂരയുള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം)

നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ബി) ഭൂരഹിത ഭവനരഹിതർ മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡംകൂടി പരിഗണിക്കണം.

സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻകാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻകാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലും കൂടി മൂന്ന് സെന്റിൽ കുറവ് ഭൂമിയുള്ളവർ.

(ബി) പ്രളയ ദുരിതാശ്വാസം ലഭിച്ച കുടുംബങ്ങളെ ലൈഫ് ഭവന പദ്ധതിയിൽനിന്നും ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഇല്ല. സംസ്ഥാനത്ത് 2018-19 പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നിരക്ക് പ്രകാരം ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകികൊണ്ട് 08-11-2021-ലെ സ.ഉ. (സാധാ)നം. 2225/2021/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രളയത്തിൽ 75

മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് എസ്.ഡി.ആർ.എഫ്.-ൽ നിന്നും സി.എം.ഡി.ആർ.എഫ്-ൽനിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4 ലക്ഷം രൂപയും 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) എസ്.ഡി.ആർ.എഫ്.-ൽ നിന്നും സി.എം.ഡി.ആർ.എഫ്-ൽ നിന്നും ആകെ 2.5 ലക്ഷം രൂപ ലഭിക്കുന്ന തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയാത്ത കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശ പ്രകാരം പുതിയ വീട് നിർമ്മിതിക്കായി ബാക്കിവരുന്ന തുക 1.5 ലക്ഷം രൂപ വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ധനസഹായം നൽകേണ്ടതില്ലെന്നും എന്നാൽ 2018-19 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ എസ്.ഡി.ആർ.എഫ്., സി.എം.ഡി.ആർ.എഫ്.-ൽ നിന്നോ മറ്റ് വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് ലൈഫ് നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാ

ണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

**എക്കൽ മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി**

374(2326) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിലെ പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടത്തിയ നടപടികൾ വിശദമാക്കാമോ; ഏതെല്ലാം ജലാശയങ്ങളിലാണ് എക്കൽ അടിഞ്ഞുകൂടിയതെന്നും ഇവ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിലാണെന്നും അറിയിക്കാമോ?

നിലമ്പൂർ നഗരസഭാ പരിധിയിൽ 2019-ലെ പ്രളയത്തിൽ പ്രധാനമായും ചാലിയാർ പുഴ, കുതിരപ്പുഴ എന്നീ പുഴകളുടെ ഇരുവശങ്ങളിലും നഗരസഭയിലെ വെളിയംതോട്, മയ്യന്താണി തോട്, മുക്കട്ടതോട് മുതലായ പ്രധാന തോടുകളിലും എക്കൽ അടിഞ്ഞുകൂടി അതിരൂക്ഷമായ പ്രളയത്തിന് നഗരം സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്. ആയതിനാൽ നിലമ്പൂർ നഗരസഭയിലെ തോടുകളിലും സി.എൻ.ജി. റോഡിന്റെ വശങ്ങളിലും അടിഞ്ഞുകൂടിയ ചെളിയും മറ്റും അടിയന്തരമായി നീക്കം ചെയ്യുന്നതിന്

ക്വട്ടേഷൻ വിളിച്ച് ടി പ്രവൃത്തി മാതൃകാപരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ചാലിയാർ, കുതിരപ്പുഴ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. നിലമ്പൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചുങ്കത്തറ, ചാലിയാർ, മൂത്തേടം, വഴിക്കടവ്, പോത്തുകല്ല് ഗ്രാമപഞ്ചായത്തുകൾ ജില്ലാ ദുരന്തനിവാരണ സമിതിയുമായി ചേർന്ന്, പുഴകളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിച്ച് നീക്കം ചെയ്തിട്ടുണ്ട്. തിരുവാലി, എടക്കര, മമ്പാട് ഗ്രാമപഞ്ചായത്തുകൾ ജനകീയ പങ്കാളിത്തത്തോടുകൂടി മാലിന്യം നീക്കംചെയ്തിട്ടുണ്ട്. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ ടെണ്ടർ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും വെള്ളം കെട്ടിനിന്നതിനാൽ മാലിന്യം നീക്കം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. കരുളായി ഗ്രാമപഞ്ചായത്തിൽ പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ തനത് ഫണ്ടുപയോഗിച്ച് നീക്കം ചെയ്തിട്ടുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിൽ, എക്കൽ അടിഞ്ഞുകൂടിയ പുഴകളും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

മൂത്തേടം, എടക്കര – പുന്നപുഴ കരുവാരക്കുണ്ട് - ഒലിപ്പുഴ കറുളായി - കരിമ്പുഴ ചാലിയാർ - കാഞ്ഞിരപുഴ, കുറവമ്പുഴ, ചുങ്കത്തറ മമ്പാട് - ചാലിയാർ

വഴിക്കടവ് - പുന്നപുഴ, കാരക്കോടൻ, കലക്കൻപുഴ പോത്തുകല്ല് - ചാലിയാർ, നീർപുഴ തിരുവാലി - ചെള്ളിതോട്, കോഴിപറമ്പ് തോട്

(ബി) കഴിഞ്ഞ വർഷം തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം എക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ടെൻഡർ പൂർത്തീകരിച്ചിരുന്നുവെങ്കിലും മഴക്കാലമായതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്യാനായില്ലെന്ന വിവരം പരിശോധിക്കുമോ; എക്കൽ നീക്കം ചെയ്യാത്തതിനാൽ ചെറിയ മഴയ്ക്ക് പോലും ജലാശയങ്ങൾ കരകവിഞ്ഞ് ജനങ്ങൾക്ക് ദുരിതമുണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധിക്കുമോ?

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ ജില്ലാകളക്ടറുടെ അനുമതിയോടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നെങ്കിലും വെള്ളം കെട്ടിനിന്നതിനാൽ മാലിന്യം നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല.

(സി) പ്രളയ സാധ്യത മുന്നിൽകണ്ട് അടുത്ത മഴയ്ക്കുമുൻപായി ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം നീക്കം ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് അടിയന്തര നിർദ്ദേശം നൽകാമോ; നടപടികൾ സ്വീകരിക്കുമോ?

മഴക്കാലത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധി പ്രതിരോധത്തിന്റെ

ഭാഗമായി നടപ്പിലാക്കേണ്ട മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 22-02-2022 -ലെ 31/DC1/2022/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജലസ്രോതസ്സുകളുടെ ശുചീകരണം സംബന്ധിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ സംബന്ധിച്ചും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇ-ഗവേണൻസ്**

375(2327) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ഇ-ഗവേണൻസ് സംവിധാനത്തിനായി തയ്യാറാക്കിയ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി മുൻസർക്കാർ എത്ര രൂപ ചെലവിട്ടുയെന്നും എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി 2018 ഏപ്രിൽ മാസം മുതൽ 2021 ഏപ്രിൽ മാസം വരെ ആകെ 1,69,43,453/- (ഒരു കോടി അറുപത്തിയൊൻപതു ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി

നാന്നൂറ്റി അൻപത്തി മൂന്ന രൂപാ മാത്രം) ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. വിന്യസിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറിനുപകരം പുതിയത് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഏത് ഏജൻസിയാണ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നത്; എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; അറിയിക്കുമോ?

നിലവിൽ പരിഗണനയിലില്ല. എന്നാൽ തദ്ദേശസ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമവും സുതാര്യവും യൂസർഫ്രണ്ടലിയും ആക്കുന്നതിന് ആധുനിക കമ്പ്യൂട്ടിംഗിന്റെയും വിവരസാങ്കേതിക വിദ്യയുടേയും സാധ്യതകൾ പ്രയോജനപ്പെടുത്തി ഒരു സമഗ്ര സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഇന്റഗ്രേറ്റഡ് ഇന്റലിജന്റ് ക്ലൗഡ് ബേസ്ഡ് ഗവൺമെന്റ് ഇ.ആർ.പി. വഴി നിർമ്മിക്കുകയെന്നലക്ഷ്യം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമുള്ള നവീന ഇ-ഗവേണൻസ് കർമ്മപദ്ധതിക്ക് 18-02-2022 ലെ സ.ഉ. (കൈ) നം. 27/2022/തസ്വഭവ പ്രകാരം രൂപം കൊടുത്തിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സമഗ്ര ഇ-ഗവേണൻസ് ആപ്ലിക്കേഷന്റെ വികസനത്തിനായി ഒരു പ്രോജക്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ആയതിൽ ഐ.കെ.എം. ചീഫ് മിഷൻ ഡയറക്ടർ, ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രോജക്ട് ഇംപ്ലിമെന്റേഷൻ കോർ ടീം എന്നിവർ ഉൾപ്പെടുന്നു. പ്രതീക്ഷിത ചെലവ് സംബന്ധിച്ച കൃത്യമായ കണക്കിപ്പോൾ ലഭ്യമല്ല.

## സംസ്ഥാന പാർപ്പിട പദ്ധതി

376 (2328) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദരിദ്ര/അതിദരിദ്ര കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പു വരുത്താനായുള്ള സംസ്ഥാന പാർപ്പിട പദ്ധതി മുഖേന കഴിഞ്ഞ സർക്കാർ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും ഇതിനായി എത്ര തുക ചെലവിട്ടെന്നും വ്യക്തമാക്കുമോ?

ദരിദ്ര/ അതിദരിദ്ര കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പുവരുത്താനായുള്ള സംസ്ഥാന പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതി മുഖേന കഴിഞ്ഞ സർക്കാർ 2,64,953 കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനായി വിവിധ സ്രോതസ്സുകളിലൂടെ ഭവനനിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ 8993.20 കോടി

(എണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് കോടി ഇരുപത് ലക്ഷം രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) നിലവിലെ സർക്കാരിന് മുമ്പിൽ ഇത്തരത്തിൽ പാർപ്പിടമില്ലാത്ത എത്ര അപേക്ഷകൾ ലഭ്യമായെന്നും നാളിതുവരെ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും വിശദമാക്കുമോ;

(സി) എല്ലാവർക്കും പാർപ്പിടമെന്ന പ്രഖ്യാപനം എന്ന് സംസ്ഥാനത്ത് പൂർത്തീകരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) ഈ സർക്കാർ ചുമതലയേറ്റ ശേഷം 17757 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെപോയ അർഹരായ ഭൂമിയുള്ള ഭവന രഹിതർക്കും/ഭൂരഹിത ഭവനരഹിതർക്കും പാർപ്പിടം ലഭ്യമാക്കുന്നതിനായി ലൈഫ് 2020 പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ 9,20,260 അപേക്ഷകളാണ് നിലവിലെ സർക്കാരിന് മുമ്പിൽ പാർപ്പിടമില്ലാത്ത അപേക്ഷകളായി ലഭ്യമായിട്ടുള്ളത്. ടി അപേക്ഷകളുടെ അർഹത സംബന്ധിച്ച ഫീൽഡ്തല പരിശോധനയും പുന:പരിശോധനയും പൂർത്തിയാക്കി ഒന്നുംരണ്ടും ഘട്ട അപ്പീലുകൾക്കും ഗ്രാമസഭ/വാർഡ്സഭ അംഗീകാരത്തിനും ഭരണസമിതി അംഗീകാരത്തിനുംശേഷം പട്ടിക

അന്തിമമാക്കുന്നതും പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതുമാണ്. ഭൂരഹിത/ഭവനരഹിതരായ എല്ലാ ദരിദ്ര/അതിദരിദ്ര കുടുംബങ്ങൾക്കും സ്വന്തമായി ഒരു പാർപ്പിടം ഉറപ്പുവരുത്തുകയെന്നതാണ് സംസ്ഥാന പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതിയുടെ ലക്ഷ്യം. അതിവിദൂരമല്ലാത്ത ഒരു സമയം തന്നെ ആ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലുള്ള സർക്കാരിന്റെ കാലത്ത് 5 ലക്ഷം ഭവനരഹിതർക്ക് ഭവനനിർമ്മാണ സഹായം നൽകി പാർപ്പിടമെന്ന സ്വപ്നം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഭൂരഹിത/ഭവനരഹിതർക്കായി ഭൂമി കണ്ടെത്തുന്നതിന് മനസ്സോടിത്തിരി മണ്ണെന്ന ക്യാമ്പയിനിലൂടെ സ്പോൺസർഷിപ്പിലൂടെയും സംഭാവനയായും ഭൂമി കണ്ടെത്താനുള്ള പ്രവർത്തനവും നടക്കുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തോടെ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്.

**തീർപ്പാക്കാനുള്ള ഫയലുകൾ**

377(2329) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

എത്ര ഫയലുകൾ തീർപ്പാകാതെയുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിൽ 17, ഗ്രാമപഞ്ചായത്ത് ഓഫീസിൽ 146, നഗരസഭ ഓഫീസിൽ 841, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 912, ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് ഓഫീസിൽ 27 എന്നീ ഫയലുകൾ തീർപ്പാകാതെയുണ്ട്.

(ബി) എത്ര കാലമായി ഈ ഫയലുകൾ തീർപ്പാക്കിയിട്ടില്ലെന്നും തീരുമാനം അനന്തമായി നീളുന്നതെന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

(സി) ഉടനെ തീരുമാനമെടുക്കാവുന്നതും സാങ്കേതികത്വമുള്ളതുമായ ഫയലുകൾ ഏതൊക്കെയാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

നീലേശ്വരം നഗരസഭ വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് നമ്പർ അനുവദിക്കുന്നതാണ്. കെട്ടിട നിർമ്മാണ അപേക്ഷ ഫയലുകളിൽ ആവശ്യമായ എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് പെർമിറ്റ് അനുവദിച്ച് ഫയൽ തീർപ്പാക്കുന്നതാണ്. കാഞ്ഞങ്ങാട് നഗരസഭ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിഴ ചുമത്തിയിട്ടുള്ള ഫയലുകളിൽ ആയത് അടവാക്കുന്ന മുറയ്ക്ക് നടപടി അവസാനിപ്പിക്കുന്നതാണ്. മറ്റ് ഫയലുകളിൽ ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും നടപടി അവസാനിപ്പിക്കുന്നതാണ്. കാസർഗോഡ് നഗരസഭ കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷകളിൽ CRZ NOC, KLU എന്നിവ ലഭിക്കാനുള്ള ഫയലുകളും ജമമാറ്റത്തിനുള്ള അപേക്ഷകളിൽ മതിയായ രേഖകൾ ഹാജരാക്കാത്ത ഫയലുകൾ, ലൈസൻസിനായി ഓൺലൈനായി അപേക്ഷിച്ച ഫയലുകൾ.

(ഡി) ഏതെല്ലാം വിഷയം സംബന്ധിച്ച ഫയലുകളാണ് തീരുമാനമാകാതെയുള്ളതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

(ഇ) തീർപ്പാകാത്ത ഫയലുകളിൽ തീരുമാനമുണ്ടാക്കാൻ സർക്കാർ ഇടപെടലുണ്ടാകുമോയെന്നും എത്ര മാസത്തിനകം തീരുമാനമുണ്ടാകുമെന്നും വ്യക്തമാക്കാമോ?

ഫയൽ അദാലത്ത് അടക്കമുള്ള നടപടികൾ സ്വീകരിച്ച് തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി തീരുമാനമുണ്ടാക്കാനുള്ള അടിയന്തര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എൻ.യു.എൽ.എം.-എം.ടി.പി.-മാരുടെ ശമ്പളം**

378(2330)ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കുടുംബശ്രീ മിഷനുകീഴിൽ നഗരസഭകളിൽ ജോലി ചെയ്യുന്ന എൻ.യു.എൽ.എം.-എം.ടി.പി.-മാരുടെ ശമ്പളം എത്രയാണെന്ന് അറിയിക്കുമോ?

നിലവിൽ കുടുംബശ്രീ മിഷനുകീഴിൽ നഗരസഭകളിൽ ജോലി ചെയ്യുന്ന എൻ.യു.എൽ.എം. - എം.ടി.പി. മാരുടെ പ്രതിമാസ ശമ്പളം ₹15000/- ആണ്.

(ബി) ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ?

എൻ.യു.എൽ.എം.- എം.ടി.പി.-മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിരുന്നു. പ്രസ്തുത വിഷയം ഡിസി2/40/2021/തസ്വഭവ നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്**

379(2331) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച സർക്കാരിന്റെ നയം വിശദമാക്കാമോ?

നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നടപ്പിലാക്കിയശേഷം ജീവനക്കാരുടെ സീനിയോറിറ്റി, സ്ഥാനക്കയറ്റം, യോഗ്യത എന്നിവയിലൊക്കെയുള്ള അവ്യക്തത നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നടപ്പിലാക്കിയശേഷം ജീവനക്കാരുടെ സീനിയോറിറ്റി, സ്ഥാനക്കയറ്റം, യോഗ്യത തുടങ്ങിയവ സംബന്ധിച്ച് ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ ഒരുപരാതി പരിഹാര സെല്ലും തദ്ദേശസ്വയംഭരണ വകുപ്പിൽ SPAO-യുടെ അദ്ധ്യക്ഷതയിൽ അഞ്ച് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അപ്പലേറ്റ്

അതോറിറ്റി സംവിധാനവും 17-07-2020-ലെ സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനവും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവും ഏതുരീതിയിൽ സാധ്യമാകുമെന്ന് വിശദമാക്കാമോ?

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം ലഭിക്കുന്നത് ഓരോ തലത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതും അവലോകനം ചെയ്യേണ്ടതും അവയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തേണ്ടതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ (നഗര വികസനത്തിനും ഗ്രാമവികസനത്തിനും) ഫലപ്രദമായും കാര്യക്ഷമമായും അതോടൊപ്പം സംസ്ഥാനത്തിന് പ്രയോജനകരമാം വിധത്തിലും ആസൂത്രണം ചെയ്യുന്നതിനും, നടപ്പാക്കുന്നതിനും അവലോകനത്തിനുമാവശ്യമായ നേതൃത്വവും മേൽനോട്ടവുമാണ് വകുപ്പുതലത്തിൽ ചെയ്യേണ്ടത്. അതിനാവശ്യമായ ഏകോപിത സംവിധാനം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്

കാര്യക്ഷമമായി രൂപകൽപന ചെയ്ത് പ്രാവർത്തികമാക്കാൻ കഴിയും. മാത്രവുമല്ല വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന പദ്ധതികളുമായും സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ചുകൊണ്ട് സമഗ്ര വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഏറെ സഹായമാകുന്നതാണ്.

(ഡി) ഫയൽ നീക്കം വേഗത്തിലാക്കാനും ചുവപ്പുനാട ഒഴിവാക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

നിലവിൽ സേവനങ്ങൾ സർക്കാർ ഓഫീസുകളിൽനിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽനിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതനമായ സോഫ്റ്റ്‌വെയറാണ് ILGMS (Integrated Local Government Management System). ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ILGMS-ന്റെ സവിശേഷത. ഗ്രാമപഞ്ചായത്തുകളിൽ ടി സോഫ്റ്റ്വെയർ പൂർണ്ണമായും വിന്യസിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നഗരസഭകളിൽ ILGMS-ന് സമാനമായി ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ലൈഫ് ഭവന പദ്ധതി**

380(2332) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും രണ്ടാംഘട്ട ലൈഫ് ഭവന പദ്ധതിക്കായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈഫ് 2020 പ്രകാരം ആകെ 3,862 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. (ഭൂമിയുള്ള ഭവനരഹിതർ -2,848, ഭൂരഹിതർ-1,014)

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ഓരോ തദ്ദേശസ്ഥാപനത്തിലും എത്ര വീതം ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പട്ടിക തിരിച്ച് വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിച്ച തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പയ്യോളി, കൊയിലാണ്ടി നഗരസഭകളിലും തിക്കോടി, മൂടാടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലും ഭവനരഹിത, ഭൂരഹിത പട്ടികയിൽ ഉൾപ്പെട്ടവർ എത്രയാണെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

പയ്യോളി, കൊയിലാണ്ടി നഗരസഭകളിലും തിക്കോടി, മൂടാടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലും ഫീൽഡ്തല വെരിഫിക്കേഷനിൽ അർഹരായി കണ്ടെത്തിയിട്ടുള്ള ഭൂമിയുള്ള ഭവന രഹിതരുടേയും ഭൂരഹിതരുടേയും പട്ടികയിൽ ഉൾപ്പെട്ടവരുടെ തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+. ഫീൽഡ്തല വെരിഫിക്കേഷനുശേഷം ഗ്രാമപഞ്ചായത്ത്/ നഗരസഭകളിൽ അർഹരായി കണ്ടെത്തിയിട്ടുള്ള അപേക്ഷകളിന്മേൽ ജില്ലാ കളക്ടറുടെ/ കുടുംബശ്രീയുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേതൃത്വത്തിൽ പുന:പരിശോധനയും തുടർന്ന് ഒന്ന്, രണ്ട് ഘട്ട അപ്പീലുകൾക്കും ഗ്രാമസഭ/ വാർഡ് സഭ അംഗീകാരത്തിനും ഭരണസമിതി അംഗീകാരത്തിനുംശേഷം മാത്രമാണ് പട്ടിക അന്തിമമാക്കുന്നത്.

(ഡി) ഇത്തരക്കാർക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ പുരോഗതി ഓരോ തദ്ദേശസ്ഥാപനത്തിന്റെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയതിനുശേഷം മാത്രമേ പദ്ധതി നിർവഹണം ആരംഭിക്കുകയുള്ളു.

**വകുപ്പുകളുടെ ഏകോപനം**

381(2333) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള അഞ്ച് വകുപ്പുകൾ കൂട്ടിച്ചേർത്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ചു വകുപ്പുകളെ

ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-07-2020-ലെ സ.ഉ.(കൈ)106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകളും സംസ്ഥാനതല ഓഫീസുകളും 19-02-2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റേയും സബോർഡിനേറ്റ് സർവ്വീസിന്റേയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള നടപടികളും 1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് എന്നീ ആക്ടുകളുടെ ഭേദഗതി വരുത്തി തദ്ദേശസ്വയം ഭരണ പൊതുസർവ്വീസ് ആക്ട് രൂപീകരിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

(ബി) വ്യത്യസ്ത വകുപ്പുകളുടെ ചട്ടക്കൂടുകൾ സൃഷ്ടിക്കുന്ന തടസ്സങ്ങളെ ഇതിലൂടെ മറികടക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ വകുപ്പുകൾ ഏകീകരിച്ചതിലൂടെ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

വിവര സാങ്കേതികവിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ്

സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെയും ജീവനക്കാരുടെയും ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരമുണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയ ലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ്‌രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. നിലവിൽ സേവനങ്ങൾ സർക്കാർ ഓഫീസുകളിൽനിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽനിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽനീക്കം കാര്യക്ഷമമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ILGMS (Integrated Local Government

Management System). ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ILGMS-ന്റെ സവിശേഷത. ഗ്രാമപഞ്ചായത്തുകളിൽ ടി സോഫ്റ്റ്‌വെയർ പൂർണ്ണമായും വിന്യസിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നഗരസഭകളിൽ ILGMS-ന് സമാനമായി ഫയലുകൾ ഓൺലൈനായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഏകീകൃത വകുപ്പിനനുസരിച്ച് സംസ്ഥാനത്തെ ജില്ലാ ഓഫീസുകൾക്ക് വരുത്തുന്ന മാറ്റം വ്യക്തമാക്കാമോ?

നിലവിൽ ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, ഗ്രാമനഗരാസൂത്രണ വകുപ്പ് എന്നിവയ്ക്ക് മാത്രമേ ജില്ലാതലത്തിൽ ഭരണ നിർവ്വഹണ ഓഫീസുകളുള്ളൂ. മുനിസിപ്പൽ കോമൺ സർവ്വീസ്, എഞ്ചിനീയറിംഗ് വകുപ്പുകളിലെ ജീവനക്കാരുടെ ജീവനക്കാര്യം ആസ്ഥാന ഓഫീസുകളിലാണ് കൈകാര്യം ചെയ്തുവരുന്നത്. അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാ ഓഫീസെന്നത് ഒരുപുതിയ സംവിധാനമായാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. 17-07-2020-ലെ സ.ഉ.(കൈ)106/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവി ജോയിന്റ്

ഡയറക്ടറാണ്. ഇപ്പോൾ ആസ്ഥാന ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന പല സേവനങ്ങളും ജില്ലാ ഓഫീസുകളിൽ നിന്ന് ലഭ്യമാകും. അതുവഴി സമയം, അദ്ധ്വാനം എന്നിവ ലാഭിക്കാനാവും. എല്ലാ ജില്ലകളിലും ജോയിന്റ് ഡയറക്ടറുടെ കാര്യാലയമുണ്ടായിരിക്കും. ജില്ലാതലത്തിൽ ഏകീകൃത സംവിധാനം നിലവിൽ വരുന്നതോടുകൂടി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സഹായിക്കാനാകും. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലയിലെ ഏകോപനത്തിൽ ഭരണപരവും നയപരവുമായ കാര്യങ്ങളിൽ നേതൃസ്ഥാനം വഹിക്കേണ്ടതും ജില്ലാ മേധാവിയായ ജോയിന്റ് ഡയറക്ടറാണ്. ജില്ലയ്ക്കകത്തുള്ള തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ വിവിധ കാര്യങ്ങളിലുള്ള ഏകോപനം സാധ്യമാക്കുന്നതിൽ ജോയിന്റ് ഡയറക്ടർക്ക് നിർണ്ണായക സ്വാധീനം ചെലുത്താനാകും. അത് ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിലും ജനക്ഷേമ പ്രവർത്തനങ്ങൾക്കും മുതൽക്കൂട്ടാവുന്നതാണ്. ജില്ലാതലത്തിൽ നിയമിക്കപ്പെടുന്നവരുടെ ജീവനക്കാര്യം, പദ്ധതി പ്രവർത്തനങ്ങളുടെ രൂപീകരണം, ഏകോപനം, നിർവ്വഹണം, മേൽനോട്ടം, അവലോകനം എന്നിവയുടെ ചുമതലയും ജില്ലാ മേധാവിയായ ജോയിന്റ് ഡയറക്ടർക്കാണ്. ഓരോ ജില്ലയിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം

വ്യത്യസ്തമാണ്. അതനുസരിച്ച് ജില്ലയിലെ ആകെ ജീവനക്കാരുടെ എണ്ണം, ജനപ്രതിനിധികളുടെ എണ്ണം, തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക ഇവയെല്ലാം വ്യത്യസ്തമാണ്. അതിനാൽ ഓരോ ജില്ലകളിലേയും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും എണ്ണത്തിനനുസൃതമായി ജില്ലകളെ മൂന്നുവിഭാഗങ്ങളായി തിരിച്ച് അതിനനുസരിച്ചുള്ള ജില്ലാ ഓഫീസുകളാണ് നിലവിൽ ക്രമീകരിച്ചിരിക്കുന്നത്.

**ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക**

382(2334) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും 27-11-2020 -ലെ പി.എഫ് 10/10103/2020 നമ്പരായി അടിമാലിയിലെയും മറയൂരിലെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് 2012, 2016 ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച തുക ഒടുക്കിയ ചെല്ലാൻ സാക്ഷ്യപ്പെടുത്തിയ ഷെഡ്യൂൾ ആവശ്യപ്പെട്ട് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

അടിമാലി ഗ്രാമപഞ്ചായത്തിൽ നിന്നും ചെല്ലാൻ സാക്ഷ്യപ്പെടുത്തിയ

ഷെഡ്യൂൾ സഹിതം മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ മറയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്ത് ഡയറക്ടർക്ക് ചെല്ലാൻ ഷെഡ്യൂളുകൾ ലഭ്യമായിട്ടില്ല.

(ബി) ഇല്ലെങ്കിൽ കത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആവശ്യപ്പെട്ട ചെല്ലാനുകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിന് മറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് പഞ്ചായത്ത് ഡയറക്ടർ വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മറുപടി ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട തുക ജീവനക്കാരന്റെ പി.എഫ്.-ൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അടിമാലി ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയ തുക ജീവനക്കാരന്റെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മറയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ട ചെല്ലാനുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുക ജീവനക്കാരന്റെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ.

## ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ നടപടി

383(2335) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ എന്തെല്ലാം പുതിയ പരിഷ്ക്കാരങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ത്യക്ക് ആകെ മാതൃകയായ കേരളത്തിലെ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും ലളിതവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകൾ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഏറ്റവും വേഗം ലഭ്യമാക്കാൻ നടപടികളുണ്ടാകുമോ?

(എ-സി) പൊതുജനങ്ങൾക്ക് അവരുടെ വിരൽതുമ്പിൽ ലഭ്യമാക്കുന്നതിനും വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും

പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച അതിനൂതന സോഫ്റ്റ്‌വെയറായ Integrated Local Government Management System (ILGMS) സോഫ്റ്റ്‌വെയർ 309 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്ക് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഓൺലൈനായി തന്നെ തുക ഒടുക്കുന്നതിനുമുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കുന്നതിനും ILGMS -ന്റെ ഭാഗമായി പ്രത്യേകം സിറ്റിസൺ പോർട്ടൽ വിന്യസിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2022 ഏപ്രിൽ മാസത്തിൽ ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിലും ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന് ജീവനക്കാർക്ക് പരിശീലനം നൽകുന്നതുൾപ്പടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

(2) പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങി പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടേയും അറിവില്ലായ്മയും മറ്റ് നിസ്സഹായാവസ്ഥകളുംമൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെയും അടുത്തേക്ക് സന്നദ്ധസേനാംഗങ്ങളോ അനുബന്ധ സേവനദാതാക്കളോ വീടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹികക്ഷേമ സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് വാതിൽപ്പടി സേവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹികനീതി വകുപ്പിന്റെയും സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന്റെയും യോജിച്ച പ്രവർത്തനത്തിലൂടെ നടപ്പിലാക്കുന്ന വാതിൽപ്പടി സേവനം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ചുവടെ ചേർക്കുന്ന 5 സേവനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1) മസ്റ്ററിംഗ്

2) ലൈഫ് സർട്ടിഫിക്കറ്റ്

3) സാമൂഹിക സുരക്ഷാ പെൻഷൻ അപേക്ഷ

4) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ

5) ജീവൻരക്ഷാ മരുന്നുകൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വാർഡ്/ഡിവിഷൻതല സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനതല സമിതി രൂപീകരിച്ച്, ഗുണഭോക്താക്കളെ കണ്ടെത്തി, സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് സേവനം നൽകുന്നു. ആദ്യഘട്ടത്തിൽ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വാതിൽപ്പടി സേവനപദ്ധതി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. പൗരന്മാർക്ക് നൽകുന്ന വിവിധ സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ ലളിതവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഡി) ജില്ലാതലങ്ങളിൽ പഞ്ചായത്തുകളുടെ പരാതികൾ പരിഹരിക്കാൻ ഒരു പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) പഞ്ചായത്തുകളിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) ഈ നിർദ്ദേശങ്ങളെ സംബന്ധിച്ച് പരിശോധിച്ച് പരിഗണിക്കുന്നതാണ്.

## മാവേലി സ്റ്റോറുകളുടെ വാടക

384(2336) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ വാടക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇപ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനം സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾക്ക് വാടകരഹിത കെട്ടിടം നൽകിയിട്ടുള്ള കേസുകളിൽ അവ പ്രവർത്തിക്കുന്ന കാലമത്രയും കാലപരിധിയില്ലാതെ വാടക തുടർന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണം സ്ഥാപനം നൽകേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറുകളുടെ വാടക തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതിന്, 04-02-2013 -ലെ 301/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഇതിന് കാലാവധി നിശ്ചയിച്ചിരുന്നതിനാൽ

മാവേലി സ്റ്റോറുകളുടെ നടത്തിപ്പിന് ബുദ്ധിമുട്ട് നേരിടുന്നുവെന്ന് സപ്ലൈകോ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ, ന്യായവിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്ന ഒരു കേന്ദ്രത്തെ പ്രോത്സാഹിപ്പിക്കുകയെന്നത് കണക്കിലെടുത്താണ് മാവേലി സ്റ്റോറുകൾക്ക് വാടകരഹിതമായി കെട്ടിടം അനുവദിക്കാൻ അനുമതി നൽകിയിട്ടുള്ളത്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ തീരുമാനം സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വാടകരഹിത കെട്ടിടം അനുവദിക്കുന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ കുറവുണ്ടാകുമെങ്കിലും അത് കാരണം മറ്റ് ചുമതലകൾ നിറവേറ്റുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടാൻ സാധ്യതയില്ലെന്നാണ് കരുതുന്നത്. എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാകുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനായി അനുബന്ധമായി ചേർത്തിട്ടുള്ള 10-03-2022-ലെ സ.ഉ(സാധാ) നം. 587/2022/LSGD ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകുന്ന മാവേലി

സ്റ്റോറുകളുടെ വാടക തുടർന്ന് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്/ നഗരസഭയ്ക്ക് സാധിക്കാതെ വരുന്ന അവസരത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്തിന്റെ/ നഗരസഭയുടെ തീരുമാനമറിയിച്ച് ചർച്ച ചെയ്ത് വാടക ബാധ്യതയിൽനിന്നും ഗ്രാമ പഞ്ചായത്തിനെ/ നഗരസഭയെ ഒഴിവാക്കാൻ വ്യവസ്ഥയുണ്ട്.

(സി) മാവേലി സ്റ്റോറുകളുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം അധിക ചുമതലകളും അധികാരങ്ങളും നൽകാനാണ് തീരുമാനമെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലം, കെട്ടിടത്തിന്റെ വാടക, കെട്ടിടമാറ്റം, പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യങ്ങൾ, പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകളുടെ കെട്ടിടം തെരഞ്ഞെടുക്കൽ തുടങ്ങിയവ മോണിറ്റർ ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ എന്നിവയുടെ പ്രതിനിധികൾകൂടി ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. സപ്ലൈകോയുമായി ഇത്തരം കാര്യങ്ങൾ കൂട്ടായി ചർച്ച ചെയ്ത് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്/നഗരസഭാ ചെയർമാൻ / മേയർ അദ്ധ്യക്ഷനും സപ്ലൈകോയുടെ ബന്ധപ്പെട്ട ഡിപ്പോ മാനേജർ കൺവീനറും പൊതുവിതരണ സമ്പ്രദായം

എന്ന വിഷയം കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ, മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന വാർഡിന്റെ അംഗം/ അംഗങ്ങൾ, സപ്ലൈകോയുടെ ബന്ധപ്പെട്ട ജൂനിയർ മാനേജർ, മാവേലി സ്റ്റോറിന്റെ മാനേജർ/ മാനേജർമാർ, സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവരുൾപ്പെട്ട ഗ്രാമപഞ്ചായത്തുതല/ നഗരസഭാതല സമിതി രൂപീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകുന്ന മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഇവർ നിർബന്ധമായും നിരീക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ഇടപെടൽ നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിൽ ഗ്രാമ പഞ്ചായത്തുകളുടെ/നഗരസഭയുടെ നേതൃത്വത്തിലോ, നേരിട്ടോ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും ഗ്രാമപഞ്ചായത്തുകളിലെ/ നഗരസഭകളിലെ കുടുംബശ്രീ യൂണിറ്റുകൾ/സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവരുടെ ഉൽപ്പന്നങ്ങളും മാവേലിസ്റ്റോർ വഴി വില്പന നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിൽ താൽക്കാലിക ജീവനക്കാരെ നിയോഗിക്കുമ്പോൾ ഗ്രാമപഞ്ചായത്ത്/ നഗരസഭയിലെ കുടുംബശ്രീ/ സി.ഡി.എസ്. മുഖേനയുള്ള

അപേക്ഷകർക്ക് മുൻഗണന നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## റീബിൽഡ് കേരള പ്രവൃത്തികൾ

385(2337)ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം അനുമതി ലഭ്യമായ തദ്ദേശ റോഡുകൾ ഏതൊക്കെയാണ്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടികയും അനുബന്ധമായി ചേർക്കുന്നു*.

(ബി) നേമം ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ വരുന്ന റീബിൽഡ് കേരള പദ്ധതി പ്രവൃത്തികളുടെ ചുമതല ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്കാണെങ്കിലും ഡി.ഡി.ഒ. കോഡ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശം നൽകാമോ?

റീബിൽഡ് കേരള പദ്ധതിയിലെ പ്രവൃത്തികളുടെ നിർവ്വഹണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉദ്യോഗസ്ഥരായ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ ഡി.ഡി.ഒ. കോഡ് ലഭിച്ചിട്ടില്ലാത്തവർക്ക് ഡി.ഡി.ഒ. കോഡ് നൽകുന്നതിനുള്ള ശിപാർശ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**തനത് ഫണ്ടിന്റെ അപര്യാപ്തത**

386(2338) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണ പരിപാടികൾ നടപ്പിലാക്കിയതുൾപ്പെടെയുള്ള കാരണങ്ങൾകൊണ്ട് തനത് ഫണ്ടില്ലാതായ ഗ്രാമപഞ്ചായത്തുകളെ സഹായിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള CFLTC/CSLTC/DCC/IQC എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ തനത്/പ്ലാൻ ഫണ്ടിൽനിന്നും ചെലവഴിച്ച തുകകൾ, ഗ്രാമപഞ്ചായത്തുകൾ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് DDMA-യിൽ നിന്നും അർഹമായ തുക റീഇംബേഴ്സ് ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) ശമ്പളം കൃത്യമായി നൽകുന്നതിന് ബുദ്ധിമുട്ടിലായ

ഗ്രാമപഞ്ചായത്തുകളുടെ ജില്ലതിരിച്ചുള്ള പേരും വിവരവും ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) തനതു വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പളം മുടങ്ങാതിരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അർഹതയുള്ള പഞ്ചായത്തുകൾക്ക് ജനറൽ പർപ്പസ് ഫണ്ടും ഗ്യാപ് ഫണ്ടും അനുവദിക്കുക വഴി ടി വിഷയം പരിഹരിക്കാനായിട്ടുണ്ട്.

(ഡി) പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ ജീവനക്കാരുടെ ശമ്പളത്തിലും മെമ്പർമാരുടെ ഓണറേറിയത്തിലുമുണ്ടായ വർദ്ധനവ് തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തുകളെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ബാധിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലെ നികുതി പിരിവ് കൂടുതൽ ഊർജ്ജിതപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) തനത് ഫണ്ടില്ലാത്തതിനാൽ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ കൃത്യമായി നൽകാൻ കഴിയാത്തതും ആനുകൂല്യങ്ങൾ പ്രോവിഡന്റ് ഫണ്ടിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലയിപ്പിക്കാൻ കഴിയാത്തതുമായ ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണ്?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(എഫ്) സാമ്പത്തിക പ്രതിസന്ധിയിലായ ഗ്രാമപഞ്ചായത്തുകളെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പഞ്ചായത്തുകൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ജനറൽ പർപ്പസ് ഫണ്ടും ഗ്യാപ് ഫണ്ടും അനുവദിച്ചുവരുന്നുണ്ട്.

(ജി) കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട പുതിയ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ജനറൽ പർപ്പസ് ഫണ്ടോ മറ്റ് പ്രത്യേക സഹായമോ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വിശദമാക്കാമോ?

കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട പുതിയ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ജനറൽ പർപ്പസ് ഫണ്ട് നൽകിയിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള CFLTC/CSLTC/DCC/IQC എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ തനത്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ, ഗ്രാമപഞ്ചായത്തുകൾ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് DDMA-യിൽ നിന്നും അർഹമായ തുക റീഇമ്പേഴ്സ് ചെയ്ത് നൽകിയിട്ടുണ്ട്.

## പഞ്ചായത്ത് രാജ് ആക്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

387(2339) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് ആക്ടിൽ കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള പഞ്ചായത്തിലെ എല്ലാ ജീവനക്കാരും സർക്കാർ ഉദ്യോഗസ്ഥർ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ വകുപ്പുകളിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്താൻ തയ്യാറാകുമോ; വിശദാംശം നൽകാമോ?

പരിശോധിച്ചുവരുന്നു.

## കുടുംബശ്രീ, സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ കരാർ ദീർഘിപ്പിക്കാൻ നടപടി

388(2340) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് വർഷം തുടർച്ചയായ സേവനമുള്ള കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ കരാർ ഒരു ദിവസം ബ്രേക്ക് വരുത്തി പുതുക്കുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആയത് പിൻവലിച്ച് ബ്രേക്കില്ലാതെ കരാർ ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്ന് 09-07-2019 -ലെ ജി.ഒ(പി)നം.81/2019/ധന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 13-12-2021-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനം 14 പ്രകാരം കുടുംബശ്രീയുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിക്കുമ്പോൾ, രണ്ട് അല്ലെങ്കിൽ മൂന്ന് ദിവസം ഇടവേള നൽകണമെന്ന് തീരുമാനമെടുത്ത് ആയതുപ്രകാരം സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സേവന വ്യവസ്ഥയിലും മേൽ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്.

(ബി) ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

വ്യക്തമാക്കാമോ?

സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ**

389(2341)ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് എന്തൊക്കെ പുതിയ ചുമതലകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്?

25-01-2022-ലെ ഡി.സി1/95/2021/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ വാർറൂം പ്രവർത്തനക്ഷമമാക്കുകയും ഗ്രാമപഞ്ചായത്തുകളിൽ ഹോം ഐസൊലേഷനിൽ തുടരുന്നവർക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആർ.ആർ.ടി.-കളുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ വാർഡുതല ആർ.ആർ.ടി-കളുടെ ശരിയായ നിരീക്ഷണവും ഏകോപനവും ഉറപ്പുവരുത്തുന്നതിനും ഓരോ ഗ്രാമപഞ്ചായത്തിലും ഹോം ഐസൊലേഷനിലുള്ള കോവിഡ് ബാധിതരുടെ ലിസ്റ്റുണ്ടാക്കുന്നതിനും

കോവിഡ് പോസിറ്റീവാകുന്നവരിൽ തീവ്ര ആരോഗ്യ പ്രശ്നങ്ങളുള്ളവരെ കണ്ടെത്തി രണ്ട് മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ടെലിമെഡിസിൻ സംവിധാനം ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ സഹായ സഹകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ജില്ലാതല കൺട്രോൾ റൂമുകൾ രൂപീകരിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി നിശ്ചിത ഇടവേളകളിൽ മീറ്റിംഗുകൾ നടത്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ആഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഗ്രാമപഞ്ചായത്തുകളിൽ ഏതൊക്കെ പുതിയ തസ്തികകൾ സൃഷ്ടിച്ചു?

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഗ്രാമപഞ്ചായത്തുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(സി) എത്ര ജീവനക്കാരാണ് പഞ്ചായത്ത് വകുപ്പിൽ ആകെയുള്ളതെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു+.

(ഡി) ജോലിഭാരം കൊണ്ടുള്ള ജീവനക്കാരുടെ ആത്മഹത്യ ഗ്രാമപഞ്ചായത്തുകളിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ ആവശ്യത്തിന് ജീവനക്കാരെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രാദേശിക സർക്കാരുകളുടെ നികുതി നികുതിയേതര വരുമാനങ്ങൾ

390(2342) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശിക സർക്കാരുകളുടെ നികുതി/നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പരിഷ്കാരങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ

391(2343) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ മഞ്ചേശ്വരം മണ്ഡലത്തിൽ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം പ്രാദേശിക വികസന ഫണ്ട്, എ.ഡി.എസ്. ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി എത്ര ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്) ഉപയോഗപ്പെടുത്തി 2016-21 കാലയളവിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളൊന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. എം.എൽ.എ. എൽ.എ.സി. -എ.ഡി.എസ്. ഫണ്ട് പ്രയോജനപ്പെടുത്തി മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ 53 കേന്ദ്രങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ച ഏജൻസിയുടെ പേര്, സ്ഥാപിച്ച സ്ഥലം എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ലൈറ്റുകളിൽ വാറന്റിയുള്ളവ, സ്ഥാപിച്ചിരിക്കുന്ന ലൊക്കേഷൻ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

(ബി&സി) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, തൃശ്ശൂർ എന്ന ഏജൻസിയാണ് ലൈറ്റുകൾ സ്ഥാപിച്ചത്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു+. കരാർ ഉടമ്പടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം പ്രസ്തുത ലൈറ്റുകൾ മുഴുവനായും 5 വർഷം ഗ്യാരന്റിയുള്ളവയാണ്.

(ഡി) വാറന്റിയുള്ള ലൈറ്റുകളിന്മേൽ പരാതികൾ പരിഹരിക്കുന്നതിന് ബന്ധപ്പെടേണ്ട അധികൃതരുടെ വിശദവിവരം ലഭ്യമാക്കുമോ?

പരാതികൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളിലെ പഞ്ചായത്ത് സെക്രട്ടറിമാരെയും ഗ്യാരന്റി കാലയളവിൽ നിർവ്വഹണ ഏജൻസിയെയും ബന്ധപ്പെടാവുന്നതാണ്.

## സോഫ്റ്റ്‌വെയറിലെ അപാകത

392(2344) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റനില വീടുകളുള്ളവർ രണ്ടാംനില കെട്ടുമ്പോൾ അവർക്ക് പുതുതായി നിർമ്മിച്ച രണ്ടാം നിലയ്ക്ക് പ്രത്യേക നമ്പർ ലഭിക്കാനും ടാക്സ് അടയ്ക്കുന്നതിനും ഒന്നാം നിലയ്ക്ക് വർഷങ്ങളായി അടച്ചുകൊണ്ടിരിക്കുന്ന ടാക്സും കൂടി പുതിയ നിരക്കിൽ അടച്ചാലേ നിലവിലെ സോഫ്റ്റ്‌വെയർ പ്രകാരം സാധിക്കുകയുള്ളൂവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സോഫ്റ്റ്‌വെയറിലെ ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഇല്ല. പുതുതായി നിർമ്മിച്ച രണ്ടാംനിലയ്ക്ക് മാത്രമായി പ്രത്യേക നമ്പർ നൽകി നികുതി നിർണ്ണയിക്കുമ്പോൾ, ആയത് ഒന്നാം നിലയുടെ നികുതിയെ ബാധിക്കുന്നതല്ല.

## കോവളം മണ്ഡലത്തിലെ പദ്ധതികൾ

393(2345) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ തദ്ദേശസ്വയംഭരണ ഗ്രാമവികസന വകുപ്പുകളിൽ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായിട്ടുള്ളവ ഏതെല്ലാമാണെന്നും ഇനിയും ആരംഭിക്കാനുള്ളവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

(എ&ബി) കോവളം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയ MLA-ADS, MLA-SDF പദ്ധതികളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

## സി.ഡി.എസ്. അക്കൗണ്ടന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

394(2346) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുടുംബശ്രീ മിഷനുകീഴിൽ സി.ഡി.എസ്. അക്കൗണ്ടന്റുമാരായി 12 വർഷക്കാലമായി തുടർച്ചയായി ജോലി ചെയ്യുന്നവർക്ക് ഒരുദിവസത്തെ സർവ്വീസ് ബ്രേക്ക് വരുത്തിയശേഷം സർവ്വീസ് നീട്ടിനൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയത് പുനഃപരിശോധിക്കുമോ?

കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ നിയമനം ഒരു വർഷത്തേയ്ക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്ന് 09-07-2019 -ലെ ജി.ഒ(പി)നം.81/2019/ധന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 13-12-2021-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനം 14 പ്രകാരം കുടുംബശ്രീയുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിക്കുമ്പോൾ, രണ്ട് അല്ലെങ്കിൽ മൂന്നുദിവസം ഇടവേള നൽകണമെന്ന് തീരുമാനമെടുത്ത് ആയതുപ്രകാരം സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സേവന വ്യവസ്ഥയിലും മേൽ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്.

(ബി) സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് അഞ്ചുവർഷമായി ശമ്പള വർദ്ധനവില്ലെന്നും ഇവർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ലെന്നുമുള്ള സ്ഥിതി പരിശോധിച്ച് ശമ്പള വർദ്ധനവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഇൻഫർമേഷൻ കേരള മിഷൻ

395(2347) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഫർമേഷൻ കേരള മിഷനെന്ന സ്ഥാപനത്തെ ലോകോത്തര മികവുറ്റ രീതിയിൽ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുകയും ആയവ പരിപാലിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ഐ.കെ.എം. നിലവിൽ നിർവ്വഹിച്ചു വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.കെ.എം. മുഖേന നടക്കുന്ന

കമ്പ്യൂട്ടർവത്കരണവും കടലാസ്രഹിത ഫയൽ തീർപ്പ് സംവിധാനവും സമഗ്ര ഓൺലൈൻ സേവന വിതരണ സംവിധാനവും നടപ്പിലാക്കുന്നതിന് ഇ-ഗവേണൻസ് കൺസോർഷ്യവും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും രൂപീകരിച്ചുകൊണ്ടും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഹെഡ്ഡായും ഐ.കെ.എം.-ന്റെ ചീഫ് മിഷൻ ഡയറക്ടറായും ഡോ. സന്തോഷ് ബാബു IAS (Rtd) നെ നിയമിച്ചുകൊണ്ടും സ.ഉ(കൈ) നം.27/2022/തസ്വഭവ തീയതി 18-02-2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.(പകർപ്പ് അനുബന്ധമായി ചേർക്കുന്നു+) 3 വർഷത്തേക്കാണ് പദ്ധതിയുടെ കാലാവധി. 10 മാസത്തിനുള്ളിൽ തന്നെ പ്രാഥമിക deliverable ഡെലിവറബിളുകളായി ഏകീകൃത സിറ്റിസൻ സർവ്വീസ് പോർട്ടലും ജനസേവനത്തിനും ഓഫീസ് പ്രവർത്തനത്തിനും ഏറ്റവും അത്യന്താപേക്ഷിതമായ ഓഫീസ് തയ്യാറാക്കിയെടുക്കാനും സോഫ്റ്റ്‌വെയർ പരിപൂർണ്ണമായും സജ്ജമാക്കി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതോടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രവർത്തനം അവസാനിപ്പിക്കുവാനും തുടർ വികസനവും പരിപാലനവും ഐ.കെ.എം.-നെ ഏൽപ്പിക്കാനുമാണ് ടി പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഐ.കെ.എം.-നെ ലോകോത്തര ഐ.ടി സൊല്യൂഷൻ പ്രൊവൈഡറായി രൂപാന്തരപ്പെടുത്തുകയെന്നതും ഈ കർമ്മ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നു.

## തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി

396(2348) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി നിലവിൽ തുടരുന്നുണ്ടോ; എങ്കിൽ എം.എൽ.എ.-മാർക്ക് പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് അനുമതിയുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ 1000 കോടി രൂപയുടെ റോഡ് പുനരുദ്ധാരണ പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ ആകെ 5108 പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഇവയിൽ 3114 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയിലെ ടാറിംഗ് പ്രവൃത്തികൾക്കാവശ്യമായി വരുന്ന ബിറ്റുമിൻ എക്സസ് കോസ്റ്റ് കൂടി ടി പദ്ധതിയിൽ വകയിരിത്തിയിരിക്കുന്ന തുകയിൽ നിന്നാണ് കണ്ടെത്താനുള്ളത്. ആയതിനാൽ പുതിയ പ്രവൃത്തികൾ/പ്രൊപ്പോസലുകൾക്ക് അനുമതി നല്കുന്നത് പരിഗണനയിലില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ

പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു+.

## സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ

397(2349) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ യാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പഞ്ചായത്തുകളുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ;

(ബി) കോവിഡ് നിയന്ത്രണം കാരണം നിരത്തിലിറങ്ങാതിരുന്ന പ്രസ്തുത വാഹനങ്ങൾ നന്നാക്കുന്നതിന് ആവശ്യമായ സഹായം നൽകാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) സ്കൂളുകൾക്കുവേണ്ടി വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം, മറ്റാവർത്തന ചെലവുകൾ എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലെ സ്ഥിതിയിൽ സർക്കാർ സ്കൂളുകളുടെ വാഹനങ്ങളുടെ ആവർത്തന ചെലവുകൾ ഏറ്റെടുക്കുന്നതുമൂലമുള്ള ഭാരിച്ച സാമ്പത്തികബാധ്യത തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് താങ്ങാൻ കഴിയുന്നതല്ല എന്നതിനാൽ പ്രസ്തുത വാഹനങ്ങൾ നന്നാക്കുന്നതിന് ആവശ്യമായ സഹായം നൽകാൻ പഞ്ചായത്തുകൾക്ക് അനുമതി നല്കുന്ന വിഷയം പരിഗണനയിലില്ല.

**ആദിവാസി മേഖലയിലെ പദ്ധതികൾ**

398(2350) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ 2010 മുതൽ 2022 വരെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; തുക അനുവദിച്ചതും ചെലവഴിച്ചതും സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+. അനുബന്ധം 1 (പഞ്ചായത്ത് വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ) അനുബന്ധം 2 (നഗരകാര്യ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ) അനുബന്ധം 3 (ഗ്രാമവികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ)

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സാമൂഹിക അടുക്കള പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ആരംഭകാലം മുതൽ ഇതുവരെ അട്ടപ്പാടിയിൽ ആകെ എത്ര തുക ചെലവഴിച്ചുവെന്നും ഒരോ വർഷവും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച സാമൂഹിക അടുക്കള പദ്ധതിയുമായി ബന്ധപ്പെട്ട് 2020-ൽ ആകെ 261944/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ഷോളയൂർ ഗ്രാമപഞ്ചായത്ത്- 162333 രൂപ, പുതുർ ഗ്രാമപഞ്ചായത്ത് - 99611 രൂപ) 2021-ൽ അകെ ചെലവഴിച്ച തുക - 1303701 രൂപ. (ഷോളയൂർ ഗ്രാമപഞ്ചായത്ത് -512000 രൂപ, പുതുർ ഗ്രാമപഞ്ചായത്ത് -356000 രൂപ, അഗളി ഗ്രാമപഞ്ചായത്ത് -435701 രൂപ)

(സി) അട്ടപ്പാടിയിൽ സാമൂഹിക അടുക്കള പദ്ധതി നടപ്പാക്കിയതേത് ഏജൻസി വഴിയാണെന്ന് വെളിപ്പെടുത്താമോ; പോഷകാഹാര വിതരണത്തിനായി അട്ടപ്പാടിയിൽ 2006-07 മുതൽ 2022 ഇതുവരെ ആകെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര രൂപ ചെലവഴിച്ചു; ഈ പദ്ധതി നടപ്പാക്കിയത് ഏത് ഏജൻസി വഴിയാണ്; അറിയിക്കുമോ?

അട്ടപ്പാടിയിൽ സാമൂഹിക അടുക്കള പദ്ധതി നടപ്പിലാക്കിയത് കുടുംബശ്രീ വഴിയാണ് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പൂരക-പോഷകാഹാര വിതരണത്തിനായി അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകൾ 2006-07 മുതൽ 11-03-2022 വരെ ചെലവഴിച്ച തുക പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | തുക |
|---|---|
| അഗളി | 76,99,90,499 |
| ഷോളയൂർ | 9,89,58,768 |
| പുതൂർ | 6,11,23,512 |
| ആകെ | 93,00,72,779 |

## പാർക്കിംഗ് ഫീസ് പിരിവ്

399(2351)<u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എം.ബി.ആർ., കെ.പി.ബി.ആർ. എന്നിവ

പ്രകാരം നിർമ്മിച്ച കെട്ടിടങ്ങളിൽ ഉപഭോക്താക്കളിൽനിന്നും വാഹന പാർക്കിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളിലെ വ്യവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കെ.എം.ബി.ആർ., കെ.പി.ബി.ആർ. എന്നിവ പ്രകാരം നിർമ്മിച്ച കെട്ടിടങ്ങളിൽ ഉപഭോക്താക്കളിൽനിന്നും വാഹന പാർക്കിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) ഇപ്രകാരം പാർക്കിംഗ് ഫീസ് ഈടാക്കുന്നതിൽ നിന്നും ഏതെല്ലാം വാണിജ്യ സ്ഥാപനങ്ങൾക്കിളവ് നല്കിയിട്ടുണ്ടെന്നും അത്തരത്തിൽ ഇളവ് നൽകുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോയെന്നും വെളിപ്പെടുത്തുമോ?

പാർക്കിംഗ് ഫീസ് ഈടാക്കുന്നതിൽനിന്നും സ്ഥാപനങ്ങൾക്കിളവ് നൽകുന്നത് സംബന്ധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) പാർക്കിംഗ് ഫീസ് പിരിക്കുന്നത് കെ.എം.ബി.ആർ., കെ.പി.ബി.ആർ. ചട്ടങ്ങൾക്ക് വിരുദ്ധമാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാർക്കിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിച്ച

പരാതികളിന്മേൽ അന്വേഷണം നടത്തി അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലൈബ്രേറിയൻമാരുടെ റേഷ്യോ പ്രൊമോഷൻ**

400(2352) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സീനിയർ ഗ്രേഡായി റേഷ്യോ പ്രൊമോഷൻ കിട്ടിയ ലൈബ്രേറിയന്മാരെ 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് റൂളിലെ ക്രമനമ്പർ രണ്ടായ ഭരണഘടനയിലെ നോട്ട് 1-ൽ പ്രതിപാദിച്ചിട്ടുള്ള ഗ്രൂപ്പ് 3-ലെ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 2 -ൽ ഗ്രൂപ്പ് III പ്രകാരമുള്ള ലൈബ്രേറിയൻ ഗ്രേഡ് I, ലൈബ്രേറിയൻ ഗ്രേഡ് II, ലൈബ്രേറിയൻ ഗ്രേഡ് III, ലൈബ്രേറിയൻ ഗ്രേഡ് IV എന്നീ 4 വിഭാഗങ്ങളാണുള്ളത്. എന്നാൽ 25-03-2006-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 145/2006/ധന പ്രകാരം ടി തസ്തിക 3 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ലൈബ്രേറിയൻ ഗ്രേഡ് I തസ്തിക ലൈബ്രേറിയൻ സെലക്ഷൻ ഗ്രേഡെന്നും ലൈബ്രേറിയൻ ഗ്രേഡ് II, ലൈബ്രേറിയൻ ഗ്രേഡ് III എന്നീ

തസ്തികകൾ സംയോജിപ്പിച്ച് ലൈബ്രേറിയൻ സീനിയർ ഗ്രേഡെന്നും ലൈബ്രേറിയൻ ഗ്രേഡ് IV ലൈബ്രേറിയനെന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്.

(ബി) 1994 -ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് റൂളിലെ ക്രമ നമ്പർ രണ്ടായ ഭരണഘടനയിലെ നോട്ട് ഒന്നിൽ പ്രതിപാദിച്ചിട്ടുള്ള ഗ്രൂപ്പ് മൂന്നിലെ 1 മുതൽ 3 വിഭാഗത്തിനെയും സംസ്ഥാന തലത്തിൽ പരിഗണിച്ചിട്ടുള്ളതും എന്നാൽ സീനിയർ ഗ്രേഡായി പ്രൊമോഷൻ കിട്ടിയ ലൈബ്രേറിയന്മാരെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

06-02-2013-ലെ സർക്കാർ ഉത്തരവ് (അച്ചടി) 5/2013/ഉഭപവ പ്രകാരം ജില്ലയിൽ ഒരു വർഷത്തിലുണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമാണ് അന്തർജില്ലാ സ്ഥലംമാറ്റത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ളത്. അത്തരത്തിൽ ലൈബ്രേറിയൻ തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

## സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിലെ ബില്ലുകൾ മാറുന്നതിലെ കാലതാമസം

401(2353) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലുകൾ സമർപ്പിച്ചിട്ടും അവ മാറുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) കാലവിളംബം കൂടാതെ ബില്ലുകൾ മാറുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) തദ്ദേശസ്വംയഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജീവനക്കാരുടെ പരിമിതിയും ഓഫീസിലെ അമിത ജോലി ഭാരവും 14 ജില്ലകളിൽ നിന്നുള്ള CMLRRP പ്രവൃത്തികളുടെ ബിൽ തുക കൈമാറുന്നതിൽ കാലതാമസം വരുത്തിയിരുന്നു. ടി കാലതാമസം ഒഴിവാക്കുന്നതിനായി ബിൽ തുക ജില്ലാതല എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വഴി കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിനായുള്ള എല്ലാ ക്രമീകരണങ്ങളും ജില്ലാതലത്തിൽ പൂർത്തിയായിട്ടുള്ളതുമാണ്.

**പ്രൈമറി പാലിയേറ്റീവ് നഴ്സുമാരെ സ്ഥിരപ്പെടുത്താൻ നടപടി**

402(2354) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് വർഷത്തിലേറെയായി പഞ്ചായത്തുകളിൽ ജോലി നോക്കിവരുന്ന പ്രൈമറി പാലിയേറ്റീവ് നഴ്സുമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കരാർ അടിസ്ഥാനത്തിലോ താൽക്കാലികാടിസ്ഥാനത്തിലോ നിയമനം ലഭിച്ചവരെ അവർ ദീർഘകാലാടിസ്ഥാനത്തിൽ ജോലി നോക്കുന്നവരാണെങ്കിൽപോലും സ്ഥിരപ്പെടുത്തുന്നതിന് ബഹു. കോടതി വിധികൾമൂലവും മറ്റും നിയമപരമായ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്.

(ബി) പാലിയേറ്റീവ് നഴ്സുമാരുടെ അടിസ്ഥാനയോഗ്യതയായ എ.എൻ.എം. കോഴ്സ് പാസ്സായവർക്കും അല്ലാത്തവർക്കും ഒരേ ശമ്പളമാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോഴ്സ് പാസ്സായവരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. പരിഗണനയിലില്ല.

## സ്ത്രീസൗഹൃദ പൊതുശൗചാലയങ്ങളും കംഫർട്ട് സ്റ്റേഷനുകളും

403(2355) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന

ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പൊതുയിടങ്ങളിൽ ഉപയോഗക്ഷമവും സ്ത്രീ സൗഹൃദവുമായ പൊതുശൗചാലയങ്ങളും നാഷണൽ ഹൈവെ കടന്നുപോകുന്ന പഞ്ചായത്തുകളിൽ കംഫർട്ട് സ്റ്റേഷനുകളും നിർമ്മിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു. 'ടേക്ക് എ ബ്രേക്ക്' പദ്ധതിക്കുകീഴിൽ ആധുനിക സൗകര്യങ്ങളോടുകൂടിയവ ഉൾപ്പെടെ സ്ത്രീസൗഹൃദവും ഉപയോഗക്ഷമവുമായ 451 പൊതു ശൗചാലയങ്ങൾ നാഷണൽ ഹൈവേ കടന്നുപോകുന്ന പഞ്ചായത്തുകളിൽ ഇതിനോടകം പൂർത്തീകരിക്കുകയും അവയിൽ 287 ടോയ്‌ലെറ്റുകൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

**വാതിൽപ്പടി സേവന പദ്ധതി**

404(2356)ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതിൽപ്പടി സേവന പദ്ധതിയിലേക്ക് കോഴിക്കോട് ജില്ലയിൽ

നിന്നും ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ വാതിൽപ്പടി സേവന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത് അരിക്കുളം കൊടിയത്തൂർ ഗ്രാമപഞ്ചായത്തുകളിലാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധപ്രവർത്തകർക്ക് യൂണിഫോം, തിരിച്ചറിയൽ രേഖ, മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെ ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങൾ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

വാതിൽപ്പടി സേവനം പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധപ്രവർത്തകർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്. യൂണിഫോം നൽകുന്നില്ല.

(സി) പ്രസ്തുത സന്നദ്ധപ്രവർത്തകരുടെ നിയന്ത്രണം, ക്രമീകരണം എന്നിവ ആരുടെ കീഴിലായിരിക്കുമെന്ന് വ്യക്തമാക്കാമോ?

വാതിൽപ്പടി സേവന പദ്ധതിയുടെ സന്നദ്ധ പ്രവർത്തകരുടെ മേൽനോട്ട നിയന്ത്രണ ചുമതല പദ്ധതി നടത്തിപ്പിനായി വാർഡ്/ഡിവിഷൻ തലത്തിലും തദ്ദേശസ്ഥാപനതലത്തിലും രൂപീകരിച്ചിട്ടുള്ള സമിതികൾക്കാണ്.

## ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ സേവനം

405(2357) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ പതിനാല് ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് ഐ.ബി.(1)339/ 2021/എൽ.എസ്.ജി.ഡി. ഫയലിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

23-12-2020-ലെ സ.ഉ. (കൈ)നം.198/2020/എൽ.എസ്.ജി.ഡി പ്രകാരം 14 ജില്ലാപഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടിട്ടുള്ള ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഇവരുടെ സേവനം പൂർണ്ണമായും ജില്ലാപഞ്ചായത്തിൽ ഉറപ്പുവരുത്തണമെന്ന നിബന്ധനയോടെ ജില്ലാപഞ്ചായത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്ന മാതൃകയിൽ ("3604-00-200-83-03-General Purpose Fund-6th State Finance Commission - District Panchayat -NPV") ജില്ലാപഞ്ചായത്തിൽനിന്നും നൽകാൻ 4-03-2022-ലെ സ.ഉ. (കൈ)നം.45/2022/തസ്വഭവ പ്രകാരം (പകർപ്പ് അനുബന്ധമായി

ചേർക്കുന്നു[+].) ഐ.ബി1/339/2021/എൽ.എസ്.ജി.ഡി ഫയലിൽ ഉത്തരവായിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും പ്രത്യേക പാക്കേജുകളുടെയും ജില്ലാ തല ഏകോപനം, മേൽനോട്ടം എന്നിവയ്ക്കായി ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ സേവനം ജില്ലാ ഓഫീസുകളിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ജില്ലാപഞ്ചായത്തുകളിലേയ്ക്ക് കൈമാറപ്പെട്ട ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ച് നൽകുന്ന വിഷയം IB1/58/2022/തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ഈ വിഷയത്തിൽ അന്തിമതീരുമാനമായിട്ടില്ല.

**ജനകീയ ഹോട്ടലുകൾ**

406(2358) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി കുടുംബശ്രീ ഹോട്ടലുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാരിന്റെ ജനക്ഷേമ പദ്ധതിയായ 'വിശപ്പുരഹിത കേരളം' പദ്ധതി മുഖേന പൊതുജനത്തിന് പ്രത്യേകിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും അഗതികൾക്കും നിരാലംബർക്കും വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും എല്ലാ ദിവസവും ഉച്ചഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ വിതരണം ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി 1180 ജനകീയ ഹോട്ടലുകൾ കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. തുടർന്നും ആവശ്യകതയും പ്രാദേശിക സാധ്യതയും അനുസൃതമായി കൂടുതൽ ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജനകീയ ഹോട്ടലുകൾക്കായി സർക്കാർ എത്ര കോടി രൂപയുടെ സഹായം നൽകി; വിശദാംശം അറിയിക്കാമോ?

ജനകീയ ഹോട്ടലുകൾക്കായി സർക്കാർ നാളിതുവരെ 73.64 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

| സാമ്പത്തിക വർഷം | അനുവദിക്കപ്പെട്ട തുക |
|---|---|
| 2019-20 | 23.64 കോടി രൂപ |
| 2021-22 | 50 കോടി രൂപ |
| **ആകെ** | **73.64 കോടി** |

**ലൈഫ് ഭവന പദ്ധതി**

407(2359) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ആകെ എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കി കൈമാറുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും ഇതിൽ എസ്.സി./എസ്.ടി., മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗക്കാർക്ക് എത്ര വീടുകൾ ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ഭാഗമായി ആകെ 2,79,465 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി 66,665 വീടുകളുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 25,015 വീടുകളുടെയും മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്കായി 6,669 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അഞ്ചുവർഷംകൊണ്ട് എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷപദ്ധതി പ്രകാരം ഒരുവർഷം ഒരു

ലക്ഷം വീടുകൾ എന്ന നിലയിൽ അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തെ അർഹരായ 5 ലക്ഷം കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2021-22 വർഷത്തിൽ പൊതുവിഭാഗത്തിൽ നിന്നും 40,000 വീടുകളും പട്ടികജാതി വിഭാഗത്തിൽ നിന്ന് 40,000 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 15,000 വീടുകളും മത്സ്യത്തൊഴിലാളി വിഭാഗത്തിൽനിന്നും 5,000 വീടുകളും ഉൾപ്പെടെ ആകെ ഒരുലക്ഷം വീടുകളുടെ നിർമ്മാണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 17,334 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ട് 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഭൂമിയുള്ള ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനായി ലൈഫ് 2020 പ്രകാരം പുതിയ അപേക്ഷകൾ ക്ഷണിച്ചതിൻ പ്രകാരം സംസ്ഥാനത്ത് 9,20,260 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ലൈഫ് അർഹതാ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ടി അപേക്ഷകരിൽനിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള ഫീൽഡ്തല പരിശോധന പൂർത്തിയാക്കി ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലും നഗരസഭകളിൽ

കുടുംബശ്രീ മുഖേനയും അപേക്ഷകൾ പുന:പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 30-04-2022-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.

## സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സേവനസ്ഥിരതയും വേതനവർദ്ധനവും

408(2360) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009 മുതൽ കുടുംബശ്രീ മിഷനുകീഴിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി ജോലി ചെയ്തുവരുന്ന സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സേവന, വേതന വ്യവസ്ഥകൾ വിശദമാക്കുമോ?

കുടുംബശ്രീവഴി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സി.ഡി.എസ്.-നെ സഹായിക്കുന്നതിനും സി.ഡി.എസ്.-ന്റെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും കുടുംബശ്രീ, എം.ഐ.എസ്. കൃത്യമായി നാളതീകരിക്കുന്നതിനുംവേണ്ടി എല്ലാ സി.ഡി.എസ്.-കളിലും

30-05-2009-ലെ സ.ഉ.(എം.എസ്) നം. 93/2009/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കരാറടിസ്ഥാനത്തിൽ അക്കൗണ്ടന്റുമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 5000/- രൂപ പ്രതിമാസം ഓണറേറിയത്തിലാണ് ഇവരെ നിയമിച്ചത്. തുടർന്ന് ഇവരുടെ വേതനം 2013-ൽ 6000/- രൂപയായും 2015-ൽ 8000/- രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 09-06-2017-ലെ സ.ഉ. (എം.എസ്)നം 110/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനമാണ് സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് നൽകിവരുന്നത്. ഇതുപ്രകാരം സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ കുറഞ്ഞ പ്രതിമാസ വേതനം 12000/- രൂപയായും ടി തസ്തികയിൽ അഞ്ചുവർഷം പൂർത്തീകരിച്ചവർക്ക് 13,000/- രൂപയായും വേതനം വർദ്ധിപ്പിച്ചിരുന്നു. കൂടാതെ 750/- രൂപ വാർഷിക വേതനവർദ്ധനവും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) പന്ത്രണ്ട് വർഷക്കാലമായി ജോലി ചെയ്തുവരുന്ന ഇവർക്ക് സർവ്വീസ് ബ്രേക്കില്ലാതെ സേവനസ്ഥിരത അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് അഞ്ച് വർഷത്തിലേറെയായി മിനിമം വേതനമോ ശമ്പള വർദ്ധനവോ

ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉചിതമായ വേതന വർദ്ധനവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ നിയമനം ഒരുവർഷത്തേയ്ക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്ന് 09-07-2019-ലെ ജി.ഒ(പി)നം.81/2019/ധന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 13-12-2021-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനം 14 പ്രകാരം കുടുംബശ്രീയുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിക്കുമ്പോൾ, രണ്ട് അല്ലെങ്കിൽ മൂന്നുദിവസം ഇടവേള നൽകണമെന്ന് തീരുമാനമെടുത്ത് ആയതുപ്രകാരം സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സേവന വ്യവസ്ഥയിലും മേൽ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്. 2017 ജൂണിലെ ഉത്തരവ് പ്രകാരം വേതനം പരിഷ്കരിച്ച് നൽകി.

## ഡയാലിസിസിന് സഹായം നൽകുന്ന പദ്ധതി

409(2361) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാത്തതിനാൽ രോഗികൾ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡയാലിസിസ് രോഗികൾക്ക് ആശ്വാസമേകുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് മരുന്ന്, ഉപകരണങ്ങൾ, നഴ്സിംഗ് പരിചരണം, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കുന്നതിന് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നിലവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സാധ്യമാണ്. പ്രസ്തുത പദ്ധതിയിലേയ്ക്ക് വൃക്ക രോഗികളെയും പരിഗണിക്കുന്നുണ്ട്. വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിക്കായി സമർപ്പിക്കുകയും ആയത് പരിശോധിച്ച്

അംഗീകാരം നൽകിവരികയും ചെയ്യുന്നുണ്ട്. പ്രതിമാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രി മുഖേന ഇപ്രകാരം നൽകുന്നതിന് വ്യവസ്ഥയുണ്ട്. സംസ്ഥാനത്താകെ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത പദ്ധതിയായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത പദ്ധതിയായി ഉൾപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മാനന്തവാടി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

410(2362)ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെട്ട റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഓരോ റോഡിന്റെയും നിർമ്മാണ

പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുന്ന മൂളിത്തോട് കാവാട്ടുകുഴി റോഡ് നിർമ്മാണം പൂർത്തിയാക്കി ബില്ല് അനുവദിച്ചിട്ടുണ്ട്. റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ട താന്നിക്കൽ-പച്ചമ്പള്ളി റോഡ്, എരുമത്തെരുവ്-ചൂട്ടക്കടവ് റോഡ് എന്നീ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നൽകി സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കരാർ വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം

411(2363) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഗരസഭകളിലെ ധനകാര്യ വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിലെ 5 വകുപ്പുകളുടെയും സംസ്ഥാന ഓഫീസുകളുടെയും ജില്ലാ ഓഫീസുകളുടെയും ഏകീകരണമാണ് പ്രാരംഭ ഘട്ടത്തിൽ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് നഗരസഭകളിലെ ധനകാര്യ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർഘട്ടത്തിൽ സ്വീകരിക്കും.

(ബി) കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച നഗരസഭകളിലെ ഫിനാൻസ് ഓഫീസർ, ലീഗൽ ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പൊതുസർവ്വീസിന്റെ ഭാഗമായി നഗരസഭകളിൽ ഫിനാൻസ് ഓഫീസർ, ലീഗൽ ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള ജീവനക്കാരുടെ ജോലി വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാമാസവും പെർഫോർമൻസ് ഓഡിറ്റ് വിഭാഗം പരിശോധന നടത്തുകയും ഓഫീസ്

സംവിധാനത്തിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ജീവനക്കാരുടെ ജോലി വിലയിരുത്തി ഗുരുതര സ്വഭാവമുള്ള വിഷയങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ റീജിയണൽ ഓഫീസുകളിൽ റിപ്പോർട്ട് ചെയ്യുന്നുമുണ്ട്.

**പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിംഗ്**

412(2364)ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയതായി രൂപീകരിക്കുന്ന പൊതുസർവ്വീസിലെ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിംഗിലേക്ക് പരിസ്ഥിതി പഠന ശാസ്ത്ര വിഷയങ്ങളിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ നേടിയവരുടെ വൈദഗ്ധ്യം കൂടി പ്രയോജനപ്പെടുത്തുന്ന രീതിയിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുമോ; വിശദാംശം നൽകുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിംഗിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## പഞ്ചായത്തുകളിലെ താൽക്കാലിക ഓവർസിയർമാരുടെ നിയമനം

413(2365) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ താൽക്കാലിക ഓവർസിയർമാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; നിലവിൽ എത്ര താൽക്കാലിക ഓവർസിയർമാർ പഞ്ചായത്തുകളിൽ ജോലി ചെയ്തുവരുന്നുയെന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനത്തിന് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അവശ്യഘട്ടത്തിൽ ദിവസ വേതനടിസ്ഥാനത്തിൽ പത്രപരസ്യം നൽകി അഭിമുഖം നടത്തി പഞ്ചായത്ത് ഭരണസമിതി ഓവർസിയർമാരെ നിയമിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ല | താത്കാലിക ഓവർസിയർമാരുടെ എണ്ണം |
|---|---|

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | 4 |
| ആലപ്പുഴ | 29 |
| കോട്ടയം | 33 |
| ഇടുക്കി | 21 |
| എറണാകുളം | 4 |
| തൃശ്ശൂർ | 19 |
| പാലക്കാട് | 25 |
| മലപ്പുറം | 33 |
| കോഴിക്കോട് | 24 |
| വയനാട് | 5 |
| കണ്ണൂർ | 18 |
| കാസർഗോഡ് | 3 |

ഇടുക്കി ജില്ലയിൽ 7 പേരും എറണാകുളം ജില്ലയിൽ 12 പേരും തൃശ്ശൂർ ജില്ലയിൽ 17 പേരും കോഴിക്കോട് ജില്ലയിൽ 30 പേരും വയനാട് ജില്ലയിൽ 5 പേരും കാസർഗോഡ് ജില്ലയിൽ 14 പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഓവർസിയർ തസ്തികയിൽ താത്കാലിക നിയമനം നേടിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകളിലെ താൽക്കാലിക ഓവർസിയർമാരെ റിക്രൂട്ട് ചെയ്യുകയും നിയമിക്കുകയും ചെയ്യുന്ന അധികാരി ആരാണെന്നും എത്ര വർഷത്തേക്കാണ് ഇവരെ നിയമിക്കുന്നതെന്നും വ്യക്തമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനത്തിന് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അവശ്യഘട്ടത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ പത്രപരസ്യം നൽകി അഭിമുഖം നടത്തി പഞ്ചായത്ത് ഭരണ സമിതി ഓവർസിയർമാരെ നിയമിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനം 179 ദിവസത്തേക്കാണ്.

(സി) സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും പത്ത് വർഷത്തിലധികമായി ജോലി നോക്കിവരുന്ന താൽക്കാലിക ഓവർസിയർമാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കരാർ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ വർഷങ്ങളായി ജോലി നോക്കുന്ന താൽക്കാലിക ഓവർസിയർമാർ പൊതുജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി & ഡി) ഇല്ല.

(ഇ) പഞ്ചായത്തുകളിൽ താൽക്കാലിക ഓവർസിയർമാരായി നിയമനം

ലഭിച്ചവരെ പിരിച്ചുവിടാനും താൽക്കാലിക ഓവർസിയർമാരുടെ നിയമനങ്ങൾ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

അപ്രകാരമൊരു പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**വകുപ്പുകളുടെ സംയോജനവും പ്രൊമോഷൻ ആനുകൂല്യങ്ങളും**

414(2366) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വകുപ്പുകളുടെ സംയോജനം നടക്കുമ്പോൾ എൽ.ഐ.ഡി. & ഇ.ഡബ്ല്യു. (എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം) വിംഗിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് യാതൊരു വിധത്തിലുള്ള പ്രൊമോഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 17-07-2020-ലെ സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ പ്രകാരം ഏകീകരണ ഉത്തരവ് തീയതിക്ക് മുമ്പ് സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവ്വീസിലും പ്രവേശിച്ച ഓരോ ജീവനക്കാരനും സർവ്വീസിൽനിന്നും പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള

Seniority-യും lien-ഉം നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രൊമോഷനുകൾക്കും അർഹതയുണ്ടായിരിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. അർഹമായ എല്ലാ പ്രൊമോഷൻ ആനുകൂല്യങ്ങളും എഞ്ചിനീയറിംഗ് വിംഗിലെ മിനിസ്റ്റീരിയൽ വിഭാഗത്തിനും ലഭിക്കുന്നതാണ്.

(ബി) വിവിധ വകുപ്പുകളിൽനിന്നും ഓപ്ഷൻ മുഖേന വന്ന ജീവനക്കാരെ ഉൾപ്പെടുത്തി രൂപീകരിച്ച മിനിസ്റ്റീരിയൽ വിഭാഗത്തിനായുള്ള സ്പെഷ്യൽ റൂൾ/കേഡർ എന്നിവയുടെ രൂപീകരണം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ?

വിവിധ വകുപ്പുകളിൽനിന്നും ഓപ്ഷൻ മുഖേന വന്ന ജീവനക്കാരെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിൽ രൂപീകരിച്ച മിനിസ്റ്റീരിയൽ വിഭാഗത്തിനായി സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള കേഡർ സംവിധാനം അനുബന്ധമായി ചേർക്കുന്നു+.

(സി) മറ്റുവകുപ്പുകളിലുള്ളതുപോലെയുള്ള പ്രൊമോഷൻ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് അനുവദിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഓരോ വകുപ്പുകളിലേയും പ്രൊമോഷൻ സാധ്യതകൾ വ്യത്യസ്തമാണ്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സ്റ്റാഫ് പാറ്റേൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരമാണ് നിലവിൽ ടി വകുപ്പിൽ പ്രൊമോഷൻ നടക്കുന്നത്.

## സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ

415(2367) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്നും പ്രസ്തുത ഒഴിവുകളെന്ന് മുതൽ ഉണ്ടായിട്ടുള്ളതാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഗ്രാമവികസന വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം | ഒഴിവ് വന്ന തീയതി |
|---|---|---|
| പത്തനംതിട്ട | 1 | 24.02.2022 |
| ഇടുക്കി | 4 | 10.02.2022 |
| തൃശ്ശൂർ | 2 | 14.02.2022,<br>18.02.2022 |
| കോഴിക്കോട് | 2 | 03.02.2022 |
| **ആകെ** | **9** | |

(ബി) സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ

അനുവദിക്കാത്തതിനാൽ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജില്ലകളിൽ 1:1 റേഷ്യോ പ്രകാരമാണ് ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകൾ അനുവദിച്ചിട്ടുള്ളത്. സംസ്ഥാനതല അനുപാതം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമവികസന കമ്മീഷണറേറ്റിലെയും ഗ്രാമവികസന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചിട്ടുള്ള 11 ജീവനക്കാരെയും ഉൾപ്പെടുത്തി സംസ്ഥാനതല അനുപാതം 1:1 ആയി പുന:ക്രമീകരിച്ച് 18-01-2022-ൽ 14831/എസ്റ്റാ.സി3/2019/സി.ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ ക്രമീകരിച്ചിട്ടുള്ള ജീവനക്കാരിൽ പുനർവിന്യാസത്തിൽ തുടരുന്ന 9 സീനിയർ ക്ലാർക്കുമാർ ഉൾപ്പെട്ടിട്ടുള്ളതിനാലാണ് ഈ ഒഴിവുകൾ നിലവിൽ വന്നത്. അത് റേഷ്യോയെക്കാൾ അധികമായുള്ളതാണ്. ആയതിനാൽ നിലവിൽ സംസ്ഥാനതലത്തിൽ സ്ഥാനക്കയറ്റത്തിലൂടെ ഈ ഒഴിവുകൾ നികത്തുവാൻ കഴിയുകയില്ല. ജില്ലാതലത്തിലുള്ള ഈ ഒഴിവുകൾ ഗ്രാമവികസന വകുപ്പിൽനിന്നും മറ്റ് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ പുനർവിന്യസിച്ചിട്ടുള്ള സീനിയർ ക്ലാർക്കുമാരെ സർക്കാർ അനുമതിയോടുകൂടി

പുന:ക്രമീകരിച്ച് മാത്രമേ നികത്താൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം പുന:ക്രമീകരിക്കുമ്പോഴുണ്ടാകുന്ന ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചതിനുശേഷം നാളിതുവരെ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കാത്തവരുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഗ്രാമവികസന കമ്മീഷണറുടെ 05-03-2022-ലെ 15222/എസ്റ്റാ.സി3/2018/സി.ആർ.ഡി ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള ശ്രീമതി രഹന ഇബ്രാഹിം സേവനത്തിൽ പ്രവേശിക്കാനുണ്ട്. ടിയാളെ വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബ്ലോക്ക് പഞ്ചായത്തുകളിൽ ജോലി ചെയ്യാതെ തുടർച്ചയായി അഞ്ചുവർഷത്തിലധികം മറ്റ് ഓഫീസുകളിൽ ജോലി ചെയ്തുവരുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലുള്ള ജീവനക്കാരുടെ വിവരങ്ങൾ നൽകുമോ?

ബ്ലോക്ക് പഞ്ചായത്തുകളിൽ ജോലി ചെയ്യാതെ തുടർച്ചയായി അഞ്ച്

വർഷത്തിലധികം മറ്റ് ഓഫീസുകളിൽ ജോലി ചെയ്തുവരുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലുള്ള ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം**

416(2368)ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലേക്ക് പി.എസ്.സി. നിയമനംവഴി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

119 പേർ.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇത്തരത്തിലുണ്ടായ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പി.എസ്.സി വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവന കാലാവധിയുടെ പരിമിതി കാരണം പദ്ധതി പ്രവൃത്തികൾ യഥാസമയം നടത്താൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പദ്ധതി ചെലവിനെ ബാധിച്ചിട്ടുണ്ടോയെന്നും കരാർ വ്യവസ്ഥയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നതുവഴി ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമോയെന്നും അറിയിക്കാമോ?

ജീവനക്കാരുടെ കുറവ് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്ന നിലയ്ക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തുന്നത്.

(ഡി) പദ്ധതി നിർവ്വഹണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

റാങ്ക് ലിസ്റ്റ് നിലവിലില്ല. ഇപ്പോൾ പരീക്ഷ നടന്നിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിയമനം നടത്താൻ സാധിക്കും.

## ഗ്രാമവികസന വകുപ്പിന് കീഴിലുള്ള പദ്ധതികൾ

417(2369) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ 2016 മുതൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ?

(എ&ബി) ഗ്രാമവികസന വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ 2016 മുതൽ നടപ്പിലാക്കിയ പദ്ധതികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങളും ഓരോ പ്രവൃത്തി പുരോഗതി സംബന്ധിച്ച വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

## പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നവീകരിച്ചിട്ടുള്ള റോഡുകൾ

418(2370) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ മലമ്പുഴ ബ്ലോക്കിനുകീഴിലുള്ള ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; റോഡിന്റെ പേര്, അനുവദിച്ച തുക,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ മലമ്പുഴ ബ്ലോക്കിനു കീഴിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നവീകരിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ചുനക്കര കരിമുളക്കൽ ജംഗ്ഷൻ-തോട്ടത്തിവിള റോഡ് നിർമ്മാണം**

419(2371) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

ചീഫ് എഞ്ചിനീയർ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖാന്തരം നടപ്പിലാക്കുന്ന എ.വി.മുക്ക് ശാർങ്ങരക്കാവ് എന്ന റോഡ് പ്രവൃത്തി പുരോഗതിയിലാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ അനുവദിച്ച ചുനക്കര കരിമുളക്കൽ ജംഗ്ഷൻ വികസനം (70 ലക്ഷം) എന്ന പ്രവൃത്തിക്കുപകരമായി കരിമുളക്കൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജംഗ്ഷൻ-തോട്ടത്തിവിള ജംഗ്ഷൻ റോഡ് നിർമ്മിക്കുന്നതിനുള്ള എം.എൽ.എ.-യുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചുനക്കര കരിമുളക്കൽ ജംഗ്ഷൻ-തോട്ടത്തിവിള റോഡ് നിർമ്മിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടതായി കാണുന്നില്ല. കരിമുളയ്ക്കൽ ജംഗ്ഷൻ വികസനം (70 ലക്ഷം) എന്ന പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് മുഖാന്തരം 79 ലക്ഷം രൂപ അനുവദിച്ച സാഹചര്യത്തിൽ ടി തുക കരിമുളയ്ക്കൽ -മാമ്മൂട്- കുഴിവിള-മേപ്പള്ളി റോഡിനായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷിന്റെ നിർദ്ദേശാനുസരണം കരിമുളയ്ക്കൽ മാമ്മൂട് കുഴിവിള മേപ്പള്ളി റോഡ് നവീകരണത്തിന് 04-01-2022 -ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ലൈഫ് പദ്ധതി

420(2372) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം, നിർമ്മാണം നടന്നുവരുന്ന

വീടുകളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം, നിർമ്മാണം നടന്നുവരുന്ന വീടുകളുടെ എണ്ണം എന്നിവയുടെ തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു.

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം 669 ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയുണ്ടായി. അതിൽ 419 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 250 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

(ബി) ഭൂരഹിതരും ഭവനരഹിതരുമായവരുടെ എത്ര അപേക്ഷകളാണ് പഞ്ചായത്തടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ലൈഫ് 2020 പ്രകാരം പുതുതായി ലഭിച്ച ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും അപേക്ഷകൾ സംബന്ധിച്ച വിവരം തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ഫീൽഡുതല വെരിഫിക്കേഷനുശേഷം ഗ്രാമപഞ്ചായത്തുകളിൽ അർഹരായി കണ്ടെത്തിയിട്ടുള്ള അപേക്ഷകളിന്മേൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുന:പരിശോധനയും ഒന്ന്, രണ്ട് ഘട്ട അപ്പീലുകൾക്കും ഗ്രാമ സഭ/വാർഡ് സഭ അംഗീകാരത്തിനും ഭരണസമിതി അംഗീകാരത്തിനും ശേഷം പട്ടിക അന്തിമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**അതിദാരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വെ**

421(2373) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ; അപ്രകാരം തിട്ടപ്പെടുത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

അതിദരിദ്ര്യരുടെ നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല (അന്തിമ പട്ടിക) | എണ്ണം |
|---|---|
| തിരുവനന്തപുരം | 7278 |
| കൊല്ലം | 4461 |
| പത്തനംതിട്ട | 2579 |

| | |
|---|---|
| ആലപ്പുഴ | 3613 |
| കോട്ടയം | 1071 |
| ഇടുക്കി | 2665 |
| എറണാകുളം | 5650 |
| തൃശ്ശൂർ | 5013 |
| പാലക്കാട് | 6443 |
| മലപ്പുറം | 8553 |
| കോഴിക്കോട് | 6773 |
| വയനാട് | 2931 |
| കണ്ണൂർ | 4208 |
| കാസർഗോഡ് | 2768 |

(ബി) തദ്ദേശസ്വംയഭരണ വകുപ്പിലെ ഗ്രാമവികസന വിഭാഗം ഈ കുടുംബങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയവരുടെ ഉന്നമനത്തിനായി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**തെക്കേക്കര മാനാപ്പുഴ പാലം നിർമ്മാണം**

422(2374)ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. എ.ഡി.എസ്.ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തെക്കേക്കര മാനാപ്പുഴ പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) മാവേലിക്കര തെക്കേക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന റ്റി.എ കനാലിനു കുറുകേ 1, 19 വാർഡുകളെ ബന്ധിപ്പിക്കുന്നതിനാണ് മാനാപ്പുഴ പാലം നിർമ്മിക്കുന്നത്. ജലസേചനവകുപ്പിന്റെ അധീനതയിലുള്ള റ്റി.എ കനാലിന് കുറുകെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ടി വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്ലാൻ പ്രകാരം നിർമ്മാണം നടത്തുന്നതിന് ജലസേചന വകുപ്പ് എൻ.ഒ.സി. നൽകാത്തതിനാലാണ് ടി പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത്. നിലവിലെ തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന് കെട്ടിടം**

423(2375) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2010-ൽ പ്രവർത്തനമാരംഭിച്ച ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സ്ഥലം നൽകുന്നത് സംബന്ധിച്ച ഇ 5422810/ആർ.സി.1/എൽ.എസ്.ജി.ഡി. നമ്പർ ഫയലിലെ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സ്ഥലം നൽകുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷൻ നൽകിയ പ്രൊപ്പോസലിന്മേൽ, അഭിപ്രായത്തിനായി റവന്യൂ വകുപ്പിന് ഫയൽ നൽകിയിരിക്കുകയാണ്. പ്രസ്തുത വകുപ്പ് പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുമോ; വിശദാംശം നൽകുമോ?

ഗ്രാമവികസന കമ്മീഷണറുടെ 6-10-2020-ലെ

29290/ഡിപി1/17/സി.ആർ.ഡി നമ്പർ കത്തിന്മേൽ അഭിപ്രായം ലഭ്യമാക്കാൻ 10-01-2022-ൽ പാലക്കാട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

**മാഞ്ചുവട് പാലം പുനർനിർമ്മിക്കുന്നതിന് നടപടി**

424(2376)ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലുണ്ടായ ഉരുൾപൊട്ടലിൽ അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാഞ്ചുവട് പാലം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉണ്ട്. പ്രസ്തുത പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഡിസൈനും ഡി.പി.ആർ. പ്രവൃത്തികളും പുരോഗതിയിലാണ്.

**തിരുവനന്തപുരം നഗരസഭ മാസ്റ്റർ പ്ലാൻ**

425(2377)പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കലെന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭ പ്രദേശത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ; പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭ പ്രദേശത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്. പ്രസ്തുത സ്കീമിന്റെ മാർഗ്ഗരേഖ പ്രകാരം, satellite imagery-യുടെ അടിസ്ഥാനത്തിലാണ് നിലവിലെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കിയത്. സാമൂഹിക സാമ്പത്തിക സർവ്വേ, ടെക്നോപാർക്ക് സർവ്വേ, മാർക്കറ്റ് ഏരിയ സർവ്വേ തുടങ്ങിയ പ്രാഥമിക സർവ്വേകൾ നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി തിരുവനന്തപുരം

കോർപ്പറേഷൻ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ കമ്മിറ്റിയും 18 വികസന മേഖലകൾക്കായി വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചു. കോർപ്പറേഷന്റെ എല്ലാ വാർഡിലും വാർഡ് സഭായോഗം നടത്തി, അങ്ങനെ ലഭിച്ച നിർദ്ദേശങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് യോഗ നിർദ്ദേശങ്ങളുടെയും പ്രാഥമിക, ദ്വിതീയ വിവരശേഖരണങ്ങളുടെയും മറ്റു വകുപ്പുകളുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാൻ ടി കേന്ദ്ര പദ്ധതിക്കായുള്ള മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റി അംഗീകരിക്കുകയും പദ്ധതിയുടെ മൂന്നാം ഗഡു അനുവദിക്കുന്നതിന് ശിപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. കരട് പ്ലാൻ കോർപ്പറേഷൻ കൗൺസിലുമായി ചർച്ച ചെയ്ത് അന്തിമമാക്കുന്നതിനുള്ള നടപടി നടന്നു വരികയാണ്.

(ബി) ഗ്രീൻ-ടു-പ്ലാൻഡ് സോൺ, റെസിഡൻഷ്യൽ സോൺ തുടങ്ങിയ മേഖലകളിൽ കെട്ടിടം നിർമ്മിക്കാനുള്ള നിയന്ത്രണങ്ങൾ നീക്കി നിർമ്മാണ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2013-ൽ പ്രസിദ്ധീകരിച്ച കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ വികസന നിയന്ത്രണ നിയമങ്ങൾ പൂർണ്ണമായും പുനഃസ്ഥാപിച്ചുകൊണ്ട്

2017-ൽ ഒരു ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, ഭൂവിനിയോഗം ഉൾപ്പെടെയുള്ള കരട് മാസ്റ്റർ പ്ലാനിന്റെ പുതുക്കൽ, ' അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പുതിയ കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാനിലൂടെ നടന്നുവരികയാണ്. പുതുക്കി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ, 2013-ൽ പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാനും 2017-ൽ പുറപ്പെടുവിച്ച ഇടക്കാല വികസന ഉത്തരവും പ്രാബല്യത്തിൽ ഇല്ലാതാകുന്നതാണ്. ഈ അവസരത്തിൽ ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവയിലെ നിയന്ത്രണങ്ങളിൽ ഭേദഗതി വരുന്നതാണ്.

## ഖര മാലിന്യ സംസ്കരണം

426(2378) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണത്തിന് നൂതന സംവിധാനങ്ങളുടെ അപര്യാപ്തതമൂലം ഖരമാലിന്യങ്ങൾ പലയിടങ്ങളിലും കുന്നുകൂടുന്നതും പകർച്ചവ്യാധികൾ വർദ്ധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഖരമാലിന്യങ്ങൾ നൂതന രീതിയിൽ സംസ്കരിച്ച് അതിൽ നിന്നും വൈദ്യുതി അടക്കമുള്ളവ ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കേരളത്തിൽ എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതെന്നും ആരുടെ സഹായത്താലാണ് അവ സ്ഥാപിക്കുന്നതെന്നും ഓരോ പ്ലാന്റിനും വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നും അവ എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും വെളിപ്പെടുത്തുമോ?

അനുബന്ധമായി ചേർക്കുന്നു+.

(സി) ഖരമാലിന്യ സംസ്കരണത്തിന് സൗജന്യമായി പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി സജ്ജമാക്കുന്നതിന് ഏതെങ്കിലും കമ്പനികൾ തയ്യാറായി വന്നിരുന്നോ; വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത കമ്പനികൾക്ക് എന്തുകൊണ്ടാണ് അനുമതി നൽകാതിരുന്നതെന്ന് വെളിപ്പെടുത്തുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്. ഇവർ ആഗോള ടെണ്ടർ മുഖേനയാണ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. സൗജന്യമായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും കമ്പനികൾ നോഡൽ ഏജൻസിയെ സമീപിച്ചിട്ടില്ല.

## സെൻട്രൽ സിറ്റി ഓഫ് കൊച്ചി

427(2379) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-03-1991-ലെ ജി.ഒ.(എം.എസ്.)നമ്പർ 103/91 എൽ.എ.ഡി. ഉത്തരവുപ്രകാരം സെൻട്രൽ സിറ്റി ഓഫ് കൊച്ചിക്കായി അനുവാദം നൽകിയ സ്ട്രക്ചർ പ്ലാനിന്റെ (ജനറൽ ടൗൺ പ്ലാനിംഗ് സ്കീമിന്റെ) ഉദ്ദേശ്യലക്ഷ്യം എന്തെന്ന് വിശദമാക്കാമോ?

കൊച്ചിയുടെയും പ്രാന്തപ്രദേശങ്ങളുടെയും വികസനവും

നഗരവൽക്കരണവും ശാസ്ത്രീയ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുക, വളർച്ച ക്രമീകരിക്കുക എന്നിവയാണ് ജനറൽ ടൗൺ പ്ലാനിംഗ് സ്കീമായ സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വികസനം, മേഖല നിയന്ത്രണ ചട്ടങ്ങൾ വഴി നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയും പുതിയ റോഡുകൾ വികസിപ്പിച്ചും നിലവിലുള്ള റോഡുകൾക്ക് വീതികൂട്ടിയും പ്രസ്തുത പ്ലാൻ നടപ്പിൽ വരുത്തുന്നുണ്ട്.

(സി) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

കൊച്ചി കോർപ്പറേഷൻ, തൃപ്പൂണിത്തുറ, ഏലൂർ, കളമശ്ശേരി, മരട്, തൃക്കാക്കര എന്നീ അഞ്ച് മുനിസിപ്പാലിറ്റികളും മുളവുകാട്, ഞാറക്കൽ, എളങ്കുന്നപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, വരാപ്പുഴ എന്നീ ആറ് ഗ്രാമ പഞ്ചായത്തുകളും സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചിയിൽ

ഉൾപ്പെടുന്നു.

(ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട്, ഞാറക്കൽ, എളങ്കുന്നപ്പുഴ, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

428(2380) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റി തുക വകയിരുത്തിയിട്ടുള്ളതും ഭരണാനുമതി ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി തുക വകയിരുത്തിയിട്ടുള്ളതും ഭരണാനുമതി ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികളുടെ നിലവിലെ വിശദ

വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- മൂലമ്പിള്ളി-ചാത്തനാട് റോഡ് പദ്ധതി - വലിയ കടമക്കുടി-ചാത്തനാട് പാലം & അപ്രോച്ചസ് (ഫേസ് II) 30-09-2013-ലെ G.O.(Rt)No.2430/2013/LSGD ഉത്തരവ് പ്രകാരം 52 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചതിൽ 40.394 കോടി രൂപ ചെലവായിട്ടുള്ളതാണ്. ബ്രിഡ്ജ് പോർഷൻ പൂർത്തീകരിച്ചു. 58% ജോലികൾ പൂർത്തീകരിച്ചു. എൽ.എ. നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC) പുതുക്കിയ ഭരണാനുമതിക്കായി പുതിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് ജിഡയുടെ ടെക്നിക്കൽ കൺസൾട്ടന്റ് പരിശോധിച്ച് ഭേദഗതികൾ വരുത്തുന്ന നടപടികൾ നടന്നുവരുന്നു.

- മുളവുകാട് റോഡ് വികസന പദ്ധതി - എൽ.എ. ജോലികൾ ഉൾപ്പെടെ - മൂന്നാം ഘട്ടം - 1.5 kms ഈ പദ്ധതിക്കായി 7.230 കോടി രൂപ ജിഡ എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ കൗൺസിൽ തീരുമാന പ്രകാരം വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

- എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി 22-06-2011 -ലെ G.O.(MS)No.115/2011/LSGD നമ്പർ ഉത്തരവ് പ്രകാരം 56.850 കോടി രൂപയുടെ ഭരണാനുമതി

നൽകിയതിൽ 46.551 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റി വഴിയാണ് ജോലികൾ നടത്തുന്നത്. മുരിക്കുംപാടത്തും ഞാറക്കലിലുമുള്ള ഓവർ ഹെഡ് ടാങ്കിന്റെ ജോലികൾ പുരോഗമിക്കുന്നു. മറ്റ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

- ചരിയംതുരുത്ത് - ചെന്നൂർ – പിഴല 9m റോഡ് പദ്ധതി 2.350 കോടി രൂപ മുരിക്കുംപാടത്തെ വാട്ടർ ടാങ്ക് ജോലികൾ പൂർത്തീകരണ ഘട്ടത്തിനാണ് ജിഡ വകയിരുത്തിയിട്ടുള്ളത്. 0.211 കോടി രൂപ പ്രാഥമിക ജോലികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഭരണാനുമതിക്കാവശ്യമായ വിശദമായ എസ്റ്റിമേറ്റും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചരിയംതുരുത്തിലെ പിഴല മുതൽ പുതുശ്ശേരി ജംഗ്ഷൻ വരെയുള്ള 9m റോഡ് പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പിനോട് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് & എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ജിഡ അറിയിച്ചിട്ടുണ്ട്.

- മൂലംപിള്ളി-പിഴല കണക്റ്റിവിറ്റി പാലം മുതൽ പിഴല റോഡ് വരെയുള്ള 350m റോഡ് പദ്ധതിക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 19-06-2021-ലെ G.O.(Rt)No.1178/2021 നമ്പർ ഉത്തരവ് പ്രകാരം 4.800 കോടി

രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോസ്റ്റൽ റെഗുലേഷൻ സോൺ നിയമപ്രകാരം അനുമതി ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് ജിഡ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

- ചെന്നൂർ-പിഴല പാലം 17-02-2021 ലെ G.O. (Rt)No.475/2021/LSGD പ്രകാരം 19.500 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി. ഇൻവെസ്റ്റിഗേഷൻ ജോലികളും, ഡിസൈൻ/എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിയും പുരോഗമിച്ചു വരുന്നു.

- ചെന്നൂർ-ചരിയംതുരുത്ത് പാലം 20-02-2021-ലെ G.O. (Rt)No.508/2021/LSGD പ്രകാരം 20.500 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ജിഡ ചുമതലപ്പെടുത്തി. ഇൻവെസ്റ്റിഗേഷൻ ജോലികളും ഡിസൈൻ/എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിയും പുരോഗമിച്ചു വരുന്നു.

- കോതാട്-ചെന്നൂർ പാലം 6-11-2021-ലെ G.O.(Rt)No.2200/2021 പ്രകാരം 35.970 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി. ഇൻവെസ്റ്റിഗേഷൻ ജോലികളും ഡിസൈൻ/എസ്റ്റിമേറ്റ് തയ്യാറാക്കൽ

നടപടിയും പുരോഗമിച്ചുവരുന്നു.

• ഞാറക്കൽ താലൂക്കാശുപത്രി വികസനം 07-03-2019-ലെ G.O.(Rt)No.559/2019/LSGD പ്രകാരം 5.950 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 0.045 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണം അന്തിമഘട്ടത്തിലേക്ക് അടുക്കുന്നു.

• വല്ലാർപ്പാടം ദ്വീപിന് ചുറ്റുമുള്ള സംരക്ഷണ ഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും 13-02-2012-ലെ GO(Rt)No.443/2012/LSGD പ്രകാരം 17.140 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചതിൽ 4.414 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് മേജർ & മൈനർ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൈനർ ഇറിഗേഷൻ 5.04 കോടി രൂപയുടെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മേജർ ഇറിഗേഷൻ 12.10 കോടി രൂപയുടെ ജോലികൾ ആരംഭിച്ചിട്ടില്ല. മേജർ ഇറിഗേഷൻ 29.30 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയതു പരിശോധിച്ച് ജിഡ ടെക്നിക്കൽ കൺസൾട്ടന്റ് നല്കിയ ഭേദഗതിയിൽ ഉൾപ്പെടുത്തുന്ന ജോലി പുരോഗമിച്ചുവരുന്നു.

- താന്തോന്നിതുരുത്തിലെ സംരക്ഷണ ഭിത്തി 23-02-2020- ലെ പുതുക്കിയ G.O(Rt)No.452/2020/LSGD പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കോസ്റ്റൽ റെഗുലേഷൻ സോൺ നിയമപ്രകാരം അനുമതി ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. മേജർ ഇറിഗേഷൻ 13.90 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

- ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് പൈലറ്റ് പ്രോജക്ട് 10-06-2010- ലെ GO(Rt)No.1925/2010/LSGD പ്രകാരം 1.530 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 1.224 കോടി രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

- വൈപ്പിൻ-മുനമ്പം തീരദേശ മേഖലയിലെ തീരസംരക്ഷണം പദ്ധതിയുടെ ശാസ്ത്രീയ പഠനത്തിനായി 0.370 കോടി രൂപയുടെ ജോലികൾ ജിഡ പൂർത്തീകരിച്ചു. വർക്ക് നടത്തുന്നതിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ഐ.ഐ.റ്റി.-യെ വർക്ക്

പഠനം നടത്തി നല്കുന്നതിന് ചുമതലപ്പെടുത്തി. ഐ.ഐ.റ്റി. മദ്രാസ് പ്രാഥമിക പഠനം നടത്തി ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) ജനോപകാരപ്രദമായ പല പ്രവൃത്തികളും നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസം കണക്കിലെടുത്ത് ഗോശ്രീ ദ്വീപ് വികസന അതോറിറ്റിക്ക് പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഗോശ്രീ ദ്വീപ് വികസന അതോറിറ്റിക്ക് പ്രത്യേക എഞ്ചിനീയറിംഗ് വിംഗില്ലാത്തത് വികസന പദ്ധതികളെ ബാധിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ ഇപ്പോഴുള്ള ടൗൺ പ്ലാനർക്ക് പകരം ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കിലയിലെ സ്ഥിരം നിയമനങ്ങൾ**

429(2381) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയിലെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള പ്രോപ്പോസലിന്റെ പുരോഗതിയും അനുസംബന്ധിച്ച്

ഇതുവരെ സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ?

2-12-2015-ൽ ചേർന്ന കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി (ഐറ്റം.നം.3) തീരുമാന പ്രകാരം കിലയിലെ എല്ലാ സ്ഥിര നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കാൻ തീരുമാനിക്കുകയുണ്ടായി. കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ കിലയെ Kerala Public Service Commission (Additional Functions as Respects Certain Corporations and Companies) Act, 1970 ന്റേയും Kerala Public Service Commission (Consultation by Corporation and Companies) Rules, 1971 -ന്റെയും പരിധിയിൽ കൊണ്ടുവരുന്നതിനായി നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിയമന ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കാനും അഡ്വൈസ് ചെയ്തിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കിലയിലെ നിലവിലുള്ള എല്ലാ സ്ഥിരം തസ്തികകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന്, കൊട്ടാരക്കര മുൻ എസ്.ഐ.ആർ.ഡി., അഗളി മുൻ അഹാഡ്സ് എന്നീ

സ്ഥാപനങ്ങൾ കില റീജിയണൽ കേന്ദ്രങ്ങളാക്കി പുതിയ ഇന്റഗ്രേറ്റഡ് കിലയ്ക്കുള്ള കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) തയ്യാറാക്കി നല്കിയത് കില ഗവേണിംഗ് കൗൺസിൽ അംഗീകാര പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലോക്കൽ സെൽഫ് ഗവൺമെന്റ് കമ്മീഷനെ കില ജീവനക്കാർക്കുള്ള ഹ്യൂമൺ റിസോഴ്സ് പോളിസി രൂപീകരിക്കാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തുകയും ടി കമ്മീഷൻ തയ്യാറാക്കിയ ഹ്യൂമൺ റിസോഴ്സ് പോളിസി ഭേദഗതികളോടെ 17-11-2021-ലെ കില ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

(ബി) കിലയിലെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി. ആക്ട് 1971 ന്റെയും പി.എസ്.സി. റൂൾസ് 1971 ന്റെയും പരിധിയിൽ കൊണ്ടുവരുന്നതിന് നിയമന ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കിലയിലെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി. ആക്ട് 1971-ന്റെയും പി.എസ്.സി. റൂൾസ് 1971-ന്റെയും പരിധിയിൽ കൊണ്ടുവരുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും വിഹിതം ലഭിക്കുന്ന കിലയ്ക്ക് നിയമസഭയോട് അക്കൗണ്ടബിലിറ്റി ഉണ്ടാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## കിലയിലെ അർബൻ ചെയർ

430(2382) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയിലെ അർബൻ ചെയറിന്റെ പ്രതീക്ഷിത വാർഷിക ചെലവ് എത്രയാണ്; അതിനുള്ള പ്രതീക്ഷിത സ്രോതസ്സുകളും തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രതീക്ഷിത വരവിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ?

കിലയിലെ അർബൻ ചെയറിന്റെ പ്രതീക്ഷിത വാർഷിക ചെലവ് ഏകദേശം 32.75 ലക്ഷം രൂപയാണ്.

**പ്രതീക്ഷിത സ്രോതസ്സുകൾ**

1. 31-03-2020-ലെ സ.ഉ(സാധാ)നം.723/2020/തസ്വഭവ പ്രകാരം

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വിഹിതമായി ആകെ 2.35 കോടി രൂപയാണ് കിലയ്ക്ക് ലഭ്യമാകേണ്ടത്. അതിൽ 34 ലക്ഷം രൂപ നാളിതുവരെയായി ലഭ്യമായിട്ടുണ്ട്. ബാക്കി 201 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

2. കിലയുടെ പരിശീലനപരിപാടികളിൽനിന്നും വിവിധ പ്രോജക്ടുകളിൽ നിന്നും അഡ്മിനിസ്ട്രേഷൻ ഫീസിനത്തിൽ ലഭ്യമാകുന്ന വരുമാനം.

(ബി) കിലയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും എത്ര തുക അർബൻ ചെയറിന് വിനിയോഗിച്ചിട്ടുണ്ട്?

കിലയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽനിന്നും അർബൻ ചെയറിനായി തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

(സി) കിലയുടെ കോർപ്പസ് ഫണ്ട് എത്രയാണ്; കോർപ്പസ് ഫണ്ടിൽ നിന്നും എത്ര തുക കിലയുടെ ചെലവുകൾക്കായി വകയിരുത്തി; അവ ഏതെല്ലാമെന്ന് അറിയിക്കുമോ?

നിലവിൽ കില കോർപ്പസ് ഫണ്ട് 10.97 കോടി രൂപയാണ്. കോർപ്പസ് ഫണ്ടിൽനിന്നും നാളിതുവരെയായി കിലയുടെ ചെലവുകൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

**കുട്ടമ്പുഴയിൽ ജനമൈത്രി എക്സൈസ് സ്റ്റേഷൻ**

431(2383) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി ആദിവാസി കോളനികളുള്ളതും ജില്ലയിലെ ആദിവാസി സമൂഹത്തിന്റെ 98% താമസിക്കുന്നതുമായ കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ ജനമൈത്രി എക്സൈസ് സ്റ്റേഷൻ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; എങ്കിൽ ആയത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ബി) കുട്ടമ്പുഴയിൽ ജനമൈത്രി എക്സൈസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) ജനമൈത്രി എക്സൈസ് സ്റ്റേഷന്റെ ഭാഗമായി ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വനിത ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

432(2384) <u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകളുടെ വിൽപ്പനയും വ്യാപനവും കൂടിവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ എക്സൈസ് വകുപ്പിൽ വനിത ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വനിത ഉദ്യോഗസ്ഥരുടെ കുറവുമൂലം സ്ത്രീകൾ താമസിക്കുന്ന സ്ഥലങ്ങളിൽ പരിശോധനപോലും നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്ത്രീകൾ താമസിക്കുന്ന സ്ഥലങ്ങളിൽ പരിശോധന നടത്തുമ്പോൾ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സാന്നിധ്യം ഉറപ്പുവരുത്താറുണ്ട്.

(സി) എക്സൈസ് വകുപ്പിൽ സംസ്ഥാനത്താകെ എത്ര വനിതാ ഉദ്യോഗസ്ഥരാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

| നമ്പർ | ജില്ലകൾ | ഓരോ ജില്ലകളിലേയും വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 47 |
| 2 | കൊല്ലം | 42 |
| 3 | പത്തനംതിട്ട | 34 |
| 4 | ആലപ്പുഴ | 35 |
| 5 | കോട്ടയം | 49 |
| 6 | ഇടുക്കി | 34 |
| 7 | എറണാകുളം | 58 |
| 8 | തൃശ്ശൂർ | 46 |
| 9 | പാലക്കാട് | 54 |
| 10 | മലപ്പുറം | 39 |
| 11 | കോഴിക്കോട് | 33 |
| 12 | വയനാട് | 21 |
| 13 | കണ്ണൂർ | 49 |
| 14 | കാസർഗോഡ് | 21 |
| | ആകെ | 562 |

## കിളിമാനൂർ എക്സൈസ് ഓഫീസിന് കെട്ടിടം

433(2385) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

കിളിമാനൂർ എക്സൈസ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

കിളിമാനൂർ എക്സൈസ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ചിറയിൻകീഴ് താലൂക്കിൽ റീസർവ്വേ നമ്പർ 3042/2-1 -ൽ ഉൾപ്പെട്ട 4 ആർ സർക്കാർ പുറമ്പോക്ക് ഭൂമി, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട് വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കെട്ടിടം പണിയുന്നതിന് എക്സൈസ് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

**എക്സൈസ് വകുപ്പിലെ പ്രൊമോഷനുകൾ**

434(2386) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം എക്സൈസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയിട്ടുണ്ടെന്നും പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയ പ്രസ്തുത ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യാൻ നിയമതടസ്സമെന്തെങ്കിലും

ഉണ്ടോയെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ നിലവിൽ സ്റ്റേയോ കേസ്സുകളോ ഉണ്ടോയെന്നും അവ വെക്കേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

(എ&ബി) എക്സൈസ് വകുപ്പിൽ 2015 സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. യോഗ്യതാപരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും ചില കേസുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിലവിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ സ്റ്റേ ഉത്തരവ് ലഭിച്ച ജീവനക്കാരെ തരംതാഴ്ത്തുന്നത് സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കോ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായോ ആയിരിക്കുന്നതാണ്.

(സി) വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ

എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമസാധുത ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

അബ്കാരി നിയമപ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥരെടുക്കുന്ന കേസുകൾക്ക് നിയമ സാധുതയുള്ളതാണ്.

**പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ**

435(2387) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം എത്ര ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) മാൻഡേറ്ററിയായ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യാൻ എന്തെങ്കിലും നിയമ തടസ്സമുണ്ടോയെന്നറിയിക്കാമോ?

(എ&ബി) എക്സൈസ് വകുപ്പിൽ 2015 സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം

നൽകിയിട്ടുണ്ട്. യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും ചില കേസുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ സ്റ്റേ ഉത്തരവ് ലഭിച്ച ജീവനക്കാരെ തരംതാഴ്ത്തുന്നത് സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കോ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായോ ആയിരിക്കുന്നതാണ്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് കേസ്സുകളോ സ്റ്റേ ഉത്തരവുകളോ ഉണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) കേസ്സുകളോ സ്റ്റേ ഉത്തരവുകളോ ഒഴിവാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; സ്റ്റേയുണ്ടെങ്കിൽ എത്ര വർഷമായി നിലനിൽക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(സി&ഡി) യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, ചില കേസുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ നിലവിൽ നിലനിൽക്കുന്ന സ്റ്റേ

ഉത്തരവുകൾ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേ ഉത്തരവുകൾ ഒരു വർഷം മുതൽ രണ്ടുവർഷം വരെയായി നിലനിൽക്കുന്നു.

(ഇ) വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമസാധുതയുണ്ടോ യെന്നറിയിക്കാമോ?

അബ്കാരി നിയമപ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ എടുക്കുന്ന കേസുകൾക്ക് നിയമസാധുതയുള്ളതാണ്.

## പുതുക്കാട് ആസ്ഥാനമാക്കി എക്സൈസ് ഓഫീസ്

436(2388) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മറ്റത്തൂർ, വരന്തരപ്പിള്ളി എന്നീ മലയോര ഗ്രാമപഞ്ചായത്തുകൾ ഉൾപ്പടെ വലിയൊരു ഏരിയ പ്രവർത്തനപരിധിയിൽ വരുന്ന പുതുക്കാട് മണ്ഡലത്തിൽ, പുതുക്കാട് ആസ്ഥാനമാക്കി ഒരു എക്സൈസ് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട റേഞ്ച് ഓഫീസ് വിഭജിച്ച് പുതുക്കാട് കേന്ദ്രമാക്കി പുതിയ എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത്

സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സർക്കാരിന്റെ മദ്യനയം

437(2389) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ മദ്യനയം സംബന്ധിച്ച വിശദാംശം നൽകുമോ; കൂടുതൽ ബാറുകളും ബിവറേജ് ഷോപ്പുകളും അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കുമോ?

2022-23 വർഷത്തെ മദ്യനയം സർക്കാർ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയില്ല.

(ബി) മുൻ സർക്കാരും നിലവിലെ സർക്കാരും സംസ്ഥാനത്ത് അനുവദിച്ച ബാറുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) മദ്യത്തിന്റെ ഉപഭോഗവും ലഭ്യതയും കുറച്ചുകൊണ്ടുവരുവാൻ സർക്കാരിന്റെ മദ്യനയംകൊണ്ട് സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമവിരുദ്ധ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഹരിവസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് മദ്യനയം വിഭാവനം ചെയ്തിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിവിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് നിലവിലെ മദ്യനയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

**വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിൽപ്പന**

438(2390) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിൽപ്പനയും ഉപയോഗവും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സ്കൂൾ, കോളേജ് പരിസരത്തിൽ പുകയിലയുമായി ബന്ധപ്പെട്ട ലഹരി പദാർത്ഥങ്ങൾ വില്പന നടത്തിയതിന് COTPA പ്രകാരം 2021-ൽ 74604 കേസുകളിലായി പിഴ ഈടാക്കുകയും 2022 ഫെബ്രുവരി മാസത്തിൽ 7984 കേസുകളിലായി 2003 കിലോഗ്രാം നിരോധിത ലഹരിവസ്തുക്കൾ

പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദീകരിക്കുമോ?

സ്കൂളുകളുടെയും കോളേജുകളുടേയും പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയുന്നതിനായി എല്ലാ സ്കൂൾ പരിസരങ്ങളും രഹസ്യമായി നിരീക്ഷിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലത്തിൽ എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരടങ്ങിയ വിമുക്തി ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. വിമുക്തി ക്ലബ്ബ് മുഖേന ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും വിവിധ കലാകായിക മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു. പ്രൊഫഷണൽ കോളേജുകളിലും, ഹോസ്റ്റലുകളിലും ‘ ശ്രദ്ധ’ , ‘ നേർക്കൂട്ടം’ പദ്ധതികളുടെ ഭാഗമായി ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിയെക്കുറിച്ചുള്ള പരാതികൾ ടെലിഫോൺ മുഖേനയും വാട്സാപ്പ് മുഖേനയും എക്സൈസ് വകുപ്പിനെ അറിയിക്കാവുന്നതാണ്.

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

439(2391) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ശമ്പള പരിഷ്കരണം നടപ്പാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബിവറേജസ് കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച വിഷയം പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യ വകുപ്പിന്റെ എക്സ്പേർട്ട് കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചാലുടൻ തന്നെ പരിഗണിക്കുന്നതാണ്.

## ലോറികൾ വാങ്ങാനുള്ള തീരുമാനം

440(2392) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ 70 ലോറികൾ വാങ്ങാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്നും പ്രസ്തുത തീരുമാനമെടുത്തത് ലോറികളുടെ വില നിശ്ചയിച്ചശേഷമാണോയെന്നും വ്യക്തമാക്കാമോ?

കോർപ്പറേഷന്റെ 240-ാമത് ബോർഡ് യോഗത്തിൽ കോർപ്പറേഷന്റെ ആവശ്യങ്ങൾക്ക് 70 ലോറികൾ സ്വന്തമായി വാങ്ങുകയോ കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനോയുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. വാങ്ങുകയാണെങ്കിൽ ഉണ്ടാകുന്ന ചെലവ് കണക്കാക്കിയപ്പോൾ വാഹനത്തിന്റെ വിലയും കണക്കാക്കിയിരുന്നു.

(ബി) ഇത്തരമൊരു തീരുമാനം നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോർപ്പറേഷനെ കൂടുതൽ നഷ്ടത്തിലേക്ക് നയിക്കുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കണക്കുകൾ പരിശോധിച്ചതിൽനിന്നും ലോറികൾ സ്വന്തമായി വാങ്ങുന്നത് കോർപ്പറേഷന് ലാഭകരമാണെന്ന് കണ്ടെത്തിയിരുന്നു.

(സി) ഇത്തരത്തിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് വാഹനങ്ങളുടെ പരിപാലന ചെലവ് ഉൾപ്പെടെയുള്ളവ പരിശോധിച്ച ശേഷമാണോയെന്ന് വ്യക്തമാക്കുമോ?

പരിപാലന ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ പരിഗണിച്ചിരുന്നു.

**കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ**

441(2393) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പർച്ചേസ് സിസ്റ്റം, ഷോപ്പ് ആവറേജ്, സെയിൽസ് ഡാറ്റാ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നിലവിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടോ; ഇതര സംസ്ഥാന സർക്കാരുകൾ ചെയ്യുന്നതുപോലെ മദ്യവില്പനയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അതാത് ദിവസം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് നടപടികൾ സുതാര്യമാക്കുമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പർച്ചേസ് ഇൻസ്ട്രക്ഷൻ, ഷോപ്പ് ആവറേജ്, സെയിൽസ് ഡാറ്റാ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നിലവിൽ കെ.എസ്.ബി.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. സമഗ്രമായ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് മേൽ വിശദാംശങ്ങൾ അതാത് ദിവസം തന്നെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ചില കമ്പനികളുടെ ബ്രാൻഡുകൾ മാത്രം വിൽക്കുന്നതിനായി കെ.എസ്.ബി.സി.-യിൽ ഗ്രീൻ ചാനൽ എന്ന പേരിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ഇപ്രകാരം വില്പന നടത്തുന്നതിന് ജീവനക്കാർക്ക് രേഖാമൂലം നിർദേശം നൽകിയിട്ടുണ്ടോ; മേൽപ്പറഞ്ഞ രീതിയിൽ കച്ചവടം നടത്താൻ വാട്സാപ്പ് സന്ദേശങ്ങളിലൂടെ നിർദ്ദേശം നൽകാറുണ്ടോ; വിശദാംശം നൽകുമോ?

ചില കമ്പനികളുടെ ബ്രാൻഡുകൾ മാത്രം വിൽക്കുന്നതിനായി കെ.എസ്.ബി.സി.-യിൽ ഗ്രീൻ ചാനൽ എന്ന പേരിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മദ്യവിതരണ കമ്പനികളുമായി 2021-22 കാലയളവിൽ നിലനിൽക്കുന്ന റേറ്റ് കോൺട്രാക്ട് കരാറിൽ പ്രതിപാദിച്ചിരിക്കുന്ന ക്യാഷ് ഡിസ്കൗണ്ട് രീതി മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ തന്നെ തുടരുന്നു. സാധാരണയായി മദ്യകമ്പനികളിൽനിന്നും കോർപ്പറേഷൻ ഈടാക്കുന്ന ക്യാഷ് ഡിസ്കൗണ്ടിന് അധികമായി 14% ഡിസ്പ്ലേ ചാർജ്ജിനത്തിൽ നൽകാൻ തയ്യാറാകുന്ന കമ്പനികളുടെ ഉത്പന്നങ്ങൾ കോർപ്പറേഷന്റെയും സർക്കാരിന്റെയും വരുമാനം വർദ്ധിപ്പിക്കാനുതകുന്നതാണ്.

(സി) കെ.എസ്.ബി.സി. 2020 ഡിസംബർ മാസത്തിലും 2021

ഡിസംബർ മാസത്തിലും വിറ്റത് എത്ര കേസ് മദ്യം വീതമാണ്; 2020 -നെ അപേക്ഷിച്ച് 2021 ഡിസംബറിൽ മദ്യവില്പനയിൽ കുറവ് ഉണ്ടായതിനെത്തുടർന്ന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്; ഗ്രീൻ ചാനൽ മുഖേനയുള്ള നടപടികളാണ് നഷ്ടത്തിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ബി.സി വിൽപ്പന മദ്യത്തിന്റെ കെയ്സുകളുടെ എണ്ണം, ഡിസംബർ 2020 - 2,999,395; ഡിസംബർ 2021 - 3,036,940. 2020 ഡിസംബറിനെ അപേക്ഷിച്ച് 2021 ഡിസംബർ മാസത്തിൽ മദ്യ വിൽപ്പനയിൽ കുറവുണ്ടായിട്ടില്ല.

(ഡി) വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കെ.എസ്.ബി.സി.-യെ സുതാര്യമായി പ്രവർത്തിപ്പിക്കുന്നതിന് മുൻകയ്യെടുക്കുമോ; വിശദാംശം നൽകുമോ?

കെ.എസ്.ബി.സി ഷോപ്പുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനങ്ങൾകൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ വെയർഹൗസുകൾ ആരംഭിക്കുക, കേന്ദ്രീകൃതവും സമഗ്രവുമായ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുക മുതലായവ ഇത്തരത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളാണ്. ടി

നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാകുന്നതും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നതുമാണ്.

**ബിവറേജസ് കോർപ്പറേഷനിൽ പുനർ നിയമനം**

442(2394) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽനിന്നും 2021-ൽ വിരമിച്ച വ്യക്തികൾക്ക് കെ.എസ്.ബി.സി.-യിൽ പുനർനിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; പേരും തസ്തികയും വിരമിച്ച തീയതിയും വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം പുനർനിയമിക്കപ്പെട്ട എത്ര പേർ കെ.എസ്.ബി.സി.-യിൽ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ട്; ഇവരുടെ പേരും നിലവിലെ തസ്തികയും ശമ്പളവും നിയമന കാലാവധിയും വെളിപ്പെടുത്താമോ?

(എ&ബി) ഉണ്ട്. കെ.എസ്.ബി.സി-യിൽ റീജിയണൽ മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മാനേജർ(ഓപ്പറേഷൻസ്) ഇൻ-ചാർജ്ജ് ചുമതലകൂടി വഹിച്ചിരുന്ന ശ്രീ.അജി ശ്രീധർ 31-07-2021-ന് കെ.എസ്.ബി.സി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും 25-08-2021 -ലെ

G.O(Rt) നം. 575/2021/Taxes പ്രകാരം ടിയാനെ ആറു മാസംകൂടി കരാർ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി-യുടെ തനത് ഫണ്ടിൽ നിന്നും ശമ്പളം നൽകി മാനേജർ (ഓപ്പറേഷൻസ്) തസ്തികയിൽ താല്ക്കാലികമായി നിലനിർത്താൻ അനുമതി നൽകിയിരുന്നു. ടിയാന് നൽകിയിരുന്ന കോൺട്രാക്ട് സാലറി പ്രതിമാസം 87814/- രൂപയാണ്.

(സി) സർവ്വീസിൽ നിന്നും വിരമിക്കുന്നവരെ കെ.എസ്.ബി.സി.-യിൽ പുനർനിയമിക്കുന്നതിന്റെ ആവശ്യകതയെന്തെന്നും പുനർനിയമനം നൽകുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണെന്നും ആയതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും എന്തെല്ലാമെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമനങ്ങൾമൂലം കെ.എസ്.ബി.സി.-യ്ക്ക് അധികമായി എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(സി&ഡി) കെ.എസ്.ബി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കാൻ കാര്യക്ഷമതയും ഫീൽഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പരിചയസമ്പന്നതയുമുള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യം കണക്കിലെടുത്താണ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക സന്ദർഭങ്ങളിൽ സർവ്വീസിൽനിന്നും വിരമിക്കുന്നവരെ

താൽക്കാലികമായി കെ.എസ്.ബി.സി-യിൽ നിലനിർത്തുന്നത്. ഇവരുടെ പരിചയസമ്പന്നതയും കാര്യക്ഷമതയും കെ.എസ്.ബി.സി.-യുടെ നാനാവിധമായ പ്രവർത്തനങ്ങൾക്ക് നേട്ടമാകാറുണ്ട്.

(ഇ) നിലവിലുള്ള സ്റ്റാഫ് പാറ്റേണിലില്ലാത്ത ജി.എം.(ഓപ്പറേഷൻസ്), ജി.എം. (ഐ.ടി.) എന്നീ തസ്തികകളിലെ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ?

ജി.എം(ഓപ്പറേഷൻസ്) തസ്തികയിലേയ്ക്ക് കെ.എസ്.ബി.സി അപേക്ഷ ക്ഷണിച്ചിരുന്നു. കെ.എസ്.ബി.സി-യുടെ ബിസിനസ് വിപുലമാകപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ബഹു.കോടതി വിധിയുടെ പശ്ചാത്തലത്തിൽ എഫ്.എൽ.9 വെയർഹൗസുകളുടെയും എഫ്.എൽ.1 ഷോപ്പുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടാതെ കെ.എസ്.ബി.സി-യുടെ വിവിധ യൂണിറ്റുകൾ തമ്മിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യകത മുൻനിർത്തിയാണ് 15-11-2021 -ലെ കെ.എസ്.ബി.സി. ബോർഡ് യോഗത്തിൽ ജനറൽ മാനേജർ ഓപ്പറേഷൻസ് എന്ന തസ്തിക സൃഷ്ടിക്കാൻ തീരുമാനമുണ്ടായത്.

കെ.എസ്.ബി.സി-യിൽ സർക്കാർ അനുവദിച്ച അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പത്രമാധ്യമങ്ങൾ മുഖേന വിജ്ഞാപനം നല്കിയപ്പോൾ പരസ്യ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ജനറൽ മാനേജർ(ഓപ്പറേഷൻസ്)നുള്ള വിജ്ഞാപനവും അതോടൊപ്പം കെ.എസ്.ബി.സി. നൽകിയത്.

(എഫ്) കെ.എസ്.ബി.സി.-യിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേനയാക്കിയിട്ടുള്ളത്; പി.എസ്.സി. മുഖേനയല്ലാതെ കെ.എസ്.ബി.സി.-യിൽ നിയമനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലെന്നും അവ പി.എസ്.സി. മുഖേനയാക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ, എൽ.ഡി.സി., ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ്, സ്റ്റെനോഗ്രാഫർ, ടൈപ്പിസ്റ്റ് ഗ്രേഡ്-2 (കമ്പ്യൂട്ടർ അസിസ്റ്റന്റ്), ഡ്രൈവർ ഗ്രേഡ്-2 എന്നീ തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടന്നുവരുന്നത്. ജനറൽ മാനേജർ(ഫിനാൻസ്), അക്കൗണ്ട്സ് ഓഫീസർ, സ്വീപ്പർ കം സ്കാവഞ്ചർ എന്നീ തസ്തികകളിലെ നിയമനം പി.എസ്.സി. മുഖേന അല്ലാതെയാണ് നടന്നുവരുന്നത്. ജനറൽ മാനേജർ (ഫിനാൻസ്), തസ്തികയിലെ നിയമനം

14-07-2015-ലെ G.O(Rt)No. 526/2015/TD അടിസ്ഥാനത്തിലും അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ നിയമനം സ്പെഷ്യൽ റൂൾ പ്രകാരവും നേരിട്ടുള്ള നിയമനത്തിനും സ്വീപ്പർ കം സ്കാവഞ്ചർ തസ്തികയിലെ സ്ഥിരനിയമനം എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

## കിനാലൂരിൽ ഡീഅഡിക്ഷൻ സെന്റർ

443(2395) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട് കിനാലൂരിൽ ആരംഭിക്കാനുദ്ദേശിച്ചിരുന്ന ഡീഅഡിക്ഷൻ സെന്റർ ഇനിയും ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഡീഅഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോഴേത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡി.ജെ. പാർട്ടിയുടെ മറവിൽ ലഹരി വിൽപ്പന

444(2396) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഡി.ജെ. പാർട്ടിയുടെ മറവിൽ വൻതോതിൽ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഡി.ജെ. പാർട്ടിയുടെ മറവിൽ ലഹരിപദാർത്ഥങ്ങൾ വിൽപ്പന നടത്തിയതിന് തിരുവനന്തപുരം ജില്ലയിൽനിന്നും ഒരു കേസ് കണ്ടെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും എന്തെല്ലാം ലഹരി പദാർത്ഥങ്ങളാണ് കണ്ടെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കണ്ടെത്തിയ കേസിൽ എം.ഡി.എം.എ.- 4.7988 ഗ്രാം, കഞ്ചാവ്-25 ഗ്രാം, എൽ.എസ്.ഡി.- 0.0301 ഗ്രാം, എം.ഡി.എം.എ. പിൽസ്-1.3048 ഗ്രാം, ഹാഷിഷ് ഓയിൽ-7.1868 ഗ്രാം, ഐ.എം.എഫ്.എൽ-1.150 ലിറ്റർ എന്നീ ലഹരി പദാർത്ഥങ്ങൾ

കണ്ടെടുക്കുകയും മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

(സി) ഇത്തരം പാർട്ടികൾ നിരീക്ഷിക്കുന്നതിനും ലഹരി വസ്തുക്കളുടെ ഉപയോഗം പരിപൂർണ്ണമായും ഒഴിവാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഡി.ജെ. പാർട്ടികളിൽ ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും ഇത്തരം പാർട്ടികൾ സംഘടിപ്പിക്കുന്നതായി അറിവ് ലഭിക്കുന്ന സ്ഥലങ്ങളിൽ ശക്തമായ പരിശോധനകളും രഹസ്യ നിരീക്ഷണവും നടത്തി കുറ്റവാളികളെ കണ്ടെത്തി കർശന നിയമ നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മയക്കമരുന്നുകളും വ്യാജമദ്യവും സംബന്ധിച്ച കണക്കുകൾ**

445(2397)ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 മുതൽ 2022 ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചതും പോലീസ് വകുപ്പ് പിടിച്ചെടുത്ത് എക്സൈസ് വകുപ്പിന് കൈമാറിയതുമായ മയക്കമരുന്നുകളും (വിഭാഗം

തിരിച്ച്), വ്യാജമദ്യവും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; ഇപ്രകാരം പിടിച്ചെടുത്ത ലഹരി ഉല്പന്നങ്ങളുടെ അളവും കണക്കാക്കിയ വിപണി വിലയും എത്രയെന്ന് വിശദമാക്കാമോ?

ടി കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത മയക്കുമരുന്നുകളുടെയും വ്യാജമദ്യത്തിന്റെയും അളവ് അനുബന്ധമായി ചേർക്കുന്നു+. പോലീസ് വകുപ്പ് പിടിച്ചെടുക്കുന്ന മയക്കുമരുന്നുകൾ എക്സൈസ് വകുപ്പിന് കൈമാറാറില്ല. ലഹരി ഉൽപന്നങ്ങളുടെ വിപണിവില കണക്കാക്കിയിട്ടില്ല.

(ബി) മേൽ സൂചിപ്പിച്ച കാലയളവിൽ ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ്; ഇതിൽ എത്ര പേരുടെ അറസ്റ്റ് രേഖപ്പെടുത്തി നിയമനടപടികൾക്ക് വിധേയമാക്കി; ഇനിയും പിടിക്കപ്പെടാനുള്ളവർ എത്ര; വിശദാംശം ലഭ്യമാക്കാമോ?

2019 മുതൽ 2022 ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പിൽ 52622 അബ്കാരി കേസുകളും 15446 NDPS കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ അബ്കാരി കേസുകളിൽ 38068 പേരെയും NDPS കേസുകളിൽ 15841 പേരെയും അറസ്റ്റ് ചെയ്ത നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്. ടി കാലയളവിൽ രജിസ്റ്റർ ചെയ്ത അബ്കാരി/NDPS

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകളിൽ 2004 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

(സി) ലഹരി ഉത്പന്നങ്ങളുടെ വിപണനവും ഉപയോഗവും ഇല്ലാതാക്കാനായി എക്സൈസ് വകുപ്പ് ആഭ്യന്തര വകുപ്പിന്റെ സഹകരണത്തോടും പൊതുജനങ്ങളുടെ സേവനം വഴിയും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ലഹരി ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും ലഹരി ഉൽപ്പന്നങ്ങളുടെ വിപണനം, ഉപയോഗം എന്നിവ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിച്ച് പരിശോധിച്ചുവരുന്നു. സംസ്ഥാനത്തെ സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ആയതിലൂടെ ബോധവൽക്കരണ ക്ലാസുകളും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മത്സരങ്ങളും നടത്തിവരുന്നു. മദ്യം, മയക്കുമരുന്നുകൾ, മറ്റ് നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ദുരുപയോഗം സംബന്ധിച്ച് പൊതുജനങ്ങൾ ലഭ്യമാക്കുന്ന വിവരങ്ങളും പരാതികളും അറിയിക്കുന്നതിനായി 9061178000, 9447178000 എന്നീ

നമ്പരുകൾ പ്രചരിപ്പിച്ചിട്ടുള്ളതും ആയതിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ ചികിത്സ/ കൗൺസിലിംഗിനായി 14405 എന്ന ടോൾ ഫ്രീ നമ്പരും പ്രചരിപ്പിച്ചിട്ടുണ്ട്.

**ലഹരി പദാർത്ഥങ്ങളുടെ ക്രയവിക്രയങ്ങൾ തടയുവാൻ നടപടി**

446(2398) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും അതുമൂലമുള്ള കുറ്റകൃത്യങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

എക്സൈസ് വകുപ്പ് കഴിഞ്ഞ അഞ്ച് വർഷം കണ്ടെടുത്ത NDPS കേസുകളുടെയും അതിലുൾപ്പെട്ട മയക്കമരുന്നുകളുടെയും കണക്ക് പരിശോധിച്ചാൽ കേസുകളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ടെങ്കിലും പിടിച്ചെടുക്കുന്ന മയക്കമരുന്നുകളുടെ അളവിൽ വർദ്ധനവുണ്ടാകുന്നുണ്ട്. എക്സൈസ് വകുപ്പ് കണ്ടെത്തിയ എൻ.ഡി.പി.എസ്. കേസുകളിലെ 21 വയസ്സിന് താഴെയുള്ള കുറ്റാരോപിതരായ കൗമാരക്കാരിൽനിന്നും വിമുക്തി

ലഹരിമോചന ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് വിധേയരായ 21 വയസ്സിന് താഴെയുള്ള കൗമാരക്കാരിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020 വർഷത്തിൽ എക്സൈസ് വകുപ്പ് ഒരു സർവ്വേ നടത്തിയിട്ടുണ്ട്. കൂടാതെ മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച് സംസ്ഥാനതലത്തിൽ ഒരു ഗവേഷണ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലഹരി പദാർത്ഥങ്ങളുടെ ക്രയവിക്രയങ്ങൾ പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികളും അതുമൂലം കൈവരിക്കാനായ നേട്ടങ്ങളും വിശദീകരിക്കാമോ?

സംസ്ഥാന എക്സൈസ് വകുപ്പ് വിവിധങ്ങളായ എൻഫോഴ്സ്മെന്റ് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ക്രയവിക്രയങ്ങൾ തടയുന്നതിന് ഒരുപരിധി വരെ സാധിക്കുന്നുണ്ട്. 2020 വർഷത്തിൽ 3667 എൻ.ഡി.പി.എസ്. കേസുകളിലായി 3791 പ്രതികളെ അറസ്റ്റ് ചെയ്യുകയും 3209.293 കി.ഗ്രാം കഞ്ചാവ്, 696 കഞ്ചാവ് ചെടികളും 6772.842 ഗ്രാം കഞ്ചാവ് അനുബന്ധ ലഹരിവസ്തുക്കളും 5498.660 ഗ്രാം രാസപദാർത്ഥ മയക്കുമരുന്നുകളും 2664.01 ഗ്രാം മയക്കുമരുന്ന് ഗുളികകളും; 15860 അബ്കാരി

കേസുകളിലായി 10215 പ്രതികളെ അറസ്റ്റ് ചെയ്യുകയും 23182 ലിറ്റർ സ്പിരിറ്റ്, 7219 ലിറ്റർ ചാരായം, 30958 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 531662 ലിറ്റർ വാഷ്, 4786 ലിറ്റർ അരിഷ്ടം, 1741 ലിറ്റർ ബിയർ, 10230 ലിറ്റർ കള്ള്, 5868 ലിറ്റർ അന്യസംസ്ഥാന മദ്യം, 1284 ലിറ്റർ അനധികൃത മദ്യം, 29 ലിറ്റർ വിദേശമദ്യം, 1275 ലിറ്റർ വൈൻ എന്നിവ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. 2021 വർഷത്തിൽ 3922 കേസുകളിലായി 3916 പ്രതികളെ അറസ്റ്റ് ചെയ്യുകയും 5632.6 കി.ഗ്രാം കഞ്ചാവും 760 കഞ്ചാവ് ചെടികളും 16189.967 ഗ്രാം കഞ്ചാവ് അനുബന്ധ ലഹരിവസ്തുക്കളും 6307.577 ഗ്രാം രാസപദാർത്ഥ മയക്കുമരുന്നുകളും 3240.869 ഗ്രാം മയക്കുമരുന്നു ഗുളികകളും 489 വാഹനങ്ങളും; 19934 അബ്കാരി കേസുകളിലായി 14026 പ്രതികളെ അറസ്റ്റ് ചെയ്യുകയും 20803 ലിറ്റർ സ്പിരിറ്റ്, 11012 ലിറ്റർ ചാരായം, 52113 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 691590 ലിറ്റർ വാഷ്, 5219 ലിറ്റർ അരിഷ്ടം, 3071 ലിറ്റർ ബിയർ, 22966 ലിറ്റർ കള്ള്, 26218 ലിറ്റർ അന്യസംസ്ഥാന മദ്യം, 4129 ലിറ്റർ അനധികൃത മദ്യം, 15.100 ലിറ്റർ വിദേശമദ്യം, 4562 ലിറ്റർ വൈൻ എന്നിവ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്.

**പാലോട് ലഹരി വിമുക്ത കേന്ദ്രം**

447(2399) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ലഹരിവിമുക്ത കേന്ദ്രം ആരംഭിക്കുന്നതിനായുള്ള കെട്ടിടം 2020-ൽ ഉദ്ഘാടനം ചെയ്തുവെങ്കിലും പ്രസ്തുത പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

വിമുക്തി മിഷൻ തിരുവനന്തപുരം ജില്ലയിൽ പുതുതായി ആരംഭിക്കാൻ തെരഞ്ഞെടുത്തിട്ടുള്ള രണ്ട് ഡി-അഡീക്ഷൻ സെന്ററുകളിൽ ഒന്ന് പാലോട് സി.എച്ച്.സി. ആണ്. സംസ്ഥാന തലത്തിൽ എല്ലാ ജില്ലകളിലും പുതുതായി രണ്ട് ഡി-അഡീക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) പദ്ധതിക്കുവേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഫണ്ടുകൾ ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്നും വിശദീകരിക്കാമോ?

പുതിയതായി ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ആശുപത്രികളുടെ വിവരം എക്സൈസ് വകുപ്പിൽ നിന്നും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിൽ

പാലോട് സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്. പാലോട് സി.എച്ച്.സി-യിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി വിമുക്തി മിഷനിൽ നിന്നും ഫണ്ടുകളൊന്നും ചെലവഴിച്ചിട്ടില്ല.

(സി) എന്തെല്ലാം സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകാൻ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സ, കൗൺസലിംഗ്, ലഹരിക്കടിമപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള കൗൺസിലിംഗ് എന്നീ സേവനങ്ങളാണ് ലക്ഷ്യമിടുന്നത്.

(ഡി) പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

എല്ലാ ജില്ലകളിലും രണ്ട് ഡി-അഡീക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കാൻ തീരുമാനമെടുക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

## സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം

448(2400) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരുവർഷം രജിസ്റ്റർ ചെയ്ത കേസുകളിൽ 20 വയസ്സിന് താഴെ

പ്രായമുള്ളവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; മയക്കുമരുന്ന് ലഹരിയിൽ വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

എക്സൈസ് വകുപ്പിൽ കഴിഞ്ഞ ഒരുവർഷം രജിസ്റ്റർ ചെയ്ത കേസുകളിൽ 20 വയസ്സിന് താഴെ പ്രായമുള്ള 293 പേരുണ്ട്. മയക്കുമരുന്ന് ലഹരിയിൽ വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ എക്സൈസ് വകുപ്പിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) കഴിഞ്ഞ ഒരുവർഷം സംസ്ഥാനത്ത് പിടികൂടിയ മയക്കുമരുന്നുകൾ ഏതെല്ലാമാണെന്നും അവയുടെ തൂക്കം എത്രയാണെന്നും വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) മയക്കുമരുന്നുകളുടെ ഉപയോഗത്തിലും വിപണനത്തിലും അനേകം വിദ്യാർത്ഥികൾ ഉൾപ്പെടുന്നതായും വിദ്യാർത്ഥികളെ ഇതിനായി പ്രലോഭിപ്പിക്കുന്ന മാഫിയകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയത് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

കണക്കാക്കിയിട്ടില്ല.

(ഇ) വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും വിപണനവും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് സ്കൂൾ/ കോളേജ് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധക്ലബ്ബുകൾവഴി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകളും മറ്റ് കലാകായിക പരിപാടികളും സംഘടിപ്പിച്ചുവരുന്നു. പ്രൈമറിതലം മുതൽ തന്നെ വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അധ്യാപകരുടെ സഹായത്താൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം ആരംഭത്തിലേ മനസ്സിലാക്കി കൗൺസലിംഗ്, ചികിത്സ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(എഫ്) ലഹരികൾക്ക് അടിമപ്പെട്ടത് കാരണം പഠനം മുടങ്ങിയതും

മാനസിക, ആരോഗ്യനില തകരാറിലായതുമായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കാവശ്യമായ കൗൺസലിംഗും ചികിത്സയും നൽകുന്നതിന് സമഗ്രപദ്ധതി തയ്യാറാക്കുമോ?

വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലേ കണ്ടെത്തി ആവശ്യമായ കൗൺസലിംഗും ചികിത്സയും നൽകുന്നതിനുള്ള നടപടികൾ വിമുക്തി മിഷനും എക്സൈസ് വകുപ്പും സ്വീകരിച്ചുവരുന്നു. ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ ആഭിമുഖ്യത്തിൽ പഠനം മുടങ്ങിയ വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ സ്കൂളിലെത്തിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എക്സൈസ് ഓഫീസ് നിർമ്മാണം

449(2401) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസിന് കെട്ടിടം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന എക്സൈസ് സർക്കിൾ ഓഫീസിന്, ആറ്റിങ്ങൽ മൂന്നുമുക്കിനു സമീപം ഫുഡ്സേഫ്റ്റി ഓഫീസ് കോമ്പൗണ്ടിലെ ഒഴിവുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ എക്സൈസ് വകുപ്പിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഉടമസ്ഥതയിലായതിനാൽ ടി സ്ഥലം എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വർദ്ധിക്കുന്ന ലഹരി-മയക്കുമരുന്ന് ഉപയോഗം**

450(2402) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി-മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

എക്സൈസ് വകുപ്പ് കണ്ടെത്തിയ എൻ.ഡി.പി.എസ് കേസുകളിലെ 21 വയസിനു താഴെയുള്ള കുറ്റാരോപിതരായ കൗമാരക്കാരിൽനിന്നും വിമുക്തി ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് വിധേയരായ 21 വയസിനുതാഴെയുള്ള കൗമാരക്കാരിൽനിന്നും ലഭിച്ച വിവരങ്ങളുടെ

അടിസ്ഥാനത്തിൽ 2020 വർഷത്തിൽ എക്സൈസ് വകുപ്പ് ഒരു സർവ്വെ നടത്തിയിട്ടുണ്ട്. കൂടാതെ മയക്കുമരുന്നുപയോഗം സംബന്ധിച്ച് സംസ്ഥാന തലത്തിൽ ഒരു ഗവേഷണ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ലഹരി-മയക്കുമരുന്ന് വ്യാപനം കുറയ്ക്കുന്നതിനായി ശിക്ഷ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ശാസ്ത്രീയമായ ബോധവത്കരണത്തോടൊപ്പം കർശന ശിക്ഷയും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി സമൂഹത്തിന്റെ വിവിധതലങ്ങളിൽ ലഹരിക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസലിംഗ് എന്നിവ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കേന്ദ്ര നിയമമായ NDPS Act പ്രകാരം കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ഒരു കിലോഗ്രാമിന്

താഴെയുള്ള Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾക്ക് ജാമ്യം ലഭിക്കാവുന്നവയാണ്. ആയതിനാൽ, വിവിധ മയക്കുമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**കുമ്പള എക്സൈസ് റേഞ്ച് ഓഫീസ്**

451(2403) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിലുള്ള ഒരേക്കർ സ്ഥലത്ത് ചുറ്റുമതിൽ, ഗാർഡ് റൂം എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹണം നടത്തുന്നതേത് ഏജൻസിയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ഇപ്പോഴേത് ഘട്ടത്തിലാണെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

(എ-ഡി) കുമ്പള എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിലുള്ള ഒരേക്കർ സ്ഥലത്ത് ചുറ്റുമതിൽ, ഗാർഡ് റൂം എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ഡ്രൈവർ തസ്തിക

452(2404)ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിൽ നിലവിൽ പല റേഞ്ച്, സർക്കിൾ ഓഫീസുകളിലും ഡ്രൈവറുണ്ടെങ്കിൽ വാഹനമില്ലാത്ത അവസ്ഥയും വാഹനമുണ്ടങ്കിൽ ഡ്രൈവർ തസ്തിക ഇല്ലാത്ത അവസ്ഥയും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2180 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II. **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 280-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 22-02-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 280-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 22.02.2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 280-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ട് പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

## III. **അടിയന്തരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... പൊതുവിതരണ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

സമ്പ്രദായത്തിന്റെ തകർച്ചയും വിപണിയിലിടപെട്ട് വില നിയന്ത്രിക്കാത്തതിനാൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതുമൂലവും ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ചോദ്യോത്തരവേളയിൽ ആദ്യത്തെ അര മണിക്കൂർ ചർച്ച ചെയ്തത് ഇതേ വിഷയം തന്നെയാണ്. എങ്കിലും ഇത് പരിഗണനയ്ക്കെടുക്കുകയാണ്. അതുകൊണ്ട് വളരെ ചുരുക്കി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഈ വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ പ്രതിപക്ഷാംഗങ്ങൾതന്നെ സർക്കാരിനെ ശ്ലാഘിച്ചുകൊണ്ട് പ്രസംഗിച്ചത് നമ്മൾ കേട്ടതാണ്. പതിനെട്ട് എം.പി.-മാരെ കേരളത്തിൽനിന്ന് ഡൽഹിയിലേയ്ക്ക് അയച്ചിട്ടുണ്ട്. അവർ കേരളത്തെ സഹായിക്കാനും മാർക്കറ്റിൽ ഇടപെടാനും യാതൊന്നും ചെയ്തില്ലെന്ന് ഞാൻ നേരത്തേ

പറഞ്ഞതാണ്. മത്രുവുമല്ല നമ്മുടേത് ഒരു ഉപഭോക്തൃ സംസ്ഥാനമാണ്.

മി. സ്പീക്കർ: സഭയിൽ പത്രം വായിക്കുന്നത് ചട്ടങ്ങൾക്കെതിരാണ്. ചുരുങ്ങിയത് ആരും കാണാതെ വായിക്കാനെങ്കിലും ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്തിനാവശ്യമായ എല്ലാ നിത്യോപയോഗ സാധനങ്ങളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് വാങ്ങുന്നത്. കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങൾ കാരണം പെട്രോളിന്റെയും ഡീസലിന്റെയും വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചരക്കുനീക്കം കൂടുതൽ ചെലവേറിയതാകുമ്പോൾ സാധനങ്ങളുടെ വില വർദ്ധനവുണ്ടാകുന്നത് സ്വാഭാവികമാണ്. കേന്ദ്ര സർക്കാരിന്റെ കടുംപിടുത്തം കാരണമാണ് കർഷകരുടെ ഒരുവർഷക്കാലം നീണ്ടുനിന്ന സമരമുണ്ടായത്. ആ സമരത്തിനിടയിൽ ഉൽപാദനം കുറയുന്ന സാഹചര്യവും രാജ്യത്തുണ്ടായിയെന്നുള്ളത് ഒരുവസ്തുതയാണ്. ഇതെല്ലാം കാരണം രാജ്യത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണെന്ന് ഞാൻ അംഗീകരിക്കുകയാണ്. എന്നാൽ കേരളം രാജ്യത്തിന് മാതൃകയായിട്ടുള്ള ഫലപ്രദമായ വിപണിയിടപെടൽ നടത്തുന്ന ഒരു സംസ്ഥാനമാണെന്നത് നമുക്കേവർക്കും അഭിമാനിക്കാൻ കഴിയുന്നതാണ്. കേരളത്തിൽ നേരിയ

തോതിൽ മാത്രമെ ഈ വിലക്കയറ്റം ബാധിച്ചിട്ടുള്ളൂയെന്നുള്ളതാണ് ഒരു വസ്തുത. സപ്ലൈകോ, സഹകരണ സ്ഥാപനങ്ങളുടെ ഔട്ട്ലെറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നാണ് കേരളത്തിലെ ജനസംഖ്യയുടെ മഹാഭൂരിപക്ഷവും സാധനങ്ങൾ വാങ്ങുന്നതെന്നത് നമുക്കെല്ലാം അറിയുന്നതാണ്. ആ സ്ഥാപനങ്ങൾ നൽകുന്ന വിവിധ സബ്സിഡികൾ ലഭ്യമാകുന്നതുകൊണ്ടുതന്നെ വിലക്കയറ്റം അധികം ജനങ്ങളെ ബാധിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾ 2016-ലെ വിലയിൽ ഇന്നും നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ കുറഞ്ഞുകുറഞ്ഞ് ഏതെങ്കിലുമൊരു സംസ്ഥാനവുമായി താരതമ്യം ചെയ്യാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. എങ്കിലും ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനം ഈ നിലപാട് സ്വീകരിക്കുന്നതായി നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? അതിന് കഴിയാത്തൊരു സ്ഥിതിയാണെന്നുള്ള കാര്യം നമുക്കെല്ലാമറിയാം. ഒരുകാര്യം വളരെ വ്യക്തമായി ഞാൻ ആവർത്തിക്കുകയാണ്. നമ്മൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഉൽപന്നങ്ങൾ വാങ്ങുന്നുണ്ട്. 74 രൂപയ്ക്ക് നമ്മുടെ കടയിൽ കൊടുക്കുന്ന ചെറുപയറിന് പൊതുവിപണിയിൽ 104 രൂപയാണ്.

31.43 രൂപ വില കുറച്ചാണ് നമ്മൾ കൊടുക്കുന്നത്. 66 രൂപയ്ക്ക് നമ്മൾ കൊടുക്കുന്ന ഉഴുന്നിന് 116 രൂപയാണ് ഇന്നത്തെ വില. 50.29 രൂപ കുറച്ച് കൊടുക്കുകയാണ്. വൻകടല 43 രൂപയ്ക്കാണ് കൊടുക്കുന്നത്, പുറത്തെ വില 86.57 രൂപയാണ്. 65 രൂപയ്ക്ക് നമ്മൾ കൊടുക്കുന്ന തുവരപ്പരിപ്പിന് മറ്റ് സംസ്ഥാനങ്ങളിലെ വില 112 രൂപയാണ്. ഞാൻ ആന്ധ്രാപ്രദേശിൽ പോയപ്പോൾ, അവിടെ ഉൽപാദിപ്പിക്കുന്നതായിരുന്നിട്ടും തുവരപരിപ്പിന് ഗവൺമെന്റ് ഔട്ട്‌ലെറ്റിൽ 67 രൂപയാണ്. ഈ വിഷയത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച് സപ്ലൈകോ ഔട്ട്‌ലെറ്റിലേയ്ക്ക് പോകാം, യാതൊരു സംശയവും വേണ്ട. പുതിയ കടകൾ വേണമെന്ന നിങ്ങളുടെ ആവശ്യത്തിന്മേൽ ഉദാരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മുളകിന്റെ വില 75 രൂപയാണ്, 225 രൂപയ്ക്കാണ് പുറത്ത് കടയിൽ കിട്ടുന്നത്. ഇതുപോലെ വില കുറച്ച് കൊടുക്കാൻ കഴിയുന്ന മറ്റൊരു സംസ്ഥാനമുണ്ടോ? മല്ലിയുടെ വില 76 രൂപയാണ്, പുറത്ത് 134 രൂപയാണ്. പഞ്ചസാര 22 രൂപയാണ്, പുറത്ത് 39.14 രൂപയാണ്. വെളിച്ചെണ്ണ അരലിറ്ററിന് 46 രൂപയാണ്, പുറത്ത് 96 രൂപയാണ്. ജയ അരി 25 രൂപയാണ്, പുറത്ത് 37.25 രൂപ. കുറുവ അരി 25 രൂപയാണ്, പുറത്ത് 37 രൂപ. മട്ട അരി 24 രൂപയാണ്, പുറത്ത് 40.50 രൂപ,

പച്ചരി 23 രൂപയാണ്, പുറത്ത് 30.60 രൂപ. അതിനെക്കാളെല്ലാമുപരിയായി സംസ്ഥാനത്തെ ഏഴര ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച കാര്യം ഞാൻ രാവിലെ പറയുകയുണ്ടായി. ആ ഏഴര ലക്ഷം മെട്രിക് ടൺ നെല്ലിൽ പകുതിയോളം, അതായത് ഏകദേശം മൂന്ന് ലക്ഷത്തിലധികം മെട്രിക് ടൺ അരിയായി മാറുകയാണ്. ആ അരി (കുത്തരി/ചമ്പാവരി) കേരളത്തിലെ പതിനാലായിരത്തോളം റേഷൻ കടകളിലൂടെ കൃത്യമായി എല്ലാവർക്കും കിട്ടുകയാണ്. അതിന്റെ മാർക്കറ്റിലെ വിലയെത്രയാണ്? സൗജന്യ നിരക്കിൽ ഈ അരി കിട്ടുമ്പോൾ മാർക്കറ്റിൽ അതിന്റെ വില 50-55 രൂപയാണ്. ഇത് പ്രതിപക്ഷം കാണുന്നില്ലേ? ഇത് കാണാതെയാണ് ഇങ്ങനെയെല്ലാം പറയുന്നതെന്ന് ഞാൻ കരുതുന്നില്ല. അതെല്ലാവർക്കും അറിയാം. എങ്കിലും വിഷയദാരിദ്ര്യംകൊണ്ട് ഇന്നവർ ഇക്കാര്യം വീണ്ടും അവതരിപ്പിക്കുകയാണ്. 2016 മുതൽ 2022 വരെ സംസ്ഥാന സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി സബ്സിഡിയിനത്തിൽ ഉപഭോക്താക്കൾക്ക് നൽകിയത് 1853 കോടി രൂപയാണ്. രാജ്യത്ത് ഏതെങ്കിലുമൊരു സംസ്ഥാനം ഇങ്ങനെ ചെയ്തിട്ടുണ്ടോ? ഒരു പൈസയുടെ സഹായം കേന്ദ്രം നൽകിയിട്ടില്ല. ഇതിനുപുറമെ പതിമൂന്ന് തവണകളിലായി പതിനൊന്ന് കോടി സൗജന്യ കിറ്റ് വിതരണത്തിലൂടെ ആറായിരം കോടി

രൂപയാണ് സർക്കാർ ചെലവഴിച്ചത്. ഏത് സംസ്ഥാനത്താണ് കോവിഡുമായി ബന്ധപ്പെട്ട് ഇതുപോലൊരു നിലപാട് സ്വീകരിച്ചത്? ഇതിന് പുറമെയാണ് ജനങ്ങൾക്ക് സൗജന്യമായി ഭക്ഷണം കൊടുക്കുന്ന സാമൂഹ്യ അടുക്കള, വിവിധങ്ങളായ ജനകീയ ഹോട്ടലുകൾ എന്നിവ തുടങ്ങിയത്. സപ്ലൈകോവഴി ഓരോ ഹോട്ടലിനും അറുനൂറ് കിലോഗ്രാം അരി പ്രതിമാസം 10.58 രൂപ ന്യായവിലയ്ക്ക് കൊടുക്കുകയാണ്. അതിനുപുറമെ സുഭിക്ഷ ഹോട്ടലുമുണ്ട്. ഇതെല്ലാമുള്ളതുകൊണ്ടുതന്നെ വിലക്കയറ്റം ജനങ്ങളെ സാരമായി ബാധിക്കുന്നില്ല. നമ്മുടെ നാട്ടിലെ കൃഷിക്കാരെ സംബന്ധിച്ച് അറിയേണ്ട പ്രധാന കാര്യം, 2020-21 കാലയളവിൽ കർഷകർക്ക് നെല്ല് സംഭരണത്തിനുള്ള സ്റ്റേറ്റ് ഇൻസെന്റീവ് ബോണസായി 674 കോടി രൂപയും 2021-22-ൽ 245 കോടി രൂപയും നല്കുകയുണ്ടായി. ഇതിനുപുറമെയാണ് നെല്ലെടുത്ത മില്ലുകളുമായി ബന്ധപ്പെട്ടുള്ള ഔട്ട് ടേൺ റേഷ്യോ ഇനത്തിൽ 100 കോടി രൂപയുടെ ബാധ്യത സർക്കാർ എടുക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതിയെന്താണ്? രാജ്യത്തെ കൃഷിക്കാരൻ അവന്റെ ഉല്പന്നത്തിന് വില ലഭിക്കാൻ വേണ്ടിയാണ് ഒരുവർഷത്തെ സമരം നടത്തിയത്. ആ നയം കൊണ്ടുവന്നത് ആരാണ്? ആ നയം രാജ്യത്ത് നടപ്പാക്കിയത് സഭയിൽ അപ്പുറത്തെ വശത്തിരിക്കുന്ന ആളുകളാണ്.

കേന്ദ്രഭക്ഷ്യപൊതുവിതരണ സഹമന്ത്രിയായിരുന്ന പ്രൊഫ. കെ. വി. തോമസിന്റെ കാലത്താണ് കേരളത്തിൽ നാല് നിറത്തിലുള്ള കാർഡുകൾ കൊണ്ടുവന്നത്. അത് നിഷേധിക്കാൻ കഴിയുമോ; ബി.പി.എൽ., എ.പി.എൽ. കാർഡായിരുന്നതിനെ 4 നിറത്തിലുള്ള കാർഡുകളാക്കി മാറ്റി AAY കാർഡുകളുടെ എണ്ണം പരിമിതപ്പെടുത്തിയത് കേരളത്തിൽ അരി വാങ്ങാൻ ആളുകളുടെ എണ്ണം കുറവാണെന്ന് പറഞ്ഞുകൊണ്ടാണ്. ആ നയമാണ് ഇന്നും ബി.ജെ.പി. ശക്തമായി കൊണ്ടുപോകുന്നത്. നമ്മൾ എത്ര പറഞ്ഞാലും അതിന് യാതൊരു മാറ്റവും വരാത്തത് അതുകൊണ്ടാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ സർക്കാരിന്റെ കയ്യിലുള്ള മരുന്നെന്താണ്? ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതെല്ലാം മറ്റ് സംസ്ഥാനങ്ങളിലാണ്. ആ സ്വകാര്യ ഉല്പാദകർക്ക് ആവശ്യമായിട്ടുള്ള സംരക്ഷണ നിയമം പാസ്സാക്കിയത് കോൺഗ്രസ് കേന്ദ്രം ഭരിച്ചപ്പോഴാണ്. അതിന്റെ ഫലമായിട്ടല്ലേ ഇതൊക്കെ അനുഭവിക്കുന്നത്. ഇത് നിയന്ത്രിക്കാൻ നമ്മുടെ മുന്നിൽ എന്തെങ്കിലും മാർഗ്ഗമുണ്ടോ? കേരളത്തിലെ സാധാരണക്കാർക്ക്, സാമാന്യ ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ന്യായവിലയ്ക്ക് കൊടുക്കാനുള്ള സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, അങ്ങയുടെ തന്നെ പാർട്ടി നേതാക്കളായിരുന്ന കെ. സി. ജോർജ്ജും ഇ. ചന്ദ്രശേഖരൻ നായരുമൊക്കെ ഇരുന്ന കസേരയിലാണ് അങ്ങിരിക്കുന്നത്. കേരളത്തിൽ നിന്ന് 18 എം.പി. മാരെ കേന്ദ്രത്തിലേയ്ക്ക് തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ടെന്നാണ് അങ്ങ് ആദ്യം പറഞ്ഞത്. ഞങ്ങളുടെയൊക്കെ കണക്കിൽ കേരളത്തിൽ നിന്ന് ലോക്സഭയിലേയ്ക്ക് പോയതിൽ 20 എം.പി. -മാരുണ്ട്. ബാക്കി രണ്ട് പേരെ കണക്കിൽപോലും അങ്ങ് കൂട്ടിയിട്ടില്ലെന്ന് ഞങ്ങൾക്ക് മനസ്സിലായി. പൊതുവിപണിയിലെ ഓരോ ഉല്പന്നങ്ങളുടെയും വിലവർദ്ധനവിന്റെ കണക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇവിടെ പറയാം. പക്ഷെ ഈ മറുപടിയുടെ വീഡിയോ എടുത്ത് കേരളത്തിലെ ഏതെങ്കിലും ഒരു പലചരക്ക് കടയുടെ മുന്നിൽ പ്രദർശിപ്പിക്കാമോ; ഈ മറുപടി സ്വന്തം വീട്ടിൽ പറഞ്ഞുകഴിഞ്ഞാൽ അവിടെയുള്ളവർ അംഗീകരിക്കുമോ? അത്തരത്തിൽ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. വിലക്കയറ്റവുമായി ബന്ധപ്പെട്ട് നിരവധി അടിയന്തരപ്രമേയങ്ങൾ സഭയിൽ വന്നിട്ടുണ്ട്. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരു സാഹചര്യമാണ് ഇപ്പോൾ നിലനില്ക്കുന്നത്. അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ ഒരുരൂപയുടെ വർദ്ധനവുപോലും സാധാരണക്കാരന് താങ്ങാൻ കഴിയാത്ത

സാഹചര്യത്തിലാണ് ഈ അടിന്തരപ്രമേയാവതരണത്തിന് അനുമതി തേടുന്നത്. കാരണം, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാധാരണക്കാരന്റെ വാങ്ങൽശേഷി താഴെപ്പോയിരിക്കുന്നതായി കാണാം. അവരുടെ തൊഴിൽ നഷ്ടപ്പെട്ടു, സംരംഭങ്ങൾ അടച്ചുപൂട്ടി, ചെറുകിട വ്യാപാര മേഖല പൂർണ്ണമായി തകർന്നു. എല്ലാ അർത്ഥത്തിലും സാധാരണക്കാരന്റെ നിത്യജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തൊരു സാഹചര്യമാണ്. മാർക്കറ്റ് തീർ<u>ത്തും</u> നിർജ്ജീവമാണ്. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചറിയാൻ ബഹു<u>മാ</u>ന്യനായ ധനകാര്യ വകുപ്പുമന്ത്രിയെപ്പോലെ വലിയ സാമ്പത്തിക വിദഗ്ദ്ധനൊന്നുമാകേണ്ട കാര്യമില്ല. സാധാരണക്കാരനായ ഒരു വ്യക്തിയോട് ചോദിച്ചാൽ മതി. ഒരു ഓട്ടോറിക്ഷക്കാരനോട് ചോദിച്ചാൽ, ഓട്ടമില്ലെന്ന് പറയും. പലചരക്ക് കടക്കാരനോട് ചോദിച്ചാൽ, കച്ചവടമില്ലെന്ന് പറയും. സാധാരണക്കാരനോട് പത്ത് രൂപ കടം ചോദിച്ചാൽ അത് കൊടുക്കാൻ പോലുമില്ലാത്ത സാഹചര്യമാണ്. അങ്ങനെ എല്ലാ അർത്ഥത്തിലും കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും ജീവിതത്തിന്റെ നിലയില്ലാ ദുരിതക്കയത്തിൽ കയ്യും കാലുമിട്ട് അടിക്കുമ്പോഴാണ് ഇടി വെട്ടിയവനെ പാമ്പ് കടിച്ചുവെന്ന് പറഞ്ഞതുപോലെ വിലക്കയറ്റത്തിന്റെ ഇരുട്ടടികൊണ്ട് നിങ്ങൾ അവരെ പടുകുഴിയിൽ നിന്ന്

അഗാധഗർത്തത്തിലേയ്ക്ക് തള്ളിവിട്ടിരിക്കുന്നത്. ഉപ്പുതൊട്ട് കർപ്പൂരംവരെ എല്ലാ ഉല്പന്നങ്ങളുടേയും വില വർദ്ധിച്ചിരിക്കുകയാണ്. Department of Economics and Statistics പുറത്തുവിട്ടിരിക്കുന്ന കണക്കുകൾ പരിശോധിക്കണം. 2016-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ളതും ഇപ്പോഴത്തെ വിലയും അങ്ങ് പരിശോധിക്കണം. 2016-ൽ ചമ്പാ അരിയുടെ വില കിലോയ്ക്ക് 34 രൂപയായിരുന്നത് ഇപ്പോൾ 40 രൂപയായി. പൊതുവിപണിയിലെ വില വേറെ പറയാം. ആന്ധ്രാ പച്ചരിക്ക് കിലോയ്ക്ക് 30 രൂപയുണ്ടായിരുന്നത് 38 രൂപയായി. നാടൻ കോഴിമുട്ടയ്ക്ക് 71 രൂപയുണ്ടായിരുന്നത് 81.40 രൂപയായി. വെളിച്ചെണ്ണ കിലോയ്ക്ക് 98 രൂപയായിരുന്നത് 151.21 രൂപയായി. കേര വെളിച്ചെണ്ണയ്ക്ക് 114 രൂപയായിരുന്നത് 189 രൂപയായി. കാരറ്റിന് കിലോയ്ക്ക് 50 രൂപയായിരുന്നത് 71 രൂപയായും സവാളയ്ക്ക് 31 രൂപയും മത്തങ്ങയ്ക്ക് 26 രൂപയുമായി. Department of Economics and Statistics-ന്റെ കണക്കുകളാണ് ഞാൻ പറഞ്ഞത്. ഇത് ഹോൾസെയിൽ റേറ്റിൽ നിശ്ചയിച്ചിരിക്കുന്നതാണ്....(ബഹളം)...

<u>മി. സ്പീക്കർ</u>: അംഗങ്ങൾ നിശബ്ദരായിരിക്കൂ.. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. റോജി എം. ജോൺ: സർ, വിപണിയിലെ വില ഇതിലും കൂടുതലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, താങ്കൾ ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ.

ശ്രീ. റോജി എം. ജോൺ: സർ, അവിടെ നിന്ന് പ്രകോപനമുണ്ടായതു കൊണ്ടാണ്. സാധാരണക്കാരൻ കഴിക്കുന്ന മട്ട ഉണ്ട അരി കിലോയ്ക്ക് 40 രൂപയും മട്ട വടി അരിക്ക് കിലോയ്ക്ക് 50 രൂപയും കൊടുക്കണം. എല്ലാ ഇനങ്ങൾക്കും വില കൂട്ടിക്കൊണ്ടിരിക്കുകയാണ്. നമ്മളോരോരുത്തരെക്കാളും കൂടുതലായി സാധാരണക്കാർക്കും വീട്ടമ്മമാർക്കും ഈ കണക്കുകളറിയാം. ഈ വിഷയം അടിയന്തര പ്രാധാന്യത്തോടുകൂടി ഇന്ന് നിയമസഭയിൽ കൊണ്ടുവരാനുള്ള കാരണമുണ്ട്.

മി. സ്പീക്കർ: സഭാംഗങ്ങൾ നിശബ്ദരായി ഇരിക്കൂ. ബഹുമാനപ്പെട്ട അംഗം സംസാരിക്കട്ടെ. അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമല്ലോ.

ശ്രീ. റോജി എം. ജോൺ: സർ, ഭരണപക്ഷത്തിരിക്കുന്ന ആളുകളുടേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും സംസാരം കേട്ടാൽ തോന്നുന്നത് കേരളത്തിലെ

ജനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ പോയി പച്ചക്കറിയും പലചരക്ക് സാധനങ്ങളും വാങ്ങേണ്ടി വരുന്ന അവസ്ഥയാണെന്നാണ്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ പല ഉല്പന്നങ്ങളുടേയും വിലയിലുണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനവ് കാണാതെ പോകരുത്. 90 രൂപയായിരുന്ന മല്ലിക്ക് 140 രൂപയായി. 145 രൂപ വിലയുണ്ടായിരുന്ന സൺഫ്ലവർ ഓയിലിന് ഇന്ന് വില 180 രൂപയാണ്. ചെറുപയറിന് 105 രൂപയും കടലയ്ക്ക് 120 രൂപയുമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറഞ്ഞു. വെളുത്തുള്ളി കിലോയ്ക്ക് 100 രൂപയാണ്. മഞ്ഞപ്പരിപ്പിന് 77 രൂപയായിരുന്നത് 2 മാസം കൊണ്ട് 120 രൂപയായി. തുവരപ്പരിപ്പ് വാങ്ങാൻ സാധിക്കാത്ത ആളുകൾ ഉപയോഗിച്ചുകൊണ്ടിരുന്നതാണ് മഞ്ഞപ്പരിപ്പ്. അതുപോലും ഇപ്പോൾ 120 രൂപയായിരിക്കുന്നു. പഴവർഗ്ഗങ്ങൾക്കും വില വർദ്ധിച്ചിരിക്കുന്നു. ഏത്തക്കായ്ക്കും ഞാലിപ്പൂവൻ പഴത്തിനുമൊക്കെ വിലയെത്രയാണെന്ന് മാർക്കറ്റിൽ അന്വേഷിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഏറ്റവും കൂടുതൽ വില വർദ്ധിച്ചിരിക്കുന്നത് വറ്റൽമുളകിനാണ്. 160 രൂപയായിരുന്ന വറ്റൽമുളകിന് രണ്ടാഴ്ചകൊണ്ട് പൊതുവിപണിയിൽ 240 രൂപയായിരിക്കുകയാണ്. ഇന്ന് ചിക്കന്റെ വില കിലോയ്ക്ക് 155 രൂപ മുതൽ 160 രൂപ വരെയാണ്. 85 രൂപയ്ക്ക് കെ-ചിക്കൻ കേരളത്തിൽ

കൊടുക്കുമെന്ന് പറഞ്ഞ വേറൊരു സാമ്പത്തിക വിദഗ്ധൻ നിയമസഭയിലുണ്ടായിരുന്നു. ഗ്രീൻപീസ്, ചെറുപയർ, പാമോയിൽ എന്നിവയുടെ വിലനിലവാരമൊന്നും ഞാനിവിടെ വായിക്കുന്നില്ല. കാരണം, പൊതുവിപണിയിൽ കഴിഞ്ഞ ഒരുമാസത്തിനിടയിൽ മേൽപ്പറഞ്ഞ ഉല്പന്നങ്ങളുടെ വില എത്രമാത്രം വർദ്ധിച്ചിരിക്കുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. സാധാരണക്കാരനായ, ശരാശരി 700 രൂപയ്ക്ക് ഒരുദിവസം പണിയെടുക്കുന്ന ഒരാൾക്ക് ഇന്നത്തെ സാഹചര്യത്തിൽ എങ്ങനെ കുടുംബം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും? സാധാരണക്കാരന് തന്റെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത തരത്തിൽ വിലക്കയറ്റം നമ്മുടെ നാടിനെ പിടിച്ചുലച്ചുകൊണ്ടിരിക്കുകയാണ്. ചെറിയ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങി എല്ലാ മേഖലകളും സ്തംഭനാവസ്ഥയിലാണ്. വിലക്കയറ്റത്തെക്കുറിച്ച് പറയുമ്പോൾ, 13 അവശ്യവസ്തുക്കൾക്ക് വില വർദ്ധിച്ചിട്ടില്ലെന്നാണ് മന്ത്രി പറയുന്ന സ്ഥിരം പല്ലവി. പക്ഷെ സപ്ലൈകോയിൽ എന്താണ് അവസ്ഥ? ചില ഉല്പന്നങ്ങൾക്ക് പൊതുവിപണിയിലുള്ളതിനേക്കാൾ വില സപ്ലൈകോയിൽ കൊടുക്കേണ്ടതായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് സമ്മതിക്കേണ്ടിവന്നു. പല ഉൽപ്പന്നങ്ങളും സപ്ലൈകോയിൽ ലഭ്യമല്ല.

മുഴുവൻ ആളുകളും സപ്ലൈകോയിൽ പോയാണോ സാധനങ്ങൾ വാങ്ങുന്നത്? പൊതുവിപണയിൽ സാധനങ്ങളുടെ വില കുറച്ചുകൊണ്ടുവരാനും അത് നിയന്ത്രിച്ചുനിർത്താനുമുള്ള ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? സപ്ലൈകോയിൽനിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളെ സംബന്ധിച്ച് നമ്മൾ അന്വേഷിക്കണ്ടേ? ഞാൻ വളരെ ഉത്തരവാദിത്വബോധത്തോടുകൂടി ഇവിടെ പറയുകയാണ്, കടല, മുളക്, ഉഴുന്ന് പോലുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് വ്യാപകമായ പരാതികളാണ് സപ്ലൈകോയുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് പൊതുവിപണിയെയാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുമില്ലാത്തതുകൊണ്ടാണ് പൊതുവിപണിയിലെ ഇടനിലക്കാരുടെ പിന്തുണയോടുകൂടി മൊത്തവിതരണക്കാർ തോന്നുന്ന രീതിയിൽ വിലയുയർത്തി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയുമുൾപ്പെടെ നടത്തിക്കൊണ്ടിരിക്കുന്നത്. റേഷൻ കടകളിലെ അവസ്ഥ എന്താണ്? എല്ലാ മാസവും ആദ്യം കിട്ടേണ്ട റേഷൻ സാധനങ്ങൾ പലപ്പോഴും ലഭിക്കുന്നത് പതിനഞ്ചോ പതിനെട്ടോ തീയതിയാകുമ്പോഴാണ്. മാത്രമല്ല, അവിടെപ്പോയി മണിക്കൂറുകളോളം കാത്തുനിന്നാണ് ആളുകൾ വിരലടയാളം

പതിക്കുന്നത്. പലപ്പോഴും നെറ്റ്‌വർക്കും സെർവറും പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ദീർഘനേരം റേഷൻകടകൾക്ക് മുന്നിൽ ആളുകൾ ക്യൂവായി നിൽക്കുകയും പല ദിവസങ്ങളിലും അവർക്ക് സാധനങ്ങൾ ലഭിക്കാതെ തിരിച്ചുപോകേണ്ട സാഹചര്യവും ഉണ്ടാകുകയാണ്. മറ്റൊരു കാര്യം, പഞ്ചസാര AAY കാർഡുകൾക്ക് മാത്രമേ കൊടുക്കുന്നുള്ളൂ. മുൻവർഷങ്ങളിലൊക്കെ ഓണം, ക്രിസ്തുമസ്, വിഷു പോലുള്ള പ്രത്യേക അവസരങ്ങളിൽ പഞ്ചസാര മറ്റുള്ളവർക്കും കൊടുക്കുമായിരുന്നു. ഇപ്പോൾ അതും കൊടുക്കുന്നില്ല. മനുഷ്യർ കഴിക്കുന്ന സാധനങ്ങൾക്ക് മാത്രമല്ല, കന്നുകാലികൾ കഴിക്കുന്നതിനുവരെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാലിത്തീറ്റയുടെ വില അനിയന്ത്രിതമായി കൂടിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കെ.എസ്. കാലിത്തീറ്റയുടെ വില 1415 രൂപയും കേരള ഫീഡ്സിന്റെ കാലിത്തീറ്റയുടെ വില 1385 രൂപയുമായി. എല്ലാ മേഖലകളിലും വിലക്കയറ്റമുണ്ടായിരിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ വിലയും അനിയന്ത്രിതമായി കൂടിക്കൊണ്ടിരിക്കുകയാണ്. സിമന്റ്, കമ്പി, ആർ.ആർ. കേബിൾ, പി.വി.സി. ഉൽപ്പന്നങ്ങൾ എന്നിവയുടെയെല്ലാം വില വർദ്ധിച്ചിരിക്കുന്നു.

കേന്ദ്ര സർക്കാർ കഴിഞ്ഞ കുറേ നാളുകളായി പെട്രോളിയം

ഉൽപ്പന്നങ്ങളുടെയും പാചക വാതകത്തിന്റെയും വില ക്രമാതീതമായി വർദ്ധിപ്പിക്കുകയാണ്. ഒരു തെരഞ്ഞെടുപ്പ് വരുമ്പോൾ മാത്രമാണ് കേന്ദ്ര സർക്കാർ അൽപ്പമെങ്കിലും വില നിയന്ത്രിച്ചുനിർത്തുന്നത്. സാധാരണക്കാരന്റെ പ്രശ്നങ്ങളോട് യാതൊരു സഹാനുഭൂതിയുമില്ലാത്ത ഒരു ഗവൺമെന്റാണ് ഇന്ന് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന നരേന്ദ്ര മോദി ഗവൺമെന്റ്. അതേ സമീപനം തന്നെയാണ് സംസ്ഥാന സർക്കാരും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ യുക്രൈൻ-റഷ്യ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: യെസ്. അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. റോജി എം. ജോൺ: സർ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കുറച്ചുദിവസത്തേയ്ക്ക് നിർത്തിവച്ചു. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അവയുടെ വില വീണ്ടും വർദ്ധിപ്പിക്കുമെന്ന് നമുക്കറിയാം. നിത്യോപയോഗ സാധനങ്ങളുടെ ഭീമമായ വില വർദ്ധനവ് പൊതുവിപണിയിൽ ഉണ്ടായിരിക്കുമ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില ഇനിയും വർദ്ധിപ്പിച്ചാൽ വരുംദിവസങ്ങളിൽ വിലക്കയറ്റം രൂക്ഷമാകും.

മി. സ്പീക്കർ: ദയവായി അവസാനിപ്പിക്കൂ.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ സർക്കാർ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രത്യേകമായി ആളുകൾക്ക് കിറ്റ് കൊടുക്കുന്ന സംവിധാനമുണ്ടാക്കിയിരുന്നു. ആ കിറ്റുകൾ പൊതുവിപണിയിലെ വില പിടിച്ചുനിർത്തുന്നതിന് വലിയ സഹായകരമായിരുന്നു. കേന്ദ്ര സർക്കാർ തെരഞ്ഞെടുപ്പ് വരുമ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതുപോലെയാണ് സംസ്ഥാന സർക്കാർ കിറ്റ് വിതരണം ചെയ്യുന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞു, കിറ്റുകളും അവസാനിച്ചു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി 2000 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. നമുക്ക് കൃത്യമായ മറുപടികളാണ് ആവശ്യം, പ്രഖ്യാപനങ്ങളല്ല. ...... (മൈക്ക് ഓഫ്)

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം വളരെ അടിസ്ഥാനരഹിതമായിട്ടുള്ള ആക്ഷേപങ്ങളാണ് ഇവിടെ പറഞ്ഞത്. താങ്കളുടെ നാട്ടിലുള്ള അങ്കമാലി സപ്ലൈകോ ഔട്ട്ലെറ്റിൽ നമുക്ക് ഒരുമിച്ച് പോകാം, ഈ ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പരിശോധിക്കാം. ഈ സഭയിൽനിന്നും നഗരത്തിലെ ഏതെങ്കിലും ഒരു സപ്ലൈകോ ഔട്ട്ലെറ്റിൽ പോയി ഉൽപ്പന്നങ്ങളുടെ

ഗുണമേൻമയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന് പരിശോധിക്കാം, ഒരു സംശയവും വേണ്ട. അതുകൊണ്ട് അത്തരത്തിൽ സഭയിൽവന്ന് അടിസ്ഥാനരഹിതമായി മൈതാന പ്രസംഗം നടത്തുന്ന രീതി ഒട്ടും ശരിയല്ല. സപ്ലൈകോയിലെ വിലയെ സംബന്ധിച്ച് പറഞ്ഞു, ....(ബഹളം)... ഞാൻ വഴങ്ങുന്നില്ല. നമ്മുടെ നാട്ടിലെ റേഷൻ കടകളെ സംബന്ധിച്ച് അദ്ദേഹം ഇവിടെ പറഞ്ഞു. റേഷൻ കടകളിൽനിന്നും കിട്ടുന്ന അരിയെയും മറ്റ് ഉൽപ്പന്നങ്ങളെയും സംബന്ധിച്ച് നല്ല അഭിപ്രായമാണ് ജനങ്ങൾ പറയുന്നത്. ജനങ്ങൾക്ക് വില കുറച്ച് നല്ല ഉൽപ്പന്നങ്ങൾ ലഭിക്കുന്ന ഒരു കാലഘട്ടമാണ് പിണറായി സർക്കാരിന്റേത്. ഒരു സാധാരണക്കാരന് ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ പണമില്ലെങ്കിൽ കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള വിവിധ ഹോട്ടലുകളുണ്ട്. അവിടെ ഒരു പൈസ കൊടുക്കാതെ ആഹാരം കഴിക്കാനുള്ള അവസരമൊരുക്കിയത് ഈ ഗവൺമെന്റാണ്. സംശയമുണ്ടെങ്കിൽ പോയി നോക്കാം. അത്ര സുതാര്യമായി വിലക്കയറ്റം പിടിച്ചുനിർത്തുക മാത്രമല്ല, പട്ടിണി ഒഴിവാക്കുന്ന തരത്തിലാണ് ഈ ഗവൺമെന്റ് ഇടപെട്ടിട്ടുള്ളത്. ഇതൊന്നും വെറുതെ പറയുന്നതല്ല, വസ്തുതയാണ്. ബഹുമാനപ്പെട്ട അംഗം അരിയുടെ വില കൂടുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ദിവസം കോൺഗ്രസ്സ് നേതാവ് ശ്രീ. കപിൽ സിബൽ

കോൺഗ്രസ്സിന്റെ വിലത്തതകർച്ചയെക്കുറിച്ചാണ് പറഞ്ഞത്. എ.ഐ.സി.സി. യോഗം വിളിച്ചുചേർത്ത് കോൺഗ്രസ്സ് ചർച്ച ചെയ്യണമെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ അനുയായികൾ ഈ വിഷയം അവിടെ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. ഇവിടെ നിന്നും പാർലമെന്റിലേയ്ക്ക് പോയ കോൺഗ്രസ്സിന്റെ 18 എം.പി.മാരുണ്ടല്ലോ, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെക്കുറിച്ച് ഇതുവരെ അവർ ഒന്നും സൂചിപ്പിച്ചില്ലല്ലോ. പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ഗ്യാസിന്റെയും വില വർദ്ധിച്ചത് സംബന്ധിച്ച് അവർ ഒന്നും മിണ്ടില്ല. ഇതായിരുന്നോ പഴയ കോൺഗ്രസ്സ്? ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് അദ്ദേഹം സമ്മിശ്ര സമ്പദ്ഘടനയെക്കുറിച്ച് എന്തായിരുന്നു പറഞ്ഞത്? അതിനെ ദുർബലപ്പെടുത്തിയത് പി. വി. നരസിംഹ റാവുവിന്റെ കാലത്ത് തുടങ്ങിയ ഉദാരവത്ക്കരണ നയങ്ങളാണ്. ആ നയത്തിന്റെ ഫലമാണ് നമ്മൾ ഇന്ന് അനുഭവിക്കുന്നത്. ഇവിടെ കരിഞ്ചന്തയെക്കുറിച്ച് പറഞ്ഞല്ലോ, ഇവർക്ക് അതിനെക്കുറിച്ച് പറയാൻ എന്ത് അവകാശമാണുള്ളത്? കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പ്പിനും നിയമപരമായി പരിരക്ഷ കൊടുക്കുന്ന നയം സ്വീകരിച്ചത് കോൺഗ്രസ്സുകാരാണ്. ആ നയമല്ലേ ഇപ്പോൾ ബി.ജെ.പി. നടപ്പാക്കുന്നത്. സംസ്ഥാനം ഒരു കുപ്പി വെള്ളത്തിന്റെ വില 13 രൂപയായി കുറച്ചത്

സംബന്ധിച്ച വിഷയം കോടതിയുടെ മുന്നിലെത്തിയപ്പോൾ കോടതി ആ ഗവൺമെന്റ് നിലപാടിനെ ശ്ലാഘിച്ചു. എന്നാൽ പ്രസ്തുത നിയമത്തിൽ നമുക്ക് ഇടപെടാൻ കഴിഞ്ഞില്ല. വില തീരുമാനിക്കാനും വർദ്ധിപ്പിക്കാനും കുറയ്ക്കാനുമുള്ള അവകാശം ആ ആക്ടനുസരിച്ച് നമുക്കില്ല. അതിന് ഉത്തരവാദി ആരാണ്? ആ നിലപാട് സ്വീകരിച്ച ആളുകൾ ഇവിടെ വന്ന് ചാരിത്ര്യപ്രസംഗം നടത്തുകയാണ്. ഗ്രാമീണ മേഖലയിലെ സാധാരണക്കാരൻ ആശ്രയിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ ആവശ്യത്തിനുള്ള സാധനങ്ങൾ 2016 മുതൽ വില കുറച്ച് കൊടുക്കാനുള്ള സംവിധാനം കേരളത്തിലുണ്ട്. ഏതെങ്കിലും ഒരു സംസ്ഥാനം കേരളത്തെക്കാൾ മെച്ചപ്പെട്ട അവസ്ഥയിലാണെന്ന് പറയാൻ സാധിക്കുമോ? വെറുതെ ഒരു രാഷ്ട്രീയ പ്രസംഗത്തിനുവേണ്ടിയാണ് യു.ഡി.എഫ്. തയ്യാറായത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണ ജനങ്ങളെ ബാധിക്കുന്ന വിലക്കയറ്റംപോലുള്ള പ്രശ്നങ്ങൾ പ്രതിപക്ഷം ഇവിടെ കൊണ്ടുവരുന്നത് സർക്കാരിനെ വിമർശിക്കാൻ മാത്രമല്ല, സർക്കാരിനെ ഇത്തരം കാര്യങ്ങളിൽ ജാഗരൂകരാക്കുന്നതിനു വേണ്ടിക്കൂടിയാണ്. പ്രതിപക്ഷത്തിന് അങ്ങനെയൊരു ധർമ്മമുണ്ടെന്ന് ഞങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നു. വളരെ ലളിതമായി പറയാം, ഞങ്ങളുടെ കേസ് എന്താണ്? ...(ബഹളം)... ഇങ്ങനെ നിരന്തരമായി തടസ്സപ്പെടുത്തുന്ന രീതി ശരിയല്ല, ഒരു കാലത്തും ഉണ്ടായിട്ടില്ല. പ്രതിപക്ഷനേതാക്കളെല്ലാവരും ഇവിടെ വാക്കൗട്ട് പ്രസംഗങ്ങളും അല്ലാത്ത പ്രസംഗങ്ങളും നടത്തിയിട്ടുണ്ട്. ഇവിടെ എത്ര മന്ത്രിമാർ മറുപടി പറയുന്നു? റൂൾ 50 നോട്ടീസിൽ ഒരു മന്ത്രിയും ഇതുവരെ പറയാത്ത രീതിയിലുള്ള പ്രകോപനപരമായ കാര്യങ്ങളാണ് മന്ത്രി പറഞ്ഞത്, രാഷ്ട്രീയമാണ് പറഞ്ഞത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. കിട്ടുന്ന അവസരം അങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞ് ദുരുപയോഗം ചെയ്യില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം, പൊതുവിപണിയിൽ വില വലിയ തോതിൽ വർദ്ധിക്കുന്നുവെന്നാണ് ഞങ്ങൾ പറയുന്നത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ പൊതുവിപണിയിലെ വിലവർദ്ധനവിനെക്കുറിച്ചും കഴിഞ്ഞ മൂന്ന്

മാസങ്ങൾക്കിടയിൽ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിച്ചതിന്റെ കണക്കും ഞങ്ങളുടെ കയ്യിലുണ്ട്. 2021 മാർച്ച് മാസത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയും ഇന്നത്തെ വിലയും തമ്മിലുള്ള താരതമ്യം ഞങ്ങളുടെ കൈവശമുണ്ട്. പൊതുവിപണിയിൽ ഗണ്യമായി വില വർദ്ധിച്ചിരിക്കുന്നു. സപ്ലൈകോയിലെ വിലക്കുറവിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ആറ് വർഷമായി വിലവർദ്ധനവുണ്ടായിട്ടില്ലെന്ന് ഞങ്ങൾ സമ്മതിക്കുന്നു; അതിനെ സ്വാഗതം ചെയ്യുന്നു. നിങ്ങൾ പറഞ്ഞ വാക്ക് പാലിച്ചു, ശരിയാണ്. പക്ഷെ പൊതുവിപണിയിലെയും സപ്ലൈകോ മാർക്കറ്റിലെയും വ്യത്യാസമാണ് അദ്ദേഹം പറഞ്ഞത്. ഗവൺമെന്റ് സബ്സിഡി കൊടുത്തിട്ടാണ് സപ്ലൈകോ പ്രവർത്തിക്കുന്നത്. ഊഹാപോഹങ്ങളുടെയും കരിഞ്ചന്തയുടെയും പൂഴ്ത്തിവയ്പിന്റെയും അടിസ്ഥാനത്തിൽ എല്ലാ കാലഘട്ടത്തിലും പൊതുവിപണിയിൽ വില വർദ്ധിക്കും. ഗവൺമെന്റ് സബ്സിഡി കൊടുക്കുന്നത് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വില കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടിയാണ്. 60/- രൂപയ്ക്ക് സപ്ലൈകോ ഔട്ട്ലെറ്റിൽനിന്ന് ചെറുപയർ ലഭിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. പൊതുവിപണിയിൽ അതിന് 110/- രൂപയാണ്; അതായത് 50/- രൂപയുടെ

വ്യത്യാസമുണ്ട്. പൊതുവിപണിയിൽ വലിയ വിലയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചിരിക്കുകയാണ്. ഞങ്ങളുടെ കേസ് അതാണ്. അതായത്, പൊതുവിപണിയിലെ വർദ്ധിച്ചവില കുറച്ചുകൊണ്ടുവരുന്നതിന് സർക്കാരിന്റെ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ സാധിക്കുന്നില്ല. എല്ലാവരും സപ്ലൈകോ മാർക്കറ്റിൽ പോയി 60/- രൂപയ്ക്ക് ചെറുപയർ വാങ്ങിയാൽ 110/- രൂപയ്ക്ക് ചെറുപയർ വിൽക്കുന്ന പൊതുവിപണിയിൽ പോകാൻ ആരുമുണ്ടാകില്ലായിരുന്നു. സപ്ലൈകോ മാർക്കറ്റിലെ വലിയ വിലവ്യത്യാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. പൊതുവിപണിയിലെ ഓരോന്നിന്റെയും വില വ്യത്യാസം പറഞ്ഞപ്പോൾ നിങ്ങൾ കയ്യടിക്കുകയായിരുന്നു. ഞാൻ അത്ഭുതപ്പെട്ടുപോയി. ചില സാധനങ്ങൾക്ക് സപ്ലൈകോയിൽ കൊടുക്കുന്നതിനെക്കാൾ 100 ശതമാനവും 50 ശതമാനവും വർദ്ധിച്ച വില മാർക്കറ്റിലുണ്ടെന്ന് പറഞ്ഞാൽ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടുവെന്നാണ് അർത്ഥം. That is the case. അതിവിടെ വളരെ വ്യക്തമാണ്. സമയക്കുറവുകൊണ്ട് ഞാനത് ഇവിടെ വായിക്കുന്നില്ല. വലിയ വ്യത്യാസമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ച സ്ഥിതിക്ക് അത് എസ്റ്റാബ്ലിഷ് ചെയ്യേണ്ട കേസ്സല്ല. പൊതുവിപണിയിൽ പല

കാരണങ്ങൾകൊണ്ട് വില വർദ്ധിക്കാം. മഹാമാരി, പ്രകൃതി ദുരന്തങ്ങൾ, ഇന്ത്യ മുഴുവനുമുള്ള സാമ്പത്തിക മാന്ദ്യം, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധവ് എന്നിവയുടെ ഫലമായി വില വർദ്ധിക്കാം. അങ്ങനെ പല തരത്തിലുണ്ടാകാം. അതിനായി അതാത് സമയത്ത് സർക്കാരിന് ഒരു പ്രൈസ് കൺട്രോൾ മോണിറ്ററിംഗ് സംവിധാനമുണ്ടാകണം. എന്റെ അറിവ് തെറ്റാണെങ്കിൽ നിങ്ങൾ തിരുത്തുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മേശപ്പുറത്തുവരെ എല്ലാ ദിവസവും വിലനിലവാര ലിസ്റ്റ് വരും. അത്രയും വലിയൊരു സംവിധാനം പണ്ടുമുതൽ കേരളത്തിലുണ്ട്. പ്രൈസ് മോണിറ്ററിംഗ് സംവിധാനമനുസരിച്ച് പ്രൈസ് കൺട്രോൾ മോണിറ്റർ ചെയ്യും. അരിയുടെ വിലവർദ്ധിച്ചാൽ അതിനനുബന്ധമായി എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിക്കും. അത് മാർക്കറ്റിലെ പ്രാക്ടീസാണ്. ചിലപ്പോൾ അത് കൃത്രിമവുമാകാം. കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾ ധാരാളമായി കരിഞ്ചന്തയിൽ പൂഴ്ത്തിവയ്ക്കപ്പെടുന്നുണ്ട്. ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽനിന്നാണ് മുളക് കൊണ്ടുവരുന്നത്. ക്രോപ്പ് സീസണിൽ മുളക് വാങ്ങുമ്പോൾ വില കുറച്ചുകിട്ടും. ലക്ഷക്കണക്കിന് ടൺ സ്റ്റോറേജ് കപ്പാസിറ്റിയും വലിയ ഫ്രീസറുകളുമുള്ള വലിയ വ്യാപാരികൾ വിലകുറച്ച് വാങ്ങുന്ന മുളക് അവിടെ

സൂക്ഷിച്ചുവയ്ക്കും. ഓഫ് സീസണാകുമ്പോൾ 25/- രൂപയ്ക്ക് വാങ്ങുന്ന മുളക് അവർ 75/- രൂപയ്ക്ക് വിൽക്കും. അതിനെയാണ് പൂഴ്ത്തിവയ്പ്പെന്ന് പറയുന്നത്. അതുകൊണ്ടാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് Essential Commodities Act, 1956-ൽ കൊണ്ടുവരികയും സ്വകാര്യ ആളുകൾ പൂഴ്ത്തിവയ്ക്കുന്നതിനെ തടയുന്നതിനായി അവർക്ക് സീലിംഗ് വയ്ക്കുകയും ചെയ്തത്. അതിനെയാണ് കാർഷിക നിയമങ്ങളുടെ ഭാഗമായി മോദി ഗവൺമെന്റ് ഇപ്പോൾ ഭേദഗതി ചെയ്തത്. Essential Commodities Act പ്രകാരമാണ് സ്വകാര്യ വ്യക്തികൾക്ക് ധാന്യങ്ങൾ പൂഴ്ത്തിവയ്ക്കാൻ സാധിക്കാതെ Food Corporation of India പോലുള്ള സർക്കാർ ഏജൻസികൾക്ക് സംഭരിക്കാൻ കഴിയുന്നതും ഈ ഭക്ഷ്യധാന്യങ്ങൾ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലേയ്ക്ക് നൽകാൻ കഴിയുന്നതും. ഇതിനൊരു സംവിധാനമുണ്ട്, അതിനെയാണ് മാർക്കറ്റ് മോണിറ്ററിംഗ് അല്ലെങ്കിൽ മാർക്കറ്റ് ഇന്റർവെൻഷൻ എന്നുപറയുന്നത്. നിങ്ങൾ അത് കുറച്ചുകൂടി ഗൗരവമായി ശ്രദ്ധിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചപ്പോൾ എം.പി.-മാർ എത്രയോ ദിവസം ശക്തമായ സമരം നടത്തി. നമ്മുടെ എം.പി.-മാരല്ലേ അതിനായി മുമ്പിൽ നിന്നത്. അവിടെ സസ്പെന്റ് ചെയ്യപ്പെട്ട എം.പി.-മാരിൽ എപ്പോഴും

കേരളത്തിൽനിന്നുള്ളവരുണ്ടാകാറുണ്ട്. നിങ്ങളുടെ ഒരു എം.പി.-യും ഞങ്ങളുടെ അഞ്ചാറ് എം.പി.-മാരുമുണ്ട്. എത്രയോ പ്രാവശ്യം നടപടിയെടുത്തു. പാർലമെന്റിൽ അവർ ഏത് വിഷയമാണ് കൊണ്ടുവരാത്തത്? കാർഷിക നിയമങ്ങൾക്കെതിരായി അവർ ശബ്ദിച്ചില്ലേ; Essential Commodities Act ഭേദഗതി ചെയ്യാനുള്ള തീരുമാനത്തിനെതിരായി അവർ ശബ്ദിച്ചില്ലേ; പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി ഉയർത്തുന്നതിനെതിരെ ശബ്ദിച്ചില്ലേ? ഇപ്പോൾ 75-80 ദിവസമായി പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ മാറ്റമില്ല. യുദ്ധം വരുമ്പോൾ അതിന്റെ ആഘാതമുണ്ടാകും. ഇന്റർനാഷണൽ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില ഗണ്യമായി വർദ്ധിക്കുകയും സർവ്വകാല റെക്കോർഡായ 140-150 രൂപയിലേയ്ക്ക് വരികയും ചെയ്യുമെന്നാണ് പറയുന്നത്. ഇപ്പോൾതന്നെ പെട്രോളിന്റെ വില 100/- രൂപ കഴിഞ്ഞു. ഡീസലിന്റെ വില 93/- രൂപയായി. ക്രൂഡ് ഓയിലിന്റെ വില വർദ്ധിച്ചാൽ ചിലപ്പോൾ ഒരു കാലത്തുമില്ലാത്ത തരത്തിൽ ഡീസലിന്റെയും പെട്രോളിന്റെയും വിലയിലും വർദ്ധനവുണ്ടാകും. നമ്മൾ അത് ശ്രദ്ധിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 2010 ജൂൺ 25-ന് രണ്ടാം യു.പി.എ. ഗവൺമെന്റ് പെട്രോൾ

വില നിയന്ത്രണാധികാരം എടുത്തുകളഞ്ഞതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും അത് നല്ല ചോദ്യമാണ്. അന്ന് പെട്രോളിന്റെ പ്രൈസ് കൺട്രോൾ മെക്കാനിസം എടുത്തുകളഞ്ഞു. പിന്നീട് മോദി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഡീസലിന്റെയും എടുത്തുകളഞ്ഞു. പ്രൈസ് കൺട്രോൾ മെക്കാനിസം അനുസരിച്ച് അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില വർദ്ധിക്കുമ്പോൾ ഇവിടെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയണം. യഥാർത്ഥത്തിൽ അവിടെ വർദ്ധിക്കുമ്പോൾ ഇവിടേയും വർദ്ധിക്കേണ്ടതാണ്. കുറയാൻ കാരണം, കേന്ദ്രസർക്കാരിന് വലിയ ബാധ്യത വന്നു, ഓയിൽ കമ്പനികൾക്ക്/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വലിയ ബോണ്ടുകൾ ഇറക്കേണ്ടി വന്നു. രണ്ട് ലക്ഷം കോടി രൂപയുടെവരെ ബോണ്ട് ഇറക്കേണ്ടി വന്ന സാഹചര്യത്തിലാണ് അത് ചെയ്തത്. സത്യത്തിൽ 27 ഡോളർ വരെയായി അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞു. ശരിക്കും 25/- രൂപയ്ക്ക് പെട്രോൾ കിട്ടേണ്ടതായിരുന്നു. പ്രൈസ് കൺട്രോൾ മെക്കാനിസത്തിൽ മാറ്റം വരുത്തിയതിന്റെ ഗുണഭോക്താക്കൾ നമ്മൾ തന്നെയാകാനുള്ള ഒരു സമയമുണ്ടായിരുന്നു. എന്നാൽ കേന്ദ്രഗവൺമെന്റ്

അതിന്റെ ഗുണം നമുക്ക് ലഭിക്കാതിരിക്കുന്നതിനുവേണ്ടി 300 ശതമാനത്തോളം അഡീഷണൽ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചു. യഥാർത്ഥത്തിൽ പ്രൈസ് കൺട്രോൾ മെക്കാനിസംകൊണ്ട് അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില 27 ഡോളർ വരെയായി താഴ്ന്നപ്പോൾ ഉപഭോക്താവിന് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാതെപോയി. ടാക്സ് ഇനത്തിൽ അവർ അതിന്റെ ഇരട്ടി ഈടാക്കി. അതാണ് കേന്ദ്ര ഗവൺമെന്റ് ചെയ്ത ഏറ്റവും വലിയ കൊള്ള. അതിന്റെ വിഹിതം ഇന്ത്യയിലെ എല്ലാ സംസ്ഥാന സർക്കാരുകൾക്കും ലഭിച്ചു. കേരളത്തിനും 5000 കോടി രൂപ ലഭിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് കുറയ്ക്കുകയുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 500 കോടി രൂപ ലഭിച്ചു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 5000 കോടി രൂപ ലഭിച്ചു. അങ്ങനെ നികുതി വർദ്ധിപ്പിച്ചതിന്റെ പ്രയോജനവും ലഭിച്ചു. നമ്മളും വില കുറച്ചില്ല. കേന്ദ്രത്തിന്റെ ടാക്സും സംസ്ഥാനത്തിന്റെ ടാക്സും കൂടി വർദ്ധിച്ചപ്പോൾ ജനങ്ങൾ ബുദ്ധിമുട്ടിലായി. അതിന്റെ ആഘാതം പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയുടെ കാര്യത്തിലുമുണ്ടാകും. മഹാമാരി, സാമ്പത്തിക മാന്ദ്യം എന്നിവ കൂടാതെ ഇതിന്റെ പിറകിലുള്ള ഇപ്പോഴത്തെ സ്ഥിതിയെന്താണ്? കഴിഞ്ഞ ദിവസം

ശ്രീ. ടി. സിദ്ദിഖ് ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുകയുണ്ടായി. കാർഷിക മേഖലയിലെല്ലാം വലിയ റിക്കവറി നടപടികളാണ് സ്വീകരിക്കുന്നത്. നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ, കാർഷിക ബാങ്കുകൾ തുടങ്ങിയവവഴി കേരളം മുഴുവൻ റിക്കവറി നടപടികൾ സ്വീകരിക്കുന്നു. ലക്ഷക്കണക്കിന് നോട്ടീസുകളാണ് ആളുകൾക്ക് അയയ്ക്കുന്നത്. ആളുകൾ വല്ലാത്ത ബുദ്ധിമുട്ടിലാണ്. അതിന് പാരലലായി വട്ടിപ്പലിശക്കാരുമുണ്ട്. മൈക്രോ ഫിനാൻസിംഗ് നടത്തുന്നവർ, തമിഴ്നാട്ടിൽനിന്നും പണം കൊണ്ടുവന്ന് കടം കൊടുക്കുന്ന ആളുകൾ ഇവരെല്ലാം പല വീടുകളുടെയും മുമ്പിൽപോയി പ്രശ്നങ്ങളും സമ്മർദ്ദങ്ങളുമുണ്ടാക്കുകയാണ്. ആളുകൾ ആത്മഹത്യയുടെ വക്കിലാണ്. അപ്പോഴാണ് പൊതുവിപണിയിലെ വിലയിലും വർദ്ധനവുണ്ടാകുന്നത്. ഇതെല്ലാം താങ്ങാൻ കഴിയാതെ ജനജീവിതം ദുരിതപൂർണ്ണമായി മാറിയിരിക്കുകയാണ്. ഹോട്ടൽ വ്യവസായം ഇപ്പോൾ തിരിച്ചുവരികയാണ്. റെസ്റ്റോറന്റുകളൊക്കെ പൂട്ടിപ്പോകണമെന്ന് നമ്മൾ ആഗ്രഹിക്കുമോ? ഈ വിലക്കയറ്റം അവരെയും ഗൗരവമായി ബാധിച്ചിട്ടുണ്ട്. ഇപ്പോൾ സാധാരണക്കാരന്റെ ജീവിതം ദു:ഖപൂർണ്ണമാണ്. അങ്ങ് പറഞ്ഞ തിയറി അനുസരിച്ചാണെങ്കിൽ എല്ലാ കടകളും പൂട്ടിപ്പോകണം. കാരണം,

സപ്ലൈകോ ഈ റേറ്റിന് നിത്യോപയോഗ സാധനങ്ങൾ കൊടുക്കുന്നതുകൊണ്ട് പൊതുവിപണിയിൽ ആരും പോകരുത്; പൊതുവിപണിയിലുള്ള എല്ലാ പ്രൊവിഷൻ സ്റ്റോറുകളും ലുലുമാളും പൂട്ടണം. വലിയ വിലവ്യത്യാസം കാരണം അവിടെയൊന്നും പോയി ആരും സാധനം വാങ്ങില്ല. മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമാകുന്നില്ലെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഞങ്ങൾ അതിന്റെ പേരിൽ വിഷയമുണ്ടാക്കുന്നില്ല. ഗവൺമെന്റ് കുറച്ചുകൂടി ജാഗ്രതയോടുകൂടി പൊതുവിപണിയിൽ ഇടപെടണം. നിങ്ങളുടെ മാത്രം കാരണംകൊണ്ടാണെന്നൊന്നും ഞങ്ങൾ പറയുന്നില്ല. പല കാരണങ്ങൾകൊണ്ടും പൊതുവിപണിയിൽ വൻ വിലക്കയറ്റമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ ഫലമായി പെട്ടെന്ന് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചാൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കൂടും. അപകടകരമായ ഒരു നില പൊതുവിപണിയിലുണ്ട്, ഇക്കാര്യം സർക്കാർ ശ്രദ്ധിക്കണമെന്ന് മാത്രം സൂചിപ്പിക്കുന്നു.

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) കാർഷിക മേഖലയിൽ കാർബൺ ന്യൂട്രൽ എന്ന ആശയം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. എസ്. സുപാൽ: സർ, ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ലോകത്താകമാനം ഗൗരവമായി ചർച്ച ചെയ്യുന്ന വിഷയങ്ങളാണ്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. മുമ്പ് വല്ലപ്പോഴുമുണ്ടായിരുന്ന പ്രകൃതിക്ഷോഭങ്ങൾ നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. 2018-ലെ പ്രളയദുരന്തം കേരളത്തെ വളരെ ഗുരുതരമായി ബാധിച്ചിരുന്നു. നൂറ്റാണ്ടിലെ പ്രളയമെന്ന തരത്തിൽ വിശേഷിപ്പിച്ച ആ പ്രളയത്തിനുശേഷം അത്തരമൊരു ദുരന്തം ഉടനെ ഉണ്ടാകാൻ സാധ്യതയില്ലെന്നാണ് നമ്മളെല്ലാം കരുതിയത്. പക്ഷേ 2019-ലും 2021-ലും പ്രളയദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യമാണുണ്ടായത്. കേരളത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിദുരന്തങ്ങളുടെ പ്രധാന കാരണം കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവുമാണ്. ആറുമാസക്കാലം തുടർച്ചയായി മഴ ലഭിക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ കടുത്ത വേനലും അസഹനീയമായ ചൂടുമാണ്. കേരളത്തിലെ പല സ്ഥലങ്ങളിലും ചൂട്

വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പാലക്കാട്, പുനലൂർ എന്നിവിടങ്ങളിൽ 40 ഡിഗ്രിവരെ ചൂട് വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. എല്ലാ സ്ഥലങ്ങളിലെയും കാലാവസ്ഥയിൽ മാറ്റംവന്നുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനത്തിന് കാരണമാകാവുന്ന ഘടകങ്ങളും സാഹചര്യങ്ങളും പരമാവധി ഒഴിവാക്കുകയെന്നത് ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. ലോകത്ത് പലതരത്തിലുള്ള കാർബൺ എമിഷൻ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അത് കുറയ്ക്കുന്നതിനുള്ള ഗൗരവമേറിയ ചർച്ചകളാണ് ലോകത്തെമ്പാടും നടന്നുകൊണ്ടിരിക്കുന്നത്. ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിൽ കാർഷികമേഖലയുടെ പങ്ക് 30 ശതമാനമെന്നാണ് കണക്കാക്കപ്പെടുന്നത്. കീടനാശിനികളുടെയും രാസവളങ്ങളുടെയും അനിയന്ത്രിതമായ ഉപയോഗം അതിന്റെ കാരണങ്ങളിലൊന്നാണ്. മൊത്തം ജനങ്ങൾക്കും ഭക്ഷണസാധനങ്ങൾ നൽകണമെങ്കിൽ വലിയ തോതിലുള്ള ഉൽപ്പാദനം വേണ്ടിവരും. അതിനായി കീടനാശിനിയും രാസവളവുമൊക്കെ ഉപയോഗിക്കേണ്ടിവരും. അതുപയോഗിക്കുന്നത് പൂർണ്ണമായും മാറ്റിനിർത്താൻ കഴിയില്ല. എന്നാലും അതിന്റെ ഉപയോഗത്തെ സംബന്ധിച്ച് ഒരു ധാരണയുണ്ടാകേണ്ടതുണ്ട്. 2050-ഓടുകൂടി മിക്ക രാജ്യങ്ങളിലും ഗ്ലാസ്കോ ഉച്ചകോടിയുടെ

ആഹ്വാനപ്രകാരം കാർബൺ പുറന്തള്ളലും ആഗിരണവും ന്യൂട്രൽ ലെവലിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കാർബൺ ന്യൂട്രൽ കൃഷിരീതി നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുകയാണ്. ഇത്തരത്തിൽ കാർബൺ എമിഷൻ ഉണ്ടാക്കുന്ന ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ട് പരിസ്ഥിതി സൗഹൃദമായ കാർഷികരീതി പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ ആശയം കൃഷിവകുപ്പ് ഗൗരവമായി പരിഗണിച്ച്, ഇതിന് മുൻഗണന കൊടുത്തുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ലോകം ഇന്ന് നേരിടുന്ന ഏറ്റവും ഗൗരവമായ പ്രശ്നത്തെയാണ് ബഹുമാന്യനായ പി. എസ്. സുപാൽ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം എന്നിവ ലോകം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. മുതലാളിത്ത വികസനക്രമത്തിന്റെ ഇരട്ട സന്തതികളാണ് ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും. രൂക്ഷമായ വരൾച്ച, കൊടുങ്കാറ്റുകൾ, കാലം തെറ്റിയുള്ള മഴ, മഹാപ്രളയങ്ങൾ, വെള്ളപ്പൊക്കം,

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, കടൽ ജലനിരപ്പ് ഉയരൽ എന്നിവയെല്ലാം ആഗോളതാപനത്തിന്റെ ദുരന്തഫലങ്ങളാണ്. ആഗോളതാപനത്തിന് ആക്കം വർദ്ധിപ്പിക്കുന്നത് നാം അനിയന്ത്രിതമായി അന്തരീക്ഷത്തിലേയ്ക്ക് തള്ളിവിടുന്ന കാർബൺഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ വാതകങ്ങളാണ്. ഇവയുടെയെല്ലാം ബഹിർഗമനം ഫലപ്രദമായി കുറച്ചുകൊണ്ടുവരാനാണ് അന്താരാഷ്ട്രതലത്തിൽ ഉച്ചകോടികളും ഉടമ്പടികളും നടത്തുന്നത്. ഐക്യരാഷ്ട്രസഭയുടെ മുൻകയ്യോടെ രൂപംകൊണ്ട Intergovernmental Panel on Climate Change (IPCC) 2022 ഫെബ്രുവരി 28-ന് പുറത്തിറക്കിയ റിപ്പോർട്ടുപ്രകാരം, ലോകം ആഗോളതാപനത്തിന്റെയും കാലാവസ്ഥാവ്യതിയാനത്തിന്റെയും ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടാൻ പോകുകയാണ്. കാർബൺ ബഹിർഗമനം ഇന്നത്തെ രീതിയിൽ തുടർന്നാൽ ഭൂമിയിലെ ജീവജാലങ്ങൾക്ക് അസഹനീയമായ ഉഷ്ണക്കാറ്റ്, വരൾച്ച, വെള്ളപ്പൊക്കം പോലുള്ള വൻദുരന്തങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. ഭൂമിയുടെ ശരാശരി താപനില 2030-ഓടെ സാധാരണയെക്കാൾ ഒന്നരഡിഗ്രി സെൽഷ്യസ് കൂടുതൽ വരെയെത്തുമെന്നാണ് പഠനറിപ്പോർട്ടുകൾ പറയുന്നത്. ഉയർന്ന താപനില, കാലംതെറ്റിയുള്ള മഴ, വരൾച്ച, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ

എന്നിവയെല്ലാം കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളെയാണ് ബാധിക്കുന്നത്. 2050-ഓടെ കൃഷി, മൃഗപരിപാലന മേഖലയിൽ പത്തുശതമാനം പ്രദേശങ്ങൾ അവയ്ക്ക് അനുയോജ്യമല്ലാതായി മാറുമെന്നതും അത് ഭക്ഷ്യസുരക്ഷയെയും പോഷകാഹാര ലഭ്യതയെയും സാരമായി ബാധിക്കുമെന്നതും നിസ്സംശയമാണ്. അന്തരീക്ഷത്തിലെ കാർബണിനെ ഏറ്റെടുക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കേണ്ടത് ഇന്ന് ജീവിച്ചിരിക്കുന്ന ജനതയ്ക്കും നാളെ പിറക്കാൻ പോകുന്ന തലമുറകൾക്കും ഒരുപോലെ ആവശ്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ. അടക്കമുള്ള ബഹുമാന്യരായ നിരവധി അംഗങ്ങളും 2021-ലെ ഐ.പി.സി.സി. റിപ്പോർട്ട് നേരത്തെ ഈ സഭ മുമ്പാകെ അവതരിപ്പിച്ചതാണ്. 2021-ലെ ഐ.പി.സി.സി. റിപ്പോർട്ടിൽ ആഗോളതാപനത്തിന്റെ ഭാഗമായി കേരളം നേരിടാൻ പോകുന്ന ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. കേരളം കഴിഞ്ഞ കാലങ്ങളിൽ നേരിട്ട പ്രകൃതിദുരന്തങ്ങൾ, വെള്ളപ്പൊക്കം, പ്രവചനാതീതമായ അതിവർഷം, അതികഠിനമായ വരൾച്ച എന്നിവ ആവർത്തന സ്വഭാവത്താൽ ഉണ്ടാകുന്നത് ഈ മുന്നറിയിപ്പ് യാഥാർത്ഥ്യമാക്കുകയാണ്. 2018 മുതൽ തുടരുന്ന മഹാപ്രളയങ്ങൾ ഇതിന്റെ ഉദാഹരണമാണ്. ഇതിനെയെല്ലാം

ഗൗരവത്തിൽകണ്ട് ഫലപ്രദമായ നടപടികൾ കൈക്കൊള്ളുകയെന്നതാണ് കൃഷി വകുപ്പിന്റെ നിലപാട്. ഇതിന്റെ ഭാഗമായി കാർഷികവൃത്തിയിൽ നിന്നുണ്ടാകുന്ന കാർബൺ പുറന്തള്ളൽ കുറച്ചുകൊണ്ടുവരുന്നതിനും മണ്ണിൽ കൂടുതലായി കാർബണിനെ പിടിച്ചുനിർത്തുന്നതിനുമുതകുന്ന കൃഷിരീതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഇതിനുതകുന്ന തരത്തിൽ കാർബൺ ന്യൂട്രൽ അഗ്രികൾച്ചർ അഥവാ കാർബൺ ജ്വലിത കൃഷി കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന കാര്യം സഭയെയും ജനങ്ങളെയും അറിയിക്കുകയാണ്. വികസനമെന്നത് ആരോഗ്യത്തെയും ആവാസവ്യവസ്ഥയെയും സംരക്ഷിച്ചുകൊണ്ടുള്ളതാകണമെന്നും കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ ഇക്കാര്യങ്ങൾ ഉൾക്കൊണ്ടുള്ളതാകണമെന്നും സർക്കാർ ആഗ്രഹിക്കുന്നു. അതിനാൽ കേരളത്തിന്റെ കാർഷിക മേഖലയെ കാലാവസ്ഥാവ്യതിയാനം നേരിടത്തക്കവിധം പുനഃസംഘടിപ്പിച്ച് ഘട്ടംഘട്ടമായി മാറ്റേണ്ടതുണ്ട്. കാർബൺ ജ്വലിത കാർഷികരീതി അവലംബിച്ച് ഈ ലക്ഷ്യം കൈവരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തി 2021 ഡിസംബർ 30, 31 തീയതികളിൽ കൃഷി വകുപ്പ് ഒരു ശിൽപ്പശാല സംഘടിപ്പിച്ചിരുന്നു. ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും ഈ മേഖലയിൽ പ്രവർത്തിച്ച അനുഭവ

സമ്പത്തുള്ളവർ, പതിനാല് ജില്ലകളിൽനിന്നും പ്രാതിനിധ്യ സ്വഭാവത്തോടെ തെരഞ്ഞെടുത്ത കർഷകർ, കർഷക സംഘടനാ പ്രതിനിധികൾ, തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ ഈ സെമിനാറിൽ പങ്കെടുത്തു. യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് സെമിനാറിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കാർബൺ ന്യൂലിത കൃഷിരീതി പ്രവർത്തിപഥത്തിലെത്തിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 2022-23 സാമ്പത്തിക വർഷം ആറുകോടി രൂപ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി കാർബൺ ന്യൂലിത കൃഷിരീതി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. മണ്ണ് പരിശോധനയിലൂടെ മണ്ണിലുള്ള കാർബണിന്റെ അളവ് തിട്ടപ്പെടുത്തുക, വളപ്രയോഗ രീതിയിൽ ആവശ്യമായ മാറ്റം വരുത്തുക, ജലസേചന രീതികളിൽ മാറ്റം വരുത്തുക, സംയോജിത കൃഷിരീതി നടപ്പിലാക്കുക, മിശ്രവിള കൃഷിരീതി പ്രോൽസാഹിപ്പിക്കുക, കൃഷിഭൂമി തരിശിടുന്നത് ഒഴിവാക്കുക, വിള പരിചംക്രമണം നടപ്പിലാക്കുക, ജൈവവേലി നിർമ്മിക്കുക, ഫെർട്ടിഗേഷൻ പ്രിസിഷൻ ഫാമിംഗ് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ കാർബൺ ന്യൂലിത കൃഷി രീതിയിലേയ്ക്ക് മാറുന്നതിന്റെ അടിസ്ഥാന പ്രവർത്തനങ്ങളാണ്. കൂടാതെ

അന്തരീക്ഷത്തിലെ ചൂടുകൂടുന്നതിന്റെ ഭാഗമായി മണ്ണ് ചൂടുപിടിക്കുമ്പോൾ മണ്ണിൽ സംഭരിച്ചുവച്ചിരിക്കുന്ന കാർബൺ പുറത്തുപോകുന്നതിന് ഇടവരുന്നു. അതിനാൽ നമ്മുടെ പഴയ തലമുറ ചെയ്തതുപോലെ മണ്ണിന്റെ ആർദ്രത നിലനിർത്താൻ മണ്ണിന് പുതയിടേണ്ടത് അത്യന്താപേക്ഷിതമാണ്. അനിയന്ത്രിതമായി മണ്ണിലേയ്ക്ക് പ്രവഹിക്കുന്ന രാസവളങ്ങളും കീടനാശിനികളും കാർബൺ ബഹിർഗമനത്തിന് ആക്കം വർദ്ധിപ്പിക്കുന്നതിനാൽ ഇക്കാര്യത്തിലും ഇടപെടലുകൾ ആവശ്യമാണ്. കാർബൺ തുലിത കൃഷി മെച്ചപ്പെട്ട ആരോഗ്യത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്കും അടുത്ത തലമുറകളുടെ സുരക്ഷിതമായ നിലനിൽപ്പിനും അത്യന്താപേക്ഷിതമായതിനാൽ കാർബൺ തുലിത കൃഷിരീതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് സർക്കാർ വിലയിരുത്തുന്നു. ഈ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേക സമിതി രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, രാജ്യത്തിനുതന്നെ മാതൃകയായി കാർബൺ ന്യൂട്രൽ കൃഷിരീതി നടപ്പാക്കുമെന്ന അങ്ങയുടെ പ്രഖ്യാപനത്തെ

സ്വാഗതം ചെയ്യുകയാണ്. ഏതെല്ലാം മേഖലകളിൽ എങ്ങനെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഒരുപുതിയ രീതിയുടെ ആദ്യഘട്ടമെന്നുള്ള തരത്തിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഫാമുകൾ കേന്ദ്രീകരിച്ച് കാർബൺ ന്യൂലിത കൃഷിരീതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ പത്ത് വർഷത്തിലധികമായി ജൈവസാക്ഷ്യപത്രത്തോടെ കേരളത്തിൽ പ്രവർത്തിച്ചുവരുന്നതാണ് ആലുവ സ്റ്റേറ്റ് സീഡ് ഫാം. ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ കാർബൺ ന്യൂലിത കൃഷിരീതികൾ അനുവർത്തിക്കുന്ന ഫാമായി ഉടൻതന്നെ പ്രഖ്യാപിക്കുന്നതാണ്. ആ പ്രഖ്യാപനത്തിനനുസരിച്ചുള്ള മാറ്റങ്ങൾകൂടി വരുത്തേണ്ടതുണ്ട്. സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള ഒരു വിത്തുല്പാദന കേന്ദ്രമാണ് ആലുവ സീഡ് ഫാം. നിലവിൽ അവിടെ രാസവളങ്ങളും കീടനാശിനികളും കൃഷിയുടെയോ സംസ്കരണത്തിന്റെയോ സംഭരണത്തിന്റെയോ ഒരുഘട്ടത്തിലും ഉപയോഗിക്കുന്നില്ല. അതിനുപകരമായി ജീവാണുവളങ്ങളും ജൈവവളർച്ചാ ത്വരണങ്ങളുമാണ് ഉപയോഗിക്കുന്നത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആലുവയിലെ ഫാമിനെ കാർബൺ ന്യൂലിത കൃഷി ഫാമായി മാറ്റും. അതുകൂടാതെ വയനാട് ഒഴികെയുള്ള പതിമൂന്ന് ജില്ലകളിലെ പതിമൂന്ന് തെരഞ്ഞെടുത്ത ഫാമുകളിൽ

ഇക്കൊല്ലംതന്നെ കാർബൺ ന്യൂലിത കൃഷി ആരംഭിക്കുന്നതാണ്. 140 നിയമസഭാമണ്ഡലങ്ങളിലും കാർബൺ ന്യൂലിത കൃഷിയുടെ മാതൃകാ തോട്ടങ്ങൾ ആരംഭിക്കാൻ ആലോചിച്ചിട്ടുണ്ട്. ആദിവാസി മേഖലയിലെ ഗ്രാമങ്ങളിലും എണ്ണപ്പന തോട്ടങ്ങളിലും കാർബൺ ന്യൂലിത കൃഷി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത്തരത്തിൽ കേരളത്തിൽ ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പിലാക്കി, ജനതയുടെ ആരോഗ്യത്തെയും അന്തരീക്ഷത്തെയും ഒരുപോലെ പരിഗണിച്ചുകൊണ്ട് ഫലപ്രദമായി ഇക്കാര്യങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ ആലോചിക്കുന്നത്. കാർബൺ ന്യൂലിത കൃഷിയിലൂടെ കാർബൺഡയോക്സൈഡിനെയോ മീഥേനെയോ നൈട്രസ് ഓക്സൈഡിനെയോ പിടിച്ചുനിർത്തുകയെന്നത് മാത്രമല്ല, അത് ന്യൂലിതമാക്കുമ്പോൾ, പരമപ്രധാനമായി ജനതയുടെ ആരോഗ്യത്തെക്കൂടി ഗൗരവതരമായി കാണുന്നുണ്ടെന്നുള്ളതാണ്. അതുകൊണ്ട് ഘട്ടംഘട്ടമായി പരമാവധിയിടങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് എല്ലാവരുടെയും പിന്തുണയും പിൻബലവും ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

(2) <u>ഗ്രാമീണ റോഡുകളുടെ നവീകരണം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കേരളത്തിലെ യാത്രയുടെയും ചരക്ക് ഗതാഗതത്തിന്റെയും 80 ശതമാനവും റോഡ് മാർഗ്ഗമാണ്. സംസ്ഥാനത്ത് മൊത്തം 3,31,000 കി.മീ. റോഡുകളുണ്ട്. ആ റോഡുകളിൽ 90 ശതമാനവും ഗ്രമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളവയാണ്. പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് ആൻഡ് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ 10 ശതമാനത്തിൽ താഴെ അതായത്, 31,812 കിലോമീറ്റർ റോഡ് മാത്രമാണുള്ളത്. എൽ.എസ്.ജി.ഡി.-കൾക്ക് 90 ശതമാനം റോഡുകളുടെയും ആധുനികവൽക്കരണം, നവീകരണം, റിപ്പയറിംഗ് എന്നിവയ്ക്കാവശ്യമായ ഫണ്ടും എഞ്ചിനീയറിംഗ് വിംഗും ടെക്നോളജിയുമില്ല. അതുകൊണ്ട് ഗ്രാമീണ റോഡുകൾ വേണ്ടത്ര നവീകരിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. പല റോഡുകളും ഗതാഗതയോഗ്യമല്ല. വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. കേരളത്തിലെ ജനങ്ങളിൽ പകുതിപ്പേർക്കും വാഹനങ്ങളുണ്ടെന്നതാണ് യാഥാർത്ഥ്യം. ചെറിയ കാറുകൾ ധാരാളമായി നിരത്തിലിറങ്ങുകയാണ്. അതുകൊണ്ട് ഗ്രാമീണ റോഡുകളുടെ നവീകരണം വലിയൊരാവശ്യമാണ്. എൽ.എസ്.ജി.ഡി. റോഡുകളെ പി.ഡബ്ല്യൂ.ഡി. റോഡുകളായി സർക്കാർ ഏറ്റെടുക്കേണ്ടതാണ്; പക്ഷെ ഇതിന് സർക്കാരിന്

പദ്ധതിയില്ല. 2016-ൽ പി.ഡബ്ല്യു.ഡി. 'വൺ ടൈം റോഡ് മെയിന്റനൻസ്' എന്നൊരു സ്കീം ഏർപ്പെടുത്തിയിരുന്നു. കുറെ ഗ്രാമീണ റോഡുകളെ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് വൺ-ടൈം മെയിന്റനൻസ് ചെയ്തു. ഇപ്പോൾ പ്രസ്തുത ആവശ്യത്തിനായി എം.എൽ.എ. ഫണ്ടിനെ മാത്രമാണ് ആശ്രയിക്കുന്നത്. എം.എൽ.എ. ഫണ്ട് പല കാര്യങ്ങൾക്കും ആവശ്യം വരുന്നതിനാൽ അത് തൃപ്തികരവുമല്ല. ചെറുപ്പകാലത്ത് പി.ഡബ്ല്യു.ഡി.-യെക്കൊണ്ട് നാട്ടിലെ ഒരു റോഡ് ഏറ്റെടുപ്പിക്കുന്നതിനുള്ള നിവേദനവുമായി അന്നത്തെ എം.എൽ.എ.-യെ വന്നുകണ്ട് രണ്ടാഴ്ച തിരുവനന്തപുരത്ത് താമസിച്ചതും ഒരുറോഡ് ഏറ്റെടുപ്പിച്ചതും ഞാൻ ഓർക്കുന്നു. ഇപ്പോൾ വ്യക്തിപരമായി റോഡുകൾ ഏറ്റെടുക്കുന്നില്ല. പത്ത് വർഷങ്ങൾക്ക് മുമ്പാണ് ഏറ്റവും അവസാനം അതായത്, 07-01-2012-ൽ SRO 23/2012-ാം നമ്പർ ഉത്തരവിലൂടെ 1926 റോഡുകൾ ഒരുമിച്ച് ഏറ്റെടുത്തത്. 8000 കിലോമീറ്റർ റോഡുകളാണ് അന്ന് ഏറ്റെടുത്തത്. അതുവഴി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 സെക്ഷൻ 3 (1) പ്രകാരം ഈ റോഡുകൾ പി.ഡബ്ല്യു.ഡി.-യുടെ ഉടമസ്ഥതയിൽ വരികയും നവീകരിക്കാനുള്ള അവസരമുണ്ടാകുകയും ചെയ്തു. അന്ന് തിരുവനന്തപുരം ജില്ലയിൽ മാത്രം 332 റോഡുകളും എറണാകുളം ജില്ലയിൽ 293 റോഡുകളും കോഴിക്കോട് ജില്ലയിൽ 205 റോഡുകളും

മലപ്പുറം ജില്ലയിൽ 186 റോഡുകളും പത്തനംതിട്ട ജില്ലയിൽ 177 റോഡുകളുമാണ് 2012-ലെ ഒരു പൊതുഉത്തരവിലൂടെ ഏറ്റെടുത്തത്. അതിനുശേഷം ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുത്തിട്ടില്ല. അതുകൊണ്ട് എൽ.എസ്.ജി.ഡി.-കളുടെ കൈവശമുള്ള ദൈർഘ്യമുള്ള റോഡുകളെ (ആവശ്യത്തിന് നീളവും വീതിയുമുള്ള റോഡുകൾ) പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നവീകരിക്കണം. പൊതുമരാമത്ത് വകുപ്പിന് അനുകൂലമായ സാഹചര്യമാണ് വന്നിട്ടുള്ളത്. നാഷണൽ ഹൈവേയുടെ നാലിൽ മൂന്ന് ഭാഗവും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്ത കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ആ ഉദ്യോഗസ്ഥരെയും അതിലെ ഫണ്ടിംഗും ഉപയോഗിച്ച് ഗ്രാമീണ റോഡുകളെ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നവീകരിക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്. അത് ഏറ്റവും അത്യാവശ്യമാണ്. ബഡ്ജറ്റിൽ ചില നിയോജകമണ്ഡലങ്ങളിലെ ഗ്രാമീണ റോഡുകൾക്ക് പി.ഡബ്ല്യു.ഡി. പണം അനുവദിച്ചിട്ടുണ്ട്. അത് നല്ലകാര്യമാണ്. എന്നാൽ അതിൽ എല്ലാ സ്ഥലങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഓരോ പഞ്ചായത്തിലെയും അല്ലെങ്കിൽ മുനിസിപ്പാലിറ്റിയിലെയും നീളം, വീതി എന്നിവ കണക്കിലെടുത്ത്

അത്യാവശ്യ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കാനുള്ള ഒരു പ്രക്രിയ വേണം. പത്ത് വർഷമായി ഈ പ്രക്രിയ നടന്നിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട സണ്ണി ജോസഫ് അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട പല എം.എൽ.എ.-മാരും ഇതിന് സമാനമായ പല അപേക്ഷകളും വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കേരള ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനം 2021 പ്രകാരം കേരളത്തിൽ നിലവിൽ 238772.2 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് സംവിധാനമാണ് നിലനിൽക്കുന്നത്. ഇതിൽ 29525.15 കിലോമീറ്റർ റോഡാണ് പി.ഡബ്ല്യു.ഡി.-യുടെ അധീനതയിലുള്ളത്. അതിൽ സംസ്ഥാനപാതകളും ജില്ലാ റോഡുകളും നാലുവരി, രണ്ടുവരി, ഒറ്റവരി പാതകളുമുണ്ട്. 25394.32 കിലോമീറ്റർ പ്രധാന ജില്ലാ റോഡുകളാണ്. 4127.83 കിലോമീറ്റർ സംസ്ഥാനപാതകളാണ്. സംസ്ഥാനപാതകളുടെ ആകെ നീളത്തിന്റെ 898.74 കിലോമീറ്റർ നാലുവരിപ്പാതയും 3193.50 കിലോമീറ്റർ രണ്ടുവരിപ്പാതയുമാണ്. ബാക്കി

35.75 കിലോമീറ്റർ ഒറ്റവരി പാതയാണ്. 25394.32 കിലോമീറ്റർ വരുന്ന പ്രധാനപ്പെട്ട ജില്ലാ റോഡുകളിൽ 52.51 കിലോമീറ്റർ മാത്രമാണ് നാലുവരി പാത. 10593.03 കിലോമീറ്ററാണ് രണ്ടുവരി പാതയായി വികസിക്കപ്പെട്ടിട്ടുള്ളത്. ബാക്കി വരുന്ന 14748.46 കിലോമീറ്റർ ഒറ്റവരി പാതയാണ്. സംസ്ഥാനത്തെ ദേശീയപാതയും പൊതുമരാമത്ത് റോഡുകളും ചേർന്നാണ് ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത്. എന്നാൽ റോഡുകളുടെ മൊത്തം കിലോമീറ്റർ പരിശോധിച്ചാൽ അതിൽ എട്ടിലൊന്ന് മാത്രമാണ് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളെന്നുള്ളതാണ് പ്രത്യേകത. ട്രാഫിക്ക് കൂടുതലായുള്ളതും പി.ഡബ്ല്യു.ഡി. റോഡുകളിലാണ്. നിലവിലെ കണക്കനുസരിച്ച് ജില്ലാപാതകൾ കൂടുതൽ വികസിപ്പിക്കേണ്ടതിന്റെ അനിവാര്യത നമുക്ക് ബോദ്ധ്യപ്പെടുന്നതാണ്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിലവാരം ഉയർത്താനാണ് വകുപ്പ് മുൻഗണന നൽകുന്നതെന്ന കാര്യം സഭ മുമ്പാകെ പറയുകയാണ്. അതിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി, പ്രത്യേകിച്ച് സംസ്ഥാനത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ പൊതുമരാമത്ത് റോഡുകൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശനഷ്ടംകൂടി വിലയിരുത്തുമ്പോൾ മഴയെയും വെള്ളപ്പൊക്കത്തെയും മറികടക്കാൻ

കഴിയുന്ന വിധത്തിൽ റോഡ് നിർമ്മാണം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായി മാറിയിട്ടുണ്ട്. 2021 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏറ്റവുമധികം നടക്കേണ്ട സമയമായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഇതേ മാസങ്ങളിൽ സർവ്വകാല റെക്കോർഡോടുകൂടിയ മഴയാണുണ്ടായത്. പല പ്രവൃത്തികളും യഥാസമയം നടത്താൻ സാധിച്ചില്ല. മലയോര മേഖലയെ പ്രതിനിധാനം ചെയ്യുന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അക്കാര്യത്തിൽ മറ്റൊരു അഭിപ്രായമുണ്ടാകുമെന്ന് തോന്നുന്നില്ല. അദ്ദേഹവും അതിനോട് യോജിക്കുന്നതാണ്. ഈ സാഹചര്യത്തിൽ റോഡുകൾ BM&BC (Bituminous Macadam Bituminous Concrete) നിലവാരത്തിൽ ഉയർത്തുന്നതിനും സർക്കാർ മുൻഗണന നൽകുന്നു. 15000 കിലോമീറ്റർ റോഡ് BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. അത് നടപ്പിലാക്കാൻ കഴിയുമെന്നാണ് ഉറച്ചുവിശ്വസിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ നിരത്തുവിഭാഗത്തിന് കീഴിൽ 1410 കിലോമീറ്റർ റോഡ്

11.00 A.M]

BM&BC ഉപയോഗിച്ച് പുനരുദ്ധരിച്ചുകഴിഞ്ഞു. 2546 കിലോമീറ്റർ

BM&BC പ്രവൃത്തി തുടരുകയാണ്. വരുംവർഷങ്ങളിൽ ഇതേരീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോയാൽ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ നിലവിലുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അമ്പത് ശതമാനത്തിനടുത്ത് BM&BC നിലവാരത്തിലേയ്ക്ക് മാറ്റിത്തീർക്കാൻ കഴിയുമെന്നാണ് കാണുന്നത്. എങ്കിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾ വികസിക്കുന്നതിനനുസരിച്ച് അതിലേയ്ക്ക് വന്നുചേരുന്ന ഗ്രാമീണ റോഡുകൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതിൽ അഭിപ്രായവ്യത്യാസമില്ല, അത് വസ്തുതയാണ്. ബഡ്ജറ്റ് വിഹിതമനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ മറ്റ് പദ്ധതികളിലുൾപ്പെടുന്ന പ്രാദേശിക റോഡുകളുടെ നവീകരണം ഇപ്പോൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിനുള്ള ഫണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുതന്നെ അനുവദിക്കുകയും ചെയ്യുന്നതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തികളൊഴികെ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കേണ്ടതില്ലെന്ന സർക്കാർ നിർദ്ദേശം ഇതിനുള്ളതാണെന്ന് നമുക്ക് അറിയാവുന്നതാണ്. മണ്ഡലങ്ങളുടെ വിസ്തൃതിക്കനുസരിച്ചും

ഭൂപ്രകൃതിക്കനുസരിച്ചും പൊതുമരാമത്ത് റോഡുകളുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം, അത് സ്വാഭാവികമാണ്. ഞാൻ ഇന്നലെ അതിലൊരു സൂചന സഭയിൽ പറഞ്ഞിരുന്നു. മലയോര മേഖലയിൽ കൂടുതൽ റോഡുകളും നഗര മേഖലകളിൽ കുറഞ്ഞ റോഡുകളും പരിപാലിക്കപ്പെടേണ്ടി വരുമെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ അങ്ങനെ അല്ലാത്തിടത്തും അസന്തുലിതാവസ്ഥയുണ്ടെന്നാണ് പൊതുവെ കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ഇക്കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്തി അസന്തുലിതാവസ്ഥ പരിഹരിക്കപ്പെടുന്നതിനായി വകുപ്പ് മുൻകയ്യെടുക്കുന്ന കാര്യം പരിഗണനയിലാണെന്ന് സഭയെ അറിയിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ കാര്യത്തിൽ സംസ്ഥാനത്ത് പലഭാഗത്തും വലിയ തരത്തിലുള്ള അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ടെന്ന കാര്യം കണക്കുകളിൽത്തന്നെ വ്യക്തമാകുന്നുണ്ട്. ചില ജില്ലകളിൽ ഭൂരിഭാഗം റോഡുകളും പി.ഡബ്ല്യൂ.ഡി.-യ്ക്ക് കീഴിൽ മാറിയപ്പോൾ മറ്റുചിലയിടങ്ങളിൽ ഇത് താരതമ്യേന കുറവാണ്. പൊതുമരാമത്ത് റോഡുകളുടെ ജില്ലകൾതോറുമുള്ള ഒരു ചെറിയ കണക്ക് ഞാൻ വായിക്കാം. വയനാട് -856.95, ആലപ്പുഴ - 1405.42, കാസർഗോഡ് -1444.34, കൊല്ലം-1924.09, തൃശ്ശൂർ -1932.34, കോഴിക്കോട്-1952.22,

പത്തനംതിട്ട-1993.27, പാലക്കാട് -2101.84, കണ്ണൂർ-2223.16, മലപ്പുറം-2375.27, തിരുവനന്തപുരം -2377.04, ഇടുക്കി-2661.28, എറണാകുളം -2964.49, കോട്ടയം-3310.44. നിയമസഭാമണ്ഡലാടിസ്ഥാനത്തിലും പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ ഒരു Constituency Monitoring Team രൂപീകരിച്ച് ഉന്നത ഉദ്യോഗസ്ഥർക്ക് ചുമതലകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജില്ലകളിൽ/മണ്ഡലങ്ങളിൽ ഇതിന്റെ ഭാഗമായി വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകൾ ഏറ്റെടുത്ത് പുനരുദ്ധരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ റോഡുകൾ ഏറ്റെടുത്ത് പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് ഗൗരവമായ പരിശോധന വകുപ്പും സർക്കാരും നടത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം മുൻനിർത്തി, സർക്കാരിന്റെ പൊതുകാര്യങ്ങൾ ചർച്ച ചെയ്ത് പരിശോധിക്കാവുന്ന ഒരു കാര്യമാണെന്ന് അറിയിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുതന്നെ മന്ത്രി സമയമെടുത്ത് നന്നായി വിശദീകരിക്കുകയാണ് ചെയ്തത്. എന്റെ ചോദ്യം, ഇങ്ങനെയൊരു കാലതാമസത്തിനിടയിൽ വൺ ടൈം മെയിന്റനൻസ് എന്ന നിലയിൽ

ഗ്രാമീണ റോഡുകൾ ഏറ്റെടുത്ത് മെയിന്റനൻസ് നടത്താനുള്ള ഫണ്ട് അനുവദിക്കുമോ; എം.എൽ.എ.മാരോ പഞ്ചായത്ത് പ്രസിഡന്റുമാരോ നിർദ്ദേശിക്കുന്ന ഗ്രാമീണ റോഡുകളുടെ വൺ ടൈം മെയിന്റനൻസ് നടത്താൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം ഞാൻ നേരത്തെ പറഞ്ഞതിൽ ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ തലത്തിൽ അതിന്റെ എല്ലാവശങ്ങളും പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാം.

## V. സബ്മിഷൻ

(1) തിരുവനന്തപുരം ലാ കോളേജിലെ സംഘർഷം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗുരുതരമായൊരു വിഷയം സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇന്നലെ തിരുവനന്തപുരം നഗരത്തിലെ ഗവൺമെന്റ് ലാ കോളേജ് യൂണിയന്റെ ഉദ്ഘാടനമായിരുന്നു. രാത്രി 8 മണിക്ക് കെ.എസ്.യു.-വിന്റെ യൂണിറ്റ് ജനറൽ സെക്രട്ടറിയായ ആഷിഖിനെയും മറ്റൊരു ഭാരവാഹിയായ നിധിനെയും കോളേജിലെ എസ്.എഫ്.ഐ.-ക്കാർ ക്രൂരമായി ആക്രമിച്ചു. മർദ്ദനംകണ്ട് ഓടിയെത്തിയ കെ.എസ്.യു.- യൂണിറ്റ് പ്രസിഡന്റ് സഫ്ന

യാക്കൂബ് എന്ന പെൺകുട്ടിയെ ചവിട്ടി നിലത്തിടുകയും നിലത്തുകൂടി വലിച്ചിഴച്ച് കൂട്ടംകൂടിനിന്ന് ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. 19-20 വയസ്സുള്ള ഒരു പെൺകുട്ടിയാണ്. പെൺമക്കളുള്ളവരെങ്കിലും ഞാൻ പറയുന്നതൊന്ന് ശ്രദ്ധിക്കണം. രാഷ്ട്രീയ പ്രവർത്തനമുണ്ടായിയെന്നുള്ളതിന്റെ പേരിൽ കുറെപേർകൂടി 19-20 വയസ്സുള്ള ഒരു പെൺകുട്ടിയെ വലിച്ചിട്ട് ചവിട്ടിക്കൂട്ടുമ്പോൾ അതിനെ ന്യായീകരിക്കാൻ നിൽക്കരുത്. അതിനുശേഷം രാത്രി ഇവരെ ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ അവിടെയും എഴുപതോളം പേർ വന്ന് ഈ ആൺകുട്ടികളെയും പെൺകുട്ടികളെയും വീണ്ടും ക്രൂരമായി ആക്രമിച്ചു. ഇന്നലെ രാത്രി 12.30-ന് രണ്ടാംവർഷ നിയമ വിദ്യാർത്ഥികൾ താമസിക്കുന്ന പൊട്ടക്കുഴി ആദർശ് നഗറിലെ ഒരു വീട്ടിൽച്ചെന്ന് ആ ഏഴ് കുട്ടികളെയും ക്രൂരമായി ആക്രമിച്ചു. അതിലൊരു ആൺകുട്ടിയുടെ തലയിൽ തേപ്പുപെട്ടിവച്ച് ഇടിക്കുകയും അയാൾ ബോധരഹിതനായതിനെത്തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. എന്തൊരു ക്രൂരതയാണ്? ഇന്നലെ കട്ടപ്പന ഗവൺമെന്റ് കോളേജിലെ രണ്ടാംവർഷ മലയാളം വിദ്യാർത്ഥിനിയായ ഗായത്രിയെ ഇതുപോലെതന്നെ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണി പുറത്തേയ്ക്ക് വരുമ്പോൾ ക്രൂരമായി മർദ്ദിച്ചു. എനിക്ക് ഏറ്റവും വലിയ സങ്കടമുണ്ടായത്, ലാ

കോളേജിൽ ഈ അതിക്രമം നടന്നത് പോലീസുംകൂടി നോക്കി നിൽക്കുമ്പോഴാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത, 'ടെക്നോപാർക്കിലെ ഉദ്യോഗസ്ഥനും മകനും എസ്.എഫ്.ഐ. നേതാവിന്റെ മർദ്ദനം'. ഒരു എസ്.എഫ്.ഐ. പ്രവർത്തകൻ അച്ഛനെയും മകനെയും താക്കോൽവച്ച് അടിച്ചു. അയാളെക്കുറിച്ച് പറയുന്നത്, '2021 മേയ് 14-ന് കുളത്തൂർ ജംഗ്ഷനിൽവച്ച് അസുഖം ബാധിച്ചുകിടക്കുന്ന മാതാപിതാക്കൾക്ക് ഭക്ഷണം വാങ്ങാൻ പോയ കോൺഗ്രസ്സ് പ്രവർത്തകനെ തടികൊണ്ട് അടിച്ച് ഗുരുതരമായി പരിക്കേൽപ്പിക്കുകയും കോൺഗ്രസ്സ് പ്രവർത്തകന്റെ നിലവിളി മൊബൈൽ ഫോണിൽ പകർത്തി സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുകയും ചെയ്ത ആളാണ് ഈ എസ്.എഫ്.ഐ. പ്രവർത്തകൻ എന്നാണ്. ഇന്നലെ ഫോർട്ട് പോലീസിൽ ആൾമാറി ഒരാളെ പിടികൂടി. പോലീസ് മർദ്ദനമേറ്റ് ഓട്ടോ ഡ്രൈവറുടെ നട്ടെല്ല് തകർന്നു. മിനിഞ്ഞാന്ന് രാത്രി ഒരു ഉത്സവപ്പറമ്പിൽ ഡാൻസ് ചെയ്തതിന്റെ പേരിൽ ഒരു ദളിത് യുവാവിനെ ക്രൂരമായി മർദ്ദിക്കുന്ന ചിത്രം മാധ്യമങ്ങളിൽ വന്നു. ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ പോലീസ് ആക്ട് ചെയ്യും; ആരുടെ നേരെയാണ്? പാവങ്ങളുടെ നേരെ ആക്ട് ചെയ്യും. ഓട്ടോ ഡ്രൈവറുടെ നട്ടെല്ല് ചവിട്ടിത്തകർക്കുന്നു, ദളിത് യുവാവിനെ ക്രൂരമായി മർദ്ദിക്കുന്നു, ഈ

പെൺകുട്ടിയെ മർദ്ദിക്കുന്നത് പോലീസ് നോക്കിനിന്നു. ഇതാണോ ശരി; നേരത്തെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസിൽ എ.ഐ.എസ്.എഫ്.-ന്റെ ഭാരവാഹിയായ ഒരു പെൺകുട്ടിയെ ഇതുപോലെ എസ്.എഫ്.ഐ. പ്രവർത്തകർ ക്രൂരമായി ആക്രമിച്ച സംഭവമുണ്ടായി. അവരെയൊന്നും അറസ്റ്റ് ചെയ്തില്ല. പെൺകുട്ടികളെ ക്യാമ്പസിൽ പഠിക്കാൻ വിടാൻ മാതാപിതാക്കൾക്ക് പേടിയാകുന്ന തരത്തിലുള്ള അരക്ഷിതാവസ്ഥ കേരളത്തിലെ രക്ഷകർത്താക്കളിൽ ഉണ്ടാക്കണോ? കേരളത്തിൽ ഇപ്പോൾ എസ്.എഫ്.ഐ. പ്രവർത്തകരെയും ഗുണ്ടകളെയും കണ്ടാൽ തിരിച്ചറിയാൻ പറ്റാത്ത സ്ഥിതിയാണ്. ഇതിന് പരിഹാരമുണ്ടാക്കണം. ഇതിനെല്ലാം ഉത്തരവാദികളായവരെ പ്രോത്സാഹിപ്പിക്കാതെ, ഇതിനെല്ലാം കുട പിടിച്ചുകൊടുക്കാതെ അവരെ നിയമത്തിന്റെ മുന്നിൽകൊണ്ടുവരണം. നിങ്ങൾ ഉത്തരവാദപ്പെട്ട നേതാക്കളാണ്. അങ്ങ് ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. കേരളത്തിലെ ക്യാമ്പസ്സുകളിൽ നടക്കുന്ന ആക്രമണ പരമ്പരകളെ അങ്ങ് നിയന്ത്രിക്കണം. സി.പി.ഐ.(എം)-മായി ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനയെ ഇതുപോലെ അഴിഞ്ഞാടാൻ അനുവദിക്കരുത്. നിയമസഭയിൽ വന്ന് ഇങ്ങനെ പ്രതിക്കൂട്ടിൽ നിൽക്കേണ്ട സ്ഥിതി അങ്ങേയ്ക്കുണ്ടാക്കരുതെന്നെങ്കിലും അവരോട് ഉപദേശിക്കണം.

കൃത്യമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചിലപ്പോൾ ചില കാര്യങ്ങളിൽ ഈ രീതിയിലാണ് പ്രതികരിക്കുന്നത്. അത് സാധാരണനിലയിൽ ഉണ്ടാകേണ്ട ഒരു കാര്യമല്ല. ഇപ്പോൾ അദ്ദേഹം പ്രകടിപ്പിച്ച വികാരം എന്താണ്; കേരളത്തിലെ ഏറ്റവും പ്രബലമായ ഒരു വിദ്യാർത്ഥി സംഘടനയ്ക്കെതിരായി ഉറഞ്ഞുതുള്ളുന്ന പഴയ കെ.എസ്.യു. ക്കാരനോ യൂത്ത്കോൺഗ്രസ്സുകാരനോ ആയി അധഃപതിക്കുന്ന നിലയാണുണ്ടായത്, അതല്ല അദ്ദേഹത്തിൽനിന്ന് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ എസ്.എഫ്.ഐ.-യ്ക്ക് അംഗീകാരം കിട്ടിയത് പുരുഷ വിദ്യാർത്ഥികൾക്ക് മാത്രമല്ല, അവിടെ ആൺകുട്ടികളുടെ ഒരു സംഘടന മാത്രമായിട്ടല്ല എസ്.എഫ്.ഐ. പ്രവർത്തിക്കുന്നത്. ആ എസ്.എഫ്.ഐ.-യിൽ അണിനിരന്നിട്ടുള്ള അനേകായിരങ്ങൾ പെൺകുട്ടികൾ തന്നെയാണ്. എന്തുകൊണ്ടാണത്? എങ്ങനെയാണ് എസ്.എഫ്.ഐ. വളർന്നുവന്നത്? മറന്നുപോയോ? നിങ്ങൾ പലരും അതിന്റെ വഴിയിലൂടെ കടന്നുവന്നവരാണല്ലോ? നിങ്ങളായിരുന്നല്ലോ എല്ലാ മേധാവിത്വവും വഹിച്ചിരുന്നത്. എല്ലാ രീതിയിലുള്ള അതിക്രമങ്ങളും

അക്രമങ്ങളും ക്യാമ്പസ്സുകളിൽ അഴിച്ചുവിട്ടിരുന്നതും നിങ്ങളായിരുന്നല്ലോ. ആ അക്രമങ്ങളെയൊക്കെ നേരിട്ടുകൊണ്ടുതന്നെയല്ലേ എസ്.എഫ്.ഐ. വളർന്നുവന്നത്. അതിന്റെ ഭാഗമായി മാറുന്ന നിലയല്ല ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നും വേണ്ടത്. ഞാൻ സാധാരണ അതൊന്നും പറയാറില്ല; ഇപ്പോഴും കൂടുതൽ പറയുന്നില്ല. പക്ഷേ അത് നല്ലതല്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഏറ്റവും പ്രബലമായ ഒരു വിദ്യാർത്ഥി സംഘടനയെ ആക്ഷേപിക്കുന്നതിന് അതിര് വേണ്ടേ? ഏത് നിലവിട്ടും ആക്ഷേപിക്കാമെന്നാണോ? അതിന് പ്രതിപക്ഷനേതാവിന്റെ സ്ഥാനം ഉപയോഗിക്കുകയാണ്. പിന്നിൽനിന്ന് ബഹളം വയ്ക്കുന്നവർ ആ നിലയിലേയ്ക്ക് അധ:പതിക്കാൻ പാടുണ്ടോ? ബഹുമാന്യനായ പ്രതിപക്ഷനേതാവേ, അതാണോ വേണ്ടത്? തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് ലാ കോളേജിൽ കോളേജ് യൂണിയൻ ഉദ്ഘാടനം 15.03.2022-നായിരുന്നു. വൈകുന്നേരം 4.00 മണി മുതൽ 7.30 വരെ എന്ന നിലയിലാണ് നിശ്ചയിച്ചിരുന്നത്. ഉദ്ഘാടന സമയത്ത് പ്രശ്നമൊന്നുമുണ്ടായില്ല. പക്ഷേ ഉദ്ഘാടനത്തിന് അനുവദിച്ച സമയം കഴിഞ്ഞും പിരിഞ്ഞുപോകാതെ കോളേജ് ക്യാമ്പസിൽനിന്ന വിദ്യാർത്ഥികൾ തമ്മിലാണ് രാത്രി 8.30 -ഓടുകൂടി സംഘർഷമുണ്ടായത്.

കെ.എസ്.യു.-എസ്.എഫ്.ഐ. പ്രവർത്തകർ തമ്മിലാണ് സംഘർഷമുണ്ടായതെന്ന ഭാഗം ശരിയാണ്. സംഘർഷത്തിന്റെ ഭാഗമായി പരിക്കേറ്റ വിദ്യാർത്ഥികൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. 16.03.2022- ന് പുലർച്ചെ 1.13-ന് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം. 271/22 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രണ്ട് വിദ്യാർത്ഥി സംഘടനകളിലുംപെട്ട വിദ്യാർത്ഥികൾക്ക് പരിക്കേറ്റിട്ടുള്ളതായാണ് പോലീസ് റിപ്പോർട്ട്. സംഭവവുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ മൊഴി ശേഖരിച്ച് പോലീസ് കൂടുതൽ അന്വേഷണം നടത്തുന്നതാണ്. മേൽപ്പറഞ്ഞ സംഭവങ്ങളുമായി ബന്ധപ്പെട്ട് എതിർ സംഘടനയിലെ പ്രവർത്തകർക്കെതിരെ മറുവിഭാഗവും പോലീസിന് പരാതി നൽകിയിട്ടുണ്ട്. പരാതിയിന്മേൽ നിയമപരമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നങ്ങളിൽ ഗൗരവമായ നിയമ നടപടികളുണ്ടാകുകതന്നെ ചെയ്യും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രതിപക്ഷനേതാവ് പിൻനിരയിലുള്ള ആളുകളെപ്പോലെ അധ:പതിച്ചുവെന്നൊരു പ്രയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തി. പിൻനിരയിലുള്ള ആളുകൾ അങ്ങനെ അധ:പതിച്ച

ആളുകളൊന്നുമല്ല. ഓട് തുളച്ചുവന്ന ആളുകളല്ല പിൻനിരയിലിരിക്കുന്നത്. പിൻനിരയിലിരിക്കുന്നവരും ജനങ്ങളുടെ അംഗീകാരം തേടി വന്നവർ തന്നെയാണ്. എനിക്കും അതേ നിലവാരം തന്നെയാണുള്ളത്. എനിക്ക് കൂടുതൽ നിലവാരമൊന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ അപമാനിച്ചുകൊണ്ട് സംസാരിക്കാൻ ശ്രമിച്ചതിലൂടെ കേരളത്തിൽ ഗുണ്ടകളെപ്പോലെ പെരുമാറുന്ന ഒരുകൂട്ടം ആളുകൾക്ക് കേരളത്തിലെ ക്യാമ്പസുകളിൽ എന്ത് വൃത്തികേടും ചെയ്യാനുള്ള ലൈസൻസാണ് അങ്ങയുടെ പ്രസ്താവനയിലൂടെ ഇന്ന് നൽകിയത്. കേരളത്തിൽ അത് നടക്കില്ല. ഞങ്ങളുടെ പെൺമക്കൾ ആക്രമിക്കപ്പെടുമ്പോൾ ആ വിഷയം ഞങ്ങൾ സഭയിൽ കൊണ്ടുവരും. ഞങ്ങൾ രൂക്ഷമായ ഭാഷയിൽ സംസാരിക്കും, സർക്കാരിനെ വിമർശിക്കും. അതിനെന്താണ് കുഴപ്പം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെ വളരെ നിസാരമായി ...(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി,

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ഞാൻ പറഞ്ഞത് ആവർത്തിക്കുകയാണ്. അദ്ദേഹം പഴയ കെ.എസ്.യു. നേതാവിന്റെയും യൂത്ത് കോൺഗ്രസ്സ് നേതാവിന്റെയും തലത്തിലേയ്ക്ക് അധ:പതിക്കുന്ന പ്രകടനമാണ് ഇവിടെ കണ്ടത്. അവിടെ പിൻനിരയിൽ

ഇരിക്കുന്നവരെ ആക്ഷേപിക്കാനല്ല ഞാൻ പുറപ്പെട്ടത്. ഞാൻ ഇവിടെ സംസാരിക്കുമ്പോൾ ചില ശബ്ദങ്ങൾ പിന്നിൽനിന്നും വരുന്നുണ്ടായിരുന്നു. ആ നിലയിലേക്ക് അധ:പതിക്കരുതെന്നാണ് ഞാൻ പറഞ്ഞത്. അങ്ങനെ അധ:പതിക്കുന്നൊരു സ്ഥാനമല്ല പ്രതിപക്ഷനേതാവിന്റേത്. അതദ്ദേഹം ഓർമ്മിക്കണം. ആ കരുതൽ അദ്ദേഹത്തിന് ഇല്ലാതെ വന്നപ്പോഴാണ് എനിക്കത് പറയേണ്ടി വന്നത്. കേരളത്തിൽ എസ്.എഫ്.ഐ. എന്ന സംഘടന കരുത്താർജ്ജിച്ചിട്ടുള്ളത് പെൺകുട്ടികളുടെകൂടി അവകാശങ്ങൾക്കും ആവശ്യങ്ങൾക്കുമുള്ള പ്രക്ഷോഭത്തിലൂടെയാണ്. ആ തരത്തിൽ തന്നെയാണ് ശക്തിപ്പെട്ടിട്ടുള്ളത്. സ്വാഭാവികമായും കെ.എസ്.യു.-ന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും പഴയകാല നേതാവെന്ന നിലയ്ക്ക് എസ്.എഫ്.ഐ.-യെ എങ്ങനെയെല്ലാം അടിച്ചമർത്താൻ നോക്കിയിട്ടും അവർ പൊങ്ങിപ്പൊങ്ങി വരുന്നതിൽ സ്വാഭാവികമായും അദ്ദേഹത്തിന് മനോവിഷമം കാണും. ആ അരിശം അദ്ദേഹം ഈ രീതിയിൽ തീർക്കുകയാണ് ചെയ്തത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വി. ജോയി, ഈ വിഷയത്തെ സംബന്ധിച്ച് ഇനി ചർച്ചയില്ല.

<u>ശ്രീ. വി. ജോയി</u>: സർ, സംസ്ഥാനത്ത് വേനൽ ആരംഭിച്ചത്....

(ബഹളം)...

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ നിന്നും എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇരിക്കു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മൈക്ക് നൽകാം. നിങ്ങൾ സീറ്റുകളിൽ ഇരിക്കു.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ പഴയ കെ.എസ്.യു., യൂത്ത് കോൺഗ്രസ്സ് വഴി വളർന്നുവന്ന നേതാവ് തന്നെയാണ്. അതേ ആവേശം ഇക്കാര്യത്തിൽ നമുക്ക് ഇപ്പോഴുമുണ്ടാകും. ഞാനത് സമ്മതിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആരോപണം അതേരീതിയിൽ തന്നെയാണെന്നുള്ളത് ഞാൻ സ്വീകരിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്; അങ്ങ് വളരെ പ്രധാനപ്പെട്ടൊരു സ്ഥാനത്തിരിക്കുകയാണ്. രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കാൻവേണ്ടി പണ്ട് ഉത്തരവ് കൊടുത്തിരുന്ന പാർട്ടി സെക്രട്ടറിയുടെ തലത്തിലേയ്ക്ക് അങ്ങ് താഴരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയം ലഘൂകരിച്ചതിലും വളരെ നിസ്സാര പ്രശ്നമായി മാറ്റിയതിലും ഉചിതമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാത്തതിലും പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം സഭവിട്ട് പുറത്തുപോയി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ കേരളത്തിൽ ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചയാളാണ്. അതിനെയാണ് അദ്ദേഹം പരാമർശിച്ചത്. അദ്ദേഹം പറഞ്ഞത്, അന്ന് രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യാൻവേണ്ടി ആഹ്വാനം നൽകിയ ആളാണ് ഞാനെന്നാണ്. അത് തീർത്തും വസ്തുതാവിരുദ്ധമാണ്. എന്നാൽ നേരെമറിച്ചാണ് കാര്യങ്ങൾ നടന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് ഈ നാട്ടിലെ എന്റെ അന്നത്തെ കക്ഷിയിൽപ്പെട്ട, ഇന്നും ആ കക്ഷിയിൽപ്പെട്ട ആളുകൾക്കുനേരെ വേട്ടയാടലുകളാണ് നടത്തിയത്. അതിനുവേണ്ടി ഗുണ്ടകളെ അഴിച്ചുവിട്ടും അന്നത്തെ പോലീസിനെ ഉപയോഗിച്ചും എല്ലാതരത്തിലും ആക്രമിക്കാനുള്ള ശ്രമമാണ് നടത്തിയത്. അതിനെയെല്ലാം നേരിട്ടും അതിജീവിച്ചും തന്നെയാണ് ഞങ്ങൾ വളർന്നുവന്നത്. ഞങ്ങൾ ഒരുകാലത്തും പ്രകോപനപരമായ നിലപാടുകളെടുത്തിട്ടില്ല; അക്രമത്തിന് കൂട്ടുനിന്നിട്ടില്ല. അക്രമത്തിനുവേണ്ടി ആഹ്വാനവും നൽകിയിട്ടില്ല. അദ്ദേഹത്തിന് ഇതെല്ലാം നേരത്തെ പറഞ്ഞ കാരണങ്ങളാൽ സംഭവിക്കുന്ന ഒന്നാണ്.

തകർന്നുതകർന്നു പോകുന്നു, മറുഭാഗം ഉയർന്നുയർന്ന് പോകുന്നു. അത് കാണുമ്പോൾ മാനസികനില തെറ്റുന്നുവെന്നതാണ് അദ്ദേഹത്തിനുണ്ടായിട്ടുള്ള പ്രശ്നം.

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനകം സഭയിൽ തിരിച്ചെത്തി)

[അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ]

(2) വേനൽക്കാലത്തുണ്ടാകുന്ന അഗ്നിബാധ

ശ്രീ. വി. ജോയി: സർ, മറുപടി ഇഷ്ടമില്ലാത്തൊരു പ്രതിപക്ഷ നേതാവാണ് നമുക്കുള്ളതെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്.

സംസ്ഥാനത്ത് വേനൽ ആരംഭിച്ചത് മുതൽ ഗാർഹിക-വ്യവസായ-വാണിജ്യ മേഖലകളിൽ വ്യാപകമായിട്ടുള്ള തീപിടിത്തം സംഭവിക്കുകയാണ്. ഈയടുത്ത ദിവസം വർക്കലയിലുണ്ടായ അതിദാരുണമായ സംഭവത്തിൽ ഒരു കുടുംബത്തിലെ അഞ്ചുപേരാണ് മരണപ്പെട്ടത്. കഴിഞ്ഞ ജനുവരിയിലാണ് തിരുവനന്തപുരം കിള്ളിപ്പാലത്ത് പ്രശസ്തമായിട്ടുള്ള പി.ആർ.എസ്. ഹോസ്പിറ്റലിനോട് ചേർന്ന് ആക്രികൾ സംഭരിക്കുന്ന ഗോഡൗണിന് തീപിടിച്ചത്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ

ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കുകയാണ്. വെമ്പായത്ത് ഒരു ഇലക്ട്രിക് കട പൂർണ്ണമായി കത്തിനശിച്ചതിലൂടെ ഒരു കച്ചവടക്കാരന്റെ ഇതുവരെയുണ്ടായിരുന്ന എല്ലാ സമ്പാദ്യവും നഷ്ടമായി. കഴിഞ്ഞ 10 വർഷംകൊണ്ട് 17,696 ഹെക്ടർ സ്ഥലത്ത് വ്യാപകമായ തീപിടിത്തമുണ്ടായി. കെട്ടിടത്തിനുള്ളിൽ തീപിടിത്തമുണ്ടായാൽ തീയേക്കാൾ പേടിക്കേണ്ടത് പുകയെയാണ്. കാർബൺഡയോക്സൈഡും കാർബൺ മോണോക്സൈഡും ശ്വസിച്ചാണ് മിക്ക അപകടങ്ങളുമുണ്ടാകുന്നത്. പല ഫ്ലാറ്റുകളിലും കെട്ടിടങ്ങളിലും ആവശ്യമായ എയർ എക്സിറ്റില്ല, ആവശ്യമായ സുരക്ഷാനടപടികൾ പാലിക്കുന്നുമില്ല. തീപിടിത്തമുണ്ടാകുമ്പോൾ ഫയർ & റെസ്ക്യൂ വകുപ്പ് വളരെ കാര്യക്ഷമമായി ഇടപെടുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന് ആധുനിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വ്യാപകമായ ബോധവൽക്കരണം ജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനുവേണ്ടി ഫയർ ഫോഴ്സും വനം വകുപ്പും പഞ്ചായത്തും വൈദ്യുതി വകുപ്പും ഏകീകരിച്ച് പ്രവർത്തനം നടത്തണം. ഈ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ ഇതിന് പരിഹാരം കാണുന്നതിന് ശ്രമിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ

ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വേനൽക്കാലത്ത് അശ്രദ്ധമായി മാലിന്യങ്ങൾ കത്തിക്കുന്നതാണ് തീപിടിത്തംമൂലമുള്ള അപകടങ്ങൾക്ക് പ്രധാന കാരണം. അതോടൊപ്പം വീടിനുള്ളിൽ നാം ഉപയോഗിക്കുന്ന പാചകവാതക സിലിണ്ടറിന്റെ ചോർച്ചമൂലമുണ്ടാകുന്ന അപകടങ്ങളും വൈദ്യുതി ഷോർട്ട് സർക്യൂട്ട് കൊണ്ടുണ്ടാകുന്ന അപകടങ്ങളും കുറവല്ല. ഇത്തരത്തിലുള്ള ദാരുണമായൊരു അപകടമാണ് ഈയിടെ വർക്കലയിലുണ്ടായത്. തീപിടിത്തമുണ്ടാകാതിരിക്കാൻ നാമെല്ലാവരും, പ്രത്യേകിച്ച് സ്ത്രീകൾ സ്വയം മുൻകരുതലുകൾ സ്വീകരിക്കേണ്ടത് പ്രധാനമാണ്. കുടുംബശ്രീ പ്രവർത്തകർക്ക് സുരക്ഷാ പരിശീലനം നൽകുന്നതിന് 'ഗൃഹസുരക്ഷ' എന്ന പേരിൽ അഗ്നിരക്ഷാ വകുപ്പ് കാര്യമായ പ്രവർത്തനമാണ് നടത്തിവരുന്നത്. സംസ്ഥാനത്തെ സിവിൽ ഡിഫൻസ് വോളണ്ടിയർമാരുടെ സഹായത്തോടെ വകുപ്പ് ഇത്തരം ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ഇലക്ട്രിക് ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിന് മറ്റൊരു കാരണം. ചെറിയ വ്യാപാര സ്ഥാപനങ്ങളിലും കടകളിലും വേണ്ടത്ര സുരക്ഷാ ഉപകരണങ്ങളില്ല. അതോടൊപ്പം പലയിടത്തും വയറിംഗുകൾ പഴക്കമുള്ളതുമാണ്. അപകടസാധ്യത

കണക്കിലെടുത്ത് ഇവ പരിഹരിക്കാൻ ഉടമസ്ഥർ ശ്രദ്ധിക്കണം. ഫ്ലാറ്റുകളിലും മറ്റ് പൊതുയിടങ്ങളിലും വേണ്ടത്ര സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാണെന്നും അവ പ്രവർത്തനക്ഷമമാണെന്നും ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ അഗ്നിരക്ഷാവകുപ്പും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും നടത്തിവരുന്നുണ്ട്. അപകടകരമാകുന്ന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നോട്ടീസും നൽകിവരുന്നുണ്ട്. കൂടാതെ മാലിന്യസംസ്കരണ കേന്ദ്രങ്ങളിലും ഇത്തരം പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്ത് വാളയാർ മേഖലയിൽ ചെറിയ തോതിൽ കാട്ടുതീ പടർന്നതായുള്ള റിപ്പോർട്ടുകളുണ്ട്. അതിപ്പോൾ നിയന്ത്രണ വിധേയമാണ്. വനംവകുപ്പ് വിവിധങ്ങളായ സുരക്ഷാമാർഗ്ഗങ്ങൾ അവലംബിച്ചാണ് കാട്ടുതീ പടരാതെ ആ മേഖല സംരക്ഷിച്ചുവരുന്നത്. സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിലുള്ള കെട്ടിടങ്ങളിൽ അഗ്നിബാധ പോലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി മോക് ഡ്രിൽ, ഇവാക്കുവേഷൻ ഡ്രിൽ, സുരക്ഷാ ഓഡിറ്റ് എന്നിവ അഗ്നിരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. കൂടാതെ സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ ഓഫീസുകളിലെ ജീവനക്കാർക്ക് ബോധവത്കരണ പ്രവർത്തനങ്ങളും

നടത്തിവരുന്നു.

(3) ഭൂമി കൈമാറ്റത്തിന് എൻ.ഒ.സി.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി മണ്ഡലത്തിലെയും കേരളത്തിലെ മറ്റ് മലയോര മേഖലയിലെയും ജനങ്ങൾ വനഭൂമിയോടും കൈവശ ഭൂമിയോടും ചേർന്നുകിടക്കുന്ന ഭൂമിയിൽ ആധാരം രജിസ്റ്റർ ചെയ്ത് കൈമാറ്റം ചെയ്യാൻ കഴിയാത്തൊരു സാഹചര്യം അഭിമുഖീകരിക്കുന്നുണ്ട്. വനം വകുപ്പിന്റെ എൻ.ഒ.സി. ചില സബ്‌രജിസ്ട്രാർമാർ ആവശ്യപ്പെടുന്നുവെന്നുള്ളതാണ് അതിന് പ്രധാന കാരണം. വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കണമെങ്കിൽ ദീർഘമായ സമയമെടുക്കും. ആദ്യകാലത്തെ പട്ടയ സ്കെച്ച് ഉൾപ്പെടെയുള്ള വിവിധ രേഖകളാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നത്. ഇത് കേരളത്തിലെ ഓഫീസുകളിൽനിന്നും ലഭിക്കുന്നില്ല. അഥവാ ലഭിച്ചാൽത്തന്നെ വീണ്ടും വനം വകുപ്പിന്റെ സർവ്വേയർമാർ വരണം. അവരുടെ അപര്യാപ്തത കാരണം വീണ്ടും മാസങ്ങൾ നീണ്ടുപോകുന്ന സ്ഥിതിയാണ്. ഇതുകാരണം മലയോര കർഷക വിഭാഗത്തിന് ചികിത്സ പോലെയുള്ള അടിയന്തര ആവശ്യങ്ങൾക്കായി വസ്തു കൈമാറ്റം ചെയ്യാനും ആധാരം രജിസ്റ്റർ ചെയ്യാനും കഴിയാതെ വരുന്നു. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും

ഇടപെടലുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 1908-ലെ രജിസ്ട്രേഷൻ ആക്ട് 71 (3) വകുപ്പിലെ വ്യവസ്ഥപ്രകാരം സർക്കാരിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പേരിൽ നിക്ഷിപ്തമായ ഭൂമി കൈമാറ്റം ചെയ്യുന്ന ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർ നൽകുന്ന എൻ.ഒ.സി. ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് സർക്കാർ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സംശയമുള്ള എല്ലാ ആധാരങ്ങൾക്കും എൻ.ഒ.സി. ആവശ്യപ്പെടാൻ അധികാരമുള്ളതാണ്. വനം-വന്യജീവി (ഇ) വകുപ്പിൽനിന്നും രജിസ്ട്രേഷൻ ഡയറക്ടർക്ക് ലഭ്യമാക്കിയ 07-10-1986-ലെ 11960/ഇ 2/86 വനം നമ്പർ കത്തിൽ നിക്ഷിപ്ത വനഭൂമിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനും നിക്ഷിപ്ത വനമുൾപ്പെടുന്ന സർവ്വേ നമ്പരിലുള്ള ഭൂമിയുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരിക്കുന്നു. നിക്ഷിപ്ത വനഭൂമിയുള്ളതായി നോട്ടിഫൈ ചെയ്തിട്ടുള്ള പ്രദേശത്ത് അധികാര പരിധിയിലുള്ള സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ആധാരം രജിസ്റ്ററാക്കുമ്പോൾ നിക്ഷിപ്ത വനഭൂമിയിലുൾപ്പെടുന്ന സർവ്വേ നമ്പരിലുള്ള

ഭൂമിയില്ലെങ്കിൽ വനംവകുപ്പിന്റെ എൻ.ഒ.സി.-ക്ക് പകരം ആധാരം രജിസ്റ്റർ ചെയ്യുന്ന ഭൂമി നോട്ടിഫൈ ചെയ്തിട്ടുള്ള നിക്ഷിപ്ത വനഭൂമിയിൽപ്പെടുന്നതല്ലെന്ന ഒരു ഡിക്ലറേഷൻകൂടി നൽകിയാൽ മതിയാകുമെന്ന് പരിസ്ഥിതി-വന്യജീവി വകുപ്പിന്റെ 18-12-1986-ലെ 2149497/ഇ 2/86 വനം നമ്പർ കത്തിൽ നിർദ്ദേശിക്കുന്നു. വനം വകുപ്പിന്റെ വെബ്സൈറ്റിൽനിന്നും ലഭ്യമായ 27-07-2010-ലെ 10/2010 നമ്പർ സർക്കുലറിലും അതോടൊപ്പമുള്ള സർക്കാർ കത്തിലും നിർദ്ദേശിച്ചിരിക്കുന്നത് വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനംവകുപ്പിൽനിന്നും എൻ.ഒ.സി. ലഭിച്ചതിനുശേഷംമാത്രമേ വില്ലേജ് ഓഫീസർ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാവൂയെന്നതാണ്; പ്രസ്തുത സർക്കുലറിനൊപ്പം വിജ്ഞാപനം ചെയ്തിരിക്കുന്ന സർവ്വേ നമ്പരുകളിൽപ്പെട്ട പാരിസ്ഥിതിക ദുർബല പ്രദേശ ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലായെന്നതാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകളല്ലാത്ത ഭൂമി, അതിർത്തി പങ്കിടുന്ന സ്വകാര്യ ഭൂമി എന്നിവ കൈമാറ്റം ചെയ്യപ്പെടുമ്പോൾ വനംവകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന നിലയിൽ ഏതെങ്കിലും നിർദ്ദേശമുള്ളതായി കാണുന്നില്ല. എന്നാൽ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന സ്വകാര്യഭൂമി രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് വനംവകുപ്പിൽനിന്ന് നിരാക്ഷേപപത്രം നിർബന്ധമാക്കുവാൻ മണ്ണാർകാട്,

അഗളി സബ്‌രജിസ്ട്രാർമാർക്ക് മണ്ണാർകാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാകാം രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ഉത്തമ വിശ്വാസത്തിൽ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് വനംവകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യപ്പെടുന്നത്. ആയതിനാൽ വനഭൂമി അതിർത്തി പങ്കിടുന്ന സ്വകാര്യഭൂമി കൈമാറ്റം ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച വ്യക്തമായ നിർദ്ദേശത്തിന്റെ അഭാവത്താലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അവരുടെ തലത്തിൽ പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കുന്ന സാഹചര്യത്തിലും ഏതൊക്കെ സാഹചര്യത്തിലാണ് എൻ.ഒ.സി. ഹാജരാക്കേണ്ടതെന്നും എൻ.ഒ.സി. നൽകുന്നതിനുള്ള നടപടിക്രമം, സമയപരിധി എന്നിവ സംബന്ധിച്ചും വനം/റവന്യൂ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധിച്ച് ഉചിതമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് താമസംവിനാ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം/ രജിസ്ട്രേഷൻ വകുപ്പുകളിലെ ഉന്നതതല ഉദ്യോഗസ്ഥരും മന്ത്രിമാരും ചേർന്ന് അടിയന്തരമായി സംയുക്തയോഗം ചേർന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അത്തരത്തിൽ ഈ

പ്രശ്നം പരിഹരിക്കാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഡി.കെ മുരളി]

(4) മലയോര മേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. പി. വി. അൻവർ: സർ, നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ പഞ്ചായത്തിലെ എരുമമുണ്ട, വിളക്കണ്ണംപാറ, പോത്തുകൽ പഞ്ചായത്തിലെ മലാംകുണ്ട്, പാതാർ, വാളാംകൊല്ലി, അതിരുവീട്ടി തുടങ്ങിയ പ്രദേശങ്ങളിൽ 1970-കൾക്ക് മുമ്പ് കുടിയേറിയവരും അന്നുമുതൽ കൃഷിചെയ്തുവരുന്നവരും വീടുവച്ച് താമസിക്കുന്നവരുമാണുള്ളത്. കഴിഞ്ഞ അൻപതുവർഷമായി യാതൊരുവിധ കുടിയേറ്റമോ കയ്യേറ്റമോ ഈ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ മേൽപ്പറഞ്ഞ ഭാഗങ്ങളിൽ വനം വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ താൽപര്യങ്ങളാൽ നടപടികൾ എല്ലാക്കാലത്തുമുണ്ടാകാറുണ്ട്. ഇപ്പോൾ വീണ്ടും അത്തരമൊരു സമീപനമുണ്ടായിരിക്കുകയാണ്. റബ്ബർ മരങ്ങൾ മുറിക്കുന്നതിനും കൃഷി വിളവെടുക്കുന്നതിനും തടസ്സം നിൽക്കുന്ന, തോന്നിയതുപോലെ സർവ്വേ ചെയ്ത് അൻപതുവർഷത്തിലധികമായി താമസിക്കുന്നവരെ കുടിയിറക്കാൻ ശ്രമിക്കുന്ന, വനാതിർത്തി തർക്കമില്ലാത്ത ഭൂമിക്കുപോലും എൻ.ഒ.സി. നൽകാതിരിക്കുന്ന തുടങ്ങി കർഷകദ്രോഹ നടപടികളാണ്

ഉദ്യോഗസ്ഥരെടുത്തുകൊണ്ടിരിക്കുന്നത്. 1970-കൾക്ക് മുമ്പായി നിലമ്പൂർ കോവിലകം ഭൂമിയിൽ കുടിയേറിയവരാണ് ഇവിടെയുള്ള കർഷകർ. അവരിൽനിന്നും വിലയ്ക്ക് വാങ്ങിയവരുമുണ്ട്. പട്ടയമുള്ളതും നികുതി അടച്ചതുമായ ഭൂമിയാണ് ഇതെല്ലാം. ഫീൽഡ് സർവ്വേ നടത്തി 01-01-1977-ന് മുമ്പുള്ളത് കുടിയേറ്റമെന്നും അതിനുശേഷമുള്ളത് കയ്യേറ്റമെന്നും രണ്ടായി തിരിച്ച് 01-01-1977-ന് മുമ്പുള്ള കുടിയേറ്റം ഏതെന്ന് തിരിച്ചറിയാൻ 318/89-ൽ ജി.ഒ.എം.എസ്. നമ്പർ 655/89/ആർ.ഡി. എന്ന കേരള ഗവൺമെന്റ് ഓർഡർപ്രകാരം ജോയിന്റ് വെരിഫിക്കേഷൻ ഉത്തരവാകുകയും അതുപ്രകാരം 01-01-1977-നുമുമ്പുള്ള കുടിയേറ്റ കർഷകർക്ക് അർഹതപ്പെട്ട കൈവശരേഖകൾ നൽകാനും സർക്കാർ തീരുമാനമെടുത്തിരുന്നു. ഈ ഉത്തരവിൻപ്രകാരം തഹസീൽദാരും ഫോറസ്റ്റ് ഉദ്യോഗസ്ഥരും പരിശോധന നടത്തിയെങ്കിലും ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചില്ല. 1972-ൽ വീട്ടും നമ്പരുമുള്ള ചില കർഷകരുടെ സ്ഥലങ്ങൾപോലും വെരിഫിക്കേഷൻ നടപടിയിൽ ഉൾപ്പെടുത്തിയില്ല. കർഷകരുടെ വീട്ടും കൃഷിഭൂമിയും പരിശോധിച്ച് രേഖകൾ കൃഷിക്കാർക്ക് കൈമാറാൻ ചുമതലപ്പെട്ട ജോയിന്റ് വെരിഫിക്കേഷൻ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ പട്ടികയിൽ 610 കുടുംബങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽത്തന്നെ 243 പേരുടെ

പക്കലുള്ള 216.19 ഏക്കർ സ്ഥലത്തിന് മാത്രം പൊസഷൻ റെക്കോർഡ് നൽകുന്നതിന് അന്നത്തെ മലപ്പുറം ജില്ലാ കളക്ടർ ഉത്തരവിട്ടിട്ടുള്ളതാണ്. ഈ കാര്യങ്ങളൊക്കെ നിൽക്കുമ്പോഴും നിലവിൽ 1977-നുമുമ്പുള്ള പട്ടയം അംഗീകരിക്കില്ലെന്നാണ് വനം വകുപ്പിന്റെ നിലപാട്. ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ ആവശ്യപ്പെട്ടിട്ട് ഇതുവരെ തയ്യാറായിട്ടില്ല. വനം വകുപ്പുദ്യോഗസ്ഥർ നേരിട്ടെത്തി പത്തും എഴുപത്തിയഞ്ചും വർഷമായ സ്ഥലം അവരുടേതാണെന്ന് അവകാശപ്പെട്ട് അവിടെ ജണ്ടയിട്ട് പോകുന്നു. ഈ വിഷയത്തിൽ അടിയന്തരമായി ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇടപെടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട മേഖല സന്ദർശിച്ച ജലവിഭവ വകുപ്പുമന്ത്രിയും ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മലയോര മേഖലയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 14-12-1978-ന് 1917.484 ഹെക്ടർ നിക്ഷിപ്ത വനഭൂമി കർഷകർക്ക് പതിച്ചുനൽകുന്നതിനായി റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. കേന്ദ്ര വനാവകാശ നിയമം നിലവിൽവന്ന 25-10-1980-ൽ 1194.38 ഹെക്ടർ ഭൂമിക്കുമാത്രമേ അവിടെ പട്ടയം അനുവദിക്കാൻ റവന്യൂ

വകുപ്പിന് കഴിഞ്ഞിട്ടുള്ളൂ. ബാക്കിവരുന്ന നിക്ഷിപ്തഭൂമി കേന്ദ്രവനാവകാശ നിയമം വന്നതോടുകൂടി വനഭൂമിയായി നിലനിർത്തേണ്ട സാഹചര്യമുണ്ടായി. പ്രസ്തുത ഭൂമിക്ക് പട്ടയം നൽകിയിട്ടില്ല. പട്ടയം നൽകണമെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. കർഷകർ ഇതിനകംതന്നെ കൃഷി ആരംഭിച്ചിട്ടുണ്ടായിരിക്കാം. നിലവിൽ ഈ ഭൂമി കയ്യേറ്റഭൂമിയായാണ് കണക്കാക്കിക്കൊണ്ടിരിക്കുന്നത്. വനഭൂമിയിലെ കയ്യേറ്റം റെഗുലറൈസ് ചെയ്യുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിലക്കിയിട്ടുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാർ കത്ത് മുഖാന്തരം കേരളത്തെ അറിയിച്ചിട്ടുണ്ട്. പട്ടയം അനുവദിക്കാത്ത റവന്യൂ വകുപ്പിന്റെ കൈവശമുള്ള നിക്ഷിപ്ത വനഭൂമി വനം വകുപ്പിന് കൈമാറാൻ 08-11-2002-ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിക്കുകയും അതുപ്രകാരം ഒരു സർവ്വേ നടത്തണമെന്നും തീരുമാനിച്ചിരുന്നു. ഇതനുസരിച്ചുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. ഈ നടപടികൾ പൂർത്തിയായാൽ മാത്രമേ മരങ്ങൾ മുറിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുള്ളൂവെന്നാണ് വകുപ്പിന്റെ നിലപാട്. സർവ്വേ നടക്കുമ്പോൾ പ്രദേശത്തെ ജനപ്രതിനിധികളെ അറിയിക്കേണ്ടതുണ്ടെന്ന ധാരണയുടെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളെക്കൂടി

അറിയിക്കണമെന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. 1974 മുതൽ 1976 വരെയുള്ള കാലഘട്ടത്തിലെ സർവ്വേ സ്കെച്ച് പ്രകാരമാണ് ഇപ്പോൾ സർവ്വേ നടത്തുന്നത്. നിലവിൽ സർവ്വേ നടത്തി അതിർത്തികൾ തിരിക്കുന്ന നടപടി മാത്രമാണുള്ളത്. ഇതിനിടയിൽ ആരെയെങ്കിലും കുടിയിറക്കാനോ ഭൂമി പിടിച്ചെടുക്കാനോ പാടുള്ളതല്ല. 1978-ൽ കൃഷിക്കായി അനുവദിച്ച ഭൂമി മേൽസ്കെച്ചിൽ ഉൾപ്പെട്ടതാണോ അല്ലയോയെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്. ആവശ്യമാണെങ്കിൽ ഇതിന് പ്രത്യേക ടീമിനെ നിയമിക്കുന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(5) ആൺ-പെൺ വിദ്യാലയങ്ങൾ എന്ന വേർതിരിവ് ഒഴിവാക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സംസ്ഥാനത്തെ സ്കൂളുകളിലെ ആൺ-പെൺ വിവേചന മതിലുകൾക്ക് അവസാനമുണ്ടാകണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഏകദേശം 381 സ്കൂളുകൾ ഇന്നും ബോയ്സ് അല്ലെങ്കിൽ ഗേൾസ് സ്കൂളുകളായി തുടരുകയാണ്. പി.ടി.എ.-യും ബന്ധപ്പെട്ട സമിതികളും മിക്സഡ് സ്കൂളുകളാക്കുന്നതിന് തീരുമാനമെടുത്ത് ഗവൺമെന്റിന് സമർപ്പിച്ചെങ്കിലും ഇപ്പോഴും വലിയൊരു മാറ്റം സമൂഹത്തിൽ കാണാനാകുന്നില്ല. സ്കൂളുകളുടെ പേരിലും ആവശ്യമായ നിലയിലുള്ള

മാറ്റമുണ്ടാകണം. ബോയ്സ് സ്കൂൾ, ഗേൾസ് സ്കൂൾ എന്നറിയപ്പെടുന്നതിനുപകരം പൊതുവിൽ സ്കൂളെന്ന നിലയിൽ സമൂഹത്തിലെ ഓരോ വിദ്യാലയങ്ങളും അറിയപ്പെടേണ്ടത് ഏറ്റവും പ്രധാനമാണ്. വിദ്യാർത്ഥികളുടെ മാനസിക വളർച്ചയ്ക്കും ഇടപെടൽശേഷിക്കും സ്കൂളുകളിൽ നിലനിൽക്കുന്ന ആൺ-പെൺ വേർതിരിവ് പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസ്. ആദ്യത്തെ ജെൻഡർ ന്യൂട്രൽ യൂണിഫോം സംവിധാനം നടപ്പിലാക്കിയ സ്കൂളാണ്. ഈ സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ ആൺകുട്ടികൾക്ക് പ്രവേശനം അനുവദിക്കുന്നതിനുള്ള അപേക്ഷ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ അപേക്ഷ പരിഗണിച്ച് ഉചിതമായ നടപടി അടിയന്തരമായി കൈക്കൊള്ളണം. അതോടൊപ്പം ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളും ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ഒരേ കോമ്പൗണ്ടിൽ ഒരു മതിലിനാൽ വേർതിരിക്കപ്പെട്ട ഗേൾസ്, ബോയ്സ് സ്കൂളുകളാണ്. ഈ മതിലുകൾ മാറ്റി സ്കൂളുകൾ ഒന്നാക്കുന്നതിനാവശ്യമായ നപടിയും വേഗത്തിലാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് പി.ടി.എ.-യും ജില്ലാ പഞ്ചായത്തും നേരത്തെതന്നെ തീരുമാനമെടുത്തിട്ടുള്ളതാണ്. ഗേൾസ്,

ബോയ്സ് സ്കൂളുകൾ എന്ന വിവേചനമില്ലാതെ പുരോഗമന സമൂഹത്തിന്റെ ലക്ഷണമൊത്ത കേന്ദ്രങ്ങളാക്കി നമ്മുടെ സ്കൂളുകളെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ആൺകുട്ടികൾക്കുകൂടി പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത സ്കൂൾ അധികാരികൾ ബാലുശ്ശേരി എം.എൽ.എ. ശ്രീ. കെ. എം. സച്ചിൻദേവ് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ചുവടെ ചേർക്കുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്. ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് സമീപത്തുള്ള, മുമ്പ് ആൺകുട്ടികൾക്കുമാത്രം പ്രവേശനം നൽകിയിരുന്ന ബാലുശ്ശേരി ഗവൺമെന്റ് ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഇപ്പോൾ പെൺകുട്ടികൾക്കുകൂടി പ്രവേശനം നൽകിവരുന്നുണ്ട്. ഇതുമൂലം ലിംഗഭേദമില്ലാതെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാകുന്നുണ്ട്. സ്കൂൾ മിക്സഡാക്കിയാൽ സമീപത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തന്നെയാകും സ്വാഭാവികമായും അവിടെ എത്തിച്ചേരുന്നത്. ആയതിനാൽ

പ്രസ്തുത സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നതിനും അത് അദ്ധ്യാപക തസ്തികകൾ കുറയുന്നതിനും അദ്ധ്യാപകരെ പുനഃക്രമീകരിക്കേണ്ട സ്ഥിതിയുണ്ടാകുന്നതിനും കാരണമാകും. മാത്രമല്ല, കുട്ടികൾക്ക് യാത്രാക്ലേശംപോലുള്ള ബുദ്ധിമുട്ടുകൾ നിലവിലില്ലെന്നും ഈ സാഹചര്യത്തിൽ ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ആൺകുട്ടികൾക്കുകൂടി പ്രവേശനം നൽകേണ്ട സവിശേഷ സാഹചര്യം നിലവിലില്ലെന്നുമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം രണ്ട് സ്കൂളുകളും തമ്മിൽ ഒരു മതിലിന്റെ വ്യത്യാസമേയുള്ളൂ. ഇതിൽ ജി.വി.എച്ച്.എസ്.എസ്., ബാലുശ്ശേരിക്ക് മാത്രമേ കളിസ്ഥലമുള്ളൂ. പ്രസ്തുത സ്കൂളിന് രണ്ടേക്കർ അമ്പത് സെന്റ് സ്ഥലമുണ്ട്. എന്നാൽ ജി.ജി.എച്ച്.എസ്.എസ്., ബാലുശ്ശേരിക്ക് ഒരേക്കർ മുപ്പത് സെന്റ് സ്ഥലം മാത്രമേയുള്ളൂ. ബാലുശ്ശേരി ജി.ജി.എച്ച്.എസ്.എസ്.-ൽ ആൺകുട്ടികളെക്കൂടി പ്രവേശിപ്പിച്ചാൽ ഒറ്റച്ചുറ്റുമതിൽ വ്യത്യാസത്തിൽ രണ്ട് സർക്കാർ സ്കൂളുകൾ അൺ-ഇക്കണോമിക്കായി പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടാകുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ രണ്ട് സ്കൂളുകളും സംയോജിപ്പിച്ച് ഒറ്റസ്കൂളായി പ്രവർത്തിക്കുന്നത് സംബന്ധിച്ച

സാദ്ധ്യത പരിശോധിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലപ്പുറം ഗവൺമെന്റ് ഗണപത് ബോയ്സ് ഹൈസ്കൂൾ മിക്സഡ് സ്കൂളാക്കി മാറ്റിയിട്ടുണ്ട്. മടപ്പള്ളി ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., കോഴിക്കോട് മിക്സഡ് സ്കൂളാക്കാനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ട്. ബോയ്സ് എച്ച്.എസ്.എസ്. വെങ്ങാനൂർ, തിരുവനന്തപുരം മിക്സഡ് സ്കൂളാക്കി. സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, തലശ്ശേരി, കണ്ണൂർ മിക്സഡ് സ്കൂളാക്കി നിശ്ചയിച്ചിട്ടുണ്ട്. സ്കൂളിലെ പാരന്റ് ടീച്ചേഴ്സ് അസോസിയേഷന്റെയും സ്കൂൾ അധികാരികളുടെയും നാട്ടുകാരുടെയുമൊക്കെ അപേക്ഷ പരിഗണിച്ചുകൊണ്ടാണ് ഇങ്ങനെയൊരു സമീപനം സ്വീകരിക്കുന്നത്. പൊതുവിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. സച്ചിൻദേവ് ഇവിടെ അവതരിപ്പിച്ച സബ്മിഷനോട് യോജിപ്പാണുള്ളത്. അദ്ദേഹം ഉന്നയിച്ച സ്കൂളിനെ സംബന്ധിച്ച ചില പ്രശ്നങ്ങൾ ഞാനിവിടെ സൂചിപ്പിച്ചു. ആ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് അതിനെ മിക്സഡ് സ്കൂളാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(6) <u>സ്കൂളിന്റെ പുനർനാമകരണം</u>

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കാട്ടാക്കട മണ്ഡലത്തിലെ ഗവൺമെന്റ് യു.പി. സ്കൂൾ പുനർനാമകരണം ചെയ്യണമെന്നതാണെന്റെ സബ്മിഷൻ. 1882-ൽ കുടിപ്പള്ളിക്കൂടമായി ആരംഭിക്കുകയും 1910-ൽ പൊതു ഉടമസ്ഥതയിൽ വരികയും ചെയ്ത വിദ്യാലയമാണ് ഇന്നത്തെ ഊരുട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂൾ. അയൽപക്കത്തെ കുട്ടികളോടൊപ്പം പള്ളിക്കൂടത്തിൽ ചെന്ന് പഠിക്കാനുള്ള ആഗ്രഹത്തോടെപോയ പൂജാരി അയ്യൻ എന്ന അധഃസ്ഥിതന്റെ മകൾ പഞ്ചമിക്ക് പള്ളിക്കൂടത്തിൽ പ്രവേശനം നിഷേധിച്ചതറിഞ്ഞ് ക്ഷുഭിതനായ മഹാനായ അയ്യങ്കാളി പഞ്ചമിയെയും കൂട്ടി പള്ളിക്കൂടത്തിലെത്തുകയും പഞ്ചമിയെ ക്ലാസിലിരുത്തുകയും ചെയ്തു. പഞ്ചമി തീണ്ടിയ പള്ളിക്കൂടം ഇനി ഈ നാട്ടിൽ വേണ്ടെന്ന് പറഞ്ഞ് അന്ന് ആ പള്ളിക്കൂടത്തിന് തീയിട്ടു. അന്നാണ് കേരള ചരിത്രത്തിലെ ആദ്യത്തെ കർഷകത്തൊഴിലാളി പണിമുടക്കിന് മഹാനായ അയ്യങ്കാളി ആഹ്വാനം നൽകുന്നത്. 'ഞങ്ങളുടെ ചോരയിൽ പിറന്ന മക്കൾക്ക് നിങ്ങൾ അറിവ് നിഷേധിച്ചാൽ, നിങ്ങളുടെ വയലിലിറങ്ങി കള പറിക്കാൻ; കറ്റ കൊയ്യാൻ ഞങ്ങൾക്ക് മനസ്സില്ല', എന്ന് മഹാനായ അയ്യങ്കാളി പ്രഖ്യാപിക്കുന്നു. അതിന്റെ തുടർച്ചയിലാണ് ജാതി-മതഭേദമില്ലാതെ

ഏവർക്കും പള്ളിക്കൂടത്തിൽ പഠിക്കാൻ സാധിക്കുന്ന തീരുമാനമുണ്ടാകുന്നത്. ആ അവിസ്മരണീയമായ പോരാട്ടത്തിന്റെ ഓർമ്മകളുറങ്ങുന്ന പള്ളിക്കൂടമാണ് ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂൾ. ആ പള്ളിക്കൂടത്തിന് പഞ്ചമിയുടെ പേര് നൽകണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂളിന്റെ പേര് മഹാത്മാ അയ്യങ്കാളി പഞ്ചമി മെമ്മോറിയൽ സ്കൂളെന്ന് പുനർനാമകരണം ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഐ. ബി സതീഷ് സമർപ്പിച്ചതുൾപ്പെടെയുള്ള നിവേദനങ്ങൾ സർക്കാർ പരിശോധിക്കുകയും കേരള വിദ്യാഭ്യാസ ചട്ടം 3, 7 അദ്ധ്യായം 5 പ്രകാരം വികേന്ദ്രീകരിച്ച് നൽകിയിട്ടുള്ള അധികാരമുപയോഗിച്ച് പ്രസ്തുത സ്കൂൾ പി.ടി.എ. -യുടെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും തീരുമാനങ്ങൾകൂടി പരിഗണിച്ചതിനുശേഷം മഹാത്മാ അയ്യങ്കാളി പഞ്ചമി മെമ്മോറിയൽ എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി, മദർ പി.ടി.എ. എന്നിവയുടെ സംയുക്തയോഗം ചേർന്ന് പ്രസ്തുത സ്കൂൾ

പുനർനാമകരണം സംബന്ധിച്ചുള്ള തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനംകൂടി ലഭിക്കേണ്ടതുള്ളതിനാൽ ആയതുകൂടി അടിയന്തരമായി ലഭ്യമാക്കി പ്രസ്തുത സ്കൂളിന്റെ പുനർനാമകരണം മേൽപ്രകാരം നടത്തുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉടൻ നിർദ്ദേശം നൽകുന്നതാണ്.

(7) മുദിയം പാലം നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ തീരദേശപാതയുടെ ഭാഗമായ വള്ളിക്കുന്ന്-മുദിയം ബീച്ചിലെ മുദിയം പാലം നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തി 10-07-2017-ലെ ഉത്തരവുപ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പാലം നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ച് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കണമെന്നാവശ്യപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തിരൂരങ്ങാടി താലൂക്കിലെ വള്ളിക്കുന്ന് വില്ലേജിനെയും അരിയല്ലൂർ വില്ലേജിനേയും ബന്ധിപ്പിക്കുന്ന മുദിയം തോടിന് കുറുകെയുള്ള

മുദിയം പാലം നിർമ്മിക്കണമെന്ന ആവശ്യത്തിന് ഒരു പതിറ്റാണ്ടിന്റെ പ്രായമുണ്ട്. ആനങ്ങാടിയിലേയ്ക്കും കടലുണ്ടി നഗരത്തിലേയ്ക്കും ചാലിയത്തേയ്ക്കും വരുന്ന മത്സ്യത്തൊഴിലാളികളുടെ പ്രധാന ആശ്രയമാണ് തീരദേശറോഡിന്റെ ഭാഗമായ ടിപ്പു സുൽത്താൻ റോഡ്. പ്രസ്തുത റോഡിന്റെ ഭാഗമായ മുദിയം റോഡിന് കുറുകെ പാലമില്ലാത്തതിനാൽ തോട്ടിൽ വെള്ളം കയറിക്കഴിഞ്ഞാൽ അരിയല്ലൂർ വില്ലേജിൽ നിന്ന് വള്ളിക്കുന്ന് വില്ലേജിലേയ്ക്ക് തീരദേശത്തുനിന്നുവരുന്ന മത്സ്യത്തൊഴിലാളികൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും തോട് മുറിച്ചുകടക്കുന്നതിന് മാർഗ്ഗമില്ലാത്ത അവസ്ഥയാണ്. ഇത് തീരദേശവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പ്രദേശവാസികളുടെ ദുരവസ്ഥയ്ക്ക് പരിഹാരമെന്നോണം 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തി മുദിയം പാലം നിർമ്മാണത്തിന് തത്വത്തിൽ ഭരണാനുമതി സർക്കാരിൽനിന്നും ലഭിച്ചുവെങ്കിലും നാളിതുവരെ സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തുടക്കത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് ഡി.പി.ആർ. അടക്കമുള്ള കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് അറിയിച്ചെങ്കിലും പിന്നീട് അറിയാൻ സാധിച്ചത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ഡി.പി.ആർ. തയ്യാറാക്കുന്നതെന്നാണ്.

എന്നാൽ ഇതുസംബന്ധിച്ച് യാതൊരു വ്യക്തതയും അറിവുമില്ല. ഭരണാനുമതി ലഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും പദ്ധതിയുടെ ഡി.പി.ആർ.പോലും തയ്യാറാക്കാത്തത് അത്യന്തം ദുഃഖകരമാണ്. ആയതിനാൽ മുദിയം തോടിന് കുറുകെയുള്ള മുദിയം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്ന ഏജൻസിയെ സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ട് സമയബന്ധിതമായി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ അലൈൻമെന്റിൽ വരുന്നതാണ് മുദിയം പാലം. ഭാരത് മാല പര്യോജന പദ്ധതിയുമായി ബന്ധപ്പെട്ട ചില വിഷയങ്ങളുള്ളതുകൊണ്ട് പൊതുവായി ചില കാര്യങ്ങൾകൂടി ഇതിനോട് കൂട്ടിചേർത്ത് സഭയെ അറിയിക്കണമെന്നാണുദ്ദേശിക്കുന്നത്. മുദിയം പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പി.ഡബ്ല്യൂ.ഡി. ദേശീയപാതാ വിഭാഗം പൂർത്തീകരിച്ചിരുന്നുവെങ്കിലും ഇതിനിടയിലാണ് സംസ്ഥാനത്തെ പതിനൊന്ന് റോഡുകൾ പോർട്ട് കണക്ടിവിറ്റി റോഡുകളായി ഭാരത് മാല

പര്യോജന പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കാൻ ദേശീയപാത അതോറിറ്റി തീരുമാനിച്ചത്. ഈ പതിനൊന്ന് പോർട്ട് കണക്ടിവിറ്റി റോഡുകളിൽ മുദിയം ബീച്ച് മുതൽ മധുര ബസ്സാർ വരെയുള്ള 12 കി.മീ. സ്ട്രെച്ചും ഉൾപ്പെടുത്തിയിട്ടുണ്ട്. 04-01-2022-ന് കെ.ആർ.എഫ്.ബി.-പി.എം.യു. പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ മുദിയം പാലം പോർട്ട് കണക്ടിവിറ്റിയുടെ ഭാഗമായി ഉൾപ്പെടുന്നതാണെന്ന് എൻ.എച്ച്.എ.ഐ. ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചിട്ടുണ്ട്. മറ്റുചില നിയോജകമണ്ഡലങ്ങളിലും ഇതിന് സമാനമായ വിഷയമുള്ളതുകൊണ്ടാണ് ഇതൊരു പൊതുവിഷയംകൂടിയാണെന്ന് ഞാൻ പറഞ്ഞത്. പോർട്ട് കണക്ടിവിറ്റി റോഡുകളുടെ പുരോഗതി വിലയിരുത്താൻ മന്ത്രിതലത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗം 24-02-2022-ന് വിളിച്ചുചേർത്തിരുന്നു. ഈ യോഗത്തിൽ മുദിയം പാലം നിർമ്മാണം സംബന്ധിച്ച് കൃത്യമായി പരിശോധിക്കുകയും പോർട്ട് കണക്ടിവിറ്റിയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. മുദിയം പാലം നിർമ്മാണം ഉൾപ്പെടെ പോർട്ട് കണക്ടിവിറ്റി റോഡുകൾ വികസിപ്പിക്കാൻ ദേശീയപാത അതോറിറ്റിക്ക് പൊതുമരാമത്ത് വകുപ്പ് എല്ലാ

സഹായങ്ങളും നൽകും. പോർട്ട് കണക്ടിവിറ്റി റോഡുകളുടെ ഭൂമിയേറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കുന്നുവെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. ഇതുപോലെ തീരദേശപാതയുടെ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. 6500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഒൻപത് ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ പാതയിൽ 470 കി.മീ. ദൂരമാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നത്. ഇതിൽ 76.24 കി.മീറ്ററിനുള്ള സാമ്പത്തികാനുമതിയാണ് ഇതുവരെ ലഭിച്ചത്. മലപ്പുറം ജില്ലയിൽ രണ്ട് പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 394 കി.മീറ്ററിലെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലെത്തിക്കഴിഞ്ഞു. ഇതിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കെട്ടുങ്ങൽ-അരിയല്ലൂർ സ്ട്രെച്ചും ഉൾപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഭൂമിയേറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള റിക്വിസിഷൻ ഫോമുകൾ റവന്യൂ വകുപ്പിൽ സമർപ്പിച്ചിരിക്കുകയാണ്. ഇത് വേഗത്തിലാക്കാൻ പ്രത്യേക യോഗം ഉടൻ വിളിച്ചുചേർക്കാൻ

ആലോചിച്ചിട്ടുണ്ട്. സമയബന്ധിതമായി തീരദേശപാത പൂർത്തിയാക്കുകയെന്ന ദൗത്യമാണ് നമ്മുടെ മുന്നിലുള്ളത്. അതിനുവേണ്ടി തീരദേശമേഖലയിലെ എല്ലാ എം.എൽ.എ.-മാരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പോർട്ട് കണക്ടിവിറ്റി റോഡുകളായി ഭാരത് മാല പര്യോജന പദ്ധതിയിലുൾപ്പെടുത്തിയതടക്കം തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട വിഷയങ്ങൾ യഥാസമയം പൊതുമരാമത്ത് വകുപ്പ് റിവ്യൂ യോഗങ്ങളിൽ പങ്കെടുത്ത് ചർച്ച ചെയ്യുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. അത് പൂർത്തീകരിക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

(8) <u>അഗ്രോ പാർക്ക്-കം-ഇന്റഗ്രേറ്റഡ് മാർക്കറ്റ്</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, 1991-ൽ കേരളത്തിലെ പ്രധാനപ്പെട്ട നാല് സ്ഥലങ്ങളിൽ നടപ്പിലാക്കിയ ഇ.ഇ.സി. മാർക്കറ്റുകളുടെ അവസ്ഥയെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിക്കുന്നത്. പൂർണ്ണമായും യൂറോപ്യൻ ഫണ്ടുപയോഗിച്ച് ഏകദേശം 15 ഏക്കർ സ്ഥലം ഏറ്റെടുത്ത് നിർമ്മിച്ചതാണ് ഈ യൂറോപ്യൻ മാർക്കറ്റ്. മൂവാറ്റുപുഴയിലെ ഇ.ഇ.സി. മാർക്കറ്റിന് 8 വലിയ കെട്ടിടങ്ങളും ഏകദേശം 70 മുറികളും 4 കോൾഡ്

സ്റ്റോറേജും അടക്കമുള്ള സൗകര്യങ്ങളുണ്ട്. കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ലക്ഷ്യമിട്ടാണ് ടി മാർക്കറ്റ് കൊണ്ടുവന്നത്. ഇന്ന് അതിന്റെ പ്രവർത്തനം highly under utilised or un-utilised എന്ന് പറയേണ്ട അവസ്ഥയിലെത്തിയിരിക്കുകയാണ്. അതിൽ ഒരേയൊരു ഓക്ഷൻ ഹാൾ മാത്രമാണ് ഇന്ന് കൃഷിവകുപ്പ് ഉപയോഗിക്കുന്നത്. ബാക്കിയെല്ലാ സ്ഥലങ്ങളും മുറികളും വാടകയ്ക്ക് കൊടുത്തിരിക്കുകയാണ്. ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടയ്ക്ക് കൊടുക്കുന്നതുപോലെ, വാടക വരുമാനം മാത്രമേ ലഭിക്കുന്നുള്ളൂ. ഓക്ഷൻ ഹാളിൽ അൻപതിനായിരം രൂപയ്ക്ക് താഴെയുള്ള ലേലമാണ് നടക്കുന്നത്. അവിടെ രജിസ്റ്റേർഡായിട്ടുള്ള 506 കർഷകരും 24 ട്രേഡേഴ്സും 3 എസ്.പി.ഒ.-മാരുമാണുള്ളത്. ഇതൊന്നും കൂടാതെ പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് അവിടത്തെ 2 ഹെക്ടർ സ്ഥലം കൃഷി ചെയ്യാൻ പാട്ടത്തിന് നൽകിയിരിക്കുകയാണ്. ഞാനിത് പറയാൻ കാരണം, it is highly under utilised. കാലഘട്ടം ഒരുപാട് മാറി. മാത്രമല്ല, കഴിഞ്ഞ ബഡ്ജറ്റിൽ 14 അഗ്രോ പാർക്കുകൾ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അവയൊക്കെ സ്ഥാപിക്കാൻ നിലവിൽ സ്ഥലമില്ലെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയടക്കം പറയുന്നത്. ഈ വിഷയം ചൂണ്ടിക്കാട്ടി ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ

അവിടെ കൊണ്ടുപോയി നേരിട്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തിയിരുന്നു. Cold storage, weighing machine അടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവിടെയുണ്ടെങ്കിലും ഒരുരീതിയിലും നാടിന് ഗുണകരമായി ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലെത്തിയിരിക്കുകയാണ്. മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് അങ്ങയുടെ ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. ഈ യൂറോപ്യൻ മാർക്കറ്റ് ഇടുക്കി, കോട്ടയം, തൃശ്ശൂർ, എറണാകുളം എന്നീ നാല് ജില്ലകളിലെ കർഷകരെ ലക്ഷ്യമിട്ട് ആരംഭിച്ചതാണ്. ഇടുക്കി, കാഞ്ഞിരപ്പള്ളി-കോട്ടയം, പെരുമ്പാവൂർ-തൃശ്ശൂർ എന്നീ ഭാഗങ്ങളിൽനിന്നും വളരെയെളുപ്പം ആളുകൾക്ക് എത്തിച്ചേരാൻ സാധിക്കുന്നതും എയർപോർട്ടിനും സീപോർട്ടിനും ഏറ്റവും അടുത്തുമാണ് ഈ മാർക്കറ്റ് സ്ഥാപിച്ചിരിക്കുന്നത്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു അഗ്രോ പാർക്ക്-കം-ഇന്റഗ്രേറ്റഡ് മാർക്കറ്റിനുള്ള എല്ലാ സ്ഥലസൗകര്യവും അവിടെയുണ്ട്. അത് മൂന്ന് ദശാബ്ദമായി ഒരുപയോഗവുമില്ലാതെ കിടക്കുകയാണ്. ഇതിന് അങ്ങ് സജീവ പരിഗണന നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ സാധ്യത മനസ്സിലാക്കി redesign ചെയ്ത് അഗ്രോ പാർക്ക്-കം-ഇന്റഗ്രേറ്റഡ് മാർക്കറ്റെന്ന നിലയിൽ ചെയ്യാൻ സാധിക്കുമോ

എന്ന വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറയേണ്ട വിഷയമാണിത്. പക്ഷെ എനിക്കാണ് സബ്മിഷൻ നൽകിയിരിക്കുന്നത്. മറുപടി പറയുന്നതിൽ എനിക്ക് പ്രയാസമില്ല. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി സംസാരിച്ചിരുന്നു. മൂവാറ്റുപുഴയിലെ ഇ.ഇ.സി. മാർക്കറ്റ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അഗ്രോ പാർക്ക്-കം-ഇന്റഗ്രേറ്റഡ് മാർക്കറ്റാക്കണമെന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം. ഇപ്പോൾ കൃഷി വകുപ്പിന്റെ കീഴിൽ ഇ.ഇ.സി. മാർക്കറ്റുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. റൂറൽ മാർക്കറ്റുകൾ നെടുമങ്ങാട്, മൂവാറ്റുപുഴ, സുൽത്താൻ ബത്തേരി എന്നീ മേഖലകളിലും പ്രവർത്തിക്കുന്നുണ്ട്. കിഫ്ബി പാക്കേജിന്റെ ഭാഗമായി പത്ത് പാർക്കുകൾ, തൃശ്ശൂരിൽ banana and honey market, കോഴിക്കോട് രണ്ട് coconut market, പുതുക്കാട് mango market, ഇടുക്കിയിൽ പച്ചക്കറി മാർക്കറ്റ് എന്നിങ്ങനെ ചില പദ്ധതികൾ നടക്കുന്നുണ്ട്. ഇതുകൂടാതെ മൂല്യവർദ്ധിത പൈനാപ്പിൾ കൃഷിയധിഷ്ഠിതമായി പൊതുമേഖലാ സ്ഥാപനമായ വാഴക്കുളം അഗ്രോ പ്രോസസ്സിംഗ് കമ്പനി

മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ കീഴിൽ ഇ.ഇ.സി. മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ മൂവാറ്റുപുഴയിലെ ഇ.ഇ.സി. മാർക്കറ്റ് ഇന്റഗ്രേറ്റഡ് മാർക്കറ്റാക്കുന്നതിനുള്ള ഫയൽ വകുപ്പിലില്ല. എന്നാൽ പുതിയതായി സൗകര്യപ്രദമായ കുറെയേറെ വലിയ കാർഷിക കേന്ദ്രങ്ങളും അഗ്രോ പ്രോഡക്ട്സും അഗ്രോ ഇൻഡസ്ട്രീസുമുണ്ട്. അവിടെ പാക്കിംഗും സർട്ടിഫിക്കേഷനും നടത്താനുള്ള സാധ്യതകളുണ്ട്. ആ സാധ്യതകൾ പരിശോധിച്ച് കിഫ്ബിയുടെ പണം ഉപയോഗിച്ച് കൃഷിവകുപ്പ് മുൻകയ്യെടുത്ത് ചെയ്യുന്ന ചില പ്രോജക്ടുകൾ പറഞ്ഞിട്ടുണ്ട്. കിഫ്ബിയും ധനകാര്യവകുപ്പും കൃഷിവകുപ്പും കൂടിയാലോചിച്ച് ഇത്തരം കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. ആ തീരുമാനം വരുന്ന മുറയ്ക്ക് കാര്യങ്ങൾ ചെയ്യാം. പഴവർഗ്ഗ കൃഷി, പ്രത്യേകിച്ച് പൈനാപ്പിൾ പോലുള്ള കൃഷി മേഖലയിലെ സാധ്യതകൾ കൃഷിവകുപ്പുമായി കൂടിയാലോചിച്ച് പരിശോധിക്കാം.

(9) ചോറ്റുപാറ-സത്രം റോഡ് നിർമ്മാണം

ശ്രീ. വാഴൂർ സോമൻ: സർ, തോട്ടം വ്യവസായ പ്രതിസന്ധിയെത്തുടർന്ന് പീരുമേട് നിയോജകമണ്ഡലത്തിലെ എസ്റ്റേറ്റ്

റോഡുകളും പഞ്ചായത്ത് റോഡുകളും താറുമാറായിപ്പോയ സാഹചര്യത്തിലാണ് ചോറ്റുപാറ-ഉളുപ്പുണി-വണ്ടിപ്പെരിയാർ-സത്രം റോഡിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. 2016-ൽ ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി ചോറ്റുപാറ മുതൽ വെള്ളപ്പതാൽ വരെയുള്ള 23 കി.മീ. റോഡിന്റെ ഡി.പി.ആർ. 2021 ജൂൺ മാസത്തിൽ പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ പ്രവൃത്തിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പീരുമേട് മണ്ഡലത്തിലെ പ്രധാനപ്പെട്ട പഞ്ചായത്തുകളായ ഏലപ്പാറ, ഉപ്പുതറ, പീരുമേട്, വണ്ടിപ്പെരിയാർ തുടങ്ങിയ നാല് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതും വിനോദസഞ്ചാരികൾക്ക് നെടുമ്പാശ്ശേരി എയർപോർട്ടിൽനിന്നും തൊടുപുഴ-വാഗമൺ വഴി സത്രം എയർ സ്ട്രിപ്പിലേയ്ക്കും തേക്കടിയിലേയ്ക്കും യാത്ര ചെയ്യാവുന്നതുമായ പ്രധാനപ്പെട്ട പാതയാണിത്. കഴിഞ്ഞ 22 വർഷമായി പൂട്ടിക്കിടക്കുന്ന നിരവധി തോട്ടംമേഖലയിലെ തൊഴിലാളികൾ പ്രധാന സഞ്ചാരപാതയായി ഉപയോഗിക്കുന്നതും ചെറുകിട കർഷകർക്ക് ചരക്ക് നീക്കത്തിനായും ഉപയോഗപ്രദമായ ഈ റോഡ് അറ്റകുറ്റപ്പണികൾ

നടത്താതെ സഞ്ചാരയോഗ്യമല്ലാത്ത വിധത്തിൽ തകർന്നുകിടക്കുകയാണ്. ഡി.പി.ആർ. സമർപ്പിച്ച 23 കി.മീ. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സാമ്പത്തികാനുമതിയും ഈ പദ്ധതിയുടെ ഭാഗമായി വരുന്ന പൂണ്ടിക്കുളം മുതൽ വണ്ടിപ്പെരിയാർ വരെയുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്താനാവശ്യമായ തുകയും അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചോറ്റുപാറ - ഉളുപ്പൂണി - വെള്ളപ്പതാൽ - ഉപ്പുതറ - ഏലപ്പാറ-വണ്ടിപ്പെരിയാർ - വള്ളക്കടവ് - സത്രം - കല്ലാർ റോഡ് പദ്ധതി കിഫ്ബി പദ്ധതിയായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 20-08-2016 -ലെ സ.ഉ. പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.-ആയ കേരള റോഡ് ഫണ്ട് ബോർഡ് 101.5 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ അംഗീകൃത നടപടിക്രമങ്ങൾപ്രകാരം അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന

വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്നതും മറ്റ് വ്യതിയാനങ്ങളുണ്ടോയെന്നതും പരിശോധിച്ച് ന്യൂനതകളുള്ള പദ്ധതി റിപ്പോർട്ടുകൾ എസ്.പി.വി.-ക്ക് മടക്കി നൽകുകയുണ്ടായി. റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നത്. മേൽപദ്ധതിയുടെ അവലോകനത്തിൽ ആദ്യഘട്ടമായി സ്ഥലം കിഫ്ബി ഉദ്യോഗസ്ഥർ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 10 മീറ്റർ വീതിയിൽ 23.66 കി.മീ. റോഡിന്റെ ഡി.പി.ആർ. ആണ് സമർപ്പിച്ചിട്ടുള്ളത്. ആദ്യം കുറച്ച് ഭാഗമാണ് ബിറ്റുമിൻ നിരത്തുള്ളത്. 15 കി.മീറ്ററോളം ജീപ്പ് യാത്രയ്ക്ക് മാത്രം ഉതകുന്ന നിരത്താണ്. പ്രസ്തുത റോഡിന്റെ ആദ്യത്തെ അഞ്ച് കി.മീ. റീബിൽഡ് കേരളയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നാണ് സ്ഥലം സന്ദർശനത്തിൽനിന്നും അറിയാൻ കഴിഞ്ഞത്. കുറഞ്ഞത് 10 മീറ്റർ വീതിയിലും മറ്റ് സൗകര്യങ്ങളോടുംകൂടി ഗുണമേന്മയുള്ള റോഡുകൾക്കാണ് കിഫ്ബി ധനാനുമതി നൽകുന്നത്. അതിനാൽ കിഫ്ബി രേഖകൾക്കനുസൃതമല്ലാത്ത പ്രവൃത്തികൾ കിഫ്ബി പരിഗണിക്കാറില്ല. കിഫ്ബി ആക്ട് വ്യവസ്ഥ ചെയ്യുന്നതും ക്രിട്ടിക്കൽ സ്വഭാവമുള്ള വൻകിട

പദ്ധതികളും മാത്രമാണ് പരിഗണിക്കുന്നത്. പദ്ധതി പ്രദേശത്തെ ജനസാന്ദ്രതയും നിലവിലെ ട്രാഫിക്കും കണക്കിലെടുക്കുമ്പോൾ പരിസ്ഥിതിക്ക് കൂടുതൽ നാശനഷ്ടം വരുത്തി ഭീമമായ തുക ചെലവഴിച്ച് നവീകരിക്കാൻ അനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണ് പ്രസ്തുത റോഡ് പദ്ധതിക്കുള്ളതെന്നാണ് റിപ്പോർട്ട്. അതിനാൽ പ്രസ്തുത റോഡ് പദ്ധതി മറ്റ് സ്രോതസ്സിൽനിന്നും ഫണ്ട് നൽകി നവീകരിക്കുന്നതായിരിക്കും ഉചിതമെന്ന നിലപാടാണ് ധനകാര്യ വകുപ്പിനുള്ളത്.

(10) പഴം-പച്ചക്കറി സംസ്കരണശാലയുടെ പ്രവർത്തനം

ശ്രീ. അനൂപ് ജേക്കബ്: സർ, ഇലഞ്ഞിയിലെ പഴം, പച്ചക്കറി സംസ്കരണശാലയിലെ ചിൽഡ് സ്റ്റോറേജ് പ്ലാന്റിന്റെയും നിർജ്ജലീകരണ പ്ലാന്റിന്റെയും നിർമ്മാണം എൺപത് ശതമാനം പൂർത്തിയായിരിക്കുകയാണ്. ഈ പദ്ധതി ഏതാണ്ട് പൂർത്തിയായി വരുന്ന സന്ദർഭത്തിൽ അതിന്റെ പ്രവൃത്തി സ്തംഭനാവസ്ഥയിലായി. ബഡ്ജറ്റ് ചർച്ചയിലും വിവിധ സന്ദർഭങ്ങളിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ആവശ്യപ്പെടുന്നുണ്ട്. ഇത് നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുകയും ചെയ്യുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിലവിൽ ഏതാണ്ട്

എൺപത് ശതമാനത്തോളം പ്രവൃത്തി പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുന്നില്ലെന്ന കാര്യം ഗവൺമെന്റ് ഗൗരവമായി കാണണം. 31-03-2022-ന് മുമ്പ് അത് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അങ്ങ് തന്നെ നിയമസഭയിൽ മറുപടി നൽകിയതാണ്. നിർമ്മാണം തന്നെ സ്തംഭിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ അതിന്റെ പ്രവർത്തനം അങ്ങ് പറഞ്ഞ തീയതിയിൽ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നില്ല. ഇതിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കാൻ കഴിയണം. കർഷകരെ സഹായിക്കാൻ കഴിയുന്ന വലിയൊരു പദ്ധതിയാണിതെന്ന് അങ്ങേയ്ക്കറിയാം. ഇത് വൈകിക്കുന്നത് കർഷകരോട് ചെയ്യുന്ന ദ്രോഹമായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യം അടിയന്തര പ്രാധാന്യമർഹിക്കുന്ന വിഷയം തന്നെയാണ്. കോന്നിയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ്

ഡെവലപ്മെന്റ്, പഴം-പച്ചക്കറികൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനായി 2014-ൽ എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ഒരു ശീതീകരണ സംഭരണശാലയും പഴം-പച്ചക്കറി നിർജ്ജലീകരണ യൂണിറ്റും സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. 2014-15-ൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 12.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ശീതീകരണശാലയ്ക്ക് 1250 മെട്രിക് ടൺ സംഭരണശേഷിയും നിർജ്ജലീകരണ യൂണിറ്റിന് ഒരു ദിവസം 2 ടൺ പഴങ്ങളും പച്ചക്കറികളും നിർജ്ജലീകരിക്കാനുള്ള ശേഷിയുമുണ്ടാകും. കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാർ ഏജൻസിയായ APEDA (Agricultural and Processed Food Products Export Development Authority)യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തിനായി മുൻ എസ്റ്റിമേറ്റ് പ്രകാരമുള്ള Bill of Quantities (BOQ) പര്യാപ്തമല്ലെന്നും ആയതിനാൽ BOQ റിവൈസ് ചെയ്യേണ്ടതുണ്ടെന്നുമുള്ള പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായ മിറ്റ്കോൺ സർവ്വീസസ് ലിമിറ്റഡിന്റെ ശിപാർശ പ്രകാരം BOQ റിവൈസ് ചെയ്യുകയും ആകെ ചെലവ് 16.45 കോടി രൂപയായി കണക്കാക്കുകയും ചെയ്തു. 23-07-2021-ലെ 299/2021-ാം നമ്പർ സർക്കാർ ഉത്തരവുപ്രകാരം

പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. സംസ്ഥാന സർക്കാർ ഈ പ്രോജക്ടിനായി 4.8 കോടി രൂപയും കേന്ദ്ര ഏജൻസിയായ APEDA-യിൽനിന്നും 6.25 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ആകെ 11.05 കോടി രൂപ ഈ പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്.

ശീതീകരണ ശാലയുടെ നിലവിലെ സ്ഥിതി

പഴങ്ങളും പച്ചക്കറികളും ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള ശീതീകരണ ശാലയുടെ നിർമ്മാണം നടന്നുവരുന്നതും ട്രയൽ റൺ without Load 04-12-2020-ൽ നടത്തിയിട്ടുള്ളതുമാണ്. ട്രയൽ റൺ 30 ദിവസമെങ്കിലും തടസ്സം കൂടാതെ നടത്തിയാൽ മാത്രമെ പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്ന് പറയാൻ കഴിയൂ. നിലവിൽ ശീതീകരണ ശാലയിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഇനിയും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതായി കാണുന്നു. മഴവെള്ള സംഭരണിയുടെ നിർമ്മാണവും ഫയർ ഫൈറ്റിംഗ് വർക്കുകളും ഇനിയും പൂർത്തിയായിട്ടില്ല.

നിർജ്ജലീകരണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി

നിർജ്ജലീകരണ പ്രക്രിയയിലൂടെ പഴങ്ങളും പച്ചക്കറികളും ദീർഘനാൾ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുമെന്നതാണ് നിർജ്ജലീകരണ യൂണിറ്റിന്റെ സവിശേഷത. ഇതിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മഴവെള്ള സംഭരണി, ലിഫ്റ്റ് ഇറിഗേഷൻ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട സിവിൽ വർക്ക്, ഇലക്ട്രിക് വർക്ക്, ഗ്യാസ് സ്റ്റേഷൻ നിർമ്മാണം, ഫ്ലോറിംഗ്, പ്ലംബിംഗ് - സാനിറ്ററി വർക്കുകൾ, ഇന്റേണൽ റോഡ്, ലാൻഡ് സ്കേപ്പിംഗ്, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ ജോലികൾ പൂർത്തിയാക്കാനുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിനായി ആകെ 16.45 കോടി രൂപ ആവശ്യമുള്ളതായി കാണുന്നു. നാളിതുവരെ 11.7 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിന് 5.38 കോടി രൂപ ഇനിയും ആവശ്യമാണെന്ന് കാണുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 16.45 കോടി രൂപ വേണ്ടിവരുമെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെയ്തിട്ടുള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ജോലികൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി ഈ മേഖലയിലെ വിദഗ്ദ്ധരുൾപ്പെടുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക്

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരുന്നതാണ്.

12.00 Noon]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് -1 പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i ചട്ടം 236 (5) പ്രകാരമുള്ള കടലാസുകൾ

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V – മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2017-18 | 2 | 125 |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2020-21 | 5 | 48 |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2020-21 | 5 | 26-35 |
| XIV – ആഭ്യന്തരകാര്യങ്ങൾ | 2020-21 | 5 | 18, (iii) |

2. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV - ആഭ്യന്തരകാര്യങ്ങൾ | 2019-20 | 4 | 32, 35, 36 |

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II - ഭൂനികുതിയും ദേവസ്വവും | 2020-21 | 5 | 2,4,5,28-30 |

4. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII - സാമൂഹ്യസേവനം | 2016-17 | 1 | 7 |

| | | | |
|---|---|---|---|
| | 2019-20 | 4 | 7-9, 11 |

5. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII - സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 1-13 |
| | 2020-21 | 5 | 40 - 44 |

6. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV - വ്യവസായവും ധാതുക്കളും | 2020-21 | 5 | 8-19 |
| XIV - ആഭ്യന്തര കാര്യങ്ങൾ | 2020-21 | 5 | 5-7, 23,46-50, 56, 58, 62-65, 171-177. |

7. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI – വിദ്യാഭ്യാസം | 2017-18 | 2 | 60, 70 |
| | 2018-19 | 3 | 136 |
| | 2020-21 | 5 | 35, 36, 38, 58 |

8. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി.എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII – സാമ്പത്തിക കാര്യങ്ങൾ | 2020-21 | 5 | 6-12 |

9. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക | റിപ്പോർട്ട് | ഖണ്ഡിക |

| | വർഷം | നമ്പർ | നമ്പർ |
|---|---|---|---|
| I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 68, 69 |
| VI- വിദ്യാഭ്യാസം | 2020-21 | 5 | 96-144, 146 |

10. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII - വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019-20 | 4 | 9, 12, 21 |
| | 2020-21 | 5 | 23, 52, 53 |

11. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI - വിദ്യാഭ്യാസം | 2020-21 | 5 | 90, 91 |
| IX-തദ്ദേശസ്വയംഭരണവും | 2019-20 | 4 | 1,2 ,9 |

| | | | |
|---|---|---|---|
| ഗ്രാമവികസനവും ഭവനനിർമ്മാണവും | | | |
| XIV- ആഭ്യന്തരകാര്യങ്ങൾ | 2020-21 | 5 | 180 |

12\. ആരോഗ്യ - വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII - ആരോഗ്യവും കുടുംബക്ഷേമവും | 2019-20 | 4 | 22, 25, 26, 30-45 |
| XIII - സാമൂഹ്യസേവനം | 2019-20 | 4 | 31-33, 35, 36, 39 |

13\. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ- വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II - ഭൂനികുതിയും ദേവസ്വവും | 2020-21 | 5 | 18 |
| VIII - സാമ്പത്തിക കാര്യങ്ങൾ | 2020-21 | 5 | 50 |

(2) ലിസ്റ്റ് - 2 പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 236(6) പ്രകാരമുള്ള കടലാസുകൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2017-18 | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് ( സി -ഡിറ്റ് ) |
| ,, | 2018-19 (കാലതാമസ പത്രിക സഹിതം) | ,, |
| XXXVII – വ്യവസായങ്ങൾ | ,, | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള ) |
| ,, | ,, | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് (സൈബർപാർക്ക് , കോഴിക്കോട്) |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് ( സി -ഡിറ്റ് ) |

| | | |
|---|---|---|
| ,, | 2020-21<br>(കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്<br><br>(നാലാം ഭരണ പരിഷ്കാര കമ്മീഷൻ ) |
| XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ,, | ഉന്നത വിദ്യാഭാസ വകുപ്പ്<br>(സ്റ്റേഷനറി വകുപ്പ് ) |
| XVI-പെൻഷനും പലവകയും | ,, | കായിക യുവജനകാര്യ വകുപ്പ് (രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി ) |
| ,, | ,, | പൊതുഭരണ (പൊളിറ്റിക്കൽ ) വകുപ്പ് |
| XVII-വിദ്യാഭ്യാസം , കായികവിനോദം, കല, സംസ്കാരം<br>&<br>XX-ശുദ്ധജല വിതരണവും ശുചീകരണവും | ,, | പരിസ്ഥിതി വകുപ്പ് |
| XXV- പട്ടികജാതി / പട്ടികവർഗ്ഗ / മറ്റ പിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | ,, | ന്യൂനപക്ഷ ക്ഷേമ വകുപ്പ് |

2. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| IV-തെരഞ്ഞെടുപ്പുകൾ | 2019 -20 (കാലതാമസ പത്രിക സഹിതം) | തദ്ദേശ സ്വയംഭരണ വകുപ്പ് (കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ) |
| VIII-എക്സൈസ് | 2020-21 (കാലതാമസ പത്രിക സഹിതം ) | നികുതി വകുപ്പ് ( എക്സൈസ് ) |

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VI- ഭൂനികുതി & XI-ജില്ലാ ഭരണവും പലവകയും | 2020 -21 (കാലതാമസ പത്രിക സഹിതം) | റവന്യൂ വകുപ്പ് |
| XI-ജില്ലാ ഭരണവും പലവകയും & XVI-പെൻഷനും പലവകയും | ,, | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) |

4. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVIII- ജലസേചനം | 2020 -21 (കാലതാമസ പത്രിക | ജലവിഭവ വകുപ്പ് (കുട്ടനാട് പാക്കേജ്) |

| | | |
|---|---|---|
| | സഹിതം ) | |

5. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIX-വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം ) | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ -കേരള ) |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം ) | ,, |

6. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV-പട്ടികജാതി/പട്ടികവർഗ്ഗ / മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2019-20 (കാലതാമസ പത്രിക സഹിതം ) | പട്ടികജാതി വികസന വകുപ്പ് |

| | | |
|---|---|---|
| XXV-പട്ടികജാതി/പട്ടികവർഗ്ഗ / മറ്റ പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2020-21 (കാലതാമസ പത്രിക സഹിതം ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് |

7. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2010 - 11<br>2012-13<br>2013-14<br>2017-18 | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സംഘം ] (സുരഭി ) |
| XXXVII- വ്യവസായങ്ങൾ | 2010-11<br>2011-12<br>2017-18 | വ്യവസായ വകുപ്പ് [കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം ] |
| ,, | 2010-11<br>2011-12<br>2015-16<br>2016-17 | വ്യവസായ വകുപ്പ് [കേരളാ സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ലിമിറ്റഡ് ] (കാപ്പെക്സ്) |
| ,, | 2017-18 | വ്യവസായ വകുപ്പ് (കേരള കരകൗശല വികസന കോർപ്പറേഷൻ ) |
| ,, | 2019-20 (കാലതാമസ | വ്യവസായ വകുപ്പ് (കൈത്തറി- യന്ത്രത്തറി |

| | | |
|---|---|---|
| | പത്രിക സഹിതം ) | വ്യവസായങ്ങൾ ) |
| ,, | ,, | വ്യവസായ വകുപ്പ് [കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ] (കിൻഫ്ര ) |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം ) | വ്യവസായ വകുപ്പ് ( സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് ) |
| ,, | ,, | വ്യവസായ വകുപ്പ് (ദി കേരള സിറാമിക്സ് ലിമിറ്റഡ് ) |

8. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX - കൃഷി | 2020 - 21 (കാലതാമസ പത്രിക സഹിതം) | കാർഷികവികസന കർഷകക്ഷേമ വകുപ്പ് (സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള ) |
| XXIX - കൃഷി | 2020 - 21 (കാലതാമസ പത്രിക സഹിതം) | കാർഷികവികസന കർഷകക്ഷേമ വകുപ്പ് (കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് ) |

9. ഉന്നത വിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII-വിദ്യാഭ്യാസം , കായികവിനോദം, കല, | 2019-20 (കാലതാമസ പത്രിക | ഉന്നതവിദ്യാഭ്യാസ വകുപ്പ് |

| | | |
|---|---|---|
| സംസ്കാരം | സഹിതം) | |
| ,, | 2020 - 21 (കാലതാമസ പത്രിക സഹിതം) | ,, |

10. സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി.എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VII-മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2016-17 | നികുതിവകുപ്പ് (രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) |
| ,, | 2017-18 | ,, |
| ,, | 2018-19 (കാലതാമസ പത്രിക സഹിതം ) | ,, |
| ,, | 2019-20 (കാലതാമസ പത്രിക സഹിതം ) | ,, |

11. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക | വകുപ്പ്/സ്ഥാപനം |

| | വർഷം | |
|---|---|---|
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം). | തൊഴിലും നൈപുണ്യവും വകുപ്പ് (ലേബർ ഡിപ്പാർട്ട്മെന്റ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) |

12. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XV-പൊതുമരാമത്ത് | 2020-21 (കാലതാമസ പത്രിക സഹിതം). | പൊതുമരാമത്ത് വകുപ്പ് |
| XXI-ഭവന നിർമ്മാണം | ,, | ,, |

13. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXI - മൃഗസംരക്ഷണം | 2014 - 15 | മൃഗസംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്) |
| XXXII-ക്ഷീരവികസനം | 2012-13 | മൃഗസംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്) |

14. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLI - ഗതാഗതം | 2016-17 | ഗതാഗത വകുപ്പ് [കെ. എസ്. ആർ . ടി . സി.] |
| | 2017-18 | |
| | 2018-19 കാലതാമസ പത്രിക സഹിതം | |
| | 2019-20 കാലതാമസ പത്രിക സഹിതം | |
| | 2020-21 (കാലതാമസ പത്രിക സഹിതം) | |

15. ആരോഗ്യ- വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | വനിതാശിശു വികസന വകുപ്പ് |

16. ഭക്ഷ്യ -പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ | 2020-21 (കാലതാമസ പത്രിക സഹിതം) | ലീഗൽ മെട്രോളജി വകുപ്പ് |

## VII. റിപ്പോർട്ട് സമർപ്പണം

### (1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നുമുതൽ നാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നുമുതൽ നാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. എം. മണി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നുമുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4)മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(5) പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. പി. എസ്. സുപാൽ: സർ, പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത്

റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII. ഗവൺമെന്റ് പ്രമേയം

### എൽ .ഐ.സി.യെ പൊതുമേഖലയിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകത

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "പൊതുമേഖലയിൽ മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്ന എൽ.ഐ.സി. അഞ്ചുകോടി രൂപ മുതൽമുടക്കിൽ 01-09-1956-നാണ് ആരംഭിച്ചത്. കണക്കുകൾ പ്രകാരം എൽ.ഐ.സി.-യുടെ ആസ്തി 31-03-2021-ന് 38,04,610 കോടി രൂപയാണ്. ഈ തുക കേന്ദ്രസർക്കാരിന്റെ ഒരു വർഷത്തെ ആകെ ബഡ്ജറ്റ് എസ്റ്റിമേറ്റിന് തുല്യമാണെന്നത് എൽ.ഐ.സി.-യുടെ കരുത്തും വലിപ്പവും വ്യക്തമാക്കുന്നു. ആകെ വരുമാനത്തിൽനിന്നും എല്ലാ ചെലവുകളും നിറവേറ്റിക്കഴിഞ്ഞാൽ ശരാശരി നാല് ലക്ഷം കോടി രൂപയോളം ഓരോ വർഷവും എൽ.ഐ.സി. മിച്ചമുണ്ടാക്കുന്നു. ഈ പണമത്രയും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. സമൂഹത്തിന് ഗുണകരമാകുംവിധം ഇതുവരെ എൽ.ഐ.സി. നടത്തിയ നിക്ഷേപം 36,76,170.31 കോടി രൂപയാണ്. ഈ ബൃഹത്തായ വിഭവ സ്രോതസ്സാണ്

എൽ.ഐ.സി.- യുടെ സ്വകാര്യവത്ക്കരണത്തോടെ ഇല്ലാതാവുക. പോളിസികളുടെ എണ്ണത്തിലും ക്ലെയിം തീർപ്പാക്കുന്നതിലെ മികവിലും ലോകത്തിലെ മുൻനിര സ്ഥാപനമാണ് എൽ.ഐ.സി. പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ എപ്പോഴും എൽ.ഐ.സി.-യുടെ ഊന്നൽ പോളിസി ഉടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിലാണ്. പോളിസി ഉടമകൾക്ക് ബോണസായി എൽ.ഐ.സി. നൽകുന്നത് ലാഭത്തിന്റെ 95 ശതമാനമാണ്. ഇത് സ്വകാര്യ കമ്പനികൾ നൽകുന്നതിനേക്കാൾ ഉയർന്ന നിരക്കാണ്. എൽ.ഐ.സി.-യുടെ ഓഫീസുകളിൽ 24 ശതമാനവും ഗ്രാമീണ മേഖലയിലാകുമ്പോൾ സ്വകാര്യ കമ്പനികളുടെ ഗ്രാമീണ സാന്നിധ്യം 3 ശതമാനമാണെന്നതും പ്രത്യേക പ്രാധാന്യമർഹിക്കുന്നു. ഐ.പി.ഒ. വഴി 5 ശതമാനം ഓഹരികൾ മാത്രമാണ് ഇപ്പോൾ വിൽക്കുന്നതെന്നും അത് സ്വകാര്യവൽക്കരണം അല്ലെന്നും പ്രചരിപ്പിച്ച് ഓഹരി വിൽപ്പനയെ ന്യായീകരിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. എന്നാൽ, ഓഹരി വിൽപ്പന സ്വകാര്യവൽക്കരണത്തിന്റെ ആദ്യ ചുവടാണെന്നും സർക്കാരിന്റെ യഥാർത്ഥ ലക്ഷ്യം സ്വകാര്യവൽക്കരണമാണെന്നതും വ്യക്തമാണ്.

സ്വകാര്യ കമ്പനികളുടെ ചൂഷണത്തിൽനിന്നും ഓഹരി ഉടമകളെ സംരക്ഷിക്കുക, പിന്നോക്ക പ്രദേശങ്ങളിലും ദുർബല ജനവിഭാഗങ്ങളിലേയ്ക്കും

ഇൻഷ്വറൻസ് പരിരക്ഷ എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് എൽ.ഐ.സി. ദേശസാൽക്കരിക്കപ്പെട്ടത്. ജനങ്ങളുടെ സമ്പാദ്യത്തെ നാടിന്റെ വികസനത്തിന് ഉപയോഗിക്കുകയെന്ന ലക്ഷ്യവും ഇതിന് പിന്നിലുണ്ടായിരുന്നു. ഈ കമ്പനിയെയാണ് സ്വകാര്യവൽക്കരിക്കുന്നതിന് പാർലമെന്റിൽപോലും വിശദമായ ചർച്ചയ്ക്കും പരിശോധനയ്ക്കും അവസരം നൽകാതെ ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തി എൽ.ഐ.സി. ആക്ട് കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തത്. നാടിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും ഉറപ്പാക്കുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ചിരുന്ന ഒരു സ്ഥാപനത്തെ സ്വകാര്യ നിക്ഷേപകരുടെ താൽപ്പര്യങ്ങൾക്ക് വിട്ടുകൊടുക്കുന്നത് നാടിനോ സമൂഹത്തിനോ ഗുണകരമല്ലെന്ന് ഈ സഭ വിലയിരുത്തുന്നു. അതുകൊണ്ടുതന്നെ, എൽ.ഐ.സി.-യുടെ ഓഹരി വിൽപ്പന നടപടിയിൽ നിന്നും പിന്തിരിയണമെന്നും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനെ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ പ്രമേയത്തോട് യോജിക്കുകയാണ്. പ്രമേയത്തിന്റെ ഘടനയിലും പ്രമേയത്തിന് കരുത്ത് പകരുന്നതുമായ ഒന്നുരണ്ട് ചെറിയ ഭേദഗതികളാണ് സൂചിപ്പിക്കുവാനുള്ളത്.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിൽ എട്ടാമത്തെ വരിയിൽ "ഈ പണമത്രയും നാടിന്റെ വികസന" എന്നതിനുശേഷം " പുരോഗമന" എന്നുകൂടി ചേർക്കുക.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിൽ അവസാനത്തെ വരിയിൽ " സ്വകാര്യവൽക്കരണത്തോടെ ഇല്ലാതാവുക" എന്നതിനുപകരം " സ്വകാര്യവൽക്കരണത്തോടെ നാടിന് നഷ്ടമാവുക" എന്ന് ചേർക്കുക.

3. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ ആറാമത്തെ വരിയിൽ " സ്വകാര്യ കമ്പനികൾ നൽകുന്നതിനേക്കാൾ" എന്നതിനുശേഷം " എത്രയോ" എന്നുകൂടി ചേർക്കുക.

4. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ എട്ടാമത്തെ വരിയിൽ " സ്വകാര്യ കമ്പനികളുടെ ഗ്രാമീണ സാന്നിധ്യം" എന്നതിനുശേഷം "വെറും" എന്നുകൂടി ചേർക്കുക.

5. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിൽ നാലാമത്തെ വരിയിൽ

“ സ്വകാര്യവൽക്കരണത്തിന്റെ ആദ്യ ചുവടാണെന്നും" എന്നതിനുപകരം സ്വകാര്യവൽക്കരണത്തിന്റെ ആദ്യ ചുവടുവെപ്പാണെന്നും" എന്ന് ചേർക്കുക.

6. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിൽ അവസാന വരിയിൽ “ സർക്കാരിന്റെ യഥാർത്ഥ ലക്ഷ്യം" എന്നതിനുശേഷം "പൂർണ്ണ" എന്നുകൂടി ചേർക്കുക.

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ ഒന്നാമത്ത വരിയിൽ “ ചൂഷണത്തിൽ നിന്നും ഓഹരി ഉടമകളെ" എന്നതിനുപകരം "ചൂഷണത്തിൽ നിന്നും ഓഹരി ഉടമകളെയും പൊതുജനങ്ങളെയും" എന്ന് ചേർക്കുക.

8. പ്രമേയത്തിലെ അഞ്ചാം ഖണ്ഡികയിൽ, രണ്ടാമത്തെ വരിയിൽ "സ്വകാര്യ നിക്ഷേപകരുടെ" എന്നതിനുശേഷം "കച്ചവട" എന്നുകൂടി ചേർക്കുക.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച എൽ.ഐ.സി. സ്വകാര്യവൽക്കരണം ഉപേക്ഷിക്കണമെന്നുള്ള പ്രമേയത്തോട് പൂർണ്ണ അർത്ഥത്തിൽ ഞാൻ യോജിക്കുകയാണ്. നമ്മുടെ നാട്ടിലെ 29 കോടി ജനങ്ങൾക്ക് കാര്യക്ഷമമായ സേവനവും 13 ലക്ഷത്തിലേറെ പേർക്ക്

തൊഴിലും നൽകുന്നൊരു മഹത്തായ സ്ഥാപനമാണ് എൽ.ഐ.സി. ഇവിടെ 1956 വരെ ഇൻഷ്വറൻസ് മേഖല അടക്കിവാണിരുന്നത് സ്വകാര്യ മൂലധന ശക്തികളായിരുന്നു. ജനങ്ങളോടും നാടിനോടും ഉത്തരവാദിത്വമില്ലാതെ അഴിഞ്ഞാടിയ അവരുടെ പോക്കിന് അറുതിവരുത്തിക്കൊണ്ടാണ് 1956-ൽ ജവഹർലാൽ നെഹ്റുവിന്റെ തീരുമാനപ്രകാരം എൽ.ഐ.സി. രൂപം കൊണ്ടത്. 245 ഇൻഷ്വറൻസ് കമ്പനികളെ ദേശസാൽക്കരിച്ചുകൊണ്ടാണ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ രൂപീകൃതമായത്. ഇത് പിന്നീട് രാജ്യത്തിന്റെ അഭിമാന സ്ഥാപനമായി മാറി. 2018-19-ൽ എൽ.ഐ.സി. സർക്കാരിന് കൊടുത്ത ലാഭവിഹിതം മാത്രം 2610 കോടി രൂപയാണ്. സർക്കാരിന്റെ വിവിധ പദ്ധതികളായ ഭവനനിർമ്മാണം, ജലസേചനം തുടങ്ങി വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ എൽ.ഐ.സി.-യുടെ പങ്കാളിത്തം 28,30,000 കോടി രൂപയാണ്. ഊർജ്ജം, മാലിന്യസംസ്കരണം, റോഡ്, തുറമുഖം, പാലങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിലായാണ് ഇത് പ്രവർത്തിക്കുന്നത്. രാഷ്ട്രത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ എൽ.ഐ.സി. വഹിച്ച പങ്ക് നിസ്തുലമാണ്. പ്രതിവർഷം 2500 കോടി രൂപ വാർഷിക ലാഭ വിഹിതവും 10,000 കോടിയിലേറെ രൂപ നികുതിയും കേന്ദ്ര സർക്കാരിന്

എൽ.ഐ.സി. നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ അഞ്ച് ശതമാനം ഓഹരി വിൽപ്പനയാണെന്നുള്ള വ്യാജേന പൂർണ്ണമായ സ്വകാര്യവൽക്കരണത്തിലേയ്ക്കാണ് ഇവർ പോകുന്നത്. സാമ്പത്തിക ഉദാരവത്ക്കരണത്തിനുശേഷം ഒട്ടേറെ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ വന്നെങ്കിലും ഇത്തരം സ്വകാര്യ വിദേശ ഇൻഷ്വറൻസ് കമ്പനികളുമായി മത്സരിച്ച് എൽ.ഐ.സി. നിലനിൽക്കുമെന്ന് നമുക്ക് ആത്മവിശ്വാസമുണ്ടായിരുന്നു. എൽ.ഐ.സി. സ്വകാര്യ വിദേശ കമ്പനികളുമായി മത്സരിക്കുകയും നവീകരിക്കപ്പെടുകയും ലോകത്തിലെ ഏറ്റവും വലിയ ഇൻഷ്വറൻസ് കമ്പനികളുമായി മത്സരിക്കുന്നതിനുവേണ്ടിയുള്ള പ്രാപ്തി നേടുകയും ചെയ്തു. സ്വകാര്യ ടെലികോം കമ്പനികൾ വരുമ്പോൾ ബി.എസ്.എൻ.എൽ. പിടിച്ചുനിൽക്കാൻ ശ്രമിച്ചെങ്കിലും പക്ഷേ പിന്നീട് വന്ന എൻ.ഡി.എ. ഗവൺമെന്റ് ബി.എസ്.എൻ.എൽ.-ന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തി. ബി.എസ്.എൻ.എൽ. ദുർബലമാകുന്ന സമയത്ത് മാർക്കറ്റ് ഷെയർ മുഴുവൻ പോകുന്നത് സ്വകാര്യ ടെലികോം കമ്പനികൾക്കാണ്. ഇൻഷ്വറൻസ് മാർക്കറ്റ് ഷെയറിന്റെ 75 ശതമാനവും എൽ.ഐ.സി.-ക്കാണ്. എൽ.ഐ.സി.-യുടെ മാർക്കറ്റ് ഷെയർ ദുർബലപ്പെട്ടാൽ അവിടെ

കടന്നുവരാൻ പോകുന്നത് സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളാണ്. അതായത്, എൽ.ഐ.സി. ചെയ്യുന്നതുപോലെയല്ല, ഒരുപാട് അനാവശ്യമായ നിബന്ധനകൾ കൊണ്ടുവന്ന് എങ്ങനെ ഇൻഷ്വറൻസ് തുക കൊടുക്കാതിരിക്കാൻ സാധിക്കും അല്ലെങ്കിൽ, ഇൻഷ്വറൻസ് തുക എങ്ങനെ കുറയ്ക്കാൻ സാധിക്കുമെന്ന് ഗവേഷണം നടത്തുന്നവരാണ് സ്വകാര്യ കമ്പനികൾ. ലാഭത്തിന്റെ 95 ശതമാനവും ബോണസായി നൽകുന്ന പൊതുമേഖല സ്ഥാപനമാണ് എൽ.ഐ.സി. അതിനെ തകർക്കാനുള്ള ഈ നീക്കത്തെ എന്തുവിലകൊടുത്തും നേരിടണം. നമ്മുടെ സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരും രാജ്യത്ത് ഇത്തരം പ്രവണതകളെ തടുക്കുന്ന എല്ലാവരും ഒരുമിച്ച് നിൽക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു; ഐകകണ്ഠ്യേന ഈ പ്രമേയം പാസ്സാക്കാവുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകാര്യമാണോ?

മുഖ്യമന്ത്രി(ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതികൾ ഇതിനോട് യോജിക്കുന്നവയാണ്. ഇതിനെ ശക്തിപ്പെടുത്തുകയെന്നുള്ളതാണ് ഇതിന്റെ

ഉദ്ദേശ്യം. ഇതെല്ലാം പ്രമേയത്തിൽ അടങ്ങിയിട്ടുണ്ടെന്നുള്ളതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കിയിരിക്കുന്നു.

## IX. ധനകാര്യം

## 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഒന്നാം പിണറായി സർക്കാരിന്റെ നവകേരള നിർമ്മിതി എന്ന ദീർഘകാല പദ്ധതിയുടെ തുടർച്ചയാണ് ഈ വർഷത്തെ ബഡ്ജറ്റ്. ദീർഘകാല ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപന രേഖകൂടിയാണ് ഈ ബഡ്ജറ്റ്. ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു. പ്രതീക്ഷകളുടെ ബഡ്ജറ്റ്, ആത്മവിശ്വാസത്തിന്റെ പ്രഖ്യാപനം എന്നീ നിലകളിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ കാണാം. ഫെഡറലിസത്തിന്റെയും സാർവ്വദേശീയ മാനവികതയുടെയും രാഷ്ട്രീയം ഉയർത്തിപ്പിടിച്ച പ്രഖ്യാപനരേഖ കൂടിയാണ് ഈ ബഡ്ജറ്റ്. ലോകം മുഴുവൻ യുദ്ധഭീതിയിൽ നിൽക്കുമ്പോൾ മിക്കരാജ്യങ്ങളും ആയുധങ്ങളും പടക്കോപ്പുകളും വാങ്ങിക്കൂട്ടുമ്പോൾ ഈ കൊച്ചുകേരളം രണ്ടുകോടി രൂപ ലോകസമാധാനത്തിനായി നീക്കിവച്ചിരിക്കുന്നു. ഇത് കേരള മോഡലാണ്. ശാസ്ത്രാഭിമുഖ്യവും ശാസ്ത്രാവബോധവും വലിയ വെല്ലുവിളി നേരിടുന്ന ദേശീയ സാഹചര്യത്തിലേയ്ക്കാണ് നാം പോകുന്നത്. നമ്മുടെ കേന്ദ്രമന്ത്രിമാർ ഗംഗാജലത്തിന് കൊറോണയെ പ്രതിരോധിക്കാൻ കഴിവുണ്ടോയെന്ന്

പരീക്ഷണം നടത്തണമെന്ന് ഐ.സി.എം.ആർ.-നോട് ആവശ്യപ്പെട്ടുന്ന കാലഘട്ടത്തിലാണ് ഗ്രാഫീൻ പാർക്കിനുവേണ്ടി 86.41 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. രാജ്യത്തെ ആദ്യത്തെ ഗ്രാഫീൻ പാർക്ക് കേരളത്തിൽ നിലവിൽ വരാൻ പോകുകയാണ്. ആഗോള ശാസ്ത്രോൽസവം തുടങ്ങിയ വിവിധ ഗവേഷണ പദ്ധതികൾക്കും സ്ഥാപനങ്ങൾക്കും നൽകിയ ഊന്നൽ ബഡ്ജറ്റിനെ വ്യത്യസ്തമാക്കുന്നു. കേരളത്തിലുടനീളം വ്യവസായ പാർക്കുകളും ഫുഡ് പാർക്കുകളും സ്ഥാപിക്കുകവഴിയും ഉന്നതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതുവഴിയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. ദിശാബോധമില്ലാത്ത ബഡ്ജറ്റെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇതിൽപ്പരം എന്ത് ദിശാബോധമാണ് പ്രതിപക്ഷത്തിന് വേണ്ടത്; കേരളം കടമെടുത്ത് കടക്കെണിയിലാണെന്ന് പറയുന്നവർ ലോകത്തെ വികസിത രാജ്യങ്ങളുടെ ജി.ഡി.പി.-യുടെ എത്ര ശതമാനമാണ് അവരുടെ കടമെന്ന് പരിശോധിക്കണം. അമേരിക്കൻ ഐക്യനാടുകളുടെ കടം ജി.ഡി.പി-യുടെ 102 ശതമാനം, ബ്രിട്ടൻ-342 ശതമാനം, ചൈന- 29 ശതമാനം, ജപ്പാൻ-96 ശതമാനം, ജർമ്മനി-165 ശതമാനം എന്നിങ്ങനെയാണ് കാണാൻ കഴിയുന്നത്. കേരളത്തിലേത് 37.7 ശതമാനമാണ്. കടമെടുക്കാതെ സ്വന്തം

വരുമാനത്തിന്റെ അടിസ്ഥാനത്തിൽമാത്രം വികസിച്ച ലോകത്തിലെ ഒരു വികസിത രാജ്യത്തിന്റെ പേര് പറയാമോ; ഇന്ത്യാ രാജ്യത്ത് കടമെടുക്കാതെ സ്വന്തം വരുമാനമാർഗ്ഗംകൊണ്ട് വളർന്ന ഒരു സംസ്ഥാനത്തിന്റെ പേര് പറയാമോ? രണ്ടാം ലോകമഹായുദ്ധത്തിൽ തകർന്നടിഞ്ഞ ജപ്പാൻ ഹൈ സ്പീഡ് റെയിൽ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യം ഏർപ്പെടുത്തിയാണ് സാമ്പത്തിക മുന്നേറ്റം നടത്തിയതെന്ന് കാണാൻ കഴിയും. മികച്ച പൊതുജനാരോഗ്യം, ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം, ഉയർന്ന സാമൂഹ്യ സുരക്ഷിതത്വം, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവ അത്യാവശ്യമാണ്. ഇന്നത്തെ കേരള മോഡലിൽനിന്നും അടുത്ത വികസിത നിലവാരത്തിലേയ്ക്കെത്താൻ നമുക്ക് വലിയ തോതിൽ വരുമാനം ആവശ്യമുണ്ട്. നമ്മുടെ ജി.ഡി.പി. വലിയ തോതിൽ വളർത്തേണ്ടതുണ്ട്. കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ടും ദീർഘകാല പരിപാടികൾ ആവിഷ്കരിച്ചുകൊണ്ടുമുള്ള പുതിയ ദിശാബോധം ഈ ബഡ്ജറ്റ് നൽകുന്നു. കേരളത്തെ വൈജ്ഞാനിക സാമ്പത്തിക മേഖലയിലേയ്ക്ക് വളർത്തുന്നതാണ് ഈ ബഡ്ജറ്റ്. നഷ്ടപ്പെട്ട കാർഷിക സംസ്കൃതി വീണ്ടെടുക്കുന്നതിനുള്ള കാർഷിക ബഡ്ജറ്റാണ് കർഷക നേതാവുകൂടിയായ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ

അവതരിപ്പിച്ചിരിക്കുന്നത്. പുതുതലമുറയെ അടക്കം കാർഷിക രംഗത്ത് ആകർഷിക്കുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ ധാരാളം അവസരങ്ങൾ തുറന്നുനൽകുന്നു. കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിനും വിപണത്തിനും വേദിയൊരുക്കുന്നതാണ് മാർക്കറ്റിംഗ് കമ്പനിയെന്ന നിർദ്ദേശം. വലിയതോതിൽ ഗുണപരമായ മാറ്റങ്ങൾ ഇതുണ്ടാക്കും. പ്രത്യേകിച്ചും കാർഷികോത്പന്നങ്ങളുടെ വിപണനത്തിലും പുതിയ വിപണികൾ കണ്ടെത്തുന്നതിനും കാർഷികമേഖലയിലെ ആധുനികവൽക്കരണത്തിനും നിർദ്ദിഷ്ട ഏഴ് അഗ്രി ടെക് ഫെസിലിറ്റി കേന്ദ്രങ്ങൾ വഴിയൊരുക്കും. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് തള്ളിവിട്ടുകൊണ്ടിരിക്കുന്നത്. അർഹമായ വിഹിതം നിഷേധിച്ചും പരോക്ഷനികുതികൾ വർദ്ധിപ്പിച്ചും ഡിവിസിബിൾ പൂളിൽനിന്നും ലഭിക്കേണ്ട ശതമാനം വെട്ടിക്കുറച്ചും സംസ്ഥാനത്തിനുമേൽ കേന്ദ്രം അധികഭാരം അടിച്ചേൽപ്പിക്കുകയാണ്. ആവർത്തിച്ചുണ്ടായ അതിതീവ്രമഴ, പ്രളയങ്ങൾ, ഓഖി തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽനിന്നും നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങി കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക വിപത്തുകളിൽനിന്നും ജനങ്ങളെ കരകയറ്റിയ പിണറായി സർക്കാർ,

ദുരന്തവാഹിയായ കോവിഡിന്റെ ആപത്തിൽനിന്ന് പാവപ്പെട്ടവരെയും സാധാരണക്കാരായ ജനങ്ങളെയും പൊതുജനത്തെയും സംരക്ഷിക്കുന്നതിൽ ലോകമാതൃകയായി മാറി. ഇത്തരം പ്രതിസന്ധികൾക്കെല്ലാമിടയിൽ ഒരു ബദൽ നയരേഖ അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിവാദ്യം ചെയ്യുന്നു.

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ തുറമുഖ വികസനം, ഐ.ടി. പാർക്കുകൾക്കുള്ള പരിഗണന, കോഴിക്കോട്-കണ്ണൂർ ഐ.ടി. കോറിഡോർ അനുവദിച്ച നടപടി എന്നിവയെ സ്വാഗതം ചെയ്യുകയാണ്. മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യകേന്ദ്രമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ആ മെഡിക്കൽ കോളേജിന് പ്രത്യേക പരിഗണന നൽകണമെന്നഭ്യർത്ഥിക്കുകയാണ്. 50 വർഷം പൂർത്തീകരിച്ച കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് അപകടകരമായ നിലയിലാണ്. പൊട്ടിപ്പൊളിഞ്ഞ കനാലുകൾ, മറ്റ് സ്ട്രക്ച്ചറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിൽ അടിയന്തരമായി ഇടപെടലുണ്ടായില്ലെങ്കിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് പ്രവർത്തനരഹിതമാകും. ഇക്കഴിഞ്ഞ മാർച്ച് 7-നാണ് വലതുകരകനാൽ പൊട്ടിത്തകർന്ന് വീടുകൾക്കും കൃഷിയിടങ്ങൾക്കും വലിയ നാശനഷ്ടമുണ്ടായത്; തന്മൂലം വലതുകര ഷട്ടർ അടയ്ക്കേണ്ടി വന്നു. ഇതിന്റെ

ഫലമായി കുറ്റ്യാടി മണ്ഡലത്തിലെ നെൽവയലുകൾ മുഴുവനും ഉണങ്ങിക്കൊണ്ടിരിക്കുകയാണ്. വടകര താലൂക്കിൽ മുഴുവനും രൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഇപ്പോൾ അനുഭവപ്പെട്ടുവരുന്നത്. കുറ്റ്യാടി പ്രോജക്റ്റ് സംരക്ഷിക്കാനാവശ്യമായ ഫണ്ട് വകയിരുത്തണം. കുറ്റ്യാടി മണ്ഡലത്തിലെ കിഴക്കേ അതിർത്തിയിലൂടെ ഒഴുകുന്ന കുറ്റ്യാടിപ്പുഴയുടെ തീരങ്ങൾ ഇടിഞ്ഞുതകർന്നിരിക്കുകയാണ്. തീരസംരക്ഷണത്തിനാവശ്യമായ ഫണ്ട് വകയിരുത്തണം. നദികളിൽ മണൽ കുമിഞ്ഞുകൂടി ജലനിർഗ്ഗമനത്തിന് തടസ്സമുണ്ടാകുകയാണ്. മണൽ വാരിയാൽ വരുമാനമാർഗ്ഗവുമാകും, പുഴയുടെ സുഗമമായ ഒഴുക്കിന് പരിഹാരവുമാകും. ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. കാർഷിക മേഖലയിൽ വലിയ സംഭാവനകൾ നൽകിയ സ്ഥാപനമാണ് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി. നെല്ല്, തെങ്ങ്, കുരുമുളക്, കശുവണ്ടി എന്നിവയ്ക്ക് അത്യുൽപ്പാദനശേഷിയുള്ള ഒട്ടനവധി നടീൽ വസ്തുക്കളും വിത്തുകളും കണ്ടെത്തിയ സ്ഥാപനമാണ്. പക്ഷേ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഈ കണ്ടെത്തലുകളെല്ലാം സാധാരണ കൃഷിക്കാർക്കിടയിൽ ഇനിയും എത്തിച്ചേർന്നിട്ടില്ല. അതുകൊണ്ട് കാർഷിക സർവ്വകലാശാലയുടെ കണ്ടെത്തലുകൾ സാധാരണ കർഷകരിലേയ്ക്കെത്തിക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കാർഷിക സർവ്വകലാശാലയും തമ്മിൽ നാമമാത്ര ബന്ധം മാത്രമേയുള്ളൂ. ആ ബന്ധം ശക്തിപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക രംഗത്ത് സജീവ പങ്കാളിത്തം വഹിക്കുന്ന സാഹചര്യമുണ്ടാക്കേണ്ടതുണ്ട്. കേരളത്തിലെ 13 ജില്ലകളിലും ഗവേഷണ സ്ഥാപനങ്ങളും കോളേജുകളുമുണ്ട്. എന്നാൽ ഏറ്റവും വലിയ കാർഷിക മേഖലയായ കോഴിക്കോട് ജില്ലയിൽ മാത്രം കാർഷിക കോളേജുകളോ ഗവേഷണശാലകളോ ഇല്ല. ആകെ കാർഷിക സർവ്വകലാശാലയുടെ ഔട്ട്ലെറ്റ് മാത്രമാണ് കോഴിക്കോടുള്ളത്. ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണം. ഗുണനിലവാരത്തിൽ പ്രശസ്തമായ കുറ്റ്യാടി തേങ്ങയും നെല്ലും വ്യാപകമായി കൃഷി ചെയ്യുന്ന കുറ്റ്യാടി മണ്ഡലത്തിൽ ഒരു കാർഷിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കുറ്റ്യാടി കോക്കനട്ട് പാർക്കിന് രണ്ടരക്കോടി രൂപ അനുവദിച്ച സർക്കാരിനെ പ്രത്യേകം അഭിവാദ്യം ചെയ്യുകയാണ്. തകർന്നടിഞ്ഞ നാളികേര മേഖലയെ സംരക്ഷിക്കാനുള്ള നടപടികളുടെ തുടക്കമാണിത്. കേരളീയർ വികസനം ആഗ്രഹിക്കുന്നു. എൽ.ഡി.എഫ്. സർക്കാർ വികസനപാതയിലാണ്. ഈ വികസനയാത്ര തങ്ങളെ ഇരുട്ടിലാക്കുമോയെന്ന ഭയം പ്രതിപക്ഷത്തിനുണ്ട്.

അതിന്റെ ഫലമായി 1957-ലെ വിമോചനസമര മാതൃകയിലുള്ള സമരം സംഘടിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്. നേരത്തേ ഗെയിൽ സമരം നടത്തി. ഇപ്പോൾ കെ-റെയിലുമായി ബന്ധപ്പെട്ട് എല്ലാ പ്രതിലോമശക്തികളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് അവർ ശ്രമിക്കുന്നത്. പ്രതിലോമശക്തികളുടെ ഒരു കൂടാരമായി യു.ഡി.എഫ്. മാറിയിരിക്കുന്നു. 1946-47 കാലഘട്ടത്തിൽ ചരിത്രപ്രസിദ്ധമായ കോഴിക്കോട് ജില്ലയിലെ പാളയത്ത് ഉയർന്നുകേട്ട ഒരു മുദ്രാവാക്യമുണ്ട്. 'പത്തിഞ്ച് കത്തികൊണ്ട് കുത്തി വാങ്ങും പാകിസ്ഥാൻ ' എന്നായിരുന്നു ആ മുദ്രാവാക്യം. അന്നത്തെ മുസ്ലീംലീഗായിരുന്നു ആ മുദ്രാവാക്യം മുഴക്കിയത്. പാകിസ്ഥാൻ നിലവിൽ വന്നു. പക്ഷേ മുദ്രാവാക്യം വിളിച്ചവരാരും പാകിസ്ഥാനിൽ പോയില്ല. ഇപ്പോൾ അവരുടെ പിൻഗാമികൾ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിൽ ആധിപത്യം നേടിയിരിക്കുന്നുവെന്നതാണ് വസ്തുത. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ട നടപടിക്കെതിരെ കോഴിക്കോട് കടപ്പുറത്ത് സംഘടിപ്പിച്ച റാലി അതിനുദാഹരണമാണ്. മുസ്ലീംലീഗ് നേതാക്കളുടെ സാന്നിദ്ധ്യത്തിൽ ഒരു മുൻ എം.എൽ.എ.-യും മറ്റൊരു സംസ്ഥാന നേതാവും നടത്തിയ പ്രസംഗം നാമെല്ലാം കേട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും

കുടുംബാംഗങ്ങൾക്കുമെതിരെ തെറിയഭിഷേകം നടത്തി. 'മതമാണ്, മതമാണ് പ്രധാനം' എന്ന പ്രഖ്യാപനം നാം കേട്ടു. ലീഗ് മതപാർട്ടിയാണോ, മതേതര പാർട്ടിയാണോയെന്ന് വ്യക്തമാക്കണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ലീഗ് മതമൗലിക വാദികളുടെ തടവറയിൽ എത്തിച്ചേർന്നിരിക്കുന്നു. ഇക്കാര്യത്തിൽ കോൺഗ്രസ്സിന്റെ അഭിപ്രായമെന്താണ്? 'ഓളില്ലാത്തവനോട് മക്കളെത്രയാണ്' എന്നുചോദിക്കുന്നതിന് സമാനമാണ് ഈ ചോദ്യം എന്നെനിക്കറിയാം. കാരണം, ഇന്ത്യ ഹിന്ദു രാജ്യമാണ്, ഞാനൊരു ഹിന്ദുവാണ്, യഥാർത്ഥ ഹിന്ദുരാജ്യം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച നമ്മുടെ പ്രിയപ്പെട്ട എം.പി., ശ്രീ. രാഹുൽ ഗാന്ധിയാണ് മറ്റൊരുഭാഗത്ത് കോൺഗ്രസ്സിനെ നയിക്കുന്നത്. മഹാനായ പണ്ഡിറ്റ്ജിയുടെ ചെറുമകന്റെ ഈ പ്രസ്താവന കേരളത്തിലെ മതനിരപേക്ഷ വാദികൾ മുഴുവനും ഞെട്ടലോടെയാണ് കേട്ടത്. 'കണ്ടാൽ പഠിച്ചില്ലെങ്കിൽ കൊണ്ടാൽ പഠിക്കും' എന്നുപറയാറുണ്ട്, കൊണ്ടാലും പഠിക്കാത്തവരാണ് കോൺഗ്രസ്സെന്ന് നിരന്തരമായി തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം മുസ്ലീംലീഗ് മനസ്സിലാക്കുമോയെന്നെനിക്കറിയില്ല. പരിശുദ്ധ റമദാനാണ് വരുന്നത്. തെറ്റ് തിരുത്താനും കുറ്റങ്ങൾ ഏറ്റുപറയാനും തിരുത്താനും അനുയോജ്യമായ

സന്ദർഭമാണ് റമദാൻ കാലം. "നാഥാ, ഇവരുടെ മാറ്റിചിന്തയ്ക്ക് പ്രേരണ നൽകണമേ" എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മഞ്ഞളാംകുഴി അലി]

ശ്രീ. മാണി സി. കാപ്പൻ: സർ, കോവിഡ്-19 മഹാമാരിയുടെ മൂന്നാംതരംഗം സമൂഹത്തിന് ഭീഷണിയായി തുടരുന്ന ഈ കാലഘട്ടത്തിൽ സാധാരണക്കാർക്ക് താങ്ങും തണലുമാകേണ്ട സംസ്ഥാന ബഡ്ജറ്റിൽ അത്തരത്തിലുള്ള ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ലെന്നത് തികച്ചും പ്രതിഷേധാർഹമാണ്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ഉൽപ്പാദന വർദ്ധനവും സാമ്പത്തിക വളർച്ചയും നേടുന്നതിനുള്ള സമീപനമായിരുന്നു ബഡ്ജറ്റിൽ സ്വീകരിക്കേണ്ടിയിരുന്നത്. ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണ് ചെയ്തത്. കോവിഡ് മഹാമാരി ഉൽപ്പന്ന-തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച മാന്ദ്യവും നഷ്ടവും പരിഹരിച്ച് സമ്പദ്ഘടനയ്ക്ക് ഉണർവ് നൽകുന്നതിനുള്ള ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായേ മതിയാകൂ. ജനങ്ങളുടെ കൈകളിലേയ്ക്ക് പണമെത്തിച്ച് അവരുടെ ക്രയവിക്രയശേഷി വർദ്ധിപ്പിക്കാനുള്ള യാതൊരു നടപടിയും ബഡ്ജറ്റിൽ

നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ഉന്നത വിദ്യാഭ്യാസത്തിനൊപ്പം ആരോഗ്യം, വ്യവസായം, കൃഷി, ടൂറിസം, ഐ.ടി. മേഖലകളിൽ ഒട്ടേറെ നൂതന പദ്ധതികൾ എന്നിവ ബഡ്ജറ്റ് വിഭാവന ചെയ്യുന്നുണ്ടെങ്കിലും ഇതിനാവവശ്യമായ പണം എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കുന്നില്ല; ഇതിലൂടെ യാഥാർത്ഥ്യബോധമില്ലാത്ത ഒന്നായി ബഡ്ജറ്റ് മാറിയിരിക്കുന്നു.

തീരദേശ സംരക്ഷണവും വെള്ളപ്പൊക്ക നിയന്ത്രണവും കേരളത്തിന്റെ അടിയന്തരാവശ്യമാണെന്ന് സംസ്ഥാന സർക്കാർ തിരിച്ചറിഞ്ഞുവെന്നതിൽ സന്തോഷമുണ്ട്. ഇതിനുള്ള തുടർനടപടികൾക്ക് സർക്കാർ എന്തുചെയ്യുമെന്നത് വ്യക്തമല്ല. റബ്ബർ വിലസ്ഥിരതാ ഫണ്ടിനായി 500 കോടി രൂപ അനുവദിച്ചത് തീർത്തും അപര്യാപ്തമാണ്. മാത്രമല്ല, ഇത് റബ്ബർ കർഷകരുടെ കണ്ണിൽ പൊടിയിടുന്ന ഒരു കൺകെട്ട് വിദ്യയാണ്. നിലവിൽ വിലസ്ഥിരതാ ഫണ്ടിൽ അടിസ്ഥാനവില 170 രൂപയും മാർക്കറ്റ് വില 172 രൂപയുമാണ്. വിപണിയിൽ 170 രൂപയിൽ കുറഞ്ഞാൽ, കുറയുന്ന തുകയ്ക്ക് ആനുപാതികമായി സബ്സിഡി നൽകുന്നതിനാണ് ഈ തുക. കഴിഞ്ഞ ബഡ്ജറ്റിലും ഇതേതുക നീക്കിവച്ചിരുന്നെങ്കിലും വിപണി വിലയിൽ കുറവുണ്ടായതിനാൽ കാര്യമായ സബ്സിഡി നൽകേണ്ടി വന്നില്ല. റബ്ബറിന്റെ താങ്ങുവില 280 രൂപയാക്കണമെന്ന കർഷകരുടെ നിരന്തരമായ

ആവശ്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു. മാത്രമല്ല, റബ്ബർ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ റബ്ബറിന്റെ ഉൽപ്പാദനവും ഉപഭോഗവും വിലയും വർദ്ധിപ്പിക്കുന്നതിന് സർക്കാർ വിശദമായ പദ്ധതി തയ്യാറാക്കി ഈ മേഖലയിൽ സജീവമായി ഇടപെടണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ 1600 രൂപയിൽനിന്നും 1700 രൂപയാക്കുമോ എന്നറിയാൻവേണ്ടി മാത്രം 11-ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗം കേട്ട സാധാരണക്കാരുടെ നാട്ടുകൂട്ടമാണ് കേരളമെന്നത് സർക്കാർ ഓർക്കുന്നത് നല്ലതാണ്.

ഈ ബഡ്ജറ്റിൽ പാലാ നിയോജകമണ്ഡലത്തിന് അർഹമായ പരിഗണന നൽകാത്തതിൽ ഞാൻ ശക്തമായ പ്രതിഷേധം അറിയിക്കുകയാണ്. പാലായോടുള്ള സർക്കാരിന്റെ നിലപാട് തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കോവിഡ് സാഹചര്യം മാറുന്നതനുസരിച്ച് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി അതിന് അനുവദിക്കുന്നില്ലെങ്കിൽ ആസ്തി വികസന ഫണ്ട് പഴയതുപോലെ അഞ്ചുകോടി രൂപയാക്കി പുനഃസ്ഥാപിക്കണം. ഈ തുകയ്ക്ക് കൊടുക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും അതിന്റെ

പണം കൃത്യമായി കൊടുക്കാനും സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 19.87 കോടി രൂപയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് എടുത്ത പാലായിലെ അരുണാപുരം റെഗുലേറ്റർ കം ബ്രിഡ്ജ് പ്രോജക്ട് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 562 കോടിയിൽ 50 ശതമാനം കേന്ദ്രവിഹിതമുള്ള പാലാ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കാനുള്ള രാമപുരം കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ കാലഘട്ടത്തിന്റെ പ്രതിസന്ധികളെ കരുത്തോടെ നേരിട്ട് കൂടുതൽ ശക്തമായി മുന്നേറാനുള്ള നിർദ്ദേശങ്ങളൊന്നുമില്ലാതെയും പൊള്ളയായ പ്രഖ്യാപനങ്ങൾ മാത്രം ഉൾക്കൊള്ളിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2022-2023-ലെ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ഒരു മഹാമാരിക്കാലത്ത് പകച്ചുനിൽക്കുന്ന ജനതയ്ക്ക് പ്രതീക്ഷയുടെ ഒരു കച്ചിത്തുരുമ്പുപോലും നൽകാത്ത ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. വെറും പ്രഖ്യാപന ബഡ്ജറ്റെന്ന് വിശേഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ

ബഡ്ജറ്റിൽ പ്രഖ്യാപിച്ച് നടപ്പിലാക്കാത്ത പദ്ധതികളും അതിനായി നീക്കിവച്ച കോടികളും പൊടിതട്ടിയെടുത്ത് വീണ്ടും അച്ചടിച്ചുയെന്നതൊഴിച്ചാൽ കാര്യമായി പുതിയതൊന്നും ഈ ബഡ്ജറ്റിലില്ല. സർക്കാരിന്റെ ആദ്യബഡ്ജറ്റിൽ ചില പ്രഖ്യാപനങ്ങളുണ്ടായിരുന്നു. 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ്, ആരോഗ്യ മേഖലയ്ക്ക് 2,800 കോടി രൂപ, പ്രവാസികൾക്ക് 1,000 കോടി രൂപയുടെ വായ്പ, കാർഷിക പുനരുജ്ജീവനത്തിന് കേരള ബാങ്ക് മുഖേന 2000 കോടി രൂപയുടെ വായ്പ, വാക്സിൻ ഗവേഷണത്തിന് 10 കോടി രൂപ എന്നിങ്ങനെയുണ്ടായിരുന്നു. ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുയെന്ന് വിലയിരുത്തുന്നത് നല്ലതായിരിക്കും. കൂടുതലും നടപ്പിലാക്കാത്ത പദ്ധതികളാണ്. കഴിഞ്ഞ ബഡ്ജറ്റിൽ റീബിൽഡ് കേരള പദ്ധതിക്ക് 1830 കോടി രൂപയാണ് നീക്കിവച്ചത്. അതിൽ 388 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഇപ്പോൾ റീബിൽഡ് കേരള പദ്ധതിക്കായി വീണ്ടും 1,600 കോടി രൂപ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇനിയെങ്കിലും ദുരിതക്കയത്തിൽ കഴിയുന്ന ജനങ്ങൾക്കായി ഈ പദ്ധതികൾ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. കർഷകർ നമ്മുടെ നാടിന്റെ

നട്ടെല്ലാണ്. എന്നാൽ കർഷകരോട് തികഞ്ഞ ശത്രുതാമനോഭാവമാണ് ഈ ബഡ്ജറ്റിൽ നിഴലിക്കുന്നത്. ഇതൊരു കർഷകവിരുദ്ധ ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് 1406 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ പുതുക്കിയ ബഡ്ജറ്റിനെ അപേക്ഷിച്ച് 13 കോടി രൂപ കുറവാണ്. യാഥാർത്ഥ്യമിതായിരിക്കെ, കാർഷിക മേഖലയിൽ കഴിഞ്ഞ വർഷത്തേക്കാൾ 48 കോടി രൂപ കൂടുതൽ അനുവദിച്ചെന്ന ബഡ്ജറ്റ് പ്രഖ്യാപനം തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഈ ദുരിതകാലത്ത് ഏറ്റവും പരിഗണന ലഭിക്കേണ്ടത് കർഷകർക്കാണ്. അവരോടുള്ള ഈ അവഗണന പൊറുക്കാനാകാത്തതാണ്. ബഹുമാനപ്പെട്ട മാണി സി. കാപ്പൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, റബ്ബർ കർഷകർക്ക് സബ്സിഡിയായി 500 കോടി രൂപ അനുവദിച്ചെന്ന പ്രഖ്യാപനം തികച്ചും ഇന്ദ്രജാല വിദ്യയാണ്. നിലവിൽ താങ്ങുവില 170 രൂപയാണ്. അതിൽ ഒരുരൂപ പോലും കൂട്ടിയിട്ടില്ല. മാർക്കറ്റ് വില 170 രൂപയിലധികമാണ്. ചുരുക്കത്തിൽ 500 കോടി രൂപ മാറ്റിവച്ചുവെന്നതുകൊണ്ട് കർഷകർക്ക് ഒരുരൂപയുടെ പ്രയോജനംപോലും ലഭിക്കുന്നില്ല. ഇത്തരം പ്രഖ്യാപനങ്ങൾ വെറും കൺകെട്ട് വിദ്യകളാണ്. റബ്ബർ കർഷകന്റെ സംതൃപ്തിയല്ല ഈ സർക്കാരിന് പ്രധാനം. മറിച്ച് പ്രഖ്യാപന സംതൃപ്തി മാത്രമാണ് ഈ സർക്കാരിന്റെ നയം.

ബഡ്ജറ്റിൽ 500 കോടി രൂപയെന്നത് 1000 കോടി രൂപയായി ഉയർത്തണം. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങൾക്ക് നൽകിയ വാക്ക് പാലിക്കണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. കാലാവസ്ഥാവ്യതിയാനംമൂലം കശുവണ്ടി ഉൽപ്പാദനം പകുതി കുറഞ്ഞു. കശുവണ്ടി കർഷകർ പട്ടിണിയിലാണ്. കശുവണ്ടിക്ക് ഇപ്പോൾ 100 രൂപയാണ് വില. യാതൊരു പുരോഗതിയുമില്ലാതെ പതിറ്റാണ്ടുകളായി ഈ വില അങ്ങനെതന്നെ നിൽക്കുകയാണ്. കശുവണ്ടിയും നാളികേരവും സംഭരിക്കാനുള്ള സംവിധാനങ്ങൾ പ്രഖ്യാപനത്തിൽമാത്രം ഒതുങ്ങി നിൽക്കുകയാണ്. ഈ വിളകൾക്കെല്ലാം ന്യായമായ തറവില നിശ്ചയിക്കണം. നെല്ലിന് 20 പൈസ മാത്രമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ നെൽകർഷകരെ അപമാനിക്കുന്നതിന് തുല്യമാണ്. നെല്ലിന്റെ സംഭരണവില 35 രൂപയായി വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും ദുരിതക്കയങ്ങളിൽനിന്നും കരകയറിവന്ന പാവപ്പെട്ട കർഷകരുടെയും കച്ചവടക്കാരുടെയും വിദ്യാർത്ഥികളുടെയും വായ്പാ കുടിശ്ശികകൾക്ക് ബാങ്കുകൾ നോട്ടീസ് നൽകി തിരിച്ചടവിന് സമ്മർദ്ദം ചെലുത്തുകയാണ്. പല

സ്ഥലങ്ങളിലും ജപ്തിനടപടികൾ നടക്കുകയാണ്. ഇത് ഏറെ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. ജനങ്ങളെല്ലാം ഭയവിഹ്വലരാണ്. നിരവധിയാളുകൾ കടക്കെണിമൂലം ആത്മഹത്യ ചെയ്തു. പലരും ആത്മഹത്യയുടെ വക്കിലാണ്. ഇക്കാര്യത്തിൽ അടിയന്തരമായി സർക്കാരിന്റെ ഇടപെടലുണ്ടാകണം. കാർഷിക കടാശ്വാസ കമ്മീഷൻ സജീവമാക്കി അവിടെ കെട്ടിക്കിടക്കുന്ന അപേക്ഷകൾക്ക് തീരുമാനമുണ്ടാക്കണം. ലോകസമാധാനത്തിനുവേണ്ടി രണ്ടുകോടി രൂപ നീക്കിവച്ചുവെന്നാണ് പറയുന്നത്. അങ്ങനെയൊരു തീരുമാനമെടുക്കാൻ സത്യത്തിൽ ഈ സർക്കാരിന് ധാർമ്മികമായ അവകാശമോ, അധികാരമോ ഇല്ല. കാരണം, അക്രമരാഷ്ട്രീയത്തിന് നേതൃത്വം നൽകി കേരളത്തിന്റെ സമാധാനം തകർക്കുന്ന സ്വന്തം പാർട്ടി ക്രിമിനലുകളെ ബോധവത്കരിക്കാൻ ഈ തുക മാറ്റിവച്ചാൽ അത് കൂടുതൽ പ്രയോജനപ്പെടും. അതിന് ഞങ്ങളുടെയും പൂർണ്ണ പിന്തുണയുണ്ടാകും. തീവ്രവാദികളെ സംഘടിപ്പിച്ച് കൂടെ നിർത്തണമെന്ന് ഔദ്യോഗികമായി നയമുള്ള ഒരു പാർട്ടിക്ക് ഇത്തരത്തിൽ ലോകസമാധാനത്തെക്കുറിച്ചോ നിരായുധീകരണത്തെക്കുറിച്ചോ പറയാനുള്ള ധാർമ്മികമായ ഒരവകാശവുമില്ല. വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരത്തിനായി

ബഡ്ജറ്റിൽ 7 കോടി രൂപ നീക്കിവച്ചിരിക്കുന്നത് തികച്ചും അപര്യാപ്തമാണ്. റോഡുകളുടെ ദൈർഘ്യം ഏറ്റവും കൂടുതലുള്ള ഇരിക്കൂർ നിയോജകമണ്ഡലത്തിൽ റോഡുകൾക്കും പാലങ്ങൾക്കും നാമമാത്രമായ തുക അനുവദിച്ചിരിക്കുന്നത് ഖേദകരമാണ്. ആവശ്യങ്ങൾക്ക് ആനുപാതികമായിട്ടുള്ള ഫണ്ട് അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. വികസനത്തിൽ രാഷ്ട്രീയമില്ല എന്നുള്ളത് ഈ സർക്കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആവർത്തിച്ച് പറയുന്നതാണ്. തുല്യ അവസരങ്ങളെക്കുറിച്ചും വിഭവങ്ങളുടെ സന്തുലിതമായ വിതരണത്തെക്കുറിച്ചും വാചാലമാകുന്ന ഈ സർക്കാർ നിയമസഭാ മണ്ഡലങ്ങളെയെങ്കിലും തുല്യമായി പരിഗണിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. എല്ലാ സാമാജികരോടും പദ്ധതികൾ മുൻഗണനാക്രമത്തിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതെല്ലാം നൽകി ഞങ്ങൾ പ്രതീക്ഷയോടെ കാത്തിരുന്നു. ബഡ്ജറ്റ് അവതരണം കഴിഞ്ഞപ്പോൾ ഞങ്ങൾക്കൊരു സംശയം, ഭൂനികുതി പോലെ, കെ.എസ്.ഇ.ബി. ബിൽ പോലെ, ആദായ നികുതിപോലെ രാഷ്ട്രീയാടിസ്ഥാനത്തിൽ പ്രതിപക്ഷ എം.എൽ.എ.-മാർ, ഭരണപക്ഷ എം.എൽ.എ.-മാർ, മന്ത്രിമാർ, മുതിർന്ന മന്ത്രിമാർ എന്നിങ്ങനെ നാല് തരത്തിൽ പുതിയൊരു സ്ലാബ് സമ്പ്രദായം

ഏർപ്പെടുത്തിയിട്ടുണ്ടോ? പുരോഗമനവാദിയായ ഞങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും നീതിപൂർവ്വമായ സമീപനമാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. പക്ഷേ ഈ വിഭജനനയം കേരള നിയമസഭയിൽ തെറ്റായ കീഴ്വഴക്കത്തിന് തുടക്കം കുറിക്കുമെന്ന് സൂചിപ്പിക്കുന്നു.

140 നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾ നൽകുന്ന നികുതിപ്പണമാണ് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലെ പ്രധാന വരുമാനമാർഗ്ഗം. ആ ജനങ്ങൾക്ക് അർഹതപ്പെട്ടത് നിഷേധിക്കുന്നത് നീതിബോധമുള്ള ഒരു സർക്കാരിന് ഭൂഷണമല്ല. ഇത് വികസന ബഡ്ജറ്റല്ല, വിവേചന ബഡ്ജറ്റാണെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. രാജ്യം മുഴുവൻ അതിവേഗം ബാധിക്കുന്ന സാമ്പത്തിക അസമത്വ വൈറസിനെ ചെറുക്കാനുള്ള എൽ.ഡി.എഫ്.-ന്റെ ഫലപ്രദമായ വാക്സിനാണ് ഈ ബഡ്ജറ്റ്. പാവപ്പെട്ടവരുടെ ജീവിത പ്രയാസങ്ങൾ തിരിച്ചറിയുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന ലബോറട്ടറിയിലാണ് ആ വാക്സിൻ രൂപപ്പെടുന്നത്. ഈ വാക്സിൻ ശാസ്ത്രീയമായി പ്രയോഗിക്കാനുള്ള സിസ്റ്റമാണ് ഈ ഗവൺമെന്റ്. അതിന്റെ തേരാളി ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും സൂത്രധാരൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമാണ്. ആ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. ഇതുസംബന്ധിച്ച് യു.ഡി.എഫ്.-ന്റെ പ്രതികരണം കേൾക്കുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത്, ശുഭാപ്തിവിശ്വാസി എന്നും ഏത് പ്രതിസന്ധിയിലും അവസരം കണ്ടെത്തുന്നവനാണ്. എന്നാൽ ശുഭാപ്തിവിശ്വാസമില്ലാത്തവർ ഏത് അവസരത്തിലും പ്രതിസന്ധി മാത്രമേ കാണുകയുള്ളൂ. ഇന്ന് രാവിലെ അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ടുപോലും അതാണ് യു.ഡി.എഫ്.-ന്റെ സ്ഥിതി. ഈ രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതി നിങ്ങൾ മനസ്സിലാക്കണ്ടേ? കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ ഭക്ഷ്യ സബ്സിഡി 2021-22-ലെ ബഡ്ജറ്റിനേക്കാൾ 27 ശതമാനമാണ് വെട്ടിക്കുറച്ചത്. ഒരു പ്രതിഷേധവുമില്ല. ഗ്യാസിന്റെ സബ്സിഡി 60 ശതമാനം വെട്ടിക്കുറച്ചു. എഫ്.സി.ഐ.-യുടെ സംഭരണത്തിന്റെ 28 ശതമാനം ബഡ്ജറ്റ് വിഹിതമാണ് വെട്ടിക്കുറച്ചത്. കാർഷിക വളങ്ങൾക്കുള്ള സബ്സിഡി 25 ശതമാനമാണ് കുറച്ചത്.

യു.ഡി.എഫ്.-ഉം കേരളം ഭരിച്ചിട്ടുണ്ടല്ലോ; അന്ന് റേഷൻകടകളുടെ സ്ഥിതിയെന്തായിരുന്നു? ഈ ഗവൺമെന്റ് അതിലൊക്കെ ഇടപെടുകയല്ലേ?

അന്ന് ഭക്ഷ്യ സബ്സിഡിക്കുവേണ്ടി ചെലവഴിച്ചിരുന്നത് 200 കോടി രൂപയായിരുന്നുവെങ്കിൽ 2000 കോടി രൂപയാണ് ഈ ബഡ്ജറ്റിലെ നീക്കിയിരിപ്പ്. അന്ന് സിവിൽ സപ്ലൈസ് സൂപ്പർമാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും കുറേ കാലിച്ചാക്കും കുറച്ച് ജീവികളും മാത്രമേയുണ്ടായിരുന്നുള്ളൂ. ജനങ്ങൾ വളരെ കുറവായിരുന്നു. ഞാനിത് പരിഹസിക്കാൻവേണ്ടി പറയുന്നതല്ല, അതായിരുന്നു യാഥാർത്ഥ്യം. ഇന്നവിടെ നീണ്ട ക്യൂവാണ്. വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ, പാവപ്പെട്ടവന് നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകുന്നതിൽ സിവിൽ സപ്ലൈസ് വകുപ്പ് വഹിക്കുന്ന പങ്ക് അറിയണമെങ്കിൽ ചുറ്റുമൊന്ന് കണ്ണോടിച്ചാൽ മതി. 65 ലക്ഷം പേരാണ് ഇന്ന് അവിടെപ്പോയി സാധനങ്ങൾ വാങ്ങുന്നത്. എല്ലാ അവസരങ്ങളിലും പ്രതിസന്ധി കാണുന്ന നയം യു.ഡി.എഫ്. അവസാനിപ്പിക്കണം. ശക്തമായ പൊതുവിതരണ സമ്പ്രദായം ഇല്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ സ്ഥിതി എന്താകുമായിരുന്നുവെന്ന് ചിന്തിക്കണം. സ്വത്വവും ലക്ഷ്യവുമില്ലാത്തവർ യഥാർത്ഥത്തിൽ ജീവിക്കുന്നില്ല. അവർ ഭൂമിയിൽ നിലനിൽക്കുന്നുവെന്നേ പറയാൻ സാധിക്കുകയുള്ളൂ. ഇത് ഓസ്കാർ വൈൽഡിന്റെ വാക്കുകളാണ്. അതാണ് എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് പറയാനുള്ളത്.

കഴിഞ്ഞ ഫെബ്രുവരിയിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് രാജ്യത്തെ സാധാരണ ജനങ്ങളെ, കൃഷിക്കാരെ, ഇടത്തരക്കാരെ, തൊഴിലുറപ്പ് തൊഴിലാളികളെ എന്നിങ്ങനെ ആരെയും പരിഗണിക്കാത്ത ബഡ്ജറ്റായിരുന്നുവെങ്കിൽ, കോവിഡ് മഹാമാരിയേക്കാൾ രൂക്ഷമായ അസമത്വ വൈറസ് എന്ന മഹാവിപത്ത് രാജ്യത്തിന്റെ ഭാവി തലമുറയെ തകർക്കുംവിധമുള്ള കേന്ദ്ര ബഡ്ജറ്റായിരുന്നുവെങ്കിൽ, കേരളം അവതരിപ്പിച്ച ബഡ്ജറ്റ് എല്ലാവിഭാഗങ്ങളെയും ചേർത്തുപിടിക്കുന്നതാണ്. കോവിഡ് കാലത്ത് ലോകത്താകമാനമുള്ള ദരിദ്രരുടെ എണ്ണം 4.61 കോടി വർദ്ധിച്ചപ്പോൾ അതിൽ 52 ശതമാനം ഇന്ത്യയിലാണെന്നത് മനസ്സിലാക്കണം. അതിനൊരു ബദലുണ്ടാക്കാനാണ് ഈ ബഡ്ജറ്റിലൂടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ശ്രമിക്കുന്നത്. സമ്പന്നവർഗ്ഗത്തെ സ്പർശിക്കാത്ത, അവരെ പിണക്കാത്ത, പാവപ്പെട്ടവരെ കശക്കുന്നതാണ് കേന്ദ്ര ധനകാര്യമന്ത്രി ശ്രീമതി നിർമ്മല സീതാരാമന്റെ ബഡ്ജറ്റ്. അത് തുടങ്ങിയത് ബി.ജെ.പി. മാത്രമല്ല, 1991-ൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് ഈ രാജ്യത്ത് ആരംഭിച്ച നവലിബറൽ നയങ്ങളും ആഗോള പരിഷ്കാരങ്ങളും ഇതിന് കാരണമാണ്. രാജ്യത്തെ ഏറ്റവും സമ്പന്നരായ ഒരുശതമാനത്തിന്റെ കയ്യിൽ രാജ്യത്തിന്റെ

സ്വത്തിന്റെ 16 ശതമാനമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 45 ശതമാനമായി മാറി. അത്തരമൊരു നയത്തിന് രൂപം കൊടുത്തത് കോൺഗ്രസ് സർക്കാരാണ് എന്നുപറയുന്നതിൽ ഒരു അത്ഭുതവുമില്ല. അതാണ് ഈ വിലക്കയറ്റത്തിന്റെ കാരണമെന്ന് ഇനിയെങ്കിലും തിരിച്ചറിയണം. ആ നയം തിരുത്തണം. കോൺഗ്രസും ബി.ജെ.പി.-യുമൊക്കെ ഭരണത്തിലിരിക്കുമ്പോൾ രാജ്യം പുരോഗമിക്കുന്നുയെന്നാണ് അവകാശപ്പെടുന്നത്. പാവങ്ങളുടെ സ്വത്ത് വിഹിതം 1991-ൽ 8.8 ശതമാനമായിരുന്നുവെങ്കിൽ അതിന്ന് കുറഞ്ഞ് 2.5 ശതമാനമായി മാറി. ഈ സാമ്പത്തിക അസമത്വ വൈറസ് രാജ്യത്താകെ വ്യാപിക്കുകയാണ്. അതിനെതിരെ യാതൊരു നടപടിയും കേന്ദ്ര ബഡ്ജറ്റിലില്ല. അതേസമയം കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് എല്ലാ വിഭാഗത്തെയും ചേർത്തുപിടിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിലെ വിഹിതം ജി.ഡി.പി.-യുടെ 0.24 ശതമാനത്തിൽനിന്ന് 0.22 ശതമാനമായിട്ടും ഉച്ചഭക്ഷണത്തിന്റെ വിഹിതം 11,500 കോടി രൂപയിൽനിന്നും 10,200 കോടി രൂപയായും ആരോഗ്യ മേഖലയ്ക്കുള്ള വിഹിതം 74,820 കോടി രൂപയിൽനിന്നും 41,000 കോടി രൂപയായും തുടങ്ങി ഗ്രാമീണ വികസന മേഖലയിലുൾപ്പെടെയുള്ള

എല്ലാ മേഖലകളിലെയും വിഹിതം വെട്ടിക്കുറയ്ക്കുമ്പോൾ, കേരളത്തിൽ പരമ്പരാഗത വ്യവസായങ്ങൾ, പൊതുമേഖല, വിദ്യാഭ്യാസ-കാർഷിക മേഖല എന്നിവയെയെല്ലാം സംരക്ഷിക്കാനാവശ്യമായ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കാൻ 1,871 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റിയെടുക്കാൻവേണ്ടിയുള്ള നടപടിയുൾപ്പെടെ സ്വീകരിച്ചിരിക്കുകയാണ്. ഇതെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായുള്ളതാണ്. ഈ നയസമീപനത്തിന്റെ പ്രതിഫലനമാണ് വിവിധ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതുവിതരണ മേഖലയിലെ മാറ്റം ജനങ്ങൾ അനുഭവിക്കുകയാണ്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല.

സംസ്ഥാനത്ത് വില നിയന്ത്രണവുമായി ബന്ധപ്പെട്ട് ഒരു സമിതി രൂപീകരിക്കണമെന്നും സാധനങ്ങൾ വിലകുറച്ച് ലഭിക്കുമ്പോൾ വാങ്ങി സൂക്ഷിക്കണമെന്നുമൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രാവിലെ പറഞ്ഞു. ഈ ബഡ്ജറ്റിൽ ആ സമീപനമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാനത്ത് സെന്റർ ഫോർ പ്രൈസ് റിസർച്ച് എന്ന സ്ഥാപനം നിലവിൽ വരാൻ പോകുകയാണ്. അതിനുവേണ്ടി 12 ലക്ഷം

രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. അത്തരത്തിലുള്ള വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സംസ്ഥാനം മുമ്പോട്ടുപോകുന്നത്. സർക്കാരിന്റെ മുഖം വ്യക്തമാകുന്നത് സർക്കാർ ഓഫീസുകളിൽ കൂടിയാണെന്ന് നമുക്കറിയാം. ഏറ്റവും താഴെതട്ടിലുള്ള റവന്യൂ ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നു. 'എല്ലാവർക്കും ഭൂമി, എല്ലാവർക്കും ഭൂരേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് റവന്യൂ വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ സ്മാർട്ടാക്കുന്നു. കാർഷികരംഗത്തെ പുരോഗതി മാത്രമല്ല, വിപണി ഇടപെടൽ ഉൾപ്പെടെ കൃഷിക്കാർക്കുള്ള സേവനങ്ങൾ സ്മാർട്ടാക്കാൻവേണ്ടി സ്മാർട്ട് കൃഷി ഓഫീസെന്ന പദ്ധതി ആവിഷ്കരിക്കുന്നു. വില്ലേജ് ഓഫീസുകളെ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിൽ ചാത്തന്നൂർ മോഡൽ എന്ന രീതിയിലുള്ള ഒരു പ്രോജക്ട് അവതരിപ്പിച്ചതിൽ സന്തോഷമുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളും 6 മാസത്തിനകം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നവയായി മാറാൻപോകുകയാണ്. എല്ലാ കൃഷി ഓഫീസുകളും സ്മാർട്ടാക്കി മാറ്റാൻ പോകുകയാണ്. ഈ സർക്കാരിന്റെ സഹകരണത്തോടുകൂടി ജനങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് വലിയ മാറ്റം നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയും. അത്തരത്തിലുള്ള ഒരു

ദിശാബോധമാണ് ഈ ഗവൺമെന്റ് സൃഷ്ടിക്കുന്നത്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് വി.എഫ്.പി.സി.കെ.-യുടെ വിപണി ഇടപെടലുകൾ കൂടാതെ വീടൊരു വിപണിയെന്ന രീതിയിലേയ്ക്ക് കേരളത്തിലെ ഉപഭോഗ സംസ്കാരം മാറ്റുകയാണ്. പച്ചക്കറി വിപണിയെ ആശ്രയിക്കുന്ന രീതി മാറ്റി, നമ്മുടെ വീടുതന്നെ ഒരു വിപണിയാക്കി മാറ്റാം. പഴയകാലത്ത് നമ്മുടെ വീടുകളിലൊക്കെ പച്ചക്കറി വാങ്ങുന്നത് മിക്കവാറും ഉത്സവം വരുമ്പോഴോ, ഓണം വരുമ്പോഴോ, അതിഥികൾ വരുമ്പോഴോ ആണ്. അല്ലാത്ത ദിവസങ്ങളിലും നമ്മുടെ വീട്ടിൽ അവിയലും തോരനുമുൾപ്പെടെ എല്ലാ കറികളും കാണും. പക്ഷേ അവിടെയൊക്കെ ഔഷധഗുണമുള്ള നാടൻ വിഭവങ്ങളെ ആശ്രയിക്കുന്നൊരു സംസ്കാരമുണ്ടായിരുന്നു. 'നമ്മളെല്ലാപേരും കൃഷിയിലേക്ക് എന്ന രീതിയിൽ കൃഷി വകുപ്പ് മുമ്പോട്ടുപോകുകയാണ്. വീട്ടിലുണ്ടാക്കാൻ കഴിയുന്ന ദീർഘകാല പച്ചക്കറികൾ, വലിയ പരിചരണം വേണ്ടാത്ത പച്ചക്കറികളായ മുരിങ്ങയ്ക്ക, കോവയ്ക്ക, അഗത്തിച്ചീര പോലെയുള്ള നിരവധി പച്ചക്കറികൾ ഇപ്പോൾ യഥേഷ്ടം കൃഷി ചെയ്തുവരികയാണ്. നമ്മൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഉപയോഗിക്കുകയും ഉപയോഗിക്കുന്ന സാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമകരമായ ജോലിയിലേയ്ക്ക് കൃഷിവകുപ്പ്

പോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അത്തരത്തിൽ ക്രിയാത്മകമായി വിപണിയിൽ ഇടപെടുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷി വകുപ്പ്, മൃഗസംരക്ഷണ മേഖലയെ കൂട്ടിച്ചേർത്തുകൊണ്ട് നടത്തുന്ന പരിശ്രമങ്ങൾ ബഡ്ജറ്റിൽ നിഴലിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്. ആരോഗ്യ മേഖലയിൽ, നമ്മുടെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും എൻ.ക്യൂ.എ.എസ്. (National Quality Assurance Standards) അക്രഡിറ്റേഷനിലേക്ക് മാറുകയാണ്. ഇന്ത്യയിലെ ഏത് സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ ഇത്രയധികം എൻ.ക്യൂ.എ.എസ്. നേടിയിട്ടുണ്ട്? ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ദിശാബോധമാണ് ഇത് തെളിയിക്കുന്നത്. ലോകത്തിന് മാതൃകയായി ആരോഗ്യരംഗവും വിദ്യാഭ്യാസ രംഗവും മാറുന്നത് അതിന്റെ പേരിലാണ്. ജനവിരുദ്ധ, സമ്പന്നാനുകൂല, കോർപ്പറേറ്റ് സമീപനം മുഖമുദ്രയാക്കിയ കേന്ദ്ര നയങ്ങൾക്ക് ബദലായ കേരള മാതൃക ഉയർത്തിപ്പിടിക്കുന്ന ദിശാബോധമുള്ള ബഡ്ജറ്റാണിതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഇവിടെ പ്രസംഗിച്ചപ്പോൾ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ 'നാഥാ എന്റെ പ്രാർത്ഥന സ്വീകരിക്കണമേ' എന്ന്

പ്രാർത്ഥിക്കുന്നതാണ് കേട്ടത്. അത് ഏതായാലും നന്നായി, കാര്യമായ മാറ്റം തന്നെയാണ്. പക്ഷെ ലീഗിന് മാറ്റമൊന്നും വന്നിട്ടില്ല. ലീഗിന്റെ നയം വ്യക്തമാക്കണമെന്നാണ് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പറഞ്ഞത്. അത് വ്യക്തമാക്കേണ്ട കാര്യമില്ല, കേരളത്തിലെ ജനങ്ങളുടെ മുൻപിൽ തുറന്ന പുസ്തകംപോലെ അത് വളരെ വ്യക്തമാണ്. ഞങ്ങൾ വളരെക്കാലം ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരുന്നിട്ടുണ്ട്. പക്ഷേ ഒരുകാലത്തും വിഭാഗീയതയൊന്നും ഞങ്ങളുടെ പേരിൽ ആരോപിക്കാൻ ഒരിടവും കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. പക്ഷേ ഇപ്പോൾ അങ്ങ് പ്രാർത്ഥിച്ചു, അത് നന്നായി. പ്രാർത്ഥിച്ചാൽ, മതത്തിൽ വിശ്വസിക്കുന്നുവെന്ന് പറഞ്ഞാൽ മതേതരത്വം ഇല്ലാതാകില്ല. മതവിശ്വാസികളൊക്കെ വിഭാഗീയ ചിന്താഗതിക്കാരാണെന്നുള്ള പഴയ ചിന്താഗതി മാറ്റേണ്ടത് നിങ്ങളാണ്. കേരളത്തിന്റെ പ്രശ്നങ്ങൾക്കൊക്കെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഒരു വാക്സിനെപ്പോലെയാണെന്ന് ശ്രീ. ജി. എസ്. ജയലാൽ പ്രസംഗിച്ചപ്പോൾ പറഞ്ഞു. അപ്പോൾ കാര്യമായ എന്തോ അസുഖമുണ്ടെന്ന് ശ്രീ. ജി. എസ്. ജയലാൽ സമ്മതിക്കുന്നു. കാര്യമായ നയപാളിച്ചകളുള്ള ഈ ഗവൺമെന്റിന് ഒരു വാക്സിൻ ആവശ്യമാണ്. കാരണം, ഒരുപാട് കാര്യങ്ങളിൽ പ്രശ്നങ്ങൾ കാണുന്നുണ്ട്. ഇവിടെ വഖഫ് നിയമം

എന്തിനാണ് പാസ്സാക്കിയത്? സത്യത്തിൽ എന്തിനാണ് ഈ നിയമം പാസ്സാക്കിയതെന്ന് അറിയാത്ത നിലയ്ക്കാണ് ഇപ്പോൾ ഭരണമുന്നണി നിൽക്കുന്നത്. വല്ല കാര്യവുമുണ്ടായിരുന്നോ? ഒരു കാര്യവുമില്ല, ഇവിടെ ഇതുപോലെയുള്ള എത്രയോ സ്വയംഭരണ കോർപ്പറേഷനുകളും ഭരണസമിതികളുമുണ്ട്. സർക്കാരിന്റെ യാതൊരു സഹായവുമില്ലാതെ സ്വയംഭരണമായിട്ട് വിവിധ മതവിഭാഗങ്ങൾ, വിശ്വാസികൾ പണം കൊടുത്ത് നടത്തുന്നതാണ്. അതിലിടപെട്ട് റിക്രൂട്ട്മെന്റ് പി.എസ്.സി.-യ്ക്ക് വിട്ട് ഒരു പ്രശ്നമുണ്ടാക്കണോ? ഇത് വേണ്ടാത്ത കാര്യമാണെന്ന് മനസ്സിലാക്കിയാൽ തിരുത്തുകയല്ലേ വേണ്ടത്? ഞങ്ങൾ അത് തിരുത്തുമെന്ന് മാന്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുഘട്ടത്തിൽ പറഞ്ഞു. എന്നാൽ അത് തിരുത്തുകയല്ലേ വേണ്ടത്. ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞത് ഞങ്ങൾ അത് നടപ്പിലാക്കുമെന്നാണ്. ആര് പറയുന്നതാണ് ശരി? ഇത് ബോധപൂർവ്വം കൊണ്ടുവന്നതല്ലെന്നും കൊണ്ടവരാനിടയായതിന് കാരണങ്ങളുണ്ടെന്നും പറഞ്ഞു. ഈ നിയമം മരവിപ്പിച്ചിരിക്കുകയാണ്, ഇനി ഈ നിയമം നടപ്പിലാക്കുന്ന പ്രശ്നമില്ലെന്നും എന്തുചെയ്യണമെന്ന് ആലോചിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഇന്നലെ ബഹുമാന്യനായ

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി പറയുന്നത് ശക്തമായി നടപ്പിലാക്കുമെന്നാണ്. ആര് പറയുന്നതാണ് ശരി? ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി പറയുന്നതോ; അതോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ കേരളത്തിന് കൊടുത്ത വാക്കോ? ഇന്നെങ്കിലും മറുപടിയിൽ അക്കാര്യം വ്യക്തമാക്കണം.

1.00 P.M.]

ശ്രീ. പി. വി. അൻവർ: സർ, കേരളത്തിലെ മുസ്ലീം സമുദായം പണം കൊടുത്തുണ്ടാക്കിയ ഒരു സംവിധാനമാണ് വഖഫ് ബോർഡെന്നാണ് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ പറഞ്ഞത്. അതിൽ എന്തിനാണ് ഗവൺമെന്റ് ഇടപെടുന്നതെന്നാണ് അദ്ദേഹം ഉന്നയിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റും സഹായങ്ങളുമൊക്കെ കിട്ടുന്നുണ്ട്. ഭൂരിപക്ഷ വിഹിതം ഒരുപക്ഷെ മുസ്ലീം സമുദായത്തിലെ പഴമക്കാർ നൽകിയതാണ്. അതിലൊന്നും തർക്കമില്ല. ഇതൊരു ഏകപക്ഷീയമായിട്ടുള്ള, മുസ്ലീം സമുദായത്തിന്റെ മാത്രം സംവിധാനമെന്ന നിലയ്ക്കാണ് സൂചിപ്പിച്ചത്, അത് തെറ്റിദ്ധരിപ്പിക്കലാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട അൻവർ, ഇത് അങ്ങയുടെ ധാരണാപിശകാണ്. വഖഫ് ബോർഡിന് സർക്കാർ

സഹായങ്ങളില്ല, കേന്ദ്രസഹായവുമില്ല. വഖഫ് ബോർഡ് ടീം വർക്കാണ്. അങ്ങയുടെ ധാരണാപിശകാണ്. ഞാൻ അങ്ങയോട് വളരെ മാന്യമായി, അത് പരിശോധിക്കണമെന്ന് പറയുകയാണ്. ഇത് അദ്ദേഹത്തിന്റെ ധാരണാപിശകാണ്. അതാണ് വാക്സിൻ വേണമെന്ന് ഞാൻ പറഞ്ഞത്. ഈ ഗവൺമെന്റിന് ഒരു തിരുത്ത് വേണം. രണ്ടാമത്തെ കാര്യം, ഗവൺമെന്റ് ആവശ്യമില്ലാത്ത ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ ആവശ്യമുള്ളത് ചെയ്യുന്നുമില്ല. ഭൂരിപക്ഷ-ന്യൂനപക്ഷ വർഗ്ഗീയതയെ പ്രോത്സാഹിപ്പിച്ചു കൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ തുടരുന്നത്. അത്തരത്തിലൊരു നിലപാട് എൽ.ഡി.എഫ് സ്വീകരിക്കാൻ പാടില്ല. ഞങ്ങളുടെ അഭിപ്രായമതാണ്. ഇടതുമുന്നണി ഇടതുമുന്നണിയായിത്തന്നെ നിൽക്കണം. ന്യൂനപക്ഷങ്ങളെ ഡിവൈഡ് ചെയ്ത് അവരെ തമ്മിലടിപ്പിക്കുന്ന നയങ്ങളെ പ്രോത്സാഹിപ്പിക്കാൻ പാടില്ല. ന്യൂനപക്ഷ സ്കോളർഷിപ്പ് 80:20 എന്ന അനുപാതത്തിൽ വന്നു. അത് തെറ്റായ സമീപനമാണ്. ഡിവൈഡ് ആൻഡ് റൂൾ പോളിസി നിങ്ങളെടുക്കാൻ പാടില്ലായിരുന്നു. അതുപോലെതന്നെ രണ്ടാമത് അധികാരത്തിൽ വന്നതിൽ നിങ്ങൾ സന്തുഷ്ടരാണ്, അതൊക്കെ ശരിയാണ്. പക്ഷെ ഇടതുപക്ഷത്തിന്റെ ചില നയങ്ങൾ തിരുത്തേണ്ടതുണ്ട്. ഇപ്പോൾ നിങ്ങൾ വൻതോതിൽ വലിയ

പ്രോജക്ടുകൾ കൊണ്ടുവരുന്നു. അടിസ്ഥാനപരമായി അഞ്ച് വർഷത്തെ ഭരണത്തിനുള്ളിൽ മലബാർ ഉൾപ്പെടെയുള്ള ചില പ്രദേശങ്ങളിൽ പ്ലസ്ടു സീറ്റുകൾ വർദ്ധിപ്പിക്കാമെന്ന് പറഞ്ഞിട്ട് അതൊന്നും അനുവദിക്കാതിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം ശ്രദ്ധിക്കണം. ആ സമയത്ത് ബഡ്ജറ്റിൽനിന്ന് വൻതോതിലുള്ള പേമെന്റ് ആവശ്യമായി വരുന്ന പദ്ധതികൾ ഏറ്റെടുക്കുന്നത് ശരിയാണോ? കെ-റെയിൽ സംബന്ധിച്ച സമീപനത്തെക്കുറിച്ച് ഇന്നലെ ഡോ. കെ. ടി. ജലീൽ പറഞ്ഞു. അന്ന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി, വ്യവസായ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ, ചീഫ് സെക്രട്ടറി, കെ-റെയിലിന്റെ ചുമതലയുള്ള ശ്രീ. ടി. ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്ത ആൾ പാർട്ടി മീറ്റിംഗിനുശേഷം പത്രക്കാരെ കണ്ട് പറഞ്ഞത് 'ജനങ്ങളെ വിശ്വാസത്തിലെടുത്ത് മാത്രമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകുകയുള്ളൂ, അതാണ് ഞങ്ങളുടെ തീരുമാനം' എന്നാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ലഭ്യമായ പ്രോജക്ട് റിപ്പോർട്ട് അജണ്ടയായി വച്ച് തീരുമാനമെടുത്ത് ജി.ഒ. പുറപ്പെടുവിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് നിങ്ങളുടെ സമയത്താണ് വരുന്നത്. ഞങ്ങൾ ആ പ്രോജക്ട് ഇത്ര വാശിയോടുകൂടി നടപ്പിലാക്കാൻ

തീരുമാനിച്ചിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. പ്രായോഗികമായ പല വിഷയങ്ങളും ഫീസിബിലിറ്റി പ്രശ്നങ്ങളുമൊക്കെയുണ്ടെന്ന് മനസ്സിലാക്കി ഞങ്ങൾ അതിൽനിന്ന് പിന്തിരിയുകയാണുണ്ടായത്. ഞങ്ങൾ 50 കോടി രൂപ ചെലവഴിച്ചത് ഫീസിബിലിറ്റി സ്റ്റഡിക്കുവേണ്ടിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അടിസ്ഥാനപരമായി ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. ഈ ഗവൺമെന്റ് പോകുന്ന റൂട്ട് ശരിയല്ല. വളരെ ചെറിയ ബഡ്ജറ്റും ഒത്തിരി വലിപ്പമുള്ള ബഡ്ജറ്റിനുപുറത്തുള്ള ചെലവുമാണ് വരുന്നത്. കെ-റെയിലും കിഫ്ബിയും ഒക്കെയായി കേരളത്തിന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് വമ്പൻ കടമാണ്. യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും ഗവൺമെന്റുകൾ തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം എന്നുപറയുന്നത് യു.ഡി.എഫ്. ഗവൺമെന്റുകൾ ഇൻവെസ്റ്റ്മെന്റ് പ്രൊമോട്ട് ചെയ്യുമായിരുന്നു എന്നതാണ്. അതാണ് ചെയ്യേണ്ടത്. ഞങ്ങൾ ഇൻവെസ്റ്റ്മെന്റ് പ്രൊമോട്ട് ചെയ്തപ്പോൾ സംസ്ഥാനത്ത് ധാരാളം ഇൻവെസ്റ്റ്മെന്റ് വന്നു. നിങ്ങൾ അഞ്ച് വർഷം ഭരിച്ചുകഴിഞ്ഞപ്പോൾ കൊണ്ടുവന്ന മേജർ ഇൻവെസ്റ്റ്മെന്റുകൾ ഏതൊക്കെയാണ്? എൽ.ഡി.എഫ്.-ന് നയവ്യത്യാസം വന്നിരിക്കുകയാണ്. നിങ്ങൾ ഇപ്പോൾ ഓപ്പൺ-അപ്പ് പോളിസിയിലേയ്ക്ക് പോകുകയാണ്, അത് നല്ലതാണ്. Better

late than never. പക്ഷെ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരണം. കെ-റെയിലിന് ബഡ്ജറ്റ് സപ്പോർട്ടുണ്ട്, പക്ഷേ അത് തിരിച്ചടയ്ക്കണം. കിഫ്ബിയുടേതും തിരിച്ചടയ്ക്കണം. സംസ്ഥാനത്തിന്റെ കടബാദ്ധ്യത വർദ്ധിക്കും, ആളോഹരി കടം വർദ്ധിക്കും, കേരളത്തിന്റെ സമ്പദ്ഘടന കൂടുതൽ തകർക്കപ്പെടും. പക്ഷെ യു.ഡി.എഫ്. ഗവൺമെന്റുകളുടെ പോളിസി പുറത്തുനിന്ന് ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാൻ ശ്രമിക്കുകയെന്നതായിരുന്നു. പുറത്തുനിന്ന് ഇൻവെസ്റ്റ്മെന്റ് കൊണ്ടുവന്ന് കൊച്ചി എയർപോർട്ട്, വിഴിഞ്ഞം പോർട്ട്, ഇൻഫോസിസ്, വിപ്രോ, ടെക്നോപാർക്കിന് സമീപത്തുവന്ന പല ക്യാമ്പസുകൾ എന്നിവ സ്ഥാപിച്ചതുവഴി എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. നയാപൈസ ചെലവില്ലാതെ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവന്ന് എമർജിംഗ് കേരള, ജിം എന്നിവ നടത്തി. ഇതെല്ലാം എന്തിനായിരുന്നു? ഇപ്പോൾ ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. ഈ പ്രോജക്ടല്ലേ ഞങ്ങൾ എമർജിംഗ് കേരളയിൽ കൊണ്ടുവന്നത്? വിദേശ യൂണിവേഴ്സിറ്റികളുടെ പങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ തീരുമാനിച്ച ഉന്നതവിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണത്തെ അന്ന് നിങ്ങൾ നഖശിഖാന്തം എതിർത്തു. ഞങ്ങൾ പി.പി.പി. പ്രോജക്ട് കൊണ്ടുവന്നു.

അന്നത്തെ പ്രതിപക്ഷാംഗങ്ങൾ ആ ആശയത്തെ കളിയാക്കിയത് എനിക്ക് ഇപ്പോഴും നല്ല ഓർമ്മയുണ്ട്. അതുകൊണ്ട് ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാൻ ശ്രമിക്കണം. എംപ്ലോയ്മെന്റ് പ്രൊമോട്ട് ചെയ്യണം, എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യണം. കെ-റെയിലിന് ബഡ്ജറ്റിൽനിന്നല്ലേ തുക ചെലവാക്കേണ്ടത്? കിഫ്ബിയാണെങ്കിലും കെ-റെയിലാണെങ്കിലും ഫണ്ട് എവിടെ നിന്ന് തിരിച്ചടയ്ക്കുമെന്നതാണ് വിഷയം. കേരളത്തിലെ ജനങ്ങൾ തിരിച്ചടയ്ക്കണം. ഞങ്ങൾ കെ-റെയിലിനെതിരല്ല. കാരണം, ഞങ്ങളാണ് 50 കോടി രൂപ ചെലവാക്കി ഫീസിബിലിറ്റി സ്റ്റഡി നടത്തിയത്. പ്രതിപക്ഷ നേതാവും പറഞ്ഞത് അതുതന്നെയാണ്. കെ-റെയിലിന് അടിസ്ഥാനപരമായ മാറ്റം വരുത്തണം. ഞങ്ങൾക്ക് അതിലൊരു ബദൽ അഭിപ്രായം പറയാനുണ്ട്, നിങ്ങളത് കേൾക്കാൻ തയ്യാറാകുന്നില്ല. ഈ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ തെറ്റുണ്ട്. അതുകൊണ്ടുതന്നെ അത് ഫീസിബിളല്ല. മെട്രോ റെയിൽ നിങ്ങൾ കാണുന്നില്ലേ? ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഞങ്ങൾ ജനാധിപത്യപരമായി ചർച്ച ചെയ്ത് കൊണ്ടുവന്ന പ്രോജക്ടാണ് എയർ കേരള. പ്രവാസികളുടെ സഹായത്താൽ എയർ കേരള കൊണ്ടുവന്നിരുന്നെങ്കിൽ എന്താകുമായിരുന്നു അതിന്റെ അവസ്ഥ? കൊച്ചി മെട്രോയിൽ മതിയായ

യാത്രക്കാരില്ലാതെ അത് റൗണ്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രകാലം എന്നുള്ള ചോദ്യചിഹ്നം മുന്നിൽ നിൽക്കുകയാണ്. അതുപോലെ കെ-റെയിലും ഫീസിബിളല്ല. ഓപ്പൺ-അപ്പ് പോളിസി നല്ലതാണ്. അതുപോലെ തന്നെ സി.പി.ഐ.(എം)-ഉം പോളിസി മാറ്റുന്നത് നല്ലതാണ്. ചൈന പോയ വഴിക്ക് പോകാം. ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാം, ഉന്നത വിദ്യാഭ്യാസ മേഖല പരിഷ്കരിക്കാം. ഞങ്ങൾ അധികാരത്തിലിരുന്നപ്പോൾ സ്വാശ്രയ സ്ഥാപനങ്ങളിൽനിന്ന് വലിയ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവന്നതാണ്; അന്ന് നിങ്ങൾ അതിനെ എതിർക്കുകയും കല്ലേറ് നടത്തുകയും ചെയ്തു. പക്ഷെ കല്ലേറിനിടയിൽക്കൂടിയും ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ സ്ഥാപനങ്ങൾ വന്നില്ലായിരുന്നെങ്കിൽ ഇന്ന് കേരളത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? ആ പരിഷ്കരണം ഞങ്ങൾ കൊണ്ടുവന്നതാണ്. അതുപോലെ മാറ്റങ്ങൾ വരുത്താം. പക്ഷേ മാറ്റങ്ങൾ വരുത്തുമ്പോൾ കേരളത്തിന്റെ കോർ-കോംപീറ്റൻസി തകർക്കരുത്. പ്രകൃതിയേയും അതിന്റ പച്ചപ്പിനേയും തകർക്കരുത്. അതാണ് വികസനത്തിന്റെ ഏറ്റവും ആധുനികമായ സങ്കല്പം. കെ-റെയിൽ അതിനെതിരായതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. കേരളത്തിന്റെ പ്രകൃതിഭംഗിയേയും ആവാസവ്യവസ്ഥയേയും തകർത്താൽ പിന്നെ ഇവിടെ എന്ത്

ടൂറിസമാണുള്ളത്; എന്ത് കാണാനാണ് ആളുകൾ ഇങ്ങോട്ട് വരുന്നത്; തകർന്ന് തരിപ്പണമായ ഊഷരഭൂമി കാണാൻ ആളുകൾ കേരളത്തിലേയ്ക്ക് വരുമോ? 'പുത്തനച്ചി പുരപ്പുറം തൂക്കുമെന്ന്' പറഞ്ഞതുപോലെ അവസാനം ഓപ്പൺ-അപ്പ് ചെയ്യാനും ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാനും തീരുമാനിച്ച്, സകലതും തകർക്കുന്ന രീതിയിൽ പോയാൽ അതിനെ ഞങ്ങൾക്ക് പിന്തുണയ്ക്കാൻ കഴിയില്ല. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഒരു പ്രദേശത്തിന്റെ കോർ-കോംപീറ്റൻസി, പരിസ്ഥിതി, പ്രകൃതി, പച്ചപ്പ്, കായലുകൾ, കുന്നുകൾ, കാലാവസ്ഥ എന്നിവയൊക്കെ തകർത്തുകൊണ്ടുള്ള വികസനം സാധിക്കില്ല. കെ-റെയിൽ പ്രോജക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച് ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. കെ-റെയിൽ സംബന്ധിച്ച് ആരോഗ്യപരമായ ചർച്ച നടത്തണം. വഖഫ് സംബന്ധിച്ചുള്ള നയം വ്യക്തമാക്കണം. ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി പറഞ്ഞതാണോ ശരിയെന്ന് വ്യക്തമാക്കണം. ന്യൂനപക്ഷങ്ങൾക്കിടയിൽ ആവശ്യമില്ലാത്ത വേർതിരിവുണ്ടാക്കുന്ന സമീപനങ്ങൾ ഒഴിവാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, മനുഷ്യർ ഒരിക്കലല്ല ജനിക്കുന്നത്, അതായത് അമ്മമാർ അവരെ പ്രസവിക്കുന്ന ദിനത്തിൽ മാത്രമല്ല ജനിക്കുന്നത്, പുതുമകളിൽനിന്ന് മനുഷ്യർ വീണ്ടും ജനിക്കുന്നു. ദേശങ്ങൾ പിറവിയെടുക്കുന്നത് ഒരിക്കൽ മാത്രമല്ല, കാതലാർന്ന ആശയങ്ങളിൽനിന്നും ദേശങ്ങൾ പുനർനിർമ്മിക്കപ്പെടും. നോബൽ സമ്മാനജേതാവായ ഗബ്രിയേൽ ഗാർസിയ മാർകേസ് വരകളിൽ വരച്ചിട്ടതുപോലെ വിജ്ഞാനത്തിന്റെ അടിത്തറയിൽനിന്നും ഒരു പുതുകേരള നിർമ്മിതിയെ സഫലമാക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. സ്വയം ഇരുട്ടിലായ പ്രതിപക്ഷം ഈ വെളിച്ചത്തെ നോക്കി ഇരുട്ട് എന്ന് വിശേഷിപ്പിച്ചാലും കേരളത്തിന്റെ പുതിയ തലമുറ ഈ വെളിച്ചത്തെ നോക്കി ഇതിന് എന്തൊരു വെളിച്ചമെന്നുപറഞ്ഞ് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. നോളജ് ഇക്കോണമി എന്ന ആശയം ലോകത്ത് ആദ്യമായി പരാമർശിക്കപ്പെടുന്നത് 'The Age of Discontinuity ' എന്ന പുസ്തകത്തിൽ 'Peter Drucker ' എന്ന എഴുത്തുകാരനാണ്. എന്നാൽ കേരളത്തിൽ അറിവിനായുള്ള തീവ്രപരിശ്രമങ്ങൾ ഒരുപാട് കാലംമുമ്പ് ആരംഭിച്ചിട്ടുണ്ട്. ശിവഗിരി തീർത്ഥാടനത്തെ അറിവിന്റെ തീർത്ഥാടനമായിക്കണ്ട ഗുരുവിലൂടെയും സ്വന്തം ജനതയ്ക്ക് അറിവ് നേടാനുള്ള അവകാശത്തിനായുള്ള

പോരാട്ടത്തിന്റെ വീര്യവും മൂർച്ചയും കാട്ടിത്തന്ന അയ്യങ്കാളിയിലൂടെയും അടിമകളെപ്പോലെ ജീവിച്ച മനുഷ്യരുടെ ചുമലുകളിൽ ചിറകുകൾ നൽകാൻ വിദ്യാലയങ്ങൾ ആരംഭിച്ച ക്രൈസ്തവ മിഷണറിമാരിലൂടെയും കേരളം അത് കാണിച്ചുതന്നിട്ടുണ്ട്. നമ്മുടെ കേരളം ഇന്നത്തെ കേരളമായത് വിദേശത്തുപോയി ജോലിയെടുത്ത സാധാരണ മനുഷ്യരുടെ അദ്ധ്വാനവും അവർ നൽകിയ പണവുംകൊണ്ടാണ്. എന്നാൽ ഇപ്പോൾ കേരളത്തിലെ തൊഴിലന്വേഷകർ പുതിയ ദേശങ്ങളാണ് അന്വേഷിക്കുന്നത്. കാനഡയും സ്കാൻഡിനേവിയൻ രാജ്യങ്ങളും തൊഴിൽപ്രയാണത്തിന്റെ പുതിയ സാദ്ധ്യതകളാകുമ്പോൾ ദേശങ്ങളല്ല പ്രശ്നം, മറിച്ച് മികവുള്ള മനുഷ്യരെ സൃഷ്ടിക്കലാണ് പ്രധാനം. കേരളത്തിലെ സ്കൂളുകൾ വളരെയധികം മികവിലേയ്ക്കെത്തിക്കഴിഞ്ഞു. നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രങ്ങളായിമാറി. വിജ്ഞാനത്തെ ഉത്പാദനവുമായി ബന്ധപ്പെടുത്തുന്ന വിവരവിനിമയത്തിന്റെ ഒരു ആവാസ വ്യവസ്ഥ രൂപപ്പെട്ടു. സ്കിൽപാർക്കും പുതിയ ഇൻക്യുബേഷൻ സെന്ററുകളുമെല്ലാം ആരംഭിച്ചുകൊണ്ട് വിജ്ഞാനത്തിലൂടെ ഒരുപുതിയ ദിശാബോധം കേരളത്തിൽ കെട്ടിപ്പടുക്കുന്ന ഒരു വാസ്തുഘടനയാണ് ഈ ബഡ്ജറ്റിലുള്ളത്, അതിന്റെ ശിൽപ്പിയായ ശ്രീ. കെ. എൻ. ബാലഗോപാലിനെ ഒരിക്കൽക്കൂടി

അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് രണ്ട് നിർദ്ദേശങ്ങൾ സൂചിപ്പിക്കാനുണ്ട്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നത്. പ്രൊഫഷണൽ കോഴ്സുകൾക്കുമാത്രമേ വായ്പ അനുവദിക്കുന്നുള്ളൂ, ട്രെഡീഷണൽ കോഴ്സുകൾക്ക് വായ്പ നൽകുന്നില്ല. ഈ പ്രശ്നം അഭിസംബോധന ചെയ്യാൻ കേരളത്തിന് കഴിയണം. ഇതിന് മതിയായ കോർപ്പസ് ഫണ്ടും ഒരു ധനകാര്യ സ്ഥാപനവും രൂപീകരിച്ചുകൊണ്ട് വിദ്യാഭ്യാസ വായ്പയ്ക്ക് പകരം വയ്ക്കാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ കഴിയണം. മറ്റൊന്ന്, ഗവേഷണ രംഗമാണ്. ഈ ബഡ്ജറ്റിലുടനീളം നിറഞ്ഞുനിൽക്കുന്നത് ഗവേഷണത്തിന്റെ ഒരുവലിയ ഉന്മേഷമാണ്. ജ്ഞാനത്തെ ഉത്പാദനവുമായി ബന്ധപ്പെടുത്തിയിരിക്കുകയാണ്. നമുക്ക് സ്കോളർഷിപ്പുകളെക്കുറിച്ച് ചിന്തിക്കാൻ കഴിയണം. കേരളത്തിലെ പ്രവാസികളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ഫുൾബ്രൈറ്റ് സ്കോളർഷിപ്പ് പോലെയുള്ള അന്താരാഷ്ട്ര സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാൻ കഴിയണം. കൃഷിയെക്കുറിച്ചുകൂടി ഒരു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. വികസനത്തിന്റെ എക്കാലത്തെയും പാസ്‌വേർഡ് കൃഷിയാണ് എന്നുപറഞ്ഞത് കെ. എം. മാണിയാണ്. ഒന്നുമില്ലാതെ കടന്നുപോകുന്ന

കർഷകന് മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ വിപണി കണ്ടെത്താൻ അവസരമൊരുക്കുന്ന മൂല്യവർദ്ധിത കാർഷിക മിഷൻ എന്ന ആശയത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. മൂന്ന് നിർദ്ദേശങ്ങൾകൂടി ഞാൻ അവതരിപ്പിക്കുകയാണ്. വനം-വന്യജീവി സംഘർഷത്തെക്കുറിച്ച് ഈ സഭ പലതവണ ചർച്ച ചെയ്തതാണ്. അതിനായി മറ്റ് ധനകാര്യ സ്രോതസ്സുകൾകൂടി കണ്ടെത്തി കൂടുതൽ പണം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രളയത്തിൽ തകർന്നുപോയ റാന്നി ഉൾപ്പെടെയുള്ള പ്രദേശങ്ങളടങ്ങുന്ന പത്തനംതിട്ട ജില്ലയിൽ മണ്ണിടിച്ചിലും ആവർത്തിച്ചുള്ള മഴയും എപ്പോഴുമുണ്ടാകുന്നുണ്ട്. പ്രളയത്തെയും ദുരന്തനിവാരണത്തെയും സംയോജിപ്പിച്ചുകൊണ്ട് ഒരു പ്രത്യേക പദ്ധതി അതിനായി രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി.എസ്. ജയലാൽ]

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് നാലാമത്തെ പ്രാവശ്യമാണ് ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കുന്നത്. ഭൂമിയിടപാടിൽ ന്യായവില വർദ്ധനവ് സ്വാഭാവികമായും വലിയ രീതിയിലുള്ള പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നത്

യാഥാർത്ഥ്യമാണ്. 2010-ൽ കൊണ്ടുവന്ന ന്യായവില വർദ്ധനയെ സംബന്ധിച്ചുള്ള അപാകതകൾപോലും ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. നിലവിലെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കാതെ വീണ്ടും വർദ്ധനവ് വരുത്തുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന പ്രതിസന്ധി അങ്ങേയ്ക്ക് ഊഹിക്കാവുന്നതേയുള്ളൂ. രണ്ട് ലക്ഷം രൂപ വരെയുള്ള മോട്ടോർ വാഹനങ്ങൾക്ക് ഒരുശതമാനം നികുതി ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചത് സാധാരണക്കാരെ വളരെയേറെ ബാധിക്കും. മോട്ടോർ വാഹനങ്ങൾ വാങ്ങുന്നത് സാധാരണക്കാരോ ഇടത്തരം കുടുംബങ്ങളിലുള്ളവരോ ആയിരിക്കും. സാധാരണക്കാരിൽ അധികനികുതി അടിച്ചേൽപ്പിക്കാതെ ആഡംബര വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്ന കാര്യമാണ് ഗവൺമെന്റ് ആലോചിക്കേണ്ടത്. മാത്രമല്ല, വർദ്ധിപ്പിക്കുന്ന നികുതി കിഫ്ബിയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മാറിപ്പോകുന്നുവെന്ന യാഥാർത്ഥ്യം അങ്ങ് സമ്മതിക്കുമെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഗവൺമെന്റ് പുനർവിചിന്തനം നടത്തേണ്ടതാണ്. കർഷകരെ സംബന്ധിച്ചാണെങ്കിൽ, ജപ്തി നോട്ടീസുകൾക്ക് മുമ്പിൽ സ്തംഭിച്ചുനിൽക്കുന്ന കർഷകരെയാണ് നമുക്കിന്ന് കാണാൻ കഴിയുന്നത്. കർഷകർക്ക് നേരിടേണ്ടി വരുന്ന

പ്രശ്നങ്ങൾക്കുമുമ്പിൽ ബഡ്ജറ്റ് നിശബ്ദമായി നിൽക്കുകയാണ്. റബ്ബർ കർഷകരും നെൽകർഷകരുമടക്കമുള്ളവർക്ക് യാതൊരു ആശ്വാസ പദ്ധതികളും ബഡ്ജറ്റിലില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏറ്റവും മുൻപന്തിയിൽനിന്ന് പോരാടിയ ആശാവർക്കർമാരുടെ ഓണറേറിയവും ഇൻസെന്റീവും വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയിൽ ഗവൺമെന്റിന് ഇടപെടാൻ കഴിയണം, അത് പരിഹരിക്കാൻ കഴിയണം. അല്ലെങ്കിൽ ഈ പദ്ധതി വലിയൊരു പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തും. കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ പോകുന്ന പൊതുവായ വിഷയം അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ എം.എൽ.എ.-മാരിൽനിന്നും അങ്ങ് ഇരുപത് പ്രവൃത്തികൾ ചോദിച്ചുവാങ്ങി ധനകാര്യ വകുപ്പിൽ നൽകി ബഡ്ജറ്റിലേയ്ക്ക് നിർദ്ദേശിക്കാറുണ്ട്. ഇതിൽ ഇരുപത് ശതമാനം പ്രവൃത്തികൾക്ക് അനുമതി നൽകുമ്പോൾ ബഡ്ജറ്റ് അലോക്കേഷൻ ഉണ്ടാകുന്നത് ഒന്നോ രണ്ടോ പ്രവൃത്തികൾക്കായിരിക്കും.

ഇങ്ങനെ അനുമതി നൽകുന്നത് മുൻഗണനാക്രമത്തിലായിരിക്കണം. അതല്ലാതെ ഏറ്റവും കുറവ് എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തിക്ക് ഇരുപത് ശതമാനം വകയിരുത്തുന്നതിൽ യാതൊരു അർത്ഥവുമില്ല. നേരത്തേ ശ്രീ. സജീവ് ജോസഫ് പറഞ്ഞതുപോലെ ഇക്കാര്യത്തിൽ ഒരു വേർതിരിവ് പ്രതിപക്ഷ എം.എൽ.എ.മാർക്ക് ഉണ്ടാകരുതെന്ന് സൂചിപ്പിക്കുകയാണ്. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിന്റെ പ്രാദേശിക വികസനത്തിന് അസറ്റ് ഡെവലപ്മെന്റ് ഫണ്ട് വലിയൊരു മുതൽക്കൂട്ടായിരുന്നുവെന്ന കഴിഞ്ഞ പത്ത് വർഷത്തെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. എല്ലാ പദ്ധതികളും ഗവൺമെന്റ് സ്കീമുകളിലൂടെ കൊണ്ടുവരാൻ കഴിയില്ല, അത്തരമൊരു അവസ്ഥയിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് പ്രധാനപ്പെട്ട ഘടകമായിരുന്നു, അത് നിർത്തലാക്കിയത് പ്രാദേശിക വികസനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് പുനഃസ്ഥാപിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇതൊരു ക്രിയാത്മക ബഡ്ജറ്റല്ലാത്തതിനാൽ ഞാൻ ഇതിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ആവർത്തിച്ച് പെയ്ത പെരുമഴയും പ്രളയവും ഓഖിയും അടക്കമുള്ള എല്ലാ പ്രകൃതിദുരന്തങ്ങളെയും കേന്ദ്രസർക്കാർ സൃഷ്ടിച്ച ജി.എസ്.ടി., നോട്ട് നിരോധനം എന്നീ സാമ്പത്തിക വിപത്തുകളെയും അതിജീവിക്കുകയും കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ലോകത്തിനാകെ മാതൃകയായി തെരുവുനായ്ക്കൾക്കും കുരങ്ങുകൾക്കുമുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും ഭക്ഷണം ഉറപ്പാക്കുകയുംചെയ്ത ഭരണത്തിന്റെ തുടർച്ചയാണിത്. പ്രതിസന്ധികളെ അതിജീവിച്ച് സംസ്ഥാനത്തെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തിക്കുന്നതിൽ ദിശാബോധം പകരുന്ന വികസനരേഖയാണ് ഈ ബഡ്ജറ്റെന്നത് തർക്കമില്ലാത്തതാണ്. കിഫ്ബി പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ നാളിതുവരെ കാണാത്ത വികസനമുന്നേറ്റം യാഥാർത്ഥ്യമാക്കിയ സർക്കാർ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ നിരവധി കുടുംബങ്ങളുടെ അടച്ചുറപ്പുള്ള വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പദ്ധതി ആവിഷ്കരിച്ച് മാതൃകാപരമായി നടപ്പിലാക്കിയതിലൂടെ പാവപ്പെട്ടവന്റെ മക്കൾക്ക് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിയ സർക്കാരാണിത്.

ആർദ്രം പദ്ധതി, ഗെയിൽ പൈപ്പ് ലൈൻ, ദേശീയപാതാ വികസനം, തീരദേശ-മലയോര ഹൈവേ, വ്യവസായ ഇടനാഴി തുടങ്ങിയവയെല്ലാം യാഥാർത്ഥ്യമാക്കിയിരിക്കുന്നു. സുനാമി നാശംവിതച്ച വലിയഴീക്കലിൽ ഏഷ്യയിലെ ഏറ്റവും നീളമുള്ള ടെൻഷൻ സ്റ്റീൽ ബാർ കോൺക്രീറ്റ് ബോസ്റ്റിംഗ് പാലം ഗതാഗതത്തിന് തുറന്നുകൊടുത്തിരിക്കുന്നു. സിൽവർ ലൈൻ പദ്ധതിക്കുള്ള നടപടികൾ ആരംഭിച്ചു; ഈ പദ്ധതി നടപ്പിലാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തിരുവനന്തപുരം-കൊല്ലം വിപുലീകൃത ഐ.ടി. ഇടനാഴികൾ ദേശീയപാത 66-ന് സമാന്തരമായി വികസിപ്പിക്കുമെന്നത് പ്രതീക്ഷയോടെ കാണുന്നു. ജില്ലാ അതിർത്തിയായ നാവായിക്കുളത്തുനിന്ന് ആരംഭിച്ച് വിഴിഞ്ഞം ബൈപ്പാസിൽ അവസാനിക്കുന്ന തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് തലസ്ഥാന ജില്ലയുടെ മുഖച്ഛായതന്നെ മാറ്റിമറിക്കാൻ സാധിക്കുന്ന പദ്ധതിയാണ്. മംഗലപുരത്ത് നിന്ന് തേക്കടയിലേയ്ക്ക് റോഡുൾപ്പെടെ 79 കി.മീ. റോഡ് പണിയാനായി സ്ഥലം ഏറ്റെടുക്കാൻ ബഡ്ജറ്റിൽ ആയിരംകോടി രൂപ അനുവദിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റെ ഫലമായി National Highway Authority of India-യുടെ അംഗീകാരം ലഭ്യമാക്കി, ഭാരത് മാല പര്യോജന

പദ്ധതിയിലുൾപ്പെടുത്തിയതിൽ ജില്ലയ്ക്കുവേണ്ടി നന്ദി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. പുതുതലമുറയിലെ കുട്ടികൾ പറയുന്നതുപോലെ തിരുവനന്തപുരം വേറെ ലെവലാകുകയാണ്. രണ്ടാം നൂറിന കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ വാതിൽപ്പടി സേവനം വ്യാപിപ്പിക്കുകയാണ്. ഓൺലൈൻ സേവനം നേടാൻപോലും കഴിയാത്തവരെതേടി സർക്കാർ അവരുടെ വീടുകളിൽ സേവനം ഉറപ്പാക്കുന്നു. പാലിയേറ്റീവ് കെയറും അടിയന്തര ചികിത്സയ്ക്കുള്ള മരുന്നുകളുൾപ്പെടെ വീടുകളിൽ ലഭ്യമാക്കുന്നു. ആവശ്യമുള്ള സർട്ടിഫിക്കറ്റും ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള നടപടിക്രമങ്ങളുമെല്ലാം വാതിൽപ്പടി സേവനത്തിൽ ഉൾപ്പെടുന്നു. കിടപ്പുരോഗികൾ, അശരണർ, ഗുരുതരരോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ചലന പരിമിതിയുള്ളവർ എന്നിങ്ങനെ ബുദ്ധിമുട്ട് നേരിടുന്നവരെ സഹായിക്കാൻ വാർഡ് പ്രതിനിധി, സന്നദ്ധ പ്രവർത്തകർ, ആശാവർക്കർമാർ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സേവനങ്ങളിൽ ഏർപ്പെടാൻ തയ്യാറായവർ തുടങ്ങി വൻനിരയാണ് ഈ സേവനത്തിനായി സജ്ജമായിരിക്കുന്നത്. മുൻകാലങ്ങളിൽ മറ്റുള്ളവരുടെ കനിവും ഔദാര്യവും തേടേണ്ട അവസ്ഥയിലായിരുന്നു അവർ. ഈ സേവനങ്ങൾ ആരുടെയും ഔദാര്യമല്ല, അവരുടെ

അവകാശമാണെന്നുള്ള സന്ദേശമാണ് സർക്കാർ നൽകുന്നത്. കേന്ദ്ര സർക്കാർ ജനങ്ങളിൽനിന്ന് പരമാവധി അകലുമ്പോൾ, ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം വൻതോതിൽ വെട്ടികുറയ്ക്കുമ്പോൾ, ജനോപകാരപ്രദമായ നിരവധി പദ്ധതികൾ അക്കമിട്ട് നിരത്തി മലയാളികൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ് ഈ സംസ്ഥാന ബഡ്ജറ്റ്. കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന വഴി എൺപത് ലക്ഷം ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുമെന്നാണ് പറയുന്നത്. അടച്ചുറപ്പുള്ളതും ഭയമില്ലാതെ കിടന്നുറങ്ങാൻ സാധിക്കുന്നതുമായ വീട് നിർമ്മിക്കാൻ മണലും സിമെന്റും കല്ലും മനുഷ്യാദ്ധ്വാനവുമൊക്കെ ചേർന്നുകൊണ്ട് കെട്ടിപ്പൊക്കാൻ എൺപത് ലക്ഷം കുടുംബങ്ങൾക്ക് നാല്പത്തി എണ്ണായിരം കോടി രൂപ വകയിരുത്തിയിരിക്കുന്നു. അടച്ചുറപ്പുള്ള വീട് നിർമ്മിക്കാൻ കേന്ദ്ര സർക്കാർ ആളൊന്നിന് അറുപതിനായിരം രൂപ മാത്രമാണ് നൽകുന്നത്. ആളുകൾക്ക് യാതൊരു ഗുണവുമില്ലാത്ത ഇത്തരം പദ്ധതികളാണ് കൊട്ടിഘോഷിച്ച് നടപ്പിലാക്കുന്നത്. കേന്ദ്ര ഭരണകൂടത്തിന് മാതൃകയായാണ് സംസ്ഥാന സർക്കാർ ലൈഫ് ഭവന പദ്ധതിയിലൂടെ ഓരോ വീടിനും നാല് ലക്ഷം രൂപ നൽകിവരുന്നത്. ഈ വർഷം 1,06,000 വീടുകളും 2,950 ഫ്ലാറ്റുകളുമാണ് ഭവനനിർമ്മാണ പദ്ധതിക്കായി

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ആരോഗ്യ മേഖലയിൽ വലിയ ഉണർവ് നൽകാൻ ഈ ബഡ്ജറ്റിന് സാധിച്ചിട്ടുണ്ട്. പട്ടികജാതി വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകിയിരിക്കുന്നത്. നിർദ്ധനരായ പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനായി നൽകിവരുന്ന ധനസഹായം ഒന്നേകാൽ ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് സന്തോഷകരമാണ്. പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള മെസ് അലവൻസുകൾ വർദ്ധിപ്പിച്ചത് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഏറെ ആശ്വാസം പകരുന്നതാണ്. കേരള നോളേജ് ഇക്കോണമി മിഷനുമായി ഏകോപിപ്പിച്ച് പട്ടികജാതി യുവതീയുവാക്കളുടെ നൈപുണ്യവികസനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി 49 കോടി രൂപ വകയിരുത്തിയതും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. പരിമിതമായ ജീവിത സാഹചര്യങ്ങളോടുകൂടി പ്രതിസന്ധികളോട് പടവെട്ടി വളർന്നുവരുന്നവർക്ക് ഭീമമായ തുക മുടക്കി നൈപുണ്യ വികസന കോഴ്സുകളിൽ ചേരാനാകില്ല, സ്വപ്നം കാണാൻപോലും ഭയമുണ്ടാകും. ഇവരെ തിരിച്ചറിഞ്ഞ് പരിശീലിപ്പിക്കാനും കഴിവുകൾ തേച്ചുമിനുക്കിയെടുക്കാനും

കുടുംബത്തിന്റെയും സമൂഹത്തിന്റെയും പ്രതീക്ഷയ്ക്കൊത്ത് ഉയരാനുമുതകുന്ന പദ്ധതികൾ വിഭാവനം ചെയ്ത് മാതൃകാപരമായി നടപ്പിലാക്കാനുമാണ് സർക്കാർ അവർക്കൊപ്പം നിൽക്കുന്നത്. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ പട്ടികജാതി യുവതീയുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയറായി രണ്ട് വർഷം നിയമിക്കുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശം സ്വാഗതാർഹമാണ്. പട്ടികജാതിക്കാർക്കുവേണ്ടി ഭൂമി, പാർപ്പിടം, മറ്റ് വികസന പദ്ധതികൾ എന്നിവയ്ക്കായി 20 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക വികസന പദ്ധതിക്കായി 50 കോടി രൂപ അനുവദിച്ചതും ഏറെ സ്വാഗതാർഹമാണ്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിന് ഇത് ഏറെ സഹായകവുമാണ്. കേരളത്തിന്റെ ഭാവി മുന്നിൽ കണ്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതാണ് ഈ ബഡ്ജറ്റ്. എല്ലാവർക്കും വീടും ഭൂമിയും ലഭ്യമാക്കൽ, മെച്ചപ്പെട്ട വിദ്യാഭ്യാസവും ചികിത്സയും ഉറപ്പാക്കൽ എന്നിവയ്ക്കുള്ള ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. മാറുന്ന കാലത്തിനൊപ്പം ഒരുപടി മുന്നോട്ടുസഞ്ചരിക്കുവാൻ കെ-ഫോണും കെ-റെയിലും ഉൾപ്പെടെ നാളെയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന

തരത്തിൽ വിഭാവനം ചെയ്ത ബഡ്ജറ്റാണിതെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ ഇതിനോടകംതന്നെ ഈ ബഡ്ജറ്റിന് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. കോവിഡ് മഹാമാരിക്കും കേന്ദ്രം അടിച്ചേല്പിക്കുന്ന സാമ്പത്തിക അസമത്വങ്ങൾക്കും ഇടയിൽ എങ്ങനെയാണ് ഒരുനാടിനെ ദീർഘവീക്ഷണത്തോടെ നയിക്കുന്നതെന്ന് കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ തെളിയിക്കുകയാണ്. ദീർഘവീക്ഷണമുള്ള ഒരു നാടിനെ പടുത്തുയർത്തുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ ഭാവിതലമുറയ്ക്കുകൂടി സ്വീകാര്യമാകുന്ന നിലയിൽ ബഡ്ജറ്റ് തയ്യാറാക്കിയ ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് പ്രതിപക്ഷനിരയിൽനിന്ന് ചെറിയ രീതിയിലുള്ള ഒറ്റപ്പെട്ട വിമർശനങ്ങളൊഴികെ, കാര്യമായ വിമർശനങ്ങൾ ഉയർന്നുവന്നിട്ടില്ല. പൊതുവെ ആ നിരയിലാകെ വലിയ മൂകത കാണുന്നുണ്ട്. കോട്ടയം, തൃപ്പൂണിത്തുറ അംഗങ്ങളൊക്കെ ഈ സഭയിലുണ്ടോയെന്ന് ഞാൻ ഇടയ്ക്കിടയ്ക്ക്

നോക്കാറുണ്ട്. സാധാരണഗതിയിൽ ഇങ്ങനെയല്ല അവരെ കാണാറുള്ളത്. ഞാൻ കുറ്റപ്പെടുത്തുന്നതല്ല, നിങ്ങൾക്കുണ്ടായിട്ടുള്ള നിരാശ മോഹഭംഗത്തിൽ നിന്നുണ്ടായിട്ടുള്ളതാണ്. 2014 മുതൽ നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും നാൽപ്പത്തിരണ്ടിൽ മുപ്പത്തിയൊൻപതിടത്തും നിങ്ങൾ പരാജയപ്പെട്ടു. കഴിഞ്ഞ മൂന്നുവർഷത്തെ കണക്കെടുത്താൽ 19 സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പിൽ 19-ലും പരാജയപ്പെട്ടു. 2019-ൽ ആന്ധ്രാപ്രദേശ്, അരുണാചൽപ്രദേശ്, ഒഡീഷ, സിക്കിം, ഹരിയാന, മഹാരാഷ്ട്ര, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും 2020-ൽ ഡൽഹിയിലും ബീഹാറിലും 2021-ൽ ആസ്സാം, കേരള, പുതുച്ചേരി, തമിഴ്നാട്, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിലും 2022-ൽ ഗോവ, മണിപ്പൂർ, പഞ്ചാബ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും പരാജയപ്പെട്ടു. ഇവയെല്ലാം ദീർഘകാലം കോൺഗ്രസ് ഭരിച്ചിരുന്ന സംസ്ഥാനങ്ങളായിരുന്നു. ദീർഘകാലം കോൺഗ്രസ് ഭരിച്ചിരുന്ന ഈ സംസ്ഥാനങ്ങളിലെല്ലാം ഇവർ എങ്ങനെ പരാജയപ്പെട്ടുവെന്ന് ഇതുവരെ കണ്ടെത്താനോ അതിനൊരു വിലയിരുത്തൽ നടത്താനോ കഴിഞ്ഞിട്ടില്ല. ജനങ്ങൾ നിങ്ങളിൽ അർപ്പിച്ചിട്ടുള്ള മതേതരത്വ നിലപാടിൽ നിങ്ങൾ എപ്പോഴാണോ വെള്ളം ചേർത്തിട്ടുള്ളത് അന്ന് മുതൽതന്നെ നിങ്ങളുടെ പതനം ഇന്ത്യാരാജ്യത്ത്

ആരംഭിച്ചതാണ്. അയോദ്ധ്യയിൽ ബാബറി മസ്ജിദ് പൊളിക്കുന്നതിന് എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് നിങ്ങളാണ്. നെഹ്റുവിന്റെ കാലത്ത് തർക്കമുണ്ടാകുകയും തർക്കഭൂമി അടച്ചിടാൻ തീരുമാനിക്കുകയും ചെയ്തത് രാജീവ് ഗാന്ധി അധികാരത്തിൽ വന്നപ്പോഴാണ് ഹിന്ദു ആരാധനയ്ക്കുവേണ്ടി തുറന്നുകൊടുത്തത്. നരസിംഹറാവു ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് സംഘ്പരിവാർകാർക്ക് അത് പൊളിക്കാൻ എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. ഇപ്പോൾ ശ്രീ. രാഹുൽഗാന്ധിയും ശ്രീമതി സോണിയാ ഗാന്ധിയുമൊക്കെ നേതൃത്വം കൊടുക്കുന്ന പ്രതിപക്ഷനിര ഇന്ത്യയിലുണ്ടായിട്ടും ശ്രീ. നരേന്ദ്ര മോദി രാമക്ഷേത്രത്തിന് ശിലയിട്ടു. നിങ്ങളിൽനിന്ന് ഈ രാജ്യം എന്താണ് പ്രതീക്ഷിച്ചത്? മതേതര വിശ്വാസികളെ സംഘടിപ്പിച്ചുകൊണ്ട് അതിശക്തമായ പ്രക്ഷോഭമായിരുന്നു ഈ രാജ്യത്തെ കോൺഗ്രസിൽനിന്നും മതനിരപേക്ഷവാദികൾ പ്രതീക്ഷിച്ചത്. പക്ഷെ, നിങ്ങൾ ചെയ്തതെന്താണ്; നിങ്ങളുടെ പരാതി എന്തായിരുന്നു? ശിലാസ്ഥാപന ചടങ്ങിൽ ഞങ്ങളെ വിളിച്ചില്ല എന്നതായിരുന്നു നിങ്ങളുടെ പരാതി. പൗരത്വ ഭേദഗതി നിയമത്തിനെതിരെ അതിശക്തമായ ചെറുത്തുനില്പുകൾ കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഉൾപ്പെടെ ഉയർത്തി. ഡൽഹിയിലെ എ.കെ.ജി. സെന്ററിൽ സംഘ്പരിവാർ

അക്രമം നടത്തി. എന്തുകൊണ്ട് നിങ്ങളുടെ ഓഫീസിലേയ്ക്ക് ഒന്ന് നോക്കാൻപോലും ബി.ജെ.പി.യുടെ ആരും വന്നില്ല. കാരണം നിങ്ങൾ അവർക്കൊപ്പം നിൽക്കുന്ന സമീപനമാണ് പലസ്ഥലത്തും സ്വീകരിച്ചിട്ടുള്ളത്. രാജ്യമാകെ വർഗ്ഗീയ കലാപങ്ങളുണ്ടായി, വിവിധ വിഷയങ്ങളുണ്ടായി. പന്ത്രണ്ടോളം സംസ്ഥാനങ്ങളിൽ കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ ഒരേസമയം അക്രമം നടത്തിയത് ക്രിസ്ത്യാനികൾക്ക് നേരെയായിരുന്നു. അപ്പോൾ എവിടെയായിരുന്നു ശ്രീ. രാഹുൽഗാന്ധിയുടെ ശബ്ദം? ഇന്ത്യയിലെങ്ങും കേട്ടില്ല. എന്നുമാത്രമല്ല അവസാനം ഈ നാട് കേൾക്കുന്ന പ്രസംഗം ജയ്പൂരിലേതായിരുന്നു. ബി.ജെ.പി. അല്ല യഥാർത്ഥ ഹിന്ദുക്കളുടെ വക്താക്കൾ. ഹിന്ദുക്കളുടെ വക്താക്കൾ ഞങ്ങളാണെന്നാണ് ശ്രീ. രാഹുൽഗാന്ധി പറഞ്ഞത്. നിങ്ങളുടെ മൃദുഹിന്ദുത്വ സമീപനമാണ് നിങ്ങളെ പതനത്തിലെത്തിച്ചത്. അവിടെ മാത്രമല്ല, ശബരിമലയിൽ കലാപമുണ്ടായപ്പോൾ സംഘ്പരിവാർകാർക്ക് നിങ്ങൾ നാരങ്ങാവെള്ളവുമായി പോയില്ലേ; കൊടി ഉപേക്ഷിച്ച് പോകാൻ പറഞ്ഞില്ലേ; മതനിരപേക്ഷ മനസ്സുകൾ വേദനിച്ചു. അവരാണ് നിങ്ങൾക്ക് ഈ തിരിച്ചടി നൽകിയത്. ശ്രീ. ഗുലാം നബി ആസാദിന്റെ കാര്യമെല്ലാം ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിലേയ്ക്കൊന്നും കടക്കാൻ

ആഗ്രഹിക്കുന്നില്ല. മേഘാലയയിൽ ഭരണം നടത്തുന്നത് ഏഴ് പാർട്ടികളുടെ Meghalaya Democratic Alliance (MDA) എന്ന സംയുക്ത മുന്നണിയാണ്. കോൺഗ്രസ്സിന്റെ അഞ്ചുപേരും ബി.ജെ.പി.-യുടെ രണ്ടുപേരുമുണ്ട്. നിങ്ങളുടെ പിന്തുണയോടെ രണ്ടുപേരും സംയുക്തമായാണ് മേഘാലയയിൽ ഭരിക്കുന്നത്. നിങ്ങൾക്ക് ആര് പിന്തുണ നൽകുമെന്നാണ് കരുതുന്നത്? കേരളത്തിന്റെ കാര്യം പരിശോധിച്ചാൽ, അതിശക്തമായ ചെറുത്തുനിൽപ്പാണ് ഇടതുപക്ഷം നടത്തുന്നതെന്ന് കാണാൻ കഴിയും. ഇവിടെ ശ്രീ. യോഗി ആദിത്യനാഥും ശ്രീ. അമിത്ഷായും ശ്രീ. നരേന്ദ്ര മോദിയുമെല്ലാം വന്നിരുന്നു. 2016-നുശേഷം ഇടതുപക്ഷക്കാരായ 16 പേരെയാണ് സംഘ്പരിവാർ കൊന്നുതള്ളിയത്. നിങ്ങൾക്ക് അക്കാര്യത്തിൽ പരാതിയില്ല. അവസാനം ഹരിദാസ് എന്ന മത്സ്യത്തൊഴിലാളിയെ, പത്തുമാസം നൊന്തുപ്രസവിച്ച അമ്മയുടെയും ഭാര്യയുടെയും കുട്ടികളുടെയും മുമ്പിലിട്ട് അതിദാരുണമായി കൊലപ്പെടുത്തി. ഇക്കാര്യത്തിൽ നിങ്ങൾക്കൊന്ന് അപലപിച്ചുകൂടേ? അപ്പോഴും നിങ്ങൾ ഈ പ്രശ്നം ക്രമസമാധാന പ്രശ്നമായി ഉയർത്തിക്കൊണ്ടുവന്ന് ശ്രീ. പിണറായി വിജയനെതിരെ എങ്ങനെ പ്രയോഗിക്കാമെന്നാണ് ആലോചിക്കുന്നത്. അക്രമികളുടെ നേതാവാണെന്നെല്ലാം രാവിലെ നിങ്ങൾ പറഞ്ഞല്ലോ, ആരാണ്

അക്രമികളുടെ നേതാവ്? നിങ്ങളുടെ വാർഡ് പ്രസിഡന്റായി തെരഞ്ഞെടുക്കണമെങ്കിൽ കേവലമൊരു കൊലക്കേസ് പ്രതിയാകണം. കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റുമാരെ തെരഞ്ഞെടുക്കാനുള്ള യോഗ്യത കൊലക്കേസിൽ പ്രതിയാകണമെന്നുള്ളതാണ്. ഇന്നലെ നിങ്ങളിവിടെ വെഞ്ഞാറമൂട് കൊലക്കേസ് വിഷയം ഉയർത്തിക്കൊണ്ടുവന്നല്ലോ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ കോൺഗ്രസ്സിന്റെ വാർഡ് പ്രസിഡന്റായി തെരഞ്ഞെടുക്കണമെങ്കിൽ ഒരു കൊലക്കേസിൽ പ്രതിയാകണമെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇത് സഭാരേഖകളിലുണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം.

മി. ചെയർമാൻ: പരിശോധിച്ച് നടപടിയെടുക്കാം.+

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, മദപുരം ബിജുവെന്ന് വിളിക്കുന്ന ഉണ്ണി കോൺഗ്രസ്സിന്റെ വാർഡ് പ്രസിഡന്റായിരുന്നു. അവിടെ സജീവ് എന്ന

+ ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 4851/ഇ.ബി./2022/നി.സെ. തീയതി 17-03-2022) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ഒരു പാവപ്പെട്ടവനെ കൊന്നതിന് പ്രസിഡന്റാക്കിയതിന്റെ സ്ഥാനാരോഹണ ചടങ്ങിന്റെ ചിത്രമാണിത്. (ചിത്രം ഉയർത്തിക്കാട്ടി) പ്രസിഡന്റായതിന്റെ പ്രൊമോഷനവേണ്ടിയാണ് ഹക്ക് മുഹമ്മദിനെയും മിഥിലാജിനെയും കൊലപ്പെടുത്തിയത്. കൊലപ്പെടുത്തിയതിന് ഒന്നരവർഷമായി ജയിലിൽ കിടക്കുകയാണ്. എന്നിട്ട് ജയിലിൽ ജാമ്യാപേക്ഷയുമായി പോകുന്നു, ആ ജാമ്യാപേക്ഷകളെല്ലാം കോടതി തള്ളുകയാണ്. അപ്പോൾ പുതിയ വാദഗതികളുയർത്തി പ്രതിയെ സംരക്ഷിക്കാൻ കഴിയുമോയെന്നാണ് ഇവർ ലക്ഷ്യംവയ്ക്കുന്നത്. ധീരജിന്റെ അച്ഛൻ രാജേന്ദ്രൻ കോൺഗ്രസ്സുകാരനായിരുന്നു, ആരൊക്കെയാണ് അകത്തുള്ളത്? നിഖിൽ പൈലി - യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, ജെറിൻ ജിജോ - കെ.എസ്.യു. അസംബ്ലി മണ്ഡലം വെസ് പ്രസിഡന്റ്, ടോണി തേക്കിലാട്ട് - കെ.എസ്.യു. ഇടുക്കി അസംബ്ലി മണ്ഡലം പ്രസിഡന്റ്, സോയിമോൻ സണ്ണി - യൂത്ത് കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി, നിധിൻ ലൂക്കോസ് - കെ.എസ്.യു. ഇടുക്കി ജില്ലാ ജനറൽ സെക്രട്ടറി, ജിതിൻ തോമസ് - യൂത്ത് കോൺഗ്രസ് ഇടുക്കി ജില്ലാ കമ്മിറ്റി മെമ്പർ തുടങ്ങിയവർ അകത്തുകിടക്കുകയാണ്. ഇത് പകൽപോലെ വ്യക്തമാണ്. നിങ്ങൾക്ക് നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? അവരെ മാറ്റി നിർത്താനായിട്ടുണ്ടോ?

നിങ്ങൾ കൊടുക്കുന്ന സന്ദേശമെന്താണ്? കെ.പി.സി.സി. പ്രസിഡന്റാകാൻ നിങ്ങൾ കണ്ടെത്തിയ യോഗ്യത എന്തായിരുന്നു? നാൽപ്പാടി വാസു എന്ന പാവപ്പെട്ട കമ്മ്യൂണിസ്റ്റുകാരനെ വെടിവച്ച് കൊലപ്പെടുത്തിയിട്ട് മട്ടന്നൂർ ടൗണിലൊരു പ്രസംഗം നടത്തി. 'ഇതാ ഞാനൊരു കമ്മ്യൂണിസ്റ്റുകാരനെ കൊന്നിട്ടാണ് വന്നിരിക്കുന്നത്; നിങ്ങളും കമ്മ്യൂണിസ്റ്റുകാരുടെ കുടൽമാലയുമായി എന്റെ അടുക്കൽ വന്നാൽ ഞാൻ നിങ്ങൾക്ക് പൂമാല നൽകാം', എന്ന് പ്രസംഗിച്ച ശ്രീ. കെ. സുധാകരൻ, കെ.പി.സി.സി. പ്രസിഡന്റായിരിക്കുമ്പോൾ ഞങ്ങൾ നിങ്ങളിൽ നിന്ന് ഇതിനപ്പുറമൊന്നും പ്രതീക്ഷിക്കുന്നില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. ടി. സിദ്ദിഖ്: സർ, സഭയിലില്ലാത്ത ഒരാളെപ്പറ്റി, അദ്ദേഹം പറയാത്ത ഒരു കാര്യത്തെപ്പറ്റി പറഞ്ഞിരിക്കുന്ന വാചകം സഭാരേഖയിൽ നിന്ന് നീക്കം ചെയ്യണം. കെ.പി.സി.സി. പ്രസിഡന്റ് അങ്ങനെ പറഞ്ഞിട്ടില്ല. അതിന് രേഖയുമില്ല.

മി. ചെയർമാൻ: പരിശോധിക്കാം+

+ ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 4851/ഇ.ബി./2022/നി.സെ. തീയതി 17-03-2022) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, വസ്തുത പറയുമ്പോൾ ഇങ്ങനെ പ്രതികരിച്ചിട്ട് കാര്യമില്ല. ധീരജിന്റെ അച്ഛൻ രാജേന്ദ്രൻ കോൺഗ്രസ്സുകാരനായിരുന്നു. കോൺഗ്രസ്സിനുവേണ്ടിയാണ് ഇക്കാലമത്രയും അദ്ദേഹം പ്രവർത്തിച്ചത്.

മി. ചെയർമാൻ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, അദ്ദേഹത്തിന്റെ മകൻ എസ്.എഫ്.ഐ. ആയി എന്ന കാരണത്താലാണ് കൊലപ്പെടുത്തിയത്. രാജേന്ദ്രൻ എന്ന കോൺഗ്രസ്സുകാരന്റെ മകനെ കൊലപ്പെടുത്തിയവരെയെങ്കിലും പാർട്ടിയിൽനിന്ന് പുറത്താക്കണ്ടേ, മാറ്റി നിർത്തണ്ടേ? നിങ്ങൾ നടത്തുന്ന ഈ ശൈലി മാറ്റാതെ നിങ്ങൾക്ക് കേരളത്തിലും ഇന്ത്യൻ രാഷ്ട്രീയത്തിലും ഇനി തിരികെ വരാൻ കഴിയില്ലെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. മഹാമാരിയുടെ കാലത്ത് കേരള ജനതയെ നെഞ്ചോടുചേർത്തുപിടിച്ച്, നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ട, ഈ സർക്കാർ നിങ്ങളോടൊപ്പമുണ്ടെന്ന് വ്യക്തമാക്കുന്ന ദീർഘവീക്ഷണമുള്ള ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി

അവതരിപ്പിച്ചിരിക്കുന്നത്. സാധാരണയിൽ സാധാരണക്കാരനായ ഒരു വ്യക്തിത്വമുള്ളയാളാണ് ധനകാര്യ വകുപ്പുമന്ത്രി. എത്രമാത്രം എളിമയും പ്രത്യേകതയുമുള്ള മന്ത്രിയാണെന്ന് അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. കുട്ടനാടിനെ അംഗീകരിച്ചതുകൊണ്ട് ഞാൻ അദ്ദേഹത്തെ സോപ്പിടുകയാണെന്ന് പ്രതിപക്ഷം പറയുമെങ്കിലും ഞാൻ പറയുന്നത് സത്യാവസ്ഥയാണ്; അത് മനസ്സിലാക്കണം. ധനകാര്യ വകുപ്പുമന്ത്രിക്കൊരു പ്രത്യേകതയുണ്ടെന്ന് എനിക്ക് മനസ്സിലായത്, അദ്ദേഹം ബഡ്ജറ്റ് തയ്യാറാക്കിക്കൊണ്ടിരുന്ന സമയത്ത് ആരെയും കാണാൻ അനുവദിക്കില്ലായിരുന്നു. ഞാൻ അവിടെ പോയപ്പോൾ എനിക്കൊരു സെക്കന്റ് സമയത്തേയ്ക്ക് അദ്ദേഹത്തെ കാണാൻ സാധിച്ചു. ആ സമയത്ത് കുട്ടനാടുമായി ബന്ധപ്പെട്ട വിഷയം അദ്ദേഹം എന്നോട് പറഞ്ഞു. കുട്ടനാട്ടിനെക്കുറിച്ച് ദീർഘവീക്ഷണമുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയായതിനാൽ നമ്മൾ അദ്ദേഹത്തിനുവേണ്ടി കൂടുതൽ പ്രാർത്ഥിക്കും; അത് സാധാരണയാണ്. അദ്ദേഹത്തിന് കൂടുതൽ കഴിവ് കൊടുക്കണമെന്ന് കുട്ടനാട്ടുകാരനായ ഞാൻ പ്രാർത്ഥിക്കുന്നതിൽ പ്രത്യേകതയൊന്നുമില്ല. 2 മണിക്കൂർ 15 മിനിട്ടുകൊണ്ട് കേരളത്തിലെ സകല ജനങ്ങളെയും കയ്യിലെടുക്കുന്ന തരത്തിൽ വളരെ നല്ലരീതിയിൽ

ബഡ്ജറ്റ് അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചുവെന്നത് സവിശേഷത തന്നെയാണ്. കുട്ടനാടിനെ പരിഗണിച്ചുവെന്നുള്ളത് തീർച്ചയായും അംഗീകരിക്കുന്ന കാര്യമാണ്. അതൊരിക്കലും വിസ്മരിച്ചുകൊണ്ടല്ല സംസാരിക്കുന്നത്. കഴിഞ്ഞ ദിവസം ഇവിടെ സംസാരിച്ച കോവളം എം.എൽ.എ., ശ്രീ. എം. വിൻസെന്റ് പറഞ്ഞത്, ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ദൈവപുത്രനായി ചിത്രീകരിച്ചുകൊണ്ട് ഞാൻ സംസാരിച്ചുവെന്നാണ്. ഒന്നുകിൽ അദ്ദേഹത്തിന് കേൾവിക്കുറവുണ്ട്; അല്ലെങ്കിൽ ഞാൻ പ്രസംഗിച്ചത് എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. ചില പ്രത്യേക വ്യക്തിത്വങ്ങൾ ഇന്ത്യയിലുണ്ട്. ഇന്ദിരാഗാന്ധിയെക്കുറിച്ച് പറയുമ്പോൾ നമ്മൾ എപ്പോഴും ചിന്തിക്കുന്നത്, ഇന്ത്യയിൽ അതുപോലൊരു പ്രധാനമന്ത്രി ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകാനും പോകുന്നില്ല എന്നാണ്; അത് ഇന്ദിരാഗാന്ധിയുടെ പ്രത്യേകതയാണ്. ഡി. കെ. ബറുവ പറഞ്ഞത് 'ഇന്ദിരയാണ് ഇന്ത്യ, ഇന്ത്യയാണ് ഇന്ദിര' എന്നാണ്. അതുകൊണ്ട് നമുക്ക് എന്തെങ്കിലും വൈരാഗ്യമുണ്ടോ? വളരെ നല്ല കാര്യമാണ് പറഞ്ഞത്. കേരളത്തെക്കുറിച്ച് പറയുമ്പോൾ സമാനതകളില്ലാത്ത, പകരം വയ്ക്കാനില്ലാത്ത ഒരു മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയനെന്നത് സംശയമില്ലാത്ത

കാര്യമാണ്. അത് അംഗീകരിച്ചേ പറ്റൂ. ഞാൻ പറയുന്നത് എന്റെ അനുഭവത്തിൽ നിന്നാണ്, ഇത് ജനങ്ങൾ പറയുന്നതാണ്; നമുക്ക് കിട്ടുന്ന അറിയിപ്പുകളാണ് പറയുന്നത്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് തുടങ്ങിയ സമയത്ത് ഒരുപാട് എതിർപ്പുകളുണ്ടായിട്ടുണ്ട്. അതിൽ ബി.ജെ.പി.-ക്കാരും കോൺഗ്രസ്സുകാരുമുണ്ട്. ആദരണീയനായ കൊടിക്കുന്നിൽ സുരേഷ് എം. പി. ഒരു പാലത്തിന്റെ അടിയിൽ വന്നിരുന്ന് മീറ്റർ വച്ച് അളന്നശേഷം ഇവിടെ 90 സെന്റിമീറ്റർ മാത്രമെയുള്ളൂവെന്ന് പറഞ്ഞ് ബഹളംവച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത പ്രശ്നങ്ങളുണ്ടാക്കി ഒരു നല്ല പദ്ധതിയെ അവർ തകിടം മറിക്കാൻ ശ്രമിച്ചു. എ.സി. റോഡുമായി ഞാൻ ഉപമിക്കാൻ കാരണം ഇതുതന്നെയാണ്. എ.സി. റോഡ് 24 കിലോമീറ്ററേയുള്ളൂ. ഈ റോഡിന്റെ പണി കഴിയുമ്പോൾ അതിനോടുചേർന്ന 21 റോഡുകൾ നവീകരിക്കപ്പെടും. എ.സി. കനാൽ തുറക്കപ്പെടും. പുതിയൊരു കുട്ടനാടിന്റെ ഉയർത്തെഴുന്നേൽപ്പാണ് എ.സി. റോഡിന്റെ നവീകരണത്തിലൂടെ സ്ഥാപിക്കുന്നത്. അതുപോലെ കെ-റെയിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ, 11 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. സമാനതകളില്ലാത്ത പ്രത്യേകതയുണ്ടാക്കുന്ന സംവിധാനമാണിത്. എല്ലാ പ്രദേശങ്ങളും നല്ലരീതിയിൽ പുരോഗമിക്കും. ഇത് മനസ്സിലാക്കാനുള്ള കഴിവ്

ഇവർക്കില്ലാത്തതുകൊണ്ടല്ല. ഇത് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ബുദ്ധിയിൽ എങ്ങനെ വന്നുവെന്നുള്ള വിഷമമാണ് അവരെ ഇതിൽനിന്ന് പുറകോട്ടുവലിക്കുന്നത്. അല്ലാതെ മറ്റ് കാരണമൊന്നുമില്ല. ബഡ്ജറ്റിൽ ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി 2000 കോടി രൂപ മാറ്റിവച്ചിട്ടുള്ളത് വളരെ നല്ലകാര്യമാണ്. ഇത് പടിപടിയായി തുടങ്ങണം. എ.സി. റോഡിന് മൂന്ന് പാലം പണിതുകഴിഞ്ഞപ്പോൾ സമരമില്ലാതായി. അതിനുശേഷം എസ്.എൻ.ഡി.പി.-ക്കാരെ മുൻനിർത്തി ഇവർ പ്രശ്നമുണ്ടാക്കാൻ നോക്കി. പക്ഷെ അവർ വളരെ നല്ലവരാണ്. അവർ എന്നോട് വിഷയങ്ങൾ പറഞ്ഞു. എം.എൽ.എ. അതിലിടപെട്ട് വിഷയം പരിഹരിക്കണമെന്ന് ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നോട് പറഞ്ഞു. അവരുടെ വിഷയം വളരെ രമ്യമായി പരിഹരിച്ചുകൊടുത്തു. ഇന്ന് ഒരു പ്രശ്നവുമില്ലാതെ എ.സി. റോഡിന്റെ പ്രവർത്തനം മുന്നോട്ടുപോകുകയാണ്. അതേരീതിയിൽ തന്നെ സിൽവർ ലൈനിന്റെ പ്രവർത്തനങ്ങളും നടക്കണമെന്നാഗ്രഹിക്കുന്ന ഒരാളാണ് കുട്ടനാട് എം.എൽ.എ. അത് ചെയ്യാനായി കഴിവുള്ള ഒരേയൊരു മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. വേറെ ആരായാലും സാധിക്കില്ല. അദ്ദേഹത്തെക്കൊണ്ട് മാത്രമെ സാധിക്കൂ. അതുകൊണ്ടാണ്

ഒരുപാട് പേരുടെ പ്രാർത്ഥനകൾ ഒപ്പമുണ്ടെന്ന് ഞാൻ പറഞ്ഞത്. കേരളത്തെ സംബന്ധിച്ച് വളരെ നല്ലൊരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എ.സി. റോഡ് നവീകരിച്ചതുപോലെ കെ-റെയിലും നല്ലരീതിയിൽ പ്രാവർത്തികമാകണമെന്ന് ആഗ്രഹിക്കുകയാണ്. കാർഷികമേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്. ലോകത്താകെ യുവജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് തൊഴിലില്ലായ്മ. അതിനുള്ള പരിഹാരവും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റവുമധികം പ്രയോജനം ചെയ്യുന്നതാണ് കെ-ഫോൺ പദ്ധതി. കെ-റെയിലായാലും കെ-ഫോണായാലും എ.സി. റോഡിന്റെ നവീകരണമായാലും ഈ സർക്കാരിന് ചെയ്യാൻ കഴിയുന്നതുപോലെ വേറെ ആരെക്കൊണ്ടും സാധിക്കില്ല. ഇത് നല്ലൊരു അവസരമാണ്. അത് ശരിയായ രീതിയിൽ ഉപയോഗിക്കണമെന്ന് പ്രത്യേകമായി പറയുന്നതിനോടൊപ്പം കുട്ടനാടിനുവേണ്ടി അങ്ങ് അനുവദിച്ചുതന്ന എല്ലാ സഹായത്തിനും നന്ദി രേഖപ്പെടുത്തിക്കൊണ്ടും ആ രീതിയിൽ തന്നെ വീണ്ടും കുട്ടനാടിനെ കാണണമെന്ന് പറഞ്ഞുകൊണ്ടും ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ

പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷാംഗം ശ്രീ. സജീവ് ജോസഫ് ബഡ്ജറ്റിലെ കർഷകവിരുദ്ധ കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കാനായി, അങ്ങനെയാണെന്ന് സമർത്ഥിക്കാൻ വേണ്ടി, റബ്ബറിന് കിലോയ്ക്ക് 250 രൂപ വേണം, നെല്ലിന് 35 രൂപ വേണം എന്നൊക്കെ പറഞ്ഞു. അതാണ് അവർക്ക് കർഷകരോടുള്ള സ്നേഹത്തിന്റെ പരമാവധി പരിധി. എനിക്കവരോട് പറയാനുള്ളത് റബ്ബറിന് കിലോയ്ക്ക് 1000 രൂപയും നെല്ലിന് കിലോയ്ക്ക് 35 രൂപയും പോര, 350 രൂപയെങ്കിലും കിട്ടണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. അതിനുവേണ്ടി ജനകീയ ജനാധിപത്യ വിപ്ലവം നടക്കണമെന്നും ഇന്ത്യയിൽ ഭരണമാറ്റമുണ്ടാകണമെന്നും ആഗ്രഹിച്ച ഞങ്ങളോടാണോ നിങ്ങൾ 35 രൂപയുടേയും 250 രൂപയുടേയും കഥ പറയുന്നത്. അതുപോലെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ന്യൂനപക്ഷങ്ങളെ ഒന്നിച്ചുകാണണമെന്നും ആരെയും വേർതിരിച്ചുകാണാൻ പാടില്ലെന്നും സൂചിപ്പിച്ചു. അതിന് സൗകര്യമില്ലെന്നാണ് എനിക്ക് വിനയപൂർവ്വം പറയാനുള്ളത്. കാരണം, ന്യൂനപക്ഷങ്ങളിലെ യഥാർത്ഥ വിശ്വാസികളിൽ മഹാഭൂരിപക്ഷവും മതനിരപേക്ഷവാദികളാണ്. ഞങ്ങളവരെ പ്രത്യേകമായി പരിഗണിക്കും. അവരോടൊപ്പമാണ് ഞങ്ങൾ. എന്നാൽ ന്യൂനപക്ഷത്തിന്റെ പേരിൽ കപടവിശ്വാസികളായി, തനി വർഗ്ഗീയവാദവും ഭീകരവാദവും

പ്രചരിപ്പിക്കുന്ന ഒരുകൂട്ടം ആളുകളുണ്ട്. അവരെ ഞങ്ങൾ വേർതിരിച്ചുകാണും. ഞങ്ങൾ തെറ്റിനെയും ശരിയെയും ഒരുപോലെ കാണുന്നവരല്ല. ശരിയുടെ പക്ഷത്ത് ഞങ്ങൾ ഉറച്ചുനില്ക്കും. അതാണ് ഞങ്ങളുടെ നയം. അതുപോലെ വഖഫ് ബോർഡിന്റെ നിയമനം പി.എസ്.സി.-ക്ക് വിട്ടതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമെല്ലാം വ്യത്യസ്തമായാണ് കാര്യങ്ങൾ പറഞ്ഞതെന്നും അവർ തമ്മിൽ ചേർച്ചയില്ലെന്നുമൊക്കെ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. രണ്ടുപേരും ഒരേകാര്യം തന്നെയാണ് പറഞ്ഞത്. കഴിഞ്ഞ ദിവസം ബഹുമാന്യനായ മന്ത്രി രേഖാമൂലം മറുപടി നല്കിയതിനെയാണ് ഇവിടെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ വിവരിച്ചത്. 'നിയമനിർമ്മാണത്തെത്തുടർന്ന് സാമുദായിക സംഘടനകൾ, ചില ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ അവ പരിശോധിച്ചശേഷം മാത്രമെ നിയമനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിയമം പാസ്സാക്കിയതിനുശേഷം തുടർനടപടികൾക്കായി സർക്കാർ ഇതുവരെ പബ്ലിക് സർവ്വീസ് കമ്മീഷനെ സമീപിച്ചിട്ടില്ല'. ഇതാണ് ബഹുമാനപ്പെട്ട മന്ത്രി കൊടുത്ത മറുപടി. ബഹുമാന്യനായ മുഖ്യമന്ത്രി ബന്ധപ്പെട്ടവരോട് പറഞ്ഞതും ഇതുതന്നെയാണ്. അതുകൊണ്ട് രണ്ടും രണ്ടായി കാണേണ്ടതില്ല. സമാനതകളില്ലാത്ത

ചിന്തകൾ ലോകത്തിന് സമ്മാനിച്ച നാടാണ് കേരളം. ഇതിഹാസങ്ങൾ രൂപപ്പെട്ടുവന്ന കാലം മുതൽ നമുക്കത് ദൃശ്യമാണ്. കള്ളവും ചതിയുമില്ലാത്ത, പൊളിവചനങ്ങൾ എള്ളോളമില്ലാത്ത മാനവരെല്ലാം ഒന്നെന്ന് വിളിച്ചുപറഞ്ഞ മഹാബലിത്തമ്പുരാന്റെ നാടെന്ന വിളിപ്പേര് സ്വന്തമായത് കേരള നാടിനാണ്. നവോത്ഥാന കാലത്ത് 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് പ്രഖ്യാപിച്ച മഹാനായ ശ്രീനാരായണഗുരു ദൈവത്തെ തേടി വന്ന മനുഷ്യനോട് നീ തന്നെയാണ് നിന്റെ ദൈവമെന്ന് കണ്ണാടി പ്രതിഷ്ഠയിലൂടെ പറയാതെ പറഞ്ഞപ്പോൾ വേറിട്ട വഴിയിലൂടെ വളരുന്ന നാടെന്ന് ലോകത്തെ മഹാന്മാരെല്ലാം വാനോളം പുകഴ്ത്തിയത് ഈ മലയാളനാടിനെ സംബന്ധിച്ചാണ്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുള്ള പോരാട്ടകാലത്ത് യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വഴിയിൽ തടസ്സമായി ജന്മിത്വമുണ്ടെന്ന് വിളിച്ചുപറഞ്ഞ് അദ്ധ്വാനവർഗ്ഗത്തിന്റെ പോരാട്ട കുന്തമുന സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനുമെതിരെ ഒരേസമയം തിരിച്ചുവച്ച രാഷ്ട്രീയ സമരങ്ങൾ നേടിത്തന്ന സൗഭാഗ്യമാണ് മതനിരപേക്ഷ കേരളം. അത്തരത്തിൽ വേറിട്ട വഴികളിലൂടെ കണ്ടെടുത്ത മലയാളിയുടെ മാതൃഭൂമിയെ ആധുനികകാലത്തേയ്ക്ക് കൈപിടിച്ചുയർത്തിയ ഇ.എം.എസ്. സർക്കാരിന്റെ തുടർച്ചയായി, നവയുഗ സ്വപ്നസാക്ഷാത്കാരത്തിലേയ്ക്ക് കേരളത്തെ

നയിക്കുന്ന ഭരണരൂപമാണ് പിണറായി സർക്കാർ. ഈ സർക്കാർ ഉയർത്തിപ്പിടിക്കുന്ന മാനവികമൂല്യങ്ങൾ കേരളക്കരയിൽ ഒതുങ്ങുന്നതല്ല. അത് ലോകത്തോളം വികസിക്കുന്ന കാഴ്ചയാണ് സഖാവ് കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ബഡ്ജറ്റിലുടനീളം കാണാൻ കഴിയുന്നത്. ലോകം യുദ്ധഭീതിയിൽ കഴിയുമ്പോൾ ഞാൻ ബലത്തിന് ആളല്ലെന്ന് പറഞ്ഞ് മാറിനില്ക്കാതെ ലോകത്തെമ്പാടുമുള്ള സമാധാന പ്രവർത്തകരോടും ചിന്തകരോടും ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ലോകത്താദ്യമായി ഒരു പ്രാദേശിക ഭരണസംവിധാനം, തങ്ങളുടെ ബഡ്ജറ്റിൽ ഒരു വിഹിതം മാറ്റിവച്ചത് നാളത്തെ ലോകചരിത്രത്തിൽ ഒരദ്ധ്യായമായി മാറാൻ പോകുകയാണ്. അത്തരത്തിലുള്ള ഈ ബഡ്ജറ്റിന്റെ ആദ്യത്തെ പ്രഖ്യാപനത്തെപ്പോലും പരിഹസിക്കാൻ പ്രതിപക്ഷം മുതിർന്നത് അവരുടെ നിലവാരത്തകർച്ചയുടെ വർത്തമാനകാല ശബ്ദമായി മാത്രമെ ഈ സഭ കേൾക്കേണ്ടതുള്ളൂ എന്നാണെനിക്ക് പറയാനുള്ളത്. അർദ്ധ അതിവേഗ റെയിലിനെ എതിർത്തുകൊണ്ട് കോൺഗ്രസ്സും കൂട്ടരും അടിമുടി ജനവിരുദ്ധരായി മാറിക്കൊണ്ടിരിക്കുയാണെന്ന വസ്തുത അവർ മനസ്സിലാക്കണം. അവർ കൂട്ടുപിടിക്കുന്നത് ആരെയാണ്; കേരളത്തിലെ ഒരു പഞ്ചായത്ത് വാർഡിനുപോലും വേണ്ടാത്ത ഒരു അരകേന്ദ്രമന്ത്രിയേയും കൂട്ടി

പിറന്ന നാടിനെ ഒറ്റുകൊടുക്കുന്ന പ്രതിപക്ഷത്തോട് മലയാള നാടിന് പറയാൻ ഒന്നേയുള്ളൂ. 'മാ നിഷാദ.. മാ നിഷാദ..മാ നിഷാദ..' നിങ്ങളത് ചെയ്യരുത്. സിൽവർലൈൻ പദ്ധതി തുടങ്ങിയാൽ രണ്ട് കാര്യങ്ങൾ ഉറപ്പായും നടക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ആദ്യത്തെ കാര്യം, നാല് വർഷം കഴിയുമ്പോൾ നാല് മണിക്കൂർകൊണ്ട് കേരളത്തിന്റെ തെക്ക്-വടക്ക് ട്രെയിൻ പറ പറക്കും. രണ്ടാമത്തെ കാര്യം, അതേ നാല് വർഷം കഴിയുമ്പോൾ സിൽവർ ലൈനിന്റെ കല്ല് പിഴുതെടുത്ത യു.ഡി.എഫ്.-നെ ജനങ്ങൾ പിഴുതെടുത്ത് പടിഞ്ഞാറേ അറബിക്കടലിലേയ്ക്ക് പറപറപ്പിക്കും. ഈ രണ്ട് കാര്യങ്ങൾ നടക്കും. അതാണ് ഇവിടത്തെ ബേജാർ. നവകേരളത്തിന്റെ കുതിപ്പിന് പുതുതലമുറയുടെ വിജ്ഞാനസമ്പത്തിനെ ഊർജ്ജമാക്കി മാറ്റുന്നതിന് ബഡ്ജറ്റിൽ ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. നോളജ് മിഷൻ വഴി 35 ലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നല്കി തൊഴിൽ കമ്പോളത്തിൽ വിപ്ലവം സൃഷ്ടിക്കുന്നതാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ. ഇതിനുവേണ്ടി 7000 കോടി രൂപ മാറ്റിവച്ച കാഴ്ചപ്പാട് ശ്ലാഘനീയമാണ്. യുവ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് 15000 സ്റ്റാർട്ടപ്പുകൾ ആരംഭിച്ച് 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ബഡ്ജറ്റ് ലക്ഷ്യം വയ്ക്കുകയാണ്. ദീർഘവീക്ഷണത്തിന്റെ പര്യായമായ ഈ ബഡ്ജറ്റ്

അതിനൂതനമായ പല ചുവടുവയ്പ്പുകളും നടത്തുന്നത് കാണാൻ സാധിക്കും.

മനുഷ്യൻ, മൃഗം, പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കുന്ന മൈക്രോബയോം എന്ന ഗവേഷണ മേഖലയിലേയ്ക്ക് കേരളം കടക്കുകയാണ്. കോവിഡിന്റെയും പല പുതിയ രോഗാവസ്ഥകളുടെയും സമകാലിക അവസ്ഥകൾ ആവർത്തിക്കാതിരിക്കുന്നതിന് കേരളം മുൻപേ നടക്കുന്ന കാഴ്ചയാണ് ഈ ബഡ്ജറ്റിലൂടെ കാണാൻ കഴിയുന്നത്. രോഗ പ്രതിരോധത്തിനും രോഗചികിത്സയ്ക്കും സഹായകരമാകുന്ന ന്യൂട്രാസ്യൂട്ടിക്കൽ വിജ്ഞാനമേഖലയും ഈ ബഡ്ജറ്റിൽ ഇടംപിടിച്ചിരിക്കുന്നു. ആദിവാസി സമൂഹത്തിന്റെ പരമ്പരാഗത അറിവിനെയും പാരമ്പര്യ വൈദ്യശാസ്ത്ര രീതികളെയും പോഷകാഹാരവും ഫാർമസ്യൂട്ടിക്കൽ ശാസ്ത്രരംഗങ്ങളുമായും ബന്ധിപ്പിക്കുന്ന വിജ്ഞാനമേഖലയാണ് കേരളം കെട്ടിപ്പടുക്കാൻ തുടങ്ങുന്നതെന്ന് ശ്രദ്ധിച്ചാൽ അറിയാൻ കഴിയും. നാളെയുടെ അത്ഭുത പദാർത്ഥം എന്ന് ലോകം വിളിക്കുന്ന, വജ്രത്തെക്കാൾ 40 ഇരട്ടിയും ഉരുക്കിനെക്കാൾ 200 ഇരട്ടിയും ശക്തിയേറിയ ഗ്രാഫീൻ എന്ന പദാർത്ഥവുമായി ബന്ധപ്പെട്ട പഠനമേഖലയിലേയ്ക്കും ബഡ്ജറ്റ് പ്രവേശിക്കുന്നു എന്നത് അഭിമാനകരമാണ്. ഇതെല്ലാം കേട്ടപ്പോൾ 'അവശേഷിക്കുന്ന കോൺഗ്രസ്സെല്ലാം 'സെമി-കേഡർ ആയി' എന്നാണ്

എന്റെ ഒരു സുഹൃത്ത് പറഞ്ഞത്. എന്താണ് സെമി-കേഡർ? പത്രക്കാർ പലരും കോൺഗ്രസ്സ് നേതാക്കന്മാരോട് ചോദിച്ചപ്പോൾ അവരിൽ പലരും പറഞ്ഞു, ഞങ്ങൾക്കത് അറിയില്ല, മനസ്സിലായിട്ടില്ല എന്ന്. 'സെമി' എന്ന വാക്കിന് പല അർത്ഥങ്ങളുമുണ്ട്. പലരും അത് പല തരത്തിലാണ് ഉപയോഗപ്പെടുത്തുക. അർദ്ധം, ഭാഗികം എന്നൊക്കെ പറയാം. എന്നാൽ ചില നാട്ടിൻപുറത്തുകാർ ചിലരെക്കുറിച്ച് 'അവൻ ഇത്തിരി സെമിയാണ്' എന്നാണ് പറയുന്നത്. ചിലർ അത്തരക്കാരെ ലൂസ്സാണെന്നും പറയും. അപ്പോഴാണ് ചിലർ ഇവിടെ എല്ലാവരെയും പിടിച്ച് സെമി കേഡറാക്കാൻ ചിന്തൻ ശിബിരം നിശ്ചയിച്ചത്. പക്ഷെ അത് വേണ്ടിവന്നില്ല. യു.പി. തെരഞ്ഞെടുപ്പിന്റെ ഫലം വന്നപ്പോൾ സോണിയ കോൺഗ്രസ്സ് സീറോ ആയി എന്ന വാർത്ത കേട്ടതോടുകൂടി സുധാകര കോൺഗ്രസ്സ് അപ്പാടെ സെമിയായി എന്നാണ് നാട്ടിലെ വർത്തമാനം. സാന്ദർഭികമായി ഞാനൊരു കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മലയാള മനോരമ പത്രം വളരെ ദീർഘവീക്ഷണത്തോടുകൂടി കഴിഞ്ഞ മാസം ഒരു വാർത്ത പ്രസിദ്ധീകരിച്ചു. അവരെ കുറ്റംപറയാൻ പാടില്ല, അവർക്ക് ദീർഘവീക്ഷണമുണ്ട്. കഴിഞ്ഞ മാസമാണ് ആ വാർത്ത വന്നത്. കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ജീവനക്കാരുടെ എണ്ണം

വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചായിരുന്നു ആ വാർത്ത. അത് കണ്ടില്ലെന്ന് നടിക്കരുതെന്ന് മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. പരമാവധി ജീവനക്കാരെ മുൻകരുതലായി നൽകുന്നതിനും കെ.എസ്.ഇ.ബി.എൽ.-ന്റെ ഒരു 110 കെ.വി. സബ്സ്റ്റേഷൻ അവിടെ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഡ്ജറ്റിലെ മറ്റൊരു പ്രധാനപ്പെട്ട ഊന്നൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ടതാണ്. കഴിഞ്ഞ പിണറായി സർക്കാരിന്റെ വിപ്ലവകരമായ കാർഷിക ഇടപെടൽ കൂടുതൽ ശക്തമായി തുടരുന്ന കാഴ്ചയാണ് ബഡ്ജറ്റിൽ കാണാൻ കഴിയുന്നത്. കേരളത്തിന്റെ നെല്ലറയാണ് പാലക്കാട്. കഴിഞ്ഞ അഞ്ച് വർഷക്കാലം സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം 32,858 ലക്ഷം രൂപയാണ് അവിടെ ചെലവഴിച്ചത്. ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ നെൽകൃഷിക്കുവേണ്ടി നടപ്പാക്കിയിട്ടുണ്ട്. രാജ്യത്ത് എവിടെയുമില്ലാത്ത വില നെല്ലിന് നൽകുന്നത് കേരളത്തിലാണെന്ന് കാണണം. ഇതിനുപുറമെയാണ് കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പുതിയ പ്രഖ്യാപനം. ആ പ്രഖ്യാപനത്തിൽ സുന്ദരമായൊരു പദപ്രയോഗമുണ്ട്, 'മഞ്ഞപ്പൊടിയിൽനിന്നും മഞ്ഞൾപ്പൊടിയിലേയ്ക്ക്.' തൃശ്ശൂർ

അളഗപ്പനഗർ പഞ്ചായത്തിലെ ഒരു അനുഭവംവച്ചാണ് പറയുന്നത്, അത്ര വിലപ്പെട്ട മഞ്ഞളാണ്. അതിന്റെ പേര് 'പ്രതിഭ' എന്നാണ്. അത് ആലപ്പുഴയിൽ പ്രസിദ്ധമായിരുന്നു. ആ മഞ്ഞളിനോടുള്ള ഇഷ്ടം കൂടിയിട്ടാണ് തകഴിയിലെ ഉമ എന്ന വീട്ടമ്മ തന്റെ മകൾക്ക് 'പ്രതിഭ' എന്ന് പേരിട്ടത്. ആ എം.എൽ.എ. ഇപ്പോൾ എന്റെ പുറകിലിരിപ്പുണ്ട്. അതാണ് ആ മഞ്ഞളിന്റെ വില. അത് കണ്ടെത്തിയത് കേരളത്തിന്റെ ബഡ്ജറ്റാണ്. എന്റെ മണ്ഡലത്തിൽ 'നിറ' എന്ന കാർഷിക വികസന പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി പൊതുകുളങ്ങളാക്കി മാറ്റിയ സ്വകാര്യ കുളങ്ങൾ നവീകരിക്കാൻ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ട് പ്രളയങ്ങളെ നേരിട്ട മുൻ പിണറായി സർക്കാരിന്റെ കാലത്ത് നിലയ്ക്കാത്ത വികസനങ്ങളുടെ പെരുമഴക്കാലംകൂടി നടന്നിട്ടുണ്ടായിരുന്നു എന്ന് ഈ നാട് ഇപ്പോൾ ഓർത്തെടുക്കുകയാണ്. നവകേരളത്തിനായി പ്രവർത്തിക്കുന്ന പിണറായി സർക്കാർ അതിവേഗ ട്രെയിനുകളെ വെല്ലുന്ന വേഗത്തിൽ മുന്നേറുകയാണ്. പ്രതിപക്ഷം എത്ര വാവിട്ട് നിലവിളിച്ചാലും നുണകളുടെ പെരുമ്പറ നിങ്ങൾ എത്ര ഉച്ചത്തിൽ മുഴക്കിയാലും കേരളീയരുടെ ആഹ്ലാദാരവങ്ങളിൽ അതെല്ലാം അപ്രത്യക്ഷമാകുകതന്നെ ചെയ്യും. പൂർവ്വകാല കേരളത്തിൽ മണ്ണിനും

മാനത്തിനും അവകാശമില്ലാതിരുന്ന, ജനിച്ച സമുദായത്തിന്റെ പേരിൽ പൊതുവഴികളിലൂടെ നടക്കാൻ കഴിയാത്ത, അക്ഷരം പഠിക്കാനും അമ്പലത്തിൽ കയറാനും അവകാശമില്ലാത്ത മനുഷ്യരുണ്ടായിരുന്നു. മഹാഭ്രരിപക്ഷം വരുന്ന അത്തരം മലയാള മാനവന്റെ മാനാഭിമാനങ്ങളും മറ്റിതര മനുഷ്യാവകാശങ്ങളും നേടിയെടുക്കാൻ നിവർന്നുനിന്ന് പോരാടിയ നവോത്ഥാന നായകരുടെയും ദേശാഭിമാന പോരാളികളുടെയും നേരവകാശികളായ കമ്മ്യൂണിസ്റ്റുകാരും ജനാധിപത്യ വിശ്വാസികളും കൈകോർത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നവകേരള സൃഷ്ടിക്കായുള്ള മുന്നേറ്റത്തിന് കരുത്ത് പകരുന്ന ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മൾ ഒരു സംസ്ഥാന ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ അതിലെ പ്രസംഗങ്ങളുടെ വാചകം നോക്കിയിട്ടല്ല ആ ബഡ്ജറ്റിനെ നോക്കിക്കാണേണ്ടത്. കാരണം, അത്തരം വാചകങ്ങൾ നിരന്തരമായി ബഡ്ജറ്റുകളിൽ സാധാരണ ഉണ്ടാവുകയും അതിൽ പറയുന്ന പ്രോജക്ടുകൾ നടപ്പാക്കപ്പെടാതെ പോകുകയുമാണ് പതിവ്. കഴിഞ്ഞ ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ചെയ്താൽ,

അതിന്റെ performance auditing നടത്തിയാൽ, അതിന് 30 ശതമാനം മാർക്കുപോലും കിട്ടില്ല. നമ്മളൊരു ബഡ്ജറ്റിനെ നോക്കിക്കാണേണ്ടത് അതിലെ സാമ്പത്തിക സൂചകങ്ങളെ വച്ചുകൊണ്ടാണ്. ആ സാമ്പത്തിക സൂചകങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തികനില എന്താണ്, പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പദ്ധതികളും കമ്മിറ്റ് ചെയ്ത പ്രൊപ്പോസലുകളും യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റിന് കഴിയുമോ എന്ന് ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാനത്തിന്റെ Annual Financial Statement ആണ് ബഡ്ജറ്റ്. ഈ വർഷത്തെ സ്റ്റേറ്റ്മെന്റും വരാനിരിക്കുന്ന വർഷങ്ങളിലെ എസ്റ്റിമേറ്റുമാണ് ബഡ്ജറ്റ്. 2021-22 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് വരുമാനത്തിന്റെ എസ്റ്റിമേറ്റ് 71,833 കോടി രൂപയാണ്. എത്രയാണ് കിട്ടിയത്? 58,867 കോടി രൂപ. അതായത്, 13,000 കോടി രൂപയുടെ കുറവാണ് തനത് വരുമാനത്തിലുണ്ടായിരിക്കുന്നത്. നോൺ ടാക്സ് റവന്യൂവിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 4297 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. 14000-ലധികം കോടി രൂപ പ്രതീക്ഷിച്ചിട്ട് 10,000 കോടി രൂപ മാത്രം കിട്ടി. കടമെടുക്കുന്നതിനെ നമ്മളാരും കുറ്റപ്പെടുത്തില്ല. കടം വല്ലാതെ വർദ്ധിക്കുമ്പോഴുണ്ടാകുന്ന ടെൻഷൻ

മാത്രമെയുള്ളൂ. കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ ജി.ഡി.പി. വളരുന്നതിനനുസരിച്ച് നമുക്ക് കടമെടുക്കാം. നമ്മുടെ വരുമാനമനുസരിച്ചാണ് നമ്മൾ കടമെടുക്കുന്നത്. നമ്മുടെ വരുമാനമനുസരിച്ച് ഒരു ബൈക്ക് വാങ്ങാനുള്ള പണമേയുള്ളൂവെങ്കിൽ ഒരു ബൈക്ക് വാങ്ങും, കുറേക്കൂടി വരുമാനം വർദ്ധിക്കുമ്പോൾ ചിലപ്പോൾ കാർ വാങ്ങും, അല്ലെങ്കിൽ കടം വാങ്ങി കാർ വാങ്ങും. അതൊക്കെ ചെയ്യാം, അതിലൊന്നും തെറ്റില്ല. പക്ഷെ കടം വാങ്ങിക്കുന്ന തുക എങ്ങനെ ചെലവഴിക്കുന്നു എന്നതാണ് പ്രധാനം. മൂലധനച്ചെലവാണ് അതിന്റെ ഇൻഡിക്കേറ്റർ. 2021-22 വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് 56,802 കോടി രൂപയായി കുറഞ്ഞു. അതായത്, ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് ഏകദേശം 10,000 കോടി രൂപയുടെ കുറവാണ് മൂലധനച്ചെലവിൽ ഉണ്ടായിരിക്കുന്നത്. ഇതൊന്നും ഞാൻ അവതരിപ്പിക്കുന്ന കള്ളക്കണക്കുകളാണെന്നൊന്നും തെറ്റിദ്ധരിക്കേണ്ട, ബഡ്ജറ്റിലെ ഇൻഡിക്കേറ്റേഴ്സാണ്. അതാണ് സൂചകങ്ങൾ. അത്തരത്തിൽ പരിതാപകരമായ ഒരു സാമ്പത്തികാവസ്ഥയിൽ സംസ്ഥാനം നിൽക്കുകയാണ്. കെ-റെയിൽ സംബന്ധിച്ച അടിയന്തരപ്രമേയ ചർച്ചയിൽ മുഖ്യമന്ത്രി പറഞ്ഞു, 'കിഫ്ബിയെ നിങ്ങൾ എതിർത്തില്ലേ, എന്നിട്ട് കിഫ്ബി

എവിടെ എത്തി' എന്ന്. ഞങ്ങൾ എങ്ങനെയാണ് എതിർത്തത്? ഞങ്ങൾ പറഞ്ഞത്, നിങ്ങൾ ഇത്രമാത്രം പണം കടം വാങ്ങി ചെലവ് ചെയ്യുന്ന എന്നാണ്. അതിനുള്ള കാരണം നിങ്ങൾ പറഞ്ഞത്, ബഡ്ജറ്റിന് പുറത്താണിത്, FRBM (Fiscal Responsibility and Budget Management) ആക്ട് പ്രകാരം കേന്ദ്ര ഗവൺമെന്റ് ധനകമ്മിക്ക് പരിമിതി നിശ്ചയിച്ചിട്ടുണ്ട് എന്നാണ്. പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരുന്നതുകൊണ്ട് കൂടുതൽ കടം വാങ്ങാൻ പറ്റില്ല. അതുകൊണ്ട് extra budgetary mission ആയി ബഡ്ജറ്റിന് പുറത്ത് ഒരുമിഷൻ വച്ച് 50,000 കോടി രൂപ വാങ്ങുന്നു. നിലവിൽ അതിന് പുറത്തും നിങ്ങളുടെ കണക്ക് വരുന്നുണ്ട്, 73,000 കോടി രൂപയിലേയ്ക്ക് പോകുന്നുണ്ട്. അങ്ങനെ വാങ്ങിച്ചതിനുശേഷം ബഡ്ജറ്റിന് പുറത്താണ് ഈ വെഹിക്കിൾ നിൽക്കുന്നതെങ്കിലും തിരിച്ചടവ് പ്രശ്നം വരുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും നിങ്ങൾ തിരിച്ചടയ്ക്കേണ്ടിവരും. അപ്പോൾ അത് സംസ്ഥാനത്തിന് വലിയ ബാദ്ധ്യതയുണ്ടാക്കും. ഞങ്ങൾ കിഫ്ബിയെ വിമർശിച്ച ആ ആക്ഷേപം, ഉത്കണ്ഠ ഇപ്പോഴും നിലനിൽക്കുകയാണ്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും തിരിച്ചടയ്ക്കേണ്ടിവരുമെന്നുള്ള ഒരു ഉത്കണ്ഠയാണ് ഞങ്ങൾ കിഫ്ബിയെപ്പറ്റി പറഞ്ഞത്. കിഫ്ബി

രൂപീകരിച്ചത് 2017-ലാണ്. 2022 ജൂലൈയാകുമ്പോൾ അഞ്ച് വർഷം പൂർത്തിയാകും. അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുമെന്നായിരുന്നു നിങ്ങളുടെ പ്രഖ്യാപനം. നിങ്ങൾ 70,762 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ 4429 കോടി രൂപയുടെ പദ്ധതികളാണ് പൂർത്തിയാക്കിയത്. അതായത്, നിങ്ങൾ പ്രഖ്യാപിച്ചതിന്റെ പത്ത് ശതമാനംപോലും പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. മോട്ടോർ വാഹന നികുതിയിൽനിന്നും ഫ്യൂവൽ സെസ്സിൽനിന്നും ലഭിക്കുന്ന തുക എല്ലാവർഷവും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും നികുതി വരുമാനത്തിൽനിന്നും കിഫ്ബിയിലേയ്ക്ക് പോകുന്നുണ്ട്. 2021 ജൂൺ 30 വരെ മാത്രം മോട്ടോർ വാഹന നികുതിയായി 5862 കോടി രൂപ കിഫ്ബിയിലേയ്ക്ക് നൽകിയിട്ടുണ്ട്. അതായത്, എല്ലാ വർഷവും വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുകയാണ് കൺസോളിഡേറ്റഡ് ഫണ്ടിലുള്ളത്. ആ ഫണ്ടിൽനിന്നും 2021 വരെ 5800 കോടി രൂപ കൊടുത്തിട്ടുണ്ട്. എന്നാൽ അതിനേക്കാൾ കുറവ് തുകയായ 4300 കോടി രൂപയിൽ താഴെയാണ് കിഫ്ബിയിൽ ചെലവായി വന്നിരിക്കുന്നത്. അത് കൺസോളിഡേറ്റഡ്

ഫണ്ടിൽത്തന്നെ നിൽക്കുമായിരുന്നെങ്കിൽ ഇതിനേക്കാൾ കൂടുതൽ വികസന പ്രവർത്തനങ്ങൾ കിഫ്ബിയില്ലാതെതന്നെ നടത്താമായിരുന്നു. ഇതുകൂടാതെ വേറെ തുകയും ഉയർന്ന പലിശനിരക്കിൽ നിങ്ങൾ വാങ്ങിയിരിക്കുകയാണ്. മസാല ബോണ്ടിന്റെ പലിശ കൊടുത്തുകൊണ്ടിരിക്കുകയാണ്. 9.72 ശതമാനം പലിശയ്ക്ക് വാങ്ങിയ തുക 6-7 ശതമാനത്തിന് ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്. അതിന്റെ ഇന്ററസ്റ്റ് ഗ്യാപ്പ് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നുതന്നെ അടയ്ക്കണം. വിപ്ലവകരമായ സംഭവമാണെന്ന് നിങ്ങൾ പറയുന്ന ഈ കാര്യം കണക്കുകൾവച്ച് നോക്കുമ്പോൾ ഒരുവലിയ കാര്യമാണെന്ന് പറയാൻ കഴിയില്ല. കിഫ്ബിയില്ലായിരുന്നെങ്കിലും കേരളത്തിലെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും 2021 വരെ ഇതിനേക്കാൾ കൂടുതൽ തുക വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ സാധിക്കുമായിരുന്നു. കിഫ്ബിയിൽ വീണ്ടും പണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബുദ്ധിപരമായി ധനകാര്യ വകുപ്പുമന്ത്രി രണ്ട് ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരുശതമാനം ബഡ്ജറ്റിലൂടെ വർദ്ധിപ്പിച്ചു. ഗ്രീൻ ടാക്സ് കൊണ്ടുവന്നു. ഇതിന്റെയൊക്കെ 50 ശതമാനം കിഫ്ബിയിലേയ്ക്ക് പോകും. അത് കൺസോളിഡേറ്റഡ് ഫണ്ടിലല്ല നിൽക്കുന്നത്. ഇതെല്ലാവർക്കും

അറിയാവുന്ന കാര്യങ്ങളാണ്. ഞങ്ങളുടെ വിമർശനത്തിന് കാതലുണ്ടായിരുന്നുവെന്ന് തെളിയിക്കുന്ന രീതിയിലുള്ള കണക്കുകളാണ് ഇവിടെയുള്ളത്. കിഫ്ബിവഴി ബഡ്ജറ്റിനുപുറത്ത് വലിയ രീതിയിൽ കടമെടുത്ത് ചെലവഴിക്കുകയും ഒടുവിൽ അതിന്റെ തിരിച്ചടവ് മുഴുവൻ നികുതി ബാദ്ധ്യതയായി വന്നുചേരുകയും ചെയ്യുമെന്നതാണ് പ്രശ്നം.

ഇവിടെ പ്രധാനമായി പറയാനുള്ളത്, കഴിഞ്ഞ തവണ റിവൈസ്ഡ് ബഡ്ജറ്റ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചു. അതിൽ അദ്ദേഹം പറഞ്ഞത്, കോവിഡിന്റെ മൂന്നാം തരംഗത്തിന്റെ വരവിനെക്കുറിച്ചുള്ള ആശങ്ക ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ പ്രതിഫലിക്കാത്തതുകൊണ്ടാണ് റിവൈസ്ഡ് ബഡ്ജറ്റ് കൊണ്ടുവരുന്നതെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെ വിളിച്ച് സംസാരിച്ചു. എം.എൽ.എ.-മാരുടെ പണം മൂന്നാം തരംഗത്തിന്റെ തയ്യാറെടുപ്പിനുവേണ്ടി നൽകണമെന്ന് പറഞ്ഞു, അത് ഞങ്ങൾ സമ്മതിച്ചു. മൂന്നുകോടി രൂപയെടുക്കുമെന്ന് പറഞ്ഞിട്ട് അദ്ദേഹം നാല് കോടി രൂപ എടുത്തതിൽ ഞങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചില്ല. മൂന്നാം തരംഗത്തെ നേരിടാൻ കേരളം തയ്യാറെടുക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിന്റെ 5 കോടി രൂപയിൽ 4 കോടി രൂപ വീതം കൊടുത്തു. ആകെ 560 കോടി

രൂപയാണ്. ഇതുവരെ 36 കോടി രൂപ ചെലവാക്കി. മൂന്നാംതരംഗം വന്നുപോയി. ചെലവഴിക്കാത്ത തുക ഈ വർഷത്തെ എം.എൽ.എ. ഫണ്ടിലേയ്ക്ക് തിരിച്ച് തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ വർഷത്തെ 5 കോടി രൂപയുടെകൂടെ അത് ലഭ്യമാക്കിയാൽ മതി. 4 കോടി രൂപ കിട്ടിയില്ലെങ്കിലും മൂന്നേമുക്കാൽ കോടി രൂപയെങ്കിലും തരണം. അതിൽ ആർക്കും വിരോധമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ആ തുക ഉപയോഗിച്ച് കഴിഞ്ഞ വർഷം നടപ്പിലാക്കാത്ത വികസന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പിലാക്കാൻ സാധിക്കും. നിയോജകമണ്ഡലങ്ങളിൽ മുൻഗണന ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾ നടക്കും. അതിനാൽ ചെലവഴിക്കാത്ത തുക തിരിച്ചുതരണമെന്ന അഭ്യർത്ഥന ഞാൻ സർക്കാരിന്റെ മുന്നിൽ വയ്ക്കുകയാണ്.

2.00 P.M.]

വാക്സിൻ ഗവേഷണം ആരംഭിക്കുന്നതിന് 10 കോടി രൂപ വകയിരുത്തി, അത് നടന്നില്ല. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ 20,000 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചു. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2500 കോടി രൂപ, ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണമെത്തിക്കാൻ 8900 കോടി രൂപ

എന്നിങ്ങനെ വകയിരുത്തി. ആകെ Kerala Financial Corporation വഴി ലഭിച്ച 176 കോടി രൂപയാണ് ചെലവാക്കിയത്. 18 വയസ്സ് വരെയുള്ളവർക്ക് സൗജന്യ വാക്സിൻ നൽകുന്നതിനായി 1000 കോടി രൂപ പ്രഖ്യാപിച്ചത് ചെലവഴിക്കേണ്ടി വന്നില്ല. കാരണം, കേന്ദ്ര സർക്കാർ അത് സൗജന്യമായി നൽകി. അത്രയും സമ്മർദ്ദം കുറഞ്ഞിട്ടും ഒന്നും പ്രതിഫലിക്കുന്നില്ല. 20,000 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചത് ഇലക്ഷന് മുമ്പുള്ള പടക്കംപൊട്ടിക്കലാണ്. അല്ലാതെ ബഡ്ജറ്റിൽ അലോക്കേഷനോ തുകയോ അനുവദിച്ചിരുന്നില്ല. എവിടെ നിന്നാണ് 20,000 കോടി രൂപ വരാൻ പോകുന്നതെന്ന് ഞങ്ങൾ ചോദിച്ചപ്പോൾ അതിന് മറുപടിയുണ്ടായിരുന്നില്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 550 കോടി രൂപ നൽകിയത് ഗുരുതര അഴിമതിയാരോപണമായി വന്നു. സമയക്കുറവുമൂലം അതിപ്പോൾ ഞാൻ സൂചിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞ മറുപടി യാഥാർത്ഥ്യങ്ങൾക്കും വസ്തുതകൾക്കും നിരക്കാത്തതാണെന്ന് തെളിയിക്കുന്ന മുഴുവൻ രേഖകളുമുണ്ട്. ലോകായുക്തയിൽ ഇപ്പോൾ കേസ് കൊടുത്തിരിക്കുകയാണ്.

സംസ്ഥാനത്ത് പദ്ധതിവിഹിതം ചെലവഴിക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 7280

കോടി രൂപയുൾപ്പെടെ 27610 കോടി രൂപയാണ് നമ്മുടെ പദ്ധതി വിഹിതം. അത് സത്യത്തിൽ എല്ലാവർഷവും വർദ്ധിക്കേണ്ടതാണ്. ഇവിടെ മാത്രം അത് കുറയുകയാണ്. 33000 കോടി രൂപയായിരുന്നത് 30000 കോടി രൂപയായി, പിന്നെ 27000 കോടി രൂപയായി. എല്ലാ സംസ്ഥാനങ്ങളിലും പ്ലാൻ ഫണ്ട് വിഹിതം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, ഇവിടെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനാൽ വികസന പ്രവർത്തനങ്ങൾക്കുള്ള തുകയിൽ വലിയ മാറ്റംവന്നു. ഈ മാർച്ച് 15 വരെയുള്ള കണക്കുപ്രകാരം 27610 കോടി രൂപ വകയിരുത്തിയതിൽ 19000 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്, അതായത് 69 ശതമാനം. ഇനി ആകെ രണ്ടാഴ്ചയേയുള്ളൂ. എന്തായിരുന്നു റീ-ബിൽഡ് കേരള? അതിന് 1830 കോടി രൂപ വകയിരുത്തി, ചെലവാക്കിയത് 388 കോടി രൂപ, അതായത് 21 ശതമാനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കടക്കെണിയിലാണ്. അവർക്ക് 7280 കോടി രൂപ വകയിരുത്തിയതിൽ ചെലവാക്കിയത് 3872 കോടി രൂപ, അതായത് 53 ശതമാനം. പട്ടികജാതി വിഭാഗങ്ങൾക്ക് വകയിരുത്തിയത് 1449 കോടി രൂപ, ചെലവാക്കിയത് 821 കോടി രൂപ, അതായത് 56 ശതമാനം. പട്ടികവർഗ്ഗ വിഭാഗത്തിന് വകയിരുത്തിയത് 58000 കോടി രൂപ, ചെലവാക്കിയത് 45 ശതമാനം മാത്രം. ഇതാണ് സ്ഥിതി. 9432

കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവായത് 68 ശതമാനം മാത്രം. ചെലവ് വർദ്ധിക്കുന്നത് നിയന്ത്രിക്കാൻ സാധിക്കുന്നില്ല. ധനകാര്യ വകുപ്പിലേയ്ക്ക് പല പ്രോജക്ടും വരുന്നില്ല. ഒരു കുടുംബ ബഡ്ജറ്റിലാണെങ്കിലും ആവശ്യമില്ലാത്ത കാര്യങ്ങൾ കുട്ടികൾ പറയുമ്പോൾ വരുമാനം അനുസരിച്ചല്ലേ നമ്മൾ ചെലവ് ചെയ്യുകയുള്ളൂ? വീട്ടിലെ ധനകാര്യമന്ത്രി ചുവന്ന മഷിവച്ച് അത് വേണ്ട; നമുക്ക് കാശ് വരുമ്പോൾ വാങ്ങിക്കാമെന്ന് പറഞ്ഞ് മാറ്റിവയ്ക്കും. കേരളത്തിലെ പണം ചെലവഴിക്കുന്നതിൽ ധനകാര്യ വകുപ്പിന്റെ സ്കൂട്ടിണിയില്ല. ധനകാര്യ വകുപ്പിനെ നോക്കുകുത്തിയാക്കിക്കൊണ്ടാണ് പ്ലാനിംഗിൽനിന്നും പ്രോജക്ടിലേയ്ക്ക് ഷിഫ്റ്റുചെയ്ത് ഈ ഗവൺമെന്റ് പ്രോജക്ട് നടപ്പാക്കുന്നത്. രണ്ട് ലക്ഷം കോടി രൂപയാകുമെന്ന് ഞങ്ങൾ പറയുന്ന സിൽവർലൈൻ പദ്ധതി കേരളത്തിൽ നടപ്പാക്കുമ്പോൾ ധനകാര്യ വകുപ്പിന് എന്തെങ്കിലും റോളുണ്ടോ; ധനകാര്യ വകുപ്പിന്റെ സ്കൂട്ടിണി ഏതെങ്കിലും ഘട്ടത്തിൽ നടത്തിയിട്ടുണ്ടോ? ഇതുസംബന്ധിച്ച് അങ്ങ് വ്യക്തമാക്കുമെന്ന് ഞാൻ കരുതുന്നു. നടത്തിയിട്ടുണ്ടെങ്കിൽ അത് നല്ല കാര്യം. നടത്തിയതായി അറിയാത്തതുകൊണ്ടാണ് ഞങ്ങൾ നിയമസഭയിൽ പറയുന്നത്. ഇവിടെയല്ലേ പറയാൻ സാധിക്കൂ? വരാനിരിക്കുന്ന നൂറ് കൊല്ലം

കടക്കെണിയിലാക്കാൻ പോകുന്ന വലിയൊരു പ്രോജക്ട് ചെയ്യാൻ പോകുമ്പോൾ ധനകാര്യ വകുപ്പിന്റെ പ്രസക്തിയെന്താണ്? സ്ക്രൂട്ടിണി ചെയ്യുന്നതല്ലേ ധനകാര്യ വകുപ്പിന്റെ ജോലി. ആ ജോലി ഈ മെഗാ പ്രോജക്ടിനുവേണ്ടി ചെയ്തിട്ടുണ്ടോ? 2016-ൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഒരു വൈറ്റ് പേപ്പർ ഇറക്കി. 2011 മുതൽ 2016 വരെ എസ്റ്റിമേറ്റ് ചെയ്തിരുന്ന നികുതി പിരിവിൽ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ 30000 കോടി രൂപ വീഴ്ചവരുത്തിയെന്നത് അതിലെ പ്രധാന ആരോപണമായിരുന്നു. എനിക്കത് ഇപ്പോഴും ഓർമ്മയുണ്ട്. 2016 മുതൽ 2021 വരെയുള്ള ഒന്നാം പിണറായി സർക്കാരിന്റെ സമയത്തുള്ള വീഴ്ച 72,608 കോടി രൂപയാണ്. എന്നിട്ട് 30,000 കോടി രൂപയാണ് വലിയ വീഴ്ചയായി പറയുന്നത്. ഇത് അഞ്ചുകൊല്ലംകൊണ്ട് 72,608 കോടി രൂപയായി. ഇനിയുള്ള അഞ്ചുകൊല്ലം ആ റെക്കോർഡ് തകർക്കുമെന്നാണ് തോന്നുന്നത്. ഈ വർഷം ഇപ്പോൾത്തന്നെ 30,000 കോടി രൂപയുടെ ഗ്യാപ് വന്നിട്ടുണ്ട്. അതായത്, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചുവർഷം കൊണ്ടുണ്ടാക്കിയ നികുതി വരുമാനത്തിലെ കുറവ് ഒരുവർഷംകൊണ്ടുതന്നെ 30,000 കോടി രൂപയായി. നമ്മൾ ബഡ്ജറ്റിലെ വാചകങ്ങളല്ല, ബഡ്ജറ്റിലെ സാമ്പത്തിക

സൂചകകങ്ങളാണ് പരിശോധിക്കേണ്ടത്. ഞാൻ അനുവച്ചമാത്രമാണ് സംസാരിക്കുന്നത്. ഇതെല്ലാമാണ് യാഥാർത്ഥ്യം.

സംസ്ഥാനത്ത് 2020-21-ൽ കൊണ്ടുവന്ന ആംനെസ്റ്റി സ്കീം വീണ്ടും തുടരുമെന്നത് ബഡ്ജറ്റിലെ പ്രഖ്യാപനമാണ്. മൂന്നാമത്തെ വർഷമാണിത്. ഞാൻ ഇതിനുമുമ്പും സംസാരിച്ചിട്ടുണ്ട്, ആവർത്തിക്കുന്നു. ഈ ആംനെസ്റ്റി സ്കീം ആലോചിച്ച് കൊണ്ടുവന്ന പദ്ധതിയല്ല. ഒരു കാരണവശാലും അത് പ്രായോഗികമല്ല. കഴിഞ്ഞ രണ്ടുവർഷവും ബഡ്ജറ്റ് ചർച്ചയിൽ എന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നു. മൂന്നാമത്തെ വർഷവും അത് തുടരുന്നു. 2020-21-ൽ ആംനെസ്റ്റി സ്കീം പ്രകാരം നികുതി കുടിശ്ശിക പിരിക്കുന്നതിലൂടെ ലക്ഷ്യമിട്ടിരുന്നത് 9,642 കോടി രൂപയാണ്. എന്നാൽ 270 കോടി രൂപയാണ് ലഭിച്ചത്. കഴിഞ്ഞ ദിവസം എന്നെ ഒരാൾ കാണാൻ വന്നിരുന്നു. ബഹുമാന്യരായ മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും കണ്ടുവെന്നാണ് എന്നോട് പറഞ്ഞത്. കരുനാഗപ്പള്ളിയിൽ ഒരു ചെറിയ സ്വർണ്ണക്കട നടത്തുന്നയാളാണ്. കേരളം മുഴുവൻ ചെയിനുള്ള വലിയ ഗ്രൂപ്പുകളല്ല, ഒരു ഇടത്തരം സ്വർണ്ണക്കട ഉടമയാണ്. ടിയാന് അസസ്മെന്റ് നടത്തി അയച്ച നോട്ടീസിൽ അരിയറായി 280 കോടി രൂപയാണ് വന്നിട്ടുള്ളത്. ഇത് ആരുടെ കണക്കാണ്, ഏത് കണക്കാണ്? അദ്ദേഹം

എനിക്കും പരാതി നൽകിയിട്ടുണ്ട്. നിങ്ങൾക്ക് പരിചയമുള്ള ധാരാളം ആളുകളുടെ കടകളുമുണ്ടാകും. നാനൂറും അഞ്ഞൂറും ആയിരവും കോടി രൂപയുടെ അസസ്മെന്റാണ് അയയ്ക്കുന്നത്. പെട്ടിക്കടക്കാരന് നൂറുകോടി രൂപയുടെ അസസ്മെന്റ് അയയ്ക്കുന്നത് എങ്ങനെ എന്നാണെന്റെ സംശയം. അതാണ് ഇവിടത്തെ അസസ്മെന്റ് രീതി. അതാണ് ആംനെസ്റ്റി സ്കീം തകരാനുള്ള കാരണം. അസസ്മെന്റ് നടത്തി അഞ്ചുലക്ഷം രൂപ അടയ്ക്കാൻ ആവശ്യപ്പെട്ടാൽ ആംനെസ്റ്റി സ്കീമിലെ നിബന്ധനയനുസരിച്ച് ആ തുക സെറ്റിൽ ചെയ്യാൻ കഴിയും. അതാണ് ആംനെസ്റ്റി സെറ്റിൽമെന്റ്. അഞ്ചുലക്ഷം രൂപ നികുതി അടയ്ക്കേണ്ട എനിക്ക് 50 ലക്ഷം രൂപയുടെ അസസ്മെന്റാണ് വകുപ്പ് അടയ്ക്കാൻ ആവശ്യപ്പെടുന്നതെങ്കിൽ 50 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ അടച്ച് സെറ്റിൽ ചെയ്യാൻ ഞാൻ ശ്രമിക്കുമോ? ഞാൻ അഞ്ചുലക്ഷം രൂപയേ കൊടുക്കാനുള്ളൂ. ഇതൊക്കെ പലപ്രാവശ്യം ഞങ്ങൾ ആവർത്തിച്ചുപറഞ്ഞതല്ലേ? എന്നിട്ട് മുന്നൂറും അഞ്ഞൂറും കോടി രൂപയുടെ അസസ്മെന്റാണ് നടത്തുന്നത്. എന്ത് നികുതി ഭരണമാണ് ഇവിടെ നടക്കുന്നത്; എന്താണ് ടാക്സ് അഡ്മിനിസ്ട്രേഷൻ?

വാറ്റ്-ൽനിന്നും നമ്മൾ ജി.എസ്.ടി.-യിലേയ്ക്ക് ഷിഫ്റ്റ് ചെയ്തു. വാറ്റ് എന്തായിരുന്നു; എപ്പോഴാണ് ടാക്സ് കണക്കാക്കിയിരുന്നത്? ഫസ്റ്റ്

പോയിന്റിലായിരുന്നു, അതായത്, നിർമ്മാണ സ്ഥലത്താണ് നികുതി കണക്കാക്കിയിരുന്നത്. ജി.എസ്.ടി. കണക്കാക്കുന്നത് ലാസ്റ്റ് പോയിന്റിലാണ്. ജി.എസ്.ടി.-യും വാറ്റും തമ്മിൽ നേരെ വിപരീതമായിരുന്നു. അതുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് അന്ന് ജി.എസ്.ടി.-യെ സ്വാഗതം ചെയ്തുകൊണ്ട് പറഞ്ഞത്, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജി.എസ്.ടി.കൊണ്ട് വരുമാനമുണ്ടാക്കാൻ പോകുന്ന സംസ്ഥാനം കേരളമായിരിക്കുമെന്നാണ്. കാരണം, ലാസ്റ്റ് പോയിന്റിലാണ് നികുതി. 30 ശതമാനത്തിന്റെ നികുതി വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞു. പത്ത് ശതമാനമായിരുന്നു ആവറേജ്. പക്ഷേ ജി.എസ്.ടി. വരുമാനമുണ്ടാക്കിയില്ല. അഞ്ചുവർഷമായി ഞങ്ങൾ നിരന്തരം പറയുന്ന കാര്യം നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? വാറ്റ് നിലനിന്നിരുന്ന സമയത്തെ ടാക്സ് അഡ്മിനിസ്ട്രേഷനാണ് കേരളത്തിൽ ഇപ്പോൾ നിൽക്കുന്ന നികുതി ഭരണ സംവിധാനം. ഇത് വാറ്റ്-നുമാത്രം യോജിച്ച സിസ്റ്റമാണ്. Entirely different ആണ് ജി.എസ്.ടി.-യുടെ സിസ്റ്റം. എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, വാറ്റ്-നുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന നികുതിഭരണ സംവിധാനം ജി.എസ്.ടി.-ക്ക് അനുകൂലമായി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നാണ്. ഇന്ത്യയിലെ 90 ശതമാനം സംസ്ഥാനങ്ങളും

ജി.എസ്.ടി.-ക്ക് അനുകൂലമായി ചെയ്തു. കേരളത്തിൽ ചെയ്തിട്ടില്ല, എന്തുപറഞ്ഞാലും ചെയ്യില്ല. അങ്ങയുടെ ഈ ബഡ്ജറ്റിലെങ്കിലും ജി.എസ്.ടി.-ക്ക് അനുസൃതമായ തരത്തിൽ റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമെന്ന് കരുതി. ബഡ്ജറ്റ് വായിച്ചപ്പോൾ ഏറ്റവും നിരാശയുണ്ടാക്കിയ കാര്യമാണത്. ജി.എസ്.ടി.-യുടെ നികുതി ഭരണസംവിധാനം ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും മാറ്റിയിട്ടും ഇവിടെ മാറ്റിയിട്ടില്ല. നികുതി വരുമാനം ഗണ്യമായി കുറയുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമതാണ്. ഈ പത്തുശതമാനം നികുതി വർദ്ധനവിനുപകരം ഇരുപത്തിയഞ്ചോ മുപ്പതോ ശതമാനം നികുതി വർദ്ധനവുണ്ടായാൽ ധാരാളം പ്രോജക്റ്റുകളും വെൽഫയർ സ്കീമുകളും ഡെവലപ്മെന്റ് പ്രോജക്റ്റുകളും നടത്താൻ ഗവൺമെന്റിന് സാധിക്കും. ഒരു ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നികുതി/കുടിശ്ശിക പിരിച്ചെടുക്കലാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പരമദയനീയമായി സർക്കാർ പരാജയപ്പെട്ടു. മറ്റ് പല സംസ്ഥാനങ്ങളും വാറ്റ്-ൽനിന്ന് ജി.എസ്.ടി.-യിലേയ്ക്ക് ഷിഫ്റ്റ് ചെയ്തപ്പോൾ വാറ്റ്-ന്റെ കാലത്തുണ്ടായ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഫലപ്രദമായ സംവിധാനങ്ങൾ കൊണ്ടുവന്നു. ഫലപ്രദമായി നികുതി പിരിച്ചെടുക്കുന്ന സംസ്ഥാനങ്ങളിലേയ്ക്ക് ഒരു ടീമിനെ അയച്ച് അവരുടെ പ്രവർത്തനങ്ങൾ

പരിശോധിക്കണം. ഇടയ്ക്കിടയ്ക്ക് നോട്ടീസ് വരുന്നതിനാൽ ജനങ്ങൾ പരിഭ്രാന്തിയിലാണ്. കുടിശ്ശിക പിരിച്ചെടുക്കാനാവശ്യമായ കാര്യങ്ങൾ അടിയന്തരമായി ചെയ്യണം. എന്നാൽ മാത്രമേ നമുക്ക് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. കുടിശ്ശിക പിരിച്ചെടുക്കുന്നതിലും നികുതി വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും സർക്കാർ പരാജയപ്പെട്ടുവെന്നാണ് നമ്മുടെ സാമ്പത്തിക സൂചകങ്ങൾ കാണിക്കുന്നത്.

2190 കോടി രൂപയാണ് പ്രളയ സെസ് ഇനത്തിൽ ലഭിച്ചത്. പുനർനിർമ്മാണത്തിനുവേണ്ടിയല്ലേ പ്രളയ സെസ് പിരിച്ചത്? എന്നിട്ട് പുനർനിർമ്മാണത്തിന് നൽകിയോ? അതിന്റെ കണക്ക് ഞാൻ നേരത്തെ പറഞ്ഞു. 21 ശതമാനമാണ് ചെലവാക്കിയത്. കേരളം പുനർനിർമ്മിക്കാൻ പിരിച്ച തുക അതിനായി ചെലവാക്കിയില്ല. മറ്റ് കാര്യങ്ങൾക്കുവേണ്ടി ചെലവാക്കി. വേൾഡ് ബാങ്കിൽനിന്നും റീബിൽഡ് കേരളയ്ക്ക് ലഭിച്ച ആദ്യ ഗഡു സംബന്ധിച്ച് ഞാൻ നിയമസഭയിൽ നേരത്തെ പറഞ്ഞതാണ്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്, അത് നമ്മൾ ഖജനാവിൽ പണമായിട്ട് സൂക്ഷിച്ചുവയ്ക്കുലല്ല, ആവശ്യം വരുമ്പോൾ എടുക്കുമെന്നാണ്. എന്നിട്ട് ആവശ്യം വന്നപ്പോൾ എടുത്തോ? 4000 കോടി രൂപ വകമാറ്റി ചെലവഴിച്ചു. വേൾഡ് ബാങ്കിൽനിന്നും കിട്ടിയ തുകയും പ്രളയ

സെസും വകമാറ്റി ചെലവഴിച്ചു. എന്നിട്ടും സർക്കാർ രക്ഷപ്പെട്ടില്ലല്ലോ. ഈ നാലായിരം കോടി രൂപ അതിന് തന്നെ ചെലവാക്കിയിരുന്നെങ്കിൽ നിങ്ങളുടെ സ്ഥിതി എന്താകുമായിരുന്നു? ദയനീയമായ സ്ഥിതിയാണ് കേരളത്തിലേത്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് കേരളത്തിന്റെ സാമ്പത്തികാവസ്ഥ നമ്മൾ ഉദ്ദേശിക്കുന്ന തരത്തിലല്ലെന്നുള്ളതാണ്. വളരെ ദയനീയമായ ഒരു അവസ്ഥയിലേയ്ക്ക് നമ്മൾ കൂപ്പുകുത്തുകയാണ്. വരുമാനം വർദ്ധിക്കാതെ ഒരുവശത്ത് ചെലവ് വർദ്ധിച്ചുകൊണ്ടുള്ള ഗുരുതരമായ പ്രശ്നത്തിലേയ്ക്ക് സംസ്ഥാനം നീങ്ങുന്നു. ഞങ്ങൾ സിൽവർലൈനിനെ എതിർത്തപ്പോൾ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട പോയിന്റ് ഇക്കണോമിക് വയബിലിറ്റി സംബന്ധിച്ചാണ്. ആ ഇക്കണോമിക് വയബിലിറ്റി നമുക്കില്ല. ഈ രണ്ടുലക്ഷം കോടിയോളം രൂപയുടെ പലിശയും കൂടി കൂട്ടുമ്പോൾ മാസാമാസം ബഡ്ജറ്റിൽ വച്ചിരിക്കുന്ന തുകയുടെ ഇരട്ടി അതിനുവേണ്ടി മാത്രം കൊടുക്കേണ്ടിവരും. ബഡ്ജറ്റിലെ ഒരു പ്രഖ്യാപനവും നടക്കില്ല. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുന്നത്, നിങ്ങൾ പ്രഖ്യാപിച്ചിരിക്കുന്ന കാര്യങ്ങളിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, പ്രകടനപത്രികയിൽ പറഞ്ഞിരുന്ന പദ്ധതികൾ നടപ്പിലാക്കണം. നടപ്പാകുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം.

സംസ്ഥാനത്ത് പെർഫോമൻസ് ആഡിറ്റ് കൃത്യമായി നടക്കണം.

ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ന് രാവിലെ കെ-റെയിലിനെതിരെ തിരൂരിൽ നടന്ന സമരത്തിൽ പങ്കെടുത്ത അവിടത്തെ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി നസീമയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. അബ്ദുൾ സലാം മാസ്റ്ററും ക്രൂരമായ പോലീസ് മർദ്ദനത്തിൽ പരിക്കേറ്റ് ആശുപത്രിയിലാണ്. വനിതാ പോലീസില്ലാത്ത സമയത്ത് പുരുഷ പോലീസാണ് ആക്രമിച്ചത്. പ്രധാനപ്പെട്ട കാരണങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരങ്ങളെ നിങ്ങൾ അടിച്ചമർത്തരുത്. എം.എൽ.എ.-മാരായ ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. അൻവർ സാദത്ത്, ശ്രീ. റോജി എം. ജോൺ എന്നിവരെ കെ.എസ്.യു., യൂത്ത് കോൺഗ്രസ് നടത്തിയ സമരത്തിന്റെ ഭാഗമായി അറസ്റ്റുചെയ്ത് പോലീസ് നന്ദാവനം ക്യാമ്പിലേക്ക് കൊണ്ടുപോയിരിക്കുകയാണ്. ജനകീയ സമരങ്ങളെ അടിച്ചമർത്താനല്ല പോലീസിനെ ഉപയോഗിക്കേണ്ടത്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻവേണ്ടിയുള്ള ഭരണകൂടത്തിന്റെ ഇൻസ്ട്രുമെന്റായിട്ടാണ് ഉപയോഗിക്കേണ്ടത്. അല്ലാതെ എതിരാളികളെയും സമരങ്ങളെയും അടിച്ചമർത്താനുള്ള ഭരണകൂടത്തിന്റെ ഉപകരണമായിട്ടല്ല മാറ്റേണ്ടത്. ഈ

ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നിരാശപ്പെടുത്തുന്നതാണെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ബഡ്ജറ്റ് പ്രഖ്യാപനങ്ങളെ ഞാൻ ശക്തമായി എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഡ്ജറ്റ് ചർച്ചയുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് ദിവസങ്ങളായി ബഹുമാനപ്പെട്ട അംഗങ്ങൾ നടത്തിയ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും നന്ദി. വിമർശനങ്ങളും പുതിയ നിർദ്ദേശങ്ങളുമാണ് നമ്മെ എപ്പോഴും മുന്നോട്ടുപോകാൻ സഹായിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ആ വിമർശനങ്ങൾ വിമർശനങ്ങൾക്കുവേണ്ടി മാത്രമാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബഡ്ജറ്റിന്റെ കാഴ്ചപ്പാടിനെ സംബന്ധിച്ച് പൊതുവെ വളരെ പോസിറ്റീവായ ചർച്ചയാണ് നടന്നത്. കേരളത്തിന്റെ വികസനത്തിന്, നിലവിലുള്ള സാഹചര്യത്തിന് സഹായകരമായ നിലപാടാണ് ബഡ്ജറ്റിലുള്ളതെന്ന് പൊതുവിൽ പ്രതിപക്ഷാംഗങ്ങളുൾപ്പെടെയുള്ളവർ പറഞ്ഞു. എന്നാൽ ഇതെല്ലാം ചെയ്യാനുള്ള സാമ്പത്തികാവസ്ഥയും റിസോഴ്സുമുണ്ടോ എന്നുള്ള ഒറ്റസംശയം മാത്രമേ അവർക്കുള്ളൂ. ഇതിൽ റിസോഴ്സുണ്ട്. നമ്മളെല്ലാം ഒരുമിച്ചുനിന്നാൽ, ഇതെല്ലാം വിജയിപ്പിക്കാൻ

കഴിയുമെന്ന ഉറപ്പാണ് എനിക്ക് സഭ മുമ്പാകെ ആദ്യമേ പറയാനുള്ളത്.

ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന കാലം ഒരു പ്രത്യേക കാലഘട്ടമാണെന്ന് ഞാൻ പറയേണ്ടതില്ല. രാജ്യവും ലോകവും വല്ലാത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഇത് കേരളത്തിനുമാത്രം ബാധകമായ കാര്യമല്ല. അതുകൊണ്ട് ഇന്ന് ലോകത്താകെയുള്ള സാഹചര്യത്തെ കണ്ടുകൊണ്ട് സംസ്ഥാനത്തിനകത്തും നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം. സാമ്പത്തിക കാര്യങ്ങളുടെ വിശദാംശങ്ങളെ സംബന്ധിച്ച് പിന്നീട് ചുരുക്കി പറയാം. ഇന്ന് രാവിലെ നമ്മൾ സംയുക്തമായി അവതരിപ്പിച്ച് പാസ്സാക്കിയ എൽ.ഐ.സി. സ്വകാര്യവൽക്കരണമടക്കമുള്ള പ്രശ്നങ്ങളുടെ/സമീപനങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ ബഡ്ജറ്റ് ചർച്ച നടക്കുന്നത്. ഈ മാർച്ച് 31 വരെ നമുക്ക് ലഭിക്കുന്ന കേന്ദ്രവിഹിതമടക്കമുള്ള തുകയിൽ ഏകദേശം 17,000 കോടി രൂപ കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അടുത്തവർഷം ആ പണം ലഭിക്കില്ലെന്നതാണ് നമ്മൾ നേരിടുന്ന ഒരു പ്രശ്നം. 100/- രൂപ ശമ്പളം ലഭിക്കുന്ന ഒരു വ്യക്തിക്ക് അടുത്ത വർഷം വിലക്കയറ്റവുംകൂടി ചേർത്ത് 110/- രൂപ ലഭിക്കണം. 100/- രൂപ ലഭിക്കുന്നതിനുപകരം 17/- രൂപ കുറച്ച് 83/- രൂപയാണ് ലഭിക്കുന്നതെങ്കിൽ

ഒരു ഗൃഹനാഥന് എങ്ങനെയാണ് വീട്ടുകാര്യങ്ങൾ ചെയ്യാൻ കഴിയുന്നത് അതുപോലെയാണ് സംസ്ഥാന ഗവൺമെന്റിന്റെ കാര്യവും. അടുത്തവർഷം 32,000 കോടി രൂപയുടെ കുറവാണ് വരുന്നത്. ഞാൻ പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ 100/- രൂപ 120/- രൂപയാകേണ്ട സമയത്ത് 68 രൂപയായി കുറയുകയാണ്. ഇങ്ങനെ സംഭവിക്കുന്നത് സംസ്ഥാന ഗവൺമെന്റെടുത്ത നിലപാടുകൊണ്ടാണെങ്കിൽ പ്രതിപക്ഷത്തിന് ഞങ്ങളെ ആക്രമിക്കാം. വാസ്തവത്തിൽ കേന്ദ്ര ഭരണാധികാരികളുടെ സമീപനം സംസ്ഥാന ഗവൺമെന്റുകളെ എത്രത്തോളം മോശമായി ബാധിക്കുന്നുവെന്നതിന്റെ ഉദാഹരണങ്ങൾ നിങ്ങൾക്കുമറിയാം. പഞ്ചാബിലെ ധനകാര്യ വകുപ്പുമന്ത്രി മിക്കവാറും ജി.എസ്.ടി. കൗൺസിലിൽ വരുമ്പോൾ അവരുടെ സാമ്പത്തിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് സ്ഥിരമായി പറയുമായിരുന്നു. പഞ്ചാബ് കോൺഗ്രസ് ഭരിച്ചിരുന്ന സംസ്ഥാനമായിരുന്നതുകൊണ്ടാണ് അക്കാര്യം ഞാൻ എടുത്തുപറയുന്നത്. നിരന്തരമായും ഏറ്റവും ശക്തമായും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ സംബന്ധിച്ച് പറഞ്ഞിരുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് പഞ്ചാബ് ധനകാര്യ വകുപ്പുമന്ത്രി. പഞ്ചാബിൽ ആ ഗവൺമെന്റ് ഇപ്പോൾ അധികാരത്തിലില്ല. മറ്റുപല രാഷ്ട്രീയ കാര്യങ്ങളും കാണുമായിരിക്കും. പക്ഷേ

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ കടബാദ്ധ്യതയും സാമ്പത്തിക ചെലവും കടമെടുക്കലിന്റെ ശതമാനവുമൊക്കെ പരിശോധിക്കുമ്പോൾ ഏറ്റവും മുന്നിൽനിന്നത് പഞ്ചാബാണ്. പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ അനുഭവം നിങ്ങളുടെ മുന്നിലുണ്ട്. ഇപ്പോൾ രാജസ്ഥാനും ഛത്തീസ്ഗഢും ഉണ്ടല്ലോ; ആ സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളെ എങ്ങനെയാണ് കഴുത്ത് ഞെരിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുന്നത്? നമ്മുടെ സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരുന്ന 3.8 ശതമാനം നികുതി 1.92 ശതമാനമാക്കി. നമുക്ക് ലഭിക്കുന്ന പണം നേരെ പകുതിയായി കുറഞ്ഞു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്ന് മൂന്ന് ശതമാനത്തിലധികം ലഭിക്കുന്നതിന് സംസ്ഥാനത്തിന് അർഹതയുണ്ട്. എന്നാലിപ്പോൾ ഒരു ശതമാനമേ ലഭിക്കുന്നുള്ളൂ. നമ്മൾ ആവശ്യപ്പെടുന്നത് ഇതിനൊരു ഫ്ലെക്സിബിൾ പൂൾ വേണമെന്നാണ്. കേരളം വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും കാര്യത്തിൽ മുന്നോട്ടുപോയി. അതുകൊണ്ട് നമുക്ക് പ്രത്യേക പദ്ധതി വേണം. ഇതൊക്കെ Second generation problems ആണ്. അത് എൽ.ഡി.എഫ്.-ന്റെ മാത്രം പ്രശ്നമാണോ; കേരളത്തിലെ ജനങ്ങൾക്കാകെ ലഭിക്കേണ്ട പണമാണ് ഇങ്ങനെ കുറയ്ക്കുന്നത്. ഇന്ന് എൽ.ഐ.സി.-യുടെ കാര്യത്തിൽ പൊതുവിൽ

ഒരു തീരുമാനമെടുത്തതുപോലെ, പ്രമേയം പാസ്സാക്കിയതുപോലെ ഇതുപോലെയുള്ള കാര്യങ്ങളിലും ഒരു പ്രമേയം പാസ്സാക്കാനും ക്യാമ്പയിൻ നടത്താനും പ്രതിപക്ഷം മുമ്പിൽ വന്നിരുന്നെങ്കിൽ ഈ വിമർശനത്തിന് അർത്ഥമുണ്ടായിരുന്നു. അതിന് പ്രതിപക്ഷം ഇനിയെങ്കിലും വരണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ പരിമിതികൾക്കകത്തുനിന്ന് ഇപ്പോൾ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽനിന്ന് പുറകോട്ടുപോകാതെ പരമാവധി കാര്യങ്ങൾ ചെയ്യുന്നതിന് സഹായകരമായ പദ്ധതികളുമായി ഞങ്ങൾ മുന്നോട്ടുപോകും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിന് നിങ്ങളുടെയെല്ലാം പിന്തുണയും സഹായവുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിയതമായ സംവിധാനങ്ങൾക്കകത്ത് നിന്നുകൊണ്ടുമാത്രമേ സംസ്ഥാന ഗവൺമെന്റിന് പ്രവർത്തിക്കാൻ കഴിയൂ. ആ സംവിധാനത്തെ പ്രധാനമായും നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണങ്ങളുടെ കണക്കുകൾ ഞാൻ പറയുന്നില്ല.

സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളെ പൊതുവിൽ അംഗീകരിച്ചുകൊണ്ടുതന്നെയാണ് എല്ലാ അംഗങ്ങളും സംസാരിച്ചത്. ഞാൻ

ആദ്യം പറഞ്ഞത് ഒരു യുദ്ധത്തിന്റെ അന്തരീക്ഷത്തെ സംബന്ധിച്ചാണ്. സംസ്ഥാന സർക്കാരിന് യുദ്ധത്തെ സംബന്ധിച്ച് പറയാൻ എന്താണ് അവകാശം, അത് സ്റ്റേറ്റ് സബ്ജക്ട് ആണോയെന്ന് ഒരു പ്രതിപക്ഷാംഗം ചോദിച്ചു. ചർച്ച അതുവരെ പോയി. ഇപ്പോഴായിരുന്നു പിക്കാസോ ജീവിച്ചിരുന്നതെങ്കിൽ നിങ്ങൾ അദ്ദേഹം വരച്ച ഗ്വേർണിക്കയും വലിച്ചുകീറി പിക്കാസോയെ ഉപദ്രവിക്കുമായിരുന്നു. കാരണം, രണ്ടാം ലോകമഹായുദ്ധകാലത്തെ യുദ്ധങ്ങളുടെ ദുരന്തത്തിനെതിരെ ചിത്രം വരച്ചതാണ് പിക്കാസോ. ജവഹർലാൽ നെഹ്റുവും അതുപോലെയുള്ള സ്വാതന്ത്ര്യസമരസേനാനികളും ഭരണാധികാരികളും അന്നത്തെ കോൺഗ്രസ് നേതാക്കളും ഇടതുപക്ഷവും ലോകസമാധാനത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടല്ലോ. സമാധാനം അല്ലെങ്കിൽ മതനിരപേക്ഷത തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് സംസാരിക്കാൻ അവകാശമില്ലേ; യുദ്ധം ചെയ്യാനുള്ള അവകാശവും യുദ്ധമുണ്ടാക്കാനുള്ള അവകാശവുമെല്ലാം സായിപ്പുമാർക്കാണോ, അമേരിക്ക അല്ലെങ്കിൽ മറ്റുരാജ്യങ്ങൾ തീരുമാനിക്കട്ടെയെന്ന് പറയാൻ നമുക്ക് സാധിക്കുമോ; നെൽസൺ മണ്ടേല ജയിലിൽ കിടന്നപ്പോൾ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷനേതാവും ഭരണപക്ഷത്തിരിക്കുന്ന ഞങ്ങളുമുൾപ്പെടെ നെൽസൺ മണ്ടേലയുടെ

മോചനത്തിനുവേണ്ടി സമരം നടത്തിയില്ലേ? അന്നത്തെ പ്രധാനപ്പെട്ട ഒരു പത്രം 'മണ്ടേല മണ്ടേല' എന്നുപറഞ്ഞ് കളിയാക്കി കാർട്ടൂൺ വരച്ചത് ഞാൻ ഓർക്കുന്നു. ഞങ്ങളൊക്കെ കോളേജിൽ പഠിക്കുമ്പോൾ ക്യാമ്പസുകളിലെ വരാന്തകളിൽ നെൽസൺ മണ്ടേലയെ മോചിതനാക്കാൻവേണ്ടി വലിയ സമരം നടന്നു. അഴീക്കൽ യുവജനസമ്മേളനത്തിന്റെ ഭാഗമായി പിന്നീട് ഞങ്ങൾക്ക് സൗത്ത് ആഫ്രിക്കയിൽ പോകാൻ അവസരം ലഭിച്ചു. ഞാനും ഇപ്പോഴത്തെ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട സ്പീക്കറും കൃഷി വകുപ്പുമന്ത്രിയായ ശ്രീ. പി. പ്രസാദുമൊക്കെ ഉണ്ടായിരുന്നു. ഞങ്ങൾക്ക് നെൽസൺ മണ്ടേല കിടന്ന ആറടി നീളമുള്ള കമ്പിയഴികൾ മാത്രമുള്ള ജയിലിൽ സന്ദർശിക്കാനും അദ്ദേഹം കിടന്ന കരിമ്പടം ഉൾപ്പെടെയുള്ളവ കാണാനും സാധിച്ചു. അദ്ദേഹം പിന്നീട് ജയിൽ മോചിതനായി, പ്രസിഡന്റായി, അദ്ദേഹത്തിന്റെ അന്ത്യത്തിനുശേഷമാണ് ഞങ്ങൾ സൗത്ത് ആഫ്രിക്കയിൽ പോയത്. പക്ഷേ ഞങ്ങളുടെ മനസ്സിൽ പണ്ട് ക്യാമ്പസിൽ നടത്തിയ പ്രകടനത്തെക്കുറിച്ചുള്ള വികാരമുണ്ട്.

മി. സ്പീക്കർ: ജയിലിൽ മണ്ടേലയ്ക്കൊപ്പം ബില്ലി നായർ എന്നൊരു മലയാളികൂടിയുണ്ടായിരുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട സ്പീക്കർ

അക്കാര്യം ഓർക്കുന്നുണ്ട്. ഞങ്ങൾ ഒരുമിച്ചാണ് അവിടെ സന്ദർശനം നടത്തിയത്. അങ്ങനെ നെൽസൺ മണ്ടേലയ്ക്കുവേണ്ടി ഇവിടെ നടത്തിയ പ്രകടനവും ബോത്ത ഭരണകൂടം അദ്ദേഹത്തെ അടിച്ചമർത്താൻ ശ്രമിക്കുന്നതിനെതിരെ കേരളത്തിലെയും ഇന്ത്യയിലെയും ക്യാമ്പസുകളിൽ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ സമരവും വർണ്ണവെറിക്കെതിരായി നടത്തിയ സമരവും മോശമാണെന്നാണോ ഇന്നത്തെ കോൺഗ്രസ്സുകാർ പറയുന്നത്? ജവഹർലാൽ നെഹ്റുവും ആ തലമുറയും സമാധാനത്തിനുവേണ്ടി നടത്തിയ Non Alignment Movement (NAM) എന്നുപറയുന്ന മുന്നേറ്റങ്ങൾ ഓർക്കണം. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ ഞങ്ങളൊക്കെ കോളേജ് വിദ്യാർത്ഥികളായിരുന്നു. അന്ന് ഇന്ത്യയിൽ യാസർ അറാഫത്ത് വന്നതും അവരെ ആലിംഗനം ചെയ്തതും നിങ്ങളെല്ലാം ഓർക്കുന്നുണ്ടാകും. യാസർ അറാഫത്ത് ഇന്ത്യയിലേയ്ക്ക് വരുമ്പോൾ അന്ന് ഇസ്രായേൽ രാജ്യത്തിനെതിരെ ശക്തമായ നിലപാടെടുക്കുന്ന പോളിസിയായിരുന്നു നമ്മുടേത്.

മറ്റൊരു കാര്യം പറയാനുള്ളത്, കുറച്ച് എൻ.ജി.ഒ. സംഘടനകളെ വിളിച്ച് ടൂർ നടത്താം, സെമിനാർ നടത്താമെന്നൊക്കെ ചർച്ചയിൽ പറയുന്നത്

കേട്ടു. നമുക്ക് അധമബോധമൊന്നും വേണ്ട. നമ്മളെപ്പോലെയുള്ള സാധാരണക്കാർ ചേർന്നാണ് ലോകസമാധാനത്തിനുവേണ്ടിയുള്ള പോരാട്ടം മുന്നോട്ടുകൊണ്ടുപോകുന്നത്. അതിന് കേരള ഗവൺമെന്റും കേരളത്തിലെ ജനങ്ങളുമുണ്ടാകും. അങ്ങനെയൊരു സമീപനം എടുത്തുവെന്നതുകൊണ്ട് ഞാൻ പറഞ്ഞതാണ്. നാട്ടിൽ വിലക്കയറ്റത്തിന്റെ വലിയ പ്രതിസന്ധി വരാൻ പോകുന്നുവെന്നാണ് ഈ ബഡ്ജറ്റിന്റെ ആദ്യഘട്ടത്തിൽ പറഞ്ഞത്. വിലക്കയറ്റത്തെ നേരിടാൻ 2,000 കോടി രൂപയുടെ പദ്ധതി ഇപ്പോൾ വകയിരുത്തിയിട്ടുണ്ട്. വിലക്കയറ്റം കൂടിയാൽ ഇനിയും പണം മാറ്റിവയ്ക്കേണ്ടിവരും. എന്നാലതിന് പരിമിതിയുണ്ടെന്ന് നമ്മൾ കാണണം. ഉല്പാദിപ്പിക്കുന്ന സംസ്ഥാനത്തെക്കാളും അതേ ഉല്പന്നം കേരളത്തിൽ വില കുറച്ച് വിൽക്കുന്നുവെന്ന് പറഞ്ഞാൽ അതിൽക്കൂടുതൽ എന്താണ് വേണ്ടത്. നമുക്ക് അങ്ങനെ മുന്നോട്ടുപോകുന്നതിന് കുറേ കാര്യങ്ങൾ ചെയ്യേണ്ടി വരും. നമ്മുടെ ഉല്പാദനം വർദ്ധിപ്പിക്കാതെ യാതൊരു മാർഗ്ഗവുമില്ല. ഇന്ത്യയിലേതെന്നല്ല, ലോകത്തുതന്നെ ഏറ്റവും വിദ്യാസമ്പന്നരായ, നല്ലതുപോലെ പണിയെടുക്കാൻ പ്രാപ്തിയുള്ള ആളുകൾ നമുക്കുണ്ട്. അതിൽ രാഷ്ട്രീയ വ്യത്യാസമൊന്നുമില്ല. ലോകത്തെ ഏറ്റവും മനോഹരമായ കാലാവസ്ഥ നമുക്കുണ്ട്, നല്ല വെയിലുണ്ട്. സൂര്യതാപമേൽക്കാനും വിറ്റാമിൻ-

ഡി കിട്ടാനും വിമാനം കയറി കോവളത്തോ കേരളത്തിലെ തീരപ്രദേശങ്ങളിലോ കടൽക്കരയിലോ ടൂറിസ്റ്റുകൾ വരും. അത്തരത്തിലുള്ള നല്ല കാലാവസ്ഥ കേരളത്തിലുണ്ട്. എന്തെങ്കിലും വാരിയിട്ടാൽ കിളിർത്തു കയറുന്ന മണ്ണ് നമുക്കുണ്ട്. അങ്ങനെയുള്ള സ്ഥലത്ത് നമ്മൾ ആ കൃഷി നന്നായി ഉപയോഗിക്കണം. ഞാൻ വെറുതെ പറയുന്നതല്ല, സ്വപ്നങ്ങളല്ല. വിവിധ വിഭാഗങ്ങളിലുള്ളവരുമായി ഓൺലൈനിലൂടെ ബഡ്ജറ്റിന്റെ കാര്യങ്ങൾ ചർച്ച ചെയ്തു. ലോകത്തെ പല ശാസ്ത്ര ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകളിലും പോസ്റ്റ് ഡോക്ടറൽ രംഗത്ത് ജോലി ചെയ്യുന്ന ചെറുപ്പക്കാരുടെ പ്രൊപ്പോസൽസ് ലഭിക്കുന്നുണ്ട്. ലോകത്തെ പല രാജ്യങ്ങളിലുള്ള ചെറുപ്പക്കാരും പങ്കെടുത്തു. ആപ്പിൾ ഫോണിന്റെയും ആപ്പിൾ ലാപ്ടോപ്പിന്റെയും ഏറ്റവും പ്രധാനപ്പെട്ട പുതിയ ചിപ്പാണ് M1 ചിപ്പ്. M1 ചിപ്പ് പ്രോജക്ടിൽ കേരളത്തിൽ നിന്നുള്ള ഒരു പെൺകുട്ടി തായ്‌വാനിൽ ജോലി ചെയ്യുന്നു. ഇതുപോലെ വിവിധ മേഖലകളിൽ/യൂണിവേഴ്സിറ്റികളിൽ അവരൊക്കെ എങ്ങനെയാണ് ജോലി ചെയ്യുന്നത്, അവരുടെ കഴിവുകൾ നമുക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്നിങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് അവരെയുംകൂടി ഉൾപ്പെടുത്താൻ കഴിയുമെങ്കിൽ നമ്മുടെ നാടിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാൻ

സാധിക്കും. ഞാനിത് വെറുതെ പറയുന്നതല്ല. കെൽട്രോൺ ട്രാൻസിസ്റ്റർ നിർമ്മിച്ച കാലഘട്ടത്തിൽ അത്രയും നല്ല ട്രാൻസിസ്റ്റർ സൗത്ത് കൊറിയ ഉണ്ടാക്കിയിരുന്നില്ല, ഇലക്ട്രോണിക്സിലേയ്ക്ക് അവർ വന്നില്ല, ഇന്നോ; ആദ്യത്തെ ടെക്നോപാർക്ക് രൂപീകരിച്ചത് കേരളത്തിലാണ്. ടെലിവിഷന്റെ കാര്യത്തിൽ സ്വന്തമായി ടെക്നോളജി ഉപയോഗിച്ചിരുന്നല്ലോ; അങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ വിവിധ മേഖലകൾ വേണം. ഒരുവശത്ത് കാർഷികമേഖലയും അതിൽനിന്നുണ്ടാകുന്ന ഉൽപ്പാദനവും ഉൽപ്പന്നങ്ങളുമുണ്ട്. വളരെ സമൃദ്ധമായ, വളരെയേറെ മിടുക്കന്മാരും മിടുക്കികളുമായ യുവതലമുറയെ ഏറ്റവും പുതിയ ടെക്നോളജിയിലെത്തിക്കാൻ സാധിക്കുന്ന മാർക്കറ്റിംഗ് സ്റ്റാർട്ടപ്പുകൾക്കുള്ള സംവിധാനമുണ്ടാക്കണം, അത് വിജയിച്ചേ കഴിയൂ. ആ പരീക്ഷണത്തിൽ നമ്മൾ ഇടയ്ക്ക് പരാജയപ്പെടും. നൂറ് അനുഭവം വന്നാൽ അഞ്ചോ പത്തോ മാത്രമായിരിക്കും വിജയിക്കുക. ലോകത്ത് ശാസ്ത്രസാങ്കേതിക മേഖലയിൽ ഐഡിയയാണ് ഇപ്പോൾ പ്രധാനം. ഹെവി ഇൻഡസ്ട്രിയുടെ കാലം ഇപ്പോഴുമുണ്ടെങ്കിലും അത് കുറഞ്ഞു. Elon Reeve Musk (Elon Musk) ലോകത്തെ ഏറ്റവും വലിയ സമ്പന്നനാണ്. അദ്ദേഹത്തിന്റെ ആശയം Tesla കാറും Hyperloop എന്നുപറയുന്ന അതിവേഗമുള്ള സംവിധാനങ്ങളും കുറെ ടെക്നോളജിയുമാണ്.

ഉപഗ്രഹങ്ങളുടെ ശൃംഖലതന്നെ സൃഷ്ടിക്കുന്ന സാറ്റലൈറ്റ് സംവിധാനമൊക്കെയുള്ള അദ്ദേഹം ലാഭമുണ്ടാക്കുന്ന ആളാണ്. പക്ഷേ അദ്ദേഹം പഴയതരത്തിലുള്ള ഉൽപ്പാദന ഫാക്ടറിയല്ല ഉപയോഗിക്കുന്നത്. ഗൂഗിൾ ഉണ്ടാക്കുന്നത് അങ്ങനെയല്ല. BYJU'S ആപ്പ് കണ്ണൂർക്കാരൻ തുടങ്ങിയതാണ്. BYJU'S ആപ്പ് എന്നത് ഒരു അറിവാണ്, ഒരു ആശയമാണ്. ഇത്തരം ആശയങ്ങളുള്ള, അതിന്റെ ഗുണം നേടാൻ കഴിയുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വരണം. അവിടെയാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന സയൻസ് പാർക്കുകൾ വരുന്നത്. സയൻസ് പാർക്ക് എന്നുപറഞ്ഞാൽ, 10 ലക്ഷം വീതം സ്ക്വയർഫീറ്റുള്ള മൂന്നോ നാലോ പാർക്കുകൾ ഒരുമിച്ച് ചെയ്തുതീർക്കുകയല്ല ചെയ്യുന്നത്. രണ്ട് ടവറുണ്ട്, അതിൽ ഗവേഷണം നടത്താനും ഉൽപ്പാദനം നടത്താനും കഴിയണം. പറയാൻ എളുപ്പമാണ്. എന്നാൽ ചെയ്യുന്നത് വളരെ എളുപ്പമാണെന്നല്ല ഞാൻ പറയുന്നത്. അവിടെ സയൻസ് റിസർച്ചും ഉൽപ്പാദനവും മാർക്കറ്റിംഗും വേണം. മാർക്കറ്റിംഗാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സയൻസ് പാർക്കുകൾപോലെ കുറെ ആശയങ്ങൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്.

സർവ്വകലാശാലകളിലെ സെന്ററുകളുടെയും ഹയർ എഡ്യൂക്കേഷന്റെ

കാര്യത്തിലൊന്നും തർക്കമില്ല, അവർ കൂടുതൽ വർക്ക് ചെയ്യണമെന്ന അഭിപ്രായമാണ്. 9.00 മണിക്ക് വന്ന് 3.00 മണിക്ക് തിരിച്ചുപോകുന്ന ക്യാമ്പസുകളായി നമ്മുടെ സർവ്വകലാശാലകൾ മാറരുത്, റസിഡൻഷ്യൽ ക്യാമ്പസുകളാകണം. ഇന്ത്യയിലെ യൂണിവേഴ്സിറ്റികളെപോലെ രാവുംപകലും സജീവമായ ക്യാമ്പസുകളായി നമ്മുടെ ക്യാമ്പസ് മാറണം. അതിന് കുട്ടികൾക്കാവശ്യമായ ഹോസ്റ്റൽ മുറികൾ വേണം. ഒരു യൂണിവേഴ്സിറ്റിക്ക് 350, 400 മുറിവച്ച് 5 പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് കൊടുക്കാൻ തീരുമാനിച്ചു, അത് നടത്താൻ സാധിക്കണം. മൂന്നൂറ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരു വർഷത്തിനകത്തോ ഒന്നരവർഷത്തിനകത്തോ ഹോസ്റ്റൽ മുറി തയ്യാറാക്കണം. ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഇവിടെ വരണം. അവർക്കുവേണ്ടി ഇന്റർനാഷണൽ ഹോസ്റ്റൽ പണിതാൽ അതിനപ്പുറവും പണം അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകും. ആ സൗകര്യമുണ്ടാക്കുക എന്നുള്ളത് പ്രധാനമാണ്. അത് വലിയ മലമറിക്കുന്ന കാര്യമല്ല. സത്യത്തിൽ, ഒന്നോ രണ്ടോ റോഡ് ചെയ്യുന്ന തുകയല്ലേ ചെലവാകുന്നുള്ളൂ. പത്ത് യൂണിവേഴ്സിറ്റിക്ക് ട്രാൻസ്ലേഷണൽ ലാബ് ആവശ്യമാണ്. മലയാളം, സംസ്കൃത യൂണിവേഴ്സിറ്റിക്കൊഴിച്ച് ബാക്കിയെല്ലാ യൂണിവേഴ്സിറ്റികളിലുമുണ്ട്. വിവിധ പ്രോഡക്ടുകൾ ഉൽപാദിപ്പിക്കാം, അത്

ഉൽപാദിപ്പിക്കുന്നത് പുതിയ ഇന്നൊവേഷനിലാണ്. ആ ഇന്നൊവേഷൻ ഉപയോഗിച്ച് ചെയ്യുകായെന്നു പറഞ്ഞാൽ, സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ കുട്ടികളെ വിളിച്ചിരുന്നു. ബയോ ടെക്നോളജിയിൽ സ്റ്റാർട്ടപ്പ് ചെയ്യുന്ന കുട്ടികളുണ്ട്, മറ്റ് കുട്ടികളുമുണ്ട്. അവർ അവിടത്തെ ലാബിൽത്തന്നെയാണ് ചെയ്യുന്നത്. പഠിപ്പിക്കുന്ന ലാബിലാകുമ്പോൾ അതിന് പരിമിതിയുണ്ട്. അദ്ധ്യാപകൻ അല്ലെങ്കിൽ ഒരു കുട്ടി മാറിയതിനുശേഷമല്ലേ മറ്റൊരു കുട്ടിക്ക് ചെയ്യാൻ കഴിയൂ. അതിനാലൊരു ലബോറട്ടറി സൗകര്യം ആവശ്യമാണ്. ഇതൊക്കെ ചർച്ച ചെയ്ത് ഏതിനാണ് മുൻഗണന കൊടുക്കണ്ടതെന്ന് ആലോചിക്കണം. ട്രാൻസ്ലേഷണൽ ലാബുകൾ വന്നാൽ അതിന് ചുറ്റും കുട്ടികൾക്ക് അവരുടെ സ്റ്റാർട്ടപ്പ് ചെയ്യാൻ കഴിയണം. അവിടെ ചെറിയൊരു ഇൻഡസ്ട്രിയൽ സ്പെയിസ് കൊടുത്ത് അതിനുള്ള മാർക്കറ്റിംഗ് കമ്പനി വേണം, അതൊരു സങ്കൽപ്പമാണ്. അത് ലോകത്തെല്ലാമുള്ളതാണ്, വലിയ യൂണിവേഴ്സിറ്റികളിലൊക്കെയുള്ളതാണ്. ഇപ്പോൾ കേരളത്തിലെ സ്റ്റാർട്ടപ്പ് നന്നായി പ്രവർത്തിക്കുന്നു, കൂടുതലും ഐ.റ്റി. മേഖലയിലാണ്. ഐ.റ്റി. മാത്രമല്ല, ആൽഗയിൽ നിന്ന് നല്ല ബിസ്കറ്റുണ്ടാക്കുന്ന ഒരു ചെറുപ്പക്കാരന് പത്തോ ഇരുന്നൂറോ കോടി രൂപയ്ക്കുട്ടത്ത് ഷെയർ ക്യാപ്പിറ്റൽ മറ്റ്

സംസ്ഥാനങ്ങളിൽനിന്ന് കൊടുത്തു. മലയാളി തന്നെയാണ് കൊടുത്തത്. 30 വയസ്സിന് താഴെയുള്ള ഒരു ചെറുപ്പക്കാരനാണ്. നമ്മുടെ നാട്ടിലെ പായൽ (ആൽഗ)-ൽനിന്ന് വളരെ ഇക്കണോമിക്കലായി, ഹെൽത്തിയായിട്ടുള്ള ഒരു പ്രോഡക്ട് കണ്ടെത്തി. ബയോടെക്നോളജിയും അതുപോലെയുള്ള മേഖലയിലുള്ളതാണ്. ചക്കയുടെ ഉദാഹരണം ഞാൻ ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞിരുന്നു. മൈക്രോസോഫ്റ്റിൽ 6-7 വർഷം ജോലി ചെയ്ത് ഇപ്പോൾ 12 കോടി രൂപ ടേണോവറുള്ള ഒരു കമ്പനിയായി മാറി. ഇങ്ങനെ രൂപപ്പെടുത്താൻ പ്രയാസമാണ്. കാരണം, കേരളത്തിൽ സർട്ടിഫിക്കേഷൻ സൗകര്യമില്ല, ക്ലിനിക്കൽ സൗകര്യം കുറച്ചുകൂടി ലഭ്യമാക്കണം. കൃഷിവകുപ്പും മറ്റുവകുപ്പുകളും ചേർന്ന് അത് ചെയ്യണം; ഇതുപോലെ വിവിധ മേഖലകളിൽ ചെയ്യാൻ സാധിക്കും. കഴിഞ്ഞ ദിവസം ജാർഖണ്ഡിലെ ഒരു ചെറുപ്പക്കാരന്റെ കണ്ടുപിടിത്തത്തെക്കുറിച്ച് മാതൃഭൂമി പത്രത്തിൽ വാർത്ത വന്നു. പായലിൽനിന്ന് ബയോഡീസൽ കണ്ടെത്തുന്ന ഒരു യൂണിറ്റാണ്. ആ ചെറുപ്പക്കാരനെ ഇവിടെ വിളിപ്പിച്ചു. എന്നിട്ട് ഇവിടെ പൈലറ്റ് പ്രോജക്ട് നൽകാമെന്ന് പറഞ്ഞു. പൈലറ്റ് പ്രോജക്ട് കൊടുത്തുകഴിഞ്ഞാൽ ഉടനെ വിജയിക്കുമെന്നല്ല. പക്ഷേ നൂറെണ്ണം വന്നാൽ അഞ്ചോ പത്തോ വിജയിക്കാം. കുളവാഴയും പായലും മറ്റ് സാധനങ്ങളും പല

സ്ഥലങ്ങളിലുള്ളതിനേക്കാൾ വ്യത്യസ്തമായുള്ളതുകൊണ്ടും വെള്ളവുമുള്ളതുകൊണ്ടും ഉപയോഗിക്കാൻ പറ്റുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ സ്വപ്നമായിരിക്കാം. പക്ഷേ സ്വപ്നമില്ലാത്തിടത്ത് ഒന്നുമുണ്ടാകില്ല. സ്വപ്നങ്ങളില്ലാത്തവർക്ക് ഒരു കാര്യവും ചെയ്യാൻ സാധിക്കില്ല. സ്വപ്നങ്ങളിൽനിന്നാണ് പറക്കുന്ന വിമാനവും ഡ്രോണും ബഹിരാകാശത്തേയ്ക്കുള്ള കാര്യങ്ങളുമൊക്കെ ഉണ്ടായിട്ടുള്ളത്. പണ്ട് സ്വപ്നം കാണുന്ന പലതും ഇപ്പോൾ യാഥാർത്ഥ്യമായിട്ടുണ്ട്. ഇതൊരു വെറും സ്വപ്നമല്ല. ഇതൊക്കെ ലോകത്ത് വന്ന കണ്ടുപിടിത്തങ്ങളുടെ തുടർച്ചയാണ്. അതിന്റെ ഭാഗമായി കണ്ടുപിടിത്തങ്ങൾ തുടർന്നു. കൃഷിയുടെ കാര്യത്തിൽ ഇങ്ങനെ തന്നെയാണ് കണ്ടത്. കുരുമുളകിന് നല്ല വിലയുണ്ടായിരുന്നു. പണ്ട് കുരുമുളക് കൊണ്ടുപോകാനാണ് പോർച്ചുഗീസുകാർ ഇവിടെ വന്നത്. ഇപ്പോൾ കുരുമുളക് ഒരേക്കറിൽ 300-400 കിലോ പോലുമില്ല. എന്നാൽ വിയറ്റ്നാമിൽ ഇതിന്റെ ഏഴിരട്ടിയുണ്ട്, അവിടെ തുള്ളിനന പോലുള്ള മറ്റ് മാർഗ്ഗങ്ങളുണ്ട്. അവരുടെ കൃഷിരീതി വ്യത്യസ്തമാണ്. ഹൈഡെൻസിറ്റി കൃഷി വേണം, അതിന് ചെറിയ തുള്ളിനന സൗകര്യങ്ങൾ വേണം. അങ്ങനെ ചെയ്താൽ മാത്രം പോര. കൃഷിക്കാർക്ക് ഇന്ത്യയിലെയും ലോകത്താകെയുമുള്ള പ്രധാനപ്പെട്ട കൃഷിരീതികൾ കാണാൻവേണ്ടി 2 കോടി

രൂപ നീക്കി വച്ചിട്ടുണ്ട്. നിങ്ങൾ അതിനെ വിമർശിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. കുറച്ച് കൃഷിക്കാരെ പുറത്തുകൊണ്ടുപോകാൻവേണ്ടി തുക വച്ചിരിക്കുന്നതാണെന്ന് പറയുമെന്ന് വിചാരിച്ചു. നല്ല കൃഷിരീതികൾ കാണുന്നത് നല്ലതാണ്. പ്രൊഫസർമാരും മറ്റ് ഉദ്യോഗസ്ഥരും മാത്രമല്ലല്ലോ; കൃഷിക്കാരും പോകട്ടെ. മത്സ്യമേഖലയിലും കാർഷിക മേഖലയിലും പല മോഡലുകളുണ്ട്. കൃഷിരീതിയുടെ കാര്യം പറഞ്ഞു, അതിൽ വാല്യൂ ആഡഡ് പ്രോഡക്ട്സ് വലിയ തോതിലുണ്ട്. ഇവിടെയാകെ മരച്ചീനിയുടെ കാര്യമാണ് പറഞ്ഞത്, മരച്ചീനിയിൽനിന്ന് എഥനോൾ എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. മരച്ചീനിയിൽനിന്ന് എഥനോൾ ഉൽപാദിപ്പിക്കുന്നത് ലാഭകരമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല, എനിക്കിത് പറയുന്നതിൽ ഒരുമടിയുമില്ല. കാരണം, മൊളാസ്സസിൽ നിന്നുൽപാദിപ്പിക്കുന്ന സ്പിരിറ്റ് 60 രൂപയ്ക്ക് കേരള അതിർത്തിയിൽ ലാന്റ് ചെയ്യുന്നിടത്തോളം കാലം ഇത് ലാഭകരമാണെന്ന് പറയാൻ സാധിക്കില്ല. കാരണം ശർക്കരയും പഞ്ചസാരയും എടുത്തതിന് ശേഷമുള്ളതാണല്ലോ മൊളാസ്സസ്; അത് ബൈപ്രോഡക്ടാണ്. പക്ഷേ ഇതിൽനിന്നും ഗവേഷണം നടത്തിയാൽ കൂടുതൽ കാര്യങ്ങൾ ചെയ്യാം. ഞങ്ങൾ കിഴങ്ങ് ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുമായും ഡയറക്ടർ ഉൾപ്പെടെയുള്ളവരുമായി ഒരു പൈലറ്റ് പ്രോജക്ട് സംബന്ധിച്ച് ചർച്ച ചെയ്തു.

പായലിന്റെ കാര്യം പറഞ്ഞതുപോലെ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാകണം. വാല്യൂ ആഡഡ് പ്രോഡക്ട് എന്നുപറഞ്ഞാൽ മദ്യം മാത്രമല്ല. നീരയുടെ പരാജയം ഇവിടെ ചർച്ചയിൽ വന്നു. നീര ഉൽപ്പാദിപ്പിച്ചെങ്കിലും പരാജയമുണ്ടായി. പക്ഷേ സംസ്ഥാനത്തിന് പുറത്തുപോകുമ്പോൾ ഡൽഹിയിലോ, ലക്നൗവിലോ ഒക്കെ കരിക്കിൻവെള്ളം കുപ്പിയിലാക്കി തരികയാണ്. അതിനകത്ത് കരിക്കിന്റെ കുറച്ച് കഷ്ണങ്ങളുമിടും. നമുക്ക് ഇങ്ങനെയുള്ള സംവിധാനങ്ങളുണ്ടോ; 40-50 രൂപയ്ക്ക് അവിടെ ലഭിക്കുന്ന ബോട്ടിലിലുള്ള കരിക്കിൻവെള്ളം കേരളത്തിലില്ല. ഫുഡ് ഇൻഡസ്ട്രി വലുതാണ്, അതിൽ തർക്കമില്ല. അതിന് ഏറ്റവും നല്ല ഉദാഹരണം, മലപ്പുറത്തുനിന്നുൾപ്പെടെ ദിവസവും വിമാനത്താവളത്തിൽനിന്നും കയറ്റിവിടുന്ന ഭക്ഷണങ്ങളെക്കുറിച്ചുള്ള വാർത്തകൾ കേൾക്കാറില്ലേ? ദിവസവും ഭക്ഷണമുണ്ടാക്കും, പാക്ക് ചെയ്ത് അപ്പോൾത്തന്നെ അയയ്ക്കും. ഇങ്ങനെയുള്ള കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കും. 100 കോടി രൂപ മൂലധനമുള്ള ഒരു കമ്പനിയിൽ ഗവൺമെന്റിന്റെ വിഹിതം 26 കോടി രൂപയായിരിക്കും. അന്തർദേശീയ തലത്തിൽ ബന്ധമുള്ള വലിയ ബിസിനസ് നടത്തുന്നവരെയും മികച്ച കമ്പനിയിൽ ജോലി ചെയ്യുന്നവരെയും ചേർത്ത് പ്രൊഡക്ഷൻ, പ്രോസസിംഗ്, മാർക്കറ്റിംഗ് എന്നിവ നടത്തണം.

മാർക്കറ്റിംഗില്ലാതെ എന്തുനിർമ്മിച്ചിട്ടും കാര്യമില്ല. മാർക്കറ്റിംഗാണ് ഏറ്റവും വലിയ പ്രശ്നം. അങ്ങനെയുള്ള ചില സ്വപ്നങ്ങൾ വ്യവസായത്തിന്റെ കാര്യത്തിലും സ്റ്റാർട്ടപ്പുകളുടെ കാര്യത്തിലും വികസനത്തിന്റെ കാര്യത്തിലുമെല്ലാം വച്ചിട്ടുണ്ട്. അതിന് വലിയ തുക നീക്കിവച്ചിട്ടില്ല; പത്തോ ആയിരമോ കോടി രൂപയാണ് വച്ചിട്ടുള്ളത്. കാർഷിക പാർക്കുകൾ, 10 ഫുഡ് പാർക്ക്, 7 കൃഷിപാർക്കുകൾ, ഐ. റ്റി. പാർക്കുകൾ എന്നിവയെല്ലാമുണ്ട്. നമ്മുടെ ചെറുപ്പക്കാരെ പ്രേരിപ്പിച്ച് ഇക്കാര്യങ്ങളൊക്കെ ചെയ്യിക്കുകയെന്ന ആശയമാണ് ഒരുഭാഗത്ത് വച്ചിരിക്കുന്നത്. ഇതിനൊപ്പം അടിസ്ഥാന സൗകര്യ വികസനമില്ലാതെ കഴിയുമോ? കെ-റെയിലിന്റെ കാര്യം ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. കെ-റെയിലിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തില്ലെന്നുള്ളതായിരുന്നു പരാതി, ഇന്നലെ ചർച്ചയുണ്ടായിരുന്നു. ഞങ്ങൾക്ക് അതിന്റെ ടെക്നിക്കൽ കാര്യങ്ങളെപ്പറ്റി അറിയില്ലെന്ന് പ്രതിപക്ഷം പറഞ്ഞിരുന്നു. ഇന്നലെ ടെക്നിക്കൽ ടീം മുഴുവൻ വന്ന് ഇവിടെ ചർച്ച നടത്തി. പക്ഷേ, നിങ്ങൾ പങ്കെടുത്തില്ല. ഉത്തരങ്ങൾ നിങ്ങൾക്ക് ഇഷ്ടമല്ലെന്നുള്ളതുകൊണ്ടാണോ? നിങ്ങളെല്ലാവരും വരേണ്ടതായിരുന്നു. പത്രമാധ്യമങ്ങൾ വന്ന് നല്ല ചില സംശയങ്ങൾ ഉന്നയിച്ചു. എത്ര നന്നായിരുന്നു. ആ ഉദ്യോഗസ്ഥരൊക്കെ നിയമസഭയിൽ

ചോദിക്കുന്നതുപോലെ മറുപടി നൽകാൻ പരിണിതപ്രജ്ഞരല്ല. നല്ല ചോദ്യങ്ങൾ ചോദിച്ച് നിങ്ങൾക്ക് അവരെ വിഷമിപ്പിക്കാമായിരുന്നു, എന്തുകൊണ്ടാണ് വരാതിരുന്നത്? ടെക്നിക്കൽ കാര്യങ്ങൾപോലും കേൾക്കാൻ നിങ്ങൾ തയ്യാറല്ല. കെ-റെയിൽ ഒരിക്കലും കേരളത്തിന് ദോഷമാകില്ല. ഞാനതിന്റെ ഫിനാൻഷ്യൽ ഫീസിബിലിറ്റി വച്ചാണ് പറയുന്നത്. പത്തോ നൽപ്പതോ വർഷംകൊണ്ട് ഒരുവർഷം 2000-2500 കോടി രൂപ വീതം കിട്ടിയാൽ, കേരളത്തിൽ ഇത്രയും ദ്രുതഗതിയിലുള്ള യാത്രാസൗകര്യങ്ങൾ വന്നാൽ ഒരിക്കലും നമുക്ക് ധനപരമായ പ്രശ്നമുണ്ടാകില്ല. ഇപ്പോൾ 2 ജി-യും പഴയ ഫോണും ആരും ഉപയോഗിക്കാറില്ല. 5 ജി കിട്ടുമോയെന്നാണ് നോക്കുന്നത്. അല്ലാതെ കറങ്ങി കറങ്ങി നിൽക്കുന്ന സിസ്റ്റമാണോ ആരെങ്കിലും നോക്കുന്നത്? അപ്പോൾ 5 ജി വരണം. യാത്രാസൗകര്യവും അതുപോലെയാണ്. ഇവിടെ നിന്ന് ദൂരെയുള്ള ഒരു സ്ഥലത്തേയ്ക്ക് ചികിത്സയ്ക്കുവേണ്ടി വരാനും പോകാനും കഴിഞ്ഞാൽ കാര്യങ്ങൾ എളുപ്പമാകില്ലേ? വയനാട്ടിൽ നിന്നുള്ള എം.എൽ.എ.-യ്ക്ക് twin tunnel-ലൂടെ കോഴിക്കോട് നിന്ന് ട്രെയിനിൽ കയറി ഇവിടെ വന്ന് കമ്മിറ്റിയിൽ പങ്കെടുത്ത് അന്നുതന്നെ തിരിച്ച് പോകാൻ കഴിയുമെങ്കിൽ അതുവേണം. ഒരു കാര്യംകൂടി ഇതിനോടൊപ്പം

ചേർത്ത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജെറിയാട്രിക് പോപ്പുലേഷനുള്ള സംസ്ഥാനം കേരളമാണ്. പതിനാറര ശതമാനത്തിലേയ്ക്കെത്തുകയാണ്. അധികം താമസിയാതെ 25 ശതമാനത്തിലേയ്ക്ക് കേരളത്തിന്റെ ജെറിയാട്രിക് പോപ്പുലേഷൻ എത്തുമെന്ന് പറയുകയാണ്. ഉൽപ്പാദനക്ഷമതയുള്ള ആളുകൾ കുറയുകയും അവർ മുഴുവൻ പുറത്തേയ്ക്ക് പോകുകയും പ്രായമായ അച്ഛനും അമ്മയും വീട്ടിൽ ധാരാളം പൈസയുമായി ഒറ്റയ്ക്കിരിക്കുകയും ചെയ്യുന്ന കേരളമല്ല ഞങ്ങളുടെ സ്വപ്നം. മക്കൾ കോഴിക്കോടോ കണ്ണൂരോ എറണാകുളത്തോ ജോലി ചെയ്യുകയാണെങ്കിൽ തിരുവനന്തപുരത്തുള്ള രക്ഷകർത്താവിന്റെ അടുത്ത് വരാനും തിരിച്ചുപോകാനും കഴിയണം. ഇന്ത്യയിൽ നിന്നെല്ലാമുള്ള ആളുകൾ കേരളത്തിലേയ്ക്ക് വരുന്നതാണ് ഞങ്ങളുടെ സ്വപ്നം. തീവ്ര വലതുപക്ഷവാദമാണ് ഞങ്ങളുടെ നയമെന്ന് പറഞ്ഞു. തീവ്ര വലതുപക്ഷവാദമെന്ന് പറഞ്ഞാൽ എന്താണ്? തീവ്ര ഇടതുപക്ഷവാദികൾ തീവ്ര വലതുപക്ഷവാദത്തിനുവേണ്ടിയാണ് പലപ്പോഴും പറയുക. നന്ദിഗ്രാമിൽ കുറച്ച് തീവ്രഇടതുപക്ഷവാദികൾ കൂടെപ്പോയല്ലോ, കോൺഗ്രസ്സുമുണ്ടായിരുന്നു. ആരുടെ കയ്യിലെത്തി ബംഗാൾ ഗവൺമെന്റ്? അവസാനം നിങ്ങൾ തന്നെ എന്താണ് ചെയ്തത്? കോൺഗ്രസ്സിന് ഇന്ത്യയിൽ ജനാധിപത്യപരമായി

പ്രവർത്തിക്കാനും തിരിച്ചുവരാനും പറ്റുന്ന അവസാനത്തെ കുറ്റി കേരളമാണ്, ആ കേരളം കൂടി തകർക്കാൻ നിൽക്കരുത്. രാഷ്ട്രീയപരമായി ഞാൻ കോൺഗ്രസ്സിനെതിരാണ്. നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയിൽ ഞങ്ങൾക്കും വിഷമമുണ്ട്. കോൺഗ്രസ് മോശമാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമില്ല. തീവ്ര വലതുപക്ഷമെന്ന് പറഞ്ഞാൽ എന്താണ്; എങ്ങനെയാണ് തീവ്ര വലതുപക്ഷമാകുന്നത്? പട്ടിണി ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതാണോ കമ്മ്യൂണിസം? വികസനം ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതാണ്. ആ തരത്തിൽ വികസനത്തെ കാണണം. മുമ്പ് നമുക്ക് അബദ്ധങ്ങൾ പറ്റിപ്പോയിരിക്കാം. ഞങ്ങൾ പറയുന്നത് തന്നെയാണ് ഇടതുപക്ഷബോധം. സംസ്ഥാനത്തെ ജനങ്ങൾ നന്നായി ജീവിക്കാൻ വേണ്ടിയാണ് ഇത്തരം പദ്ധതികൾ കൊണ്ടുവരുന്നത്. പരിസ്ഥിതി ഉൾപ്പെടെയുള്ള കാര്യങ്ങളും ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. കടലിന്റെയും കായലിന്റെയും അടിയിൽ പ്ലാസ്റ്റിക് വരുന്നതുകാരണം മീനുണ്ടാകുന്നില്ല. ഇത് രാഷ്ട്രീയ പ്രശ്നമല്ലല്ലോ; ഇപ്പോൾ അഷ്ടമുടിക്കായലിൽനിന്നും വേമ്പനാട്ട് കായലിൽനിന്നും ടൺ കണക്കിനാണ് പ്ലാസ്റ്റിക് വാരുന്നത്. ഒരിക്കൽ മത്സ്യത്തൊഴിലാളികൾ സ്വമേധയാ ജോലി ചെയ്ത് 300 ടണ്ണാണ് നീണ്ടകരയിൽനിന്നും വാരിയത്. ഇതൊക്കെ രാഷ്ട്രീയവ്യത്യാസമുള്ള പ്രശ്നമല്ല. തർക്കങ്ങളുണ്ടാകും, പക്ഷേ

ഇത്തരമൊരു കാര്യത്തിൽ ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ നമ്മളിതല്ലേ നേടേണ്ടത്? നേരത്തെ മൂവാറ്റുപുഴയിൽ ഉൾപ്പെടെയുള്ള പാർക്കുകളെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ട പൈനാപ്പിൾ, മറ്റ് ഭക്ഷ്യസാധനങ്ങൾ എന്നിവ മാർക്കറ്റ് ചെയ്യാൻ സാധിക്കണം. ഇത് പറയുമ്പോൾ സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ വളരെ അകലമുണ്ടെന്നും ബുദ്ധിമുട്ടി മാത്രമേ ചെയ്യാൻ സാധിക്കുവെന്നുമറിയാം. പക്ഷേ അതിന് ആത്മാർത്ഥത വേണം. മെട്രോ റെയിൽ വന്നല്ലോ. ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് സംസാരിച്ചപ്പോൾ അതുസംബന്ധിച്ച് പറഞ്ഞു. മെട്രോ റെയിൽ ഇപ്പോൾ നഷ്ടമായിരിക്കും, പക്ഷേ നാളെ ലാഭമാകും. കാരണം, മീറ്റർഗേജ് ട്രെയിൻ വന്നപ്പോൾ നഷ്ടമായിരുന്നു, കോഴിക്കോട് നിന്നുള്ള ട്രെയിൻ നഷ്ടമായിരുന്നു. അത്രയും ആളുകളെ ആദ്യം കിട്ടുമായിരുന്നില്ല. മെട്രോ റെയിൽ വന്നപ്പോൾ എന്ത് സമീപനമാണ് ഞങ്ങൾ സ്വീകരിച്ചത്? അന്ന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായിരുന്ന ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉൾപ്പെടെ എറണാകുളത്തുവന്നു. യു.ഡി.എഫ്.-ന് അനുകൂലമാണെന്ന് വേണമെങ്കിൽ പറയാം. കാരണം, കേന്ദ്രത്തിലും കേരളത്തിലും യു.ഡി.എഫ്. ആണ് ഭരിച്ചിരുന്നത്. കേന്ദ്ര ഗവൺമെന്റ്

അനുവാദം നൽകുന്നില്ല. മെട്രോ റെയിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ വലിയ സമരത്തിൽ ശ്രീ. പിണറായി വിജയൻ പങ്കെടുത്തില്ലേ. മാറി നിൽക്കുകയല്ല ചെയ്തത്. നാഷണൽ ഹൈവേയ്ക്ക് വീതികൂട്ടാൻ വേണ്ടിയുള്ള സമരത്തിൽ സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷ മുന്നണിയുടെയും നിലപാട് വീതി വേണമെന്നതായിരുന്നു. ഇത്തരം കാര്യങ്ങളിൽ ഒരുമിച്ചുനിൽക്കണമെന്ന സമീപനമാണ് ഞങ്ങളെടുത്തിട്ടുള്ളത്. ഞാൻ വ്യക്തിപരമായും ആത്മാർത്ഥമായും വിശ്വസിക്കുന്നു, കേരളത്തിൽ ഇത് ഫീസിബിളായി നടക്കുന്നൊരു കാര്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നന്നായി സംസാരിക്കുകയും അദ്ദേഹത്തിന് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ മറ്റുള്ളവരെ നന്നായി ബോധ്യപ്പെടുത്തുകയും ചെയ്യുന്നയാളാണ്. എല്ലാം ശരിയാണെന്നല്ല പറഞ്ഞത്, അതൊരു നല്ല കഴിവാണ്. ലോകത്ത് ഇ-മൊബിലിറ്റിയെ സംബന്ധിച്ചുള്ള വാർത്തകൾ എന്താണ്; യൂറോപ്യൻ യൂണിയനിലെ ഇലക്ട്രിക് ലൈനാണ് ലോകത്ത് ഏറ്റവും പൊല്യൂഷൻ കുറഞ്ഞത്. അവിടെ തീരുമാനിച്ചിരിക്കുന്നത് 2030-ഓടുകൂടി ലൈൻ ഡബിളാക്കണമെന്നും 2050-ഓടുകൂടി ട്രിപ്പിളാക്കണമെന്നുമാണ്. ഇത് ലേഖനങ്ങളിലുള്ളതാണ്. ഒറ്റ കാര്യംകൂടി ഞാൻ പറയാം. 1,31,000 കോടി രൂപയുടെ നാഷണൽ ഹൈവേയുടെ

നിർമ്മാണം കേരളത്തിലിപ്പോൾ നടക്കുന്നുണ്ട്. അതിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള NH 66-ന്റെ കോസ്റ്റ് 57000 കോടി രൂപയാണ്. സിൽവർ ലൈൻ പ്രോജക്ടിന് 64000 കോടി രൂപ വേണ്ട, ഇതുപോലെ എത്രയോ എൻ.എച്ച് നിർമ്മിക്കാമെന്ന് നിങ്ങൾ പറഞ്ഞു. നിലവിൽ എൻ.എച്ച്. ഉണ്ട്. ആ എൻ.എച്ച്-ന്റെ വീതി കൂട്ടി ബലപ്പെടുത്താൻ 57000 കോടി രൂപയാണ് NHAI-യുടെ ബഡ്ജറ്റ്. അതുപോലെ പുതിയ റോഡ് നിർമ്മിക്കണമെങ്കിൽ ഒന്നരലക്ഷം കോടി രൂപയെങ്കിലും വേണ്ടേ? 1.31 ലക്ഷം കോടി രൂപയുടെ വർക്ക് നടക്കുന്നുണ്ട്. നമ്മളിവിടെ ആ നിർമ്മാണം നടക്കുന്നതിനുള്ള ഫണ്ടും നൽകുന്നുണ്ട്. കാരണം, ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി land acquisition പൂളിൽ നിന്ന് തുക കൈമാറിയതുകൊണ്ടാണ്. ഈ തുക ഉപയോഗിച്ചാണ് ഈ നിർമ്മാണങ്ങളെല്ലാം നടത്താൻ കഴിയുന്നത്. നമുക്ക് അടിസ്ഥാന സൗകര്യങ്ങൾ നല്ലതുപോലെ വേണം. ഒരു ഡാറ്റായുംകൂടി ഞാൻ പറയാം. കാനഡയിലേയ്ക്കോ, ന്യൂസിലൻഡിലേയ്ക്കോ, ആസ്ട്രേലിയയിലേയ്ക്കോ പഠിക്കാൻ പോകുന്നവരെ അവിടത്തെ പൗരന്മാരാക്കാനാണ് അവിടെയുള്ളവർക്ക് ആഗ്രഹം. കാരണം, അവിടെ ജനസംഖ്യ കുറവാണ്. ആരോഗ്യവും ജോലി ചെയ്യാൻ മിടുക്കുമുള്ള ചെറുപ്പക്കാർ അവിടെ കുറവാണ്.

നമ്മുടെ നാട്ടിലെ ആളുകളെ നമുക്ക് ഇവിടെ നിർത്തണം. അവർ ഇവിടെ ജോലി ചെയ്യണം. അതിനുള്ള അടിസ്ഥാനസൗകര്യവും മറ്റ് വികസനവും വേണം. അതിൽ രാഷ്ട്രീയവ്യത്യാസങ്ങളൊന്നും തടസ്സമാകാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെപ്പറ്റി പറഞ്ഞു. സാമ്പത്തികമായി നാം വലിയ കുഴപ്പത്തിലാണ്. ഇന്ത്യാ ഗവൺമെന്റിന്റെ ഒരുകണക്ക് മാത്രം ഞാൻ പറയാം. കണക്കുകൾ പലപ്പോഴും നമ്മെ ബോറടിപ്പിക്കുന്നതാണെന്നുള്ളതുകൊണ്ട് അധികം കണക്ക് ഞാൻ പറയുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഈ മാർച്ച് വരെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ച് ഇരുപത് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി മുപ്പത്തിയാറ് കോടി രൂപയാണ് അവരുടെ റവന്യൂ റെസീപ്റ്റ്. അവരുടെ ടോട്ടൽ റെസീപ്റ്റ് അവർ പ്രതീക്ഷിക്കുന്നത് മുപ്പത്തിയേഴ് ലക്ഷത്തി എഴുപതിനായിരം കോടി രൂപയാണ്. ഇതിൽ കടം വാങ്ങുന്നത് പതിനഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം കോടി രൂപയാണ്. അത് വലിയൊരു ശതമാനമാണെന്ന് ഞാൻ പറയേണ്ടല്ലോ. 45 ശതമാനത്തിനടുത്താണ് കടം. മറ്റൊരു പ്രധാനപ്പെട്ട റിസോഴ്സ് 78,000 കോടി രൂപയുടെ നോൺ ടാക്സ് റവന്യൂവാണ്. കൂടാതെ എൽ.ഐ.സി. പോലുള്ള കമ്പനികൾ വിൽക്കുന്നതാണ്. ആകെയുള്ളതിന്റെ

50 ശതമാനവും കടം വാങ്ങി നിലവിലുള്ള പൊതുമേഖല മുഴുവൻ വിൽക്കുന്ന കേന്ദ്ര ഗവൺമെന്റാണ് ഫണ്ട് എടുക്കാൻ പാടില്ലെന്ന് കേരളത്തിനോട് പറയുന്നത്. അടുത്തവർഷം അവരുടെ കണക്ക് ഇതിനേക്കാളും ഗുരുതരമാണ്. GDP Ratio 3 ശതമാനത്തിൽ നിർത്തണമെന്നാണ് കേന്ദ്രം പറയുന്നത്. എന്നാൽ അവരുടെ GDP Ratio 6.9% ആണ്. ഇത് പ്രതിപക്ഷനേതാവിനും മറ്റ് നേതാക്കൾക്കും അറിയാവുന്നതാണ്. അവിടെയാണ് ഇത്രയും വ്യത്യസ്തമായിട്ടുള്ളൊരു സമീപനം ഇക്കാര്യത്തിൽ നമ്മൾ എടുക്കുന്നത്. നമ്മെ സംബന്ധിച്ച് ഈ വർഷം കടത്തിന്റെ അളവ് കൂടിയെന്നൊരു കണക്കുണ്ട്, അത് ശരിയാണ്. കോവിഡ് സമയത്ത് നമുക്ക് കുറച്ച് പണം കൂടുതലെടുക്കേണ്ടി വന്നു. ജി.എസ്.ഡി.പി.-യുടെ നാലരശതമാനംവരെ എടുക്കാമെന്ന് കേന്ദ്രഗവൺമെന്റ് അനുവദിച്ചതാണ്. ആ പണം നമ്മൾ എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി കഴിഞ്ഞ അഞ്ചാറുവർഷത്തെ ടേബിളെടുത്താൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൂടിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. യഥാർത്ഥത്തിൽ കേന്ദ്രഗവൺമെന്റ് ഈ വർഷത്തെ ചെലവിൽനിന്ന് അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ 4.6 ശതമാനം മാത്രമാണ് കൂട്ടിയത്. അതായത്, 8 ശതമാനം വിലക്കയറ്റമുള്ളപ്പോൾ 4 ശതമാനമേയുള്ളൂ അഡീഷണൽ ബഡ്ജറ്റ്.

യഥാർത്ഥത്തിൽ കുറയുകയാണ് ചെയ്യുന്നത്. എന്നാൽ കേരളത്തിലെ കണക്ക് മനസ്സിലാക്കണം. 2020-21-ൽ നിന്നും 2021-22 ലേയ്ക്കുള്ള ആകെ ചെലവ് 18.7 ശതമാനമാണ് വർദ്ധിച്ചത്. ചെലവ് വർദ്ധിച്ചതോടൊപ്പം ഇൻവെസ്റ്റുമെന്റും വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ കടം 37 ശതമാനത്തിനുള്ളിൽ നില്ക്കുകയാണ്, കൂടുന്നില്ല. കഴിഞ്ഞവർഷമുള്ളതിനേക്കാളും ചെറിയ പോയിന്റ് കുറഞ്ഞിട്ടുണ്ട്. കണക്ക് ഞാനിവിടെ വായിക്കുന്നില്ല. വികസിത രാജ്യമായ ജപ്പാനിൽ 237 ശതമാനമാണ് ജി.ഡി.പി.-യിൽനിന്നുള്ള ബോറോയിംഗ്. ഇറ്റലിയിലാണെങ്കിൽ 133 ശതമാനവും സിങ്കപ്പൂരിൽ 109 ശതമാനവും അമേരിക്കയിൽ 107 ശതമാനവും ഫ്രാൻസിൽ 99 ശതമാനവുമാണ്. ആകെ ജി.എസ്.ഡി.പി.-യുടെ 37 ശതമാനമാണ് നമ്മുടെ കടം വരുന്നത്. എന്നാൽ 2016-17 മുതൽ 2021-22 വരെ കടബാധ്യതയുടെ ശരാശരി വളർച്ചാനിരക്ക് 13.4 ശതമാനമായിരുന്നപ്പോൾ മൂലധനച്ചെലവിന്റെ വളർച്ചാനിരക്കും ഇൻവെസ്റ്റുമെന്റിന്റെ വളർച്ചാനിരക്കും ആനുപാതികമായി 12.9 ശതമാനം വച്ച് വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനം കൂടുതൽ കടമെടുത്തിട്ടുണ്ടെങ്കിൽ അത്രയും നിക്ഷേപവും വന്നിട്ടുണ്ട്.

പ്രതിപക്ഷത്തെ ബഹുമാനപ്പെട്ട നേതാക്കൾ സംസാരിച്ചപ്പോൾ സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ കുറച്ച് നേട്ടങ്ങൾ

വന്നുവെന്നുള്ളത് എടുത്തുപറയേണ്ടതായിരുന്നു. നികുതിയെപ്പറ്റി അങ്ങ് പറഞ്ഞു. 2020-21-ലെ കണക്കനുസരിച്ച് 47,660.84 കോടി രൂപയായിരുന്നു ആകെ നികുതി. ഈ വർഷം അത് 58,867 കോടി രൂപയായി മാറി. 11,000 കോടി രൂപയിലധികമായി വർദ്ധിച്ചിരിക്കുന്നു. മഹാമാരികൾ വന്നെങ്കിലും ഒരുചെറിയ സംസ്ഥാനത്ത് 47,000 കോടി രൂപയിൽനിന്നും ഇത്രയും വർദ്ധിച്ചുവെന്ന് പറയുന്നത് ചെറിയ കാര്യമല്ല. 11,000 കോടി രൂപയുടെ വർദ്ധനവ് എന്നുപറഞ്ഞാൽ 27 ശതമാനമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ കഴിഞ്ഞ ജനവരി മുതൽ ഈ ജനവരി വരെയുള്ള 14.5 ശതമാനമാണ് പറഞ്ഞത്. ആകെ 27 ശതമാനം വർദ്ധനവാണ്. ലോക്ഡൗണായതിനാൽ 14-15 ശതമാനം വർദ്ധനവുണ്ട്. ആ വർദ്ധനവ് വന്നാലും കുറവ് 17,000 കോടി രൂപയ്ക്ക് അടുത്തെത്തില്ലെന്നുള്ളതാണ് നമ്മൾ നേരിടുന്ന പ്രശ്നം. ഇത്തരത്തിൽ വർദ്ധനവുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. 2019-20-ൽ കോവിഡിന് മുമ്പ്, പ്രളയം കഴിഞ്ഞ സമയത്ത് 50,300 കോടി രൂപയായിരുന്നു. അതിനുശേഷം 47,000-ത്തോളം കോടി രൂപയായി കുറഞ്ഞു. അതിപ്പോൾ 58,800 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റുമായുള്ള താരതമ്യം ഞാൻ പറഞ്ഞു. മറ്റൊരു കാര്യം, കാർഷിക മേഖലയിലെ പണം കുറഞ്ഞുവെന്നൊരു കണക്ക് പറഞ്ഞു.

അതൊരു പ്രധാനപ്പെട്ട മേഖലയായതുകൊണ്ട് ഞാനത് പരാമർശിക്കുന്നില്ല. 384 കോടി രൂപയുടെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുത്തു. അതുംകൂടെ നോക്കിയാൽ 83 കോടി രൂപയുടെ വർദ്ധനവുണ്ടെന്ന് മാത്രമല്ല കിഫ്ബിവഴി ഇപ്പോൾ പ്രഖ്യാപിച്ച പദ്ധതികൾ വരുമ്പോൾ എത്ര കോടി അധികം വരുമെന്നുള്ളത് എടുത്തുപറയേണ്ട കാര്യമില്ല. കാർഷിക മേഖലയിലൂൾപ്പെടെ വർദ്ധനവുകളാണ് വന്നിട്ടുള്ളത്. വിവിധ പാർക്കുകൾ കിഫ്ബിവഴി നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. പ്രവാസികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ബഡ്ജറ്റിൽ മുൻവർഷങ്ങളെക്കാൾ വലിയ തോതിൽ വർദ്ധനവ് വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും ഞാൻ എടുത്തുപറയുന്നില്ല. വിവിധ പ്രവാസി ക്ഷേമപദ്ധതികളുടെ ഭാഗമായി 147.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രത്യേക സാന്ത്വനം പദ്ധതിയിൽ 30 കോടി രൂപ വകയിരുത്തി. സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് 14 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. പ്രവാസി ഭദ്രതാ സ്കീമിന് 50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവാസികളുടെ പ്രത്യേക പരിശീലനത്തിന് 3.75 കോടി രൂപയും ക്ഷേമനിധി ഫണ്ട് ബോർഡിന് 9.1 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. യുക്രെയിനിലെ സ്ഥിതിഗതികളുമായി ബന്ധപ്പെട്ടും തുക മാറ്റിവച്ചിട്ടുണ്ട്. അവരെ

സഹായിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. കാസർഗോഡ്, ഇടുക്കി, വയനാട് പാക്കേജുകൾക്ക് ഇപ്പോൾ വച്ചിരിക്കുന്ന വിവിധ പദ്ധതികളുടെകൂടെ ഒരു ഫണ്ടെന്ന നിലയിലും തുക നീക്കിവച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാനുമായി ബന്ധപ്പെട്ട് അഡീഷണൽ ഫണ്ട് വേറെയും വച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ബഡ്ജറ്റ് വിശദാംശങ്ങൾ നോക്കിയാൽ കൂടുതൽ തുക വച്ചിട്ടുണ്ടെന്ന് അറിയാൻ സാധിക്കും.

ഹരിത നികുതിയെക്കുറിച്ച് ചർച്ചാവേളയിൽ വിമർശനം വന്നിരുന്നു. പതിനഞ്ച് വർഷം പഴക്കമുള്ള ഇരുചക്രവാഹനങ്ങൾക്കും ഓട്ടോറിക്ഷയ്ക്കും ഇപ്പോൾ നികുതിയില്ല. ഞാൻ പറഞ്ഞത് ടെക്നിക്കൽ കാര്യമാണ്. സാധാരണ തൊഴിലാളികൾക്ക് ഇപ്പോൾ നികുതിയില്ല. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച് ഒറ്റകാര്യമാണ് പറയാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ ഇപ്പോഴത്തെ സമീപനം ഒറ്റക്കെട്ടായി നേരിട്ടില്ലെങ്കിൽ തൊഴിലുറപ്പ് പദ്ധതി തകരും. 25,000 കോടി രൂപയാണ് അവർ ഇപ്പോൾ കുറച്ചിരിക്കുന്നത്. അത് നമ്മൾ ഒറ്റക്കെട്ടായി നേരിടണം. അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം, പൊതുവിഭാഗം എന്നിങ്ങനെ തരംതിരിച്ച് പണം കുറയ്ക്കുന്ന സ്ഥിതിയുണ്ട്. അയ്യങ്കാളി തൊഴിലുറപ്പ്

പദ്ധതിക്കും പണം വച്ചിട്ടുണ്ട്. അതിന് 100 കോടി രൂപ വച്ചതിൽ 98.68 കോടി രൂപ ഇതിനകം ചെലവാക്കി കഴിഞ്ഞു. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് 805 കോടി രൂപയിൽ ഈ വർഷം 553 കോടി രൂപ ചെലവായിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം മാറ്റിവച്ച ഫണ്ട് ഉപയോഗിച്ചെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗമദ്ധ്യേ പറഞ്ഞു. എന്റെ മണ്ഡലത്തിലായാലും മറ്റുമണ്ഡലങ്ങളിലായാലും പുതിയ ആശുപത്രി സംവിധാനങ്ങൾ കൊണ്ടുവരുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. മുൻസർക്കാരുകളുടെ കാലത്ത് വർക്ക് ചെയ്യാൻ തീരുമാനിച്ചുകഴിഞ്ഞാൽ ആറ് മാസത്തിനകം പത്തുനില കെട്ടിടമൊക്കെ കെട്ടിതീർക്കാൻ പറ്റുന്ന സ്ഥിതിയാണോ ഉണ്ടായിരുന്നത്? പല മണ്ഡലങ്ങളിലും ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പാക്കുന്നത് മാറ്റിവച്ച പണവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടും ഉപയോഗിച്ചാണ്. കോവിഡ് കുറഞ്ഞെന്ന് കരുതി അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർത്താൻ കഴിയുമോ? ചൈനയിൽ വീണ്ടും വൈറസ് ബാധിച്ചുവെന്ന വാർത്ത വന്നത് നിങ്ങൾ കണ്ടുകാണുമെന്ന് കരുതുന്നു. ഞാൻ പേടിപ്പിക്കുകയല്ല. എം.എൽ.എ.-മാരുടെ ഫണ്ട് വേറെ കാര്യങ്ങൾക്ക് ചെലവാക്കുമെന്നുള്ള തെറ്റിദ്ധാരണ ആർക്കും വേണ്ട. ഓരോ മണ്ഡലത്തിലും ആരോഗ്യരംഗത്ത്

പ്രഖ്യാപിച്ച കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കും. പദ്ധതി അടങ്കലിനെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. സംസ്ഥാന പദ്ധതിയിൽ 81.09 ശതമാനമെന്ന നിലയിലേയ്ക്ക് അതിന്റെ ചെലവ് വന്നിട്ടുണ്ടെന്നാണ് ഇവിടെ തന്നിട്ടുള്ള കണക്ക്. ബഡ്ജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ അക്കാര്യങ്ങൾ ചോദിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതിനേക്കാൾ കൂടുതൽ പണമുണ്ട്. ആ പ്രസംഗത്തിൽ ഒരു ഭാഗംകൂടി ചേർക്കേണ്ടതാണ്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 526 കോടി രൂപയിൽ 417 കോടി രൂപ ഇതുവരെ ചെലവായിട്ടുണ്ട്. 2022-23 വർഷം ഈയിനത്തിൽ 567.44 കോടി രൂപ ബഡ്ജറ്റ് വിഹിതമായി നീക്കി വച്ചിട്ടുണ്ട്.

3.00 PM]

കൂടുതൽ ആവശ്യമുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമനുസരിച്ച് നൽകാവുന്നതാണ്. സാമൂഹ്യക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി 3,74,514 പേർ സാമൂഹ്യക്ഷേമ പദ്ധതിയിൽ അംഗങ്ങളായി ചേർന്നു. സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം

അതിവേഗം 60 ലക്ഷത്തിലേയ്ക്കെത്തുകയാണ്. ഇതിൽ നമ്മളെല്ലാവരുംകൂടി സംയുക്തമായി ചർച്ച ചെയ്യേണ്ട ഒരു കാര്യമുണ്ട്. പലരും ഈ സാമൂഹ്യക്ഷേമ പദ്ധതി ദുരുപയോഗപ്പെടുത്തുന്നുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുൾപ്പെടെ അപൂർവ്വമായെങ്കിലും ഈ സാമൂഹ്യക്ഷേമ പദ്ധതിയിൽനിന്ന് പണം വാങ്ങിയതായി കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ 154.6 കോടി രൂപ തിരിച്ചുപിടിച്ചിട്ടുണ്ട്. ഈ നാട്ടിലെ ഏറ്റവും പാവപ്പെട്ടവർക്കുവേണ്ടിയുള്ളതാണ് സാമൂഹ്യക്ഷേമ പദ്ധതികൾ. സാമൂഹ്യക്ഷേമ പെൻഷൻ ദുരുപയോഗപ്പെടുത്തുന്നുണ്ടോയെന്ന് ക്ഷേമനിധി ബോർഡുകൾ പരിശോധിക്കേണ്ടതാണ്. ഈ പെൻഷനേക്കാൾ കൂടുതൽ വരുമാനമുള്ള ആളുകൾ പല മേഖലയിലും ഇത് വാങ്ങുന്നുണ്ട്. ഒരു ഇഷ്ടിക കണ്ടതുകൊണ്ടുമാത്രം ഒരാൾ നിർമ്മാണ തൊഴിലാളിയാകുന്നില്ല. ഒരു സൂചിയും നൂലും കണ്ടതുകൊണ്ടുമാത്രം ഒരാൾ തയ്യൽത്തൊഴിലാളിയാകില്ല. ഏറ്റവും സാധാരണക്കാരെ സഹായിക്കാനുള്ള ഈ സാമൂഹ്യക്ഷേമ പദ്ധതി കൃത്യമായി നടത്തിയില്ലെങ്കിൽ കുഴപ്പത്തിലാകും. നൂറ് രൂപ വർദ്ധിപ്പിച്ചാൽ ഏകദേശം 1,000 കോടി രൂപ ഒരുവർഷം അധിക ബാധ്യത വരും. ഇപ്പോൾ 100 രൂപ വർദ്ധിപ്പിച്ചിട്ടില്ല. ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ടൊക്കെ ഞാൻ പറഞ്ഞല്ലോ. പക്ഷേ, ഇടതുപക്ഷ ജനാധിപത്യ

മുന്നണി പറഞ്ഞ കാര്യങ്ങളിലേയ്ക്കെത്തിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഗവൺമെന്റ് അതിൽ നല്ല താല്പര്യം കാണിക്കുന്നതാണ്.

കിഫ്ബിയുടെ കണക്ക് പറയുമ്പോൾ, 17,000 കോടി രൂപയിലധികം ഇപ്പോൾ ചെലവാക്കിയിട്ടുണ്ട്. ഈ വർഷം നാലായിരം കോടി രൂപയിലധികം വീണ്ടും ചെലവഴിക്കും. ഈ രണ്ട് വർഷമായിരിക്കും ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത്. കാരണം, അഞ്ച് വർഷംമുമ്പ് തുടങ്ങിയ വർക്കുകളിൽ അടുത്ത രണ്ടുമൂന്ന് വർഷമായിരിക്കും ഏറ്റവും കൂടുതൽ നിർമ്മാണം നടക്കുന്നത്. അതിന് മുൻകൂട്ടി ഫണ്ട് വച്ചിട്ടില്ല. ആറുമാസമോ ഒരു വർഷം വരെയോ ഉള്ള ചെലവുകൾക്കുവേണ്ടി മുൻകൂട്ടി ഫണ്ട് വയ്ക്കുകയെന്നുള്ള സമീപനമാണെടുത്തത്. കിഫ്ബി വളരെ സഹായകരമായിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല. ബഹുമാനപ്പെട്ട അംഗങ്ങളൊക്കെ കിഫ്ബി പദ്ധതിയാണല്ലോ സർക്കാരിനോട് ആവശ്യപ്പെടുന്നത്. സർക്കാർ ഇപ്പോൾ ഓവർലോഡ് ചെയ്യുന്നില്ല. കിഫ്ബി പദ്ധതിയനുസരിച്ചാണ് പുതിയ പല പദ്ധതികളും തുടങ്ങുന്നത്. അയ്യായിരം കോടിയോളം രൂപയുടെ വർക്കല്ലാതെ അഡീഷണലായി ഒരുകാര്യവും ഇപ്രാവശ്യം അതിൽ വച്ചിട്ടില്ല. അസ്സറ്റ് ലയബിലിറ്റി മാനേജ്മെന്റ് മോഡൽ വച്ചല്ലാതെ ഇത് ചെയ്യാൻ സാധിക്കില്ല. ഇന്ത്യയുടെ പ്രിൻസിപ്പൽ

അക്കൗണ്ടന്റ് ജനറലായിരുന്ന ശ്രീ. വിനോദ് റായിയെപ്പോലെയുള്ള വളരെ ബഹുമാന്യരായ വ്യക്തികളുൾപ്പെടെയുള്ള കമ്മിറ്റി വിലയിരുത്തുന്ന സാമ്പത്തിക മാനേജ്മെന്റാണ്. അല്ലാതെ രാഷ്ട്രീയാടിസ്ഥാനത്തിലോ ഇവിടത്തെ ഉദ്യോഗസ്ഥരോ പറയുന്നില്ല. ആ സാമ്പത്തിക മാനേജ്മെന്റിന്റെ അടിസ്ഥാനത്തിലാണത് ചെയ്യുന്നത്. അത് ഏറ്റവും നന്നായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അതുള്ളതുകൊണ്ടാണ് എൻ.എച്ച്. ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഇത്രയും ഫണ്ട് നൽകാൻ കഴിഞ്ഞതും മറ്റ് പ്രവർത്തനങ്ങൾ നടന്നതും. കിഫ്ബിയെ സംബന്ധിച്ച് ഒരാശങ്കയും വേണ്ട. നമ്മുടെ ഈ മോഡൽ കേന്ദ്രഗവൺമെന്റും ഇപ്പോൾ സ്വീകരിക്കുന്നുണ്ടെന്നുള്ളത് നമുക്ക് അഭിമാനമാണ്. ഇവിടെ മറ്റ് പല മേഖലകളിലും നടക്കുന്ന കാര്യങ്ങളെല്ലാം ഞാൻ എടുത്തുപറയുന്നില്ല. കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് ഇവിടെ ചർച്ച വന്നിരുന്നു. വർക്കിംഗ് ക്യാപിറ്റലിന്റെ കാര്യമൊക്കെയാണ് പറഞ്ഞത്. ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് കശുവണ്ടി വ്യവസായം. ഒരു ലക്ഷത്തിലധികം തൊഴിലാളികളുണ്ടാകും. അതിന്റെ ക്ഷേമനിധിയിൽ എൺപതിനായിരത്തോളം ആളുകളുണ്ട്. കാഷ്യൂ ബോർഡ് നേരത്തെയുണ്ട്. കശുവണ്ടി കോർപ്പറേഷനും കാപ്പെക്സുമുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റ് ചില

സ്ഥാപനങ്ങളുമുണ്ട്. കശുവണ്ടി വാങ്ങി കാഷ്യൂ ബോർഡിന് കൊടുക്കുകയാണ്. ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നുകൂടി പരിശോധിക്കാനാവശ്യമായ നടപടി സ്വീകരിക്കാം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ബന്ധപ്പെട്ടവരും അത് പരിശോധിക്കും. അതൊരു സാമ്പത്തിക മാനേജ്മെന്റാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, കശുവണ്ടി വ്യവസായ പുനരുജ്ജീവന പാക്കേജാണ് ഇവിടെ നടപ്പിലാക്കുന്നത് എന്നതാണ്. അതിനായി 30 കോടി രൂപ മാറ്റിവച്ചു. നേരത്തെ വലിയ കടബാദ്ധ്യതകളുണ്ടായി കശുവണ്ടി വ്യവസായികൾ ആത്മഹത്യ ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ട്. കൊടുത്തുതീർക്കാനുള്ള കടം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പും ചർച്ച നടത്തുകയുണ്ടായി. ബാങ്കുകൾ കുറേയെറെ കടം എഴുതിത്തള്ളിയിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെട്ടിട്ടാണ് അഞ്ഞൂറോളം കോടി രൂപയുടെ പലിശയും പിഴപ്പലിശയുമെല്ലാം വരുന്നത്. കശുവണ്ടി വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് അത് കുറച്ചുകൂടി ആധുനികവൽക്കരിക്കുന്നതിന് പുതിയ സംവിധാനവും അതോടൊപ്പം കുറഞ്ഞ പലിശയ്ക്ക് പണം കിട്ടുന്ന സംവിധാനവും വേണം. അക്കാര്യങ്ങൾ

ബന്ധപ്പെട്ട വകുപ്പധികാരികൾ ചർച്ച ചെയ്ത് തീരുമാനിക്കും. അവർക്ക് ആയിരം കോടി രൂപവരെ ഫണ്ട് ഫ്ലോ കിട്ടുന്നതിനുവേണ്ടി പലിശ കുറച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ് ബഡ്ജറ്റിലുള്ളത്. അക്കാര്യത്തിൽ എല്ലാവരും പൊതുവിൽ അഭിപ്രായം പറഞ്ഞതാണ്. കശുവണ്ടി വ്യവസായ പുനരുജ്ജീവന പാക്കേജാണ് ഉദ്ദേശിക്കുന്നത്. തൊഴിലാളികളുടെ പി.എഫ്.-ഉം മറ്റ് കാര്യങ്ങളുമൊക്കെ ലെൻഡ് ചെയ്തിട്ട് ഇക്കാര്യങ്ങൾ ചെയ്യാൻ കഴിയും. തൊഴിലാളിക്ക് തൊഴിൽ കൊടുത്താൽ മാത്രം കിട്ടാവുന്ന തരത്തിൽ ലിങ്കേജുള്ള കശുവണ്ടി വ്യവസായ പുനരുജ്ജീവന പാക്കേജ് നന്നായി നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇവിടെ പ്രധാനപ്പെട്ട ഒരു വിമർശനം വന്നത്, എം.എൽ.എ.-മാരോട് ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചത് 20 പദ്ധതികളാണെന്നാണ്. ഇതിപ്പോൾ മാത്രമല്ല, നേരത്തെ 50 പദ്ധതികൾ വരെ വാങ്ങിയിട്ട് ഒരു പ്രൊപ്പോസൽമാത്രം ഉൾപ്പെടുത്തുമായിരുന്നു. എനിക്കുമുമ്പ് ധനകാര്യ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിനോടും മറ്റ് ഉന്നത ഉദ്യോഗസ്ഥരോടുമൊക്കെ അന്വേഷിച്ചിട്ടാണ് 20 എന്ന നിലയിൽ വാങ്ങിയത്. ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുള്ള പണംകൂടി ചേർത്താണ് ഈ 20 ശതമാനത്തിലേയ്ക്ക് വരുന്നത്. വലിയ

പരാതിയില്ലാതെ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ പദ്ധതികളെടുക്കാൻ കഴിയാത്ത സാഹചര്യമാണ്. അടുത്ത സാമ്പത്തികവർഷം വികസന പ്രവർത്തനങ്ങളിൽ ഇപ്പോഴത്തേതിനേക്കാൾ കുതിപ്പുണ്ടാകാനായി ആസ്തിവികസന ഫണ്ട് പഴയതുപോലെ 5 കോടി രൂപയായി വർദ്ധിപ്പിക്കുകയാണ്. കോവിഡ് കാലമാണെങ്കിലും പഴയതുപോലെ അത് പുനഃസ്ഥാപിക്കുകയാണ്. ഡൽഹിയിലെ 20 എം.പി.-മാർക്ക് ഇങ്ങനെ കയ്യടിക്കാൻ കഴിയില്ല. കാരണം, അവിടെ Member of Parliament Local Area Development Scheme (MPLADS) വെട്ടിക്കുറച്ചത് ഇതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. ഇത് വലിയ കാര്യമാണോ; കയ്യടിക്കുന്നതെന്തിനാണെന്നാണ് ചോദിക്കുന്നത്? അവിടെ എം.പി.മാർക്കുള്ള MPLADS ഇതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. ഇവിടെ ആസ്തി വികസന ഫണ്ട് 5 കോടി രൂപയായി പുനഃസ്ഥാപിക്കുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അത് ആറ് കോടി രൂപയായി വർദ്ധിപ്പിക്കണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇതിൽ വിലപേശലിന്റെ കാര്യമില്ല. ഇത്തരം കാര്യങ്ങളെ തുറന്ന മനസ്സോടെ സ്വീകരിക്കുകയാണ്

വേണ്ടത്. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് ചില അത്യാവശ്യ കാര്യങ്ങൾ പറഞ്ഞിരുന്നു. പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കണമെന്ന അഭിപ്രായം വന്നതിന്റെ അടിസ്ഥാനത്തിൽ 10 കോടി രൂപ അതിനായി അനുവദിക്കുകയാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നില്ല, അതിപ്പോൾ പറയുകയാണ്. അതുപോലെ തിരുവനന്തപുരത്ത് പോലീസുമായി ബന്ധപ്പെട്ട് ഫോറൻസിക് സയൻസ് ശക്തിപ്പെടുത്താനും ഡ്രോൺ റിസർച്ച് നടത്താനുമായി ആവശ്യപ്പെട്ട രണ്ട് കോടി രൂപ അനുവദിക്കുകയാണ്. പോലീസിന്റെ ഡാറ്റാ സെന്റർ സ്വതന്ത്രമായി പ്രവർത്തിക്കുന്നതായിരിക്കും. കുറച്ചുകൂടി രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഇത് നല്ലതാണെന്നുള്ള അഭിപ്രായമുണ്ട്. അതുകൊണ്ട് പോലീസ് ഡാറ്റാ സെന്ററിന്റെ പ്രാരംഭഘട്ടത്തിനായി 4 കോടി രൂപ അനുവദിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പറയുമ്പോൾ ടൈറ്റാനിയം, കെ.എം.എം.എൽ. എന്നിവയുടെ കാര്യം പറയണം. 50 വർഷമാകുന്ന കെ.എം.എം.എൽ. ഈ വർഷം 300 കോടി രൂപയുടെ ലാഭത്തിലേയ്ക്കെത്തിയിരിക്കുകയാണ്. നേരത്തെ വിൽക്കാൻ തീരുമാനിച്ചിരുന്ന സ്ഥാപനമാണ് അതെന്നുള്ളതുകൊണ്ടാണ് പറയുന്നത്. ടൈറ്റാനിയം മെറ്റൽ ഉൾപ്പെടെയുണ്ടാക്കുന്ന ഒരു ടൈറ്റാനിയം കോംപ്ലക്സിന്റെ

പഠനങ്ങളും മറ്റും നടത്തുന്നതിനുള്ള കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നതാണ്. സംസ്ഥാനത്തെ ആദ്യ നിയമവകുപ്പുമന്ത്രിയായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ വസതിയായ 'സദ്ഗമയ' ഏറ്റെടുത്ത് നിയമവുമായി ബന്ധപ്പെട്ട് ലാ ആൻഡ് ജസ്റ്റിസിൽ ഒരു ഗവേഷണ പഠനകേന്ദ്രം ആരംഭിക്കാൻ പ്രാഥമികമായി ഒരു കോടി രൂപ വകയിരുത്തുന്നു. വളരെ ആദരണീയനും ജ്ഞാനപീഠ ജേതാവും പ്രശസ്തനുമായ മഹാകവി അക്കിത്തത്തിന്റെ പേരിലുള്ള പഠനകേന്ദ്രത്തിനായി ഒരു കോടി രൂപ വകയിരുത്തുകയാണ്. കൊച്ചി സർവ്വകലാശാലയിൽ നേരത്തെ ആരംഭിച്ചിട്ടുള്ള പ്രൊഫ. എൻ. ആർ. മാധവമേനോൻ ഇന്റർ സിസിപ്ലിനറി സെന്ററിന് ഒരു കോടി രൂപ വകയിരുത്തുന്നു. കേരള യൂണിവേഴ്സിറ്റിയിലെ ബോട്ടണി ഡിപ്പാർട്ടുമെന്റിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോഡൈവേഴ്സിറ്റി കണസർവേഷന് 50 ലക്ഷം രൂപ വകയിരുത്തുന്നു. ഗവൺമെന്റ് നേരത്തെതന്നെ ഏറ്റെടുത്ത് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ശിവഗിരി കൺവെൻഷൻ സെന്ററിന്റെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി 5 കോടി രൂപ മാറ്റിവയ്ക്കുന്നു. മഹാകവി മോയീൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്കുവേണ്ടി 25 ലക്ഷം രൂപകൂടി വേണമെന്ന് സ്ഥലം എം.എൽ.എ. പറഞ്ഞതിന്റെയും ഇവിടെ ചർച്ച വന്നതിന്റെയും അടിസ്ഥാനത്തിൽ പണം നീക്കിവയ്ക്കുകയാണ്.

നേരത്തെ വകയിരുത്തിയതിന് പുറമെയാണിത്. വള്ളത്തോൾ ചെയർ മലയാള സർവ്വകലാശാലയിൽ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നു. കതിരൂർ കളരി അക്കാദമിയുടെയും തെയ്യം കലാ അക്കാദമിയുടെയും പ്രൊപ്പോസൽ വന്നിട്ടുണ്ട്; അത് തുടങ്ങാനുള്ള ചെറിയ സഹായം നൽകുന്നതാണ്. ഇക്കാര്യങ്ങൾക്കെല്ലാം ഫണ്ട് വകയിരുത്തുന്നത് ചരിത്രവുമായി ബന്ധപ്പെടുത്തിയാണ്. ഓരോ സ്ഥലത്തും മ്യൂസിയങ്ങൾ സ്ഥാപിക്കുമ്പോൾ അവിടത്തെ ചരിത്രവുംകൂടി മനസ്സിലാക്കണം. എല്ലാ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഭാവിയിൽ ഒരുചെറിയ മ്യൂസിയമെങ്കിലും വേണമെന്നാണ് എന്റെ അഭിപ്രായം. മ്യൂസിയമാകുമ്പോൾ അവിടെയൊരു ചരിത്രമുണ്ടാകും. പത്തോ അമ്പതോ വർഷത്തെ ചരിത്രമല്ല; 1000 വർഷത്തെ ചരിത്രത്തിന്റെ അംശങ്ങളുണ്ടാകും. ഇത്തരം സെന്ററുകളിൽ ഏതെങ്കിലും സ്മാരക പ്രതിമകളല്ല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; അവിടത്തെ സാംസ്കാരിക-രാഷ്ട്രീയ-സാമൂഹികപരമായിട്ടുള്ള ചരിത്രം വരുന്ന തരത്തിൽ കാര്യങ്ങൾ കൊണ്ടുവരികയെന്നുള്ളതാണ്.

കൊടകര ബ്ലോക്കിലെ നൂതനമായ പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞിരുന്നു. ആയിരംപേർക്ക് തൊഴിൽ കൊടുക്കുന്ന ഒരുപുതിയ സ്കീമായ പെൺ തൊഴിലിടം (She works space)

എന്നതിന് ഒരു കോടി രൂപയും ആദിവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അരുവിക്കര വനിതാ വരുമാനദായക വ്യവസായ യൂണിറ്റിന് ഒരു കോടി രൂപയും നീക്കിവയ്ക്കുകയാണ്. കൃഷിയുമായി ബന്ധപ്പെടുന്ന വളരെ ഇന്നൊവേറ്റീവായ 'ആലത്തൂർ നിറപദ്ധതി'-യ്ക്ക് ഒരുകോടി രൂപ അനുവദിക്കുന്നു. ഇതൊക്കെ പൊതുവിലുള്ള വികസനവും കൃഷിയുമായി ബന്ധപ്പെട്ട കാര്യമാണ്. ചാലിയാർ, അച്ചൻകോവിലാർ, ഭാരതപ്പുഴ തുടങ്ങി പല നദികളുടെയും പ്രശ്നങ്ങൾ ഇവിടെ പറഞ്ഞിരുന്നു. പരിസ്ഥിതിയുമായി ബന്ധപ്പെട്ടും തുക മാറ്റിവച്ചിട്ടുണ്ട്. 10 കോടി രൂപ കൂടി പെരിയാർ ഉൾപ്പെടെയുള്ള നദികളുടെ വികസനത്തിന് നീക്കിവച്ചിട്ടുണ്ട്. പരിസ്ഥിതി സംബന്ധമായ ഈ പ്രവർത്തനം കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ജനകീയമായെടുക്കുകയാണെങ്കിൽ അക്കാര്യത്തിന് അധിഷണലായി പണം അനുവദിക്കാം. നദികൾ രാഷ്ട്രീയം നോക്കിയല്ല ഒഴുകുന്നത്; കേരളത്തിലെ എല്ലാ നദികൾക്കും വേണ്ടിയാണ് പ്രസ്തുത തുക അനുവദിക്കുന്നത്. പെരിയാറും ഭാരതപ്പുഴയും ചാലിയാറുംപോലെ മലപ്പുറത്തുനിന്നൊഴുകിവരുന്ന നദികളും ആഴംകൂട്ടാനും വൃത്തിയാക്കാനുംവേണ്ടി ഫണ്ട് വകയിരുത്തുകയാണ്. പച്ചക്കറികളുംമറ്റും കയറ്റി അയയ്ക്കുന്നതിൽ കെമിക്കൽ കണ്ടന്റുണ്ടോയെന്ന്

പരിശോധിക്കുന്നതിലേയ്ക്കായി കൃഷി പരിശോധനാ സർട്ടിഫിക്കേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സഭയിൽ ഉയർന്നുവന്നിട്ടുള്ളതാണ്. പ്രസ്തുത സർട്ടിഫിക്കേഷൻ സെന്ററിന് ലൈസൻസിംഗ് അല്ലെങ്കിൽ സ്റ്റാൻഡേർഡൈസേഷനുവേണ്ടി റിസർച്ച് സെന്റർ വേണം, അതിനായി 5 കോടി രൂപ വകയിരുത്തുകയാണ്.

വനവും വന്യജീവി സംരക്ഷണത്തിനുമായി ആകെ 26 കോടി രൂപ വകയിരുത്തിയെങ്കിലും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിനായി 7 കോടി രൂപ വകയിരുത്തിയിരുന്നത് 10 കോടി രൂപയായി ഉയർത്തുകയാണ്. ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ ഭിന്നശേഷിക്കാർക്കും ഓട്ടിസം ബാധിച്ചവർക്കുമൊക്കെ കുറേയേറെ പ്രൊപ്പോസൽ വച്ചിട്ടുണ്ട്. കൂടാതെ അതിൽ അസിസ്റ്റീവ് വില്ലേജ് എന്നൊരു പുതിയ പദ്ധതികൂടി പറഞ്ഞിട്ടുള്ളതിന് 2 കോടി രൂപ അധികമായി വകയിരുത്തുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളുണ്ടാക്കും. ഗ്രാമീണ കളിക്കളങ്ങൾക്കായി 5 കോടി രൂപ അധീഷണലായി വകയിരുത്തുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ......(മൈക്ക് ഓഫ്)...

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ക്യാൻസർ ചികിത്സാ സംവിധാനം തുടങ്ങുന്നതിനുള്ള സൗകര്യമൊരുക്കുമെന്നാണ് പറഞ്ഞത്. രണ്ടുകോടി രൂപയെന്ന് ഞാൻ പറഞ്ഞാൽ പ്രശ്നം തീരുമോ; അങ്ങനെയല്ലല്ലോ; അപ്പോൾ അതിനായി ഫണ്ട് നീക്കിവയ്ക്കും. ക്യാൻസർ ചികിത്സ സംബന്ധിച്ച ചർച്ച വന്നതുകൊണ്ടാണ് അതുസംബന്ധിച്ച് പറഞ്ഞത്.

അഴീക്കോട് തുറമുഖത്തിനായി 5 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാനത്തെ വലിയൊരു ഭവനപദ്ധതിയാണ് എം.എൻ. ഭവന പദ്ധതി. നിലവിൽ രണ്ട് വീടുകളായിട്ടാണ് നിൽക്കുന്നത്. അതിനെ ഒറ്റവീടുകളായി മാറ്റുന്ന ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമികമായി 5 കോടി രൂപ വകയിരുത്തുന്നു.

ഇറിഗേഷൻ ടൂറിസവും ഹൈഡൽ ടൂറിസവും ചേർന്ന് ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ടൂറിസത്തെ സഹായിക്കുന്ന പദ്ധതിക്കായി രണ്ടരക്കോടി രൂപ വകയിരുത്തുന്നു. നാഷണൽ ഹൗസ് പാർക്കിന് ഇപ്പോൾ ഒരു കോടി രൂപ മാത്രമേയുള്ളൂ; അവിടെ 7 ഏക്കർ സ്ഥലമുണ്ട്. വിവിധ തരത്തിലുള്ള വീടുകൾ, നിർമ്മാണ രീതികൾ എന്നിവയ്ക്കെല്ലാമായി ഒരു നാഷണൽ ഹൗസ് പാർക്ക് തുടങ്ങുന്നുണ്ട്. ആയതിന് കേന്ദ്ര ഗവൺമെന്റ് സ്കീമിന്റെ

സഹായം ലഭിക്കും. അതിലേയ്ക്കായി രണ്ട് കോടി രൂപ നീക്കിവയ്ക്കുകയാണ്. കുട്ടനാട് അപ്പർ കുട്ടനാടിനോട് ചേർന്നുവരുന്നതായാണ് നമ്മൾ കാണുന്നത്. ലോവർ കുട്ടനാട്ടും അപ്പർ കുട്ടനാട്ടുമെല്ലാംകൂടി ഒറ്റ സെക്ടറായാണ് വരുന്നത്. അതിനുവേണ്ടിയുള്ള പദ്ധതി അപ്പർ കുട്ടനാടിനുകൂടി സഹായകരമാകും.

തൃശ്ശൂർ എറ്റവും പുരാതനമായ നഗരമായതിനാൽ അവിടെ ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. തൃശ്ശൂർ നഗരകേന്ദ്രമായ ശക്തൻ സ്ക്വയറിനെയും മറ്റും സംബന്ധിച്ച് പഠനം നടത്തി അവിടത്തെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പിന്നീട് ചെയ്യും.

കോളേജുകളെക്കുറിച്ച് ചർച്ച വന്നിരുന്നു. വള്ളിക്കുന്നിലൊക്കെ ഒരു കോളേജുപോലുമില്ലെന്ന് അവിടത്തെ എം.എൽ.എ. പറഞ്ഞു. കാലിക്കറ്റ് യൂണിവേഴ്സിറ്റി അവിടെയല്ലേ; അവിടെ വേറൊരു ആർട്സ് ആൻഡ് സയൻസ് കോളേജുമുണ്ട്. ആ യൂണിവേഴ്സിറ്റിക്ക് ഇപ്പോൾ 25 കോടിയോളം രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. കൂടാതെ ഞാൻ സൂചിപ്പിച്ച ഇൻഡസ്ട്രിയൽ സെന്റർ അവിടെയാണ് വരാൻ പോകുന്നത്. വ്യവസായ വകുപ്പിന്റെയോ കൃഷി വകുപ്പിന്റെയോ ഫുഡ് പാർക്കോ അഗ്രികൾച്ചർ പാർക്കോ പോലെയുള്ള സ്ഥാപനങ്ങൾക്ക് സാധ്യതയുള്ള ജില്ലയാണ് മലപ്പുറം ജില്ലയെന്നതിൽ യാതൊരു സംശയവുമില്ല. വലിയ കാർഷിക

ഭൂമിയുമാണ്. മലപ്പുറമെന്ന് പറഞ്ഞാൽ ഏതെങ്കിലും കുറച്ചാളുകളുടേത് മാത്രമല്ല; ഞങ്ങളുടെയും കൂടിയാണ് മലപ്പുറം. ആ ജില്ലയിലും അത്തരം പ്രോജക്ടുകൾ വരും.

പണം നീക്കിവയ്ക്കുന്നില്ലെങ്കിലും ഡിജിറ്റൽ സർവ്വേയെപ്പറ്റി ഒരു വാക്ക് പറയണമെന്നാഗ്രഹിക്കുന്നു. 'എല്ലാവർക്കും ഭൂമി; എല്ലാ ഭൂമിക്കും രേഖ; എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി നാലുവർഷംകൊണ്ട് പൂർത്തീകരിക്കുന്ന രീതിയിൽ കേരളത്തെ ഡിജിറ്റലായി സർവ്വെ ചെയ്ത് രേഖകൾ തയ്യാറാക്കും. ആദ്യഘട്ട സർവ്വെ ഈ വർഷം ആരംഭിക്കും. ഇതോടൊപ്പം പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ഒരു പോർട്ടലിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ്‌വെയർ, റവന്യൂ വകുപ്പിന്റെ ReLIS സോഫ്റ്റ്‌വെയർ, സർവ്വേ വകുപ്പിന്റെ e-map സോഫ്റ്റ്‌വെയർ എന്നിവ സംയോജിപ്പിച്ച് ഇന്റഗ്രേറ്റഡ് സർവ്വീസ് ഇ-പോർട്ടൽ നടപ്പിലാക്കും. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി 807.98 കോടി രൂപയാണ് ഇതിന് അനുവദിച്ചിട്ടുള്ളത്. ആദ്യഘട്ടമായി 339.438 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റവന്യൂ വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെ വിശദവിവരം പിന്നീട് നൽകുന്നതാണ്. അനുവദിച്ച

പട്ടയങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യവും വ്യാജപട്ടയങ്ങൾ ഹാജരാക്കപ്പെടുന്ന സാഹചര്യവും ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പട്ടയങ്ങൾ ഡിജിറ്റൽ രേഖയായി സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കും.

ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിന് പ്രതിമാസം 600 രൂപ കൊടുക്കുന്ന ആശ്വാസകിരണം പദ്ധതിയിൽ പ്രസ്തുത തുക വിതരണം ചെയ്യുന്നില്ലെന്ന് ബഹുമാനപ്പെട്ട രണ്ട് പ്രതിപക്ഷാംഗങ്ങൾ പറയുകയുണ്ടായി. നടപ്പുസാമ്പത്തിക വർഷം 39.65 കോടി രൂപ ചെലവഴിച്ച് 2021 ആഗസ്റ്റിൽ 96086 ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ട്.

ബഡ്ജറ്റ് രേഖകളുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറയുകയാണ്. സഹകരണ മേഖലയെ സംബന്ധിച്ച ചർച്ച വന്നപ്പോൾ സബ്സിഡി വിതരണം ചെയ്യുന്ന രീതിയിൽ മാറ്റംവരുത്താനുദ്ദേശിക്കുന്നുവെന്ന് പറഞ്ഞിരുന്നു. പഴയരീതി തന്നെ തുടരുന്നതാണ് നല്ലതെന്നുള്ള ഒരഭിപ്രായമാണ് ചർച്ചയിൽ ഉയർന്നുവന്നത്. അതുകൊണ്ട് തൽക്കാലം പഴയ രീതിതന്നെ തുടർന്നിട്ട് അതിന്റെ കാര്യങ്ങൾ പരിശോധിക്കാമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

നികുതിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വളരെ വ്യക്തമായി പറയേണ്ടതുണ്ട്. ഡീസൽ വാഹനങ്ങൾക്ക് പുതുതായി ഏർപ്പെടുത്തിയ ഗ്രീൻ ടാക്സിൽനിന്നും ഓട്ടോറിക്ഷകളെ ഒഴിവാക്കുകയാണ്. ആകെ 10 കോടി രൂപയേയുള്ളൂ; അത് പണത്തിന്റെ കാര്യമല്ല, ഗ്രീൻ ടാക്സെന്ന് പറയുന്നത് ഒരു മെസ്സേജാണ്. വലിയ വാഹനങ്ങൾക്ക് ടാക്സുണ്ട്. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്രഘടകമായ അടിസ്ഥാന നികുതി പരിഷ്കരിക്കേണ്ടതുണ്ട്. അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുതലത്തിൽ 8.16 ആർ വരെ (20 സെന്റ്) 5 രൂപയും 8.16 ആറിന് മുകളിൽ 8 രൂപയും മുനിസിപ്പാലിറ്റിയിൽ 2.43 ആർ വരെ 10 രൂപയും 2.43 ആറിന് മുകളിൽ 15 രൂപയും കോർപ്പറേഷനിൽ 1.62 ആർ വരെ 20 രൂപയും 1.62 ആറിനു മുകളിൽ 30 രൂപയുമാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള വാചകഘടനയിൽ സംശയമുണ്ടെന്ന് ഇവിടെ നടന്ന ചർച്ചയിൽ പറഞ്ഞതുകൊണ്ടാണ് റേറ്റിനെ സംബന്ധിച്ച് സൂചിപ്പിച്ചത്.

നികുതി സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ മുഖവിലയ്ക്കെടുക്കുകയാണ്, അതൊക്കെ സംസ്ഥാനത്തിന്റെ നികുതി വർദ്ധിപ്പിക്കാൻ ഉതകുന്നതുമാണ്. ഒരുകാര്യത്തിൽ മാത്രമേ വ്യത്യാസം

പറഞ്ഞിട്ടുള്ളൂ. കഴിഞ്ഞ വർഷത്തെ നികുതിയായ 47,000 ചില്ല്വാനം കോടി രൂപയിൽ നിന്നും 11,000 കോടി രൂപ കൂടി വർദ്ധിപ്പിച്ചു. അടുത്ത വർഷവും 11,000 കോടി രൂപയെങ്കിലും വർദ്ധിപ്പിക്കണമെന്നാണ് ആഗ്രഹം. കേന്ദ്ര ഗവൺമെന്റിന്റെ നികുതിയുടെ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. പഴയ വാല്യൂവേഷനിൽ പ്രശ്നമുണ്ടെന്ന വിഷയം എന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. നികുതി കണക്കാക്കുന്നതിൽ പ്രായോഗികമായ ചില പ്രശ്നങ്ങളുണ്ട്. നികുതിയിനത്തിൽ കുടിശ്ശികയുണ്ടെന്ന് കാണിച്ച് 200 കോടി രൂപയും 250 കോടി രൂപയുമൊക്കെ ഒറ്റയടിക്ക് അസസ്സ് ചെയ്യുകയാണ്. നിലവിലുള്ള നിയമമനുസരിച്ച് അതിന് അപ്പീൽ ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. ഇത്തരം പഴയ കേസ്സുകൾ കാര്യക്ഷമമായി തീർക്കണം. ഇതുപോലുള്ള അസസ്മെന്റുകളുടെ അടിസ്ഥാനത്തിലാണ് പതിമൂന്നായിരത്തോളം കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് പറയുന്നത്. അത്തരത്തിലുള്ള പഴയ കുടിശ്ശികകൾ തീർക്കുന്നതിനുള്ള കാര്യങ്ങളാണ് ചെയ്യുതിരിക്കുന്നത്. ഇക്കാര്യങ്ങൾക്കൊക്കെ ഡിമാന്റുകൾ വന്നിട്ടുണ്ട്. അത് തുടർന്നും നോക്കാവുന്നതാണ്. ടാക്സ് പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും തയ്യാറായിരിക്കുകയാണ്. പഴയ രീതിയിലുള്ള പരിശോധനകളൊക്കെ മാറ്റി ഇന്റലിജൻസും ഓഡിറ്റിംഗുമടക്കമുള്ള പുതിയ

സംവിധാനത്തിലേയ്ക്ക് നികുതിവകുപ്പ് മാറുകയാണ്. ഉടൻതന്നെ അക്കാര്യങ്ങളിൽ തീരുമാനമെടുക്കുമെന്ന് സഭ മുമ്പാകെ ഞാൻ ഉറപ്പ് നൽകുകയാണ്. കഴിഞ്ഞ ബഡ്ജറ്റിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അത് നടപ്പാക്കുമ്പോൾ ഇക്കാര്യത്തിൽ കുറച്ചുകൂടി അഭിവൃദ്ധിയുണ്ടാകുമെന്നാണ് കരുതുന്നത്.

എല്ലാവരും നികുതി കൊടുക്കണമെന്ന് നിർദ്ദേശിക്കുന്നൊരു ക്യാമ്പയിൻ നമുക്കാവശ്യമാണ്. അതിന് 'ലക്കി ബിൽ സ്കീം' എന്നൊരു പദ്ധതി ഇപ്പോൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അയ്യായിരം രൂപയുടെയോ അൻപതിനായിരം രൂപയുടെയോ സാധനത്തിന് ബിൽ വാങ്ങിക്കുകയാണെങ്കിൽ ഒരേ തുകയല്ല മറിച്ച് തുകയുടെ മടങ്ങനുസരിച്ച് ലോട്ടറി സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. അങ്ങനെയാകുമ്പോൾ എല്ലാവരും ബിൽ എടുക്കും. നികുതി ആരും അവരവരുടെ കയ്യിൽനിന്നും അടയ്ക്കുന്നതല്ല. ബിൽ കൊടുത്ത് സാധനങ്ങൾ വാങ്ങുന്നതിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. നികുതി കൃത്യമായി അടയ്ക്കുന്നൊരു സംവിധാനമുണ്ടാകണം, അതിന് അവരെ പ്രേരിപ്പിക്കുകയും വേണം. അതിന് നല്ലൊരു ശ്രമം നടത്തേണ്ടതുണ്ട്.

വ്യാപാരി വ്യവസായികളുടെ കാര്യംകൂടി പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. വ്യാപാരികൾക്ക് നേരത്തെയൊരു സ്കീം നടപ്പാക്കിയിരുന്നു. വ്യാപാരികൾ എടുക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി കൊടുക്കുന്നൊരു സ്കീമുണ്ടായിരുന്നു. അവർക്ക് രണ്ട് ലക്ഷം രൂപവരെ, രണ്ടോ മൂന്നോ ശതമാനം പലിശ കുറച്ച് വായ്പ കൊടുക്കുന്നൊരു സ്കീം ഇതിന്റെ ഭാഗമായി പ്രഖ്യാപിക്കുകയാണ്. വ്യാപാരികൾക്കും ബസ്സുടമകൾക്കും ആയിരം കോടി രൂപവരെ ബാങ്കുകളുമായി ബന്ധപ്പെട്ട് നൽകാമെന്നൊരു സ്കീം കൊണ്ടുവരികയാണ്.

പൊതുവിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾക്ക് മറുപടി പറഞ്ഞുവെന്നാണ് ഞാൻ കരുതുന്നത്. വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് 1,900 കോടി രൂപയുണ്ട്. അതിൽ നിന്നും ഇക്കാര്യങ്ങളൊക്കെ കൈകാര്യം ചെയ്യാവുന്നതാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, മറുപടി പ്രസംഗത്തിൽ പുതിയതായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. മറുപടി പ്രസംഗവും ബഡ്ജറ്റിന്റെ ഭാഗമായതിനാൽ പുതിയതായി പ്രഖ്യാപിച്ച പദ്ധതികളടമുള്ള കണക്കുകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ് ഇതിനോടൊപ്പം വയ്ക്കണം. അപ്പോഴാണ് ചർച്ച പൂർത്തിയാകുന്നത്. അല്ലെങ്കിൽ അത് പൂർണ്ണമാകുകയില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഓൺ ടാക്സ് റവന്യൂവിൽ 11,207 കോടി രൂപയുടെ വർദ്ധനവുണ്ടായത് ഒരു മികവായി അങ്ങ് പറഞ്ഞു. എല്ലാവർഷവും ക്രമാനുഗതമായി കൂടി വന്നാലല്ലേ നികുതി പിരിവ് വിജയകരമായി എന്നുപറയാൻ സാധിക്കുകയുള്ളൂ. മുൻ വർഷത്തെക്കാളും 8,544 കോടി രൂപ മാത്രമാണ് വർദ്ധിച്ചത്. കഴിഞ്ഞ വർഷത്തെ കണക്ക് മാത്രമെടുത്ത് പറയുമ്പോൾ നികുതി കാര്യക്ഷമമായി പിരിച്ചുവെന്ന് കേൾക്കുന്നവർക്ക് തോന്നും. കാർഷിക മേഖലയ്ക്ക് കഴിഞ്ഞ തവണ അനുവദിച്ച തുകയിൽ നാനൂറ്റി ചില്വാനം കോടി രൂപയുടെ കുറവ് വന്നതായി കണക്കിൽ കാണുകയും അങ്ങ് പ്രസംഗിച്ചപ്പോൾ 48 കോടി രൂപ കൂടുതലായി പറയുകയും ചെയ്തു.

മി. സ്പീക്കർ: ചർച്ച നടന്നുകഴിഞ്ഞു, ഇനി അതിലേയ്ക്കൊന്നും പോകാൻ സാധിക്കുകയില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 'എല്ലാ വിഭാഗങ്ങളിലും നിലവിലുള്ള ന്യായവിലയിൽ 10 ശതമാനം ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കും. ഇതുവഴി 200 കോടി രൂപ അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു' എന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഇതിനൊരു വ്യക്തതക്കുറവുണ്ട്. 2000 ജനുവരി മുതൽ നടന്ന രജിസ്ട്രേഷനുകൾക്ക് മുഴുവനും

ആയിരക്കണക്കിനാളുകൾക്ക് ന്യായവില വർദ്ധിപ്പിച്ചുകൊണ്ട് നോട്ടീസ് അയച്ചിരിക്കുകയാണ്. ഏത് വർഷം മുതൽ ഏത് രീതിയിലാണ് ന്യായവില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നുള്ള കാര്യങ്ങളിൽ വ്യക്തത വരുത്തിയാൽ നന്നായിരുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഈ ഗവൺമെന്റിന്റെ പോളിസിയിൽ സ്ക്രാപ്പ് പോളിസികൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. നമ്മുടെ സംസ്ഥാനത്ത് ധാരാളം സ്ക്രാപ്പുകൾ കോടതികളിൽ കിടപ്പുണ്ട്. ഒരു നിയമം കൊണ്ടുവന്നാൽ അതുവഴി ധാരാളം ഫണ്ട് കൊണ്ടുവരാൻ സാധിക്കും. അതുപോലെതന്നെ നമ്മുടെ പുഴകളിലുള്ള മണ്ണും മണലും വാരിയാൽ ധാരാളം വരുമാനമുണ്ടാക്കാൻ സാധിക്കും. ഭരണ-പ്രതിപക്ഷം എന്നതിലുപരി എം.എൽ.എ.-മാർ നൽകുന്ന പ്രിഫറൻസ് പദ്ധതികൾ മാറ്റി വയ്ക്കുന്നുവെന്നൊരു ആക്ഷേപമുണ്ട്. ഞാൻ നൽകിയ പ്രിഫറൻസ് പദ്ധതി പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുംകൂടി ഉൾപ്പെടുത്തിയാൽ നന്നായിരുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എൻഡോസൾഫാൻ പാക്കേജിനായി 17 കോടി രൂപ അനുവദിച്ചുവെന്ന് പറഞ്ഞു. അതിൽ 80 ശതമാനവും വനിതാ ഗുണഭോക്താക്കൾക്കാണ് നൽകുന്നതെന്ന് പറഞ്ഞ് ഒരു

ക്ലോസ് ഉൾപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ എൻഡോസൾഫാൻ സെല്ലിന്റെ പുതിയ ചെയർമാനായ ബഹുമാന്യനായ മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ കുടുങ്ങിപ്പോകും. എൻഡോസൾഫാൻ ഇരകളായിട്ടുള്ള പുരുഷന്മാരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് എടുക്കുന്നതെന്ന് വ്യക്തമാക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, കർഷക കടാശ്വാസ കമ്മീഷന്റെയും കാർഷിക വിദ്യാഭ്യാസ കടവുമായി ബന്ധപ്പെട്ട കാര്യവും നേരത്തെ ഞാൻ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇതുമായി ബന്ധപ്പെട്ട പ്രഖ്യാപനം ബഡ്ജറ്റിന്റെ ഭാഗമായുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വയനാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്.

ശ്രീ. കെ. എം. ബാലഗോപാൽ: സർ, രണ്ടുമൂന്ന് കാര്യങ്ങൾ ചോദിച്ചത് ന്യായമാണ്. ഫെയർവാല്യൂ പ്രോസ്പെക്ടീവായിരിക്കും. ബഡ്ജറ്റ് ചർച്ചയിൽ പഴയ ചില കാര്യങ്ങൾ വന്നുവെന്ന് പറഞ്ഞു. അങ്ങനെയില്ല. ഇപ്പോൾ തീരുമാനിക്കുന്നത് അടുത്ത സാമ്പത്തികവർഷം ഏപ്രിൽ മാസം മുതൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. പഴയ ഒരു കേസും ഇതിന്റെ ഭാഗമായിട്ടുള്ളതല്ല. പഴയതൊക്കെ നേരത്തെയുള്ള അസസ്മെന്റിന്റെ ഭാഗമായിട്ടുള്ളതാണ്. കടാശ്വാസ കമ്മീഷന്റെയും മറ്റ് കാര്യങ്ങളൊന്നും

ഇതിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കാൻ സാധിക്കില്ല. അതിനെക്കുറിച്ച് പിന്നീട് ആലോചിക്കാം. എം.എൽ.എ. ഫണ്ട് എഴുന്നൂറ്റി ചില്വാനം കോടി രൂപയാണ്. അത് ബഡ്ജറ്റിലുണ്ട്. എൻഡോസൾഫാൻ ധനസഹായം പുരുഷന്മാർക്ക് കൊടുക്കില്ലെന്ന് പറഞ്ഞിട്ടില്ല. അതിൽ കൂടുതലും സ്ത്രീകളാണ് ഉൾപ്പെടുന്നത്. അതുകൊണ്ട് അവർക്ക് പരിഗണന നൽകിയെന്നേയുള്ളൂ. നെല്ലിന്റെ ഹാൻഡ്‌ലിംഗ് ചാർജ്ജ് സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പ് ചർച്ച ചെയ്യുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എൻഡോസൾഫാൻ ഇരകൾക്കാണ് നൽകുന്നത്. അത് പുരുഷനോ സ്ത്രീയോയെന്ന വ്യത്യാസമില്ല.

ശ്രീ. കെ. എം. ബാലഗോപാൽ: സർ, ബഡ്ജറ്റ് എസ്റ്റിമേറ്റ് ഞാൻ വായിക്കാം.

2022-23-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്

(രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂ വരവ് | 1,34,097.8 |
| റവന്യൂ ചെലവ് | 1,57,065.89 |
| റവന്യൂ കമ്മി | (-) 22,968 |
| മൂലധന ചെലവ് (തനി) | (-) 14,841.16 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1,307.36 |
| പൊതുകടം (തനി) | 27,856.03 |
| പൊതു കണക്ക് (തനി) | 11,230 |

| | |
|---|---|
| ആകെ കമ്മി | (-) 30.58 |
| വർഷാരംഭ രൊക്ക ബാക്കി | (-) 249.58 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 280.16 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (-) 1,081.00 |
| നികുതി ഇളവുകൾ | (-) 2.00 |
| അധികവിഭവ സമാഹരണം | 602.00 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)761.16 |
| സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് | 46.35 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 807.51 |

ഭരണപക്ഷവും പ്രതിപക്ഷവും യോജിച്ച് വളരെ നന്നായി പോകേണ്ടൊരു കാലഘട്ടമാണിതെന്നാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. സാധാരണമായൊരു കാലഘട്ടമല്ല. നികുതിയുടെ കാര്യത്തിലും സംസ്ഥാനത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും ഒത്തൊരുമയോടെയുള്ള ഒരു നീക്കം വേണമെന്നാണ് എന്റെ അഭിപ്രായം. അത് കുറച്ചുകൂടി മുമ്പോട്ടുപോകുമ്പോൾ വേണ്ടിവരും. ഡൽഹിയിൽ ജി.എസ്.ടി. കൗൺസിൽ യോഗം ചേരുമ്പോൾ നമ്മളത് ചെയ്യാറുണ്ട്. കേരളം ദുർബ്ബലമായ ഒറ്റപ്പെട്ടൊരു സ്ഥലമല്ല. സൗത്ത് ആഫ്രിക്കയിലെ കോളനി ഭരണം ഡച്ചുകാരായിരുന്നെന്ന് നമുക്കറിയാം. കേരളത്തിൽ മാർത്താണ്ഡവർമ്മയുടെ നേതൃത്വത്തിൽ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തിയതുകൊണ്ടാണ് അന്ന് അവർക്കിവിടെ മുന്നോട്ടുപോകാൻ

സാധിക്കാത്തത്. അതുകൂടാതെ ഇന്ത്യയിലെതന്നെ അവരുടെ കോളനിവൽക്കരണ ആഗ്രഹങ്ങൾ ഇല്ലാതാകുകയും ചെയ്തു. പഴശ്ശിരാജയുടെ നേതൃത്വത്തിൽ നികുതി പ്രശ്നം ഉന്നയിച്ചുകൊണ്ട് വലിയ സമരങ്ങൾ നടന്നിട്ടുണ്ട്. കൃഷിക്കാരുടെ നികുതിയുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ ധാരാളം സമരങ്ങളുണ്ടായിട്ടുണ്ട്. മലബാർ കലാപം, ആറ്റിങ്ങൽ കലാപം തുടങ്ങിയ നിരവധി സമരങ്ങൾ നമ്മുടെ നാട്ടിൽ നടത്തിയിട്ടുണ്ട്. നികുതിയുടെ അവകാശം, സംസ്ഥാനത്തിന്റെ അവകാശം, നമ്മുടെ ഫൈനാൻഷ്യൽ പവർ തുടങ്ങിയവയൊക്കെ പ്രധാനമായും ചർച്ച ചെയ്യപ്പെടേണ്ട കാലമാണിത്. കേന്ദ്ര-സംസ്ഥാന ബന്ധം വളരെ പ്രധാനമാണ്. സംസ്ഥാനങ്ങളെ സംരക്ഷിക്കാനും യഥാർത്ഥത്തിൽ നമുക്ക് ലഭിക്കേണ്ട പണം കിട്ടാനും നമ്മൾ ഒരുമിച്ച് നിൽക്കണമെന്ന കാര്യത്തിൽ തർക്കമില്ലെന്നാണ് ഞാൻ കരുതുന്നത്. ഇക്കാര്യങ്ങളൊക്കെ നമ്മൾ രണ്ടുകൂട്ടരും ഒത്തൊരുമിച്ച് നിന്നാൽ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അതിനുവേണ്ടി എല്ലാവരുടെയും സഹായസഹകരണമുണ്ടാകണം. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എല്ലാവരും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## X. പ്രമേയം

**<u>ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്</u>**

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നത് സംബന്ധിച്ച ചട്ടം 236(2) സസ്പെൻഡ് ചെയ്യുന്നതുസംബന്ധിച്ച പ്രമേയം ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ ഉപചട്ടം 2 ധനാഭ്യർത്ഥനകൾ പരിഗണിക്കുന്ന അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെൻഡ് ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ,

ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 മാർച്ച് 17-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.34-ന് പിരിഞ്ഞു.)

**********

**അനുബന്ധം**

<u>15-ാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 22-02-2022-ലെ നക്ഷത്രചിഹ്നമിടാത്ത 280-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം</u>

<u>അമ്പലപ്പുഴ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡ്</u>

(280) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഡിജിറ്റൽ റേഷൻ കാർഡ് നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മുൻഗണനാ റേഷൻ കാർഡ് ലഭിക്കുന്നതിനായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച ആകെ അപേക്ഷകൾ, അനുവദിച്ചവ, നിരസിച്ചവ, ഇനിയും തീരുമാനമെടുക്കാത്തവ എന്നിവയുടെ ഇനം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(സി) അർഹരായ മുഴുവൻ പേർക്കും മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; 2022 മാർച്ച് മാസത്തിനുമുമ്പ് ഈ അപേക്ഷകർക്കെല്ലാം മുൻഗണനാ റേഷൻ കാർഡ് നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച് ATM Card വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) ആകെ ലഭിച്ച അപേക്ഷകൾ - 1,818

അനുവദിച്ചവ - 263

നിരസിച്ചവ - 69

ഹിയറിംഗ് നടത്തി പട്ടിക തയ്യാറാക്കിയവ - 1,486

(സി) മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. എൻ.എഫ്.എസ്.എ. നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനത്തിന് അനുവദിച്ച മുൻഗണനാ വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ ആകെ എണ്ണം

1,54,80,040 ആണ്. ഇതുകാരണം മുൻഗണന റേഷൻ കാർഡുകൾ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും നൽകാൻ കഴിയില്ല. ഇതിനുപുറമെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരാത്ത ഗുരുതര രോഗബാധിതർ ഉൾപ്പെടുന്ന കുടുംബങ്ങളുടെ പൊതുവിഭാഗം റേഷൻ കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി എല്ലാ മാസവും ആദ്യത്തെ ആഴ്ച RCMS Module Open ചെയ്ത് നൽകിവരുന്നു.

* * * * *